# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 26, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 18

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 26, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

569/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക | | |
| സമുദായക്ഷേമവും നിയമവും സാംസ്കാരികവും | | |
| പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും | | |
| വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യൂ ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ | | |
| എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും | | |
| വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും | | |
| വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും | | |
| വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു | | |
| സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും | | |
| വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

I **ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...07

2.രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...80

II **അടിയന്തരപ്രമേയം**

ക്രമസമാധാനത്തകർച്ച

(അവതരണാനുമതി നിഷേധിച്ചു) ..362

III **ശ്രദ്ധ ക്ഷണിക്കൽ**

(1) കുട്ടനാട് പാക്കേജ്—

ശ്രീമതി യു. പ്രതിഭ ഹരി ...383

(2) കൊച്ചിയുടെ വികസനം—

ശ്രീ. ഹൈബി ഈഡൻ ...391

IV **സബ്മിഷൻ**

(1) ഡോ. ജൗഹറിനെതിരെയുള്ള കേസ്—

ശ്രീ. കെ. എം. ഷാജി ...395

(2) ആദിവാസി കുടുംബങ്ങൾക്ക് ഭൂമി—

ശ്രീ. ബി. ഡി. ദേവസ്സി ...397

(3) വിളജല കലണ്ടർ , പൈപ്പ് ടണൽ സംവിധാനം—

ശ്രീ. കെ. ഡി. പ്രസേനൻ ...399

(4) സംസ്ഥാന ലോട്ടറി—

ശ്രീ. വി. ഡി. സതീശൻ ...400

(5) ജെ.പി.എച്ച്.എൻ. നിയമനം—

ശ്രീമതി സി. കെ. ആശ ...402

പേജ്

(6) റോഡ് വികസനം—

ശ്രീ. കെ. ആൻസലൻ ...404

(7) പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ—

ശ്രീ. അൻവർ സാദത്ത് ...407

(8) ചേറ്റുവ ഹാർബർ നിർമ്മാണം—

ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...409

(9) കെട്ടിട നികുതി—

ശ്രീ. കെ. എം. മാണി ...410

(10) സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്—

ശ്രീ. എസ്. രാജേന്ദ്രൻ ...412

**V റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട് ...412

(2) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നു മുതൽ മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ ...413

**VI ക്രമപ്രശ്നം**

ധനാഭ്യർത്ഥനകളുടെ പുനർനാമകരണം—

ശ്രീ. അനൂപ് ജേക്കബ് ...413

**റൂളിംഗ്** ...415

**VII നിയമനിർമ്മാണകാര്യം**

2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ

അവതരണവും അനന്തരഘട്ടങ്ങളും ...416

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*2018 മാർച്ച് 26, തിങ്കൾ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2018 മാർച്ച് മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ......... ചോദ്യം നമ്പർ *511

### ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം.

1 (*511) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൽകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) അഫിലിയേഷൻ നൽകുന്നതിനുമുമ്പ് സാങ്കേതിക വിദ്യാഭ്യാസരംഗത്തെ വിദഗ്ദ്ധർ എതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ;

(ഡി) നിലവിൽ എത്ര കോളേജുകൾക്കാണ് അഫിലിയേഷൻ നൽകിയിട്ടുള്ളത്;

(ഇ) അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഏതെങ്കിലും ഈ വർഷം അടച്ചുപൂട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇന്ത്യയിലെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മാറ്റിയെടുക്കുന്നതിനും എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, (എ) ഉണ്ട്.

(ബി&സി) 2015-16 അധ്യയന വർഷം മുതൽക്കാണ് സർവ്വകലാശാല, കോളേജുകളെ അഫിലിയേറ്റ് ചെയ്തുതുടങ്ങിയത്. മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും സർവ്വകലാശാലയിൽ അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. അപേക്ഷ നൽകുന്ന കോളേജുകളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ രണ്ട് അദ്ധ്യാപകർ അടങ്ങുന്ന ഒരു expert visit committee പരിശോധിച്ച് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അഫിലിയേഷൻ നൽകുന്നത്. അഫിലിയേഷനുവേണ്ടി അപേക്ഷിക്കുന്ന കോളേജുകൾക്ക് അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയാൽ, അവ പരിഹരിക്കുന്നതിന് കോളേജുകൾക്ക് സമയം നൽകും. അതിനുശേഷം രണ്ട് അദ്ധ്യാപകർ അടങ്ങിയ ഒരു Scrutiny/Appeal Committee വിശദമായ പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകൾക്ക് അഫിലിയേഷൻ നൽകും. ഓരോ വർഷവും AICTE പുറത്തിറക്കുന്ന അപ്രൂവൽ പ്രോസസ്സ് ഹാൻഡ്ബുക്കിലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് അഫിലിയേഷൻ നൽകുന്നത്.

(ഡി) 2017-18 അധ്യയന വർഷത്തിൽ 154 കോളേജുകൾക്കാണ് അഫിലിയേഷൻ നൽകിയിട്ടുള്ളത്. 2018-19 വർഷത്തേക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. 2017-18 അധ്യയന വർഷം അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിൽ ചുവടെ ചേർത്തിരിക്കുന്ന 3 കോളേജുകൾ വിദ്യാർത്ഥികളുടെ പരാതിയുടെയും മാനേജ്മെന്റിന്റെ ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിരുന്നു.

1. Pinnacle College of Engineering, Kollam

2. Aryanet College of Engineering , Palakkad

3. K.M.P. College of Engineering, Ernakulam.

2018-19 അധ്യയന വർഷത്തേയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന 2 കോളേജുകൾ അടച്ചുപൂട്ടുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്:

1. Prime College of Engineering, Palakkad.

2. K.V.M College of Engineering, Cherthala.

(എഫ്) എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയുള്ളതുമാക്കി മാറ്റുന്നതിനായി സർക്കാർ സർവ്വകലാശാല ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കുകയുണ്ടായി. അതുപ്രകാരം സർവ്വകലാശാലയുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുവേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ പുനഃസംഘടിപ്പിക്കുവാനും ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് ബോർഡ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പൂർണ്ണമായും ഇ-ഗവേണൻസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇ-ഗവേണൻസ് സംവിധാനത്തിൽ വേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ച പുനഃപരിശോധനകൾക്കായി സർവ്വകലാശാലയുടെതന്നെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് നാഷണൽ ലെവലിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആദ്യത്തെ 100 സ്ഥാപനങ്ങളിൽ ഒന്നുപോലും നമ്മുടെ സംസ്ഥാനത്തില്ലെന്ന പരിതാപകരമായ അവസ്ഥ സർക്കാർ ഗൗരവമായെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുക എന്നതുതന്നെയാണ് എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പലതരത്തിലുള്ള ജനാധിപത്യവൽക്കരണ പരിപാടികളിലൂടെ ഉദ്ദേശിക്കുന്നത്. അതുപോലെ ടെക്യുപ് 1, 2 തുടങ്ങിയ പ്രവർത്തനങ്ങളെത്തുടർന്ന് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള അക്കാദമിക് മാസ്റ്റർപ്ലാനിലൂടെ കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വർദ്ധിപ്പിക്കുവാനുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. വരുന്ന കുറച്ച് വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഇന്ത്യയിലെ അറിയപ്പെടുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ ചിലതായി മാറും. ആ രീതിയിലുള്ള പ്രവർത്തനങ്ങൾക്കാണ് തുടക്കംകുറിച്ചിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ ഏതൊക്കെ ശിപാർശകൾ നടപ്പിലാക്കി; ഇനിയും കൂടുതൽ ജിഷ്ണു പ്രണോയ്മാരെ സൃഷ്ടിക്കാതെ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണതോതിൽ നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും, ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാന ക്യാബിനറ്റ് തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ എടുത്ത് അതിനനുസരിച്ചുള്ള തുടർനടപടികൾക്ക് സർക്കാർ തുടക്കംകുറിച്ചിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങളെല്ലാം നേരത്തെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, വളരെ ഉയർന്ന ചില ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രൂപീകരിച്ചത്. പക്ഷേ ഇപ്പോഴും അതിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നില്ല എന്നുള്ള പരാതികളുണ്ട്. ഇതിന്റെ സ്റ്റാറ്റ്യൂട്ടുകൾ പലതും രൂപീകരിക്കപ്പെട്ടിട്ടില്ല. ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ തന്നെ ഡീനിന്റെ വാഹനം വാങ്ങുന്നതുൾപ്പെടെ ധൂർത്തിനും മറ്റ് കാര്യങ്ങൾക്കുമാണ് മുൻതൂക്കം നൽകിയിരിക്കുന്നതെന്ന ആക്ഷേപമുണ്ട്. എത്രയുംപെട്ടന്ന് ഇത് പരിഹരിക്കുന്നതിനുള്ള ശ്രമമുണ്ടാകുമോ; അതുപോലെ, വിദ്യാർത്ഥികളുടെ ഒരു പ്രധാനപ്പെട്ട വിഷയത്തിലേയ്ക്ക് അങ്ങയുടെ അടിയന്തര ഇടപെടലിലേയ്ക്കായി ഞാൻ

ശ്രദ്ധ ക്ഷണിക്കുകയാണ്. 2015-2017-ലെ ആദ്യ ബാച്ച് എം.ടെക്. വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുകയും അവർക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒറിജിനൽ സർട്ടിഫിക്കറ്റ് ഇതുവരെ നൽകിയിട്ടില്ല. പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെ കാലാവധി ഈ മാർച്ച് മാസത്തോടുകൂടി അവസാനിക്കുകയാണ്. ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ അവർക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി അവർക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് അടിയന്തരമായി നൽകുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കെ. ടി. യു. പുനരാവിഷ്കരിക്കാൻ ശ്രമിക്കുന്നതുതന്നെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ്. അദ്ദേഹം പറഞ്ഞതുപോലെ ഒന്നുരണ്ട് വർഷങ്ങളായി നിരവധി പ്രശ്നങ്ങൾ നിലനിന്നിരുന്നു. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയാണ് ജനാധിപത്യവല്ക്കരണ പ്രക്രിയ നടത്തിയത്. കുട്ടികളുടെ പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതുകൊണ്ടുതന്നെ പുതിയതായി രൂപീകരിച്ച ബോർഡ് ഓഫ് ഗവർണേഴ്സിൽ 4 വിദ്യാർത്ഥി പ്രതിനിധികളുണ്ടായിരുന്നത് 6 വിദ്യാർത്ഥി പ്രതിനിധികളാക്കിയിട്ടുണ്ട്. വനിത, എസ്.സി./എസ്.റ്റി പ്രാതിനിധ്യമുൾപ്പെടെ ചേർത്തുകഴിഞ്ഞു. അതായത്, സർവ്വകലാശാലയുടെ പ്രധാനപ്പെട്ട തീരുമാനങ്ങളിൽ കുട്ടികൾക്കുകൂടി കൂടുതൽ പങ്കാളിത്തമുണ്ടാകുന്നതിനുള്ള അവസരമുണ്ടാക്കിയത് കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നേരിട്ട് കുട്ടികൾക്ക് ഇടപെടുന്നതിനുവേണ്ടിയാണ്. സർട്ടിഫിക്കറ്റ് നൽകാത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എത്രയുംവേഗം നടപടികളുണ്ടാകും. ഞാനും സർവകലാശാല അധികൃതരും കുട്ടികളുമായി ചർച്ച നടത്തുകയും കുട്ടികൾ പറഞ്ഞ ആവശ്യങ്ങളിൽ പലതും അംഗീകരിക്കുകയും ബഹുഭൂരിപക്ഷം ആവശ്യങ്ങളും നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. വളരെ നല്ലരീതിയിൽ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ചുവടുവയ്പിലാണ് ഇപ്പോൾ സർവകലാശാല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എ. പി. ജെ. അബ്ദുൾ കലാം വിശ്വപ്രസിദ്ധനായ ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ നാമത്തിലാണ് ഈ സർവ്വകലാശാല കൊണ്ടുവന്നത്. ഉണർന്നിരിക്കുമ്പോൾ സ്വപ്നം കാണണ മെന്നതാണ് കുട്ടികൾക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രത്യേക ഉപദേശം. ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും നമ്മൾ ഉറങ്ങുമ്പോൾ കാണുന്ന സ്വപ്നങ്ങളായി നിലനിൽക്കുകയാണ്. അദ്ധ്യാപകരടങ്ങുന്ന കമ്മിറ്റി

പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അഫിലിയേഷൻ നൽകുന്നതെന്ന് നേരത്തെ പറഞ്ഞു. അതിനായി അദ്ധ്യാപകരെ നിയമിക്കുന്നതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ അവർക്ക് വിദഗ്ദ്ധമായ എന്ത് അറിവാണുള്ളതെന്നും ഏത് വിദഗ്ദ്ധ കമ്മിറ്റിയാണ് എന്നത് സംബന്ധിച്ചും പരിശോധിച്ചിട്ടില്ല. സാധാരണ ഒരു അദ്ധ്യാപകന്റെ ഉപദേശ പ്രകാരമോ അല്ലെങ്കിൽ ഭരണസമിതിയിലുൾപ്പെട്ട അദ്ധ്യാപകന്റെ ഉപദേശപ്രകാരമോ നൽകുന്ന സാധാരണ ഗതിയിലുള്ള അഫിലേയഷനായിപ്പോയതുകൊണ്ടാണ് ഇത് പൂട്ടുന്നതിനുവേണ്ടിയുള്ള ആവശ്യങ്ങൾ വന്നിരിക്കുന്നത്. ഇന്ന് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് വളരെ താഴ്ന്ന നിലവാരമാണുള്ളത്. അത് അങ്ങയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അങ്ങ് ഇത് ഡെമോക്രറ്റൈസ് ചെയ്യുന്നതിനുവേണ്ടി ഒരു പുതിയ ബിൽ കൊണ്ടുവരും, അതിന് ഒരു ഓർഡിനൻസ് ഇറക്കി എന്ന് ഉത്തരത്തിൽ പറയുന്നുണ്ട്. ആ ഓർഡിനൻസ് ഒരു അയഞ്ഞ കമ്പിളിയായിപ്പോയില്ലേ? കാരണം ആ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യാനുള്ള ബിൽ ഈ നിയമസഭാ സമ്മേളനത്തിലില്ല. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ അത് ക്യാൻസലായിപ്പോവുകയും വീണ്ടും ഓർഡിനൻസ് ഇറക്കേണ്ടിയും വരും. നിയമസഭയെപ്പോലും കോൺഫിഡൻസിലെടുക്കാതെ, വേണ്ടവിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്താതെ, ആവശ്യമായ എക്സ്പെർട്ട്സിനെ നിയമിക്കാതെ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന സാധാരണ പ്രവർത്തനം കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം തകർന്ന് തരിപ്പണമാകുന്നതിന് ഇടയാക്കില്ലേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങയുടെ ആശങ്ക അസ്ഥാനത്താണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്താൻ വലിയ ശ്രമം തുടങ്ങിയിരിക്കുകയാണ്. ഓർഡിനൻസ് വന്നു, അതുപ്രകാരം സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനുവേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ പുനഃസംഘടിപ്പിക്കുകയാണ് ചെയ്തത്. ബോർഡ് ഓഫ് ഗവർണേഴ്സിൽ വിദ്യാർത്ഥി പ്രാതിനിധ്യവും എസ്.സി./എസ്.ടി. പ്രാതിനിധ്യവും കൂട്ടുകയും പ്രിൻസിപ്പൽമാരുടെ പ്രാതിനിധ്യവും സ്വാശ്രയ കോളേജ് മാനേജർമാരുടെ പ്രാതിനിധ്യവും കുറയ്ക്കുകയും ചെയ്തു. അക്കാദമിക് എക്സലൻസുണ്ടാകത്തക്ക രീതിയിൽ അക്കാദമിക് രംഗത്ത് മാറ്റം വരത്തക്കവിധമുള്ള ബോർഡ് ഓഫ് സ്റ്റഡീസ് ആദ്യമായാണ് ടെക്നോളജിക്കൽ സർവ്വകലാശാലയിൽ രൂപീകരിക്കുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ് വരുമ്പോൾ സിലബസ് പരിഷ്കരണവും അതിന്റെ ഡെപ്തിലേക്ക് പോകാവുന്ന തലമൊക്കെയുണ്ടാകും. അങ്ങ് സൂചിപ്പിച്ചതുപോലെ നിലവിലുള്ള

അദ്ധ്യാപകർക്ക് എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അവർക്ക് പരിശീലനം നൽകി അവരെ ശാക്തീകരിച്ച് അഫിലിയേഷൻ പരിശോധന ശക്തമാക്കും. അതാണ് അങ്ങ് സൂചിപ്പിച്ചത്. അത് പരിഹരിക്കാനാണ് ബോർഡ് ഓഫ് സ്റ്റഡീസും പ്ലാനിംഗ് ബോർഡുമൊക്കെ രൂപീകരിക്കുന്നത്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പ്ലാനിംഗ് ബോർഡ് ആദ്യമായാണ് രൂപീകരിക്കുന്നത്. കേരളത്തിലെ മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകളുടെയും അക്കാദമിക് നിലവാരവും ഭൗതിക നിലവാരവും ഉയർത്തുന്നതിനായി പ്ലാനിംഗ് കമ്മിറ്റിയും ഫിനാൻസ് കമ്മിറ്റിയുമൊക്കെ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ വന്നു കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങളൊക്കെ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ എല്ലാവരും ഇപ്പോൾ പ്രകടിപ്പിക്കുന്ന ആശങ്കയില്ലാതാക്കുന്ന നടപടികളുടെ തുടക്കമാണ്. ഇന്നത് പൂർണ്ണമായും മാറിയെന്ന് ഞാൻ പറയുന്നില്ല. പക്ഷേ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെല്ലാം മോശമാണെന്ന അഭിപ്രായം എനിക്കില്ല. നന്നായി പഠിപ്പിക്കുന്ന അദ്ധ്യാപകരും നന്നായി പഠിക്കുന്ന വിദ്യാർത്ഥികളുമുള്ള നല്ല നിലവാരത്തിലുള്ള കോളേജുകൾ കേരളത്തിലുണ്ട്. അങ്ങനെയല്ലാത്ത ചില കോളേജുകളുമുണ്ട്. അവിടെയാണ് കൂടുതൽ ശ്രദ്ധ കൊടുത്ത് പൂർണ്ണമായും നല്ല അക്കാദമിക് നിലവാരത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല തുടങ്ങിയതിന്റെ പ്രധാനപ്പെട്ട ലക്ഷ്യം വിദ്യാഭ്യാസത്തോടൊപ്പം റിസർച്ചിന് പ്രാതിനിധ്യം നൽകുക എന്നതാണ്. അവിടെ ഇതുവരേയും റിസർച്ചിനുള്ള നടപടികൾ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം ഇത്രയും കാലമായിട്ടും ഒരു ആസ്ഥാന മന്ദിരം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിന് അടുത്തുള്ള വിളപ്പിൽ പഞ്ചായത്തിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നെന്നാണ് മനസ്സിലാകുന്നത്. ആ സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാനമന്ദിരം തുടങ്ങി റിസർച്ച് പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയും ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. വിളപ്പിൽ പഞ്ചായത്തിൽ അതിനുള്ള സ്ഥലം കണ്ടെത്തി വിദഗ്ദ്ധരായിട്ടുള്ളവരെല്ലാം ചെന്ന് നോക്കിയിട്ടുണ്ട്. അതിന്റെ പ്രാഥമിക നിലപാടുകൾ എടുത്തുകഴിഞ്ഞു. ആദ്യഘട്ടം കഴിഞ്ഞ് റവന്യൂ വകുപ്പിലേയ്ക്ക് അതിന്റെ പേപ്പർ പോകുകയാണ്. അത് പൂർത്തീകരിച്ചു കഴിഞ്ഞാൽ മറ്റ് നടപടികൾ ആരംഭിക്കും. സമയം കൃത്യമായി പറയാൻ പറ്റില്ലെങ്കിലും ഏറ്റവും

വേഗം ആ ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കും. പണമൊക്കെ സർവ്വകലാശാലയ്ക്കുണ്ട്. എത്രയും വേഗം അതിന്റെ ആസ്ഥാനം നിർമ്മിക്കാനുള്ള ശ്രമം നടത്തും.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകൾ അടക്കമുള്ള കേരളത്തിലെ വിവിധ സ്വാശ്രയ കോളേജുകളിൽ പൊതുവെ നിലവാരം കുറവാണെന്നുള്ള ആക്ഷേപം നിലനിൽക്കുന്നുണ്ട്. അതു മാറ്റാനുള്ള നിരവധി നടപടികൾ ഈ സർക്കാർ വന്നതിനുശേഷം എടുത്തിട്ടുണ്ട്. എന്റെ ചോദ്യം നിലവാരം തകരാനുള്ള പലകാരണങ്ങളിൽ പ്രധാനപ്പെട്ടത് അവിടെ പഠിപ്പിക്കുന്ന ലക്ച്ചറർമാരുടെ യോഗ്യതയുമായി ബന്ധപ്പെട്ട് അവരുടെ ടീച്ചിംഗ് കോമ്പീറ്റൻസിയുടെ കാര്യമാണ്. പലപ്പോഴും രേഖകളിൽ കാണുന്ന അദ്ധ്യാപകർ ആയിരിക്കില്ല അവിടെ പഠിപ്പിക്കുന്നത്. വളരെ കുറഞ്ഞ തുകയ്ക്ക് യോഗ്യതയില്ലാത്ത ആളുകൾ പല സ്വാശ്രയ കോളേജുകളിലും പഠിപ്പിക്കുന്നുവെന്ന ആക്ഷേപം മനസ്സിലാക്കി ഇത് നിയന്ത്രിക്കാനും കൂടുതൽ യോഗ്യതയുള്ള അദ്ധ്യാപകരെ ഉറപ്പുവരുത്താനുമുള്ള മാനദണ്ഡം ഉണ്ടോ? നിലവിൽ യു.ജി.സി.-യുടെ മാനദണ്ഡമനുസരിച്ച് ഇതിനുള്ള ഒരു മെക്കാനിസം ഉണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തത്തക്ക രീതിയിൽ നിരവധി നടപടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചെന്നൈ ഐ.ഐ.റ്റി.യിലും മറ്റ് ഐ.ഐ.റ്റി.-കളിലും കേരളത്തിലെ ഏകദേശം 100 ശതമാനം അദ്ധ്യാപകരെ പറഞ്ഞയച്ച് അവർക്ക് അവിടെ പരിശീലനം കൊടുക്കുകയാണ്. പക്ഷെ പ്രാഥമികമായ ചെറിയൊരു പരിശീലനംകൊണ്ട് ഉദ്ദേശിച്ചതുപോലെ അക്കാദമിക് ലെവൽ വരില്ല. അക്കാദമിക നിലവാരം ഉയരണമെങ്കിൽ സമയമെടുക്കുമെന്ന് അങ്ങേയ്ക്ക് അറിയാം. സ്വാശ്രയ കോളേജുകളുടെ വരവിൽ വലിയൊരു ഇൻഫ്ളേഷൻ നടന്ന കാലഘട്ടത്തിലുണ്ടായ അക്കാദമിക നിലവാരത്തകർച്ച നാമെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുന്നതും നമുക്കൊക്കെ വേദനയുണ്ടാ ക്കുന്നതുമാണ്. അതുകൊണ്ടുതന്നെയാണ് പൊതുവിദ്യാഭ്യാസത്തിൽ കൂടുതൽ ഊന്നൽനൽകുന്നത്. അങ്ങനെ വരുമ്പോൾ തീർച്ചയായിട്ടും അതിലെ അദ്ധ്യാപകരെ പരിശീലിപ്പിക്കുക കേരളത്തിലല്ല, കേരളത്തിന്റെ പുറത്തല്ല, രാജ്യത്തിന്റെ പുറത്തുപോലും അദ്ധ്യാപകരെവിട്ട് പരിശീലനം കൊടുത്ത്, ടെക്യുപ്- 1, ടെക്യുപ്-2 ഒക്കെ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതല്ലാതെ തന്നെ സാങ്കേതിക സർവ്വകലാശാലയേയും കൊച്ചിൻ സർവ്വകലാശാലയേയും

ബന്ധപ്പെടുത്തി പരിശീലനം കൊടുക്കും. അദ്ധ്യാപകരുടെ പൊട്ടൻഷ്യൽ ഉയർത്തുക, അതുപോലെതന്നെ മറ്റൊന്നുകൂടിയുണ്ട്, വായനശാലകളുടെ പൊട്ടൻഷ്യൽ ഉയർത്തി ഓരോ എഞ്ചിനീയറിംഗ് കോളേജുകളിലെയും ലൈബ്രറികൾ ഇന്റർനാഷണൽ ലെവലിലുള്ള ലൈബ്രറികളാക്കാൻ ശ്രമിക്കുകയാണ്. അദ്ധ്യാപകർ മാത്രംപോരാ, റഫറൻസ് ബുക്കും അത് വായിക്കാനുള്ള സങ്കേതങ്ങളും ഉണ്ടാകണം. അതുകൊണ്ട് ലൈബ്രറികളും അതുപോലെ ലബോറട്ടറികളും അദ്ധ്യാപക പരിശീലനവും ഒരു പോലെ ശ്രദ്ധിച്ച് വളർത്തിക്കൊണ്ട് വരുകയാണ്. അത് തീർച്ചയായിട്ടും ഒന്നുരണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ പ്രതിഫലിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രയാസങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്റെ ധാരണയനുസരിച്ച്, നിലവിലുള്ള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ സിലബസ്സും അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ സിലബസ്സും വ്യത്യസ്തമാണ്. നമ്മൾ ആഗ്രഹിക്കുന്നത് നമ്മുടെ കുട്ടികൾ ഐ.ടി.ഐ.-യിൽനിന്ന് പുറത്ത് വരുന്ന കുട്ടികളെ പോലെയാകണമെന്നാണ്. പ്രത്യേകിച്ച് കംപ്യൂട്ടർ സയൻസിന്റേതടക്കമുള്ള സിലബസ്സ് ഇപ്പോഴത്തെ കാലഘട്ടത്തിനനുസരിച്ച് ജോബ് ഓറിയന്റഡ് ആയ തരത്തിൽ ഉയർന്നു നിൽക്കുന്നില്ലെന്നത് അങ്ങേക്കും വളരെ വ്യക്തമായി അറിയാവുന്നതാണ്. അതുകൊണ്ട് ആ സിലബസ്സ് മാറ്റാനാവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയുമോ? എം.ബി.എ. അക്രെഡിറ്റേഷൻ കിട്ടിയ കുട്ടികൾക്കേ ജോലി കൊടുക്കുകയുള്ളൂ എന്ന് പുറത്തുള്ള യൂണിവേഴ്സിറ്റികളും കുവൈറ്റ് അടക്കമുള്ള രാജ്യങ്ങളും പറയുന്നുണ്ട്. അതുകൊണ്ട് അഫിലിയേഷൻ സമയത്തുതന്നെ കാലാവധി പറഞ്ഞുകൊണ്ട് അക്രെഡിറ്റേഷൻ നിർബന്ധമാക്കാനും കുട്ടികൾക്ക് സൗകര്യപ്രദമായ രൂപത്തിൽ സിലബസ്സ് മാറ്റാനും ആവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ് - ഞാൻ നേരത്തെ അദ്ദേഹത്തിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞതാണ്. ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിച്ചിരിക്കുന്നത്, അക്കാദമിക് എക്സലൻസ് അതുപോലെ തൊഴിൽ ലഭിക്കുന്നില്ലെന്ന പ്രശ്നമൊക്കെ പരിഹരിക്കത്തക്ക രീതിയിൽ സിലബസ്സിന്റെ സമഗ്രമായ പരിഷ്കരണത്തിനാണ്. അത്തരത്തിൽ പരിഷ്കരിക്കണമെങ്കിൽ നിലവിലുള്ള എ. പി. ജെ. സർവ്വകലാശാലയിലെ സംവിധാനങ്ങൾ പോര. അതുകൊണ്ടാണ് ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കുന്നതും ബോർഡ് ഓഫ്

സ്റ്റഡീസിൽ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചതും അവരുടെ നേതൃത്വത്തിൽ കേരളത്തിൽ വ്യാപകമായി ബ്രയിൻ സ്റ്റോമിംഗ് സെഷനുകൾ അടക്കം ചർച്ചകൾ നടത്താൻ പോകുന്നതും. അതുകൊണ്ട് വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച്, ഈ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിൽ, കേന്ദ്രബിന്ദു എന്ന രീതിയിൽ സിലബസ്സിനെ മെച്ചപ്പെടുത്തിയെടുക്കാനുള്ള വളരെ വിശദമായ, ആഴത്തിലുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. എനിക്ക് അത് നേരിട്ടറിയാമെന്നതു കൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഒരു പക്ഷെ അറിയാത്തതുകൊണ്ടാവാം അങ്ങിത് സൂചിപ്പിച്ചത്. തീർച്ചയായും ആരും ആശങ്കപ്പെടേണ്ട കാര്യമില്ല. പുതിയ അക്കാദമിക്ക് കമ്മിറ്റി, നിലവിലുള്ള എല്ലാ കമ്മിറ്റികളുടേയും സഹായത്തോടുകൂടി കേരളത്തിലെ എഞ്ചിനീയറിംഗ് രംഗത്തെ എല്ലാ വിദഗ്ദ്ധരെയും പൂൾ ചെയ്ത് കേരളത്തിന്റെ എഞ്ചിനീയറിംഗ് അക്കാദമിക്സ് വളർത്തത്തക്ക രീതിയിൽ അടിസ്ഥാന സിലബസ്സ് പരിഷ്കരിച്ചെടുക്കും.

<u>ശ്രീ. കെ. രാജൻ:</u> സർ, കെ.റ്റി.യു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയായിരുന്നുവെന്ന വിവരം അങ്ങേയ്ക്ക് അറിയാമല്ലോ. തികച്ചും വിദ്യാർത്ഥിവിരുദ്ധവും ഏകാധിപത്യപരവുമായ പ്രവണതകളാൽ യൂണിവേഴ്സിറ്റി അപകടത്തിന്റെ ഒരു വിളനിലത്തിലായിരുന്ന നേരത്തെ പ്രവർത്തിച്ചിരുന്നത്. അതിനെ മാറ്റാൻ ശ്രമം നടന്നിട്ടുണ്ടെന്നത് ശരിയാണ്. അത് ശ്ലാഘനീയമാണ്. കെ.റ്റി.യു.-വിനെ ജനാധിപത്യ വൽക്കരിക്കാനും വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുന്നതിനുംവേണ്ടി ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, നേരത്തെയുണ്ടായിരുന്ന ബോർഡ് ഓഫ് ഗവർണേഴ്സും അതുപോലെ എക്സിക്യൂട്ടീവ് എന്നത് സിൻഡിക്കേറ്റെന്നാക്കി മാറ്റി യതും അക്കാദമിക് കൗൺസിലും നിലവിലുണ്ടായിരുന്നു. ഇതിൽ ബോർഡ് ഓഫ് ഗവർണേഴ്സിൽ നിലവിൽ 4 വിദ്യാർത്ഥി പ്രതിനിധികളാണ് ഉണ്ടായിരുന്നത്. അത് പുതുക്കി ആറ് വിദ്യാർത്ഥി പ്രതിനിധികളാക്കി. അതിൽ വനിതാ, എസ്.സി, എസ്.ടി പ്രാതിനിധ്യവും ഉറപ്പാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരുടെ പ്രശ്നങ്ങൾ സർവ്വകലാശാലയിൽ പറയത്തക്ക രീതിയിൽ വിദ്യാർത്ഥി പ്രാതിനിധ്യം കൂട്ടി എന്നതാണ്. രണ്ട്, മാനേജർമാരുടെ പ്രാതിനിധ്യം കുറച്ചു. നിലവിൽ 4 മാനേജർമാർ; അതിൽ 3 പേർ അൺ എയ്ഡഡിൽ നിന്നുമായിരുന്നു. അത് മൂന്ന് മാനേജർമാരാക്കി - ഒരെണ്ണം സർക്കാർ, ഒരെണ്ണം എയ്ഡഡ്, ഒരെണ്ണം സ്വാശ്രയം. അതുപോലെ അദ്ധ്യാപകരുടെ പ്രാതിനിധ്യം നിലവിൽ 4 പേർ

എന്നത് 5 പേർ എന്നാക്കി. അതുപോലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിലവിൽ സ്വകാര്യ കോളേജ് മാനേജർമാർക്ക് മാത്രമേ വരാൻ കഴിഞ്ഞിരുന്നുള്ളൂ. അത് പുതുക്കി എയ്ഡഡ്, സർക്കാർ, സർക്കാർ നിയന്ത്രിത സ്വാശ്രയം - എല്ലാ മേഖലകളിൽനിന്നും പ്രാതിനിധ്യം ഉണ്ടാക്കി. ഇതാണ് യഥാർത്ഥത്തിൽ ജനാധിപത്യവൽക്കരണം. എഞ്ചിനീയറിംഗ് കോളേജ് ഇന്ന് കേരളത്തിൽ ഏതെല്ലാം തലത്തിലുണ്ടോ- സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയം, സ്വാശ്രയം എന്നീ മേഖലകളിൽ നിന്നെല്ലാം പ്രാതിനിധ്യം ഉണ്ട്. അതേസമയം പൊതുവിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വർദ്ധിക്കുകയും എസ്.സി, എസ്.ടി, വനിതാ പരിഗണന വരികയും ചെയ്തു. യഥാർത്ഥത്തിൽ ഇപ്പോൾ കെ.റ്റി.യു.-വിന്റെ ഭരണസമിതിയെന്ന് പറയുന്നത് തികച്ചും ജനാധിപത്യപരമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഉത്സവത്തിനും പെരുനാളിനും ആളുകൾ കൂടുന്നതുപോലെ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി മത്സ്യക്കച്ചവടക്കാരും മരക്കച്ചവടക്കാരും ചിട്ടിക്കമ്പനിക്കാരും സ്വർണ്ണ വ്യാപാരികളും റിയൽ എസ്റ്റേറ്റുകാരും തള്ളിക്കയറിയതിന്റെ ഒരു ദുരന്തമാണ് ഇന്ന് കേരളം അനുഭവിക്കുന്നത്. എല്ലാ ഗവൺമെന്റിന്റെ കാലത്തും ഇതുണ്ടായിരുന്നു. അങ്ങനെയുള്ള തള്ളിക്കയറ്റംമൂലം എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം തകർന്നുവെന്നുള്ളതിന്റെയും നമ്മുടെ കുട്ടികളെ ആർക്കും വേണ്ടെന്നുള്ളതിന്റെയും ഉദാഹരണമാണ് കുവൈറ്റ് ഗവൺമെന്റ് സ്വീകരിച്ച നിലപാട്. വളരെ പ്രശസ്തമായ നിലയിൽ മുന്നോട്ടുപോകേണ്ട നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വളരെ മോശമാണെന്ന് ഇവിടത്തെ ചർച്ചകളിൽ തന്നെ പ്രതിപാദിച്ചിട്ടുള്ളതാണ്. ഇപ്പോഴും സാങ്കേതിക സർവ്വകലാശാലയ്ക്ക് വൈസ് ചാൻസിലർ ഇല്ല. അവിടെ ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചുവെങ്കിലും ആളുകളെ നോമിനേറ്റ് ചെയ്തിട്ടില്ല. യൂണിവേഴ്സിറ്റി തുടങ്ങിയതിൽപ്പിന്നെ കുട്ടികളുടെ കലോത്സവങ്ങളും കായികോത്സവങ്ങളും നടത്തിയിട്ടില്ല. ആത്മഹത്യാ കേന്ദ്രങ്ങളായി പല എഞ്ചിനീയറിംഗ് കോളേജുകളും മാറുന്നുണ്ട്. 5-ാം സെമസ്റ്റർ പരീക്ഷ നടന്നിട്ട് 5 മാസം കഴിഞ്ഞു. ഇതുവരെ അതിന്റെ റിസൾട്ട് വന്നിട്ടില്ല. ഇങ്ങനെ ആകെ കുത്തഴിഞ്ഞ നിലയിലാണ് സാങ്കേതിക സർവ്വകലാശാല. വൈസ് ചാൻസിലറെ നിയമിക്കുകയും കുട്ടികളുടെ കലോത്സവും കായികോത്സവും നടത്തുകയും ചെയ്യണം. 5-ാം സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് അടുത്ത പരീക്ഷയ്ക്ക് മുമ്പെങ്കിലും പബ്ലിഷ് ചെയ്യണ്ടേ? ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് സമയബന്ധിതമായി ഇടപെടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും ശ്രദ്ധിക്കും, ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. അങ്ങയുടെ ആശങ്കകളെല്ലാം മാറ്റത്തക്ക രീതിയിലുള്ള മാറ്റങ്ങൾ കെ.റ്റി.യു.-വിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ താല്ക്കാലിക വൈസ്ചാൻസലർ കൊച്ചിൻ സർവ്വകലാശാല വൈസ്ചാൻസലർ ഡോ. ലതയാണ്. സെർച്ച് കമ്മിറ്റി രൂപീകരിക്കുകയെന്നതാണ് പുതിയ വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള ആദ്യപടി. ആ സെർച്ച് കമ്മിറ്റി എത്രയുംവേഗം രൂപീകരിക്കും; അതായത് അതിനുള്ള നടപടികൾ പെട്ടെന്ന് ആരംഭിക്കും. എല്ലാ ചോദ്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല. കുട്ടികൾക്ക് കലാ-കായിക രംഗത്ത് അവരുടെ മികവ് തെളിയിക്കാനുള്ള അവസരം ഉണ്ടായിരുന്നില്ലെന്നതാണ് ഞാൻ വിദ്യാർത്ഥികളുമായി നടത്തിയ ചർച്ചയിൽ അവരുടെ ഏറ്റവും പ്രധാനപ്പെട്ട പരാതി. ആ പരാതി പരിഹരിക്കത്തക്കവിധത്തിൽ സാങ്കേതിക സർവ്വകലാശാലയും മറ്റുള്ള സർവ്വകലാശാലകളിൽ നടത്തുന്നതുപോലെ കലാ-കായിക ഉത്സവങ്ങൾ നടത്തുമെന്ന് തീരുമാനിച്ചിരുന്നു. അതിനുള്ള ഏർപ്പാടുകളായിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ കോളേജുകളിലും കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സ്പോർട്സ് ആക്ടിവിറ്റീസ് സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്ത കോളേജുകളെ ആറ് സോണുകളായി തിരിച്ച്, കോളേജ് തലത്തിലും സോണൽ തലത്തിലും ഇന്റർസോൺ തലത്തിലും വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അന്തർ സർവ്വകലാശാല തലത്തിലും ദേശീയ തലത്തിലും സർവ്വകലാശാലയെ പ്രതിനിധീകരിച്ച് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല സാമ്പത്തിക സഹായം നൽകുകയും ചെയ്തു. അടുത്ത അദ്ധ്യയന വർഷം മുതൽ സർവ്വകലാശാലയിൽ കലാ-കായിക മത്സരങ്ങളും സംസ്ഥാന തലത്തിലുള്ള മത്സരവും സംഘടിപ്പിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി അക്കാദമിക് കലണ്ടർ രൂപീകരിക്കുകയാണ്. ഇതെല്ലാം നടന്നുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. മാറ്റത്തിന് തുടക്കംകുറിച്ചിരിക്കുകയാണ്. നമ്മുടെ ആശങ്കകളെല്ലാം പൂർണ്ണമായും പരിഹരിച്ച് ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന സർവ്വകലാശാലയായി മാറും. അതിന് എല്ലാവരും ഒന്നിച്ച് നിൽക്കേണ്ടതുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രശ്നം കേരളത്തിന്റെ മൊത്തം പ്രശ്നമാണ്. അത് പരിഹരിക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടക്കുമ്പോൾ ഒപ്പം എല്ലാവരുമുണ്ടാകണം.

## ലാൻഡ് ട്രിബ്യൂണലിലുള്ള കേസുകൾ

2 (*512) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായവർക്ക് കൈവശഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകാനായി സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ലാൻഡ് ട്രിബ്യൂണൽ മുമ്പാകെയുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ;

(സി) ഇടുക്കി ജില്ലയിൽ പട്ടയഭൂമിയിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉപാധികളിൽ ഇളവ് വരുത്തി 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവ പ്രകാരം ഉത്തരവായിട്ടുള്ളതാകുന്നു.

(ബി) കേരളത്തിൽ 17 ലാന്റ് ട്രൈബ്യൂണലുകളും 14 ദേവസ്വം ട്രൈബ്യൂണലുകളുമാണ് പ്രവർത്തിച്ചുവരുന്നത്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളിലൂടെ ഈ വർഷം ഫെബ്രുവരി 28 വരെ 44417 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളിലൂടെ 5 തെക്കൻ ജില്ലകളിൽ 500-ൽ താഴെ കേസുകളായി കുറഞ്ഞിട്ടുണ്ട്.

(സി) 2005-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വകുപ്പ് 6(3) പ്രകാരവും 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ വകുപ്പ് 5 പ്രകാരവും വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലും കാർഡമം ഹിൽ റിസർവ് പ്രദേശങ്ങളിലും ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ചിട്ടുള്ളതാണെങ്കിലും ജീവനും സ്വത്തിനും ഭീഷണിയാകുന്ന സാഹചര്യത്തിലൊഴികെ യാതൊരു മരങ്ങളും മുറിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ, വനം വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 6-2-2018 തീയതിയിൽ യോഗം ചേരുകയും കേരള വൃക്ഷ

സംരക്ഷണ നിയമം, 1986 വകുപ്പ് 5 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം ഭേദഗതി വരുത്തേണ്ടതായി തീരുമാനിച്ചിട്ടുള്ളതും ആയതിനാൽ വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പട്ടയ ഭൂമിയിൽ കർഷകർ നട്ടുപിടിപ്പിച്ച ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 G.O.(P)60/2017/RD ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതാണ്. കേരള ഭൂമി പതിവ് ചട്ടങ്ങൾ 1993 പ്രകാരം പതിച്ചു നൽകിയിട്ടുള്ള പട്ടയഭൂമിയിൽ പിന്നീടുണ്ടാകുന്ന മരങ്ങൾ മുറിക്കുന്നത് ടി പട്ടയ ഫോറത്തിലെ ഒന്നാമത്തെ വ്യവസ്ഥമൂലം സാധിക്കാതെ വന്നിട്ടുള്ളതാണ്. ഈ വിഷയവും സർക്കാർ പരിഗണനയിലാണ്. ഇടുക്കി ജില്ലയിലെ അഞ്ചുനാട് പ്രദേശങ്ങളിൽ യൂക്കാലിപ്റ്റ്സ് മരങ്ങൾ മുറിക്കുന്നത് 16-2-2015-ലെ G.O (Ms.)69/2015/RD പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുന്ന വിഷയം പരിശോധനയിലാണ്.

പ്രൊഫ. കെ. യു. അരുണൻ: സർ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ 1-8-1971-ന് മുമ്പ്, വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് അതത് സ്ഥാപനങ്ങൾ പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കി നൽകുന്നതിൽ കാലതാമസം വരുത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ചില പ്രദേശങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡീവെസ്റ്റ് ചെയ്യേണ്ടത് തക്കസമയത്ത് ചെയ്യാത്തതുകൊണ്ട് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കാനല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് അതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടത്.

പ്രൊഫ. കെ. യു. അരുണൻ: സർ, 1-8-1971-നുശേഷം പുറമ്പോക്ക് ഭൂമിയിൽ വീട് വച്ച് താമസിക്കുന്ന, മറ്റ് ഭൂമി സ്വന്തമായി ഇല്ലാത്തവർക്ക് പട്ടയം നൽകുന്നതിന് പ്രസ്തുത തീയതിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് നിയമഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നിലവിലുള്ള നിയമം അനുസരിച്ച്, ഭൂപരിഷ്കരണ നിയമത്തിൽ 1971-നുമുമ്പ് അത്തരം ഭൂമി കൈവശമുള്ള ആളുകളുടെ കാര്യം മാത്രമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇത്തരം സാഹചര്യത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുകയെന്നത് പരിശോധിച്ച് തീരുമാനിക്കേണ്ട കാര്യമാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ചട്ടങ്ങൾ ഭേദഗതി ചെയ്ത് 8000-ത്തിൽപ്പരം കർഷകർക്ക് പട്ടയം നൽകാൻ തയ്യാറെടുക്കുകയും 54096 കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകുകയും ചെയ്ത സർക്കാരിനെയും അതിന് നേതൃത്വം കൊടുത്ത റവന്യൂ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുന്നു. വയനാട്ടിൽ സംയുക്ത സർവ്വേ പൂർത്തിയാക്കിയതിന്റെ ഭാഗമായി എത്ര കർഷകർക്ക്, എന്ന് പട്ടയം നൽകാൻ കഴിയും? 1977-ൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കെ 2013-ൽ ഉമ്മൻ ചാണ്ടി സർക്കാർ കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ ഭൂമി വനഭൂമിയായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്തെ ഒരു യൂണിറ്റായി സംയുക്ത സർവ്വേ റിപ്പോർട്ട് നൽകാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചത്. സർവ്വേ പൂർത്തിയാക്കിയ ജില്ലകളിൽ കർഷകർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. വയനാട് ജില്ലയിൽ സംയുക്ത സർവ്വേ പൂർത്തീകരിക്കപ്പെട്ടാൽ, എത്ര കർഷകർക്ക് പട്ടയം നൽകാനാകുമെന്നത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ എടുത്താൽ, വയനാട് ജില്ലയിൽ 800.56 ഹെക്ടർ ഭൂമിയിലാണ് സംയുക്ത സർവ്വേ പൂർത്തീകരിച്ചിട്ടുള്ളത്. സംയുക്ത പരിശോധനയ്ക്കായി ലഭിച്ച 1110 അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനായി 263.78 ഹെക്ടർ ഭൂമി അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ച അപേക്ഷകളിൽ കൈവശ രേഖ, പട്ടയം എന്നിവ അനുവദിക്കുന്നതിന് വനം വകുപ്പിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ വിഷയം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന് ഭൂമി നൽകുന്നതിൽ റവന്യൂ വകുപ്പിന് എതിർപ്പില്ലെന്ന കാര്യം നേരത്തെതന്നെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ആ വിഷയത്തിൽ നിലവിൽ അദ്ദേഹംതന്നെ ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള ഒരു കേസ് നിലനിൽക്കുകയാണ്. ആ കേസ്സിൽ തീരുമാനമുണ്ടാകുന്നമുറയ്ക്കേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ സങ്കീർണ്ണമായ ഭൂമിപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾക്ക് ഞാൻ അനുമോദനം അറിയിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വെള്ളത്തുവൽ വില്ലേജ് ഓഫീസിന്റെ മുന്നിൽ 5 ദിവസമായി ഒരു സമരം തുടരുകയാണ്. കളക്ടർ ഉൾപ്പെടെയുള്ള ചില ഉദ്യോഗസ്ഥർ നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പത്ത് മക്കളുള്ള ഒരു വീട്ടിലെ അംഗങ്ങൾക്ക് മറ്റൊരു വീട് വയ്ക്കുന്നതിന് അനുവാദം

നിഷേധിച്ചുകൊണ്ട്, വാസയോഗ്യമല്ലാത്ത വീടാണെന്ന് വില്ലേജും പഞ്ചായത്തും രേഖപ്പെടുത്തിയതിനു ശേഷവും സ്വന്തം കാശ് മുടക്കി പുതിയ ഒരു വീട് വയ്ക്കാനുള്ള അനുവാദം നൽകാത്ത സാഹചര്യമാണ് അവിടെയുള്ളത്. ഗവൺമെന്റ് അറിയാത്ത ഇത്തരത്തിലുള്ള ഉത്തരവുകൾ ഉപാധികളായി നിലനിൽക്കുന്ന സാഹചര്യം അങ്ങേയ്ക്കറിയാമോ; ഇത്തരത്തിലുള്ള ഉത്തരവുകൾ റദ്ദ് ചെയ്തുകൊണ്ട് വീട് വയ്ക്കാൻ അനുവാദവും ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാവുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ബഹുമാനപ്പെട്ട അംഗം എസ്. രാജേന്ദ്രൻ ഇവിടെ ഉന്നയിച്ച വിഷയത്തിൽനിന്ന് മനസ്സിലാകുന്നത് 2010-ലെ കേരള ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട് വീടുകൾ നിർമ്മിക്കുമ്പോൾ റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്ന് എൻ.ഒ.സി. വാങ്ങിയിരിക്കണം എന്നുപറയുന്ന വിഷയവുമായി ബന്ധപ്പെട്ടതാണ്. ആ പ്രശ്നവുമായി ബന്ധപ്പെട്ട് ഡിവിഷൻ ബഞ്ചിന്റെ വിധി നിലനിൽക്കുകയാണ്. അതുമാത്രമല്ല, മറ്റൊരു പുതിയ കേസുകൂടി ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെ വന്നിട്ടുണ്ട്. കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്ന സാഹചര്യത്തിൽ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്നു പറയുന്ന വ്യവസ്ഥയിൽ മാറ്റംവരുത്താൻ സാധ്യമല്ല. അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം ഇതുതന്നെയായിരിക്കുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്. ഇതല്ലാതെ മറ്റെന്തിലും പ്രത്യേക കാരണത്താലാണെങ്കിൽ അത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, തൃശ്ശൂർ ജില്ലയിൽ 7375 കൈവശക്കാരുടെ 2726.3877 ഹെക്ടർ വനഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്ന് മുമ്പ് ഒരു മറുപടി ലഭിച്ചിട്ടുള്ളതാണ്. 1473 അപേക്ഷകൾ ഇപ്പോഴും ബാക്കിയാണ്. അതുപോലെ ലാന്റ് ട്രൈബ്യൂണൽ മുമ്പാകെ 36156 അപേക്ഷകൾ തൃശ്ശൂർ ജില്ലയിൽ നിലവിലുണ്ട്. ലാന്റ് ട്രൈബ്യൂണലുകളിൽ ഏറ്റവും കൂടുതൽ കേസ് തീർപ്പാക്കാൻ ബാക്കിയുള്ള ജില്ലകളിലൊന്നാണ് തൃശ്ശൂർ എന്നാണ് അന്ന് മറുപടി ലഭിച്ചത്. പട്ടയം ലഭിക്കാത്തതുമൂലം കൃഷിക്കാർ വളരെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അവരെ ചൂഷണം ചെയ്യുന്ന ചില 'വെട്ടുകിളി'കളും ഇപ്പോൾ അവിടെ രംഗത്തിറങ്ങിയിട്ടുണ്ട്. ഹൈക്കോടതിയിൽ കേസ് കൊടുക്കാമെന്നതിന്റെ പേരിൽ കൃഷിക്കാരുടെ കയ്യിൽനിന്ന് പണപ്പിരിവടക്കം നടന്നുവരുന്ന ഒരു സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ഈ ഭൂമിയിൽ വീട് വച്ച് കൃഷിയിലേർപ്പെട്ടിരിക്കുന്ന കൈവശക്കാർക്ക് ലാന്റ് ട്രിബ്യൂണൽ പട്ടയങ്ങൾ സംബന്ധിച്ച ചട്ടങ്ങളിൽ നിലവിൽ ധാരാളം സങ്കീർണ്ണതകളുണ്ട്. കൃഷിക്കാർ ഈ ചട്ടങ്ങളുമായി ബന്ധപ്പെട്ട് നിരന്തരം ഓഫീസുകളിൽ കയറിയിറങ്ങുന്ന ഒരു

സ്ഥിതിയാണ് നിലനിൽക്കുന്നത്. അതുകൊണ്ട് അതിലെ സങ്കീർണ്ണതകൾ ലഘൂകരിച്ച് ഇവർക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തൃശ്ശൂർ ജില്ലയിൽ ലാന്റ് ട്രിബ്യൂണലുകളിൽ കേസുകൾ നിലവിലുണ്ടായിരുന്നത് വളരെയേറെ കുറച്ചുകൊണ്ടു വരുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ 7385 എൽ.റ്റി. കേസുകളും 6885 ദേവസ്വം കേസുകളും 12286 കാണം കേസുകളും ഉൾപ്പെടെ ആകെ 26556 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. അതിൽ 12597 പട്ടയങ്ങൾ (എൽ.റ്റി. കേസുകൾ 3243 ദേവസ്വം കേസുകൾ 3299, കാണം കേസുകൾ 6055) വിതരണം ചെയ്തു. ഇനി 19162 എൽ.റ്റി. കേസുകളും 10427 ദേവസ്വം കേസുകളും ഉൾപ്പെടെ 29,589 ട്രിബ്യൂണൽ കേസുകളും 15459 കാണം കേസുകളും തീർപ്പാക്കാൻ ബാക്കിയുണ്ട്. ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയുംവേഗം തീർപ്പാക്കുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികളുടെ ഫലമായി ചുരുങ്ങിയ സമയംകൊണ്ടുതന്നെ ഏതാണ്ട് 72000 ത്തോളം കേസുകൾക്ക് തീർപ്പു കൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തെ ഇവിടെ നൽകിയ ഉത്തരത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഉണ്ടായിരുന്ന 17 ലാന്റ് ട്രിബ്യൂണലുകൾക്കും 14 ദേവസ്വം ട്രിബ്യൂണലുകൾക്കുംപുറമേ 29 സ്പെഷ്യൽ ട്രിബ്യൂണലുകൾകൂടി ഈ ഗവൺമെന്റ് വന്നതിനുശേഷം നിലവിൽവരികയും അതിന്റെ പരിധിയിൽപ്പെട്ടിട്ടുള്ള കേസുകളുൾപ്പെടെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി അതിവേഗതയിലാണ് ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കിയിട്ടുള്ളത്. ഈ കേസുകൾ തീർപ്പാക്കുന്നതിൽ വലിയ തടസ്സമായി നിന്നിരുന്ന ഒരു ഘടകം, നേരത്തെ ഈ ട്രിബ്യൂണലുകളിൽ നിയമിക്കുന്ന ഉദ്യോഗസ്ഥരിൽ പലരും ഏതാണ്ട് സർവ്വീസിൽനിന്ന് റിട്ടയർ ചെയ്യാൻ പോകുന്ന സമയത്ത് നിയമിക്കപ്പെടുന്നവരായിരുന്നു. അതിനുപകരമായി ഏറ്റവും ചുരുങ്ങിയത് മൂന്നുവർഷക്കാലമെങ്കിലും സർവ്വീസിലിരിക്കുന്ന ആളുകളെ നിയമിക്കണമെന്നും അങ്ങനെ നിയമിക്കപ്പെടുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ രണ്ടുവർഷം ട്രാൻസ്ഫർ ചെയ്യരുതെന്നുമുൾപ്പെടെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി കാര്യങ്ങൾ വേഗതയിൽ നീക്കിക്കൊണ്ടു പോകാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ലാന്റ് ബോർഡ് സെക്രട്ടറി അവരുടെ അധികാരപരിധിയിൽപ്പെട്ട കാര്യങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകി പ്രവർത്തിച്ചുവരികയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ശ്രീ. എസ്. രാജേന്ദ്രൻ മന്ത്രിയെ അഭിനന്ദിച്ചത് എന്തിനാണെന്ന് എനിക്കറിയില്ല. അടിമാലിയിലും മറ്റ് പ്രദേശങ്ങളിലുമൊക്കെ വലിയ സമരം നടന്നു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ അതറിഞ്ഞോ എന്നറിയില്ല. അവിടെ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം വയ്ക്കുന്നതിന് എൻ.ഒ.സി. കൊടുക്കുന്നില്ല എന്ന കാരണത്താൽ 15 ദിവസത്തോളമായി ആ പ്രദേശത്ത് വലിയതോതിലുള്ള പ്രക്ഷോഭം നടക്കുകയാണ്. ഇന്നലെ അടിമാലി, മൂന്നാർ ഭാഗങ്ങളിലുൾപ്പടെയുള്ള നിരവധി ആളുകൾ ഫോണിൽ വിളിച്ച് ഇക്കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അവരുമായി ചർച്ച ചെയ്യാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ആ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? ഇത്രയും ദിവസമായി അങ്ങുപോലും ഇത് അറിഞ്ഞില്ലെന്ന് പറയുന്നത് കഷ്ടമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഇത് അറിഞ്ഞില്ല എന്നൊന്നും പറഞ്ഞില്ല. ഇവിടെ പ്രധാനപ്പെട്ട വിഷയം, ഹൈക്കോടതി വിധി നിലവിലിരിക്കുമ്പോൾ, ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെ ആ പ്രശ്നം നിലനിൽക്കുന്ന ഒരു സാഹചര്യത്തിൽ, ഇവിടത്തെ ഡിവിഷൻ ബഞ്ചിന്റെ വിധിയുണ്ട്, വീണ്ടും കൊടുത്ത കേസ് ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലുമാണ്. അത്തരമൊരു സാഹചര്യത്തിൽ, പ്രത്യേകിച്ച് സർക്കാരിന് മറിച്ചെന്തെങ്കിലും തീരുമാനിക്കാൻ കഴിയാത്ത സാഹചര്യമാണെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. എന്താണ് ഈ വിഷയമെന്നത് സംബന്ധിച്ച് എൻ.ഒ.സി.-യുടേതല്ലാത്ത ഏതെങ്കിലും വിഷയമാണോ പ്രശ്നമെന്നത് പരിശോധിക്കാൻ ജില്ലാ കളക്ടറുമായി ബന്ധപ്പെടാനും പരിശോധിക്കാനും തയ്യാറാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ദശാബ്ദങ്ങളായി കെട്ടിക്കിടക്കുന്ന എൽ.റ്റി. പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കാൻ ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ; അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? അതുപോലെത്തന്നെ നമ്മുടെ റീസർവ്വേ രേഖകളിലുണ്ടായിട്ടുള്ള പിഴവുകൾ പരിഹരിക്കുന്നതിനുവേണ്ടി നിരവധി അപേക്ഷകർ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥയുണ്ട്. അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എൽ.റ്റി. പട്ടയങ്ങളുടെ കാര്യം ഞാൻ നേരത്തെ ഒരു ചോദ്യത്തിന് ഉത്തരമായി ചൂണ്ടിക്കാണിച്ചു. ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് വളരെ വലിയ ഇടപെടൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വേഗതയുണ്ടാവുകയും ചെയ്തിട്ടുണ്ട്. ദശാബ്ദങ്ങളായി കെട്ടിക്കിടക്കുന്ന കേസുകളുടെ കാര്യത്തിൽ വലിയ തോതിൽ മാറ്റമുണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ കഴിയും. ഈ സർക്കാർ അധികാരമേറ്റശേഷം 72334 കേസുകൾ 21 മാസംകൊണ്ട്

തീർപ്പാക്കിയിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ചുവർഷ ക്കാലത്തിനിടയിൽ 99811 കേസുകളാണ് ലാന്റ് ട്രിബ്യൂണലുകളിൽ തീർപ്പാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ 21 മാസംകൊണ്ടുതന്നെ 72334 കേസുകളാണ് തീർപ്പാക്കിയിരിക്കുന്നത്. ഇത്തരം കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. ഏതായാലും കാണം കേസുകൾപോലുള്ള ഒരുപാട് കേസുകൾ രണ്ടോ മൂന്നോ മാസങ്ങൾക്കകത്തുതന്നെ തീർപ്പാക്കുന്നതിനാവശ്യമായ സാഹചര്യമുണ്ടെന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, ഇടുക്കി ജില്ലയിൽ മരം മുറിക്കുന്നതിനുള്ള നടപടിയെക്കുറിച്ചാണ് ഈ ചോദ്യം വന്നതെങ്കിലും ഇടുക്കിയിൽ മാത്രമല്ല മറ്റ് പല ജില്ലകളിലും കൈവശ പട്ടയമുള്ള ഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും എൻ.ഒ.സി. വാങ്ങണം. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ചിറ്റാർ പഞ്ചായത്തിൽ നടന്ന ഒരു സംഭവമാണിത്. ഒരു പാവപ്പെട്ട കർഷകൻ, അവരുടെ വീടിന് മുമ്പിൽനിൽക്കുന്ന ഒരു തേക്കുമരം മുറിച്ചുമാറ്റുന്നതിന് അപേക്ഷ കൊടുത്തു. റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നുമെല്ലാം അനുകൂലമായ ഒരു തീരുമാനമെടുത്തശേഷം അത് വനം വകുപ്പിലേയ്ക്കയച്ചു. വനം വകുപ്പിലേയ്ക്ക് അയച്ചുകഴിഞ്ഞപ്പോൾ ഡി.എഫ്.ഒ.-യുടെ ഒരു ഉത്തരവ് വന്നു. നിങ്ങൾ ഈ മരം മുറിച്ച് അവരുടെ ഡിപ്പോയിൽ കൊണ്ടെത്തിച്ചുകൊടുക്കണമെന്നുള്ള ഉത്തരവാണ് വന്നിട്ടുള്ളത്. എന്ത് നടപടിയാണ് ഇതിന്റെ ഭാഗത്തുള്ളതെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. സഭയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ എൻ.ഒ.സി. വാങ്ങി മരം മുറിക്കുന്നതിന് തടസ്സമില്ലെന്ന് പറയുമ്പോഴും എൻ.ഒ.സി. വാങ്ങുന്നതിന് അപേക്ഷ കൊടുക്കുമ്പോൾ ഡി.എഫ്.ഒ.-മാർ ഇത്തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഏതായാലും ആ ഡി.എഫ്.ഒ. അവിടെനിന്ന് മാറിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. റാന്നി ഡി.എഫ്.ഒ.-യിൽ നിന്നുണ്ടായിട്ടുള്ള ഒരു പ്രശ്നമാണ്. കഴിഞ്ഞ ജില്ലാ വികസന സമിതി യോഗത്തിലും ഇതേവിഷയം ഉന്നയിക്കുകയുണ്ടായി. പുതിയതായി ചാർജ്ജെടുത്ത ഡി.എഫ്.ഒ.-യുടെ കൈവശം അത് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സാങ്കേതികമായി ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നൽകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ഇവിടെ ചോദിച്ച ചോദ്യം വളരെ വ്യക്തമാണ്. ഏതോ ഒരുദ്യോഗസ്ഥന്റെ

നടപടിക്രമത്തിന്റെ ഭാഗമായിട്ടുണ്ടായ കാലതാമസമാണെന്ന രീതിയിൽത്തന്നെ അദ്ദേഹമത് ചൂണ്ടിക്കാണിക്കുകയുണ്ടായി. 2005-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വകുപ്പുപ്രകാരമുള്ള വ്യവസ്ഥയും 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ അഞ്ചാം വകുപ്പനുസരിച്ച് വിജ്ഞാപനം നടത്തിയ പ്രദേശങ്ങളിലെയും മരം മുറിക്കുന്നതിന് തടസ്സമുണ്ടെന്നും അതല്ലാത്ത ഇത്തരം പ്രദേശങ്ങളിൽ ചന്ദനമൊഴികെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിലവിൽ നിയമത്തിൽ തടസ്സമില്ലെന്നും ഞാൻ നേരത്തെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടായ അശ്രദ്ധയോ ജാഗ്രതയില്ലാത്ത പ്രവർത്തനമോ ആണെങ്കിൽ അതെന്താണെന്ന് പരിശോധിക്കുന്നതിനുള്ള നടപടി വനം വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഭൂമിയുടെ പട്ടയവുമായി ബന്ധപ്പെട്ട ഒരു പ്രധാന കാര്യം ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകൾ കെട്ടികിടക്കുന്നുവെന്നതാണ്. ഭൂമി കൈവശക്കാരന്റേതാണെന്ന് പറഞ്ഞ് വില്ലേജ് ആഫീസറും റവന്യൂ ആഫീസറും സർട്ടിഫൈ ചെയ്തിട്ടാണ് ലാൻഡ് ട്രിബ്യൂണലുകളിലെ കേസ് വരുന്നത്. അങ്ങനെ സർട്ടിഫൈ ചെയ്ത കേസുപോലും ലാൻഡ് ട്രിബ്യൂണലുകൾ തീർപ്പുകൽപ്പിക്കുന്നില്ല എന്നതാണ് പ്രധാനപ്പെട്ട വിഷയം. സുപ്രീംകോടതിയും ഹൈക്കോടതിയും കേസ് നീട്ടിക്കൊണ്ടു പോകുന്നതുപോലെ ലാൻഡ് ട്രിബ്യൂണൽ ഉദ്യോഗസ്ഥർ കേസ് നീട്ടിക്കൊണ്ടുപോവുകയാണ്. അതെന്തോ വ്യക്തിപരമായ താല്പര്യത്തിന്റെ പേരിലാണ് ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നത്. ആ കേസുകൾ എത്രയുംവേഗം തീർക്കാനുള്ള നടപടി സ്വീകരിക്കുമോ? മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ നാട്ടിൽ ഭൂമിയുമായി ബന്ധപ്പെട്ട അസൈൻമെന്റ് കൊടുക്കുന്നത് വലിയ പ്രശ്നം സൃഷ്ടിക്കുകയാണ്. എസ്.സി./എസ്.ടി വിഭാഗത്തിന് മാറ്റിവച്ച ഭൂമി, പുഴ പുറമ്പോക്ക് ഭൂമി എന്നിവയൊക്കെ നിയമപരമായി അങ്ങനെയാണെങ്കിലും എത്രയോ കാലങ്ങളായി കൃഷിക്കാർ കൈവശംവച്ച് അനുഭവിക്കുന്ന ഭൂമിയാണ്. ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പട്ടയം കൊടുക്കാൻ കഴിയുന്നില്ലെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയും റവന്യൂ വകുപ്പ് സെക്രട്ടറിയും കാസർഗോഡ് കളക്ടറേറ്റിൽ വന്ന് ഇത് മാറ്റണമെന്നൊരു തീരുമാനമെടുത്തതാണ്. പക്ഷെ ഇന്നുവരെ അത് മാറ്റാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, രണ്ട് കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഒന്ന്, ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസിന്റെ പ്രശ്നമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ ആലോചന നടത്തുകയുണ്ടായിയെന്ന് ഞാൻ ആദ്യമേ സൂചിപ്പിച്ചു. അപ്രകാരം വിലയിരുത്തിയതിൽ ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും ധാരാളം കേസ്സുകൾ കെട്ടിക്കിടക്കുന്നുവെന്നും ബോധ്യപ്പെടുകയുണ്ടായി. ട്രിബ്യൂണലുകളിൽ പൊതുവെ തുടർന്നുവന്നിരുന്ന രീതിയെക്കുറിച്ചും ഞാൻ സൂചിപ്പിച്ചു. ഒരു കേസ് വിളിച്ചാൽ ജന്മിയോ ജന്മിയുടെ പ്രതിനിധിയോ ഹാജരായില്ലെന്നതിന്റെ പേരിൽ എത്രയോ തവണ കേസ് മാറ്റിവയ്ക്കുകയും വർഷങ്ങളും ദശാബ്ദങ്ങളുമെടുത്താൽപ്പോലും കേസ് തീർപ്പാക്കാത്ത സാഹചര്യവുമുണ്ടെന്ന് പരിശോധനയിൽ മനസ്സിലായി. അപൂർവ്വം ചില പ്രിസൈഡിംഗ് ഓഫീസർമാർ കേസ് വിളിച്ചാൽ ആറ് മാസമോ, ഒന്നോ ഒന്നര വർഷമോ ഒക്കെ മാറ്റിവയ്ക്കുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ഈ ട്രിബ്യൂണലുകളിലെ കേസ്സുകളൊക്കെ സാധാരണഗതിയിൽ ഒരാഴ്ചയ്ക്കുള്ളിലോ രണ്ടാഴ്ചയ്ക്കുള്ളിലോ വിളിച്ച് ഒന്നോ, രണ്ടോ മൂന്നോ തവണകൊണ്ട് തീർപ്പ് കൽപ്പിക്കാവുന്നതാണെങ്കിലും അത്തരമൊരു നിലപാട് സ്വീകരിക്കുന്നില്ലെന്ന് ബോധ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് രണ്ട് കേസ്സുകളിൽ ജന്മിമാരോ ജന്മിമാരുടെ പ്രതിനിധികളോ ഹാജരാകാതിരുന്നാൽ ആ കേസ് ഡിസ്പോസ് ചെയ്യണമെന്ന് പറഞ്ഞത്. ഇന്നിവിടെ ജന്മിത്വം നിലനിൽക്കുന്നില്ല. കൈവശമിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കാത്തതുകൊണ്ട് നേരിടുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. ആ സാഹചര്യത്തിൽ ട്രിബ്യൂണലുകൾ കാര്യങ്ങൾ വേണ്ടത്ര ജാഗ്രതയോടുകൂടി കൈകാര്യം ചെയ്യണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലുള്ള മാറ്റമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഒരുകാലത്തുമില്ലാത്ത വിധം ഇരുപത് മാസത്തിനിടയിൽ എഴുപത്തിരണ്ടായിരത്തിൽപ്പരം കേസ്സുകൾ തീർപ്പാക്കാൻ കഴിഞ്ഞുവെന്ന പ്രത്യേകതയുണ്ട്. അതിവേഗതയിൽ കാര്യങ്ങൾ നടക്കുന്നുണ്ട്. സ്പെഷ്യൽ ട്രിബ്യൂണലുകളെ നിശ്ചയിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് കൂടുതൽ കേസ്സുകൾ കെട്ടിക്കിടക്കുന്നത്. വേഗതയിൽ കാര്യങ്ങൾ നടന്നതിന്റെ ഭാഗമായി തെക്കൻ ജില്ലകളിൽ ഏതാണ്ട് അഞ്ഞൂറിൽ താഴെ കേസ്സുകളാണ് ഇപ്പോൾ ഓരോ ജില്ലകളിലും അവശേഷിക്കുന്നത്. തൃശ്ശൂർ തൊട്ട് വടക്കോട്ടുള്ള ജില്ലകളിലാണ് 29 സ്പെഷ്യൽ ട്രിബ്യൂണലുകൾ ഉണ്ടാക്കിയിട്ടുള്ളത്. അതോടൊപ്പംതന്നെ ഒരു റവന്യൂ

ഇൻസ്പെക്ടർ മാത്രമായിരുന്നു ഇതിൽ റിപ്പോർട്ട് ചെയ്യാനുണ്ടായിരുന്നത്. ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വില്ലേജ് ആഫീസർമാർ ഉൾപ്പെടെയുള്ളവർക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനവും അതിനവരെ ചുമതലപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ വേഗതയിൽ ട്രിബ്യൂണലുകളിലെ കേസ്സുകൾ നടന്നു. ലാൻഡ് അസൈൻമെന്റുമായി ബന്ധപ്പെട്ട വിഷയമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം. ഡിപ്രസ്ഡ് ക്ലാസ്സിനുവേണ്ടി പ്രത്യേകമായി മാറ്റിവച്ചതാണെന്ന് പറയുന്ന ചില ഭൂമികൾ മലബാർ മേഖലയിലുണ്ട്. അത്തരം ഭൂമി വർഷങ്ങളായി കൈവശംവച്ച് അനുഭവിച്ച് പോരുന്ന ആളുകൾ മറ്റുചിലരാണ്. അത് di reserve ചെയ്താൽ മാത്രമേ അത്തരം ഭൂമി ഇപ്പോൾ കൈവശമിരിക്കുന്ന ആളുകൾക്ക് കൊടുക്കാൻ കഴിയൂ. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. തീർച്ചയായും കൈവശത്തിന്റെ അടിസ്ഥാനത്തിൽ, ദീർഘകാലമായി കൈവശം വയ്ക്കുന്നവനനുകൂലമായ രീതിയിൽ തീരുമാനമുണ്ടാക്കാൻ ആവശ്യമായ ഇടപെടലുണ്ടാകും. പക്ഷെ അത്തരം സന്ദർഭങ്ങളിൽ ഡി.സി.-ക്കുവേണ്ടി പകരം ഭൂമി കണ്ടെത്തണമെന്ന വ്യവസ്ഥകൂടി നിലവിലുണ്ടെന്ന കാര്യംകൂടി മനസ്സിലാക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കഴിഞ്ഞ രണ്ടുവർഷക്കാലമായി തിരുവനന്തപുരം ജില്ലയിലെ തീരദേശങ്ങളിലെ പട്ടയത്തിനുവേണ്ടിയുള്ള എല്ലാ നടപടിയും പൂർത്തിയാക്കി റൂൾ 24 അനുമതിക്കായി ഗവൺമെന്റിന്റെ മുന്നിൽ വന്നിരിക്കുകയാണ്. സി.ആർ.ഇസഡ് പരിധിക്ക് പുറത്തുള്ള അപേക്ഷകളാണ് ഏറ്റവും കൂടുതലുള്ളത്. രണ്ട് വർഷം കഴിഞ്ഞിട്ടും ഇതുവരെയും പട്ടയംകൊടുക്കാനുള്ള നടപടിയുണ്ടായിട്ടില്ല. അതുപോലെതന്നെ പതിനഞ്ചും ഇരുപതും വർഷങ്ങളായി അൺസർവ്വേയ്ഡ് ലാൻഡിൽ താമസിക്കുന്ന ആളുകൾക്ക്, തീരദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് അവരുടെ ഭൂമി സർവ്വേ ചെയ്യാനും നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗവൺമെന്റിന്റെ അധികാരമുപയോഗിച്ച് പട്ടയം നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി അയച്ചുവെന്നാണ്. റൂൾ 24 എന്നുപറഞ്ഞാൽ സർക്കാരിന്റെ പ്രത്യേകമായ അധികാരമുപയോഗിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്. സി.ആർ.ഇസഡ്-ൽപ്പെട്ടതല്ല എന്നും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. സി.ആർ.ഇസഡ്-ൽപ്പെട്ടതല്ലാത്ത വിഷയ

മാണെങ്കിൽ തീർച്ചയായും അത് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്. അതുപോലെതന്നെ ഇവിടെ ചൂണ്ടിക്കാണിച്ച അൺസർവ്വേയ്ഡ് ലാൻഡ് എന്നുപറയുന്നത് യഥാർത്ഥത്തിൽ കടലിന്റെ തീരദേശത്ത് സർക്കാർ രേഖകളിൽപ്പെട്ടിട്ടില്ലാത്ത, അതായത് നിലവിലുണ്ടായിരുന്ന ഭൂമി അല്ലാത്ത കടൽ ഒഴിവാക്കിപോകുന്ന ചില പ്രത്യേക പ്രദേശങ്ങളാണ് ഇത്തരം അൺസർവ്വേയ്ഡ് ഭൂമിയായി കാണപ്പെടുന്നത്. ആ ഭൂമി സർവ്വേ ചെയ്യാനും നിലനിർത്താനുമുള്ള സാധ്യതയെക്കുറിച്ച് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, നേരത്തെ പട്ടയം ലഭിച്ചിട്ടുള്ള ഭൂമി, ആ പട്ടയത്തിന്റെ അടിസ്ഥാനത്തിൽ ആധാരം രജിസ്റ്റർ ചെയ്യുകയും കരമടയ്ക്കുകയും ചെയ്തുവരുന്ന നിരവധി ആളുകളുണ്ട്. എന്നാൽ റീ-സർവ്വേ വന്നതിനുശേഷം കരമടയ്ക്കാൻ ചെന്നപ്പോൾ അവരുടെ പേരിൽ ഭൂമിയില്ലെന്ന സ്ഥിതിയാണുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിരവധി ആളുകൾക്ക് കരമടയ്ക്കാനോ മറ്റ് കാര്യങ്ങൾക്കുവേണ്ടി ഭൂമി ഉപയോഗിക്കാനോ കഴിയാത്ത അവസ്ഥയാണുള്ളത്. ആ ഭൂമി ഒന്നുകിൽ റോഡ് പുറമ്പാക്കാണ്, അല്ലെങ്കിൽ തോട് പുറമ്പോക്കാണ്, അല്ലെങ്കിൽ റെയിൽവെ പുറമ്പോക്കാണ് എന്നൊക്കെയാണ് പറയുന്നത്. വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിയിൽ വീടും, കിണറും, കക്കൂസുമൊക്കെയുണ്ട്. പക്ഷെ ഇത്തരം സംവിധാനത്തിന്റെ പേരിൽ ഭൂമിയില്ലാത്ത നിലയിൽ അവരെല്ലാം വല്ലാതെ ബുദ്ധിമുട്ടുന്ന അവസ്ഥയിലേയ്ക്ക് മാറുകയാണ്. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, റീ-സർവ്വേ പ്രവർത്തനത്തെത്തുടർന്ന് ചില പ്രദേശങ്ങളിലെങ്കിലും ഇത്തരം വിഷയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നേരത്തെ കൈവശം വച്ചുപോരുന്ന ഭൂമി അവരുടെ അവകാശത്തിലിരിക്കുന്നതല്ലായെന്ന അവസ്ഥ വന്നിട്ടുള്ള കേസ്സുകളുണ്ട്. അത് എൽ.ആർ.എം. കേസ്സുകളെന്ന രീതിയിൽ പരിശോധിച്ച് തീരുമാനിക്കുന്നതിനുള്ള സംവിധാനമുണ്ട്. അതേസമയം ഭൂമി പതിച്ചുകൊടുക്കുന്ന സന്ദർഭത്തിൽ യഥാർത്ഥത്തിൽ സർക്കാർ ഭൂമി ആണോ എന്ന് തിട്ടപ്പെടുത്താത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും തരത്തിൽ പതിച്ചുകൊടുക്കാൻ കഴിയാത്ത ഭൂമി കൊടുത്തതാണോ, ഏത് സാഹചര്യത്തിൽ കൊടുത്തതാണ് എന്നൊക്കെ പരിശോധിച്ചാൽ മാത്രമേ അറിയാൻ കഴിയുകയുള്ളൂ. ഏതായാലും എൽ.ആർ.എം. കേസ്സുകൾവഴി പരിഹരിക്കാൻ കഴിയുന്നതാണെങ്കിൽ അങ്ങനെ നോക്കാം. അതല്ലെങ്കിൽ ഇത്തരം കേസ്സുകൾ പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**നഗരങ്ങളിൽ ബൈപ്പാസ് റോഡ് നിർമ്മാണ പദ്ധതി**

3 (* 513) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വാഹന സാന്ദ്രത അധികമായതിനാൽ നഗരങ്ങളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കാനായി ആവിഷ്കരിച്ച ബൈപ്പാസ് റോഡ് നിർമ്മാണ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഏതൊക്കെ നഗരപ്രദേശങ്ങളിലാണ് ബൈപ്പാസ് ഉദ്ദേശിക്കുന്നത്;

(ബി) റോഡപകടങ്ങളുടെ മുഖ്യകാരണങ്ങളായ റോഡ് ഉപരിതലത്തിന്റെ മോശം സ്ഥിതി, നിർമ്മാണത്തിലെ അപാകത, ഡിസൈനിംഗിലെ പാകപ്പിഴ, വഴിയോര കയ്യേറ്റം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനായി കൈക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നഗരങ്ങളിലെ റോഡുകളിൽ കാൽനടക്കാർക്കും സൈക്കിൾ യാത്രക്കാർക്കും സഞ്ചാരസൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) സംസ്ഥാനത്തെ വാഹന സാന്ദ്രത അധികമായതിനാൽ നഗരങ്ങളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കാനായി വിവിധ നഗരങ്ങളിൽ ബൈപ്പാസ് റോഡുകൾ നിർമ്മിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള ബൈപ്പാസുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയപാതാ വിഭാഗം തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് ദേശീയപാത 66 (പഴയ എൻ.എച്ച് 47) രണ്ട് ബൈപ്പാസുകളുടെ നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. തിരുവനന്തപുരം ബൈപ്പാസ്

2. ആറ്റിങ്ങൽ ബൈപ്പാസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരുവനന്തപുരം ബൈപ്പാസ് കഴക്കൂട്ടത്തുനിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയായ കാരോട് വരെയാണ്. ആയതിന്റെ പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപ്പിലാക്കിവരുന്നു. ആറ്റിങ്ങൽ ബൈപ്പാസ് കേന്ദ്ര സർക്കാരിന്റെ ദേശീയപാത 47-ന്റെ നാലുവരിപ്പാത വികസനത്തോടൊപ്പം നടപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. കൊല്ലം ബൈപ്പാസ് കൊല്ലം പട്ടണത്തിലെ ദേശീയപാത 66-ന്റെ (പഴയ എൻ.എച്ച്.47)ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ്. ആയത് ഇപ്പോൾ 78% പൂർത്തീകരിച്ചിട്ടുണ്ട്. അഷ്ടമുടിക്കായലിനുകുറുകേയുള്ള മൂന്ന് പ്രധാന പാലങ്ങളായിരുന്നു ഈ പദ്ധതിയിലെ പ്രധാന നിർമ്മാണം. ആയവ മൂന്നും പൂർത്തീകരിച്ചുകഴിഞ്ഞു. 2018 ആഗസ്റ്റിലാണ് പദ്ധതി പൂർത്തീകരിക്കുവാൻ പ്ലാൻ ചെയ്തിട്ടുള്ളത്. ദേശീയപാത 66 (പഴയ എൻ.എച്ച്. 47)-ൽ ആലപ്പുഴ ജില്ലയിലെ കൊമ്മാടി മുതൽ കളർകോട് വരെ 6.8 കി.മീ. നീളമുള്ള ബൈപ്പാസ് നിർമ്മിച്ചുവരുന്നു. ആയതിന്റെ പുരോഗതി 80 ശതമാനം പൂർത്തിയായ സ്ഥിതിയിലാണ്. മൂവാറ്റുപുഴ ദേശീയപാതാ വിഭാഗത്തിന് കീഴിൽ ദേശീയപാത 85 (പഴയ എൻ.എച്ച്. 49)-ൽ മൂന്ന് ബൈപ്പാസുകളാണ് പരിഗണനയിലുള്ളത്. തൃപ്പൂണിത്തുറ, കോതമംഗലം, മൂവാറ്റുപുഴ എന്നീ നഗര പ്രദേശങ്ങളിലാണ് ബൈപ്പാസ് ഉദ്ദേശിക്കുന്നത്. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ നിലവിൽ ഏറ്റെടുത്ത ഭാഗത്തിന്റെ (മറ്റക്കുഴി-തിരുവാങ്കുളം) റിവൈസ്ഡ് എൽ.എ. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബാക്കി ഭാഗത്തിന്റെ അലൈൻമെന്റിൽ പ്രാദേശികമായി തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കോതമംഗലം, മൂവാറ്റുപുഴ ബൈപ്പാസുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. മലപ്പുറം ജില്ലയിൽ എൻ.എച്ച്. 966-ൽ മക്കരപ്പറമ്പിലാണ് ബൈപ്പാസ് നിർമ്മിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ആയതിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി KITCO യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് ദേശീയപാത വിഭാഗത്തിന്റെകീഴിൽ താഴെപറയുന്ന ബൈപ്പാസുകളുടെ പ്രാഥമിക പ്രക്രിയ നടന്നുവരുന്നു:

1. ദേശീയപാത 66-ൽ കൊയിലാണ്ടി ബൈപ്പാസ് ദേശീയ പാത അതോറിറ്റിയുടെ ആറുവരിപ്പാത വികസന പ്രവൃത്തിയിൽ ഉൾപ്പെടുത്തി സർവ്വേ നടപടികൾ നടന്നുവരുന്നു.
2. ദേശീയപാത 766-ൽ കൊടുവള്ളി ബൈപ്പാസ്
3. ദേശീയപാത 766-ൽ താമരശ്ശേരി ബൈപ്പാസ്
4. ദേശീയപാത 766-ൽ ബത്തേരി ബൈപ്പാസ്.

കണ്ണൂർ ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ ദേശീയപാത 66-ൽ (പഴയ എൻ.എച്ച് 47) വരുന്ന കി.മീ. 18/050 (തലപ്പാടി) മുതൽ കി.മീ (184/600) (മാഹിപ്പാലം) വരുന്ന റോഡിന് നാലുവരിപ്പാതയുടെ (ബൈപ്പാസ് ഉൾപ്പെടെയുള്ള) നിർമ്മാണ പ്രവൃത്തികൾ ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ.)-യാണ് ചെയ്യുന്നത്. ഇതിൽ തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി-മാഹി ബൈപ്പാസുകൾ ഉണ്ട്.

(ബി) റോഡ് ഉപരിതലത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉപരിതലം പുതുക്കുന്നതിനും റോഡിലുണ്ടാകുന്ന കേടുപാടുകൾ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നിർമ്മാണത്തിലെ അപാകതകൾ ഡിഫക്ട് ലയബിലിറ്റി പിരീഡിനുള്ളിൽ വരുന്നത് ബന്ധപ്പെട്ട കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ചുവരുന്നു. പ്രവൃത്തികളുടെ ഡിസൈനിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി പരിഹരിച്ച് വരുന്നുണ്ട്. പാതയോരങ്ങളിലെ കയ്യേറ്റം ഗതാഗതത്തിന് തടസ്സമായി വരുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം സ്വീകരിക്കുന്നുണ്ട്. മുഴുവൻ കയ്യേറ്റവും ഒഴിപ്പിക്കുന്നതാണ്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകൾ ജനങ്ങൾക്ക് സഞ്ചരിക്കുവാനുള്ളതാണ്. കയ്യേറാനുള്ളതല്ല. റോഡ് അപകടങ്ങളുടെ മുഖ്യ കാരണങ്ങൾ കണ്ടെത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ വിവിധ ദേശീയപാതകളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തിവരുന്നുണ്ട്. ആയത് പ്രകാരം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി റോഡിന്റെ വികസന പ്രവർത്തനങ്ങൾ നടത്താറുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിലെ രണ്ട് വരിപ്പാതകൾ നാല്/ആറ് വരിപ്പാതകളായും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതകളായും വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ദേശീയ പാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിവരുന്നു. റമ്പിൾ സ്ട്രിപ്പ് ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ മുതലായവ സ്ഥാപിക്കാറുണ്ട്.

(സി) നഗരങ്ങളിലെ റോഡുകളിൽ കാൽനട യാത്രക്കാർക്ക് സഞ്ചാരസൗകര്യം ഏർപ്പെടുത്തുന്നതിന് പരിഗണന നൽകിയിട്ടുണ്ട്. ആയത് നടപ്പിൽവരുത്തുന്നതിനായി സീബ്രാ ക്രോസിംഗുകൾ, സൈൻ ബോർഡുകൾ എന്നിവ ചെയ്തുവരുന്നു. പ്രത്യേകിച്ച് നഗര റോഡ് വികസന പദ്ധതികളിൽ ഉൾപ്പെടുത്തി നഗരങ്ങളിൽ കാൽനടയാത്രക്കാർക്ക് വേണ്ട ഫുട്പാത്തുകൾ, ഹാന്റ് റെയിൽ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. സൈക്കിൾ യാത്രക്കാർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ സ്ഥലലഭ്യതയ്ക്കനുസരിച്ച് നൽകുന്നതാണ്. ആലപ്പുഴ ജില്ലയിലെ നഗരവികസന പദ്ധതിയിൽപ്പെടുത്തി സൈക്കിൾ ലെയിൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ കാൽനട യാത്രക്കാരുടെ സഞ്ചാരം സുഗമമാക്കുന്നതിന് ഫുട്പാത്തിലെ കയ്യേറ്റങ്ങൾ, നിർമ്മാണ സാമഗ്രികൾ ഫുട്പാത്തിൽ കൂട്ടിയിടുക, അനധികൃതമായി വാഹനം പാർക്ക് ചെയ്യുക എന്നീ കാര്യങ്ങൾ ഒഴിവാക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകളുടെ ഹൈവേ അതോറിറ്റിയായി അതത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിച്ച് യാത്രാസൗകര്യങ്ങൾ സുഗമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, സംസ്ഥാനത്ത് വാഹന സാന്ദ്രത അനുദിനം വർദ്ധിച്ചു വരികയാണ്. ചെറുതും വലുതുമായ പട്ടണങ്ങളുമായി ബന്ധപ്പെട്ട് ഗതാഗതക്കുരുക്കും റോഡപകടങ്ങളും ജീവഹാനിയും ഇന്ന് നിത്യസംഭവമാണ്. ഇതിന് പരിഹാരം കാണാൻ ബൈപ്പാസ് റോഡുകളുടെ നിർമ്മാണമാണ് സഹായകരമാകുന്നത്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പൂർത്തീകരിക്കാൻ അടിയന്തര നടപടികളുണ്ടാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കേരളത്തിൽ ഇപ്പോൾ പി.ഡബ്ല്യു.ഡി.യുടെയും നാഷണൽ ഹൈവേയുടെയും കീഴിൽ ഏതാണ്ട് 58 ബൈപ്പാസുകൾ നിർമ്മിച്ചതും നിർമ്മിക്കാനുള്ളതുമായിട്ടുണ്ട്. നിർമ്മാണം പൂർത്തിയായവ രണ്ടുമൂന്നെണ്ണമേയുള്ളൂ. 56-ഓളം ബൈപ്പാസുകൾ ഇപ്പോഴത്തെ ബജറ്റിലും കിഫ്ബിയിലും ദേശീയപാതയായിട്ടുള്ളതാണ്. അടങ്കൽ തുക ആറായിരം കോടി രൂപയാണ്. ഇവയെല്ലാം കൃത്യമായി നിർമ്മിക്കുമോ എന്നുചോദിച്ചാൽ നിർമ്മിക്കാം. പക്ഷെ സ്ഥലം തരുമോ? പി.ഡബ്ല്യു.ഡി.-ക്ക് സ്ഥലമേറ്റെടുക്കാൻ അധികാരമില്ല. ചോദ്യം ചോദിക്കുന്നത് ഇതെല്ലാം അറിഞ്ഞുകൊണ്ടുവേണം. സ്ഥലമെടുത്ത് തന്നാൽ ബജറ്റ് പണമുപയോഗിച്ച് കൃത്യസമയത്ത് നിർമ്മിക്കാം. പലതും അതിവേഗം നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. അവിടുത്തെ ലോക്കൽ ബോഡി, അതായത്

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ പഞ്ചായത്ത് അവിടത്തെ എം.എൽ.എ, എം.പി. പൊളിറ്റിക്കൽ പാർട്ടീസ്, കളക്ടർ എല്ലാവരുംചേർന്ന് ഉത്സാഹത്തിലാണ് നടപ്പിലാക്കുന്നത്. പൊതുവേ ബൈപ്പാസ് നിർമ്മാണം മുന്നോട്ട് തന്നെയാണെങ്കിലും പ്രശ്നമുള്ളിടത്ത് എല്ലാവരും ഇടപെട്ട് പരിഹാരം കാണണം. ഗവൺമെന്റ് 56 ബൈപ്പാസുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, ദേശീയപാത കണ്ണൂരുമായി ചേർന്ന് നിൽക്കുന്നതാണ് പയ്യന്നൂർ നഗരസഭ. പയ്യന്നൂർ നഗരസഭ അതിർത്തിയിലേയ്ക്കും അതുപോലെതന്നെ ഉത്തര മലബാറിലെ പ്രധാന ആരാധനാ കേന്ദ്രങ്ങളിലൊന്നായ പയ്യന്നൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പയ്യന്നൂർ റെയിൽവെ സ്റ്റേഷൻ, ഏഷ്യയിലെ തന്നെ ഏറ്റവും വലിയ നാവിക അക്കാദമിയായ ഏഴിമല നാവിക അക്കാദമി എന്നിവിടങ്ങളിലേയ്ക്കെല്ലാം പോകാനുള്ള ഏകമാർഗ്ഗം പയ്യന്നൂർ നഗരമധ്യത്തിലൂടെയുള്ള റോഡാണ്. അവിടെയുള്ള ഗതാഗതക്കുരുക്ക് ബഹുമാനപ്പെട്ട മന്ത്രിക്കുൾപ്പെടെ അതുവഴി സഞ്ചരിക്കുന്നവർക്കെല്ലാം അനുഭവപ്പെട്ടിട്ടുള്ള കാര്യമാണ്. ഇതിന് പരിഹാരമായി പെരുമ്പപ്പുഴയ്ക്ക് സമാന്തരമായി ഒരു പാലവും അപ്രോച്ച് റോഡും എന്ന നിർദ്ദേശം നേരത്തെ വച്ചിട്ടുള്ളതാണ്. പാലത്തിന് ഒരു ടോക്കൺ പ്രൊവിഷൻ കഴിഞ്ഞതവണത്തെയും ഇപ്പോഴത്തെയും ബജറ്റിലുമുൾപ്പെടുത്തിയിട്ടുണ്ട്. അത് യാഥാർത്ഥ്യമാക്കി ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കണ്ണൂർ ജില്ലയിൽ ഇപ്പോൾ നിർദ്ദിഷ്ട മായിട്ടുള്ളതടക്കം തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി-മാഹി എന്നീ ബൈപ്പാസുകളാണ്. ഇവിടെ പറഞ്ഞ ബൈപ്പാസിനെപ്പറ്റി തീരുമാനമായിട്ടില്ല. അതേപ്പറ്റി നമുക്ക് ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച മണ്ണുത്തി-അങ്കമാലി നാഷണൽ ഹൈവേയിൽ ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ കഴിഞ്ഞ 12 വർഷമായി ഗതാഗതക്കുരുക്കും അപകടങ്ങളും നിലനിൽക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് അങ്ങ് നടത്തിയ ശക്തമായ ഇടപെടലും കർശനമായ നിലപാടും വഴി മുനിസിപ്പൽ ജംഗ്ഷൻ മുതൽ കോടതി ജംഗ്ഷനിൽ മുരിങ്ങൂർ ഡിവൈൻ മോഡൽ അടിപ്പാത നിർമ്മാണം ആരംഭിച്ചിരിക്കുകയാണ്. അങ്ങ് തന്നെയാണ് അതിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചത്. അതിനുള്ള സന്തോഷവും നന്ദിയും രേഖപ്പെടുത്തുകയാണ്. എന്നാൽ ബി.ഒ.റ്റി. വ്യവസ്ഥയിൽ നിർമ്മിച്ച ഈ ഹൈവേയിൽ 28 കി.മീ. സർവ്വീസ് റോഡ് ഉൾപ്പെടെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. കരാർ

വ്യവസ്ഥയിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണം പറഞ്ഞാണ് എൻ.എച്ച്.എ.ഐ. നിർമ്മാണം നടത്താതിരിക്കുന്നത്. അങ്ങ് വിളിച്ചുചേർത്ത യോഗത്തിൽ പൂർത്തീകരിക്കാനുള്ള അനുബന്ധപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി എൻ.എച്ച്.എ.ഐ.-ക്ക് കൊടുക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 85 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ.യിൽ സമ്മർദ്ദം ചെലുത്തി അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, എൻ.എച്ച്.എ.ഐ.-യിൽ നല്ലനിലയിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം. കോൺഫറൻസൊക്കെ നടന്നിട്ടുണ്ട്. എന്തുകൊണ്ടാണ് അന്നത്തെ ഡി.പി.ആർ-ൽ ഉൾപ്പെടാതിരുന്നതെന്ന് അറിയില്ല, ഉൾപ്പെടേണ്ടതായിരുന്നു. അത് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ഇന്നല്ലെങ്കിൽ നാളെ സാക്ഷാത്കരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. വിജയൻ പിള്ളയ്ക്കുവേണ്ടി ശ്രീ. എ. എം. ആരിഫ്: സർ, ആലപ്പുഴ ബൈപ്പാസ് സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധയോടുകൂടി അങ്ങ് നടത്തുന്ന പ്രവർത്തനങ്ങളെയെല്ലാം ഞാൻ അഭിനന്ദിക്കുന്നു. റോഡരികിൽ ദൈർഘ്യം സൂചിപ്പിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള മൈൽസ്റ്റോൺ പോലെ അവിടെ ചില മാധ്യമങ്ങൾ ഓരോ ദിവസത്തെയും കാലതാമസം ചൂണ്ടിക്കാണിച്ച് വാർത്തകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. പ്രസ്തുത ബൈപ്പാസ് പൂർത്തീകരിക്കുന്നതിന് അങ്ങ് സ്വീകരിക്കുന്ന നടപടികളെ അഭിനന്ദിക്കുമ്പോൾതന്നെ അങ്ങ് എടുക്കുന്ന തീരുമാനങ്ങൾ അപ്പപ്പോൾ മാധ്യമങ്ങളെ അറിയിക്കാൻ തയ്യാറാകണം. അല്ലെങ്കിൽ അതിന്റെ ക്രെഡിറ്റ് മറ്റാളുകൾ കൊണ്ടുപോകും, ഇപ്പോൾ അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ദേശീയപാത നാലുവരിയാക്കിയ സ്ഥലങ്ങളിലൊന്നാണ് അരൂർ. അവിടെ റോഡ് ക്രോസ് ചെയ്യുന്നതിന് മണിക്കൂറുകൾ കാത്തുനിൽക്കേണ്ട സ്ഥിതിയാണുള്ളത്. അവിടെ ചില സ്ഥാപനങ്ങൾ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനെക്കാൾ ഉയരത്തിൽ, അനുവദിക്കുമെങ്കിൽ അസറ്റ് ഫണ്ടിൽ സ്റ്റീൽ സ്ട്രക്ച്ചറിൽ ഫുട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കാൻ കഴിയും. ആവശ്യമുള്ളപ്പോൾ പൊളിച്ചുകളയുകയും ചെയ്യാം. ഇതിൽ ചോദ്യം (സി) അതിനെ സംബന്ധിച്ചുള്ളതാണ്. ഇത്തരത്തിലുള്ള താത്കാലികമായ ഫുട്ട് ഓവർ ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം നൽകി സഹായിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ആലപ്പുഴ ജില്ലയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആലപ്പുഴ ബൈപ്പാസ് നാഷണൽ ഹൈവേയിലാണ്. പ്രഖ്യാപിച്ചിട്ടുള്ള കണ്ടിയൂർ ബൈപ്പാസ്,ചെങ്ങന്നൂർ ബൈപ്പാസ്, പാതിരാപ്പള്ളിയിലേയ്ക്ക് വള്ളാത്തുരുത്തിയിൽ നിർമ്മിക്കുന്ന ബൈപ്പാസ് അങ്ങനെ മൂന്നെണ്ണം നിർമ്മിക്കണം. അങ്ങ് പറഞ്ഞ ഫുട്ട് ഓവർ ബ്രിഡ്ജ് ദേശീയപാത നാലുവരിയാക്കുമ്പോൾ, ദേശീയപാതാ അതോറിറ്റി നവംബർ മാസത്തിൽ പണി തുടങ്ങുമെന്നാണ് പറഞ്ഞിട്ടുള്ളത്. സ്ഥലമെടുപ്പ് നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതനുസരിച്ച് ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. മാധ്യമങ്ങളെ അറിയിക്കണമെന്ന് പറഞ്ഞു, അത് അവരെല്ലാം അറിഞ്ഞുകൊണ്ട് തന്നെയാണ് ചെയ്യുന്നത്. അവർക്ക് ചില അജണ്ടകളുണ്ട്. അത് ആ വഴിക്ക് നടക്കും. ഒരു ഭാഗത്ത് നിർമ്മിക്കണമെന്ന് പറഞ്ഞ് ആവേശം കൊള്ളിക്കും. നിർമ്മിച്ചു തുടങ്ങുമ്പോൾ ആരെങ്കിലും ഒരാൾ എതിർത്താൽ അവരുടെ മാഹാത്മ്യവുമായി നടക്കും. അതാണ് ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. മാധ്യമങ്ങളെ പ്രധാനപ്പെട്ട കാര്യങ്ങൾ അറിയിക്കുന്നുണ്ട്. മാധ്യമങ്ങളുടെ നയങ്ങളെ നമുക്ക് നിയന്ത്രിക്കാനാവില്ലെന്ന് അങ്ങേയ്ക്കുതന്നെ അറിയാമല്ലോ. അങ്ങേയ്ക്ക് എതിരായി തന്നെ എന്തെല്ലാം അവിടെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. അതറിയാമല്ലോ.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കരമന-കളിയിക്കാവിള റോഡിന്റെ സെക്കന്റ് റീച്ചിന്റെ പണി ആരംഭിക്കാൻ പോകുന്നുവെന്ന് അറിയുന്നതിൽ അങ്ങയെ അനുമോദിക്കുന്നു. അതിൽ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത് 5 കി.മീറ്ററാണ്. ഒന്നര കിലോമീറ്റർ വീണ്ടും സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ബാലരാമപുരം പുരാതനമായ വാണിജ്യകേന്ദ്രമാണ്. വിഴിഞ്ഞം തുറമുഖം പദ്ധതി വരുന്നതിന്റെ ഭാഗമായി കണ്ടെയ്നറുകൾ മാറനല്ലൂർ പഞ്ചായത്തിലാണ് ഡമ്പ് ചെയ്യുന്നത്. അവിടെ അണ്ടർപാസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതിനെക്കുറിച്ച് പരിശോധിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യഗ്രാമം പദ്ധതി

4 (*514) ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ മത്സ്യഗ്രാമം പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ ഉദ്ദേശിച്ചിരുന്നത് എന്തൊക്കെയാണെന്നും ഇതിലൂടെ പൂർത്തീകരിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- 1410.00 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകി. ഇതിൽ രണ്ട് വൈദ്യുതീകരണ പദ്ധതികൾ പൂർത്തീകരിച്ചു. രണ്ട് കുടിവെള്ള പദ്ധതികളിൽ ഒരെണ്ണം പൂർത്തീകരിച്ചു. ഒരെണ്ണം പുരോഗമിക്കുന്നു. ഒരു ഫിഷറീസ് ആശുപത്രി നിർമ്മാണം പൂർത്തീകരിച്ചു. നാല് അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ട് ഫിഷറീസ് റോഡുകളുടെ നിർമ്മാണ പദ്ധതിയിൽ ഒരെണ്ണം പൂർത്തീകരിക്കുകയും മറ്റേത് 50% പൂർത്തീകരിച്ചെങ്കിലും സ്ഥലവാസികളുടെ എതിർപ്പിനെത്തുടർന്ന് പദ്ധതി ഉപേക്ഷിച്ചു. ഒരു വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതി പൂർത്തീകരിച്ചു. അഞ്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു.

- 2516.50 ലക്ഷം രൂപയുടെ 10 ഫിഷറീസ് സ്കൂൾ പുനരുദ്ധാരണ പദ്ധതിയിൽ ആറ് പദ്ധതികൾ പൂർത്തീകരിക്കുകയും സാങ്കേതിക കാരണങ്ങളാൽ നാലെണ്ണത്തിന്റെ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഉപേക്ഷിക്കേണ്ടിയും വരും. ഫർണിച്ചർ, അടുക്കള ഉപകരണങ്ങൾ, ബയോഗ്യാസ് പ്ലാന്റ്, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ 10 ജി.ആർ.എഫ്.ടി.എച്ച്.എസ്.-കൾക്കും നൽകിയിട്ടുണ്ട്.

- 14 ഫിഷറീസ് കോളനികൾ നവീകരിക്കുന്നതിനായി അഞ്ചുകോടി രൂപയുടെ 18 പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിൽ 12 പദ്ധതികൾ പൂർത്തീകരിച്ചു. ഒരു പദ്ധതി ആരംഭിക്കേണ്ടതുമുണ്ട്. അഞ്ചെണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയും ചെയ്തു.

ഇതുകൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി. പദ്ധതിയുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു:

<u>2012-13 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതികൾ</u>

- 24 കുടിവെള്ള പദ്ധതികളിൽ 20 എണ്ണം പൂർത്തീകരിച്ചു. മൂന്നെണ്ണം പുരോഗമിക്കുന്നു. ഒരെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 25 വൈദ്യുതീകരണ പദ്ധതികൾ പൂർത്തീകരിച്ചു.
- 17 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 12 എണ്ണം പൂർത്തീകരിച്ചു. രണ്ടെണ്ണം ആരംഭിക്കേണ്ടതുണ്ട്. മൂന്നെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- ഒരു ബയോഗ്യാസ് നിർമ്മാണ പദ്ധതി പൂർത്തീകരിച്ചു.
- 22 പബ്ലിക് ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികളിൽ 12 എണ്ണം പൂർത്തീകരിച്ചു. മൂന്നെണ്ണം പുരോഗമിക്കുന്നു. ഏഴെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- 60 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു.
- വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതിയിൽ 806 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.
- ജീവനോപാധി സഹായം പദ്ധതിയിൽ 284 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

<u>2013-14 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതികൾ</u>

- 16 കുടിവെള്ള പദ്ധതികളിൽ 13 എണ്ണം പൂർത്തീകരിച്ചു. രണ്ടെണ്ണം ആരംഭിക്കേണ്ടതുണ്ട്. ഒരെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- 18 വൈദ്യുതീകരണ പദ്ധതികളിൽ 16 എണ്ണം പൂർത്തീകരിച്ചു. രണ്ടെണ്ണം പുരോഗമിക്കുന്നു.
- 4 പബ്ലിക് ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികളിൽ 6 എണ്ണം പൂർത്തീകരിച്ചു. നാലെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- 8 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 5 എണ്ണം പൂർത്തീകരിച്ചു. മൂന്നെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- 10 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു.
- ജീവനോപാധി സഹായം പദ്ധതിയിൽ 500 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

<u>2014-15 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതികൾ</u>

- 13 കുടിവെള്ള പദ്ധതികളിൽ 9 എണ്ണം പൂർത്തീകരിച്ചു. മൂന്നെണ്ണം പുരോഗമിക്കുന്നു. ഒരെണ്ണം ആരംഭിക്കേണ്ടതുണ്ട്.
- 14 വൈദ്യുതീകരണ പദ്ധതികളിൽ 10 എണ്ണം പൂർത്തീകരിച്ചു. മൂന്നെണ്ണം പുരോഗമിക്കുന്നു. ഒരെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 3 പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണ പദ്ധതികളിൽ ഒരെണ്ണം പൂർത്തീകരിച്ചു. രണ്ടെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- 7 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 4 എണ്ണം പൂർത്തീകരിച്ചു. മൂന്നെണ്ണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- 34 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു.
- ഒരു ഫിഷ്‌മാർക്കറ്റ് നിർമ്മാണം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു.
- ആവശ്യമായ എണ്ണം ഗുണഭോക്താക്കളെ ലഭിക്കാത്ത ഇടങ്ങളിൽ ജീവനോപാധി സഹായ പദ്ധതി ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പ്രീ-പ്രൈമറി വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രീയമാക്കുന്നതിന് നടപടി

5 (*515) ശ്രീ. ഡി. കെ. മുരളി:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളികളിലൂടെയും മറ്റുപ്രവർത്തനങ്ങളിലൂടെയും ചിന്താശേഷിയും ഭാഷാശേഷിയും സാമൂഹ്യ ഇടപെടലിനുള്ള കഴിവും ആർജ്ജിക്കുന്നതിന് അനുഗുണമായ തരത്തിലാണോ സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസ സമ്പ്രദായമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മാതൃഭാഷയിൽ ആശയവിനിമയം നടത്തുവാനും കാര്യഗ്രഹണശേഷി നേടുവാനുമുള്ള ശിശുക്കളുടെ അവകാശങ്ങൾ ഹനിക്കുന്ന പ്രീ.കെ.ജി, എൽ.കെ.ജി., യു.കെ.ജി. തുടങ്ങിയ അശാസ്ത്രീയ സമ്പ്രദായം നിരുത്സാഹപ്പെടുത്തുന്നതിനായി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രീ-പ്രൈമറി വിദ്യാഭ്യാസ പദ്ധതി മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പി..ടി.എ. യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നവയുൾപ്പെടെ പ്രീ-പ്രൈമറി സ്കൂളുകൾക്ക് അനുമതി നൽകാനും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാനും കളിയുപകരണങ്ങൾ വാങ്ങി നൽകാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി വിഭാഗത്തിന്റെ അവസ്ഥാപഠനം എസ്.സി.ഇ.ആർ.ടി. നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലധിഷ്ഠിതമായ പഠനരീതിയാണ് അവലംബിച്ചിരിക്കുന്നത്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പ്രീ-സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- പ്രീ-സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- "കളിപ്പാട്ടം" എന്ന പേരിൽ പ്രവർത്തന പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- അടുത്ത അദ്ധ്യയനവർഷം പുതുക്കിയ പാഠ്യപദ്ധതിയും അദ്ധ്യാപക സഹായിയും പിൻതുടരുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ വഴി വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- ശിശു സൗഹൃദ പ്രീസ്കൂളിന്റെ ഗുണനിലവാര സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ സജ്ജരാക്കുന്നതിനായുള്ള പ്രീസ്കൂൾ അദ്ധ്യാപക പരിവർത്തന ഗവേഷണ പരിപാടി 'പ്രശിക്ഷാ-2017' എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പരിശീലനങ്ങൾ, ട്രൈഔട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലകളിലും സംസ്ഥാനത്തും സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

- അങ്കണവാടികൾ ഉൾപ്പെടെയുള്ള പ്രീ-സ്കൂൾ കേന്ദ്രങ്ങൾ എങ്ങനെ കൂടുതൽ ആകർഷകമാക്കാമെന്നും മെച്ചപ്പെടുത്താമെന്നുമുള്ള ആശയം വികസിപ്പിക്കുന്നതിനായി ദേശീയതലത്തിൽ വിദഗ്ദ്ധരെയടക്കം പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപശാല എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഇതിനകം നടത്തിയിട്ടുണ്ട്. കൂടാതെ എസ്.സി.ഇ.ആർ.ടി. പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള കരിക്കുലം രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രീ-സ്കൂൾ അദ്ധ്യാപകർക്കുള്ള കൈപുസ്തകം വികസിപ്പിച്ചിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തി അദ്ധ്യാപക പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 1-8-2012 വരെയുള്ള സർക്കാർ സ്കൂളുകളിലെ പി.ടി.എ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി സ്കൂളുകൾക്ക് സർക്കാർ അനുമതിയോടെ പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ റോൾ സ്ട്രങ്ത്തിൽ ഉൾപ്പെടുത്തി ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നു. ഫർണിച്ചർ, കളിക്കോപ്പ്, ബെഡ്, ബെഡ്ഷീറ്റ് എന്നിവ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നൽകിവരുന്നു.

## റെയിൽവേ സ്വകാര്യവൽക്കരണം

6 (*516) ശ്രീ. കെ. ദാസൻ:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ സ്വകാര്യവൽക്കരണം തീവ്രമാക്കുന്നതിന്റെ ഭാഗമായി സ്റ്റേഷനുകൾ സ്വകാര്യവൽക്കരിക്കാനും അവയോട് ചേർന്നുള്ള സ്ഥലങ്ങൾ തുച്ഛ നിരക്കിൽ ദീർഘകാല പാട്ടത്തിന് നൽകാനുമുള്ള തീരുമാനത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽത്തന്നെ സംസ്ഥാനത്തെ പ്രധാന സ്റ്റേഷനുകളായ കോഴിക്കോട്, പാലക്കാട്, ഷൊർണ്ണൂർ സ്റ്റേഷനുകൾ സ്വകാര്യവൽക്കരിക്കാൻ നടത്തുന്ന നീക്കത്തിൽനിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) ട്രാക്കുകൾക്ക് സമീപത്തെ ഭൂമി പൊതു വികസന പദ്ധതികൾക്കായി വിട്ടുനൽകാൻ റെയിൽവേയോട് ആവശ്യപ്പെടുമോ;

(സി) പാളം പരിശോധന, മെയിന്റനൻസ് തുടങ്ങിയവയ്ക്കായി പര്യാപ്തമായ എണ്ണം ജീവനക്കാരെയും ആവശ്യമായ ലോക്കോ പൈലറ്റുമാരെയും നിയമിക്കാതെ യാത്രക്കാരുടെ ജീവന് വിലകൽപ്പിക്കാത്ത നയം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ഡി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് സംസ്ഥാനത്തെ റെയിൽവേ വികസനം കാര്യക്ഷമമായി നടത്താൻ കഴിയുമെന്നതിനാൽ വേണ്ട പദ്ധതികൾ അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പി.പി.പി. മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർവികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് 8-2-2017-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 51/2017/ ഗതാ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന

പുനർവികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നീക്കം പാർക്കിംഗ് ചാർജ്ജിലെ വർദ്ധനവ് ഉൾപ്പെടെ സാധാരണക്കാരെ ചൂഷണം ചെയ്യുന്ന കാര്യങ്ങൾക്ക് ഇടയാക്കുമെന്നതിനാൽ ആയത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ബഹുമാനപ്പെട്ട റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.

(ബി&സി) ട്രാക്കുകൾക്ക് സമീപത്തെ ഭൂമി പൊതു വികസന പദ്ധതികൾക്കായി വിട്ടുനൽകുന്നതും പാളം പരിശോധന, മെയിന്റനൻസ് തുടങ്ങിയവയ്ക്കായി പര്യാപ്തമായ എണ്ണം ജീവനക്കാരെയും ആവശ്യമായ ലോക്കോ പൈലറ്റുമാരെയും നിയമിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(ഡി) സംസ്ഥാനത്ത് റെയിൽവേ വികസനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്ക് കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ താഴെപ്പറയുന്ന പദ്ധതികൾ ഡിസംബർ അവസാന വാരം റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. എറണാകുളത്ത് ഹൈക്കോടതിക്ക് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച മൂന്ന് പദ്ധതികളുടെയും പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടുകൾ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല.

**ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷ ആനുകൂല്യത്തിന്റെ ദുരുപയോഗം**

7(*517) ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരല്ലാത്ത കുട്ടികളെ ഭിന്നശേഷിക്കാർ എന്ന പേരിൽ പരീക്ഷ എഴുതിച്ച് ഭിന്നശേഷിക്കാരുടെ പരീക്ഷ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെന്റലി റിട്ടാർഡഡ്, ലേണിംഗ് ഡിസബിലിറ്റി എന്നിങ്ങനെ കുട്ടികളെ തരംതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) വർഷംതോറും ഇത്തരം കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കൃത്രിമമായി ഉണ്ടാക്കുന്നതാണെന്ന ആക്ഷേപം ശരിയാണോ; വ്യക്തമാക്കുമോ;

(ഡി) ഭിന്നശേഷി ആനുകൂല്യം പറ്റി പരീക്ഷ എഴുതുന്ന കുട്ടികളുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ അത് രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) ഭിന്നശേഷിക്കാരുടെ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിലുള്ള പരീക്ഷാതട്ടിപ്പ് ഏതെങ്കിലും സംഘടനകൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):(എ) ഭിന്നശേഷിയുള്ള കുട്ടിയാണ് എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പരീക്ഷ എഴുതുന്നതിനുള്ള ആനുകൂല്യം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അനുവദിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ആനുകൂല്യം ചിലർ ദുരുപയോഗം ചെയ്യുന്നതായുള്ള പരാതികൾ നിലനിൽക്കുന്നുണ്ട്.

(ബി) 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള കുട്ടികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മെന്റലി റിട്ടാർഡഡ് ആനുകൂല്യം അനുവദിക്കുന്നത്. ഗവൺമെന്റ് സൈക്കോളജിസ്റ്റ് നൽകുന്ന ഐ.ക്യൂ. അസ്സസ്സ്മെന്റിന്റെയും തുടർന്ന് ഗവൺമെന്റ്

സൈക്യാട്രിസ്റ്റ് നൽകുന്ന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് ഐ.ക്യൂ 71-നും 110-നും ഇടയിലുള്ള കുട്ടികളെ ലേണിംഗ് ഡിസബിലിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്.

(സി) വർഷംതോറും ഇത്തരത്തിലുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നുവെന്നുള്ളത് വസ്തുതയാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഭിന്നശേഷിക്കാരുടെ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി പരീക്ഷാഭവൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർവഴി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരുന്നുണ്ട്. ഭിന്നശേഷിയുള്ള ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും സ്ക്രൈബിനെ അനുവദിക്കുന്നതിനും പരീക്ഷാ വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്ന ഫോർമാറ്റ് പൂരിപ്പിച്ച് അതത് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തിയശേഷം മാത്രമാണ് പരീക്ഷ എഴുതുന്നതിനുള്ള അനുമതി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ നൽകുന്നത്.

(എഫ്) ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് വെൽഫെയർ ഫെഡറേഷന്റെ വയനാട് ജില്ലാ സെക്രട്ടറി ശ്രീ.കെ.വി.മോഹനന്റെ 29-1-2018-ലെ പരാതിക്ക് 27-2-2018 -ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്.

**കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികൾ**

8 (*518) ശ്രീ. രാജു എബ്രഹാം:

ശ്രീ. കെ. ആൻസലൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ബോർഡിന്റെ സാമ്പത്തിക സ്രോതസ്സുകൾ ഏതെല്ലാമെന്നും ബോർഡ് പൊതു സ്വകാര്യ പങ്കാളിത്താടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ; പി.പി.പി. പദ്ധതിയുടെ ധനകാര്യ സ്കീം വിശദമാക്കാമോ;

(സി) ബോർഡ് ഏതെങ്കിലും കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ;

(ഡി) സംസ്ഥാന പാത മെച്ചപ്പെടുത്തൽ പദ്ധതി (എസ്.ആർ.ഐ.പി) പ്രകാരമുള്ള പ്രവൃത്തികൾ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ ആന്വിറ്റി മാതൃകയിൽ നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ കൊടുക്കുന്നു.

തിരുവനന്തപുരം, കോഴിക്കോട് നഗര റോഡ് വികസന പദ്ധതികൾ :- നിർമ്മാണം പൂർത്തിയാക്കിയ ഈ പദ്ധതികൾ ഇപ്പോൾ 15 വർഷത്തെ പരിപാലന ഘട്ടത്തിലാണ്.

ആലപ്പുഴ നഗര റോഡ് വികസന പദ്ധതി : - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കൺസഷൻ എഗ്രിമെന്റിനുള്ള അംഗീകാരം സർക്കാരിന്റെ പരിഗണനയിലാണ്.

കണ്ണൂർ നഗര റോഡ് വികസന പദ്ധതി:- ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം നഗര റോഡ് വികസന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധനയിലാണ്.

(ബി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ 10 ശതമാനം വിഹിതമാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ആന്വിറ്റി മാതൃകയിൽ കെ.ആർ.എഫ്.ബി. നടപ്പിലാക്കിയ പദ്ധതികളാണ് തിരുവനന്തപുരം, കോഴിക്കോട് നഗര റോഡ് വികസന പദ്ധതികൾ. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾക്കാവശ്യമായ ഫണ്ട് പ്രസ്തുത പൊതു സ്വകാര്യ പങ്കാളിത്ത ഏജൻസികൾ തന്നെയാണ് സമാഹരിക്കുന്നതും ചെലവഴിക്കുന്നതും. ഇത്തരം പദ്ധതികളിൽ നിർമ്മാണത്തിന് പുറമെ 15 വർഷത്തെ പരിപാലനവും ഈ ഏജൻസികളിൽ നിക്ഷിപ്തമാണ്. നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച് സർക്കാർ ആറുമാസത്തിലൊരിക്കൽ 15 വർഷം ആന്വിറ്റിയായി തുക കമ്പനിക്ക് തിരികെ നൽകുന്നതാണ് പി.പി.പി. പദ്ധതിയുടെ ധനകാര്യ സ്കീം.

(സി) കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബി പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നില്ല. കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന റോഡ്

നിർമ്മാണ പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി കെ.ആർ.എഫ്.ബി.-യുടെ കീഴിൽ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ പൊതുമരാമത്ത് വകുപ്പിലെ അതാത് ഡിവിഷനുകളിൽ തയ്യാറാക്കുകയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് അവ പരിശോധിച്ചശേഷം കിഫ്ബിയിലേയ്ക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്യും. കിഫ്ബിയുടെ അംഗീകാരം ലഭിച്ചശേഷം പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരുമായി വർക്ക് എഗ്രിമെന്റ് ഒപ്പിടുന്ന നടപടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം പദ്ധതി നടത്തിപ്പിന് അതത് ഡിവിഷനുകളിൽ ഏൽപ്പിക്കുകയും അവ പൂർത്തീകരിക്കുന്നമുറയ്ക്ക് ബില്ലുകൾ അതത് ഡിവിഷനുകളിൽ പാസ്സാക്കിയശേഷം കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്ന ചുമതല എസ്.പി.വി.യിൽ നിക്ഷിപ്തമാണ്. അതിനുശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ഇൻവെസ്റ്റിഗേഷൻ ഏജൻസികൾക്ക് കിഫ്ബിയിൽനിന്നും ലഭിക്കുന്ന സെന്റേജ് തുകയിൽനിന്നും നൽകിവരുന്നു.

(ഡി) കേരള റോഡ് ഫണ്ട് ബോർഡ് എസ്.ആർ.ഐ.പി. പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നില്ല. ഇത് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയാണ് നടത്തുന്നത്.

## ലൈറ്റിംഗ് ഡിറ്റക്ഷൻ സെന്ററുകൾ

9 (*519) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടിമിന്നൽ ദുരന്തം ഒഴിവാക്കുന്നതിനുള്ള ലൈറ്റ്നിംഗ് ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇവയുടെ പ്രവർത്തനത്തിന്റെ വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) ഉണ്ട്. പ്രാദേശികമായി ഇടിമിന്നലും തീവ്ര കാലാവസ്ഥയും പ്രവചിക്കുന്നതും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ സംവിധാനങ്ങളിൽനിന്നും വിഭിന്നമായതുമായ ഒരു സ്വതന്ത്ര സംവിധാനം സംസ്ഥാനത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ്, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം, അമൃത കല്പിത സർവ്വകലാശാല, ഭൗമ ശാസ്ത്ര പഠന കേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന ഒരു സമിതി പരിഗണിച്ചതിൻപ്രകാരം പ്രസ്തുത സംവിധാനം ആറ് മാസത്തേയ്ക്ക് കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ കെൽട്രോണിനോട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെടുകയും ഇതിനായി വയനാട്, എറണാകുളം, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഈ സംവിധാനത്തിന്റെ detector-കൾ സ്ഥാപിക്കുവാൻ കെൽട്രോണിന് അനുമതി നൽകുകയുമുണ്ടായി.

(സി) ഇടിമിന്നൽ ഉണ്ടാക്കുവാൻതക്കശേഷിയുള്ള മേഘങ്ങൾ ഉണ്ടാകുമ്പോൾ അവയിൽ ഉത്ഭവിക്കുന്ന വൈദ്യുത induction ആണ് ഈ സംവിധാനം മുഖേന കണ്ടെത്തുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന സിഗ്നൽ ഒരു കേന്ദ്രീകൃത ക്ലൗഡ് കമ്പ്യൂട്ടർ സംവിധാനത്തിൽ എത്തിച്ച്, Earth Networks-ന്റെ സവിശേഷ സൂത്രവാക്യങ്ങൾ ഉപയോഗപ്പെടുത്തി ഇടിമിന്നൽ സാധ്യതയുള്ള സ്ഥലങ്ങൾ നിർണ്ണയിച്ച് ഒരു ഭൂപടമായി നൽകുക എന്നതാണ് ഈ സംവിധാനം ചെയ്യുന്നത്. ഈ ഭൂപടത്തിൽനിന്നും അതത് പ്രദേശത്തെ ജനങ്ങൾക്ക് വിവരം കൈമാറുവാൻ SMS, Hooter, Siren എന്നീ മുന്നറിയിപ്പ് സംവിധാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**മത്സ്യഗ്രാമം പദ്ധതി**

10 (*520) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്തുനിന്ന് അമ്പതുമീറ്ററിന് ഉള്ളിലുള്ള അതീവ അപകടമേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും അറിയിക്കാമോ;

(സി) തീരദേശത്തെ ശുചിത്വപരിപാലനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) കടലാക്രമണം രൂക്ഷമായ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ ശുചിത്വമുള്ള ചുറ്റുപാടിൽ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്ന പദ്ധതിയിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും സി.ആർ. ഇസഡ് അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം @ 4 ലക്ഷം രൂപ. | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധി വസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ. | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസി പ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ടു മെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടത്തിവരുന്ന പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്കുവാങ്ങിയ 2 ഏക്കർ 61 സെന്റ് സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. മത്സ്യഗ്രാമം പദ്ധതി ഈ സർക്കാരിന്റെ കാലത്ത് നിലവിലില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യഗ്രാമം പദ്ധതിയിൽ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ തുടരുന്നുണ്ട്. അതിൽ സ്ഥല ലഭ്യതയില്ലാത്തതും സാങ്കേതിക ക്ഷമതയില്ലാത്തതുമായ പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ട്.

(സി) തീരദേശ ഗ്രാമങ്ങളിലെ ശുചിത്വപാലനത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ ഒരു യോഗം വിളിച്ചുചേർത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തീരശുചിത്വം ഉറപ്പാക്കുവാൻ പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശ ശുചിത്വ പദ്ധതികൾക്കുപുറമെ കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിനും ശുചിത്വസാഗരം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കരയിൽനിന്നും വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും മത്സ്യബന്ധനം, ചരക്ക് ഗതാഗതം എന്നിവയിലൂടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് അജൈവ ഖര മാലിന്യങ്ങളും കടലിൽ എത്തുന്നുണ്ട്. കടൽപരപ്പിലും അടിത്തട്ടിലുമെല്ലാം നിറയുന്ന പ്ലാസ്റ്റിക് - ഖര മാലിന്യങ്ങൾ കടൽ ജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടമുണ്ടാക്കി അവയുടെ പ്രജനനത്തെയും അതിജീവനത്തെയും സാരമായി ബാധിക്കുന്നു.

പ്ലാസ്റ്റിക്കും പ്ലാസ്റ്റിക് ഉല്പന്നങ്ങളും നിർമാർജ്ജനം ചെയ്യുന്നതിനായി വിവിധ വകുപ്പുകളുടെയും ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽനിന്നും ശേഖരിച്ച് സംസ്കരിച്ച് ഉല്പന്നങ്ങളാക്കി മാറ്റുന്ന ശുചിത്വസാഗരം പദ്ധതിക്ക് 5-8-2017-ൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശക്തികുളങ്ങര ഹാർബറിൽ തുടക്കം കുറിച്ചു.

ഫിഷറീസ് വകുപ്പ്, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്), ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ശുചിത്വ മിഷൻ, നെറ്റ് ഫിഷ് എന്നിവയുടെയും ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും സഹകരണത്തോടെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നീണ്ടകര ഹാർബറിൽ ഒരു ഷ്രെഡ്ഡിംഗ് യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ആലപ്പാട്, മയ്യനാട്, പന്മന, നീണ്ടകര പഞ്ചായത്തിലും കൊല്ലം കോർപ്പറേഷനിലും ഉള്ള പ്ലാസ്റ്റിക് ശേഖരിച്ച് ഷ്രെഡ്ഡിംഗ് മെഷീനിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ മാതൃഭൂമി സീഡ് പദ്ധതി പ്രകാരം കോസ്റ്റൽ പോലീസ്, പ്രൈവറ്റ് ഏജൻസി എന്നിവിടങ്ങളിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടേയ്ക്ക് എത്തിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഒരു ദിവസം ഒരു ഷിഫ്റ്റിൽ 200 കിലോയോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിച്ചുവരുന്നു.

## നവീന അദ്ധ്യാപന രീതി വികസനം

11 (*521) ശ്രീ. എം. സ്വരാജ്:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിലെ വൈജ്ഞാനിക രംഗത്തെ മുന്നേറ്റത്തിനായി ആവിഷ്കരിച്ചിട്ടുള്ളതും ഗവേഷണവുമായി ബന്ധിപ്പിക്കുന്നതുമായ 'നവീന അദ്ധ്യാപന രീതി വികസന പരിപാടി'(ഫ്ളെയർ)യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഫ്ളെയർ വിഭാവനം ചെയ്യുന്ന ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്നും അതിനായുള്ള പ്രവർത്തനങ്ങളും വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ ഗ്രേഡിംഗും റിപ്പോർട്ട് ചെയ്തിട്ടുള്ള പോരായ്മകളും അവ നികത്താൻ ഉദ്ദേശിക്കുന്ന നടപടികളും എന്തെല്ലാമെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) 2013-14 അക്കാദമിക് വർഷം ആരംഭിച്ച ഫ്ലെയർ പരിപാടിയിലൂടെ 585 കോളേജ്/സർവ്വകലാശാല അദ്ധ്യാപകർക്ക് മികച്ച അദ്ധ്യയന ഗവേഷണ

രീതികളെ മുൻനിർത്തിയുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 59 അദ്ധ്യാപകർക്ക് ദേശീയ സ്ഥാപനങ്ങളിൽ ഒരു മാസത്തെ ഇന്റേൺഷിപ്പ് പരിശീലനവും 47 അദ്ധ്യാപകർക്ക് മികച്ച ബ്രിട്ടീഷ് സർവ്വകലാശാലകളിൽ ഒരു മാസത്തെ പരിശീനവും നൽകിയിട്ടുണ്ട്.

(ബി) കോളേജുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകരുടെ പ്രത്യേക വാസനകളേയും കഴിവുകളേയും പരിപോഷിപ്പിച്ച് വിദ്യാർത്ഥി സമൂഹത്തിനും സ്ഥാപനങ്ങൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ സംവിധാനത്തിലെ മാറ്റം അനിവാര്യമായ സംസ്ഥാനത്തെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുകവഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രസ്തുത പദ്ധതിയിലൂടെ യുവാക്കളായ ഫാക്കൽറ്റി അംഗങ്ങളും രംഗത്തെ മുതിർന്ന പരിചയ സമ്പന്നരായ പ്രഗത്ഭരും തമ്മിലൊരു ബന്ധം സ്ഥാപിക്കുവാനും അതിലൂടെ അദ്ധ്യയന രംഗത്തെ ഗവേഷണം, വിപുലീകരണം എന്നിവ സ്വായത്തമാക്കുവാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(സി) നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുള്ള ഗ്രേഡിംഗ് ചുവടെ ചേർക്കുന്നു:

1. കേരള യൂണിവേഴ്സിറ്റി - എ ഗ്രേഡ്
2. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി - എ ഗ്രേഡ്
3. കണ്ണൂർ യൂണിവേഴ്സിറ്റി - ബി ഗ്രേഡ്
4. ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി - എ ഗ്രേഡ്
5. കൊച്ചിൻ യൂണിവേഴ്സിറ്റി - എ ഗ്രേഡ്
6. കാലിക്കറ്റ് യൂണിവേഴ്സിറ്റി - എ ഗ്രേഡ്
7. ന്യൂവാൽസ്
8. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

(7, 8: NAAC -ന്റെ അക്രെഡിറ്റേഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)

ഗ്രേഡിംഗ് സംബന്ധിച്ച് മറ്റ് പോരായ്മകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഭൂനിയമങ്ങളുടെ ഭേദഗതി**

12 (*522) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഭൂമിയുമായി ബന്ധപ്പെട്ട ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതി ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ അടിയന്തരമായി ഭേദഗതി വരുത്തുന്നതിനായി പരിഗണിക്കുന്ന നിയമങ്ങൾ വ്യക്തമാക്കുമോ;

(സി) ലാന്റ് ഗ്രാബിംഗ് പ്രിവൻഷൻ നിയമം പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ഭൂമിയുടെ ഉപരിതലത്തിലുള്ള ധാതുക്കളുടെ ഉടമസ്ഥാവകാശം സംസ്ഥാനത്താകെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1964-ലെ Kerala Land Assignment ചട്ടങ്ങളിൽ 17-8-2017-ലെ GO(P)60/17/RD പ്രകാരവും 2-2-2018-ലെ GO(P)7/2018/RD പ്രകാരവും മാറ്റം വരുത്തിയിട്ടുണ്ട്. 1993-ലെ KLA ( Regularisation of occupations of Forest Lands prior to 1-1-1977) Special Rules-ൽ ഭേദഗതി ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൃഷി ആവശ്യത്തിനും വീട് വയ്ക്കുന്നതിനുമായി പതിച്ചുകൊടുത്തിട്ടുള്ള പട്ടയ ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ പണിതിട്ടുള്ളതിൽ ന്യായമായ ഒരു extend വരെയുള്ളതും അതുൾപ്പെട്ട മിനിമം extend ഭൂമിയും ക്രമവൽക്കരിക്കുന്നതിനായി നിയമ ഭേദഗതി കേരള ഭൂപതിവ് നിയമത്തിൽ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് ലഭിച്ച ഭൂമി മറിച്ചുവിൽക്കുന്നത് നിയന്ത്രിക്കുന്നതിനായി ഭൂമി വാങ്ങിയ ആൾ അതേ ഉപയോഗത്തിനല്ല ഭൂമി ഉപയോഗിക്കുന്നതെങ്കിൽ ടി ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) 2017-ലെ കേരള ലാന്റ് ഗ്രാബിംഗ് (പ്രൊഹിബിഷൻ) കരട് ബിൽ നിയമോപദേശം ലഭിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നൽകിയിരിക്കുകയാണ്.

ഭൂമിയുടെ ഉപരിതലത്തിലുള്ള ധാതുക്കളുടെ ഉടമസ്ഥാവകാശം സംസ്ഥാനത്താകെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി വ്യവസായ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

## ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി

13 (*523) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം ഫലപ്രദമാക്കുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം അർത്ഥപൂർണ്ണമാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇവയെ എൽ.പി./യു.പി. സ്കൂളുകളാക്കി ഉയർത്തുന്നതിനും പദ്ധതിയുണ്ടോ;

(സി) ഇത്തരം വിദ്യാലയങ്ങളിലെ അദ്ധ്യാപകർ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെന്നും ഇവർക്കുള്ള നാമമാത്രമായ ആനുകൂല്യങ്ങൾപോലും കൃത്യമായി ലഭിക്കുന്നില്ലെന്നുമുള്ള പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഏകാദ്ധ്യാപക വിദ്യാലയങ്ങൾ മുഖ്യധാര പൊതുവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഉള്ളതല്ല. പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരാൻ സാധിക്കാത്ത പിന്നോക്ക

പ്രദേശങ്ങളിലെ വിദ്യാർത്ഥികളെ മുഖ്യധാര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാക്കി പൊതുവിദ്യാലയങ്ങളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) 2014-ൽ സംസ്ഥാനത്തെ 111 എം.ജി.എൽ.സി.-കളെ ഗവൺമെന്റ് എൽ.പി.-സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനായി ഉത്തരവായെങ്കിലും ഇവയിൽ പലതും അപ്ഗ്രേഡ് ചെയ്യപ്പെടേണ്ടവയല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പഠനത്തിന് ശേഷമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാർക്ക് 1-4-2017 മുതൽ 17,325 രൂപ (പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) ക്രമത്തിലാണ് ഓണറേറിയം നൽകിവരുന്നത്. ഗവൺമെന്റിൽനിന്ന് അലോട്ട്മെന്റ് ലഭ്യമാകുന്നമുറയ്ക്ക് ഇവ കൃത്യമായി നൽകാറുണ്ട്. 2018 ഫെബ്രുവരി മാസത്തെ ഓണറേറിയം മാത്രമാണ് ഇനി നൽകാനുള്ളത്.

**മത്സ്യത്തിലെ മായം പരിശോധിക്കുന്നതിന് നടപടി**

14 (*524) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിൽ മായമോ വിഷാംശമോ കലർന്നുവോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന ഫിഷറീസ് വകുപ്പ് ശക്തമാക്കിയിട്ടുണ്ടോ;

(ബി) ഈ പരിശോധന മത്സ്യ വില്പനക്കാരുടെ ഇടയിൽ മാത്രം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും മത്സ്യം കയറ്റി വരുന്ന വാഹനങ്ങൾ പരിശോധിക്കാതെ നിർദ്ധനരായ മത്സ്യവില്പനക്കാരെ ഇതിന്റെ പേരിൽ കുറ്റക്കാരായി ചിത്രീകരിക്കുന്ന നടപടി പുനപരിശോധിക്കുമോ; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നത് തടയുവാൻ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി എല്ലാ

ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ മത്സ്യത്തിലെ മായം ചേർക്കൽ കണ്ടുപിടിക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യയും ഉപയോഗിക്കുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ നേതൃത്വത്തിൽ കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ വിവിധ മത്സ്യമാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് മത്സ്യങ്ങളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിൽ 16% സാമ്പിളുകളിൽ മാത്രമാണ് ഫോർമാലിൻ, അമോണിയ മുതലായവയുടെ അനുവദനീയമായ അളവിൽ കൂടുതൽ കാണാനിടയായത്. ഇതുകൂടാതെ സംസ്ഥാന ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ചേർന്ന് സംസ്ഥാനത്തെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യമാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിന്റെ ഫലമായി ഫോർമാലിൻ എന്ന രാസപദാർത്ഥത്തിന്റെ അംശം കുറച്ച് ചില സാമ്പിളുകളിൽ കണ്ടെത്തിയതിനെത്തുടർന്ന് ഇത്തരം മത്സ്യം വിപണനത്തിനെത്തിച്ച വ്യാപാരികൾക്ക് ശക്തമായ താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പരിപാടിയുടെ തുടർപ്രവർത്തനം എന്ന നിലയിൽ സംസ്ഥാനത്തെ പ്രധാന മത്സ്യമാർക്കറ്റുകളിൽ മത്സ്യക്കച്ചവടം നടത്തുന്നവരുടെ വിവരം ശേഖരിച്ച് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശനമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യമേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ശിൽപ്പശാലയും സംഘടിപ്പിച്ചിട്ടുള്ളതാണ്.

(ബി) മത്സ്യത്തിൽ വിഷാംശം കലർത്തുന്നത് തടയുന്നതിന്റെ ഭാഗമായുള്ള പരിശോധന മത്സ്യവിൽപ്പനക്കാരുടെ ഇടയിൽമാത്രം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർദ്ധനരായ മത്സ്യവില്പനക്കാരെ കുറ്റക്കാരായി ചിത്രീകരിക്കുന്നതിനല്ല ഈ നടപടികളുടെ ലക്ഷ്യം. മായം കലരാത്ത മത്സ്യം നമ്മുടെ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള ജാഗ്രത മാത്രമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്നും മത്സ്യം കയറ്റിവരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ ഫിഷറീസ് വകുപ്പിന് ഇപ്പോൾ അധികാരമില്ല. ബന്ധപ്പെട്ട വിഷയത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുവാൻ സാധിക്കുന്നത്. "കേരള മത്സ്യലേലം, വിപണനം, ഗുണനിലവാരം ബിൽ 2018" സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ആയത് നിയമമാക്കുന്നമുറയ്ക്ക് മത്സ്യം കയറ്റിവരുന്ന വാഹനങ്ങളുടെ പരിശോധന കർശനമാക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി**

15 (*525) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്ര സഹായത്തോടെ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) ഈ പദ്ധതിക്കായി മത്സ്യത്തൊഴിലാളികളിൽനിന്നും എത്ര രൂപ വീതമാണ് ശേഖരിക്കുന്നത്;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ആനുകൂല്യങ്ങൾ കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): (എ) മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ 2014-15 വർഷം മുതൽ പദ്ധതിക്ക് കേന്ദ്രധനസഹായം ലഭ്യമായിട്ടില്ല. പദ്ധതിക്കാവശ്യമായ സർക്കാർ വിഹിതം മുഴുവൻ ഇപ്പോൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

(ബി) സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി ഒരു മത്സ്യത്തൊഴിലാളിയിൽ നിന്നും നിലവിൽ 250 രൂപ വീതം 6 ഗഡുക്കളിലായി 1500 രൂപ ശേഖരിക്കുന്നുണ്ട്. തീരദേശ മത്സ്യത്തൊഴിലാളി വിഹിതം ഒക്ടോബർ മാസം മുതൽ മാർച്ച് വരെയുള്ള ആറ് മാസങ്ങളിലാണ് സ്വീകരിക്കുന്നത്.

(സി) സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്ര ഗവണ്മെന്റ് ഗ്രാന്റായി വിഭാവനംചെയ്ത പദ്ധതിയാണ്. നിലവിൽ ഒരു മത്സ്യത്തൊഴിലാളിയിൽനിന്നും ആറ് ഗഡുക്കളായി (6 മാസം കൊണ്ട്) 1,500 രൂപ പിടിച്ചെടുക്കുകയും തുല്യ അനുപാതത്തിലുള്ള കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം ഉൾപ്പെടെ പഞ്ഞ മാസങ്ങളായ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ കടൽ മത്സ്യത്തൊഴിലാളികൾക്കും ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും മൂന്ന് തുല്യ ഗഡുക്കളായി (1,500 രൂപ വീതം) നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി. ആയി നൽകുകയുമാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാർ 1500 രൂപയും കേന്ദ്ര സർക്കാർ 1500 രൂപയും എന്ന നിലയിൽ തുല്യ അനുപാതത്തിലാണ് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിവന്നിരുന്നത്. എന്നാൽ 2014-15 വർഷം മുതൽ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമായിട്ടില്ല. പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടിയിരുന്നത് 44.5 കോടി രൂപയാണ്. കേന്ദ്ര വിഹിതം നിഷേധിച്ചതിനെത്തുടർന്ന് സംസ്ഥാന സർക്കാരിന് ടി തുക അധികമായി വഹിക്കേണ്ടിവന്നു.

(ഡി) സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരും 18-നും 60-നും മധ്യേ പ്രായമുള്ളവരും ദാരിദ്ര്യരേഖയ്ക്ക് താഴെ ഉൾപ്പെട്ടവരുമായ എല്ലാ മത്സ്യത്തൊഴിലാളികളും ആനുകൂല്യത്തിന് അർഹരാണ്.

കടലോര മേഖലയിൽ മത്സ്യ വിപണനത്തിനും അനുബന്ധത്തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളി വനിതകളും ആനുകൂല്യത്തിന് അർഹരാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

16 (*526) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജോർജ് എം. തോമസ് :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അതിനായി എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിക്ക് പൊതുജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും മൂന്നുകോടി രൂപ സർക്കാർ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. അഞ്ചുകോടി/മൂന്നുകോടി രൂപയുടെ പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന സർക്കാർ ധനസഹായം യഥാക്രമം ഏകദേശം 702.61 കോടി രൂപയും 687 കോടി രൂപയുമാണ് (അറുനൂറ്റി എൺപത്തേഴ് കോടി രൂപ). 140 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 14975.19 ലക്ഷം (നൂറ്റിനാൽപ്പത്തൊമ്പത് കോടി എഴുപത്തഞ്ച് ലക്ഷത്തി പത്തൊമ്പതിനായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് വിദ്യാലയങ്ങൾക്കായി 50 കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ നീക്കിവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സ്കൂളുകൾ സജ്ജമാക്കുന്ന ക്ലാസ് മുറികളിലേയ്ക്കാണ് ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ഉപകരണങ്ങൾ സുരക്ഷിതമായി വയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അതത് സ്കൂളുകൾ തന്നെയായിരിക്കണം ഒരുക്കേണ്ടതെന്നും സ്കൂൾ പി.ടി.എ./എസ്.എം.സി. മാനേജ്മെന്റ്, പൂർവ്വവിദ്യാർത്ഥി സമൂഹം, സ്കൂളിനോട് താത്പര്യമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ചാണ് 33000-ത്തിലധികം ക്ലാസ് മുറികൾ ഇപ്പോൾ സജ്ജമായിട്ടുള്ളത്.

**പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക**

17 (*527) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ബി) കരാറുകാരുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളേയും ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ കരാറുകാർക്ക് എന്ത് തുകയാണ് കുടിശ്ശികയായി നൽകുവാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കരാറുകാരുടെ കുടിശ്ശിക നൽകാത്തതും റോഡ് പണിക്കുള്ള സാധനങ്ങളുടെ ദൗർലഭ്യവും റോഡ് നവീകരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരാറുകാരുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും

പാലങ്ങളും വിഭാഗത്തിൽ നടപ്പാക്കിയിട്ടുള്ള ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിലൂടെ 30-9-2017 വരെയുള്ള കുടിശ്ശിക തുക കരാറുകാർക്ക് വിതരണം ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 411.37 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 33.04 കോടി (33,04,28,213) രൂപയും കെട്ടിട വിഭാഗത്തിൽ 247.92 കോടി രൂപയും നിലവിൽ കരാറുകാർക്ക് കുടിശ്ശികയായി നൽകുന്നുണ്ട്.

(ഡി) കരാറുകാരുടെ കുടിശ്ശിക നൽകാത്തത് റോഡ് നവീകരണത്തെ ദോഷകരമായി ബാധിച്ചിട്ടില്ല. എന്നാൽ ക്വാറികളുടെ പ്രവർത്തനത്തിന് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് മെറ്റൽ, എംസാന്റ് തുടങ്ങിയ റോഡ് പണിക്കുള്ള നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യത്തിനിടയാക്കുകയും പല നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനമെടുത്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് റോഡ് നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ നികുതിയിളവ് വരുത്തി ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽനിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ചും പരിശോധിച്ചുവരുന്നു.

## സാമൂഹിക ജീവിത പാഠങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പദ്ധതി

18 (*528) ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവുറ്റ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യകരമായ സാമൂഹിക ജീവിത പാഠങ്ങൾകൂടി കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പദ്ധതി വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മദ്യത്തിനും മയക്കുമരുന്നിനും എതിരായ അവബോധം കുരുന്നു പ്രായത്തിൽ തന്നെ കുട്ടികളിൽ എത്തിക്കുന്നതിനും അതിന്റെ ദോഷഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിനുമുള്ള പാഠഭാഗങ്ങൾ ആവിഷ്കരിക്കുമോ;

(സി) കുട്ടികളിൽ സാമൂഹിക അച്ചടക്കവും എതിർ ലിംഗക്കാരായ കുട്ടികളോടുള്ള ആദരവും വളർത്തുന്ന വിധത്തിലുള്ള പാഠ്യപദ്ധതികൾ ഹൈസ്കൂൾ തലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പാഠഭാഗം തയ്യാറാക്കുവാൻ എസ്.സി.ഇ.ആർ.റ്റി.-യ്ക്ക് നിർദ്ദേശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) മികവുറ്റ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യകരമായ സാമൂഹിക ജീവിത പാഠങ്ങൾകൂടി കുട്ടികളെ പഠിപ്പിക്കുന്നതിനായി ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ സയൻസ്, സാമൂഹ്യശാസ്ത്രം ഭാഷാവിഷയങ്ങൾ എന്നീ പാഠപുസ്തകങ്ങളിൽ ആരോഗ്യപരമായ സാമൂഹ്യജീവിത പാഠങ്ങൾ കുട്ടികളിലെത്തുന്ന തരത്തിലുള്ള ആശയങ്ങൾ ഉൾചേർത്തിട്ടുണ്ട്. കൂടാതെ അടുത്ത അദ്ധ്യയന വർഷത്തേയ്ക്കായി ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്തി പൊതുവിൽ ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്താവുന്ന 10 റഫറൻസ് പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ജീവിത നൈപുണ്യ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്കായി "ഉല്ലാസപറവകൾ" എന്ന പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) മദ്യത്തിനും മയക്കുമരുന്നിനും എതിരായ അവബോധം കുരുന്നു പ്രായത്തിൽതന്നെ കുട്ടികളിൽ എത്തിക്കുന്നതിനും അതിന്റെ ദോഷഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുന്നതിനുമായി ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ സയൻസ്, സാമൂഹ്യശാസ്ത്രം ഭാഷാവിഷയങ്ങൾ എന്നീ പാഠപുസ്തകങ്ങളിൽ ഇത്തരത്തിലുള്ള ആശയങ്ങൾ ഉൾചേർത്തിട്ടുണ്ട്. കൂടാതെ അടുത്ത അദ്ധ്യയന വർഷത്തേക്കായി ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്തി ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്താവുന്ന 10 റഫറൻസ് പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

(സി) സാമൂഹ്യ അച്ചടക്കവും എതിർലിംഗക്കാരായ കുട്ടികളോടുള്ള ആദരവ് പ്രകടമാക്കുന്നതുമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിലുപരി നിലവിലുള്ള പാഠപുസ്തകങ്ങളിലും അദ്ധ്യാപക സഹായികളിലും ലിംഗതുല്യത ഉറപ്പുവരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നതിന് അതീവ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

## മത്സ്യബന്ധനത്തിന് ആധുനിക സൗകര്യങ്ങൾ

19 (*529) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

(സി) ആരുടെയെല്ലാം സേവനങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ&ബി) ഉദ്ദേശിക്കുന്നുണ്ട്. സുരക്ഷിതത്വം കുറഞ്ഞതും ദുർബലമായതുമായ മത്സ്യബന്ധന യാനങ്ങൾക്ക് പകരം എഫ്.ആർ.പി. യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതിയും ആഴക്കടൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന തങ്ങൽ വള്ളങ്ങൾക്ക് പകരം യന്ത്രവൽകൃത ലോങ്ങ് ലൈനറുകൾ നൽകുന്നതിനുള്ള പദ്ധതിയുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ മത്സ്യക്കൂട്ടങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനുള്ള സൗകര്യങ്ങൾക്കായി ഇൻകോയിസും വകുപ്പും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിനായി 145778 മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ. യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് 1500 കി. മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഐ.എസ്.ആർ.ഒ. വികസിപ്പിച്ച നാവിക് ഉപകരണത്തിന്റെ ഫീൽഡുതല പരീക്ഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കെൽട്രോൺ മുഖേന നാവിക് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതാണ്. കടലിൽ പോകുന്നതും വരുന്നതുമായ

മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉതകുന്ന സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ, എൻ.ഐ.സി. വികസിപ്പിച്ചെടുക്കുകയും ആയത് ഉപയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. കടലിൽ മത്സ്യബന്ധന യാനങ്ങളുടെ സ്ഥാനം മനസ്സിലാക്കാൻ സാധിക്കുന്ന ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.കടലിൽ അപകടങ്ങളിൽനിന്ന് രക്ഷപ്പെടാൻ സഹായിക്കുന്ന ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ് തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതിയും കടലിൽ അപകടത്തിൽപ്പെടുന്നവരെ വേഗം രക്ഷിച്ച് കരയിലെത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും സഹായിക്കുന്ന മറൈൻ ആംബുലൻസ് പദ്ധതിയും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഐ.എസ്.ആർ.ഒ., ഇൻകോയിസ്, കെൽട്രോൺ, ഐ.റ്റി. മിഷൻ, എൻ.ഐ.സി. കൊച്ചിൻ ഷിപ്പ്യാർഡ് തുടങ്ങിയവരുടെ സേവനങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്.

**സംസ്ഥാനത്തെ മത്സ്യ സമ്പത്ത്**

20 (*530) ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും മലിനീകരണവും സംസ്ഥാനത്തെ മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) കാലാവസ്ഥാ വ്യതിയാനവും മലിനീകരണവും മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഹരിത ഗൃഹ വാതകങ്ങളുടെ ആധിക്യം ആഗോള താപനത്തിനും കാലാവസ്ഥാ

വ്യതിയാനങ്ങൾക്കും ഇടവരുത്തുന്നതായി ശാസ്ത്രലോകം സമർത്ഥിച്ചിട്ടുണ്ട്. ആഗോള താപനം സമുദ്രത്തിലെ താപനില ഉയരുന്നതിന് കാരണമായിത്തീരുകയും ആയത് സമുദ്രാന്തർഭാഗത്തുകൂടിയുള്ള നീരൊഴുക്കിന്റെ ഗതിവിഗതികളിൽ മാറ്റം വരുത്തുകയും കടലിലും കരയിലും കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുന്നു. ഇത് മത്സ്യങ്ങളുടെ സ്വാഭാവിക ആഹാരജീവജാലങ്ങളുടെ നാശത്തിനും അതുവഴി നേരിട്ട് മത്സ്യസമ്പത്തിന്റെ നാശത്തിനും ഇടയാക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സമുദ്ര ജലത്തിന്റെ അസിഡിഫിക്കേഷൻ കോറലുകൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ നാശത്തിനും കോറലുകളെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യങ്ങളുടെ നാശത്തിനും ഹേതുവാകുന്നു. വിവിധ രീതിയിലുള്ള മലിനീകരണവും മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്നുണ്ട്. പ്രധാനമായും ഘനമൂലകങ്ങൾ, പെട്രോളിയം ഹൈഡ്രോ കാർബണുകൾ, ഇനോർഗാനിക് പെസ്റ്റിസൈഡുകൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, സ്വീവേജ്/ഗാർഹിക മാലിന്യങ്ങൾ എന്നിവയാണ് സമുദ്ര മലിനീകാരകങ്ങൾ. ഇത്തരം മാലിന്യങ്ങൾ ജലാശയങ്ങളിൽ എത്തിച്ചേരുകയും ജലമലിനീകരണം ഉണ്ടാക്കുകയും ചെയ്യുന്നു. മാലിന്യങ്ങൾ മത്സ്യത്തിന്റെ ആവാസ വ്യവസ്ഥകളിലടിഞ്ഞുകൂടി അവയെ നശിപ്പിക്കുകയും മത്സ്യത്തിന്റെ സ്വാഭാവിക ആഹാര പദാർത്ഥങ്ങളുടെ നാശത്തിന് കാരണമാവുകയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളാലും ജലമലിനീകരണംമൂലവും ആഗോള തലത്തിൽ തന്നെ മത്സ്യസമ്പത്തിൽ ഇടിവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ അവസ്ഥയും സമാനമാണ്.

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന ഫിഷറീസ് വകുപ്പ് നേരിട്ട് പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും വിവിധ യൂണിവേഴ്സിറ്റികളും സംസ്ഥാനത്തെ വിവിധ ഉൾനാടൻ ജലാശയങ്ങളിലും അറബിക്കടലിന്റെ ചില ഭാഗങ്ങൾ കേന്ദ്രീകരിച്ചും ജലമലിനീകരണം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. കടലിലും വെള്ളായണി കായൽ, ആക്കുളം കായൽ, അഷ്ടമുടി കായൽ, വേമ്പനാട് കായൽ, കൊച്ചിൻ എക്സ്ച്ചുറി, ചാലക്കുടിപ്പുഴ, പെരിയാർ, ചാലിയാർ തുടങ്ങിയ നിരവധി ഉൾനാടൻ ജലാശയങ്ങളിലും ഇത്തരം പഠനം നടത്തിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ

21 (*531) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് അഴിമതിരഹിതമാക്കുവാനും ഊർജ്ജസ്വലമാക്കുവാനും എന്തെല്ലാം പരിഷ്കാരങ്ങളാണ് വകുപ്പിൽ നടപ്പിലാക്കിയത്;

(ബി) ഇതുമൂലം വകുപ്പിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിഹിത ഇടപാടുകൾ എത്രമാത്രം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്;

(ഡി) കോൺട്രാക്ടർമാർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി കോൺട്രാക്ടേഴ്സ് അക്കാദമി സ്ഥാപിക്കുവാൻ ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ അഴിമതിരഹിതമാക്കുവാനും ഗുണനിലവാരം വിലയിരുത്തുന്നതിനും ജനകീയ പങ്കാളിത്തമുള്ള സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനും G.O.(Ms) No.01/2018/PWD dated 5-1-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അഴിമതി ആരോപണങ്ങൾ അന്വേഷിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാവർഷവും പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പ്രോത്സാഹനവും ബോധവൽക്കരണവും നൽകുന്നതിനു വേണ്ടി എഞ്ചിനിയേഴ്സ് കോൺഗ്രസ്സ് നടത്തിവരുന്നു. മികച്ച എഞ്ചിനീയർമാർക്ക് അവാർഡുകൾ നൽകിവരുന്നു. പുതിയതായി സർവ്വീസിൽ വരുന്ന എഞ്ചിനീയർമാർക്ക് Induction Training-ഉം നിലവിൽ സർവ്വീസിലുള്ള എഞ്ചിനീയർമാർക്ക് In Service Training-ഉം നൽകിവരുന്നു. കരാറുകാർക്ക് പരിശീലനം നൽകുന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പുതിയ കാലം, പുതിയ നിർമ്മാണം എന്ന മുദ്രാവാക്യത്തോടെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിതികൾ നടത്തിവരുന്നു. അഴിമതിക്കെതിരായ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉടമസ്ഥർക്കെതിരെ സസ്പെൻഷൻ അടക്കമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വീഴ്ചവരുത്തുന്ന കരാറുകാരെ Blacklist ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമാണുള്ളത്. ആയതിന്റെ പിരശോധനാഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. ഗുണനിലവാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യുവർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വിഴ്ചമൂലം യഥാസമയം പ്രവൃത്തികൾ പൂർത്തിയാക്കാതെ വരുന്ന സാഹചര്യത്തിൽ അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്ന വ്യവസ്ഥയിലാണ് കരാർ ഉടമ്പടി ഒപ്പുവയ്ക്കുന്നത്.

(ബി) പൊതുമരാമത്ത് വിഭാഗത്തിന്റെകീഴിലുള്ള പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് പ്രാവർത്തികമാക്കാൻ തുടങ്ങിയിട്ടേയുള്ളൂ. എങ്കിലും ഇതുമൂലമുള്ള മാറ്റങ്ങൾ വളരെ വലുതാണ്. ആലപ്പുഴയിൽ ഇത് വിജയകരമായി നടത്തി ക്വാളിറ്റി പരിശോധന കർശനമാക്കിയതിനാൽ പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ദേശീയപാതാ വിഭാഗത്തിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് വിജിലൻസ് സംവിധാനം ശക്തമാക്കിയിട്ടുണ്ട്. പോലീസ് വിജിലൻസിന് കേസുകൾ റഫർ ചെയ്ത് സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിൽ നിർദ്ദിഷ്ട വർക്കുകളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിൽ കൃത്യത പാലിക്കുന്നതിനായി ഫീൽഡ് ആഫീസർമാർക്ക് (അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) കർശന നിർദ്ദേശം നൽകുകയും വർക്കിൽ ഉൾപ്പെടുത്തുന്ന ഓരോ ഐറ്റത്തിന്റെയും ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിക്കണമെന്നും വർക്കിന്റെ നടത്തിപ്പ് സമയത്ത് പ്രസ്തുത എസ്റ്റിമേറ്റിന് വ്യതിയാനം വരാത്ത രീതിയിൽ വേണം ഓർഗനൈസേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുൻപ് വ്യാപകമായിരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് ഇപ്പോൾ പൊതുവേ ഒഴിവായിരിക്കുന്നു. ആയതുമൂലം വർക്കിലുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുവാനും സമയബന്ധിതമായി പൂർത്തിയാക്കുവാനും സാധിക്കും. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതുകാരണം നിലവിൽ അഴിമതി വളരെയധികം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. സ്ഥലംമാറ്റത്തിന് അഴിമതി ഇല്ലാതാക്കി.

(സി) ഗുണനിലവാരം മെച്ചപ്പെടുത്താൻ നിർബന്ധിതമായപ്പോൾത്തന്നെ അവിഹിത ഇടപാടുകൾക്കുള്ള സാധ്യത കുറഞ്ഞിട്ടുണ്ട്.

(ഡി) കോൺട്രാക്ടർമാർക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച കാര്യം പരിഗണനയിലുണ്ട്.

**സംസ്ഥാനത്തിന് ഹാനികരമാകുന്ന ദേശീയ സമുദ്രനയം**

22 (*532) <u>ശ്രീ. ഇ. കെ. വിജയൻ:</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>

<u>ശ്രീമതി ഗീതാ ഗോപി:</u>

<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ദേശീയ സമുദ്രനയം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയം സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് ഏതൊക്കെ തരത്തിൽ ഹാനികരമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇരുന്നൂറ് നോട്ടിക്കൽ മൈൽ വരെയുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനാവകാശം തടഞ്ഞ് വിദേശ ട്രോളറുകൾക്ക് തീരം കയ്യടക്കാൻ വഴിയൊരുക്കുന്ന തരത്തിലുള്ള നയം സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ ഏതുതരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) മുപ്പത് നോട്ടിക്കൽ മൈൽ വരെ സംസ്ഥാന അധികാരപരിധിയാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്രസമീപനം വ്യക്തമാക്കുമോ;

(ഇ) ദേശീയ സമുദ്ര മത്സ്യനയത്തോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പുകൾ കേന്ദ്രത്തെ ബോധ്യപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ അവകാശം പരിരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) വിലയിരുത്തിയിട്ടുണ്ട്. 28-4-2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയവുമായി ബന്ധപ്പെട്ട് ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുമുള്ള ടി നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടിനാഷണൽ കമ്പനികളുടെ കടന്നുവരവിന് വഴിയൊരുക്കുമെന്നുള്ള ആശങ്ക ഉണ്ടായിട്ടുണ്ട്. മത്സ്യ മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതികവിദ്യയും വൻതോതിൽ കടന്നുവരുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും മത്സ്യബന്ധന മേഖലയിൽ നിലനിൽക്കുന്നുണ്ട്.

(ബി) സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാരപരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്നാക്കി പുനർക്രമീകരിച്ച് മത്സ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് മാറ്റങ്ങൾ വരുത്തുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളി

സംഘങ്ങളെ പ്രാപ്തരാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്ര സർക്കാരിന്റെകീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യം പുതിയ ദേശീയ മത്സ്യനയത്തിൽ ഉൾപ്പെടാത്തതും ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുന്നത് സംബന്ധിച്ച് ദേശീയ തലത്തിൽ തീരുമാനമുണ്ടാകാത്തതും മത്സ്യബന്ധന യാനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ്സ് നിശ്ചയിക്കാത്തതും പൊരായ്മകളാണ്. എന്നാൽ ചെറു മത്സ്യങ്ങളെ പിടിച്ച് വളർത്താനും മറ്റും വിൽപ്പന നടത്തുന്നത് കേരള സംസ്ഥാനത്ത് എം.എൽ.എസ്. (മിനിമം ലീഗൽ സെസ്) നിശ്ചയിച്ച് നിയന്ത്രിച്ചുവരുന്നു. എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാംവിധം ദേശീയ തലത്തിൽ തീരുമാനമുണ്ടായാലേ പൂർണ്ണമായും ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. അത് ഉണ്ടാകാത്തതും സംസ്ഥാനത്തിന് ഹാനികരമാകുന്ന വസ്തുതയാണ്.

(സി) നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതലായി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതലായി ചൂഷണം ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ട് വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കുന്നത് കുറയുന്നതിനിടയാവും. ഈ പ്രദേശത്ത് മത്സ്യബന്ധനം നടത്താൻ നൽകിവന്ന Letter of Permit സമ്പ്രദായം കേരള സർക്കാരിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിർത്തലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇത് വിദേശ ട്രോളറുകളുടെ കടന്നുകയറ്റത്തെ ഒരു പരിധിവരെ നിയന്ത്രിക്കാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും പ്രോത്സാഹിപ്പിക്കുന്നത് മൾട്ടി നാഷണൽ കമ്പനികളുടെ കടന്നുവരവിന് ഹേതുവാകുമെന്ന് ആശങ്കപ്പെടുന്നു.

(ഡി) സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാര പരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്ന് പുനർക്രമീകരിക്കണമെന്ന ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല.

(ഇ) ടി നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക ഉൾപ്പെടുത്തി മൂന്നുപ്രാവശ്യം നിവേദനം നൽകിയിരുന്നുവെങ്കിലും മേൽപ്പറഞ്ഞ വിഷയങ്ങളൊന്നുംതന്നെ പരിഗണിക്കപ്പെട്ടിട്ടില്ല. മത്സ്യബന്ധന മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇനിയും ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നതാണ്.

**തീരദേശ ഹൈവേയുടെ രൂപരേഖ**

23 (*533) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സ്വപ്നപദ്ധതിയായ തീരദേശ ഹൈവേയുടെ രൂപരേഖ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) പൂവാർ മുതൽ തലപ്പാടി വരെ 630 കിലോമീറ്റർ നീളത്തിലുള്ള തീരദേശ ഹൈവേയുടെ വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) തീരദേശ ഹൈവേ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും ഇതിനാവശ്യമായി വരുന്ന ചെലവിന്റെ വിശദവിവരങ്ങളും ലഭ്യമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) നിർദ്ദിഷ്ട തീരദേശപാത തിരുവനന്തപുരം ജില്ലയിലെ പൂവാറിൽനിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ തലപ്പാടിയിലെ കണ്വതീർത്ഥ (കുഞ്ഞത്തൂർ) എന്ന സ്ഥലത്ത് അവസാനിക്കുന്ന രീതിയിലാണ് നാറ്റ്പാക്ക് രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. തീരദേശ പാതയുടെ NATPAC തയ്യാറാക്കിയ ഫൈനൽ അലൈൻമെന്റിന് 21-5-2017-ലെ സ.ഉ.(സാധാ.) നമ്പർ679/2017/ പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/ പൊ.മ.വ പ്രകാരം KIFB മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ (KRFB) ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണത്തിനായി പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തീരദേശ പാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി നാറ്റ്പാക്കിന്റെ സാധ്യതാ പഠന റിപ്പോർട്ടിൽ തീരദേശപാതയുടെ വീതി 8, 10, 12 മീറ്റർ എന്നീ രീതിയിലാണ് നിജപ്പെടുത്തിയിരിക്കുന്നത്. 8 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 5.5 മീറ്റർ ടാർ റോഡും 10 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളുടെയും കാൽനടയാത്രക്കാരുടെയും എണ്ണത്തിനനുസരിച്ച് 5.5 മീറ്റർ അല്ലെങ്കിൽ 7 മീറ്റർ ടാർ റോഡും 12 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 7 മീറ്റർ ടാർ റോഡുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. അടുത്ത ഘട്ടമായി വീതി 12 മീറ്ററിൽ കുറവുള്ള റോഡുകൾ സ്ഥലമേറ്റെടുത്ത് വികസിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. നാറ്റ്പാക്ക് ഇതുവരെ നടത്തിയ സാധ്യതാ പഠനത്തിൽ പരിസ്ഥിതിക്ക് ദോഷം കുറയ്ക്കുന്നതിനായി നിലവിലുള്ള റോഡുകൾ കഴിവതും ഉപയോഗപ്പെടുത്തിയാണ് തീരദേശ പാതയുടെ അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. തീർത്തും ഒഴിവാക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ മാത്രമാണ് പുതിയ റോഡുകളും പാലങ്ങളും നിർദ്ദേശിച്ചിരിക്കുന്നത്.

(സി) തീരദേശ ഹൈവേയുടെ നിർമ്മാണം 2021 ജനുവരിയിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം 2019 സെപ്റ്റംബറിലും രണ്ടാം ഘട്ടം 2020 ആഗസ്റ്റിലും മൂന്നാം ഘട്ടം 2021 ജനുവരിയിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി വിവിധ ജില്ലകളിലായി 242 കി.മീ. നീളത്തിൽ വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകളുടെ 238.5 കി.മീ. നീളത്തിൽ പുനരുദ്ധരിക്കുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിഗണനയിലാണ്. ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ)നമ്പർ 942/2017/പൊ.മ.വ. പ്രകാരം KIIFB മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ

24 (*534) ശ്രീ. പി. വി. അൻവർ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണ മേഖലയിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കെ.ആർ.എഫ്.ബി. നിലവിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരമാകുന്ന വിധത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ, പാലങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി സ്പീഡ് കേരള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) കെ.ആർ.എഫ്.ബി.-യുടെ മുഖ്യ വരുമാന സ്രോതസ്സ് ഏതാണെന്നും നിലവിൽ പ്രസ്തുത ബോർഡിന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) കേരള റോഡ് ഫണ്ട് ബോർഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ആന്വറ്റി മാതൃകയിൽ നഗര റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകിയിട്ടുള്ളത്. ഇതിൻപ്രകാരം തിരുവനന്തപുരം, കോഴിക്കോട് നഗര റോഡ് വികസന പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അവ 15 വർഷത്തെ പരിപാലന ഘട്ടത്തിലുമാണ്. ആലപ്പുഴ നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനുള്ള അംഗീകാരം നൽകുന്ന ഘട്ടത്തിലുമാണ്. കൂടാതെ കണ്ണൂർ നഗര റോഡ് വികസന പദ്ധതിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നഗര റോഡ് വികസന പദ്ധതികൾ മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കെ.ആർ.എഫ്.ബി. ആവിഷ്കരിച്ച് വരികയാണ്. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടുകൂടി പൊതുമരാമത്ത് വകുപ്പിലെ വിവിധ ഏജൻസികൾ സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തി കോഴിക്കോട് എൻ.എച്ച്. ബൈപ്പാസിന്റെ

അവസാന ഭാഗം (152.75 കോടി രൂപ നിർമ്മാണ ചെലവ്), പാലാരിവട്ടം ഫ്ളൈ ഓവർ(41.28 കോടി രൂപ നിർമ്മാണ ചെലവ്) കഞ്ഞിക്കുഴി വെട്ടത്തുകവല – കറുകച്ചാൽ റോഡ് (62.16 കോടി രൂപ നിർമ്മാണ ചെലവ്) രാമപുരം-നാലമ്പലം ദർശനം റോഡ് (50.75 കോടി രൂപ നിർമ്മാണ ചെലവ്) എന്നിവ പൂർത്തീകരിക്കുകയുണ്ടായി. കെ.ആർ.എഫ്.ബി.യുടെ ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചുവരുന്ന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു.

1. രാമനാട്ടുകര ഫ്ലൈ ഓവർ - 74.96 കോടി അടങ്കൽ തുക.
2. തൊണ്ടയാട് ഫ്ലൈ ഓവർ - 51.42 കോടി അടങ്കൽ തുക.
3. കണ്ണൂർ ഹിൽ ഹൈവേ - 191.54 കോടി അടങ്കൽ തുക.
4. നാട്ടുകാണി - പരപ്പനങ്ങാടി റോഡ് - 359.00 കോടി അടങ്കൽ തുക.
5. വലിയഴീക്കൽ പാലം - 132.09 കോടി അടങ്കൽ തുക.

(സി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതകുരുക്കിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുന്നതിന് മുൻ ഗവൺമെന്റിന്റെ കാലത്ത് 14-6-2015- ലെ G.O.(Ms.)No.51/2013/PWD പ്രകാരം 23 പദ്ധതികൾ സ്പീഡ് കേരള എന്ന പരിപാടിയിൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് പദ്ധതിയിൽ ഉൾപ്പെടുന്ന 10 പ്രവൃത്തികൾക്ക് 22-2-2014 ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും 19-11-2015-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം കോഴിക്കോട് എൻ.എച്ച് ബൈപ്പാസിന്റെ അവസാന ഭാഗം, പാലാരിവട്ടം ഫ്ലൈ ഓവർ, കഞ്ഞിക്കുഴി - വെട്ടത്തുകവല – കറുകച്ചാൽ റോഡ്, രാമപുരം - നാലമ്പലം ദർശനം റോഡ് എന്നീ നാല് പ്രവൃത്തികൾ മാത്രം തൽക്കാലം ഏറ്റെടുത്ത് നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് ആ നാല് പദ്ധതികൾ പൂർത്തീകരിക്കുകയുണ്ടായി.

(ഡി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ പത്ത് ശതമാനം വിഹിതമാണ് കെ.ആർ.എഫ്.ബി.-യുടെ മുഖ്യവരുമാന സ്രോതസ്സ്. നിലവിൽ 2018-19 സാമ്പത്തിക വർഷം 3054-80-800-92 ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 254.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഭൂവിഷയങ്ങൾ പരിഹരിക്കുന്നതിന് ഉന്നതതല സമിതി രൂപീകരണം

25 (*535) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. കെ. രാജൻ :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘകാലമായി നിലനില്ക്കുന്ന വ്യത്യസ്ത ഭൂവിഷയങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ആലോചിക്കുന്നുണ്ടോ; ഇതിനായി ജില്ലാ താലൂക്ക് തലങ്ങളിൽ ഉന്നതതല സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) സർട്ടിഫിക്കറ്റ് വിതരണം പുനഃക്രമീകരിച്ച് ഭൂസംരക്ഷണം, ഭൂരേഖാ പരിപാലനം തുടങ്ങിയ അടിസ്ഥാന ജോലികളിൽ കൂടുതൽ ശ്രദ്ധ നല്കുന്നതിനായി വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിന് ശ്രമിക്കുമോ;

(സി) താലൂക്ക് ലാന്റ് ബോർഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും കേസുകൾ സമയബന്ധിതമായി തീർപ്പു കല്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) വില്ലേജ് വികസന സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ;

(ഇ) വില്ലേജ് വികസന സമിതികളുടെ പ്രവർത്തനം സൃഷ്ടിപരമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന ഭൂവിഷയങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രശ്നപരിഹാരത്തിനായി ജില്ലാ-താലൂക്ക് തലങ്ങളിൽ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ വിഷയം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ ഊർജ്ജിതമായി നടന്നുവരുന്നു. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ താലൂക്ക്

ലാൻഡ് ബോർഡുകളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ ജില്ലകളിലും പരിശോധന നടത്തുകയും ടി പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ/ അപാകതകൾ സംബന്ധിച്ച് ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ലാൻഡ് ബോർഡിന്റെ അദ്ധ്യക്ഷതയിൽ 14 ജില്ലകളിലും അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. തൽഫലമായി കേസുകൾ തീർപ്പാക്കുന്നതിൽ പുരോഗതി ഉണ്ടായതിനോടൊപ്പം പരിധിയിലധികം ഭൂമി ആർജ്ജിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ പുതിയ സീലിംഗ് കേസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 94 കേസുകൾ താലൂക്ക് ലാൻഡ് ബോർഡ് മുഖേന തീർപ്പാക്കിയിട്ടുണ്ട്.

(ഡി & ഇ) സംസ്ഥാനത്തെ വില്ലേജുകളിൽ വില്ലേജ് വികസന സമിതികൾ രൂപീകരിച്ചിട്ടില്ല. നിയമവിരുദ്ധ ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജുതല ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ട്.

**ഭൂനികുതി പിരിച്ചെടുക്കൽ**

26 (*536) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂനികുതി അതത് വർഷംതന്നെ പൂർണ്ണമായി പിരിച്ചെടുക്കാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

ഉണ്ട്. സംസ്ഥാനത്തൊട്ടാകെ അടിസ്ഥാന ഭൂനികുതി ഇനത്തിൽ 100% പിരിവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാന ഭൂനികുതി ഇനത്തിൽ ജില്ല തിരിച്ചുള്ള കണക്ക് പരിശോധിക്കുമ്പോൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ 100% പിരിവ് കൈവരിച്ചിട്ടില്ല.

2018 മാർച്ച് മാസത്തോടുകൂടി ഈ ജില്ലകളിലും 100 ശതമാനം പിരിവ് കൈവരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി ജില്ലകളിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ അധിക പിരിവ് വന്നതായും കാണുന്നു.

2017-18 സാമ്പത്തിക വർഷത്തെ 2018 ഫെബ്രുവരി മാസം വരെയുള്ള അടിസ്ഥാന ഭൂനികുതി ഇനത്തിലെ പിരിവ് വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആകെ മുതൽ | - 62.17 കോടി രൂപ |
| ആകെ സ്റ്റേ | - 2.67 കോടി രൂപ |
| പിരിക്കാവുന്ന മുതൽ | - 58.30 കോടി രൂപ |
| ആകെ പിരിവ് | - 61.60 കോടി രൂപ |
| പിരിവ് ശതമാനം | - 105.66% |

എന്നാൽ പഴയ വില്ലേജ് റിക്കോർഡുകൾ പ്രകാരം വിദേശ കമ്പനികളായ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ്, മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി, ഹാരിസൺസ് ക്രോസ് ഫീൽഡ്സ്, ഈസ്റ്റ് ഇൻഡ്യൻ റ്റീ കമ്പനി, ട്രാവൻകൂർ റ്റീ കമ്പനി മുതലായ കമ്പനികളുടെ പേരിൽ കാണുന്ന ഭൂമിക്ക് നിലവിൽ നടന്നുവരുന്ന നിയമ നടപടികളിൽ തീരുമാനമാകുന്നതുവരെ ഭൂനികുതി സ്വീകരിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും നിർത്തിവയ്ക്കണമെന്ന് ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ, സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ പ്രസ്തുത കമ്പനികളുടെ പേരിലുള്ള ഭൂമിയുടെ അടിസ്ഥാന ഭൂനികുതി സ്വീകരിക്കാതെ സ്റ്റേയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിലെ ഭൂമി സംബന്ധമായ ക്രമക്കേടുകൾ മൂലം കരമടവ് തടഞ്ഞിട്ടുള്ള കേസുകളിലും, ചതുരംഗപ്പാറ വില്ലേജിലെ തണ്ടപ്പേർ മോഷണം പോയത് പുനഃസ്ഥാപിക്കാത്ത കേസുകളിലും ആനവിലാസം വില്ലേജിലെ റീസർവ്വേ നമ്പരുകളിലെ അപാകതമൂലം കരമടവ് തടഞ്ഞിട്ടുള്ള കേസുകളിലും നിലവിൽ ഭൂനികുതി കുടിശ്ശികയായി സ്റ്റേയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കിഴക്കഞ്ചേരി-2 വില്ലേജിൽ യു.ടി.ടി. കമ്പനിയുടെ കൈവശത്തിലുണ്ടാ യിരുന്നതുമായ ഭൂമിയുടെ നികുതിയായ 0.03 കോടി രൂപ, പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തതുമൂലം പിരിക്കുവാൻ കഴിയാതെ സ്റ്റേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അടിസ്ഥാന ഭൂനികുതി ഇനത്തിൽ മുതൽ പിരിവ് ബാക്കി പട്ടിക പരിശോധിക്കുമ്പോൾ എല്ലാ സാമ്പത്തിക വർഷവും 100% പിരിവ് കൈവരിക്കുവാൻ സാധിക്കുന്നുണ്ട്. ഏതെങ്കിലും വില്ലേജുകളിൽ ഈ ഇനത്തിൽ 100% പിരിവ് കൈവരിക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച് പിരിവ് ഊർജ്ജിതമാക്കിയും വരുന്നുണ്ട്.

**ഭൂനിയമങ്ങളിൽ ഭേദഗതി**

27 (*537) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനിയമങ്ങളിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിക്കുന്ന ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത ഡാറ്റാബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ അതിന്മേൽ അപ്പീൽ നൽകുന്നതിന് അവസരമുണ്ടാകുമോ; ഇല്ലെങ്കിൽ അപ്രകാരമുള്ള ഒരു അപ്പീൽ സാധ്യത നിയമത്തിൽ ഉൾപ്പെടുത്തുമോ;

(ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2013-ൽ നിലവിൽവന്ന പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ഇ) കൃഷിഭൂമി വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ഭൂനിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 2008- ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1964-ലെ Kerala Land Assignment ചട്ടങ്ങളിൽ 17-8-2017-ലെ GO(P)60/17/RD പ്രകാരവും 2-2-2018-ലെ GO(P)7/2018/RD പ്രകാരവും മാറ്റം വരുത്തിയിട്ടുണ്ട്. 1993-ലെ KLA ( Regularisation of occupations of Forest Lands prior to 1-1-1977) Special Rules-ൽ പ്രസ്തുത ചട്ടപ്രകാരം ഭൂമി പതിച്ചുകിട്ടുന്ന കർഷകർക്ക് അവർ വച്ചുപിടിപ്പിക്കുന്ന മരം (ചന്ദനം ഒഴികെയുള്ളവ) കർഷകർക്കുതന്നെ മുറിക്കാൻ കഴിയുന്ന തരത്തിൽ വ്യവസ്ഥ കൊണ്ടുവരുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

കൃഷി ആവശ്യത്തിനും വീട് വയ്ക്കുന്നതിനുമായി പതിച്ചുകൊടുത്തിട്ടുള്ള പട്ടയ ഭൂമിയിൽ വാണിജ്യാവശ്യങ്ങൾക്ക് കെട്ടിടം പണിത കേസുകളിൽ ഒരു പരിധിവരെയുള്ള നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഭേദഗതി 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ കൊണ്ടുവരുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് ലഭിച്ച ഭൂമി മുറിച്ചുവിൽക്കുന്നത് നിയന്ത്രിക്കുന്നതിനായി ഭൂമി വാങ്ങിയ ആൾ അതേ ഉപയോഗത്തിനല്ല ഭൂമി ഉപയോഗിക്കുന്നതെങ്കിൽ ടി ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

സംസ്ഥാനത്ത് പലതരത്തിൽ ഭൂമി കയ്യേറിവച്ചിരിക്കുന്നത് ഒഴിപ്പിക്കുന്നതിന് കൂടുതൽ ശക്തമായ നിയമനിർമ്മാണം എന്ന നിലയിൽ കേരള ലാൻഡ് ഗ്രാബിംഗ് ബിൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭൂമിയിലെ മെറ്റൽസും മിനറൽസും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നിയമ നിർമ്മാണം പരിഗണനയിലാണ്.

(ബി) അന്തിമ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസിദ്ധീകരിച്ചുകഴിഞ്ഞതും കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ ഭൂമികളെ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ ആയത് തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 30-5-2017 ലെ 301/2017 നമ്പർ SRO പ്രകാരം ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ലഭിച്ച അപ്പീൽ അപേക്ഷകൾകൂടി തീർപ്പാക്കി പുതുക്കിയ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് 2017 പ്രകാരം കൃഷിഭൂമിയുടെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതുആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽകൃഷി ഏതെങ്കിലുമുണ്ടെങ്കിൽ അതിനേയോ അതിലേയ്ക്കുള്ള സുഗമമായ നീരൊഴിക്കിനേയോ ബാധിക്കുകയില്ലായെന്ന് അഭിപ്രായമുള്ളപക്ഷം കൃഷിഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കി നൽകാവുന്നതാണ്.

## സാങ്കേതിക വിദ്യാഭ്യാസ ഗുണാഭിവൃദ്ധി പദ്ധതി

28 (*538) ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ മികവിനായി നടപ്പാക്കിവരുന്ന സാങ്കേതിക വിദ്യാഭ്യാസ ഗുണാഭിവൃദ്ധി പദ്ധതി (TEQUIP) അവലോകനം ചെയ്തിരുന്നോ; പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിവഴി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളുടെ അദ്ധ്യാപന, അധ്യയന നിലവാരം ഉയർത്താനായി ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഇതിനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) അക്കാദമിക അറിവ് വർദ്ധിപ്പിക്കുന്നതിനോടൊപ്പം വ്യവസായ ബന്ധിതമായ സാങ്കേതിക ശാസ്ത്ര വിജ്ഞാനത്തിന്റെ വ്യാപനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) അവലോകനം ചെയ്തിട്ടുണ്ട്. പദ്ധതിയിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേരളത്തിലെ സ്ഥാപനങ്ങളിൽനിന്നുള്ള 1250-ൽപ്പരം അദ്ധ്യാപകരെ ചെന്നൈ ഐ.ഐ.റ്റി.-യിൽ അയച്ച് രണ്ടാഴ്ചത്തെ അദ്ധ്യാപക പരിശീലനം നടത്തി (ഏതാണ്ട് 100% അദ്ധ്യാപകരും ഇതിൽ പങ്കെടുത്തു). നൂറോളം സീനിയർ അദ്ധ്യാപകരെയും പ്രിൻസിപ്പാൾമാരെയും ഐ.ഐ.എം.-ൽ അയച്ച് ട്രെയിനിംഗ് നൽകി.

2. ടെക്വിപ്പ് II-ൽ ഉൾപ്പെട്ടിട്ടുള്ള 19 സ്ഥാപനങ്ങളും എൻ.ബി.എ. അക്രഡിറ്റേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 7 കോളേജുകൾക്ക് എൻ.ബി.എ. അക്രഡിറ്റേഷൻ ലഭിച്ചുകഴിഞ്ഞു. മൂന്ന് കോളേജുകൾക്ക് എൻ.എ.എ.സി.(നാക്) അക്രഡിറ്റേഷനും മൂന്ന് കോളേജുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷനും

ലഭിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയിൽ അക്രഡിറ്റേഷനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

3. ഏകദേശം എല്ലാ കോളേജുകളിലും പുതിയ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ ആരംഭിച്ചു.

4. കമ്പ്യൂട്ടർ പർച്ചേസ്, മറ്റ് അത്യാധുനിക ലാബ് ഉപകരണങ്ങൾ, കാമ്പസ് നെറ്റ്‌വർക്കിംഗ്, സ്മാർട്ട് ക്ലാസ്സ് റൂംസ്, മൈനർ സിവിൽ വർക്കുകൾ എന്നിവ എല്ലാ സ്ഥാപനങ്ങളും നടപ്പിലാക്കി.

5. ലൈബ്രറികളുടെ നവീകരണവും ഓട്ടോമേഷനും ഇ-ജേർണൽസിന്റെയും സോഫ്റ്റ്‌വെയറുകളുടെയും പർച്ചേസ് എന്നിവയും എടുത്തുപറയാവുന്ന നേട്ടങ്ങളാണ്.

6. എല്ലാ കോളേജുകളിലും റിസർച്ച് അഡ്വൈസറുടെ നിയമനം നടത്തി. കോളേജുകൾ ദേശീയവും അന്തർദേശീയവുമായ സെമിനാറുകൾ നടത്തി. അദ്ധ്യാപകർക്ക് വിദേശത്തുൾപ്പെടെയുള്ള കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള ധനസഹായം നൽകി.

7. ബിരുദാനന്തര കോഴ്സുകളിലും ഡോക്ടറൽ പ്രോഗ്രാമുകളിലും വിദ്യാർത്ഥികൾക്ക് അസിസ്റ്റന്റ്ഷിപ്പ് നൽകി.

8. നിരവധി എക്സ്പേർട്ട് ക്ലാസ്സുകളും റെമഡിയൽ ക്ലാസ്സ്, ബ്രിഡ്ജ് ക്ലാസ്സുകളും നടത്തി റിസൽട്ട് മെച്ചപ്പെടുത്തിയ പ്ലേസ്മെന്റ്, സോഫ്റ്റ് സ്കിൽ, 'ഗേറ്റ്' കോച്ചിംഗ് എന്നിവ നടത്തിയതുവഴി വിവിധ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്ലേസ്മെന്റ് വർദ്ധിച്ചു. ഇത്തരം നടപടികൾവഴി ഈ സ്ഥാപനങ്ങളിൽ അധ്യയനത്തിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു. സാമ്പത്തിക പരിമിതികൾമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾക്ക് ടെക്വിപ് പ്രോജക്ട് വളരെയേറെ സഹായിച്ചിട്ടുണ്ട്.

(ബി) കോളേജുകളുടെ അദ്ധ്യാപന, അധ്യയന നിലവാരം ഉയർത്തുന്നതിലേയ്ക്കായി താഴെപ്പറയുന്ന കാര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു:

1. ലാബുകളുടെ ശാക്തീകരണവും ആധുനികവൽക്കരണവും, പുതിയ ലാബുകളുടെ നിർമ്മാണം, ക്ലാസ്സ് റൂം നവീകരണം, ഫർണിച്ചറുകളുടെ വാങ്ങൽ, കമ്പ്യൂട്ടർ സെന്ററുകളുടെ നവീകരണം, ലൈബ്രറികളുടെ നവീകരണം, ആവശ്യമായ മൈനർ സിവിൽ വർക്കുകൾ.

2. ആവശ്യമായ ടെക്സ്റ്റ് ബുക്കുകളുടെയും ജേർണലുകളുടെയും സോഫ്റ്റ്‌വെയറുകളുടെയും വാങ്ങലുകൾ.

3. അദ്ധ്യാപകർക്ക് വിദഗ്ദ്ധ അദ്ധ്യാപന പരിശീലനം നൽകാനായി ഐ.ഐ.റ്റി.-കളിലും ഐ.ഐ.എം.-കളിലും പരിശീലനം നൽകുക. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും വ്യവസായ വിദഗ്ദ്ധരുടെയും സഹായത്തോടെ ട്രെയിനിംഗ് നൽകുക.

4. കുട്ടികൾക്ക് അദ്ധ്യാപന/ഗവേഷണ സഹായം നൽകുക.

5. കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള ധനസഹായം നൽകുക.

ഇപ്പോൾ നിലവിലുള്ള ടെക്വിപ്പ് II-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 19 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(സി) എല്ലാ സ്ഥാപനങ്ങളിലും ടെക്വിപ്പിന്റെ ഭാഗമായി ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ നിലവിൽ വന്നു. അദ്ധ്യാപകർക്ക് വ്യാവസായിക പരിശീലനം നൽകുന്നതിനായുള്ള സാമ്പത്തിക സഹായം നൽകിവരുന്നു. വ്യാവസായിക വിദഗ്ദ്ധരെക്കൊണ്ട് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്ലാസ്സുകൾ നടത്തുക, അദ്ധ്യാപകർക്ക് ഇൻഡസ്ട്രിയൽ കൺസൾട്ടൻസി നടത്തുവാനാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകുക, കുട്ടികൾക്ക് ഇൻഡസ്ട്രിയൽ വിസിറ്റിനുവേണ്ട ധനസഹായം നൽകുക, ഇൻഡസ്ട്രിയുമായി ധാരണാപത്രം (എം.ഒ.യു) തയ്യാറാക്കുന്നതിനുള്ള ചെലവുകൾ വഹിക്കുക, വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥാപനങ്ങളിൽ ചെന്ന് കാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നതിനാവശ്യമായ പ്രാദേശിക ആതിഥ്യത്തിനുള്ള ചെലവുകൾ വഹിക്കുക, ഓരോ സ്ഥാപനത്തിനും സ്ഥാപനത്തിനുവെളിയിൽ നിന്നുള്ള ഒരു റിസർച്ച് അഡ്വൈസറുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ ക്രമീകരണങ്ങളാണ് ടെക്വിപ്പിന്റെ ഭാഗമായി വ്യവസായ ബന്ധിതമായ സാങ്കേതിക ശാസ്ത്ര വിജ്ഞാനത്തിന്റെ വ്യാപനത്തിനായി ഏർപ്പെടുത്തിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോളേജുകളെയും സർവ്വകലാശാലകളെയും മെച്ചപ്പെടുത്തുന്നതിന് പദ്ധതി

29 (*539) ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കോളേജുകളെയും സർവ്വകലാശാലകളെയും മെച്ചപ്പെടുത്തുന്നതിനുള്ള ബൃഹത് പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ ഉന്നത വിദ്യാപീഠങ്ങളും ഗവേഷണശാലകളും സ്ഥാപിക്കുന്നതിന് പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതിനായി കോളേജുകൾക്കും സർവ്വകലാശാലകൾക്കും എന്തെല്ലാം സഹായമാണ് നൽകുന്നത്; വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ-സി) കോളേജുകളെയും സർവ്വകലാശാലകളെയും മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ചുവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. 2018-ലെ വിദ്യാർത്ഥി പ്രവേശനം മുതൽ ഇത് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർവ്വകലാശാലകളിലും കോളേജുകളിലും റൂസ പദ്ധതിപ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 150 കോടിയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളെയും 7 ഗവ. എഞ്ചിനീയറിംഗ് കോളേജുകളെയും 9 ഗവ. പോളിടെക്നിക് കോളേജുകളെയും കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' ആക്കുന്നതിന് (Centre of Excellence) നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി KITE-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

30 (*540) ശ്രീ. ബി. സത്യൻ:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടാകുന്ന പ്രകൃതിക്ഷോഭംകൊണ്ടും ആധുനിക രക്ഷാ ഉപകരണങ്ങളുടെ അഭാവംകൊണ്ടും ആപൽക്കരമായ തൊഴിലുകളിൽ ഒന്നായി സമുദ്ര മത്സ്യ ബന്ധനം മാറിയ സാഹചര്യത്തിൽ കടൽ സുരക്ഷയ്ക്കായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ആവർത്തിച്ചുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും അതുമൂലമുണ്ടാകുന്ന ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം

ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കടലിന്റെ അവസ്ഥ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് 'ഇൻകോയിസു'മായി ധാരണാപത്രങ്ങളിൽ ഒപ്പുവച്ചിട്ടുണ്ട്. അതിലേയ്ക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലിഫോൺ നമ്പറുകൾ ശേഖരിച്ച് ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് പോകുമ്പോഴും തിരിച്ചു വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ NIC വഴി തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനുള്ള 'മറൈൻ ആംബുലൻസ്' സംവിധാനം ഏർപ്പെടുത്തു ന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. കൂടാതെ കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും SOLAS അംഗീകൃത IRS approved inflatable life jacket നൽകുന്നതിനുള്ള നടപടികളും മത്സ്യത്തൊഴിലാ ളികൾക്കുള്ള രക്ഷാപ്രവർത്തനങ്ങൾക്കായി മത്സ്യത്തൊഴിലാളി യുവാക്കളെ ഉൾപ്പെടുത്തി ക്കൊണ്ട് കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന നടപടികളും പുരോഗമിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതമായ എഫ്.ആർ.പി. യാനങ്ങൾ നൽകുവാനും ഉദ്ദേശിക്കുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ പദ്ധതി, സൗജന്യറേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനുള്ള പദ്ധതി, മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി എന്നിവയാണ് മത്സ്യവകുപ്പ് മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവവഴി മത്സ്യത്തൊഴിലാളി സംരക്ഷണത്തിനായി നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

1 (5152) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ചും സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപകാരപ്രദമായ രീതിയിൽ ശുചിമുറി സൗകര്യം, ലഘുഭക്ഷണശാല തുടങ്ങിയവ ഉൾക്കൊള്ളുന്ന പബ്ലിക് അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(സി) മറ്റ് എന്തെല്ലാം സൗകര്യങ്ങളാണ് ഇത്തരം അമിനിറ്റി സെന്ററുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇപ്രകാരമുള്ള അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ദീർഘദൂര യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദ സഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായാണ് വകുപ്പുമന്ത്രി ചെയർമാനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഈ കമ്പനി രൂപീകരിച്ചിരിക്കുന്നത്. ഭംഗിയായി രൂപകൽപ്പനയും കൃത്യമായ പരിപാലനവും ഉറപ്പുവരുത്തി സ്വയം പര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രായാധിക്യമുള്ളവർക്കും അംഗവൈകല്യ മുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയ്‌ലെറ്റ് സൗകര്യത്തിന് പുറമെ ലഘുഭക്ഷണശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, കാറുകൾ കഴുകുന്നതിനുള്ള സൗകര്യം, പൂന്തോട്ടം തുടങ്ങിയവ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകൽപ്പന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്ത് അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് നടത്തിയ പ്രാഥമിക പരിശോധനയിൽ അനുയോജ്യമായ 34 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിശദമായ സാധ്യതാപഠനം നടത്തേണ്ടതായുണ്ട്.

## പ്രതീക്ഷ ബസ്സ് ഷെൽട്ടർ

2 (5153) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ആധുനിക രീതിയിലുള്ള ബസ്സ് ഷെൽട്ടർ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പ്രതീക്ഷ ബസ്സ് ഷെൽട്ടർ എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ?

ഉത്തരം

(എ) 27-2-2013-ലെ G.O (Ms.) No. 19/2013 പൊ.മ.വ. പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടർ എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നു.

(ബി) കമ്പനി പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും മൂന്ന് രീതികളിലാണ് ബസ് ഷെൽട്ടറുകളുടെ നിർമ്മാണം കമ്പനി നിർവ്വഹിക്കുന്നത്.

1. എം.എൽ.എ എ.ഡി.എസ്-എസ്.ഡി.എഫ്/എം.പി. എൽ.എ.ഡി. ഫണ്ട് ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ഒരു ഏജൻസി മുഖാന്തരം നടത്തുന്ന പ്രവൃത്തികൾ.
2. എം.എൽ.എ എ.ഡി.എസ്-എസ്.ഡി.എഫ്./എം.പി. എൽ.എ.ഡി ഫണ്ട് ഉപയോഗിച്ച് മത്സരസ്വഭാവത്തിലുള്ള ടെണ്ടറുകൾ ക്ഷണിച്ച് നടത്തുന്നവ.
3. PPP mode-സ്വകാര്യ മേഖലയുടെയുംകൂടി പങ്കാളിത്തത്തോടെ സ്വയംപര്യാപ്തമായി പ്രവർത്തിക്കാൻ കഴിയുന്നവ. ഈ വിഭാഗത്തിൽ നിർമ്മിക്കപ്പെട്ടതും പരിപാലിക്കപ്പെടുന്നതുമായ ബസ് ഷെൽട്ടറിൽ പതിക്കുന്ന പരസ്യങ്ങളാണ് കമ്പനിയുടെ പ്രധാന വരുമാന സ്രോതസ്സ്. ഇത്തരത്തിൽ 84 ബസ് ഷെൽട്ടറുകൾ ഇപ്പോൾ കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി കമ്പനി പരിപാലിക്കുന്നുണ്ട്.

## ഭരണാനുമതി നൽകുന്നതിന്റെ നടപടിക്രമം

3 (5154) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന സെക്രട്ടേറിയറ്റുതല എ. എസ്. കമ്മിറ്റിയിൽ എത്ര അംഗങ്ങളാണ് ഉള്ളത്; അവർ ആരെല്ലാമാണ്; എത്ര തുക വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനാണ് ഈ കമ്മിറ്റിക്ക് അധികാരം ഉള്ളത്; ഇതിൽ കൂടുതൽ തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് ഏത് കമ്മിറ്റിയാണ്; ആരെല്ലാമാണ് അതിലെ അംഗങ്ങൾ; എത്ര തുക വരെയുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാൻ ഈ കമ്മിറ്റിക്ക് അധികാരമുള്ളത്;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് നിലവിലുള്ള മാനദണ്ഡ പ്രകാരം ധനകാര്യ വകുപ്പിന്റെ കൺകറൻസ് ഇല്ലാതെ എത്ര രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) അതാതു വർഷം ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ കൺകറൻസ് ആവശ്യമുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് എ. എസ്. കമ്മിറ്റി കൂടേണ്ട ആവശ്യകത എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ബജറ്റിൽ പ്രൊവിഷനോ, ടോക്കൺ പ്രൊവിഷനോ ഇല്ലാത്ത പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിന് തനതു വർഷം അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് ഭരണാനുമതിയും പ്രത്യേക അനുമതിയും നൽകി വരുന്നുണ്ടെന്നിരിക്കെ ധനകാര്യ/ആസൂത്രണ വകുപ്പുകളുടെ സമ്മതം പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ലഭ്യമാക്കി മാത്രമേ ഭരണാനുമതി നൽകാൻ കഴിയൂ എന്ന് സർക്കാർ നിലപാടെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആധാരമായ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ഇ) റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ബജറ്റ് പ്രൊവിഷൻ ഉണ്ടായിട്ടും ഭരണാനുമതി ലഭ്യമാക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഭരണാനുമതി നൽകാതിരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന എ.എസ്. കമ്മിറ്റിയിൽ താഴെപറയുന്ന ഏഴ് അംഗങ്ങളാണുള്ളത്.

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് (ചെയർമാൻ)

2. ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗം,

3. ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം.

4. ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗം

5. ധനകാര്യ വകുപ്പിന്റെ പ്രതിനിധി

6. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പ്രതിനിധി

7. സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് (കൺവീനർ)

തനത് സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുകയുടെ 150 ശതമാനം അധികരിക്കാത്ത തുകയ്ക്ക് എ.എസ്. കമ്മിറ്റി മുഖേന ഭരണാനുമതി നൽകാവുന്നതാണ്.

(സി&ഡി) 7-8-2017 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 102/2017/ധന പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിൽ പൊതുമരാമത്തു വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ആകെ തുകയുടെ 150 ശതമാനം അധികരിക്കാത്ത തുകയ്ക്ക് 5 കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് ധനകാര്യവകുപ്പിന്റെ അനുമതി കൂടാതെ ഭരണ വകുപ്പിന് ഭരണാനുമതി നൽകാവുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 16-2-2018-ൽ കൂടിയ എ.എസ്. കമ്മിറ്റി ടി വിഷയം പരിഗണിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

## കെട്ടിട നിർമ്മാണ പരിശോധന

4 (5155) <u>ശ്രീ. ആർ. രാമചന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഈടും ബലവും പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ;

(ബി) നിർമ്മാണ വസ്തുക്കളുടെ കടുത്ത ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ കെട്ടിടങ്ങളുടെ ബലവും ഈടും പരിശോധിക്കാതെ ഇവ നീക്കംചെയ്യുന്ന നടപടിക്കുപകരം അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി നിലനിർത്താൻ കഴിയുന്ന കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുമോ; വിശദീകരിക്കുമോ;

(സി) സർക്കാർ മന്ദിരങ്ങളോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ വസ്തുതാപരിശോധന നടത്താറുണ്ടോയെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഈടും ബലവും പരിശോധിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ എല്ലാ ജില്ലകളിലും അംഗീകൃത പരിശോധനാ ലാബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കുന്ന സമയത്ത് ത്രിതല ഗുണനിലവാര പരിശോധനാ സംവിധാനത്തിലൂടെ ഗുണമേന്മ ഉറപ്പാക്കിയാണ് നിർമ്മാണം നടത്താറുള്ളത്. കൂടാതെ പ്രവൃത്തി നടക്കുന്ന സമയത്ത് ക്വാളിറ്റി കൺട്രോൾ വിംഗ് പരിശോധന നടത്തി ഗുണനിലവാര സാക്ഷ്യപത്രം നൽകുന്നുണ്ട്.

(ബി) കാലപ്പഴക്കത്താൽ ബലക്ഷയം നേരിടുന്നതും അറ്റകുറ്റപ്പണികൾ നടത്തി ഒരു നിലയിലും സംരക്ഷിക്കാൻ സാധിക്കുകയില്ലായെന്ന് തീർച്ചയുള്ളതുമായ കെട്ടിടങ്ങൾ മാത്രമാണ് പൊളിച്ചുനീക്കാൻ ശിപാർശ ചെയ്യാറുള്ളത്. അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി നിലനിർത്താൻ കഴിയുന്ന കെട്ടിടങ്ങൾ സംരക്ഷിച്ചു വരുന്നുണ്ട്.

(സി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന സർക്കാർ മന്ദിരങ്ങളുടെ പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ നിർമ്മിക്കുന്നതിനായി സ്ഥല പരിശോധന നടത്തിയശേഷം ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ചെയ്യാറുള്ളത്.

**ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ**

5 (5156) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സമിതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ യെന്നറിയിക്കാമോ;

(ബി) ജില്ലാ സമിതിക്ക് നിലവിൽ നൽകിയിട്ടുള്ള കടമകളും ചുമതലകളും വിപുലമാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സമിതിയുടെ മുൻപാകെ വരുന്ന വ്യാജ പരാതികളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കുന്നതിന് സമിതി എന്തെല്ലാം മുൻകരുതൽ സ്വീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 5-1-2016-ലെ സ.ഉ (കൈ) നമ്പർ 01/2018 /പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികൾ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പ്രവർത്തനം പ്രാഥമികമായി ആരംഭിച്ചിട്ടുമുണ്ട്.

(ബി) അത്തരത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പ്രായോഗിക സാധ്യതകൾകൂടി പരിഗണിച്ചതിനുശേഷം പരിശോധിക്കുന്നതാണ്.

(സി) പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഒരാൾക്ക് മാത്രമേ സമിതിക്കു മുമ്പാകെ പരാതി നൽകാനാവൂ. കൂടാതെ പ്രവൃത്തി നടന്നുവരുന്ന സമയത്തോ പ്രവൃത്തി പൂർത്തിയായി മൂന്ന് മാസത്തിനകമോ പരാതി സമർപ്പിക്കേണ്ടതാണെന്നും സൂചിപ്പിച്ചിരിക്കുന്നു. പരാതിയുടെ അടിസ്ഥാനത്തിലുള്ള പരിശോധനാ റിപ്പോർട്ടുകൾ സമിതി യോഗം വിശദമായി ചർച്ചചെയ്ത് പ്രവൃത്തിയിൽ അപാകതകളോ വലിയ ക്രമക്കേടുകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കേണ്ട നടപടി ശിപാർശയോടെ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയാണ് സമിതി ചെയ്യുന്നത്. സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നത് സർക്കാരാണ്. അതുകൊണ്ടുതന്നെ വ്യാജ പരാതികളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ തടസ്സപ്പെടാനുള്ള സാധ്യത പൊതുവിൽ ഉണ്ടാകുകയില്ല.

**റോഡ് ഫണ്ട് ബോർഡിന് കൈമാറിയ തുക**

6 (5157) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പെട്രോൾ, ഡീസൽ എന്നിവയിന്മേൽ അധികവിൽപ്പന നികുതിയായി ലിറ്ററിന് ഒരു രൂപയായി

നിശ്ചയിച്ച തീരുവയുടെ 50 ശതമാനം തുക റോഡ് ഫണ്ട് ബോർഡിന് അടിസ്ഥാന സൗകര്യവികസനത്തിന് കൈമാറുന്നതിന് 20-5-2015-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നോ;

(ബി) നിലവിൽ ഈ തുക റോഡ് ഫണ്ട് ബോർഡിന് ലഭിക്കുന്നുണ്ടോ; എങ്കിൽ 2016-17-ലും 2017-18-ലും എത്ര കോടി രൂപ ഈയിനത്തിൽ റോഡ് ഫണ്ട് ബോർഡിന് ലഭിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ച പെട്രോൾ, ഡീസൽ എന്നിവയിന്മേൽ അധിക വിൽപ്പന നികുതിയായി ലിറ്ററിന് ഒരു രൂപയായി നിശ്ചയിച്ച തീരുവയുടെ 50 ശതമാനം തുക റോഡ് ഫണ്ട് ബോർഡിന് കൈമാറുന്നതിന് 30-6-2015/സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 112/2015/ റ്റി.ഡി. പ്രകാരം തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത ഇനത്തിൽ കെ.ആർ.എഫ്.ബി.-ക്ക് ഇതുവരെ തുക ലഭ്യമായിട്ടില്ല.

**റോഡ് വെട്ടിപ്പൊളിക്കുന്നവർക്കെതിരെ നടപടി**

7(5158) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി ദേശീയപാതാവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറേയും സ്റ്റേറ്റ് ഹൈവേയുടേയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടേയും അതോറിറ്റിയായി നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4)

പ്രകാരം നിയമിച്ചുകൊണ്ട് 3-9-2016-ലെ സ.ഉ (കൈ.) നമ്പർ 63/2016 പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നവർക്കെതിരെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് പിഴ ഈടാക്കുന്നതിനും മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി അതത് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

നടപടികൾ

(a) അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിക്കാതിരുന്ന എഞ്ചിനീയർമാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(b) അനുവാദമില്ലാതെ റോഡുകൾ വെട്ടിപ്പൊളിച്ച കമ്പനികൾക്ക് പ്രവൃത്തി നടത്തുന്നതിനുള്ള അനുവാദം നൽകുന്നത് നിർത്തിവയ്പ്പിക്കുകയും ചെയ്തു.

**മലയോര ഹൈവേ**

8 (5159) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണ പദ്ധതിക്ക് എത്ര കോടി രൂപയുടെ ചെലവാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) മലയോര ഹൈവേ എത്ര റീച്ചുകളായാണ് നിർമ്മിക്കുന്നതെന്നും ഇതിൽ എത്ര റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിക്ക് കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഡി.പി.ആർ. തയ്യാറാക്കി നൽകിയ റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; അംഗീകാരം നൽകിയിട്ടില്ലെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മലയോര ഹൈവെയുടെ നിർമ്മാണ പദ്ധതിക്കായി 10-7-2017-ലെ G.O(Rt.) No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 3500 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ 26 റീച്ചുകൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു. ഇതുവരെ 20 റീച്ചുകളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) സമർപ്പിച്ച പദ്ധതികളിൽ തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലായി 4 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് പദ്ധതികളുടെ വിശദമായ സാങ്കേതിക പരിശോധന കിഫ്ബിയിൽ നടന്നുവരുന്നു.

## ടോൾ പിരിവ്

9 (5160) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പാതകളിലാണ് ഇപ്പോൾ ടോൾ പിരിവ് നടന്നുവരുന്നത്; ടോൾ പിരിവ് നടത്തുന്ന കമ്പനികൾ ഏതെല്ലാമാണെന്നും ടോൾ പിരിവിന്റെ കാലാവധി എന്ന് അവസാനിക്കും എന്നുമുള്ള വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പാതകൾക്ക് കാലാവധി കഴിഞ്ഞിട്ടും ടോൾപിരിവ് നീട്ടിനൽകിയിട്ടുണ്ട്;

(സി) കാലാവധി കഴിഞ്ഞ ടോൾ പിരിവുകൾ അവസാനിപ്പിക്കുവാൻ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

എ) നിലവിൽ പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ പാതകളിലൊന്നും തന്നെ ടോൾ പിരിവ് നടത്തുന്നില്ല. പാലങ്ങളുടെ ടോൾ പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കോട്ടയം ജില്ലയിലെ മുറിഞ്ഞപുഴ പാലത്തിന്റെ ടോൾ പിരിവ് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് നടത്തുന്നത്. നിർമ്മാണത്തുക പിരിഞ്ഞുകിട്ടുന്നതുവരെയാണ് ടോൾ പിരിവിന്റെ കാലാവധി.

2. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം-മായന്നൂർ-പഴയന്നൂർ-കൊണ്ടായി റോഡിൽ മായന്നൂർ പാലത്തിന്റെ ടോൾ പിരിവിനുള്ള ടെണ്ടറിലും ക്വട്ടേഷനിലും ആരും പങ്കെടുക്കാത്തതിനാൽ ടോൾ പിരിവ് നടക്കുന്നില്ല. ആർ.ബി.ഡി.സി.കെ. നിർമ്മിച്ച കടുക്കാംകുന്നം-പുലാമന്തോൾ എന്നീ പാലങ്ങളിൽ ആർ.ബി.ഡി.സി.കെ. തന്നെ ടോൾ പിരിവ് നടത്തിവരുന്നുണ്ട്.

3. മലപ്പുറം ജില്ലയിലെ തിരൂർ-കടലുണ്ടി റോഡിലെ കടലുണ്ടിക്കടവ് പാലത്തിന്റെ ടോൾ പിരിവിന് പുതിയ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് നേരിട്ട് ടോൾ പിരിക്കുന്നുണ്ട്.

4. കണ്ണൂർ ജില്ലയിലെ പയ്യട്ടം-ഇരിണാവ്-മാടക്കര റോഡിൽ മാട്ടൂൽ മാടക്കര പാലത്തിന്റെ ടോൾ പിരിവ് ശ്രീ. ഇ.വി. ചാക്കോ, ഉളിക്കൽ പോസ്റ്റ്, കണ്ണൂർ എന്നയാൾ മുഖാന്തരം പിരിക്കുന്നുണ്ട്.

ദേശീയപാതകളിൽ 100 കോടി രൂപയിലധികം ചെലവിൽ വികസനപ്രവർത്തനം നടത്തുമ്പോൾ യൂസർ ഫീ ബാധകമാണ്. യൂസർ ഫീ കേന്ദ്ര മന്ത്രാലയത്തിന്റെ ടോൾ ആക്ട് പ്രകാരമാണ് വസൂലാക്കുന്നത്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലാവധി കഴിഞ്ഞ പാതകൾക്ക് ടോൾ പിരിവ് നീട്ടിനൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള ടോൾ പിരിവ് നിർത്തലാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

### സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി

10 (5161) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി (എസ്.ആർ.ഐ.പി.) വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജ് വ്യക്തമാക്കുമോ; റീഹാബിലിറ്റേഷൻ പാക്കേജ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജ് വ്യക്തമാക്കുമോ; അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്റ്റേറ്റ് ഹൈവേകളും മേജർ ജില്ലാ റോഡുകളും പുനരുദ്ധരിക്കുന്നതിനുവേണ്ടി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആന്യുറ്റി മോഡിൽ രൂപംകൊടുത്ത പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി.). 2-2-2012-ലെ ജി.ഒ (എം.എസ്) നമ്പർ 15/2012/പൊ.മ.വ. ഉത്തരവ് പ്രകാരം സംസ്ഥാന റോഡു വികസന പദ്ധതി (എസ്.ആർ.ഐ.പി)-ക്ക് സർക്കാർ ഭരണാനുമതി നൽകുകയും സംസ്ഥാന റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ദൗത്യസ്ഥാപനമായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd.) എന്ന പേരിൽ കമ്പനി രൂപീകരിക്കുവാൻ അനുമതി നൽകുകയും ചെയ്തു. അതിൻ പ്രകാരം 19-3-2012 തീയതിയിൽ "കമ്പനീസ് ആക്ട് പ്രകാരം" റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. സംസ്ഥാന റോഡ് വികസനപദ്ധതി (എസ്.ആർ.ഐ.പി.)-യുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ റീ-ഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളാണ്. 6-12-2012-ലെ ജി.ഒ (എം.എസ്) നമ്പർ 91/2012/പൊ.മ.വ. ഉത്തരവ് പ്രകാരം പ്രസ്തുത പാക്കേജുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. റീഹാബിലിറ്റേഷൻ പാക്കേജിന് (551 കി.മീ) 892.11 കോടി രൂപയുടെ ഭരണാനുമതിയും അപ്ഗ്രഡേഷൻ പാക്കേജിന് 653 കി.മീ. റോഡ് പ്രവർത്തനത്തിന് ഉചിതമായ ധനകാര്യ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ റോഡ് വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും സർക്കാർ അനുമതി നൽകി.

(ബി) റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലം ഏറ്റെടുക്കാതെ നിലവിലുള്ള റോഡ് പുനരുദ്ധരിച്ച് പി.പി.പി. ആന്യുറ്റി മോഡിൽ ചെയ്യുന്നതാണ്. ഇതിൽ മൂന്ന് റീജിയണുകളിലായി താഴെപ്പറയും പ്രകാരം മൂന്ന് പാക്കേജുകളിലായി റോഡുകൾക്ക് M/s വിൽബർസ്മിത്ത് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ട്:

| പാക്കേജ് നമ്പർ | മേഖല | ജില്ല |
|---|---|---|
| പാക്കേജ്-I | വടക്ക് മേഖല | കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്, വയനാട് |
| പാക്കേജ്-II | മധ്യമേഖല | പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി |
| പാക്കേജ്-III | തെക്ക് മേഖല | ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം |

പ്രസ്തുത പാക്കേജുകളിൽ ഉൾപ്പെടുന്ന 34 റോഡുകളുടെ ആകെ 551.0 കി.മീ-ന്റെ ഡി.പി.ആർ. M/s വിൽബർസ്മിത്ത് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടൻസിയെക്കൊണ്ട് തയ്യാറാക്കുകയും 6-2-2012-ലെ ജി.ഒ (എം.എസ്)നമ്പർ 91/2012/പൊ.മ.വ ഉത്തരവ് പ്രകാരം 892.11 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. മൂന്ന് പാക്കേജുകളായി ടെണ്ടർ ചെയ്തെങ്കിലും ആന്യൂറ്റി തുക കൂടുതലായതിനാൽ തുടർനടപടികൾ സ്വീകരിച്ചില്ല. ഓരോ പാക്കേജിലും ഉൾപ്പെട്ട റോഡുകൾ താഴെ പറയുന്നവയാണ്.

<u>പാക്കേജ്-I വടക്ക് മേഖല</u>

1. വിദ്യാ നഗർ-മൈപ്പാടി- സീതാംഗോളി റോഡ്
2. ഉപ്പള-കനിയാന റോഡ്
3. ചൊവ്വര-മട്ടന്നൂർ റോഡ്
4. കൽപ്പറ്റ-വരംപെറ്റ റോഡ്
5. കോഴിക്കോട്-ബാലുശ്ശേരി റോഡ്
6. ബേപ്പൂർ-കോഴിക്കോട് റോഡ്
7. പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡ്
8. വേങ്ങര-എടരിക്കോട് റോഡ്
9. മുട്ടിക്കടവ്-സ്റ്റേറ്റ് ബോർഡർ (നിലമ്പൂർ LAC)
10. ഇടക്കര-പാലോട്-മരുത-മഞ്ഞക്കോട് റോഡ്
11. പാലുണ്ട-പുതുകാട്-മുണ്ടേരി റോഡ്

<u>പാക്കേജ് II മധ്യമേഖല</u>

1. കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ്
2. തൃശ്ശൂർ-മണ്ണുത്തി റോഡ്
3. വൈപ്പിൻ-പള്ളിപ്പുറം റോഡ്
4. എറണാകുളം-തേക്കടി റോഡ്-മൂവാറ്റുപുഴ
5. എറണാകുളം-തേക്കടി റോഡ്-തോട്ടക്കര
6. മൂവാറ്റുപുഴ-തേനി റോഡ്

7. യു.സി. കോളേജ്-തടിക്കടവ്-പരവൂർ-എയർപോട്ട് റോഡ്

8. തോട്ടക്കാട്ടുകര-കോൺഗ്രപ്പിള്ളി റോഡ്

9. കൊടുങ്ങല്ലൂർ അമ്പലം- ഇല്ലൂർക്കര-ആല്വപ്പുറം റോഡ്

10. കൂത്താട്ടുകുളം-പാണ്ടപ്പിള്ളി റോഡ്

11. ഇരൂർ-മണക്കാപ്പടി റോഡ്

12. തട്ടമംഗലം-നാറ്റുകൾ റോഡ്

പാക്കേജ്-III-തെക്ക് മേഖല

1. ആലപ്പുഴ-മധുര റോഡ്

2. കൊല്ലം-ആയൂർ റോഡ്

3. ഈരാറ്റുപേട്ട-പീരുമേട് റോഡ്

4.ശബരിമല-കൊടൈക്കനാൽ റോഡ്

5. പൈക-പിറവിത്താനം റോഡ്

6.തിരുവല്ല-മല്ലപ്പള്ളി റോഡ്

7.കോട്ടയം-കോഴഞ്ചേരി റോഡ്

8. മണ്ണൂർക്കോണം-കാണിക്കാപ്പെട്ടി റോഡ്

9. വിതുര-ബോണക്കാട് റോഡ്

10. വെള്ളനാട്-ആര്യനാട്-ചെറ്റച്ചൽ റോഡ്

11. ആറാട്ടുക്കുഴി-അമ്പൂരി-നെയ്യാർഡാം റോഡ്

അതിനുശേഷം പൈലറ്റ് പ്രോജക്ടായി ഈ മൂന്ന് റീജിയണുകളിലായി ഉൾകൊള്ളുന്ന അഞ്ച് റോഡുകൾ താഴെപ്പറയും പ്രകാരം പുനരുദ്ധാരണ പ്രവർത്തികൾക്കായി സർക്കാർ അനുമതി നൽകി (22-05-2015-ലെ ജി.ഒ (എം.എസ്)നമ്പർ 43/2015/പൊ.മ.വ.)

പാക്കേജ് (എ)

1. വിദ്യാനഗർ-സീതാംഗോളി റോഡ്

2. ഉപ്പള-കനിയാന റോഡ്

3. താഴെചൊവ്വ-മട്ടന്നൂർ റോഡ്

പാക്കേജ് (ബി)

1. വെള്ളനാട്-ചെറ്റച്ചൽ റോഡ്

2. കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്

പാക്കേജ്(എ)-യിലേയും പാക്കേജ് (ബി)-യിലേയും മൊത്തം 106.20 കി.മീ റോഡുകൾക്കാണ് അനുമതി ലഭിച്ചത്. എന്നാൽ പാക്കേജ് (എ)-ൽ വന്ന താഴെ ചൊവ്വ-മട്ടന്നൂർ റോഡ് നാഷണൽ ഹൈവേയുടെ ഭാഗം ആയതിനാൽ പാക്കേജ് (എ) മോഡിഫൈഡ് ചെയ്ത ഉപ്പള-കനിയാന റോഡും വിദ്യാനഗർ-സീതാംഗോളി റോഡും ചേർന്ന് മോഡിഫൈഡ് ചെയ്ത പാക്കേജ് (എ)-യും പാക്കേജ് (ബി)-യും ടെണ്ടർ ചെയ്തു പാക്കേജ് (എ) ഒരു വർഷത്തെ പ്രവൃത്തി കാലാവധിയും 14 വർഷത്തെ പരിപാലനവും അടങ്ങുന്ന കരാർ M/s റോഹൻ രാജ്ദീപ് കേരള റോഡ് പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനി ഏറ്റെടുക്കുകയും ഒരു വർഷംകൊണ്ട് പ്രവൃത്തി പൂർത്തിയാക്കി നവംബർ 2017-ന് ട്രാഫിക്കിന് തുറന്നു കൊടുക്കുകയും ചെയ്തു.

പാക്കേജ്-ബി M/s ഇൻകെൽ ഇ.കെ.കെ. റോഡ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി 2 വർഷത്തെ നിർമ്മാണവും 13 വർഷത്തെ പരിപാലനവും ഏറ്റെടുത്തു. നിർമ്മാണ കാലാവധിയായ 2018 ആഗസ്റ്റിൽ പണി പൂർത്തീകരിക്കുന്നതുമാണ്.

(സി) അപ്ഗ്രഡേഷൻ പാക്കേജിൽ നാല് പാക്കേജുകളിലായി വരുന്ന റോഡുകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുള്ളത് M/s ഈജിസ് ഇന്ത്യ കൺസൾട്ടിംഗ് എൻജിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ്. ഓരോ പാക്കേജിലും ഉൾപ്പെട്ട റോഡുകൾ താഴെപ്പറയുന്നവയാണ്.

പാക്കേജ് -I

1. ഹോസ്ദുർഗ്-പനത്തൂർ റോഡ്

2. പുതിയങ്ങാടി-ചൊവ്വര റോഡ്

3. പാലക്കാട്-പെരിന്തൽമണ്ണ റോഡ്

4. മലപ്പുറം-പരപ്പനങ്ങാടി റോഡ്

5. കുളത്തൂർ-മലപ്പുറം റോഡ്

പാക്കേജ് -II

1. പാലക്കാട്-പെരിന്തൽമണ്ണ റോഡ്

2. ഒറ്റപ്പാലം-മണ്ണാർക്കാട് റോഡ്

3. ചാവക്കാട്-വടക്കാംചേരി റോഡ്

4. ആംബല്ലൂർ-പാലപ്പിള്ളി റോഡ്

5. ആലുവ-മൂന്നാർ റോഡ്

6. മുട്ടാർ-മഞ്ഞുമ്മൽ-ഫാക്ട്-കളമശേരി റോഡ്

<u>പാക്കേജ്-III</u>

1. വൈക്കം-ഏറ്റുമാനൂർ റോഡ്

2.പാമ്പാടി ദയാറ-ലക്കത്തൂർ-മാട്ടക്കര റോഡ്

3. മുത്തൊളി-പാല-ഭരണങ്ങാനം റോഡ്

4.അമ്പലപ്പുഴ-തിരുവല്ല റോഡ്

5. തിരുവല്ല-കുമ്പഴ റോഡ്

6. തിരുവനന്തപുരം-തെന്മല റോഡ്

7. കൊട്ടാരക്കര-കരുനാഗപ്പള്ളി റോഡ്

8. ബാലരാമപുരം-വിഴിഞ്ഞം റോഡ്

9. കരമന-വെള്ളറട റോഡ്

10. വഴിമുക്ക്-നെല്ലിമൂട്-പൂവ്വാർ റോഡ്

11. അറകുഴ-മീൻകുന്നം റോഡ്

12. മൂവാറ്റുപുഴ-പാണ്ടപ്പള്ളി പാറക്കടവ് റോഡ്

13. കൂത്താട്ടുകുളം-പാണ്ടപ്പള്ളി റോഡ്

<u>പാക്കേജ് IV</u>

1. എറണാകുളം-തേക്കടി റോഡ്

2. മാളികക്കടവ്-പതിയപള്ളി-കല്യങ്ങൽക്കടവ്-കോടിമാത

3. മാവേലിക്കര-കോഴഞ്ചേരി റോഡ്

4. അടൂർ-ആനന്ദപ്പള്ളി റോഡ്

5. ആയൂർ-പുനലൂർ റോഡ്

6. ആറ്റിങ്ങൽ-നെടുമങ്ങാട് റോഡ്

7. മണ്ണന്തല-വെഞ്ഞാറമ്മൂട് റോഡ്

മേൽ 31 റോഡുകൾക്ക് (M/s ഈജിസ് ഇന്ത്യ കൺസൾട്ടിംഗ് എഞ്ചിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്) 6-2-2012-ലെ ജി.ഒ (എം.എസ്)നമ്പർ 91/2012/പൊ.മ.വ. ഉത്തരവ് പ്രകാരം ഉചിതമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി പുനരുദ്ധരിക്കണമെന്നാണ് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത്.

മുകളിൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്തിരുന്നുവെങ്കിലും 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ താഴെപ്പറയുന്ന 4 റോഡുകളുടെ വികസന പ്രവൃത്തികൾ പ്രഖ്യാപിക്കുകയുണ്ടായി.

1. കരമന-വെള്ളറട റോഡ്(36.00 കി.മീ)
2. ആലപ്പുഴ-തണ്ണീർമുക്കം മധുര റോഡ് (23.60 കി.മീ)
3. വൈപ്പിൻ-മുനമ്പംറോഡ് (25.50 കി.മീ)
4. പള്ളിക്കുട്ടമ്മ-പുളിങ്കുന്ന് കണ്ണാടി-തട്ടാശ്ശേരി ഉരുത്തി റോഡ് (31.87 കി.മീ)

ഇതിൽ കരമന വെള്ളറട റോഡിന് പൊന്നുംവിലയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 21.448 കോടി രൂപയ്ക്ക് 15-2-2016-ലെ ജി.ഒ. (ആർ.ടി) നമ്പർ 355/2016/പൊ.മ.വ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. 10-11-2017-ലെ ജി.ഒ (ആർ.ടി)നമ്പർ 1675/2017/പൊ.മ.വ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന 3 റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ വർക്കിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

1. വൈപ്പിൻ മുനമ്പം റോഡ്
2. ആലപ്പുഴ തണ്ണീർമുക്കം മധുര റോഡ്
3. നെടുങ്ങാനപ്പള്ളി-പുല്ലാട് റോഡ്

(ഡി) 2013-ൽ M/s ഈജിസ് ഇന്ത്യ കൺസൾട്ടിംഗ് എഞ്ചിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ. മേൽപ്പറഞ്ഞ റോഡുകൾക്കുണ്ടെങ്കിലും നിലവിലെ റേറ്റിലേക്ക് പുതുക്കുന്ന നടപടികൾ പൂർത്തീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിലെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് (പി.പി.യു) മുഖേനയാണ് ഡി.പി.ആർ. പുതുക്കുന്നത്.

## ഫുട്പാത്തുകൾ

11 (5162) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല റോഡുകൾക്കും ഫുട്പാത്ത് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫുട്പാത്തുകൾ നിർബന്ധമായും റോഡ് നിർമ്മാണത്തിന്റെ ഭാഗമാക്കാമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കാൽനടയാത്രക്കാർക്കായി റോഡുകളിൽ സ്ഥല ലഭ്യതയനുസരിച്ച് കാൽനടയാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ ഫുട്പാത്തുകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാൽനടയാത്രക്കാർ കൂടുതലില്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ ഇരുവശങ്ങളിലും ഷോൾഡറുകളുണ്ട്. റോഡുകളുടെ നവീകരണത്തോടൊപ്പം സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ നടപ്പാതകൾകൂടി ഉൾപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകി വരുന്നത്. കെ.ആർ.എഫ്.ബി, കെ.എസ്.ടി.പി, റിക് എന്നിവരുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തുന്ന വൻകിട വികസന പ്രവൃത്തികളിൽ ആവശ്യമുള്ള ഭാഗങ്ങളിൽ ഇത്തരം ഫുട്പാത്തുകളും മറ്റും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും പരമാവധി ഫുട്പാത്തുകൾ നിർമ്മിക്കുന്നുണ്ട്.

ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിൽ തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നൽകിയിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻപ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നിർമ്മിച്ചുവരുന്നുമുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതകൾ നാലുവരിയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനടയാത്രക്കാരുടെ സുരക്ഷയും ഉറപ്പുവരുത്തുന്നുണ്ട്.

## പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ അറ്റകുറ്റപ്പണി

12 (5163) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ അറ്റകുറ്റപ്പണി മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കണമെന്ന് നിർദ്ദേശം നല്കിയിരുന്നോ; അതിന് എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) റോഡ് പണിയുവാനുള്ള മെറ്റലിന്റെയും പാറയുടെയും ക്ഷാമം ഇതിന് തടസ്സമാകുന്നുണ്ടോ; ഇത് അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് നടത്തിയ യോഗത്തിലെ തീരുമാനംമൂലം ഫലപ്രാപ്തിയുണ്ടായിട്ടുണ്ടോ;

(ഡി) നിലവിലെ പ്രതിസന്ധി എങ്ങനെ മറികടക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്എന്നറിയിക്കാമോ ?

### ഉത്തരം

(എ) പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ അറ്റകുറ്റപണി മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിരുന്നു. ഇതിനായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ റോഡുകളുടെ അറ്റകുറ്റപണികൾക്കായി സർക്കാർ 2017-18 സാമ്പത്തിക വർഷം 21.75 കോടി രൂപയും ദേശീയപാത വിഭാഗത്തിനായി 5.0486 കോടി രൂപയും അനുവദിച്ച് പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. റോഡ് പണിയുവാനുള്ള മെറ്റലിന്റേയും പാറയുടേയും ക്ഷാമം നിർമ്മാണ പ്രവർത്തനങ്ങളിൽ ചിലത് സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കിയിട്ടുണ്ട്.

(സി&ഡി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ നികുതി ഇളവ് വരുത്തി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാലങ്ങൾ

13 (5164) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എത്ര പാലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളിൽ ഈ സർക്കാർ കാലയളവിൽ നടത്തിയ പരിശോധനകളിൽ ബലമുള്ളവ/അറ്റകുറ്റപ്പണി അനിവാര്യമായവ/ ബലപ്പെടുത്തേണ്ടവ/വീതി കൂട്ടൽ ഉൾപ്പെടെ പുനർനിർമ്മാണം വേണ്ടവ/ ഒഴിവാക്കേണ്ടവ എന്നിവ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പാലങ്ങൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം സാങ്കേതികോപദേശങ്ങൾ തേടിയെന്ന് വിശദമാക്കാമോ;

(ഡി) ഇവയിൽ ബലപ്പെടുത്തിയാൽ നിലനിൽക്കുന്ന പഴയ പാലങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഉപയോഗശൂന്യമായ പഴയ പാലങ്ങൾ ഒഴിവാക്കുവാനുള്ള എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ നിയന്ത്രണത്തിൽ 2529 പാലങ്ങളുണ്ട്.

(ബി) പ്രസ്തുത പാലങ്ങളിൽ ഈ സർക്കാർ കാലയളവിൽ നടത്തിയ പരിശോധനകളിൽ 633 പാലങ്ങൾ അറ്റകുറ്റപ്പണികൾ ആവശ്യമില്ലാത്തതും ബലമുള്ളവയാണെന്നും 162 പാലങ്ങൾ വീതി കൂട്ടൽ ഉൾപ്പെടെ പുനർ നിർമ്മിക്കേണ്ടതാണെന്നും 208 പാലങ്ങൾ പുനഃപരിശോധനയ്ക്കുശേഷം പുനർ നിർമ്മാണമോ/പുനരുദ്ധാരണമോ (ഹെവി-മെയിന്റനൻസ്) വേണ്ടിവരുമെന്നും ബാക്കിയുള്ള പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്ത് പാലങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച് വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. പരിശോധന നടത്തിയതിൽ 208 പാലങ്ങൾക്ക് പുനരുദ്ധാരണമോ/ഹെവി മെയിന്റനൻസോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പാലങ്ങളിൽ കൂടുതൽ പരിശോധന നടത്തി പുനർനിർമ്മാണം ആവശ്യമായിട്ടുള്ളവ കണ്ടെത്തേണ്ടതായിട്ടുണ്ട്. മേൽ പറഞ്ഞ പാലങ്ങളിൽ പുനർ നിർമ്മാണം ആവശ്യമായതൊഴികെയുള്ള പാലങ്ങൾ ബലപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്.

(ഇ) നിലവിൽ ഉപയോഗശൂന്യമായ പാലങ്ങളിൽ ചിലത് പൊളിച്ചുമാറ്റി നീക്കേണ്ടതാണ്. എന്നാൽ ചിലത് ചെറുവാഹനങ്ങൾക്ക് കടന്നുപോകാനായി ഉപയോഗപ്പെടുത്താം. ചില പാലങ്ങൾ ഹെറിറ്റേജ് പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിച്ച് സൂക്ഷിക്കേണ്ടതായും വരും.

## ദേശീയ പാത വികസനം

14 (5165) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് അന്തിമ വിജ്ഞാപനം വന്നതിനുശേഷവും വികസനത്തിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## ദേശീയ പാതകൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാരം

15 (5166) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാതകൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ 2013-ൽ കേന്ദ്രത്തിൽ നിലവിൽവന്ന എൽ.എ. ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകുവാനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ദേശീയ പാതയ്ക്കായി ഏറ്റെടുത്ത സ്ഥലങ്ങളുടെ അൻപത് മീറ്റർ പരിധിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുകയില്ല എന്ന രീതിയിൽ വ്യാപകമായി നടക്കുന്ന പ്രചരണം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ ഒരു വിശദീകരണം നൽകുമോ;

(സി) ദേശീയപാതകൾക്കിരുവശവും വർഷങ്ങളായി കെട്ടിടം വാടകയ്ക്കെടുത്ത് വ്യാപാരം നടത്തുന്നവരെ സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി ഒഴിപ്പിക്കുമ്പോൾ അവർക്ക് എങ്ങനെയാണ് നഷ്ടപരിഹാരം ലഭിക്കുക എന്നതിന്റെ വിശദീകരണം നൽകുമോ?

<u>ഉത്തരം</u>

(എ) RFCTLARR Act 2013 പ്രകാരമാണ് ദേശീയപാതകൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. പ്രസ്തുത നിയമത്തിന്റെ ഒന്നാം ഷെഡ്യൂൾ നഷ്ടപരിഹാര നിർണ്ണയത്തിനും രണ്ടാം ഷെഡ്യൂൾ പുനരധിവാസ പുനഃസ്ഥാപന (Rehabilitation and Settlement) പ്രവൃത്തികൾക്കും മൂന്നാം ഷെഡ്യൂൾ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും ബാധകമാണ്. ദേശീയപാതാ വികസനത്തിനായി (NH Act 1956)ഭൂമി ഏറ്റെടുക്കലിന് RFCTLARR Act 2013 ബാധകമാണ്. LARR Act 2013 പ്രകാരം ഔദ്യോഗിക കമ്പോളവിലയെ അർബൻ മേഖലയിൽ നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 2 വരെയുള്ള സംഖ്യകൊണ്ട് ഗുണിച്ച് കിട്ടുന്ന തുക കണ്ടെത്തി, അത്രയും തുക കൂടി സാന്ത്വന പരിഹാരമെന്ന രീതിയിൽ കൂട്ടിച്ചേർക്കുന്നതാണ് നഷ്ടപരിഹാരത്തുക. ഇതിന്റെകൂടെ കെട്ടിടങ്ങളോ മറ്റ് നിർമ്മിതികളോ ഉണ്ടെങ്കിൽ അവ നിലവിൽ നിർമ്മിക്കാനാവശ്യമായ തുകയും കണക്കാക്കി നൽകുന്നതാണ്. 3 A വിജ്ഞാപനം ഇറങ്ങിയ തീയതി മുതൽ ഭൂമിയുടെ അവകാശം കൈമാറിക്കിട്ടുന്നതുവരെയോ അല്ലെങ്കിൽ അവാർഡ് തുക നൽകുന്നതുവരെയോ (ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ) 12 ശതമാനം അധികതുകയും നൽകുന്നതാണ്.

(ബി) ദേശീയപാതയിൽനിന്നും എത്ര മീറ്റർ അകലം പാലിക്കണമെന്ന് നിശ്ചയിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തെ ജനസാന്ദ്രതയും വാഹന സാന്ദ്രതയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ദേശീയപാതയുടെ വികസനവും കൂടി കണക്കിലെടുത്താണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകാറുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള ബിൽഡിംഗ് റൂളുകളനുസരിച്ച് അനുവാദം നൽകേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്.

(സി) RFCTLARR Act 2013-ന്റെ രണ്ടാം ഷെഡ്യൂളിലെ പുനരധിവാസ പുനഃസ്ഥാപന (Rehabilitation and Resettlement) പാക്കേജ് പ്രകാരമാണ് ദേശീയപാതകൾക്കിരുവശവും വർഷങ്ങളായി കെട്ടിടം വാടകയ്ക്കെടുത്ത് വ്യാപാരം നടത്തുന്നവരെ സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി ഒഴിപ്പിക്കുമ്പോൾ അവർക്ക് നഷ്ടപരിഹാരം നൽകുന്നത്.

**ദേശീയപാത വികസന പദ്ധതികൾ**

16 (5167) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

കേരളത്തിലെ ദേശീയ പാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളിവരേയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച് 66) 45 മീറ്റർ ROW യിൽ 4/6 വരി പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല NHAI-ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി, മാഹി എന്നീ ബൈപ്പാസുകളുടെ നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്.

കൂടാതെ 2017-18 സാമ്പത്തിക വർഷങ്ങളിൽ വാർഷിക പദ്ധതിയിൽ 478 കോടി രൂപയുടെ ദേശീയപാത വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ പ്ലാൻ ഫണ്ടിൽ 473 കോടി രൂപയ്ക്ക് അനുമതി ലഭിച്ചു. പുതിയ ദേശീയപാതയുടെ ഡി.പി.ആർ. തയ്യാറാക്കാനും എൻ.എച്ച്. 220 (പുതിയ എൻ.എച്ച് 183) രണ്ടു വരിപ്പാതയായി വികസിപ്പിക്കാനും എൻ.എച്ച്. 183 എ, എൻ.എച്ച്. 213, എൻ.എച്ച്. 185, എൻ. എച്ച് 49, എൻ.എച്ച്. 212, എൻ.എച്ച്. 47 എ, എൻ.എച്ച്. 220 എന്നിവയുടെ പുനരുദ്ധാരണം നടത്തുന്നതിനായും എൻ.എച്ച് 49-ലെ പെരുമാറ്റം പാലം നന്നാക്കുന്നതിനുമാണ് തുക ലഭിച്ചിരിക്കുന്നത്.

കേന്ദ്ര സർക്കാർ അനുമതി നൽകിയതനുസരിച്ച് സംസ്ഥാനത്തെ മറ്റെല്ലാ ദേശീയപാതകളും(എൻ.എച്ച് 49, എൻ.എച്ച് 208, എൻ.എച്ച് 212, എൻ.എച്ച് 213, എൻ.എച്ച് 220, എൻ.എച്ച് 183 എ, എൻ.എച്ച് 185 എ) എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ഇതിൽ പാലക്കാട് ജില്ലയിലെ നാട്ടുകാൽ

മുതൽ ചന്ദ്രനഗർ വരെയുള്ള 46.72 കി.മീറ്റർ ഇടുക്കി ജില്ലയിലെ മൂന്നാർ മുതൽ ബോഡിമെട്ട് വരെയുള്ള 42.28 കി.മീറ്ററിന്റേയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.

ദേശീയപാതയായി കേന്ദ്രത്തിൽനിന്നും തത്വത്തിൽ അംഗീകരിച്ചുകിട്ടിയ 12 റോഡ് സ്ട്രച്ചുകളുടെ സാധ്യതാ പഠനത്തിനും വികസനത്തിനും വേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

## വേങ്ങര നിയോജകമണ്ഡലത്തിൽ റെസ്റ്റ് ഹൗസ്

17 (5168) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ ഗസ്റ്റ്ഹൗസോ റെസ്റ്റ് ഹൗസോ ഇല്ലാത്തതിനാൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും യാത്രികരും അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഗണിച്ച് പുതിയ റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ.

(ബി) ഇല്ലെങ്കിൽ അടിയന്തരമായി ഒരു റെസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) 2018-19 ബജറ്റിൽ വേങ്ങര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് സ്ഥാപിക്കാൻ ടോക്കൺ പ്രൊവിഷൻ നൽകി പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥല ലഭ്യതയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം നൽകിയാൽ റെസ്റ്റ് ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

18 (5169) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെസ്റ്റ് ഹൗസുകളിലെത്തുന്ന അതിഥികളോടുള്ള ജീവനക്കാരുടെ സമീപനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ അതിഥികളെ ആകർഷിക്കുന്ന തരത്തിൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റെസ്റ്റ് ഹൗസുകളിലെ നിലവിലെ ജീവനക്കാർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാനും അതിഥി സൽക്കാരം, ഹൗസ് കീപ്പിംഗ്, ശുചിത്വം, കാറ്ററിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യഘട്ടമായി കേരള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി യോജിച്ച് റെസ്റ്റ് ഹൗസ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ റെസ്റ്റ് ഹൗസ് ജീവനക്കാർ പാലിക്കേണ്ട കടമകളെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും കർശനമായ നിർദ്ദേശങ്ങൾ നൽകുകയും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി മേൽനോട്ടം നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ അതിഥികളെ ആകർഷിക്കുന്ന തരത്തിൽ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. റെസ്റ്റ് ഹൗസുകളെ ക്ലാസ്സ് I (31 എണ്ണം), ക്ലാസ്സ് II (122 എണ്ണം) വിഭാഗങ്ങളായി തരംതരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാസ്സ് III ഒഴിവാക്കിയിട്ടുണ്ട്.

2. ക്യാൻറ്റീൻ സൗകര്യമുള്ള എല്ലാ റെസ്റ്റ് ഹൗസുകളിലും ക്യാന്റീൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ചുറ്റുമതിലില്ലാത്ത വിശ്രമ മന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തി കല്ലുകളോ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു.

4. വിശ്രമ മന്ദിരങ്ങളുടെ പരിസരവും അകവും വൃത്തിയായി സംരക്ഷിക്കുന്നുണ്ട്.

5. ജീവനക്കാരുടെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും താൽക്കാലികമായും ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.

6. റെസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ റെസ്റ്റ് ഹൗസിൽ 70 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൈക്കാട് റെസ്റ്റ് ഹൗസിൽ 10 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പാലക്കാട് ഡിവിഷനുകീഴിൽ 4 റെസ്റ്റ് ഹൗസുകളിൽ പ്രവൃത്തികൾ

പുരോഗമിച്ചുവരുന്നു. കാസർഗോഡ് വിശ്രമ കേന്ദ്രത്തിന്റെ സുതാര്യവൽക്കരണവും കാഞ്ഞങ്ങാട് വിശ്രമകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയവും പരിഗണനയിലുണ്ട്. ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്ന കമ്പള റെസ്റ്റ് ഹൗസിന് പുതിയ കെട്ടിടത്തിനുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്.

7. റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
8. 2016-17, 2017-18 എന്നീ കാലയളവിൽ നവീകരണ പ്രവൃത്തികൾക്കും പുതിയ നിർമ്മാണത്തിനുമായി 33 പ്രവൃത്തികൾക്ക് 47.16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.
9. 1-1-2018 മുതൽ എല്ലാ റെസ്റ്റ് ഹൗസ് ജീവനക്കാർക്കും സർക്കാർ ഗസ്റ്റ് ഹൗസുകളിലെ സമാന തസ്തികകളിലെ ജീവനക്കാരുടേത് പോലെയുള്ള യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.

### ഹരിപ്പാട് മണ്ഡലത്തിലെ റെസ്റ്റ് ഹൗസിന്റെ നവീകരണം

19 (5170) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിന്റെ നവീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിന്റെ നവീകരണത്തിന് 10.89 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിശ്രമ മന്ദിരങ്ങൾ

20 (5171) ശ്രീ. എസ്. ശർമ്മ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള വിശ്രമ മന്ദിരങ്ങളുടെ സ്ഥിതി പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; മികച്ച വാസ സ്ഥലങ്ങൾ എന്ന നിലയിലേക്ക് ഇവയെ ഉയർത്താൻ പദ്ധതിയുണ്ടോ;

(ബി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി എത്തുന്ന ഉദ്യോഗസ്ഥർ ഇല്ലാത്തപ്പോൾ പൊതുജനങ്ങൾക്കും ഇവ ഉപയോഗിക്കാമെങ്കിലും ഒഴിവുള്ളപ്പോൾപ്പോലും പൊതുജനങ്ങൾക്ക് മുറി അനുവദിക്കാൻ ഉദ്യോഗസ്ഥർ വൈമുഖ്യം കാണിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പ് പാട്ടത്തിന് നൽകിയ മൂന്നാർ, ആലുവ വിശ്രമമന്ദിരങ്ങൾ സ്വകാര്യ വ്യക്തികൾ ദുരുപയോഗം ചെയ്യുന്നത് പരിഗണിച്ച് തിരികെയെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പാട്ടവ്യവസ്ഥകൾ എന്തൊക്കെയായിരുന്നു;വിശദമാക്കാമോ;

(ഡി) കുറ്റാലം വിശ്രമ മന്ദിരം സ്വകാര്യ വ്യക്തികൾ കൈക്കലാക്കാൻ നടത്തിയ നീക്കം തടയാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധനാവിധേയമാക്കിയിട്ടുണ്ട്. മികച്ച വാസസ്ഥലങ്ങൾ എന്ന നിലയിലേക്ക് വിശ്രമ മന്ദിരങ്ങളെ ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. 2016-17, 2017-18 കാലയളവിൽ റെസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും പുതിയ നിർമ്മാണ പ്രവൃത്തികൾക്കുമായി 47.16 കോടി രൂപയ്ക്ക് 33 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും അവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.

(ബി) പൊതുജനങ്ങൾക്ക് റെസ്റ്റ് ഹൗസിന്റെ മുറി ഒഴിവുള്ളപ്പോൾ അനുവദിക്കുന്നുണ്ട്. ബുക്കിംഗിന്റെ ക്രമം അനുസരിച്ച് എല്ലാ വിഭാഗത്തിലുള്ളവർക്കും കൃത്യമായി അനുവദിച്ച് നൽകുന്നു.

(സി) മൂന്നാർ റെസ്റ്റ് ഹൗസിന്റെ പ്രവർത്തനം പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ കൊണ്ടുവരുന്നതിനായി ബഹു. ഹൈക്കോടതിയിൽ കേസ് നടന്നു വരികയാണ്. ഇതിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ച പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കാട്ടിയത്, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നേരിട്ട് കണ്ട് ബോധ്യപ്പെട്ടു. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്ത് അന്വേഷിച്ചു വരികയാണ്. കൂടാതെ സ്വകാര്യ ഉടമ സർക്കാർ വക 3 മുറികൾ

കയ്യേറിയതിനെതിരെ ക്രിമിനൽ കേസെടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്ത ഈ പ്രവൃത്തി ഈ സർക്കാർ വന്നിട്ടും തുടർന്നത് മന്ത്രി ഇടപെട്ട് കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ താളംതെറ്റിയ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി തിരുത്തി വരുന്നു. സ്വകാര്യ വ്യക്തികൾക്ക് ROMT വ്യവസ്ഥയിൽ പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് നൽകുന്നതിന്റെ ഭാഗമായി 3-1-2003-ൽ കേരള സർക്കാർ ശ്രീ. എം.എൻ സതീഷ് കുമാറുമായി 30 വർഷത്തേക്ക് ആലുവ റെസ്റ്റ് ഹൗസ് പാട്ടത്തിന് നൽകുന്ന കരാറിൽ ഒപ്പുവച്ചു. കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയത് കാരണം പാട്ടക്കാരന് Termination Notice 16-4-2015-ന് സർക്കാർ അയയ്ക്കുകയും ഇതിനെതിരെ Termination സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ പാട്ടക്കാരൻ WP(C)No. 3963/15 കേസ് ഫയൽ ചെയ്യുകയും ഇടക്കാല ഉത്തരവ് നേടുകയും ചെയ്തു. ആയതിനെതിരെ സ്റ്റേ Vacate ചെയ്യാൻ ബഹു. ഹൈക്കോടതിയിൽ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ പാട്ടക്കാരൻ അടക്കേണ്ട തുക വർഷാവർഷം അടച്ച് വരുന്നുണ്ട്. ഉടമ്പടി പ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. റെസ്റ്റ് ഹൗസുകളുടെ പൂർണ്ണ സംരക്ഷണ ചുമതല കരാർ ഉടമ്പടി അവസാനിക്കും വരെ പാട്ടക്കാരനിൽ നിക്ഷിപ്തമാണ്.

2. തൊഴിൽ ദാതാവിൽ നിന്നോ തൊഴിലാളികളിൽ നിന്നോ പൊതുമരാമത്ത് വകുപ്പിനുണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും പരിപൂർണ്ണമായ ഉത്തരവാദിത്വം പാട്ടക്കാരനാണ്.

3. റെസ്റ്റ് ഹൗസുകളുടെമേൽ യാതൊരുവിധ കൈയ്യേറ്റങ്ങളും നടത്തരുതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. റെസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട എല്ലാവിധ നികുതികളും ചാർജ്ജുകളും പാട്ടക്കാരൻ ഒടുക്കേണ്ടതാണ്.

5. കരാർ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളതും സർക്കാരിലേക്ക് ഒടുക്കേണ്ടതുമായ തുക അതത് മാസം തന്നെ ഒടുക്കേണ്ടതാണ്. താമസം വരുത്തുന്നപക്ഷം പിഴയോട് കൂടി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

വൈക്കം റെസ്റ്റ് ഹൗസ് തിരിച്ചുപിടിച്ചിട്ടുണ്ട്. ശബരിമല പിൽഗ്രിം സെന്റർ ചിലർ കൈവശപ്പെടുത്തിയതിനെ സംബന്ധിച്ച് കേസ് നടന്നു വരുന്നു.

(ഡി) കുറ്റാലം കൊട്ടാരത്തിന് പോലീസ് പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണനിയന്ത്രണത്തിലാണ്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ-കം-ഗാർഡനർമാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള സംരക്ഷണ ഭിത്തിക്കുപുറമേ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ ഫെൻസിംഗ് ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പാലസിന്റെ രാജകീയപ്രൗഢി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. പാലസ് സൂപ്രണ്ട് എന്ന തസ്തികയിൽ ഇരുന്ന ശ്രീ. പ്രഭു ദാമോദരൻ കൊട്ടാരം തട്ടിയെടുക്കാൻ പ്രാദേശിക സാമൂഹ്യ വിരുദ്ധരെ ഉപയോഗിച്ച് ശ്രമിച്ചുവന്നിരുന്നു. ക്രമക്കേടുകളുടെ പേരിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കൊട്ടാരത്തിലെ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാനുള്ള നടപടികൾ നടന്നു വരികയുമാണ്. കൊട്ടാരം സംരക്ഷിക്കുന്നതിനായി ഇപ്പോൾ ശക്തമായ നിലപാട് എടുത്തുവരുന്നു. കുറ്റാലം പാലസിന്റെ 2017-2018 -ലെ ഭൂനികുതി 9-3-2018-ൽ അടച്ചിട്ടുണ്ട്.

## ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ

21(5172) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കൂടുതൽ ഡിസൈൻ യൂണിറ്റുകൾ ആരംഭിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ ശക്തിപ്പെടുത്താൻ നടപടികൾ ഉണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 23-2-2017-ലെ ജി.ഒ (എം.എസ്) 15/2017/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ആയതിൻ പ്രകാരം, കോഴിക്കോട്ടും എറണാകുളത്തും പുതിയ റീജിയണൽ ഡിസൈൻ യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

കൂടാതെ മേൽപ്പറഞ്ഞ ഉത്തരവിൻ പ്രകാരംതന്നെ തിരുവനന്തപുരത്തെ ഹെഡ്ക്വാർട്ടേഴ്സിലുള്ള ചീഫ് ഡിസൈൻ വിഭാഗത്തെ വിപുലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള സ്ട്രക്ച്ചറൽ ഡിസൈൻ യൂണിറ്റ്, ബ്രിഡ്ജ് ഡിസൈൻ യൂണിറ്റ്, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് എന്നിവയ്ക്കൊപ്പം ഹൈവേ ഡിസൈൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എൻവയോൺമെന്റൽ യൂണിറ്റ്, എം.ഇ.പി. യൂണിറ്റ് എന്നീ പുതിയ യൂണിറ്റുകളും ചേർത്ത് 7 യൂണിറ്റുകളായിട്ടാണ് ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തിയിരിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളത്തും കോഴിക്കോട്ടും നിലവിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പുതിയ റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ അധിക തസ്തിക

22 (5173) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാരുടെ കുറവ് നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ അധിക തസ്തിക അനുവദിക്കുന്നതിന് ധനവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ അനുവദിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള കരാർ നിയമനങ്ങളോ/താൽക്കാലിക നിയമനങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ കുറവ് നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വിഭാഗങ്ങൾ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ പാർട്ടൈം-സ്വീപ്പർ

മുതൽ ചീഫ് എഞ്ചിനീയർവരെയുള്ള തസ്തികകൾ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 6 അസിസ്റ്റന്റ് എഞ്ചിനീയർമാരേയും 22 ലൈൻമാൻമാരേയും 10 രണ്ടാംതരം ഓവർസീയർമാരേയും നിയമിച്ചിട്ടുണ്ട്. കരാർ നിയമനം നടത്തിയിട്ടില്ല.

## റ്റി.ആർ.ഡി.സി.എൽ.-ന്റെ അനുമതി തേടാതെ റോഡ് വെട്ടിക്കുഴിച്ചുവെന്ന പരാതി

23 (5174) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളയമ്പലം കവടിയാർ റോഡിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനായി മോട്ടോർ വെഹിക്കിൾ വിഭാഗം, റ്റി.ആർ.ഡി.സി.എൽ.-ന്റെ അനുമതി തേടാതെ റോഡ് വെട്ടിക്കുഴിച്ചുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാമറ സ്ഥാപിക്കുന്നതിനായി സ്ഥാപിച്ച സ്പെയിസ് ഫ്രെയിമിന് പൊക്കം കുറവാണെന്നും, തുമ്പയിൽനിന്നും വലിയമലയ്ക്ക് വലിയ കണ്ടെയിനറുകൾ പോകുന്നതിന് അത് തടസ്സമാകുമെന്നും കണ്ടെത്തിയിട്ടുണ്ടോ;

(സി) റ്റി.ആർ.ഡി.സി.എൽ. നിർമ്മിച്ച റോഡുകളിൽ കമ്പനിയുടെ അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) റ്റി.ആർ.ഡി.സി.എൽ.-ന്റെ ഉദ്യോഗസ്ഥരുടേയും കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരുടേയും ക്യാമറകൾ സ്ഥാപിച്ച കെൽട്രോൺ ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ 19-2-2018-ൽ കെ.ആർ.എഫ്.ബി. ജനറൽ മാനേജരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ അഭ്യർത്ഥന പരിഗണിച്ച് റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായ ക്യാമറ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകുകയുണ്ടായി.

(ബി) നിലവിൽ സ്ഥാപിച്ചിട്ടുള്ള സ്പെയിസ് ഫ്രെയിമിന് ഏകദേശം 6.3 മീ. പൊക്കമുണ്ട്. ഇത് തുമ്പയിൽ നിന്നും വലിയമലയ്ക്ക് വലിയ കണ്ടെയിനറുകൾ പോകുന്നതിന് തടസ്സമാകുമോയെന്ന് പരിശോധിക്കുന്നതാണ്.

(സി) റ്റി.ആർ.ഡി.സി.എൽ. നിർമ്മിച്ച റോഡുകളിൽ കമ്പനിയുടെ അനുമതിയോടുകൂടി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നിലവിലുണ്ട്. ഇത് തുടർന്നും പരിപാലിക്കേണ്ടതുണ്ട്.

**മലയോര ഹൈവേയുടെ ചെറുപുഴ മുതൽ പള്ളിത്തോട് വരെയുള്ള പ്രവൃത്തി**

24 (5175) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എഫ്.ഐ.പി. പദ്ധതിയിൽ ഊരാളുങ്കൽ സൊസൈറ്റി പ്രവൃത്തി ചെയ്യുന്ന മലയോര ഹൈവേയുടെ ചെറുപുഴ മുതൽ പള്ളിത്തോട് വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ റോഡിലെ ചെറുപുഴ-ആലക്കോട്- പുറഞ്ഞാൺ ഭാഗത്തെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ട്രാഫിക് സുരക്ഷാ പ്രവൃത്തികൾ, ജംഗ്ഷനുകളിലെ ട്രാഫിക് സിഗ്നൽ, ഫുട്പാത്ത് നിർമ്മാണം തുടങ്ങിയവയുടെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ റോഡിലെ നുച്ചാട് പാലത്തിന്റെ പ്രവൃത്തി ഏതുഘട്ടത്തിലാണ്;

(ഇ) നടുവിൽ ഭാഗത്ത് ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി പൈപ്പ് മാറ്റിയിടാൻ വേണ്ടി വാട്ടർസപ്ലൈ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന് മാറ്റിവെച്ച 40 ലക്ഷം രൂപയിൽനിന്നും ആവശ്യമായ തുക വാട്ടർ അതോറിറ്റിക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡി.എഫ്.ഐ.പി പദ്ധതിയിൽ ഊരാളുങ്കൽ സൊസൈറ്റി പ്രവൃത്തി ചെയ്യുന്ന മലയോര ഹൈവേയുടെ ചെറുപുഴ മുതൽ പള്ളിത്തോട് വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ചെറുപുഴ-ആലക്കോട്-പുറഞ്ഞാൺ ഭാഗത്തെ പ്രവൃത്തി 2018 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ചെറുപുഴ-ആലക്കോട്-പുറഞ്ഞാൺ റോഡിന്റെ എസ്റ്റിമേറ്റിൽ ട്രാഫിക് സിഗ്നൽ ഉൾപ്പെടുത്തിയിട്ടില്ല. മറ്റ് സുരക്ഷ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മലയോര ഹൈവെയിൽപ്പെട്ട ആലക്കോട് പാലം (3.50 കോടി) കരുവഞ്ചാൽ പാലം (4.7 കോടി) നുച്യാട് പാലം (10 കോടി) എന്നീ പാലങ്ങൾ

നേരത്തെ നീക്കിയിരിപ്പുള്ള തുകയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകണമെന്ന പ്രൊപ്പോസൽ പരിശോധനയിലാണ്.

(ഇ) നടുവിൽ ഭാഗത്ത് ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി പൈപ്പ് മാറ്റിയിടാൻ വേണ്ടി വാട്ടർ സപ്ലൈ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് മാറ്റിവെച്ച 40 ലക്ഷം രൂപയിൽ ആവശ്യമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി സമർപ്പിക്കുകയാണെങ്കിൽ അത് പരിശോധിക്കുന്നതാണ്.

## കൊല്ലം ബൈപ്പാസ്

25 (5176) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ബൈപ്പാസ് നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണ്;

(ബി) ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ബൈപ്പാസ് എന്നത്തേയ്ക്ക് പൂർണമായും ഗതാഗതസജ്ജമാക്കാനാണ് നിലവിൽ ആലോചിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊല്ലം പട്ടണത്തിന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി കാവനാട് തുടങ്ങി മേവറത്ത് എത്തുന്ന 13 കി.മീ ദൈർഘ്യമുള്ള ബൈപ്പാസ്സാണ് നിർമ്മിക്കുന്നത്. ഇത് നിലവിൽ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. അഷ്ടമുടിക്കായലിനു കുറുകെയുള്ള മൂന്ന് പ്രധാന പാലങ്ങളായിരുന്നു ഈ പദ്ധതിയിലെ പ്രധാന നിർമ്മാണം. ആയവ മൂന്നും പൂർത്തീകരിച്ചു കഴിഞ്ഞു. 2018 ആഗസ്റ്റിലാണ് പദ്ധതി പൂർത്തീകരിക്കുവാൻ പ്ലാൻ ചെയ്തിട്ടുള്ളത്.

(ബി) ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിലെ എഞ്ചിനീയർമാർ, ബന്ധപ്പെട്ട കോൺട്രാക്ടർമാർ, അതോറിറ്റിയുടെ എഞ്ചിനീയറായ കോസ് കൺസൾട്ടൻസി മുതലായവരെ ഉൾപ്പെടുത്തി മീറ്റിംഗുകൾ നടത്തി അതാതു സമയത്ത് വരുന്ന പ്രശ്നങ്ങൾ പരിഹരിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയും നിർമ്മാണം കാലതാമസം ഇല്ലാതെ 2018 ആഗസ്റ്റിൽ തന്നെ പൂർത്തീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും സർക്കാർ നൽകിയിട്ടുണ്ട്.

(സി) 2018 ആഗസ്റ്റ് മാസം കൊല്ലം ബൈപ്പാസ് ഗതാഗത സജ്ജമാക്കാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്.

## കണ്ണൂർ ജില്ലയിലെ റോഡുകൾ

26 (5177) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ത്രിതല പഞ്ചായത്തുകളുടെയും നഗരസഭയുടെയും ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(സി) കണ്ണൂർ ജില്ലയിൽ 2016 മെയ് ഒന്നിനു ശേഷം ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി നൽകിയെന്നും ഏതെല്ലാം റോഡുകൾക്ക് ടെൻഡർ വിളിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. റോഡുകൾ ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും അനുമതിയും ക്യാബിനറ്റിന്റെ തീരുമാനവും ആവശ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചു വരുന്നു.

(സി) കണ്ണൂർ ജില്ലയിൽ 2016 മെയ് ഒന്നിനുശേഷം ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ, ടെണ്ടർ വിളിച്ച പ്രവൃത്തികളുടേയും സെൻട്രൽ റോഡ് ഫണ്ട് മുഖേന ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു*.

## കേണൽ നിരഞ്ജൻ സ്മാരക റോഡ് നിർമ്മാണം

27 (5178) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിരുന്ന ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽപ്പെടുന്ന എടായിക്കൽ-കുട്ടിലക്കടവ് കേണൽ നിരഞ്ജൻ സ്മാരക റോഡ് നിർമ്മാണത്തിന്റെ ഭരണാനുമതിയ്ക്കുള്ള ഫയൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര തുകയുള്ള എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സർക്കാരിന് ലഭിച്ചിരിക്കുന്നത്;

(സി) ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് എന്ന് ഭരണാനുമതി നൽകും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട എടായിക്കൽ-കുട്ടിലക്കടവ് റോഡ്, കരിയോട് എലുമ്പലശ്ശേരി റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്കുള്ള 1220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 4-12-2017-ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(സി&ഡി) പ്രസ്തുത പ്രവൃത്തിക്ക് 21-3-2018-ലെ സ.ഉ. (സാധാ) നമ്പർ 493/2018/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണി

28 (5179) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകളുണ്ട്; ഇവ ഓരോന്നിന്റെയും പേരുവിവരവും നീളവും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്കായി 2017-18-ൽ എത്ര കോടി രൂപ അനുവദിച്ചിരുന്നു;

(സി) ഏതെല്ലാം റോഡുകളിലാണ് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്; ഓരോ റോഡിനും അനുവദിച്ച തുക എത്രയാണ്;

(ഡി) ഏതെല്ലാം റോഡുകളിലാണ് അറ്റകുറ്റപ്പണി ഇനിയും പൂർത്തീകരിക്കാനുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ 24 റോഡുകളുണ്ട്. ഇതുസംബന്ധിച്ച് വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചേലക്കര നിയോജകമണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 2017-18-ൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2017-18 -ൽ ചേലക്കര നിയോജകമണ്ഡലത്തിലെ 16 റോഡുകളിൽ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) അറ്റകുറ്റപണികൾ പൂർത്തീകരിക്കുവാനുള്ള റോഡുകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

## കണ്ണൂർ ജില്ലയിൽ സി.ആർ.എഫ്.-ൽപ്പെടുത്തിയ റോഡുകൾ

29 (5180) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന റോഡുകൾ ഏതൊക്കെയാണ്; പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നു വരുന്ന 11 റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## വാമനപുരം നിയോജകണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ

30(5181) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യ.ഡി.-യ്ക്ക് കീഴിലുള്ള റോഡുകൾ ഏതെല്ലാമെന്നും ഓരോ റോഡും എത്ര കിലോമീറ്റർ വീതമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എസ്.എൽ.ടി.എഫ്. (സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്) -ൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പി.ഡബ്ല്യ.ഡി. റോഡുകളുടെ മാപ് (map) ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എസ്.എൽ.ടി.എഫ് (സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്)-ൽ നിന്നും 800 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വാമനപുരം മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ മാപ് അനുബന്ധമായി ചേർക്കുന്നു.*

## ചാലക്കുടി മണ്ഡലത്തിലെ റോഡ് നവീകരണം

31 (5182) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റുകളിൽ അനുവദിച്ചിട്ടുള്ളതും കിഫ്ബി വഴി ഫണ്ട് അനുവദിച്ച് നടപ്പാക്കുന്നതുമായ ചാലക്കുടി മണ്ഡലത്തിലെ മുരിങ്ങൂർ -ഏഴാറ്റുമുഖം റോഡ്, പൂവ്വത്തിങ്കൽ-കുറ്റിക്കാട്-മോതിരക്കണ്ണി റോഡ്, ചാലക്കുടി-വെള്ളിക്കുളങ്ങര-കുറ്റിച്ചിറ-മോതിരക്കണ്ണി റോഡ് എന്നീ റോഡുകളുടെ നവീകരണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, അലൈൻമെന്റ് ഡ്രോയിംഗ് എന്നിവ പൂർത്തിയായിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) Upload ചെയ്യുന്ന ഡി.പി.ആർ.-ന് കിഫ്ബി സാമ്പത്തിക അനുമതി ലഭ്യമാക്കുന്നമുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചാവക്കാട്-കാഞ്ഞാണി റോഡ് വികസനം

32 (5183) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചാവക്കാട്-കാഞ്ഞാണി റോഡിൽ പൂവത്തൂർ മുതൽ കാഞ്ഞാണി വരെയുള്ള റോഡുവികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) " തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് കി.മീ 7/000 മുതൽ 14/600 വരെയുള്ള റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ (ബജറ്റ് വർക്ക് 2016-17)" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചാവക്കാട്-കാഞ്ഞാണി റോഡിൽ മുല്ലശ്ശേരി മുതൽ കാഞ്ഞാണി വരെയുള്ള റോഡിന്റെ ഉപരിതലം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിക്ക് അംഗീകാരം നൽകുകയും പ്രസ്തുത പ്രവൃത്തി കരാർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 380 ലക്ഷമാണ്. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഉപരിതലം 7600 മീറ്റർ നീളത്തിൽ ബി.എം.&ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ, 1120 മീറ്റർ കോൺക്രീറ്റ് കാനയുടേയും 3 കലുങ്കിന്റേയും നിർമ്മാണം, റോഡ് സുരക്ഷാ ക്രമീകരണ പ്രവൃത്തികൾ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഈ പ്രവൃത്തി 2018 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗുരുവായൂർ അമൃത് പദ്ധതിയുടേയും പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടേയും ഭാഗമായി പ്രസ്തുത റോഡിന്റെ ഭാഗങ്ങൾ പൊളിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ടി പ്രവൃത്തികൾക്കുശേഷം മാത്രമേ നിർദ്ദിഷ്ട പണി പൂർത്തീകരിക്കാനാകുകയുള്ളൂ.

**കോഴിക്കോട് നഗര റോഡ് വികസന പദ്ധതി**

33 (5184) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗര റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) നഗര റോഡ് വികസന പദ്ധതി ഏതെങ്കിലും പുതിയ നഗരങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി 22.251 കി.മീ ദൈർഘ്യമുള്ള 6 കോറിഡോറുകളുടെ പുനർ നിർമ്മാണം പൂർത്തീകരിച്ചു. പദ്ധതി ഇപ്പോൾ 15 വർഷത്തെ പരിപാലന ഘട്ടത്തിലുമാണ്.

(ബി) ആലപ്പുഴ നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 49.522 കി.മീ ദൈർഘ്യമുള്ള 21 റോഡുകൾ 272.66 കോടി രൂപ നിർമ്മാണ ചെലവിൽ വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആന്വിറ്റി മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുള്ള അംഗീകാരം നൽകുന്ന ഘട്ടത്തിലുമാണ്. കൂടാതെ കണ്ണൂർ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 47.79 കി.മീ ദൈർഘ്യമുള്ള 12 കോറിഡോറുകൾ 401.467 കോടി രൂപ നിർമ്മാണ ചെലവിൽ പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ നഗര റോഡ് വികസന പദ്ധതികൾ കൊല്ലം ജില്ലയിൽ ഏറ്റെടുക്കുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ബി.ഒ.റ്റി.-ആന്വിറ്റി മാതൃകയിലാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ നിർമ്മാണവും 15 വർഷത്തെ പരിപാലനവും പദ്ധതി ഏറ്റെടുത്ത കൺസഷണർ കമ്പനിയിൽ നിക്ഷിപ്തമാണ്. കമ്പനിക്ക് 15 വർഷംകൊണ്ട് ആന്വിറ്റി മാതൃകയിൽ മുടക്കിയ തുക സർക്കാർ തിരികെ നൽകുന്നു.

## ബാലുശ്ശേരിമുക്കിലെ ഗതാഗതക്കുരുക്ക്

34 (5185) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്- ബാലുശ്ശേരി റോഡ്, കൊയിലാണ്ടി -താമരശ്ശേരി റോഡ് എന്നീ റോഡുകൾ ചേരുന്ന ബാലുശ്ശേരിമുക്കിലെ ഗതാഗതകുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാലുശ്ശേരിമുക്ക് വീതി കൂട്ടി നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) ബാലുശ്ശേരിമുക്ക് നവീകരണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ നടപടികൾക്ക് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട്-ബാലുശ്ശേരി റോഡ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ബാലുശ്ശേരിമുക്കിന്റെ നവീകരണവും ഇതിൽ ഉൾപ്പെടുന്നു.

(സി) ബാലുശ്ശേരിമുക്കിലെ പാലം നിർമ്മാണത്തോടനുബന്ധിച്ച് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് WP(C)No.17939/2017 കേസ് നിലവിലുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ

35 (5186) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര കിലോമീറ്റർ പി.ഡബ്ള്യു.ഡി. റോഡുകൾ ഉണ്ടെന്നറിയിക്കാമോ; ഇതിൽ എത്ര കിലോ മീറ്റർ ആധുനിക രീതിയിൽ ബി.എം.& ബി.സി. ചെയ്ത് പരിഷ്കരിച്ചിട്ടുണ്ട്;

(ബി) മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സി.ആർ.എഫ്.ഫണ്ട് വിനിയോഗിച്ച് റോഡ് പരിഷ്കരിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ സി.ആർ.എഫ്. ഫണ്ട് വിനിയോഗിച്ച് പരിഷ്കരിക്കാൻ കഴിയുന്ന റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ആകെ 200.19 കി.മി പി.ഡബ്ല്യു.ഡി. റോഡുണ്ട്. ഇതിൽ 33 കി.മീ. ആധുനിക രീതിയിൽ ബി.എം & ബി.സി. ചെയ്ത് പരിഷ്കരിച്ചിട്ടുണ്ട്.

(ബി) റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് മഴയ്ക്ക് മുമ്പായി ഡ്രെയിനേജ് നവീകരണ പ്രവൃത്തികൾ, റോഡിലെ കുഴികൾ അടക്കുന്നതിനായി അടിയന്തര സ്ലിപ്പ് ബി.ടി പ്രവൃത്തികൾ, വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ റോഡ് ഉയർത്തുന്ന പ്രവൃത്തികൾ, ഗതാഗതം കൂടുതലുള്ള റോഡുകളിൽ ആധുനിക രീതിയിലുള്ള ബി.എം. & ബി.സി പ്രവൃത്തികൾ മുതലായവ സമയാനുസൃതമായി ചെയ്യുന്നുണ്ട്. ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ നടുവണ്ണൂർ കൂട്ടാലിട റോഡിൽ കി.മി. 3/800 മുതൽ 4/625 വരെ 115 ലക്ഷം രൂപയുടെ പരിഷ്കരണ പ്രവൃത്തിയും 132 ലക്ഷം രൂപയുടെ കൂട്ടാലിട ടൗണിന്റെ പരിഷ്കരണ പ്രവൃത്തിയും കൂരാച്ചുണ്ട് കല്ലാനോട് 28-ാം മൈൽ റോഡിന്റെ 423 ലക്ഷം രൂപയുടെ പരിഷ്കരണ പ്രവൃത്തിയും നടന്നുവരുന്നു. കൂടാതെ ഏകരൂൽ കാപ്പിയിൽ പൂവമ്പായി റോഡിന്റെ ബി.എം & ബി.സി ചെയ്യുന്നതിന് 500 ലക്ഷം രൂപയുടേയും നടുവണ്ണൂർ അരിക്കുളം റോഡ് 0/000 മുതൽ 0/600 വരെ പരിഷ്കരിക്കുന്നതിന് 50 ലക്ഷം രൂപയുടേയും കല്പത്തൂർ വെള്ളിയൂർ കാപ്പുമ്മൽ റോഡ് 5/800 മുതൽ 7/500 വരെ പരിഷ്കരിക്കുന്നതിന് 100 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്കായി 2016-17 വർഷത്തിൽ 254.95 ലക്ഷം രൂപയും 2017-18-ൽ 264 ലക്ഷം രൂപയും ഭരണാനുമതി നൽകിയിരുന്നതും പ്രവൃത്തി നടന്നുവരികയുമാണ്.

(സി&ഡി) മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കി വരുന്നതേയുള്ളൂ.

## മാവേലിക്കര മണ്ഡലത്തിലെ റോഡുകളും പാലങ്ങളും

36 (5187) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലെ കല്ലുമല - കോട്ടമുക്ക് റോഡ്, കരയംവട്ടം-പൊറ്റമേൽകടവ് റോഡ്, കോട്ടപ്പുഴക്കൽ -തഴവ റോഡ്, കൽകുളത്താൽ പാലം, ചത്തിയറ പാലം, ദേവപ്പുരക്കൽ പാലം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്ക് പൊതുമരാമത്ത് റോഡ്സ് & ബ്രിഡ്ജസ് വിഭാഗങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കല്ലുമല-കോട്ടമുക്ക് റോഡ് (ചെറുകുന്നം-വെട്ടിയാർ റോഡ്) -450 ലക്ഷം, കരയംവട്ടം-പൊറ്റമേൽകടവ് റോഡ് (മാവേലിക്കര-ശബരിമല റോഡ്)-300 ലക്ഷം എന്നിവയുടെ പ്രൊപ്പോസൽ പ്രത്യേകാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മറ്റ് പദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പു സാമ്പത്തിക വർഷം പരിഗണനയിലില്ല.

**ശ്രീകണ്ഠപുരം ടൗൺ നവീകരണം**

37 (5188) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകണ്ഠപുരം ടൗൺ നവീകരണം, ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡിന്റെ നവീകരണ പ്രവൃത്തി എന്നിവ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രീകണ്ഠപുരം ടൗൺ നവീകരണത്തിനായി 3-3-2016-ലെ സ.ഉ. (സാധാ)നമ്പർ 544/2016/പൊ.മ.വ. പ്രകാരം തത്വത്തിൽ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് അനുസരിച്ച് formal concurrance-നുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡ് നവീകരണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിച്ചാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

## കരുനാഗപ്പള്ളി-പത്തനാപുരം സംസ്ഥാന പാത

38 (5189) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ കാട്ടിൽക്കടവിൽ നിന്നാരംഭിച്ച് ചക്കുവള്ളി-മലനട-കടമ്പനാട്-ഏനാത്ത്-പത്തനാപുരം വരെ നിലവിലുള്ള റോഡുകളെ ബന്ധിപ്പിച്ച് സംസ്ഥാന പാത നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാന പാതയായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടി റോഡിന്റെ കാട്ടിൽക്കടവ്-പുതിയകാവ് ഭാഗം താരതമ്യേന വളരെ വീതി കുറഞ്ഞ റോഡാണ്. എൻ.എച്ച്-47(66), എൻ.എച്ച് 183 എന്നീ റോഡുകളെ ബന്ധിപ്പിക്കുന്ന പ്രസ്തുത റോഡ് എം.ഡി.ആർ. വിഭാഗത്തിൽപ്പെട്ടതാണ്.

(ബി) ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി അയച്ചു കൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാന പാതയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## ഒറ്റപ്പാലത്തെ ഗ്രാമീണ റോഡുകൾ

39 (5190) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണം എന്ന് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കപ്പെട്ട ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;പ്രസ്തുത റോഡുകൾ ഏറ്റെടുക്കുന്നതിലെ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. മറ്റ് മണ്ഡലങ്ങളിലേതും ഏറ്റെടുത്തിട്ടില്ല.

(ബി) സംസ്ഥാനത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധാരാളം അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ മാനദണ്ഡങ്ങൾ തയ്യാറാക്കി വരുന്നു. അതിനുശേഷം സർക്കാർതലത്തിൽ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ ഒന്നും ഏറ്റെടുക്കേണ്ടെന്നാണ് ക്യാബിനറ്റ് തീരുമാനം.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ സി.ആർ.എഫ്. പ്രവൃത്തികൾ

40 (5191) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ സി. ആർ. എഫ്. ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്ന നെയ്യാറ്റിൻകര-പൂവ്വാർ പട്ടികകാല- പരണിയം റോഡിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കുമോ ; എത്ര കോടി രൂപയ്ക്കാണ് പ്രസ്തുത പണികൾ ടെണ്ടർ നൽകിയതെന്ന് അറിയിക്കുമോ;

(ബി) സി. ആർ. എഫ്. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളുടെ ഭരണാനുമതിക്കായി ശിപാർശ ചെയ്യുന്നത് സംസ്ഥാനത്തിലെ എം. എൽ. എ. മാരാണോ എം പി മാരാണോ എന്ന് വ്യക്തമാക്കാമോ;

(സി) സി.ആർ.എഫ്. ഫണ്ട് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകുന്നത് സംസ്ഥാനത്തിന് ലഭിക്കേണ്ട ഏത് ഫണ്ടിൽ നിന്നെന്ന് വ്യക്തമാക്കുമോ;

(ഡി) സി.ആർ.എഫ്. ഫണ്ട് 2017 -18 ൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര-പഴയകട-പൂവ്വാർ-പട്ട്യകാല-പരണിയം റോഡിന് സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അല്ല. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരത്തോടെ സമർപ്പിക്കുകയാണ്. എം.പി/എം.എൽ.എ.-മാരുടെ അപേക്ഷ സർക്കാർ പരിഗണിക്കാറുണ്ട്.

(സി) സംസ്ഥാനങ്ങളിൽനിന്നും പിരിക്കുന്ന പെട്രോളിന്റേയും (100%) ഹൈസ്പീഡ് ഡീസലിന്റേയും (50%) സെസ് തുകയുടെ 27 ശതമാനം അതത് സംസ്ഥാനങ്ങളുടെ റോഡുകളുടെ നവീകരണത്തിനും പാലങ്ങളുടെ നിർമ്മാണത്തിനുമായി നൽകുന്നു.

(ഡി) 2017-18-ൽ 215.99 കോടി രൂപയുടെ 16 പദ്ധതികൾക്ക് സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## കെ. സി. പാലത്തിന്റെ പുനർനിർമ്മാണം

41 (5192) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ട് കനാലിൽ കിടങ്ങറയിലുള്ള കെ. സി. പാലത്തിന്റെ ഉയരം കുറവായതുകൊണ്ട് എല്ലാ ബോട്ടുകളും കടന്നു പോകത്തക്കരീതിയിൽ പ്രസ്തുത പാലം ഉയർത്തിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ നിർമ്മാണ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ചങ്ങനാശ്ശേരിയിൽ ടൂറിസം വികസനത്തിനും എല്ലായിനം ടൂറിസ്റ്റ് ബോട്ടുകളും യാത്രാബോട്ടുകളും എത്തുന്നതിനും സാഹചര്യം സൃഷ്ടിക്കുന്ന പ്രസ്തുത നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ട് കനാലിൽ കിടങ്ങറയിലുള്ള കെ.സി. പാലത്തിന്റെ ഉയരം കുറവായതുകൊണ്ട് എല്ലാ ബോട്ടുകളും കടന്നുപോകത്തക്ക രീതിയിൽ പ്രസ്തുത പാലം ഉയർത്തിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കെ.സി. പാലം നിലവിൽ ബോക്സ് കൾവർട്ടായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത ബോക്സ് കൾവർട്ട് പൊളിച്ചുകളയാതെ 2.30 മീറ്റർ ഉയർത്തി നിർമ്മിക്കുന്നതിന് ഐ.ഐ.റ്റി. റിട്ടയേർഡ് പ്രൊഫസർ ഡോ.പി.കെ. അരവിന്ദൻ തയ്യാറാക്കിയ ഡ്രോയിംഗിന്റെ അടിസ്ഥാനത്തിൽ നിരവധി തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും കരാറുകാരൻ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ഇതുവരെ കരാർ ഉറപ്പിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ സ്ഥലമേറ്റെടുപ്പ് പരമാവധി കുറയ്ക്കുന്ന രീതിയിൽ 5.50 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസോടുകൂടി ഇപ്പോഴുള്ള ഡിസൈൻ റിവൈസ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കത്ത് നമ്പർ ബ്രിഡ്ജ്/ജനറൽ-2018/കെ.സി.ബി തീയതി 17-3-2018 നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാലത്തിന്റെ ഡിസൈൻ റിവൈസ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**മങ്കട മണ്ഡലത്തിലെ അപകടനിലയിലുള്ള പാലങ്ങൾ**

42 (5193) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ അപകടനിലയിലുള്ള പാലങ്ങളുടെ നവീകരണം സംബന്ധിച്ച പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ;

(ബി) അപകട നിലയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) മങ്കട നിയോജകമണ്ഡലത്തിൽ അപകട നിലയിലുള്ള പാലങ്ങൾ ഒന്നും തന്നെ പരിശോധനയിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ നവീകരണം സംബന്ധിച്ച പദ്ധതികളൊന്നും നിലവിലില്ല.

## കോരപ്പുഴ, മൂരാട് പാലങ്ങളുടെ പുനർനിർമ്മാണം

43 (5194) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കോരപ്പുഴ, മൂരാട് എന്നീ പാലങ്ങളുടെ പുനർനിർമ്മാണത്തിന് ബജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചത് ;

(ബി) ഈ പാലങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണത്തിന് ബജറ്റിൽ തുകയൊന്നുംതന്നെ നീക്കി വച്ചിട്ടില്ല. മൂരാട് പാലത്തിന്റെ പുനർനിർമ്മാണത്തിന് 50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണത്തിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ എൻ.ഒ.സി.-ക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(സി) കോരപ്പുഴ പാലത്തിന്റെ വിശദമായ പദ്ധതി രൂപരേഖ സാങ്കേതികാനുമതിക്കായി കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിക്കുന്നതിനും മൂരാട് പാലത്തിന്റെ ഭരണാനുമതിക്കുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഓടങ്കല്ല് പാലത്തിന് ഭരണാനുമതി

44 (5195) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ഓടങ്കല്ല് പാലത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോയെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് തയ്യാറായിട്ടില്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പാലം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ഏത് വർഷത്തെ ബജറ്റ് പ്രസംഗത്തിലാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം ഉണ്ടായതെന്നും വ്യക്തമാക്കാമോ;

(എഫ്) കിഫ്ബിയിൽ ഉൾപ്പെടുത്തി നേരത്തെ പ്രഖ്യാപിച്ചതാണെങ്കിൽ ഈ പാലം എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 31-10-2016-ലെ സ.ഉ. (സാധാ.)നമ്പർ 1496/2016 പൊ.മ.വ . ഉത്തരവ് പ്രകാരം ഓടങ്കല്ല് പാലത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ചീഫ് എഞ്ചിനീയർ ഓഫീസിലെ പി.പി.യു ആണ് ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നത്. ഡി.പി.ആർ. സൂക്ഷ്മ പരിശോധനയ്ക്കുശേഷം കിഫ്ബിയിൽ നിന്നും അനുമതിക്കായി കൈമാറുന്നതാണ്.

(ഡി) പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ കഴിഞ്ഞ് മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇത് കാരണമാണ് താമസം നേരിട്ടത്.

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതാണ്.

**മണക്കായികടവ് പാലം നിർമ്മാണം**

45 (5196) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായികടവ് പാലം നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം എപ്പോൾ പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായികടവ് പാലത്തിന് നാല് സ്പാനുകളാണുള്ളത്. ഇതിൽ രണ്ട് സ്പാനുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഭാഗത്തിന്റെ പ്രവൃത്തി നടന്നു വരികയാണ്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി 15-4-2018 ആണ്.

(ബി) പ്രസ്തുത പാലം 2018 ഡിസംബർ 31-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

### തൃക്കുറ്റിശ്ശേരി വയൽ പീടിക പാലം പുനർനിർമ്മാണം

46 (5197) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി കൂരാച്ചുണ്ട് പ്രധാന പാതയിലെ തൃക്കുറ്റിശ്ശേരി വയൽ പീടിക പാലം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലം പുതുക്കി പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;പാലം പുതുക്കി പണിയാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലം പണിയുന്നതിന് 153 ലക്ഷം രൂപയുടെ ഭരണാനുമതി 20-1-2018-ലെ സ.ഉ. (സാധാ.) നമ്പർ 130/2018/പൊ.മ.വ. തീയതി ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തു വിഭാഗം കോഴിക്കോട്-ന്റെകീഴിൽ തയ്യാറാക്കിവരുന്നു.

### കുടുവീട്ടിക്കടവ് പാലത്തിന്റെ നിർമ്മാണം

47 (5198) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തെ പാറശാല മണ്ഡലവുമായി ബന്ധിപ്പിക്കുന്ന കുടുവീട്ടിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്തായെന്ന് വിശദമാക്കാമോ; തുടർനടപടികൾ എന്താണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, അരുവിക്കര മണ്ഡലങ്ങളേയും പാറശ്ശാല മണ്ഡലത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കുടുവീട്ടിൽ കടവ് പാലം നിർമ്മാണം 2016-17-ലെ ബജറ്റ് സ്പീച്ചിൽ പ്രഖ്യാപിക്കുകയും 31-10-2016-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1496/2016/പൊ.മ.വ. പ്രകാരം 1000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് ടി വർക്കിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചു. ഇതിൻപ്രകാരം ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബിയുടെ 21-8-2017-ലെ ഉത്തരവ് നമ്പർ APR-1/76/2017/KIIFB പ്രകാരം 1235 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതിയും ലഭിച്ചു.

കൂടാതെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട റിക്വിസിഷൻ 28-12-2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.

സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ നടത്തുന്നതിലേയ്ക്കുള്ള പ്രവൃത്തികൾ സ്വീകരിച്ചു വരുന്നു.

**ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള പുനരധിവാസം**

48 (5199) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നാലുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ചേലേമ്പ്ര പഞ്ചായത്തിൽ നിലവിലെ റോഡിൽ നിന്ന് മാറി അലൈൻമെന്റ് പോകുമ്പോൾ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരും; പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) എ.ആർ. നഗറിൽ കൊളപ്പുറത്ത് ദേശീയപാത നാലുവരിപ്പാത യാക്കുമ്പോൾ കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരുമോ ; ഉണ്ടെങ്കിൽ കുടുംബങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ കുടിയൊഴിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നുണ്ടോ;

(ഡി) നാലുവരിപ്പാത വികസനത്തിൽ മലപ്പുറം ജില്ലയിൽ ഏതെല്ലാം പൊതുസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ പൊളിക്കേണ്ടി വരും ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ദേശീയപാത 66-ന്റെ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കൺസൾട്ടന്റ് സമർപ്പിച്ച വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) പ്രകാരം മലപ്പുറം ജില്ലയിലെ ചേലമ്പ്ര പഞ്ചായത്തിൽ 42 കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടി വരും.

(ബി) കൺസൾട്ടന്റ് സമർപ്പിച്ച വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) പ്രകാരം കൊളപ്പുറത്തെ എ.ആർ നഗറിൽ 24 കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടി വരും.

(സി) റവന്യൂ വകുപ്പിന്റെ 29-12-2017-ലെ സ.ഉ (കൈ) നം.448/2017 റവന്യൂ പ്രകാരമാണ് സംസ്ഥാന സർക്കാരിന്റെ പുനരധിവാസ പുനഃസ്ഥാപന പോളിസി (Rehabilitation and Resettlement Policy) തീരുമാനിക്കുന്നത്.

(ഡി) ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ അതിർത്തി നിർണ്ണയം പൂർത്തിയായതിനുശേഷം മാത്രമേ ഏതെങ്കിലും പൊതു സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ പൊളിച്ചുകളയേണ്ടി വരുമോയെന്ന് അറിയാൻ കഴിയൂ. നിലവിൽ ആരാധനാലയങ്ങൾ ഉൾപ്പെടുന്നതായ വിവരം ലഭിച്ചിട്ടില്ല.

**ആലപ്പുഴ-ചങ്ങനാശ്ശേരി-വാഴൂർ ദേശീയപാതയുടെ നിർമ്മാണം**

49 (5200) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽനിന്ന് ചങ്ങനാശ്ശേരി വഴി വാഴൂർ റോഡിൽ എത്തുന്ന വിധം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പുതിയ ദേശീയപാതയുടെ നിർമ്മാണനടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴയിൽ നിന്ന് ചങ്ങനാശ്ശേരി വഴി വാഴൂർ റോഡിലെത്തുന്ന റോഡ് കേന്ദ്ര സർക്കാർ തത്വത്തിൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ സാധ്യതാ പഠനത്തിനും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമായി KITCO Ltd. എന്ന Consultancy സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നടത്തിയ പഠനപ്രകാരമുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ, അംഗീകാരത്തിനും ഈ റോഡ് ദേശീയപാതയായി പ്രഖ്യാപിച്ചു കൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനും സമർപ്പിച്ചിരിക്കുകയാണ്.

**ചേർത്തല-കഴക്കൂട്ടം ദേശീയപാത വികസനം**

50 (5201) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല - കഴക്കൂട്ടം ദേശീയപാത വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ദേശീയപാത വികസനത്തിനായി സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ-സി) ചേർത്തല കഴക്കൂട്ടം ദേശീയപാത-45 മീറ്ററായി വികസിപ്പിക്കുന്നതിനുള്ള അലൈൻമെന്റും പദ്ധതി രൂപരേഖയും പുതുക്കി തയ്യാറാക്കുന്നതിനും M/s SMEC India Pvt. Ltd New Delhi-യെ കൺസൾട്ടന്റായി NHAI നിയമിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയ അലൈൻമെന്റിന് സംസ്ഥാന സർക്കാർ പൊതുവായ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ സ്ഥലമെടുപ്പിനുള്ള 3(എ) നോട്ടിഫിക്കേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യ ഗസറ്റിലും പ്രാദേശിക ദിനപ്പത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്കായുള്ള നോട്ടിഫിക്കേഷൻ തയ്യാറാക്കി വരികയാണ്.

**ദേശീയപാതയ്ക്ക് സമീപമുള്ള പെട്രോൾ പമ്പുകളിൽ പൊതുശൗചാലയങ്ങൾ**

51 (5202) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്ക് സമീപമുള്ള പെട്രോൾ പമ്പുകളിൽ വൃത്തിയും സൗകര്യവുമുള്ള പൊതുശൗചാലയങ്ങൾ നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച സർക്കുലർ കേന്ദ്രത്തിൽനിന്ന് കിട്ടിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേരളത്തിൽ ദേശീയപാതയ്ക്കു സമീപം എത്ര പെട്രോൾ പമ്പുകളുണ്ടെന്നും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം നിഷ്കർഷിക്കുന്നത് പോലെയുള്ള ശൗചാലയങ്ങൾ നിർമ്മിക്കാൻ എത്ര ചെലവ് വരുമെന്നും ഈ ചെലവ് ആര് വഹിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാതയ്ക്ക് സമീപമുള്ള പെട്രോൾ പമ്പുകളിൽ പൊതുശൗചാലയങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24-7-2013 -ലെ RW/NH-33023/19-DO-III നമ്പർ ഉത്തരവ് പ്രകാരം തന്നെ പെട്രോൾ പമ്പുകളിൽ പൊതുശൗചാലയങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.* ഈ ഉത്തരവിനുമേൽ പൊതുശൗചാലയങ്ങൾ നിർമ്മാണം സംബന്ധിച്ച് രൂപരേഖ ഉൾപ്പെട്ട വിശദമായ ഒരു കത്ത് F.No. RW/NH-33044/05/2018/S&R(P&B)നമ്പറിൽ 18-1-2018-ന് കേന്ദ്ര മന്ത്രാലയത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കത്ത് അനുബന്ധമായി ചേർക്കുന്നു*.

(സി) ദേശീയപാതയ്ക്ക് സമീപത്തുള്ള പെട്രോൾ പമ്പുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കേരളത്തിലെ വിവിധ ദേശീയപാതകളുടെ സമീപം 365 പെട്രോൾ പമ്പുകൾ നിലവിലുണ്ട്. ഇവിടങ്ങളിൽ ശൗചാലയങ്ങൾ നിർമ്മിക്കുവാൻ ഏകദേശം 641.5 ലക്ഷം രൂപ ചെലവ് വരുന്നതാണ്. ഇത് പെട്രോൾ പമ്പ് ഏജൻസിയോ ഉടമകളോ ആണ് നിർമ്മിക്കേണ്ടത്.

**നേമം യു.പി.എസ്.-ന് പുതിയ കെട്ടിടം**

52 (5203) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ഹൈവേ വികസനത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ നേമം യു.പി.എസ്.-ന് പകരമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പണി നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരമന-കളിയിക്കാവിള ഹൈവേ വികസനത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ നേമം യു.പി.എസ്.-ന് പകരമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മിച്ച കെട്ടിടത്തിന്റെ 80 ശതമാനം പണി പൂർത്തിയായപ്പോൾ സാങ്കേതികാനുമതി തുക തീരുകയും പാർട്ട് ബിൽ പേമെന്റിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനുമായി 25,00,000 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ കരമന-കളിയിക്കാവിള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. ഹൈവേ വിഭാഗം ചുറ്റുമതിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പുതിയ കെട്ടിടത്തിനായി നൽകിയ സാങ്കേതികാനുമതിയുടെ തുക തീർന്നത് കാരണമാണ് പണി താല്ക്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നത്. പുതുതായി ലഭിച്ച 25,00,000 രൂപ ഉപയോഗിച്ച് ടോയ്‌ലെറ്റ് ബ്ലോക്ക്, സ്കൂൾ കെട്ടിടത്തിൽ ശേഷിക്കുന്ന 20% പണികൾ എന്നിവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ

53 (5204) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നല്കിയതെന്നും ഭരണാനുമതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലം റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നും ഇതുവരെയും പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ആയതിനാൽ തുടർനടപടികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

(ബി) 27-5-2016-ൽ 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ കാലാവധി 26-5-2018-ൽ അവസാനിക്കും.

(സി) ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ കെട്ടിടത്തിന്റെ നിർമ്മാണം

54 (5205) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ മൂന്ന് നിലകളിലായി പണിതുകൊണ്ടിരിക്കുന്ന സ്ത്രീകൾക്കുവേണ്ടിയുള്ള പുതിയ വാർഡിന്റെ നിർമ്മാണ നടപടികൾ സ്തംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ സ്ത്രീകൾക്കുവേണ്ടിയുള്ള പുതിയ വാർഡിന്റെ നിർമ്മാണ പ്രവൃത്തി റിസ്ക് ആന്റ് കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്തതാണ്. ഈ പ്രവൃത്തിയുടെ വിശദമായ റിവൈസ്ഡ് എസ്റ്റിമേറ്റ് (ചെയ്തുതീർന്നതും തീരാൻ ബാക്കിയുള്ളതും) തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ആയത് അനുസരിച്ചുള്ള ബാക്കി പണികൾ പുനഃക്രമീകരിക്കേണ്ടതായിട്ടുണ്ട്. അതിനിടയിൽ ഈ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത നടപടി റിവോക്ക് ചെയ്ത് കിട്ടുന്നതിന് കോൺട്രാക്ടർ സമർപ്പിച്ച അപേക്ഷ പരിശോധനയിലുമാണ്.

## കാട്ടാക്കടയിൽ പൊതുമരാമത്ത് ഡിവിഷൻ ഓഫീസ്

55 (5206) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്ക് കേന്ദ്രമായ കാട്ടാക്കടയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

കാട്ടാക്കടയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. ശിപാർശ ലഭിക്കുമ്പോൾ അക്കാര്യം പരിശോധിക്കുന്നതാണ്.

## എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും ഒഴിവുകൾ

56 (5207) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ എത്ര എഞ്ചിനീയർമാരുടേയും, ഓവർസിയർമാരുടേയും ഒഴിവുകളാണ് നിലവിലുള്ളതെന്നറിയിക്കാമോ;

(ബി) ജീവനക്കാരുടെ കുറവും ജോലിഭാരവുംമൂലം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി നിലവിൽ 40 എഞ്ചിനീയർമാരുടെയും 399 ഓവർസിയർമാരുടെയും ഒഴിവുകളുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതാണ്. കൂടാതെ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ പദ്ധതികൾ

57 (5208) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പാറശ്ശാല നിയോജക മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിക്കപ്പെട്ട ഫണ്ടുകളുടെ ഇനംതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും, മറ്റുള്ളവയുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിൽ പാറശ്ശാല മണ്ഡലത്തിൽ പുതുതായി നടപ്പാക്കാൻ പോകുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിൽ അറ്റകുറ്റപ്പണികൾക്കായി 17.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 2.95 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി തുക ഉപയോഗിച്ചുള്ള അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

1. ബജറ്റ് പ്രവൃത്തി (5 എണ്ണം) - 1981 ലക്ഷം രൂപ

2. കിഫ്ബി പ്രവൃത്തി (8 എണ്ണം) - 21591 ലക്ഷം രൂപ

3. എസ്.എൽ.റ്റി.എഫ്. പ്രവൃത്തി (79 എണ്ണം) - 626.1 ലക്ഷം രൂപ

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു*.

കെട്ടിട വിഭാഗത്തിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ദേശീയപാത വിഭാഗത്തിൻകീഴിൽ റോഡ് സുരക്ഷാ പ്രവൃത്തികൾക്കായി നെയ്യാറ്റിൻകര, പാറശ്ശാല നിയോജകമണ്ഡലങ്ങളിലേയ്ക്ക് സംയുക്തമായി 38 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നിരത്തുകളും പാലങ്ങളും കെട്ടിട വിഭാഗങ്ങളിലെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## റോഡ് നിർമ്മാണംമൂലം വാസസ്ഥലം നഷ്ടപ്പെട്ട യൂസഫിന് നഷ്ടപരിഹാരം

58 (5209) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയ്ക്കുവേണ്ടി ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള 52 കിലോമീറ്റർ ഭാഗത്ത് റോഡ് വീതികൂട്ടാൻ ആവശ്യമായ സ്ഥലം നാട്ടുകാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗജന്യമായി നൽകിയതാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീട് പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട 5 സെന്റിൽ താഴെമാത്രം സ്ഥലമുള്ള പാവപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ (മുൻകൂട്ടി കാണാൻ കഴിയാത്ത കാര്യങ്ങൾക്ക് എന്ന ഹെഡിൽ) 35 ലക്ഷം രൂപ മാറ്റിവെച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡിൽ, നടുവിൽ ഭാഗത്ത് സ്വന്തമായ വാസസ്ഥലം നഷ്ടപ്പെട്ട കാളീരകത്ത് യൂസഫ് എന്നയാൾ വീട് വയ്ക്കാനാവശ്യമായ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ അപേക്ഷയിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലയോര ഹൈവേയ്ക്ക് സാങ്കേതികാനുമതി നൽകിയ 205 കോടി രൂപയിൽ മേൽപ്രവൃത്തിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി കാണാൻ കഴിയാത്ത കാര്യങ്ങൾക്കായി 36,19,957 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നടുവിൽ ഭാഗത്ത് സ്വന്തമായ വാസസ്ഥലം നഷ്ടപ്പെട്ട കാളീരകത്ത് യൂസഫ് എന്നയാൾ വീട് വയ്ക്കാനാവശ്യമായ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ലഭിച്ചിട്ടില്ല. ശ്രീ.യൂസഫ് ഇതുവരെ റോഡിനാവശ്യമായ സ്ഥലം വിട്ടുനൽകിയിട്ടില്ലെന്നും എന്നാൽ ഇരിക്കൂർ നിയോജകമണ്ഡലം ബഹു. എം.എൽ.എ. ശ്രീ. കെ. സി. ജോസഫ് ഇതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട കത്ത് ലഭിച്ചിട്ടുള്ളതായും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നിലവിൽ ഉദ്ദേശിച്ച അലൈൻമെന്റ് പ്രകാരം ശ്രീ. യൂസഫിന്റെ ഭവനത്തിന്റെ ഒരു ഭാഗവും ശരാശരി 2.30 മീറ്റർ വീതിയും 16.50 മീറ്റർ നീളവും ഏറ്റെടുത്താൽ മാത്രമേ പ്രസ്തുത സ്ഥലത്ത് റോഡ് 12 മീറ്റർ വീതിയിൽ വികസിപ്പിക്കുവാൻ സാധ്യമാകുകയുള്ളൂ.

(ഡി) ബഹുമാനപ്പെട്ട എം.എൽ.എ. കെ.സി. ജോസഫ് ഇതുമായി ബന്ധപ്പെട്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയെങ്കിലും മലയോര ഹൈവേ പദ്ധതി സ്ഥലമെടുപ്പ് നടപ്പിലാക്കാൻ തീരുമാനമില്ലാത്തതിനാൽ പ്രസ്തുത സ്ഥലം എത്രയുംപെട്ടെന്ന് ആവശ്യമായി വന്നതിനാൽ പഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെടുകയും പഞ്ചായത്തിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകാൻ സാധിക്കുമോയെന്ന് ആരാഞ്ഞിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## വൈക്കം മണ്ഡലത്തിലെ പ്രവൃത്തികൾ

59 (5210) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം-വെച്ചൂർ റോഡ് വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ടെൻഡർ നടപടിക്ക് മുൻപ് ഇനി അവശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ബജറ്റിൽ പ്രഖ്യാപിച്ച വാക്കേത്തറ-കല്ലുപുര-കപിക്കാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) വൈക്കം മണ്ഡലത്തിലെ ചെമ്പ് വാലയിൽ പാലത്തിന്റെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന് 14-3-2018-ൽ കിഫ്ബിയിൽനിന്നും 93.73 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) നിലവിൽ ശരാശരി 10 മീറ്റർ വീതിയുള്ള വൈക്കം വെച്ചൂർ റോഡിന് 15 മീറ്റർ വീതിയാണ് ആദ്യഘട്ടത്തിൽ വിഭാവനം ചെയ്തതെങ്കിലും പിന്നീട് 14 മീറ്ററാക്കി കുറച്ചാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളത്. ആയത് 13 മീറ്ററാക്കി കുറയ്ക്കുവാനുള്ള നിർദ്ദേശ പ്രകാരം പുതുക്കിയ അലൈൻമെന്റ് പ്ലാൻ തയ്യാറാക്കി കഴിഞ്ഞ് അത് അംഗീകരിച്ചാൽ മാത്രമേ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ ടി പദ്ധതിയിൽ ഉൾപ്പെട്ട പുത്തൻപാലം ബോക്സ് കൾവേർട്ട് ആക്കി മാറ്റുവാനുള്ള നിർദ്ദേശവും ലഭ്യമായിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്ത് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനുശേഷം സാങ്കേതികാനുമതിക്കായി പദ്ധതി സമർപ്പിക്കുന്നതാണ്.

(സി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 4-12-2017-ൽ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് സൗജന്യമായി ലഭ്യമാക്കാമെന്ന് പറഞ്ഞിരുന്ന സ്ഥലം പഞ്ചായത്ത് അധികൃതർ ഇതുവരെയും വകുപ്പിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സാങ്കേതികാനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള 13.50 കോടി രൂപയുടെ ഡി.പി.ആർ. റോഡ് ഫണ്ട് ബോർഡ് പരിഗണിച്ചിട്ടില്ല.

**ആലത്തൂർ മണ്ഡലത്തിൽ പ്രവൃത്തികൾ**

60 (5211) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ പ്രവൃത്തികളാണെന്നും പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൻകീഴിൽ ആലത്തൂർ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ - 10.50 ലക്ഷം രൂപ - പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

നിരത്തുവിഭാഗത്തിൻകീഴിൽ ബജറ്റിൽ ഉൾപ്പെടുത്തി 964 ലക്ഷം രൂപയുടെ ഭരണാനുമതിയും നോൺ പ്ലാനിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിന് 497.5 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 55 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. അനുവദിച്ച പ്രവൃത്തികളുടെയും അവയുടെ പുരോഗതി വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയപാത വിഭാഗത്തിൻ കീഴിൽ കുഴൽമന്ദം-കൊട്ടുവായൂർ റോഡ് പുനരുദ്ധാരണത്തിനായി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന പൊതുമരാമത്ത് പദ്ധതികൾ**

61 (5212) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ഉണ്ടായിട്ടും സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം കാരണത്താലും മറ്റ് സാങ്കേതിക കാരണങ്ങളാലും മുടങ്ങിക്കിടക്കുന്ന എത്ര പൊതുമരാമത്ത് പദ്ധതികൾ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടേയും വിശദാംശവും നിലവിലെ തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണാനുമതി ഉണ്ടായിട്ടും സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം കാരണത്താലും മറ്റ് സാങ്കേതിക കാരണങ്ങളാലും കെട്ടിട വിഭാഗത്തിൽ 7 പദ്ധതികളും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഒരു പദ്ധതിയുമാണ് മുടങ്ങിക്കിടക്കുന്നത്.

(ബി) കെട്ടിട വിഭാഗത്തിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ പാലപ്പുറം-കുതിരവഴി റോഡ് നിർമ്മാണത്തിനും മുളഞ്ഞൂർ തോടിന് കുറുകെ പാലം നിർമ്മാണത്തിനുമായി 2015-16-ലെ ബജറ്റിൽ ഉൾപ്പെടുത്തി 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം സ്ഥലമുടമകളിൽനിന്ന് സൗജന്യമായി ലഭ്യമാക്കാമെന്നാണ് ജനപ്രതിനിധികൾ അറിയിച്ചിട്ടുള്ളത്. ആയതിന് സ്ഥലമുടമകളുടെ യോഗം ചേരുകയും ചെയ്തു. ഫ്രീ സറണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ സാങ്കേതികാനുമതിക്കായി ഡി.പി.ആർ. സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. 2016-17 ബജറ്റിൽ അനുവദിച്ച ഒറ്റപ്പാലം ബൈപ്പാസ് പദ്ധതിയുടെ എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.-യെയാണ് ചുമതലപ്പെടുത്തിയിരുന്നത്. 79.42 കോടി രൂപയുടെ ഡി.പി.ആർ. 26.02.2018-ൽ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ചാൽ സ്ഥലമെടുപ്പ് നടപടി ആരംഭിക്കുന്നതാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ഭൂമിയുടെ ന്യായവില വർദ്ധനവ്

62 (5213) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിയുടെ ന്യായവില എത്ര തവണ എത്ര ശതമാനം വീതം വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർദ്ധനവുമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിയുടെ ന്യായവില ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ ഭൂമിയുടെ നിലവിലുള്ള ന്യായവില 10 ശതമാനം വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വർദ്ധനവിലൂടെയുണ്ടാകുന്ന അധിക വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുടിക്കട സർട്ടിഫിക്കറ്റ്

63 (5214) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ആഫീസുകളിൽനിന്നും ലഭിക്കുന്ന കുടിക്കട സർട്ടിഫിക്കറ്റ് അപേക്ഷ നൽകി എത്ര ദിവസത്തിനുള്ളിലാണ് അപേക്ഷകന് ലഭ്യമാകുകയെന്ന് അറിയിക്കാമോ ;

(ബി) കൂടുതൽ വേഗത്തിലും സുതാര്യമായും കുടിക്കട സർട്ടിഫിക്കറ്റുകൾ അപേക്ഷകന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമായ കാലയളവിലുള്ള ബാധ്യതാ സർട്ടിഫിക്കറ്റ്, അപേക്ഷ രജിസ്ട്രാർ ഓഫീസിൽ സ്വീകരിക്കുന്നതിന്റെ അടുത്ത പ്രവൃത്തിദിവസം 3.30 pm മുതൽ 3 ദിവസത്തിനകവും കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമല്ലാത്ത കാലയളവിലുള്ള ബാധ്യതാ സർട്ടിഫിക്കറ്റ് 7 ദിവസത്തിനകവും ലഭിക്കുന്നതാണ്.

(ബി) നിലവിൽ ഇ-പേമെന്റ് സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ ഒപ്പോടുകൂടിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷകനുതന്നെ നേരിട്ട് ഡൗൺലോഡ് ചെയ്തെടുക്കാവുന്ന സംവിധാനം നിലവിലുണ്ട്.

## സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംബന്ധിച്ച അപേക്ഷ

64 (5215) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദത്ത് മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക് കോളേജിനുവേണ്ടി കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥലത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പാളിന്റെ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദത്ത് മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക് കോളേജിനുവേണ്ടി കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥലത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭ്യമാക്കണമെന്ന പ്രിൻസിപ്പാളിന്റെ അപേക്ഷ സംബന്ധിച്ച വിഷയം E2/139/17/TD നമ്പർ ഫയലിൽ കൈകാര്യം ചെയ്തുവരുന്നു. ഇതിൽ അന്തിമ തീരുമാനമായിട്ടില്ല.

## തീരദേശ റെയിൽപ്പാതയുടെ വികസനം

65 (5216) ശ്രീ. എസ്.ശർമ്മ:

ശ്രീ. എ. എം. ആരിഫ്:

ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ റെയിൽവികസനത്തിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പാത ഇരട്ടിപ്പിക്കലിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വെളിപ്പെടുത്തുമോ;

(സി) എറണാകുളം മുതൽ ചേർത്തല വരെയും കായംകുളം മുതൽ അമ്പലപ്പുഴവരെയും ഇപ്പോൾ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്;

(ഡി) തീരദേശ റെയിൽ പാത രണ്ടുവരിയാക്കി ഗതാഗതം സുഗമമാക്കുന്നതിന് പ്രത്യേക ധനസഹായത്തിനായി കേന്ദ്രത്തെ സമീപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ തീരദേശ റെയിൽപ്പാതയുടെ വികസനത്തിൽ സർക്കാർ പ്രത്യേകം ശ്രദ്ധചെലുത്തിവരുന്നു. പ്രസ്തുത പാതവഴി ഗതാഗതം സുഗമമാക്കുന്നതിലേയ്ക്കായി എറണാകുളം-ആലപ്പുഴ ലൈനിലെ കായംകുളം മുതൽ ഹരിപ്പാട് വരെയുള്ള 13.04 കി.മീ. ദൂരത്തെ പാതയിരട്ടിപ്പിക്കൽ പൂർത്തിയായിട്ടുണ്ട്. 18.13 കി.മീ. ദൈർഘ്യമുള്ള ഹരിപ്പാട്-അമ്പലപ്പുഴ ഭാഗത്ത് ഏറ്റെടുക്കാനുണ്ടായിരുന്ന ഭൂമിയിൽ അവശേഷിച്ചിരുന്ന 0.40 ഹെക്ടർ സ്ഥലം റെയിൽവേയ്ക്ക് കൈമാറുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എറണാകുളം-കുമ്പളം, കുമ്പളം-തുറവൂർ, തുറവൂർ-അമ്പലപ്പുഴ എന്നീ ഭാഗങ്ങളിലെ പാതയിരട്ടിപ്പിക്കലിന് ആവശ്യമായ തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര നിലപാട്. എന്നാൽ പ്രസ്തുത നിലപാട് പുനപരിശോധിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം അനുകൂല നിലപാട് കൈക്കൊണ്ടിട്ടില്ല.

(ഡി) സ്വീകരിക്കും.

## കേന്ദ്ര-സംസ്ഥാന സംയുക്ത റെയിൽവേ കമ്പനി

66 (5217) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റെയിൽവേ നയത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സംയുക്ത കമ്പനി നിലവിൽ വന്നശേഷം പ്രസ്തുത കമ്പനി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനകം പണി പൂർത്തിയാക്കിയവ ഏവ എന്നും പണി ആരംഭിച്ച പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ടപ്പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച പദ്ധതികളുടെ പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടുകൾ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല.

(ബി) പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

## അങ്കമാലി-എരുമേലി ശബരി റെയിൽപ്പാത പദ്ധതി

67 (5218) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കും നാട്ടുകാർക്കും ഒരേപോലെ പ്രയോജനം ചെയ്യുന്ന അങ്കമാലി-എരുമേലി ശബരി റെയിൽപാത പദ്ധതി സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സ്ഥലമേറ്റെടുക്കൽ നടപടി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സംയുക്ത സംരംഭത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന പദ്ധതികളിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ പാത യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) അങ്കമാലി - എരുമേലി പാത നീട്ടി പുനലൂർ - കൊല്ലം പാതയുമായി ബന്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അങ്കമാലി മുതൽ കാലടി വരെ പാതയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിലെ ശേഷിക്കുന്ന ഭാഗത്തിന്റെ ജോയിന്റ് വെരിഫിക്കേഷൻ 31-5-2018-നുമുമ്പ് പൂർത്തിയാക്കുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ഫൈനൽ ലൊക്കേഷൻ സർവ്വേ പുരോഗമിച്ചുവരുന്നു. സർവ്വേ നടത്തുന്നത് തടസ്സപ്പെടുത്തുന്ന പ്രദേശങ്ങളിൽ പോലീസ് സംരക്ഷണത്തോടുകൂടി പൂർത്തിയാക്കാനുള്ള സഹായം നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 13 വില്ലേജുകളിൽ 3 വില്ലേജുകളിലെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നത് 45 ദിവസങ്ങൾക്കകം പൂർത്തിയാകുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ SIA പഠനം നടത്താൻ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിയുടെ ചെലവ് 50:50 അനുപാതത്തിൽ വഹിക്കണമെന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ബഹു. പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കേന്ദ്ര സർക്കാർ ഈ പദ്ധതി റെയിൽവേയുടെ 100 ശതമാനം ഫണ്ടിംഗോടുകൂടി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠന പ്രവൃത്തികൾ നടത്തി വരികയാണ്.

## നിലമ്പൂർ-ബത്തേരി-നഞ്ചൻകോട് റെയിൽവേപ്പാതയുടെ സർവ്വേ

68 (5219) ശ്രീ. പാറക്കൽ അബ്ദുല്ല:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-ബത്തേരി-നഞ്ചൻകോട് റെയിൽവേ പാതയുടെ സർവ്വേ നടത്താൻ സർക്കാർ തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ ആരെയാണ് സർവ്വേ നടത്തുന്നതിനായി നിയോഗിച്ചിരുന്നത്;

(സി) ഇതു സംബന്ധിച്ച് ഡി.എം.ആർ.സി. സർവ്വേ നടത്തിയിട്ടുണ്ടോ;

(ഡി) ഈ റെയിൽപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽനിന്നും ഡി.എം.ആർ.സി.യെ സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) ഡി.എം.ആർ.സി.-യെയാണ് സർവ്വേ നടപടികൾക്കായി നിയോഗിച്ചിരുന്നത്.

(സി&ഡി) ഇല്ല.

## സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുള്ള ബജറ്റ് വിഹിതം

69 (5220) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽപ്പാതയിരട്ടിപ്പിക്കലിനും പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കും റെയിൽവേസ്റ്റേഷനുകളുടെ വികസനത്തിനുമായി ഇക്കഴിഞ്ഞ കേന്ദ്രബജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കഴിഞ്ഞ മൂന്ന് ബജറ്റുകളിൽ ഇതിനുള്ള വിഹിതം എത്ര വീതമായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കാര്യമായ ബജറ്റ് പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിലൂടെ സർവ്വീസ് നടത്തിവരുന്ന ദീർഘദൂര ട്രെയിനുകളുടെ ബോഗികളും കോച്ചുകളും പഴകി ദ്രവിച്ചതും ഏതാണ്ട് ഉപയോഗശൂന്യവുമാണെന്നിരിക്കേ, ഇത് മാറ്റി ഇവയ്ക്കുപകരം പുതിയ കോച്ചുകൾ ലഭ്യമാക്കുന്നതിൽ വരുത്തുന്ന കാലവിളംബം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റെയിൽപ്പാതയിരട്ടിപ്പിക്കലിനും പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കും റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനുമായി ഇക്കഴിഞ്ഞ കേന്ദ്ര ബജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക രൂപയിൽ (കോടി) |
|---|---|
| 2016-17 | 1014.06 |
| 2017-18 | 851.28 |
| 2018-19 | 689.13 |

(ബി) ഉണ്ട്. 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് (50 ശതമാനത്തോളം). പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവെ വകുപ്പുമന്ത്രി കേന്ദ്ര റെയിൽമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) പഴക്കം ചെന്നതും ഉപയോഗശൂന്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്‌ലെറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ബഹു. മുഖ്യമന്ത്രിയും റെയിൽവെ മന്ത്രിയും കത്തുകൾ അയച്ചിട്ടുണ്ട്.

**റെയിൽപ്പാത ഇരട്ടിപ്പിക്കൽ**

70 (5221) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽപ്പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) കേരളത്തിലുടനീളം പാത ഇരട്ടിപ്പിക്കലിന് പദ്ധതി തയ്യാറായിട്ടുണ്ടോ; ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പാത ഇരട്ടിപ്പിക്കൽ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്നതോടുകൂടി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സംസ്ഥാനത്തെ പാതയിരട്ടിപ്പിക്കൽ പൂർണ്ണമാകുമോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴവഴിയും കോട്ടയംവഴിയുമുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കായംകുളത്തുനിന്നും അമ്പലപ്പുഴവരെയുള്ള പാത ഇരട്ടിപ്പിക്കൽ പ്രവൃത്തി 31-3-2019-ലും കോട്ടയം വഴിയുള്ളത് 31-3-2020-ലും പൂർത്തീകരിക്കേണ്ടതാണെന്ന് റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല. ആലപ്പുഴ വഴിയുള്ള പാത ഇരട്ടിപ്പിക്കൽ പദ്ധതിയിൽ, അമ്പലപ്പുഴ-എറണാകുളം ഭാഗത്തെ പാത ഇരട്ടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ റെയിൽവേയുമായി ചെലവ് പങ്കിടണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചിട്ടുണ്ട്. ആലപ്പുഴവഴിയും കോട്ടയംവഴിയുമുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കൽ പൂർത്തിയായാൽ മാത്രമേ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സംസ്ഥാനത്തെ പാതയിരട്ടിപ്പിക്കൽ പൂർണ്ണമാകുകയുള്ളൂ.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ കൊടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജ്

71 (5222) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ കൊടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതിക്ക് 4-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 132/2017/പൊ.മ.വ. പ്രകാരം 37.38 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 16-5-2017-ലെ APR-1/76/2017/KIIFB പ്രകാരം ഈ പദ്ധതി കിഫ്ബി അംഗീകരിക്കുകയും 26.42 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ജില്ലാ കളക്ടർക്ക് 6-7-2017-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരികയാണ്. മൂന്ന് നെഗോസിയേഷൻ മീറ്റിംഗുകൾ നടത്തിയെങ്കിലും എല്ലാ ഭൂവുടമകളും SLEC നിശ്ചയിച്ച വില അംഗീകരിച്ചിട്ടില്ല. LA ആക്ട് പ്രകാരമുള്ള നടപടികളും സമാന്തരമായി നടന്നുവരുന്നു.

LA ആക്ട് പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് ഏകദേശം ഒരു വർഷത്തെ സമയം വേണ്ടിവരും. ഭൂമി ലഭ്യമായാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**അങ്കമാലി-മാഞ്ഞാലി റെയിൽ ഓവർ ബ്രിഡ്ജ്**

72 (5223) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുള്ള റെയിൽ ഓവർ ബ്രിഡ്ജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി വിശദമാക്കാമോ;

(സി) അങ്കമാലി-മാഞ്ഞാലി റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തികരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19-ൽ റെയിൽവേയുടെ അനുമതി ലഭിച്ച റെയിൽ ഓവർ ബ്രിഡ്ജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(സി) റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ 15-12-2017-ലെ സർക്കാർ കത്ത് നമ്പർ 66/D2/2016/PWD പ്രകാരം റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 2018-19-ലെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റെയിൽവേ ലെവൽ ക്രോസ്സുകൾക്ക് മേൽപ്പാലം

73 (5224) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ റെയിൽവേ ലെവൽ ക്രോസ്സുകൾക്കും മേൽപ്പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലെവൽക്രോസ്സുകളിൽ ട്രെയിൻ തട്ടി അപകടം സംഭവിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) റെയിൽവേ വർക്ക് പ്രോഗ്രാമിൽ വന്നിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകാനുള്ള 42 റെയിൽവേ മേൽപ്പാലങ്ങളുടെ ലിസ്റ്റ് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ സമർപ്പിക്കുകയും ആയവ 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ലെവൽ ക്രോസ്സുകളിൽ ട്രെയിൻ തട്ടി അപകടം സംഭവിച്ചിട്ടുള്ളവരുടെ വിശദവിവരം റെയിൽവേയിലാണ് ലഭ്യമായിട്ടുള്ളത്. സംസ്ഥാന സർക്കാരിൽ പ്രസ്തുത വിവരം ലഭ്യമല്ല. പ്രസ്തുത വിവരങ്ങൾ നൽകാൻ റെയിൽവേയോട് ആവശ്യപ്പെടുന്നതാണ്.

## വള്ളത്തോൾ നഗർ-ഷൊർണ്ണൂർ റെയിൽവേ മേൽപ്പാലം നിർമ്മാണം

74 (5225) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ വള്ളത്തോൾ നഗർ-ഷൊർണ്ണൂർ റെയിൽവേ മേൽപ്പാലം (പൈങ്കുളം മേൽപ്പാലം) നിർമ്മാണത്തിന് റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്രകോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ഷൊർണ്ണൂർ ജംഗ്ഷൻ, വള്ളത്തോൾ നഗർ എന്നീ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള LC No.1-ന് പകരമായുള്ള (Rly Km-1/800-500) മേൽപ്പാല നിർമ്മാണം 2018-19-ലെ റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

## മുള്ളൂർക്കര റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ നടപടി

75 (5226) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ ഗതാഗതത്തിരക്കുള്ള മുള്ളൂർക്കര-വരവൂർ പി.ഡബ്ള്യു.ഡി. റോഡിൽ മുള്ളൂർക്കരയിൽ റെയിൽവെ മേൽപ്പാലം നിർമ്മിക്കണമെന്ന് ജനങ്ങളുടെ ഭാഗത്തുനിന്നും വലിയതോതിൽ ആവശ്യം ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മാണത്തിന് റെയിൽവേയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വള്ളത്തോൾ നഗർ സ്റ്റേഷനും വടക്കാഞ്ചേരി സ്റ്റേഷനും ഇടയിലുള്ള ലെവൽ ക്രോസ്സ് നമ്പർ 6-ന് പകരമായി ഒരു റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി റെയിൽവേയുടെ 2005-06 വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിട്ടില്ല. നിലവിലുള്ള വർക്ക് പ്രോഗ്രാമിൽ മുള്ളൂർക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഈ സർക്കാർ ഇത് ഉൾപ്പെടുത്താൻ ശ്രമിക്കും.

## ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിനനുസൃതമായി നിയമനിർമ്മാണം

76 (5227) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച ജസ്റ്റിസ് ദിനേശൻ കമ്മീഷന്റെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾക്ക് അനുസൃതമായ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിക്കുകയും 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2018/ഉ.വി.വ. പ്രകാരം ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൻമേലുള്ള നടപടികൾ തുടർന്നുവരുന്നു.

**ഇക്കണോമിക് & അൺഇക്കണോമിക് സ്കൂളുകൾ**

77 (5228) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളെ ഇക്കണോമിക് എന്നും അൺ ഇക്കണോമിക് എന്നും തരംതിരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഇക്കണോമിക് എന്നും അൺ ഇക്കണോമിക് എന്നും തരം തിരിച്ചിട്ടുണ്ടെങ്കിൽ ഇങ്ങനെ തരം തിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സ്കൂളുകളെ കേരള വിദ്യാഭ്യാസ ചട്ടപ്രകാരം ഇക്കണോമിക് എന്നും അൺഇക്കണോമിക് എന്നും തരംതിരിച്ചിട്ടില്ല. കേരള വിദ്യാഭ്യാസ ചട്ടം അധ്യായം V ചട്ടം 22 എ പ്രകാരം സ്കൂളിന്റെ അംഗീകാരത്തിന് ഒരു സ്റ്റാൻഡേർഡിൽ ശരാശരി 25 കുട്ടികളെങ്കിലും ഇല്ലാത്ത വിദ്യാലയങ്ങൾ അൺഇക്കണോമിക് എന്ന് പറയപ്പെടുന്നു.

**പത്തിരിപ്പാല ഗവ. എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

78 (5229) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അനുവദിക്കപ്പെട്ട കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവ: എച്ച്.എസ്.എസ്. ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിക്കുക;

(ബി) ഈ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള എസ്.പി.വി ഏതാണ്; എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്;

(സി) വേനൽക്കാല അവധിക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് കോങ്ങാട് നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പത്തിരിപ്പാല ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി 2018 ഏപ്രിൽ മാസത്തിൽ ആരംഭിക്കാനാകുമെന്ന് കരുതുന്നു.

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി) കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 5.02 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

(സി) 2018 ഏപ്രിൽ മാസത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 2019-ൽ പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സർവ്വ ശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾ

79 (5230) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി രൂപീകരണത്തിനായി സ്കൂൾ തലങ്ങളിലും പഞ്ചായത്ത്, ജില്ലാ തലങ്ങളിലും ചർച്ചകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിലെ ശൗചാലയങ്ങൾ, കുടിവെള്ള സൗകര്യം, അറ്റകുറ്റപ്പണികൾ, ജീർണ്ണിച്ച കെട്ടിടങ്ങളുടെ പുനർനിർമ്മാണം തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്കും പ്രാദേശിക ഭരണകൂടങ്ങളിലെ ജനപ്രതിനിധികൾക്കും വിദ്യാഭ്യാസ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം സംഘടിപ്പിക്കാൻ എസ്.എസ്.എ. പ്രകാരം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർവ്വ ശിക്ഷാ അഭിയാൻ പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിനായി ഓരോ വർഷവും പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി സ്കൂൾ തലങ്ങളിലും പഞ്ചായത്ത്, ജില്ലാ തലങ്ങളിലും ചർച്ചകളും ശിൽപ്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. ഈ ചർച്ചകളിലും ശിൽപ്പശാലകളിലും ഉയർന്നുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമൊക്കെ ക്രോഡീകരിച്ചുകൊണ്ടാണ് എസ്.എസ്.എ.-യുടെ വാർഷിക പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നത്. ടി പ്രൊപ്പോസൽ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് കേന്ദ്രത്തിന് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(ബി) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സിവിൽ വർക്ക് എന്ന ശീർഷകത്തിലും സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് തുടങ്ങിയ ശീർഷകത്തിലും തുക സ്കൂളുകൾക്ക് അനുവദിക്കാറുണ്ട്. സിവിൽ വർക്കിൽ തെരഞ്ഞെടുത്ത സ്കൂളുകൾക്കാണ് തുക അനുവദിക്കാറുള്ളത്. 2018-19 വർഷവും ഇത്തരം പദ്ധതികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) രക്ഷിതാക്കൾക്കായി വിദ്യാഭ്യാസ വിഷയങ്ങളുമായി ബന്ധപ്പെട്ട് എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ പ്രാദേശിക ഭരണകൂടങ്ങളിലെ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ക്ലാസ് പി.ടി.എ., കോർണർ പി.ടി.എ., രക്ഷാകർതൃ വിദ്യാഭ്യാസം, രക്ഷകർത്താക്കൾക്കായി പ്രത്യേകം തയ്യാറാക്കിയ ലഘുലേഖകൾ, 'അമ്മവായന', 'അമ്മക്കൂട്', 'മദർ പി.ടി.എ.' എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

80 (5231) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സങ്കലിത വിദ്യാഭ്യാസത്തിന്റെ കീഴിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ഇത്തരത്തിലുള്ള കുട്ടികൾക്ക് സ്ഥിരം പരിശീലനം ആവശ്യമായിരിക്കെ ഇവരെ പരിശീലിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് എസ്.എസ്.എ., ആർ.എം.എസ്.എ. മുഖേന നൽകിവരുന്ന സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിനുള്ള സർവ്വേ, മെഡിക്കൽ ക്യാമ്പ്, സാങ്കേതിക ഉപകരണ സഹായ വിതരണം, എക്സ്കോർട്ട് അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, തെറാപ്പിസ്റ്റുകളുടെ സേവനം, രക്ഷകർത്തൃ പരിശീലനം, അദ്ധ്യാപക പരിശീലനം, ഓട്ടിസം സെന്ററുകൾ വഴിയുള്ള സേവനം, ഗുരുതരമായി വൈകല്യം ബാധിച്ച് കിടപ്പിലായ കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം എന്നിവ എസ്.എസ്.എ. മുഖേന നൽകിവരുന്നു. ഒൻപതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളെയാണ് ആർ.എം.എസ്.എ.-യുടെ ഐ.ഇ.ഡി.എസ്.എസ്. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്കീമിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾ ഡയറക്ടർ, ഉപഡയറക്ടർ, അക്കാദമിക് പ്രോജക്ട് ഓഫീസർ എന്നിവരുടെ നേതൃത്വത്തിലും ജില്ലാതല പ്രവർത്തനങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ എന്നിവരുടെ നേതൃത്വത്തിലും നടത്തിവരുന്നു. കൂടാതെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരെയും ആർ.എം.എസ്.എ. മുഖേന നിയമിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. മുഖേന റിസോഴ്സ് അദ്ധ്യാപകർക്കും സ്കൂളിലെ അദ്ധ്യാപകർക്കും സങ്കലിത വിദ്യാഭ്യാസത്തിൽ പരിശീലനം നൽകിവരുന്നു.

(ബി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികൾ പ്രകാരം റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അനുമതിയോടെ 795 റിസോഴ്സ് അദ്ധ്യാപകരെയും സംസ്ഥാന സർക്കാർ 408 റിസോഴ്സ് അദ്ധ്യാപകരെയും എസ്.എസ്.എ. പദ്ധതിയിൻകീഴിൽ നിയമിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 853 റിസോഴ്സ് അദ്ധ്യാപകരെ പൊതുവിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ നിലവാരം സംബന്ധിച്ച് പഠനം

81 (5232) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ വർഷം പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം എത്ര എന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികളേക്കാൾ ഇംഗ്ലീഷ് ഭാഷ പ്രയോഗത്തിലും സയൻസ്, കണക്ക് വിഷയങ്ങളിലും കേരള സിലബസിലെ കുട്ടികൾ പുറകോട്ടാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നതു സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തുകയുണ്ടായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പഠനം നടത്തി ആവശ്യമായ മാറ്റങ്ങൾ നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യത്തിൽ ഒരു ശാസ്ത്രീയ പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## എയ്ഡഡ് പദവി നൽകിയ സ്പെഷ്യൽ സ്കൂളുകൾ

82 (5233) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ഓട്ടിസം ബാധിച്ചവർ, സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽനിന്ന് തെരഞ്ഞെടുത്ത 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി സർക്കാർ ഉത്തരവ് ഇറങ്ങി രണ്ട് വർഷം പിന്നിട്ടിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപ്പുസാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതും 100 വിദ്യാർത്ഥികളിൽ കൂടുതലുള്ളതുമായ 33 സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016-ലെ സ.ഉ. (എം.എസ്.) നമ്പർ 38/2016/പൊ.വി.വ. എന്ന ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളെയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപംനൽകാൻ സർക്കാർ തീരുമാനിക്കുകയും അതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പത്താം ക്ലാസ് സർട്ടിഫിക്കറ്റിൽ ഗ്രേഡിനൊപ്പം മാർക്കും രേഖപ്പെടുത്തുന്നതിന് നടപടി

83 (5234) <u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റിൽ ഗ്രേഡിനൊപ്പം ലഭ്യമായ മാർക്കും രേഖപ്പെടുത്തി നൽകുമ്പോൾ സംസ്ഥാന സിലബസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ ഗ്രേഡ് മാത്രം രേഖപ്പെടുത്തുകയും മാർക്കുലിസ്റ്റ് ലഭിക്കാനായി രണ്ടു വർഷം വരെ കാത്തിരിക്കേണ്ടതും ആയതിന് ഫീസ് ആയി 200 രൂപ വരെ ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സിലബസ്സിൽ പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് 200 രൂപ ഫീസായി നൽകി മാർക്കിന്റെ രേഖകൾ കരസ്ഥമാക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി നടപ്പുവർഷം മുതൽ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുമ്പോൾ അവർക്ക് ലഭിച്ച ഗ്രേഡിനോടൊപ്പം മാർക്ക് കൂടി രേഖപ്പെടുത്തി നൽകുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 11-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 180/2012/പൊവിവ., പ്രകാരം പ്ലസ് ടുവിനുശേഷം ഉപരിപഠനത്തിന് ബന്ധപ്പെട്ട പരീക്ഷാർത്ഥികൾ ആവശ്യപ്പെട്ടാൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ലഭിച്ച

മാർക്ക് വിവരം, 200 രൂപ ഫീസ് ഈടാക്കി അവർക്ക് നേരിട്ടുനൽകുന്നതിന് അനുമതിയുണ്ട്. അതിനാൽ കേരള സിലബസ്സിൽ 2015 മാർച്ച് വരെ പരീക്ഷ എഴുതിയവർക്ക് മാർക്ക് വിവരം പരീക്ഷാഭവനിൽനിന്നും നേരിട്ട് അറിയാവുന്നതാണ്. 2016, 2017 വർഷങ്ങളിൽ പരീക്ഷ എഴുതിയവർക്ക് ഉന്നതവിദ്യാഭ്യാസം, സ്കോളർഷിപ്പ്, ജോലി/റിക്രൂട്ട്മെന്റ്/ഇന്റർവ്യൂ എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് മാർക്ക് ആവശ്യം വന്നാൽ നിർദ്ദിഷ്ട രേഖകൾ സഹിതം നൽകുന്ന അപേക്ഷ പരിശോധിച്ച് പരീക്ഷാ ഭവനിൽനിന്നും ബന്ധപ്പെട്ട ആഫീസിലേയ്ക്ക് രഹസ്യ സ്വഭാവം നിലനിർത്തി മാർക്ക് വിവരം നേരിട്ട് അയച്ച് കൊടുക്കുന്നതാണ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായമാണ് നിലവിലുള്ളത്. അതിനാലാണ് മാർക്ക് വിവരം നൽകുന്നതിന് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) നിലവിൽ പരിഗണനയിലില്ല.

**കോളേജ് ഗെയിംസ് കൂടുതൽ ആകർഷകമാക്കുന്നതിന് നടപടി**

84 (T*5235) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വകലാശാല കായിക കലണ്ടറും സംസ്ഥാന സ്പോർട്സ് കൗൺസിൽ കായിക കലണ്ടറും തമ്മിൽ യോജിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കോളേജ് ഗെയിംസ് കൂടുതൽ ആകർഷകമാക്കുന്നതിനും യോഗ്യരായ കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കോളേജ് ഗെയിംസ് കൂടുതൽ ആകർഷകമാക്കുന്നതിനും യോഗ്യരായ കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനുമായി ഗെയിംസ് കൂടുതൽ വിപുലമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ മത്സര ഇനങ്ങൾ ഉൾപ്പെടുത്തിയും കൂടുതൽ സമ്മാനങ്ങൾ ഏർപ്പെടുത്തിയും മതിയായ പ്രചാരണ പ്രവർത്തനങ്ങളിലൂടെയും സ്പോൺസർഷിപ്പ് വഴി കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് ഗെയിംസ് കൂടുതൽ ആകർഷകമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## എയ്ഡഡ് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട്

85 (5236) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സീമാറ്റ് കേരളയിലെ നിയമനങ്ങൾ

86 (5237) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെകീഴിലുള്ള സീമാറ്റ് കേരള എന്ന സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുവാൻവേണ്ടി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ നിലവിൽ എത്രപേർ ജോലി നോക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ജീവനക്കാരെ നിയമിച്ചതിൽ സംവരണം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഒഴിവുള്ള തസ്തികകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ സ്വയംഭരണ സ്ഥാപനമായ സീമാറ്റ്-കേരളയിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അന്യത്ര സേവന വ്യവസ്ഥയിൽ ഒരു ഡയറക്ടറും കരാർ അടിസ്ഥാനത്തിൽ 16 ജീവനക്കാരും ദിവസ വേതനാടിസ്ഥാനത്തിൽ ഒരാളും ഉൾപ്പെടെ ആകെ 18 ജീവനക്കാരാണ് സീമാറ്റ് കേരളയിൽ ജോലി ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സീമാറ്റ്-കേരളയിൽ കരാർ/ദിവസ വേതന നിയമനങ്ങളായതിനാൽ സംവരണം പാലിച്ചിട്ടില്ല.

(ഡി) സീമാറ്റ്-കേരളയിൽ സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുകയോ തസ്തിക സൃഷ്ടിക്കൽ നടത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ സ്ഥിരം നിയമനങ്ങൾ നടത്താനാകില്ല. സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഭരണനിർവ്വഹണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു. സീമാറ്റ്-കേരളയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ നടത്തിപ്പിലേയ്ക്കായി ജീവനക്കാരെ ഭരണ നിർവ്വഹണ സമിതിയുടെ അനുമതിയോടെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയോഗിച്ചുവരികയാണ് ചെയ്യുന്നത്.

## തലശ്ശേരി മണ്ഡത്തിലെ സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം

87 (5238) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായി എന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 1. കുടുക്കളം യു.പി.എസ്. എരിഞ്ഞോളി

2. ജി.എൽ.പി.എസ്. പുല്ല്യോട്

3. ഡി.ഐ.യു.പി. പാറാൽ

4. മാരാൻകണ്ടി എൽ.പി.എസ്.

5. ഒളവിലം യു.പി.എസ്.

6. പള്ളിപ്രം എൽ.പി.എസ്. ന്യൂ മാഹി

7. എരിഞ്ഞോളി നോർത്ത് എൽ.പി.എസ്.

8. പന്ന്യന്നൂർ എൽ.പി.എസ്.

(ബി) പദ്ധതി പൂർത്തീകരിക്കാനുള്ള തുടർനടപടിക്രമങ്ങൾ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

## സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുന്നതിന് നടപടി

88 (5239) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വികസിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(സി) സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സാമ്പത്തിക സഹായം ലഭിക്കുന്ന എല്ലാ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ എല്ലാ വർഷവും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും അപാകതകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകാറുമുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറും സ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നുണ്ട്.

(ബി) പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പാഠപുസ്തകങ്ങൾ ഇതിനകംതന്നെ എല്ലാ സ്കൂളുകൾക്കും വിതരണം ചെയ്തിട്ടുണ്ട്.

(സി) സ്പെഷ്യൽ സ്കൂളുകളിൽ നിലവിൽ എസ്.സി.ഇ.ആർ.റ്റി. വികസിപ്പിച്ച ശാസ്ത്രീയ അടിത്തറയുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് നടപ്പിലാക്കിവരുന്നത്.

## വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പാലിക്കാത്ത സ്കൂളുകൾ

89 (5240) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളിൽ ഇരുപത്തിയഞ്ച് ശതമാനം വിദ്യാർത്ഥികൾ ദുർബല വിഭാഗത്തിൽപ്പെട്ടവരോ പാവപ്പെട്ടവരോ ആയിരിക്കണമെന്ന വിദ്യാഭ്യാസ

അവകാശ നിയമത്തിലെ വ്യവസ്ഥ നടപ്പാക്കുന്നതിൽ ചില അൺ എയ്ഡഡ് സ്കൂളുകൾ ഗുരുതരമായ വീഴ്ചവരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വീഴ്ച വരുത്തിയ എത്ര സ്കൂളുകൾക്കെതിരെ ഈ സർക്കാർ നാളിതുവരെ നടപടി സ്വീകരിച്ചു; ഏതൊക്കെ സ്കൂളുകൾ; വിശദാംശം നൽകുമോ;

(സി) 2018-19 അദ്ധ്യയന വർഷം മുതൽ പ്രസ്തുത നിയമം കർശനമായി നടപ്പാക്കുന്നതിനും ആയത് ഉറപ്പുവരുത്താനും തയ്യാറാകുമോ;

(ഡി) നടപ്പാക്കിയില്ലെങ്കിൽ അത്തരം സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്ട് 8-ാം വകുപ്പിന്റെ ഖണ്ഡം (C), 9-ാം വകുപ്പിന്റെ ഖണ്ഡം (C) എന്നിവ പ്രകാരം ദുർബല വിഭാഗത്തിലും പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലുമുള്ള കുട്ടികൾക്കെതിരെ വിവേചനം കാണിക്കുന്നില്ലെന്നും അവരുടെ പ്രാഥമിക വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സർക്കാർ ഉറപ്പുവരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ടിലെ 12-ാം വകുപ്പ് ഖണ്ഡം (1) ഉപഖണ്ഡം (C) പ്രകാരം (12 (1) C) ഇത്തരം വിദ്യാലയങ്ങളിൽ 1-ാം ക്ലാസ്സിൽ ആ ക്ലാസ്സിന്റെ സംഖ്യാബലത്തിന്റെ ഏറ്റവും കുറഞ്ഞത് 25 ശതമാനം വരെയെങ്കിലും സമീപ പ്രദേശങ്ങളിലെ ദുർബല വിഭാഗത്തിലും (Weaker section), പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും (disadvantaged group) കുട്ടികളെ പ്രവേശിപ്പിക്കേണ്ടതും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർത്തീകരണംവരെ നൽകേണ്ടതുമാണ്. അതിന് നേരിടുന്ന ചെലവ്, ഒരു കുട്ടിക്കുവേണ്ടി സംസ്ഥാനം നേരിട്ട ചെലവിന്റെ അത്രയുമോ അല്ലെങ്കിൽ ആ കുട്ടിയിൽനിന്നും ഈടാക്കിയ യഥാർത്ഥ തുകയോ ഇതിൽ ഏതാണോ കുറവ്, ആയത് സംസ്ഥാനം വഹിക്കണമെന്ന് 12-ാം വകുപ്പിന്റെ ഖണ്ഡം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കേരളത്തിൽ ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രവേശനം നൽകിയിട്ടില്ലെന്നുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) നിയമലംഘനം നടത്തുന്നതായുള്ള പരാതി ലഭിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

## നിർബന്ധിത വിടുതൽ സർട്ടിഫിക്കറ്റ്

90 (5241) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സ് പരീക്ഷയിൽ ഉന്നത വിജയം ഉറപ്പാക്കുന്നതിന്റെ ഭാഗമായി എട്ടാം ക്ലാസ്സിലും ഒമ്പതാം ക്ലാസ്സിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുവാൻ കഴിയാത്ത കുട്ടികളെ ചില സ്വകാര്യ സ്കൂളുകൾ നിർബന്ധിത റ്റി.സി. നൽകി പുറത്താക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യക്തിഗത പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുവായ ഒരു പരാതി ലഭിച്ചിട്ടുണ്ട്. അതിന്മേൽ ബന്ധപ്പെട്ടവർക്ക് കർശനമായ നിർദ്ദേശം നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ 16-ൽ, സ്കൂളിൽ പ്രവേശനം നേടിയ ഒരു കുട്ടിയെയും പ്രാഥമിമ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുവരെ ഏതെങ്കിലും ഒരു ക്ലാസ്സിൽത്തന്നെ നിലനിർത്തുവാനോ സ്കൂളുകളിൽനിന്ന് പുറത്താക്കുവാനോ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. നിയമലംഘനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംഘടനാ പ്രവർത്തനം

91 (5242) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടനാ പ്രവർത്തനം അനുവദിക്കുന്നത് സംബന്ധിച്ച പഠനത്തിനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിലെ ശിപാർശ എന്താണെന്നും ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇതിനായി മാത്രം പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കുവാൻ

നിയമിക്കപ്പെട്ട ജസ്റ്റിസ് ദിനേശൻ കമ്മീഷൻ ഇക്കാര്യവും പരിശോധിച്ചിട്ടുണ്ട്. ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2018/ഉ.വി.വ. പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

92 (5243) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വർത്തമാനകാല സാഹചര്യങ്ങൾക്ക് അനുസൃതമായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിൽ കാര്യമായ ശ്രദ്ധ പുലർത്തി കാണുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പെൺകുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂൾ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനത്തിന് 2018-19 ബജറ്റിൽ ഊന്നൽനൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വർത്തമാനകാല സാഹചര്യങ്ങൾക്ക് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

- പദ്ധതിയുടെ ആദ്യഘട്ടമായി കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ നിയോജക

മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നു.

- കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നു.
- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നു.
- ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനം
- ലൈബ്രറി/ലബോറട്ടറി നവീകരണത്തിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.
- 50, 100 വർഷം പൂർത്തിയാക്കിയിട്ടുള്ള സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.
- കൂടാതെ വിവിധ പദ്ധതികൾക്കായി ചുവടെ ചേർക്കുന്ന പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.
- സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവ. സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.
- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്‌ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്:

1) ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ

2) എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്

3) ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്

4) ഗവ. ബോയ്സ് എച്ച്.എസ്.എസ്. ഹരിപ്പാട്, ആലപ്പുഴ

ഹയർ സെക്കന്ററി വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെയും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ മുഖേനയും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ കാലാനുസൃതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല. വിഭവശേഷിയുടെ ലഭ്യതയ്ക്കനുസരിച്ച് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികളിലും വിവിധ വാർഷിക പദ്ധതികളിലും ഉൾപ്പെടുത്തി സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എം.പി./എം.എൽ.എ.-എ.ഡി.എസ്. പദ്ധതികളിലൂടെയും സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലൂടെയും സ്കൂളുകളുടെ അടിസ്ഥാന സൗകര്യം കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) പെൺകുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ നിർമ്മിക്കുക, നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ അഥവാ വേസ്റ്റ് ഡിസ്പോസിംഗ് സൗകര്യം, വനിതാ വിശ്രമ മുറികൾ നിർമ്മിക്കുക, വനിതാ കൗൺസിലിംഗ് ഹാൾ നിർമ്മിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് വകുപ്പിന്റെ ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് വകുപ്പിന്റെ പദ്ധതികളിലുൾപ്പെടുത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്കൂൾ പ്രിൻസിപ്പൽമാർക്ക് ലഭ്യമായ പി.ഡി. അക്കൗണ്ടുകളിലുള്ള ബാലൻസ് തുക ഉപയോഗിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

(ഡി) ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2018-19 വാർഷിക പദ്ധതിയിൽ സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിനായി ക്യാപ്പിറ്റൽ ഹെഡ്ഡിൽ 12000 ലക്ഷം രൂപയും റവന്യൂ ഹെഡ്ഡിൽ 5000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## ചാലക്കുടിയിൽ കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം മേഖല കേന്ദ്രം

93 (5244) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിനുവേണ്ടി ചാലക്കുടിയിൽ മേഖല ശാസ്ത്ര കേന്ദ്രം തുടങ്ങുവാൻ ഏത് വർഷമാണ് അനുമതി ലഭിച്ചത് ; ഏത് വർഷം മുതൽ ആണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് ; ഈ പദ്ധതിക്കായി നാളിതുവരെ എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ട തുകയിൽ ഏതൊക്കെ മേഖലകളിലായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ പ്ലാനിറ്റേറിയം കെട്ടിടം നിർമ്മിക്കുന്നുണ്ടോ ; ഇതിനായി എത്ര രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത് ; ചാലക്കുടി പോലുള്ള പ്രദേശത്ത് വലിയരീതിയിലുള്ള പ്ലാനിറ്റേറിയം നിർമ്മിക്കുന്നത് ഉപയോഗപ്രദമാകുമോ എന്നുള്ളത് സംബന്ധിച്ച് എന്തെങ്കിലും സാധ്യത പഠനം നടത്തിയതിന് ശേഷമാണോ തീരുമാനിച്ചത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-ൽ അനുമതി ലഭിക്കുകയും 2012-ൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി നാളിതുവരെ 1353 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ട തുകയിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 726 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | ചുറ്റുമതിൽ നിർമ്മാണം | 20 ലക്ഷം |
| 2 | സൈറ്റ് സർവ്വേ, മണ്ണ് പരിശോധന, കൺസൾട്ടൻസി ഫീ മുതലായവ | 12 ലക്ഷം |

| | | |
|---|---|---|
| 3 | മെയിൻ ബിൽഡിംഗ് നിർമ്മാണം | 600 ലക്ഷം |
| 4 | പ്ലാനിറ്റോറിയം ബിൽഡിംഗ് നിർമ്മാണം | 46 ലക്ഷം |
| 5 | പ്രധാന ഗേറ്റ്, അനുബന്ധ പ്രവൃത്തികൾ | 43 ലക്ഷം |
| 6 | ഡോം ആന്റ് ഒബ്സർവേറ്ററി | 5 ലക്ഷം |
| | ആകെ | 726 ലക്ഷം |

(സി) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ പ്ലാനിറ്റോറിയം കെട്ടിടം നിർമ്മിക്കുന്നുണ്ട്. ഇതിലേയ്ക്കായി 210 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. സാധ്യതാപഠനം നടത്തിയതിനുശേഷമാണ് ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിന്റെ നിർമ്മാണം തീരുമാനിച്ചത്. ചാലക്കുടിയിൽ 15 മീറ്റർ വ്യാസമുള്ള ഇടത്തരം പ്ലാനിറ്റോറിയമാണ് നിർമ്മിക്കുന്നത്. ചാലക്കുടിയിൽനിന്ന് 40 കിലോമീറ്റർ ചുറ്റളവിൽ കൊച്ചി, തൃശ്ശൂർ കോർപ്പറേഷനും, കളമശ്ശേരി, ആലുവ, അങ്കമാലി, ചാലക്കുടി, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റികൾ ഉൾപ്പെട്ടിട്ടുള്ളത് കണക്കിലെടുത്തും എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, അയൽ സംസ്ഥാനത്തിലെ കോയമ്പത്തൂർ എന്നീ ജില്ലകളിൽ പ്ലാനിറ്റോറിയം നിലവിലില്ലാത്തത് കണക്കിലെടുത്തും അതിരപ്പിള്ളി, വാഴച്ചാൽ എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നവരുടെ ബാഹുല്യം കണക്കിലെടുത്തുമാണ് ഈ പ്ലാനിറ്റോറിയം നിർമ്മിക്കുന്നത്.

**അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ നോട്ടീസ്**

94 (5245) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാലയങ്ങൾക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്;

(ബി) സർക്കാർ നിശ്ചയിച്ച ഏതെല്ലാം മാനദണ്ഡങ്ങളുടെ കുറവുകളാണ് വിദ്യാലയങ്ങൾക്ക് നൽകിയ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No. 4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർനടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് വിദ്യാഭ്യാസ അധികാരികൾ നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) 7-10-2011-ലെ സ.ഉ. (കൈ.) നമ്പർ 202/2011/പൊ.വി.വ. പ്രകാരവും 10-6-2013 തീയതിയിലെ സ.ഉ. (കൈ) നമ്പർ 184/2013/പൊ.വി.വ. പ്രകാരവും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അംഗീകാരം നേടാത്ത സ്കൂളുകൾക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്.

**മങ്കട മണ്ഡലത്തിലെ ഹൈടെക് സ്കൂളുകൾ**

95 (5246) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി, മങ്കട നിയോജക മണ്ഡലത്തിൽ ചെയ്തുവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്ന മങ്കടയിലെ സ്കൂളുകളുടെ പേരുവിവരം നൽകാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് നിയോഗിച്ചിട്ടുള്ള ഏജൻസി ഏതാണ് ; ഏജൻസിയെ തെരഞ്ഞെടുത്ത രീതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസ്സിലെയും ലാപ് ടോപ്പ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി, മൾട്ടി ഫങ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ് സംവിധാനം,

ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ലക്ഷ്യമാക്കുന്നത്. മങ്കട നിയോജകമണ്ഡലത്തിലുള്ള 24 സ്കൂളുകളിൽ ക്ലാസ് മുറികൾ സജ്ജമാക്കിയ 20 സ്കൂളുകളിലും ഒന്നാംഘട്ട ഉപകരണ വിതരണം നടത്തിയിട്ടുണ്ട്.

(ബി) സ്കൂളുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കമ്പനിയായ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ആണ് പദ്ധതി നടപ്പിലാക്കുന്നത്.

## കതിരൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ

96 (5247) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിനെ വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 3 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച ഡി.പി.ആർ.-ന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഭരണാനുമതി എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനായി തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ തെരഞ്ഞെടുക്കുകയും അപ്രകാരം സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ' തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5.51 കോടി രൂപയുടെയുള്ള (അഞ്ചുകോടി അമ്പത്തൊന്ന് ലക്ഷം രൂപ) ഭരണാനുമതി നൽകുകയും മൂന്നുകോടി രൂപയുടെയുള്ള കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകൾ

97 (5248) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ 2018-19 വർഷത്തിൽ എൽപി-യുപി. വിഭാഗത്തിൽ എത്ര സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ് (ഹൈടെക് ക്ലാസ്) നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ഹൈടെക് ക്ലാസ് റൂമുകൾക്കും എത്ര തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ;

(സി) ഹൈടെക് ക്ലാസ് റൂമുകൾ സജ്ജീകരിക്കുന്നതിന് സ്കൂൾ പി.ടി.എ-മാനേജ്മെന്റ് കമ്മിറ്റികൾ ഏതൊക്കെ പ്രവർത്തനങ്ങൾ ആണ് നടത്തേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ എൽപി-യുപി. വിഭാഗത്തിൽ ഹൈടെക് ക്ലാസ് മുറികൾ സജ്ജീകരിക്കുന്ന സർക്കാർ-എയ്ഡഡ് സ്കൂളുകൾ എതൊക്കെ ആണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകളിൽ എത്ര ക്ലാസ് റൂമുകൾ ആണ് ഹൈടെക് നിലവാരത്തിൽ എത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) പ്രൈമറി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുകയല്ല, പകരം സ്കൂളിന് പൊതുവായി ഹൈടെക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 2018-19 സംസ്ഥാന ബജറ്റിലാണ് പ്രൈമറി വിദ്യാലയങ്ങളിലെ ഹൈടെക് പ്രവർത്തനങ്ങൾക്ക് 300 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## സ്കൂൾ ബസുകൾ വാങ്ങുന്ന പ്രോജക്ടിന് കാലതാമസം

98 (5249) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ അഴീക്കോട് മണ്ഡലത്തിലെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശിപാർശ ചെയ്തിരുന്ന അഞ്ച് സ്കൂൾ ബസുകൾ വാങ്ങുന്നതിന് ആവശ്യമായ റിപ്പോർട്ട് കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തില്‍ ആവശ്യമായ പ്രോജക്ട് റിപ്പോര്‍ട്ട് സമര്‍പ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) എന്നത്തേയ്ക്ക് ബന്ധപ്പെട്ട സ്കൂളുകള്‍ക്ക് ബസുകള്‍ കൈമാറാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സമര്‍പ്പിച്ചിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസില്‍നിന്നും ആവശ്യപ്പെട്ട വിവരങ്ങളാണ് ആദ്യം സമര്‍പ്പിച്ചിരുന്നത്. അതിന്റെകൂടെ പ്രോജക്ട് റിപ്പോര്‍ട്ട് ആവശ്യപ്പെട്ടിരുന്നില്ല. ആയത് 17-3-2018-ന് മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിനാലാണ് കാലതാമസം നേരിട്ടത്. കണ്ണൂര്‍ വിദ്യാഭ്യാസ ഉപഡയറക്ടര്‍ ഓഫീസില്‍നിന്നും പ്രോജക്ട് റിപ്പോര്‍ട്ട് താമസംവിനാ സമര്‍പ്പിക്കുന്നതാണ്.

(സി) ഭരണാനുമതി ലഭിച്ചുകഴിഞ്ഞാലുടന്‍തന്നെ ഇ-ടെന്‍ഡര്‍ വഴി ബസ് വിതരണം ചെയ്യുന്ന ഏജന്‍സിയെ തെരഞ്ഞെടുത്ത് തുടര്‍നടപടികള്‍ സ്വീകരിക്കുന്നതാണ്.

## സ്കൂള്‍ പാഠപുസ്തകങ്ങളുടെ അച്ചടി ജോലികള്‍

99 (5250) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അടുത്ത അദ്ധ്യയന വര്‍ഷത്തേക്കുള്ള സ്കൂള്‍ പാഠപുസ്തകങ്ങളുടെ അച്ചടി ജോലികള്‍ നിലവില്‍ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഒന്നാം ഭാഗം പാഠപുസ്തകങ്ങളുടെ വിതരണം പൂര്‍ത്തീകരിച്ചോയെന്നുള്ള വിവരം നല്‍കുമോ;

(സി) ഈ അച്ചടി ജോലികള്‍ എന്നത്തേക്ക് പൂര്‍ത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 അദ്ധ്യയന വര്‍ഷത്തേയ്ക്കുള്ള ഒന്ന് മുതല്‍ പത്ത് വരെ ക്ലാസ്സുകളിലെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി പൂര്‍ത്തീകരിക്കുകയും വിതരണം പുരോഗമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

(ബി) 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം സംസ്ഥാനത്തൊട്ടാകെ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 10 ദിവസത്തിനകം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി ജോലികൾ ഇതിനോടകംതന്നെ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

## പാഠപുസ്തകങ്ങളുടെ അച്ചടി

100 (5251) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ അദ്ധ്യയന വർഷത്തേക്ക് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ ഒന്നാം വാല്യം 288 ടൈറ്റിലും രണ്ടാം വാല്യം 187 ടൈറ്റിലും മൂന്നാം വാല്യം 66 ടൈറ്റിലുമാണ് അച്ചടിക്കേണ്ടത്. നിലവിൽ ഒന്നാം വാല്യം പാഠപുസ്തകങ്ങളാണ് അച്ചടിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്നാം വാല്യം 288 ടൈറ്റിലുകളിലായി 3.06 കോടി പാഠപുസ്തകങ്ങളാണ് അച്ചടിച്ച് വിതരണം നടത്തുന്നത്.

## പ്രീപ്രൈമറി ടീച്ചർമാരുടെ ഓണറേറിയം

101 (5252) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിൽ എത്ര പ്രീപ്രൈമറി ടീച്ചർമാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ നിലവിലെ ഓണറേറിയം എത്രയാണെന്നും അറിയിക്കുമോ;

(ബി) ഒഴിവുള്ള പ്രീപ്രൈമറി ടീച്ചർമാരുടെ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളിൽ ആകെ 2851 അദ്ധ്യാപകർ ജോലി ചെയ്തുവരുന്നു. ഇവർക്ക് 9,500 രൂപ (ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയിരുന്നു ഓണറേറിയം. 13-3-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 1058/2018/പൊ.വി.വ. പ്രകാരം 500 രൂപ (അഞ്ഞൂറ് രൂപ മാത്രം) കൂട്ടി 10,000 (പതിനായിരം രൂപ മാത്രം) യായി വർദ്ധിപ്പിച്ചു. ഇതിന് മുൻകാലപ്രാബല്യം 2017 ഏപ്രിൽ മാസം മുതലാണ്.

(ബി&സി) സർക്കാർ സ്കൂളുകളോട് അനുബന്ധിച്ചുള്ള പ്രീപ്രൈമറി അദ്ധ്യാപകരെ ഒഴിവ് വരുന്നമുറയ്ക്ക് നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം പി.ടി.എ.-യ്ക്ക് അധികാരം നൽകിയിട്ടുണ്ട്. പി.ടി.എ.-യാണ് ഇവരെ നിയമിക്കുന്നത്.

**എൽ.പി., യു.പി. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

102 (5253) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ;

(ബി) എൽ.പി.ജി.എസ്. പൂഴനാട് സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) എൽ.പി., യു.പി. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്ന സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം എല്ലാ മണ്ഡലങ്ങളിൽനിന്നും ബന്ധപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്ന ഒരു എൽ.പി. അല്ലെങ്കിൽ യു.പി. സ്കൂളിന് ഒരു കോടി രൂപ വീതം നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്.

(ബി) തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മണ്ഡലത്തിൽനിന്നും ഗവ. എൽ. പി. സ്കൂൾ ഒറ്റശേഖരമംഗലത്തിന്റെ പ്രൊപ്പോസലാണ് ലഭിച്ചത്. പ്രസ്തുത പ്രൊപ്പോസലിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ

103 (5254) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ കെ.ഇ.ആർ. പാസ്സാകണമെന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(ബി) കെ.ഇ.ആർ. യോഗ്യതയുള്ളവർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഇല്ലാത്തപക്ഷം പ്രധാന അദ്ധ്യാപകനായി ആരെയാണ് നിയമിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 19-2-2018-ലെ ജി.ഒ. (എം.എസ്.) നമ്പർ 16/18/പൊ.വി.വ. പ്രകാരം എയ്ഡഡ് പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപകനായി പ്രൊമോഷൻ ലഭിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന കേരള എഡ്യൂക്കേഷൻ ആക്ട് & റൂൾസ് ടെസ്റ്റ് യോഗ്യതകൂടി നിർബന്ധമാക്കിയിട്ടുണ്ട്. 19-2-2018 മുതലാണ് ഈ ഉത്തരവിന് പ്രാബല്യമുള്ളത്.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിലെ ചട്ടം 18 (1)-ൽ പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് ചില ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്. അത് താഴെപ്പറയും പ്രകാരമാണ്:

“ The Head teacher shall be a person having a minimum to twelve years of teaching experience and possessing pass in such departmental tests and test on Kerala Education Act and Rules as may be specified in that regards” .

ചട്ടത്തിൽ ഇപ്രകാരം പറഞ്ഞെങ്കിലും പ്രൊമോഷന് ആവശ്യമായ ടെസ്റ്റ് യോഗ്യത ഏതാണെന്ന് സർക്കാർ ഒരു വിജ്ഞാപനത്തിലൂടെ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ചട്ടം 18 (1) പ്രൊമോഷന് ബാധകമാക്കാൻ കഴിയില്ലെന്നാണ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും ബഹു.

ഹൈക്കോടതിയും ഒന്നിലധികം കേസുകളിൽ വിധിന്യായം പുറപ്പെടുവിച്ചത്. പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപക പ്രൊമോഷനാവശ്യമായ ടെസ്റ്റ് യോഗ്യതകളെ സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതികൾ വരുത്താനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിക്കുകയുണ്ടായി. 6-10-2017-ലെ (ഒ. എ. നമ്പർ 408/2017). മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരമുള്ള നിബന്ധന കൊണ്ടുവന്നത്.

(ബി) കെ.ഇ.ആർ. അദ്ധ്യായം XIV A, ചട്ടം 45 B (4) പ്രകാരം 50 വയസുകഴിഞ്ഞ പ്രൈമറി സ്കൂൾ അദ്ധ്യാപകരെ ഹെഡ്മാസ്റ്റർ പ്രൊമോഷന് ആവശ്യമായ ഡിപ്പാർട്ട്മെന്റൽ യോഗ്യതകൾ നേടുന്നതിൽനിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ 50 വയസ് കഴിഞ്ഞവർക്ക് ടെസ്റ്റ് യോഗ്യതയില്ലാതെതന്നെ പ്രഥമാദ്ധ്യാപകനാകാൻ തടസ്സവാദങ്ങളൊന്നുമില്ല. ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത നേടിയവരോ അതിൽനിന്ന് സ്ഥിരമായി ഒഴിവാക്കപ്പെട്ടവരോ ഇല്ലെങ്കിൽ കെ.ഇ.ആർ. അദ്ധ്യായം XIV A, ചട്ടങ്ങൾ 45, 45 A എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളുള്ള ഏറ്റവും സീനിയറായ അദ്ധ്യാപകനെ ചട്ടം 45 പ്രകാരം താൽക്കാലിക ഹെഡ്മാസ്റ്ററായി നിയമിക്കാവുന്നതാണ്. താൽക്കാലിക ഹെഡ്മാസ്റ്റർ നിയമനത്തിന് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യതകൾ ആവശ്യമില്ല. ടെസ്റ്റ് യോഗ്യതയുള്ള അദ്ധ്യാപകർ ഉണ്ടാകുമ്പോൾ അവർക്ക് ചട്ടപ്രകാരം പ്രൊമോഷൻ നൽകണമെന്നുമാത്രം.

## പുതിയതായി ആരംഭിച്ച സ്കൂളുകൾ

104 (5255) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സർക്കാർ/ എയ്ഡഡ് എൽ.പി. സ്കൂളുകളെ യു.പി. സ്കൂളുകളായി ഉയർത്തിയിട്ടുണ്ടെന്നും എത്ര യു.പി.സ്കൂളുകളെ ഹൈസ്കൂളായി ഉയർത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി സ്കൂളുകൾ ആരംഭിക്കുകയോ സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകൾ ഉയർത്തുകയോ ചെയ്തിട്ടില്ല.

**സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖല**

105 (5256) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസം ക്രോഡീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രീ-പ്രൈമറി അദ്ധ്യാപക വിദ്യാഭ്യാസം പുനരുജ്ജീവിപ്പിക്കുന്നതിനും കുട്ടികളുമായി സൗഹൃദപരമായി ഇടപഴകിക്കൊണ്ട് പഠനം അനായാസമാക്കുന്നതിനും സഹായിക്കുന്ന വിധത്തിൽ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് വിനോദങ്ങളിലേർപ്പെടുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസം ഏകീകരിക്കുന്നതിനുള്ള ആശയരൂപീകരണത്തിനായി ശിശുവിദ്യാഭ്യാസ വിദഗ്ധർ, ശിശു മനശാസ്ത്രജ്ഞൻ, ആരോഗ്യ മേഖലയിലെ വിദഗ്ധർ, പ്രീസ്കൂൾ മേഖലയിലെ വിവിധ ഏജൻസികളുടെ പ്രതിനിധികൾ, നിയമവിദഗ്ധർ തുടങ്ങിയ അന്തർദ്ദേശീയ, ദേശീയ, സംസ്ഥാന

വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ദേശീയ ശിൽപ്പശാല എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ശിൽപ്പശാലയിൽ രൂപീകരിക്കപ്പെട്ട ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ,റിപ്പോർട്ട് എസ്.സി.ഇ.ആർ.ടി.-യിൽ തയ്യാറാക്കിവരുന്നു.

(സി) ഉണ്ട്. ശിശുസൗഹൃദ പ്രീ-സ്കൂൾ അന്തരീക്ഷം ഉറപ്പാക്കിക്കൊണ്ട് ശാസ്ത്രീയമായ പ്രീസ്കൂൾ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പ്രീസ്കൂൾ അദ്ധ്യാപകരെ സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടെ എസ്.സി.ഇ.ആർ.ടി. 'പ്രശിക്ഷാ-2017' എന്ന പേരിൽ പ്രീ-സ്കൂൾ അദ്ധ്യാപക പരിവർത്തന ഗവേഷണ പരിപാടി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട 60 അദ്ധ്യാപകർക്ക് പരിശീലനം നൽകി. പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ പുതിയ പഠനരീതി സ്വന്തം ക്ലാസ് മുറികളിൽ ട്രൈഔട്ട് നടത്തുകയും ചെയ്തു. പരിശീലനത്തിന്റെ അടിസ്ഥാനത്തിലുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ പഠനവിധേയമാക്കുകയും ആവശ്യമായ മെച്ചപ്പെടുത്തലുകളോടെ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ 90 ലക്ഷം രൂപയും അലോട്ട്മെന്റ് ഫണ്ടിൽനിന്നും 14 വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകുകയുണ്ടായി. ഈ തുക ഉപയോഗിച്ച് സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്ക് കളിക്കോപ്പ്, ബെഡ്, ബെഡ്ഷീറ്റ്, ഔട്ട്സൈഡ് പ്ലേ ഗ്രൗണ്ട്, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും മെഡിക്കൽ ചെക്കപ്പിനും നൽകിയിട്ടുണ്ട്. 2018-19-ലും 90 ലക്ഷം രൂപ ഇതേ ആവശ്യത്തിനായി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**സർക്കാർ പ്രൈമറി സ്കൂളുകളില്ലാത്ത എത്ര പഞ്ചായത്തുകൾ**

106 (5257) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രൈമറി സ്കൂളുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളാണ് കേരളത്തിലുള്ളത്; പ്രസ്തുത പഞ്ചായത്തുകളിൽ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ആരാണ് വഹിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം പഞ്ചായത്തുകൾ 2017-18 വർഷം എത്ര അക്കാദമിക പ്രോജക്ടുകൾ ഏറ്റെടുത്തു എന്ന വിവരം ലഭ്യമാക്കാമോ;

(സി) പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥൻ കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്;

(ഡി) ഗ്രാമപഞ്ചായത്തുകളിൽ ഒരു പ്രൈമറി വിദ്യാഭ്യാസ ഓഫീസറെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) 66. വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല വഹിക്കുന്നത് ഗവൺമെന്റ് ഹൈസ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ/ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരാണ്.

(ബി) 173.

(സി) ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണ അവലോകന യോഗത്തിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (മോണിറ്ററിംഗ് കമ്മിറ്റി) യോഗത്തിലും പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ തലത്തിലും കേരള സ്റ്റേറ്റ് ഓഡിറ്റ് തലത്തിലും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്.

(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല.

## ഹയർ സെക്കന്ററി വകുപ്പിന്റെ ലയനം

107 (5258) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കന്ററി -പൊതുവിദ്യാഭ്യാസ ലയനം 2018-19 അദ്ധ്യയന വർഷം നടപ്പിലാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ ഘടനാപരമായതും അക്കാദമികപരമായതുമായ മാറ്റങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോക്ടർ എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നിലപാടെടുക്കാൻ സാധിക്കുകയുള്ളൂ.

## ഗ്രേസ് മാർക്ക് നൽകുന്ന രീതി പരിഷ്കരിക്കുന്നതിന് നടപടി

108 (5259) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., പ്ലസ് 2 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഏതൊക്കെ ഇനങ്ങളിലാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് ; എത്ര മാർക്ക് വീതമാണ് ഗ്രേസ് മാർക്ക് നല്കുന്നത്;

(ബി) ഈ വർഷം പരീക്ഷ എഴുതുന്ന എസ്.എസ്.എൽ.സി., പ്ലസ് 2 ക്ലാസുകളിലെ കുട്ടികൾക്ക് ഗ്രേസ് മാർക്കിന്റെ ആനുകൂല്യം ലഭിക്കുമോ;

(സി) ഗ്രേസ് മാർക്ക് നൽകുന്ന രീതി പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഗ്രേസ് മാർക്ക് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലഭിക്കും.

(സി) നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വൺ സീറ്റുകളും ബാച്ചുകളും അനുവദിക്കാൻ നടപടി

109 (5260) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ വിദ്യാലയത്തിലും തുടർപഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകളുടെ കുറവുകൾ പരിഹരിക്കുവാൻ കൂടുതൽ സീറ്റുകളും ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ വിദ്യാലയത്തിലും തുടർ പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ കഴിയില്ല. എന്നാൽ ഓരോ ജില്ലയിലും തുടർ പഠനത്തിനുള്ള സൗകര്യങ്ങൾ ഇതിനകംതന്നെ സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകളുടെ എണ്ണത്തിൽ കാര്യമായ കുറവില്ല. ഹയർ സെക്കന്ററി സീറ്റുകൾക്കുപുറമെ വൊക്കേഷണൽ ഹയർ സെക്കന്ററി, പോളിടെക്നിക്, ഐ.റ്റി.ഐ./ഐ.റ്റി.സി. സീറ്റുകളും തുടർപഠനത്തിനായി ലഭ്യമാണ്.

**ചെല്ലാനം പുത്തൻതോട് ഗവൺമെന്റ് എച്ച്.എസ്.എസ്.**

110 (5261) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള 5 കോടിയുടെ ഒന്നാമത്തെ സ്കീമിൽ ഉൾപ്പെട്ട എറണാകുളം ജില്ലയിലെ ചെല്ലാനം പുത്തൻതോട് ഗവൺമെന്റ് എച്ച്.എസ്.എസ്. രണ്ടാമത്തെ സ്കീമിലും ഉൾപ്പെട്ടതിനാൽ, പ്രസ്തുത സ്കൂളിന് പകരമായി ചൊവ്വര ജി.എച്ച്.എസ്.- ന്റെ പേര് ഉൾപ്പെടുത്തുന്നതിനായി നൽകിയ കത്തിന് ഒരു വർഷം കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് ധന വകുപ്പിന് ഫയൽ അയച്ചിട്ടുണ്ടോയെന്നും ധന വകുപ്പിലെ ഫയൽ നമ്പർ എത്രയെന്നും സ്കൂളിന്റെ പേര് മാറ്റുന്ന കാര്യത്തിന് ധന വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) 2017-18 ബജറ്റ് പ്രസംഗത്തിലെ പ്രസ്തുത തെറ്റ് തിരുത്തി ചൊവ്വര ജി.എച്ച്.എസിന്റെ പേര് ഉൾപ്പെടുത്തുന്ന നടപടി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(എഫ്) 3 കോടി രൂപയുടെ പദ്ധതി പ്രകാരം എത്ര സ്കൂളുകൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്നും പ്രസ്തുത സ്കൂളുകൾ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും വ്യക്തമാക്കാമോ;

(ജി) ഈ പദ്ധതി പ്രകാരം ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽപ്പെട്ട സ്കൂളുകൾക്കാണ് ഭരണാനുമതി നൽകേണ്ടതായിട്ടുള്ളതെന്നും ഭരണാനുമതി നൽകാത്തതിന് കാരണം എന്തെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 ബജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള 5 കോടി രൂപയുടെ ഒന്നാമത്തെ സ്കീമിൽ ഉൾപ്പെട്ട എറണാകുളം ജില്ലയിലെ ചെല്ലാനം പുത്തൻതോട് ഗവൺമെന്റ് എച്ച്.എസ്.എസ്, രണ്ടാമത്തെ സ്കീമിലും ഉൾപ്പെട്ടതിനാൽ, പ്രസ്തുത സ്കൂളിന് പകരമായി ചൊവ്വര ജി.എച്ച്.എസ്സിന്റെ പേര് ഉൾപ്പെടുത്തുന്ന വിഷയത്തിലുള്ള ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) 412/എം.2/2017/പൊ.വി.വ.

(സി) പ്രസ്തുത ഫയൽ ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശിപാർശയോടെ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്.

(ഡി) ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന പ്രസ്തുത ഫയലിന്റെ നമ്പർ FIN-EDN A3/125/2017/Fin ആണ്.

(ഇ) ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് ചൊവ്വര ജി.എച്ച്.എസ്സിനെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായുള്ള രണ്ടാമത്തെ സ്കീമിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

(എഫ്) 3 കോടി രൂപയുടെ പദ്ധതി പ്രകാരം വിവിധ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ട, ഡി.പി.ആർ. ലഭ്യമായിട്ടുള്ള 185 സ്കൂളുകൾക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ടി സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ജി) മേൽപ്രസ്താവിച്ച 185 സ്കൂളുകളെ കൂടാതെ 25 നിയോജക മണ്ഡലങ്ങളിൽപ്പെട്ട 27 സ്കൂളുകൾക്ക് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2017-18 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആറന്മുള, തളിപ്പറമ്പ്, പാലക്കാട് നിയോജകമണ്ഡലങ്ങളിൽപ്പെട്ട ഒരു സ്കൂളും വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതാണ്.

## ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ

111 (5262) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആഴ്ചയിൽ എത്ര മണിക്കൂർ ക്ലാസ് എടുക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം ഹൈസ്കൂൾ ഹെഡ് മാസ്റ്റർമാർക്കും ബാധകമാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നവർ 16 പിരീഡും പ്രൊമോഷൻ മുഖേന പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർ 21 പിരീഡും പഠിപ്പിക്കേണ്ടതുണ്ട്.

(ബി) കെ.ഇ.ആർ അദ്ധ്യായം VIII റൂൾ 4 (3) പ്രകാരം ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്ക് അദ്ധ്യയന അഭിരുചി നഷ്ടപ്പെടാതിരിക്കാൻ ആഴ്ചയിൽ 10 പിരീഡുകൾ പഠിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

## മുൻഗവൺമെന്റ് അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകൾ

112 (5263) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ മുൻഗവൺമെന്റ് അനുവദിച്ച ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ എല്ലാ വിഭാഗം ബാച്ചുകളും പ്രവർത്തനമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിൽ പ്രവർത്തനാനുമതിക്കായി സർക്കാരിനെ സമീപിക്കുകയാണെങ്കിൽ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഹയർ സെക്കണ്ടറിയുമായി ബന്ധപ്പെട്ട കെ.ഇ.ആർ. വ്യവസ്ഥകൾ**

113 (5264) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എഡ്യൂക്കേഷൻ റൂൾസ് ചാപ്റ്റർ 32-ലെ സ്പെഷ്യൽ റൂൾസ് നിലവിൽ ഹയർ സെക്കണ്ടറി സ്കൂളുകളിലുള്ള വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമല്ലെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള എഡ്യൂക്കേഷൻ റൂൾസിലെ റൂൾ 51B ഹയർ സെക്കണ്ടറിക്ക് ബാധകമാക്കിയിട്ടുണ്ടോ;

(സി) കോർപ്പറേറ്റ് സ്കൂളുകളിലെ സ്ഥലംമാറ്റം, അദ്ധ്യാപകർക്കെതിരെയുള്ള അച്ചടക്ക നടപടികൾ എന്നിവ സംബന്ധിച്ച് കെ.ഇ.ആർ.-ലെ വ്യവസ്ഥകൾ ഹയർ സെക്കണ്ടറിക്ക് ബാധകമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിലവിൽ ബാധകമാക്കിയിട്ടില്ലാത്ത കൂടുതൽ കെ.ഇ.ആർ. വ്യവസ്ഥകൾ ഹയർ സെക്കണ്ടറി മേഖലയിൽ ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) 1958-ലെ കേരള വിദ്യാഭ്യാസ നിയമത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ 1958 കേരള വിദ്യാഭ്യാസ നിയമം ഹയർ സെക്കണ്ടറിക്കുകൂടി ബാധകമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്, കേരള എഡ്യൂക്കേഷൻ റൂൾസ് അദ്ധ്യായം 32-ലെ സ്പെഷ്യൽ റൂൾസ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ നിയമനങ്ങളെയും വിദ്യാഭ്യാസ യോഗ്യതയെയും മാത്രം സംബന്ധിച്ചുള്ളതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. കോർപ്പറേറ്റ് സ്കൂളുകളിലെ സ്ഥലംമാറ്റം, അദ്ധ്യാപകർക്കെതിരെയുള്ള അച്ചടക്ക നടപടികൾ എന്നിവ കെ.ഇ.ആർ.ലെ വ്യവസ്ഥകൾ പ്രകാരമാണ് ചെയ്യുന്നത്.

(ഡി-എഫ്) ഇല്ല. 2009 -ലെ വിദ്യാഭ്യാസാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി മേഖലയുൾപ്പെടെയുള്ള കാര്യങ്ങൾ പഠിച്ച് കെ.ഇ.ആർ. പരിഷ്കരിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കരിയറിനെക്കുറിച്ച് അവബോധം വളർത്തുന്നതിന് വിദ്യാർത്ഥികൾക്ക് പരിശീലനം

114 (5265) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ കരിയറിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും പരിശീലനം നൽകുന്നതിനും ഹയർ സെക്കന്ററി തലത്തിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1197 സ്കൂളുകളിൽ കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിങ് സെല്ലിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുകയും ഈ സ്കൂളുകളിൽ ഒരു അദ്ധ്യാപകന് കരിയർ കോ-ഓർഡിനേറ്ററുടെ അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. 40 വീതം അദ്ധ്യാപകർക്ക് സ്റ്റേറ്റ്/നാഷണൽ ലെവലിൽ എല്ലാ വർഷവും പരിശീലന

പരിപാടികൾ നടത്തുന്നു. വിദഗ്ധരുമായി ചേർന്ന് കരിയർ ടോക്കുകൾ സംഘടിപ്പിക്കുന്നു. കരിയറുമായി ബന്ധപ്പെട്ട അനുദിന വിഷയങ്ങളും വാർത്തകളും ഉൾക്കൊള്ളിച്ചുകൊണ്ട് കരിയർ കോർണറുകൾ/കരിയർ ബോർഡുകൾ സ്കൂളുകളിൽ സ്ഥാപിച്ചിരിക്കുന്നു. സംസ്ഥാനതല/ദേശീയ തലത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും അഡ്മിഷനും അതുമായി ബന്ധപ്പെട്ട വിവരങ്ങളും യഥാസമയം മുഴുവൻ വിദ്യാർത്ഥികളെയും അറിയിക്കുന്നു. ഹയർ സെക്കണ്ടറിയിലേക്ക് വരുന്ന പത്താം ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കുന്നതിന് K-DAT എന്ന പേരിൽ ഒരു അഭിരുചി പരീക്ഷ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സിവിൽ സർവ്വീസസ് മേഖലയെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും 7 കേന്ദ്രങ്ങളിലായി 4 ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് നടത്തുന്നു. സിവിൽ സർവീസ് അക്കാദമിയിലെ വിദഗ്ധരായ അദ്ധ്യാപകർ ക്ലാസ്സുകൾ എടുക്കുന്നു.

വിവിധ സ്കീമുകളിലെയും (സയൻസ്/ഹ്യൂമാനിറ്റീസ്/കോമേഴ്സ്) കുട്ടികൾക്ക് അതത് മേഖലയിലെ വിദഗ്ധരുടെ സഹായത്തോടുകൂടി ക്ലാസ്സുകൾ നൽകുന്നു. കരിയർ കോ-ഓർഡിനേറ്റർമാർ കരിയർ ബോധവൽക്കരണ ക്ലാസ്സുകളും കരിയർ കൗൺസിലിങ്ങുകളും സ്കൂളുകളിൽ നൽകുന്നു.

(സി) സ്കൂൾതല പ്രോഗ്രാമുകൾ എല്ലാ വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിക്കുന്നു. സംസ്ഥാനതല/ദേശീയതല പ്രോഗ്രാമുകൾക്ക് സ്കൂൾതല സ്ക്രീനിംഗ് ടെസ്റ്റ്, ജില്ലാതല തെരഞ്ഞെടുപ്പുകൾ എന്നിവയിലൂടെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു.

## ജാതി, മതം എന്നിവ വ്യക്തമാക്കാതെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

115 (5266) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്ന് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികളിൽ ജാതി, മതം എന്നിവയ്ക്കുള്ള കോളങ്ങൾ പൂരിപ്പിക്കാതെ പ്രവേശനം നേടിയ എത്ര കുട്ടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്ന് മുതൽ പത്ത് വരെ പഠിക്കുന്ന കുട്ടികളിൽ ജാതി, മതം എന്നിവയ്ക്കുള്ള കോളങ്ങൾ പൂരിപ്പിക്കാതെ 123630 കുട്ടികളും, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒന്നാം വർഷം 278 കുട്ടികളും രണ്ടാം വർഷം 239 കുട്ടികളും പ്രവേശനം നേടിയിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജാതി, മതം എന്നിവയ്ക്കുള്ള കോളങ്ങൾ പൂരിപ്പിക്കാതെ ആരും തന്നെ പ്രവേശനം നേടിയിട്ടില്ല.

(ബി) ഒന്ന് മുതൽ പത്ത് വരെ പഠിക്കുന്ന 9209 സ്കൂളുകളിൽ നിന്നുമുള്ള ഇത്തരം കുട്ടികളുടെ കണക്ക് സോഫ്റ്റ് കോപ്പിയായി ഉള്ളടക്കം ചെയ്തിരിക്കുന്നു.* ഹയർ സെക്കണ്ടറി സ്കൂളുകളിലെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം പദ്ധതി**

116 (5267) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പും സഹകരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന എൽ.പി., യു.പി. സ്കൂളുകളിലെ സ്മാർട്ട് ക്ലാസ്റൂം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളെയാണ് ഇതിനായി പരിഗണിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(സി) എല്ലാ എൽ.പി., യു.പി. സ്കൂളുകളുടെയും ക്ലാസുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ ഹൈടെക് ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-സി) 2018-19 സംസ്ഥാന ബജറ്റിലാണ് പ്രൈമറി വിദ്യാലയങ്ങളിലെ ഹൈടെക് പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുള്ളത്. പ്രൈമറി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുകയല്ല, പകരം സ്കൂളിന് പൊതുവായി ഹൈടെക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളെ വിവരസാങ്കേതിക രംഗവുമായി ബന്ധപ്പെടുത്തിയുള്ള പഠനരീതി

117 (5268) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ വിവരസാങ്കേതിക രംഗവുമായി ബന്ധപ്പെടുത്തിയുള്ള പഠനരീതി അവലംബിക്കുന്നതിനായി സർക്കാർ തുടക്കം കുറിച്ച ഐ. ടി. അധിഷ്ഠിത അടിസ്ഥാന പരിശീലന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രൈമറി-അപ്പർ പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയോടൊപ്പംതന്നെ സ്കൂളുകളിൽ ഉണ്ടാകുന്ന ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പദ്ധതികൾക്കും ആരംഭം കുറിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ഐ.സി.ടി. അനുബന്ധ ഉപകരണങ്ങൾ ഉപയോഗിച്ച് അക്കാദമിക നിലവാരം ഉയർത്തുന്നതിന് എസ്.സി.ഇ.ആർ.ടി.യുടെ സഹകരണത്തോടെ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആസൂത്രണരേഖകളും ഡിജിറ്റൽ റിസോഴ്സുകളും തയ്യാറാക്കി ഓൺലൈൻ സംവിധാനമായ 'സമഗ്ര'യിലൂടെ എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിന് എല്ലാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപകർക്കും 2018 മെയ് 31-നകം 4 ദിവസത്തെ വിഷയാധിഷ്ഠിത ഐ.സി.ടി. പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രൈമറി വിദ്യാലയങ്ങളിലെ ഹൈടെക് പ്രവർത്തനങ്ങൾ തുടങ്ങി വരുന്നതേയുള്ളൂ.

(സി) സ്കൂളുകളിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയമായ പുനഃചംക്രമണത്തിനും സംസ്കരണത്തിനും പൊതു വിദ്യാഭ്യാസ വകുപ്പിലെ 'കൈറ്റും' തദ്ദേശഭരണ വകുപ്പിനുകീഴിലുള്ള 'ക്ലീൻകേരള' കമ്പനിയുമായി ചേർന്ന് ഇ-മാലിന്യ നിർമ്മാർജ്ജന പദ്ധതി ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

## ആർ.എം.എസ്.എ./എസ്.എസ്.എ. പദ്ധതികൾ

118 (5269) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ., എസ്.എസ്.എ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒരുമിപ്പിച്ച് ഒറ്റ പദ്ധതിയാക്കി മാറ്റാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം/ അനുബന്ധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സംസ്ഥാന സർക്കാരിനും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന ഓഫീസുകളിലേക്കും ലഭിച്ചിട്ടുള്ള അറിയിപ്പുകളുടെയും കത്തുകളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇതുവരെയായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആർ.എം.എസ്.എ., എസ്.എസ്.എ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒരുമിപ്പിച്ച് ഒറ്റ പദ്ധതിയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൂങ്കുളം എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

119 (5270) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പൂങ്കുളത്ത് സർക്കാർ എൽ.പി. സ്കൂൾ നൂറ് വർഷം പൂർത്തിയാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ യു.പി. തലത്തിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഏതെങ്കിലും ഒരു പ്രദേശത്ത് സ്കൂളുകൾ അനുവദിക്കുന്നതോ അപ്ഗ്രേഡ് ചെയ്യുന്നതോ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ലെ 2, 2 എ എന്നീ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിക്കൊണ്ടാണ്. തിരുവനന്തപുരം ജില്ലയിലെ പൂങ്കുളത്ത് യു.പി. തലത്തിൽ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയിട്ടില്ലാത്തതിനാൽ അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലില്ല.

## നെയ്യാർ ഡാം ജി.എച്ച്.എസ്. -നെ മോഡൽ സ്കൂളായി ഉയർത്തുന്നതിന് നടപടി

120 (5271) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം ജി.എച്ച്.എസ്.-നെ മോഡൽ സ്കൂളായി ഉയർത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്നും നിർവ്വഹണത്തിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തി യിരിക്കുന്നതെന്നും വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായുള്ള മൂന്ന് കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നെയ്യാർ ഡാം ജി.എച്ച്.എസിനെ തെരഞ്ഞെടുക്കുകയും അപ്രകാരം സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോ തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5,31,38,514 രൂപയുള്ള (അഞ്ചുകോടി മുപ്പത്തൊന്ന് ലക്ഷത്തി മുപ്പത്തെണ്ണായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ) ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി 'കൈറ്റി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി WAPCOS-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് നിയമനവും സംരക്ഷിത അദ്ധ്യാപകരും

121 (5272) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ അദ്ധ്യാപക ബാങ്കിൽ നിന്നും ഗവൺമെന്റ് സ്കൂളുകളിലേക്ക് നിയമനം ലഭിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ മാറ്റി ആ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ;

(ബി) പ്രസ്തുത തസ്തികയിൽ അദ്ധ്യാപക ബാങ്കിൽനിന്നും ഗവൺമെന്റ് സ്കൂളുകളിലേക്ക് നിയമനം ലഭിച്ച സംരക്ഷിത അദ്ധ്യാപകർക്ക് പ്രത്യേക കാലയളവ് ഉണ്ടോ; ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് നിയമനം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ പി.എസ്.സി. നിയമനത്തിന് ലഭ്യമായ ഒഴിവുകൾ എല്ലാം ഉടൻ റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ ഉടൻതന്നെ സംരക്ഷിതാദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിന്ന് പിൻവലിക്കുന്നതാണ്. 5-8-2016-ലെ സ.ഉ.(പി)നമ്പർ 134/2016/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംരക്ഷിതാദ്ധ്യാപകരെ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ സർക്കാർ സ്കൂളുകളിൽ താല്കാലികമായി പുനർവിന്യസിക്കുന്നത്.

## ക്ലറിക്കൽ തസ്തിക നിലവിലില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകരുടെ അധിക ജോലി

122 (5273) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലറിക്കൽ തസ്തിക നിലവിലില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകർ ഈ ജോലി ചെയ്യേണ്ടിവരുന്നതുമൂലം അദ്ധ്യാപന ജോലിയിൽ മികവ് പുലർത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-സി) നിലവിലെ വ്യവസ്ഥകൾ പ്രകാരം ലോവർ പ്രൈമറി ക്ലാസ്സുകൾ പരിഗണിക്കാതെ 1500 കുട്ടികൾ വരെയുള്ള സമ്പൂർണ്ണ ഹൈസ്കൂളുകളിൽ ഒരു ക്ലർക്ക് തസ്തികയും 1500-ലോ അതിനു മുകളിലോ കുട്ടികളുണ്ടെങ്കിൽ രണ്ട് ക്ലർക്ക് തസ്തികകളും അനുവദിക്കാവുന്നതാണ്.

17-8-2015 ലെ GO(Ms.)220/15/G.EDN പ്രകാരം സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപകരെ ക്ലറിക്കൽ ജോലിയിൽ സഹായിക്കുവാൻ ലാബ് അസിസ്റ്റന്റിന്റെ സേവനം വിനിയോഗിച്ചുവരുന്നുമുണ്ട്.

## ഐ.ഇ.ഡി.സി. ടീച്ചർമാരുടെ ശമ്പളം

123 (5274) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഐ.ഇ.ഡി.സി. ടീച്ചർമാരുടെ ശമ്പളം എല്ലാ മാസവും കൃത്യമായി നൽകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ്വശിക്ഷാ അഭിയാന്റെയും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെയും ഭാഗമായ യഥാക്രമം ഐ.ഇ.ഡി.സി, ഐ.ഇ.ഡി.എസ്.എസ്. പദ്ധതികൾ പ്രകാരമാണ് റിസോഴ്സ് അദ്ധ്യാപകരെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിയമിച്ചിട്ടുള്ളത്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരമുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പളം എല്ലാ മാസവും കൃത്യമായി നൽകുന്നു. ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർക്ക് മൂന്ന് മാസത്തെ ശമ്പള കുടിശ്ശികയാണുള്ളത്. ഐ.ഇ.ഡി.എസ്.എസ് പദ്ധതിയുടെ കേന്ദ്ര വിഹിതം

ലഭിക്കാത്തതിനാലാണ് കുടിശ്ശിക ഉണ്ടായത്. കേന്ദ്ര വിഹിതം അനുവദിക്കണമെന്ന വിഷയം ആർ.എം.എസ്.എ. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും കേന്ദ്രത്തിൽനിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുന്നതുമാണ്.

**മലയോര മേഖലകളിൽ അദ്ധ്യാപകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ**

124 (5275) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർഘടമായ മലയോര മേഖലകളിലെ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും/അനദ്ധ്യാപകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല സ്ഥലങ്ങളിലും ഇവർക്കാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

**സ്കൂൾ പാചകത്തൊഴിലാളികൾ സമർപ്പിച്ച നിവേദനം**

125 (5276) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്-ടൈം ജീവനക്കാരായി അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്.

(ബി&സി) പാചകത്തൊഴിലാളികളെ പാർക്ക്-ടൈം ജീവനക്കാരായി പരിഗണിക്കാനും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിലുൾപ്പെടുന്ന പാചക തൊഴിലാളികളുടെ മിനിമം വേജസ് പ്രകാരമുള്ള വേതനം, 250 കുട്ടികൾക്ക് 1 പാചകതൊഴിലാളി എന്ന ക്രമത്തിലുള്ള പ്രൊപ്പോസൽ, ഇൻഷ്വറൻസ്-പരിരക്ഷ തുടങ്ങിയ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## സർക്കാർ അംഗീകൃത എച്ച്.എസ്.എസ്.ടി. കൊമേഴ്സ് തസ്തികകളുടെ എണ്ണം

126 (5277) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കൊമേഴ്സ് (സീനിയർ & ജൂനിയർ)എച്ച്.എസ്.എസ്.ടി തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ആയതിൽ എത്ര എണ്ണം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) പി. എസ്. സി. നേരിട്ടുള്ള നിയമനം വഴി എച്ച്. എസ്. എസ്.ടി കൊമേഴ്സ് തസ്തികയിലെ എത്ര ഒഴിവുകളാണ് നികത്തുന്നത്; വിശദമാക്കാമോ;

(സി) കേരളത്തിൽ സർക്കാർ അംഗീകൃത എച്ച്.എസ്.എസ്.ടി . കൊമേഴ്സ് തസ്തികകളുടെ എണ്ണം, നിലവിലെ അദ്ധ്യാപകരുടെ എണ്ണം, ജോലി ചെയ്യുന്ന സ്കൂളുകളുടെ വിവരം എന്നിവ ലഭ്യമാക്കുമോ;

(ഡി) ഒഴിവുകൾ ഇന്റർ-ഡിസ്ട്രിക്ട് ട്രാൻസ്ഫറിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ എണ്ണം, അനുപാതം എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ 11 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായും 23 ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായും പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട 7 ഒഴിവുകൾ കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്.

എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലെ ഒരൊഴിവ് പട്ടികവർഗ്ഗക്കാരുടെ പ്രത്യേക റിക്രൂട്ട്മെന്റിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഒരൊഴിവ് ഹെഡ്മാസ്റ്റർ പ്രൊമോഷനുവേണ്ടിയും മാറ്റി വച്ചിട്ടുണ്ട്.

(ബി) യോഗ്യരായ ജൂനിയർ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റ നിയമനം വഴിയാണ് സീനിയർ തസ്തികയിൽ നിയമനം നടത്തുന്നത്. സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ 75 ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴിയും 25% ഒഴിവുകൾ യോഗ്യരായ HSA/UPSA/LPSA - മാരിൽ നിന്നും തസ്തികമാറ്റം വഴിയും നികത്തി വരുന്നു. യോഗ്യരായ ജൂനിയർ അദ്ധ്യാപകർ ഉള്ളതിനാൽ പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളില്ല.

(സി) എച്ച്.എസ്.എസ്.ടി. കൊമേഴ്സ് തസ്തികയിൽ നിലവിലുള്ള ആകെ തസ്തികകളുടെ എണ്ണം - 855. നിലവിലെ അദ്ധ്യാപകരുടെ എണ്ണം - 848. കൊമേഴ്സ് തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.*

(ഡി) എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിൽ സംസ്ഥാനതലത്തിലാണ് നിയമനം നടത്തിവരുന്നത്.

## സ്കൂളുകളിലെ നിയമനാംഗീകാര കേസുകളിൽ ഹാജരായ സർക്കാർ കൗൺസിലർമാർ

127 (5278) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ്, ഹയർ സെക്കണ്ടറി സ്കൂൾ നിയമനാംഗീകാരം സംബന്ധിച്ച് 2013 മുതൽ 2017 വരെയുള്ള നാല് വർഷത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയിതിട്ടുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം സർക്കാരിന് അനുകൂലമായി വിധി ലഭിച്ചിട്ടുണ്ട് ; ഈ കേസുകളിൽ ഹാജരായ സർക്കാർ കൗൺസിലർമാരുടെ പേരവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) മേൽകാലയളവിൽ സർക്കാരിന് എതിരെ വിധി വന്നിട്ടുള്ള പ്രസ്തുത കേസുകളിൽ ഹാജരായ കൗൺസിലർമാരെ ഇത്തരം കേസുകളിൽ നിന്നും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ ഇത്തരത്തിൽ എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളിൽ ഹാജരാകുന്ന കൗൺസിലർമാരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മ്യൂസിക് അദ്ധ്യാപകനായ സുദീന്ദ്രനാഥിന്റെ നിയമനം

128 (5279) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സേവാമന്ദിർ റ്റി.റ്റി.ഐ.-യിലെ മ്യൂസിക് അദ്ധ്യാപകനായ ശ്രീ. സുദീന്ദ്രനാഥിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഫയൽ K2/53/GEdn., J3/9/Gedn, പാർട്ട് ഫയൽ 14234/K2/Gedn. എന്നിവയുടെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ;

(ബി) മേൽപറഞ്ഞയാളുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്നാണ് അപേക്ഷ നൽകിയതെന്നറിയിക്കാമോ; അപേക്ഷ നൽകിയത് മുതൽ നാളിതുവരെ ടിയാന്റെ ഫയലിൽ സ്വീകരിച്ച നടപടികൾ തീയതി സഹിതം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) രാമനാട്ടുകര സേവാമന്ദിർ റ്റി.റ്റി.ഐ.-ൽ 1-6-2011 മുതൽ പാർട്ട്-ടൈം മ്യൂസിക് അദ്ധ്യാപകനായി മാനേജർ നിയമിച്ച ശ്രീ.സുദീന്ദ്രനാഥിന്റെ നിയമനം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചതിനെത്തുടർന്ന് 13-3-2015-ൽ സർക്കാരിൽ ലഭിച്ച റിവിഷൻ ഹർജി പരിശോധിക്കുകയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും, KER-ലെ ബന്ധപ്പെട്ട ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ 12-2-2016-ലെ 14234/കെ2/2015/പൊ.വി.വ. നമ്പർ കത്ത് മുഖേന മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്. നിയമന അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് 10-8-2016-ൽ ലഭിച്ച ഹർജി കെ2/53/2016/ പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിക്കുകയും, വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും ലഭിച്ച 12-10-2017 -ലെ വിശദാംശം സഹിതം 15-11-2017-ൽ ഫയൽ 2 പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായത്തിനായി നൽകുകയും ആയത് ജെ3/9/2017/പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചു വരികയുമാണ്.

(സി) നിലവിലുള്ള നിയമനങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സേവാമന്ദിർ റ്റി.റ്റി.ഐ.-യിൽ മ്യൂസിക് തസ്തിക അനുവദിക്കാമോ എന്നത് പരിശോധനയിലാണ്.

## റാൽഫ്സ് മൗവ്വൽ അദ്ധ്യാപിക ശ്രീമതി ഇ.പി.രജനി

129 (5280) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിൽ വരുന്ന റാൽഫ്സ് മൗവ്വൽ അദ്ധ്യാപിക ശ്രീമതി ഇ.പി. രജിനിയുടെ നിയമനം അംഗീകരിച്ച് ബന്ധപ്പെട്ടവർ ഉത്തരവ് നൽകിയിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിയമനം അംഗീകരിച്ച് നൽകി പാൻ നമ്പർ അടക്കം ലഭിച്ചതിന് ശേഷം ശമ്പളം നൽകാതെ വൈകിപ്പിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇതേ സ്കൂളിൽ പലതവണകളായി ലീവ് വേക്കൻസിയിലും മറ്റും എത്ര വർഷത്തോളം ഈ അദ്ധ്യാപിക ജോലി ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വിരമിച്ച തസ്തികയിൽ ഈ സ്കൂളിൽ ക്ലെയിമുള്ള ശ്രീമതി ഇ.പി. രജനിയെന്ന അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം നൽകിയ സാഹചര്യത്തിൽ ശമ്പളം നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുന്ന വിഷയം പരിഗണിക്കുമോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) 25-9-2017-ലെ സി/1786/17/K.DIS നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി രജനി ഇ. പി.-യുടെ നിയമനം ബേക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ചു നൽകിയിരുന്നു.

(ബി) 3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരം (കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി) പുതുതായി സ്ഥാപിക്കപ്പെട്ട സ്കൂളുകളിലെ മുഴുവൻ ഒഴിവുകളും സംരക്ഷിത അദ്ധ്യാപകരെകൊണ്ട് മാത്രമേ നികത്താവൂ എന്ന വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്നതിനാലാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പളം മാറിനൽകാത്തത്.

(സി) ഈ അദ്ധ്യാപിക അവധി ഒഴിവിൽ ജോലിചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. 3-6-1996 മുതൽ 23-8-1996 വരെ
2. 9-9-1996 മുതൽ 09/11/1996 വരെ
3. 16-10-1997 മുതൽ 17-12-1997 വരെ
4. 27-6-1998 മുതൽ 2-2-1998 വരെ
5. 5-10-1998 മുതൽ 12-12-1998 വരെ
6. 1-2-1999 മുതൽ 10-4-1999 വരെ
7. 27-7-1999 മുതൽ 8-12-1999 വരെ
8. 5-6-2000 മുതൽ 17-10-2000 വരെ
9. 2-6-2004 മുതൽ 14-10-2004 വരെ
10. 6-10-2008 മുതൽ 17-2-2009 വരെ
11. 7-10-2009 മുതൽ 7-12-2009 വരെ
12. 5-6-2012 മുതൽ 16-7-2012 വരെ
13. 21-8-2012 മുതൽ 16-2-2013 വരെ
14. 18-2-2013 മുതൽ 19-3-2013 വരെ

(ഡി) ശ്രീമതി രജനി 51 എ ക്ലെയിം ഉള്ള അദ്ധ്യാപികയാണ്. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിലവിലുള്ള ഫയൽ ജി1/2951/2018. സംരക്ഷിതാദ്ധ്യാപകരുടെ വിഷയത്തിൽ തൽസ്ഥിതി തുടരാൻ ബഹു.ഹൈക്കോടതി നിർദ്ദേശം ഉള്ളതിനാൽ തീരുമാനം കൈക്കൊള്ളാതെ സൂക്ഷിച്ചിരിക്കുകയാണ്.

(ഇ) കോടതിയിൽനിന്നും ടി വിഷയത്തിൽ അന്തിമവിധി ലഭ്യമാകുന്നമുറയ്ക്ക് ശ്രീമതി രജനിയുടെ നിയമനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

## ശ്രീമതി ഷിംനയ്ക്ക് നിയമനം നൽകുന്നതിന് നടപടി

130 (5281) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ ജൂനിയർ-ഇൻ-ഭരതനാട്യം തസ്തികയിലേയ്ക്കായി നടത്തിയ പൊതുപരീക്ഷയിലും അഭിമുഖത്തിലും പങ്കെടുത്ത് ഒന്നാം റാങ്ക് നേടിയ ശ്രീമതി ഷിംന. കെ.ടി.കെ.- യ്ക്ക് ലക്ചറർ തസ്തികയിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസം കൂടാതെ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംഗീത കോളേജുകളിലെ ജൂനിയർ ലക്ചറർ - ഇൻ-ഭരതനാട്യം തസ്തികയിലേക്ക് മൂന്ന് പേരുടെ നിയമന ശിപാർശ പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ശ്രീമതി ഷിംന. കെ. ടി. കെ.-യും ഉൾപ്പെടുന്നുണ്ട്. നിയമനം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക

131 (5282) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു;

(ബി) അന്തർ ജില്ലാ സ്ഥലംമാറ്റം, പ്രൊമോഷൻ, തസ്തികമാറ്റം എന്നീ വിഭാഗങ്ങളിൽ നിയമനം നടത്തുവാൻ മാറ്റിവെയ്ക്കപ്പെട്ട ഒഴിവുകൾ പൂർണ്ണമായും നികത്തപ്പെട്ടിട്ടില്ലെങ്കിൽ ശേഷിക്കുന്ന ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് നൽകുമോ;

(സി) കാസർഗോഡ്, വയനാട് ജില്ലകളിലെ ആർ .എം. എസ്. എ. സ്കൂളുകളിൽ 7-10-2017 ലെ പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം

കെ.ഇ.ആർ. അനുസരിച്ച് എച്ച്.എസ്.എ ഇംഗ്ലീഷ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;എത്ര സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചു; ഈ ജില്ലകളിൽ കെ.ഇ.ആർ. അനുസരിച്ചുള്ള യോഗ്യതകളില്ലാതെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ആർ എം എസ് എ സ്കൂളുകളുടെ എണ്ണവും തസ്തികകളുടെ എണ്ണവും ജില്ല തിരിച്ച് നൽകാമോ;

(ഡി) 2016-ലെ കെ.ഇ.ആർ. ഭേദഗതി അനുസരിച്ച് എച്ച്.എസ്.എ വിഭാഗത്തിലെ ഇംഗ്ലീഷിനെ കോർസബ്ജക്റ്റ് വിഭാഗത്തിൽനിന്നും ഭാഷാ വിഷയമായി മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ചാണോ 2017 ലെ തസ്തിക നിർണ്ണയം പൂർത്തികരിച്ചത്; ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1. <u>കണ്ണൂർ ജില്ല</u>

നിലവിലുള്ളത് - ഒഴിവില്ല

2. <u>കാസർഗോഡ് ജില്ല</u>

നിലവിലുള്ളത് - 16

റിപ്പോർട്ട് ചെയ്തത് - 9

3. <u>വയനാട് ജില്ല</u>

നിലവിലുള്ളത് - 1

റിപ്പോർട്ട് ചെയ്തത് - 1

(ബി) 23-1-2018-ലെ സ.ഉ.(കൈ) നമ്പർ 6/2018/പൊ.വി.വ. പ്രകാരം നേരിട്ടുള്ള നിയമനം, അന്തർ ജില്ലാ സ്ഥലംമാറ്റം, പ്രൈമറി സ്കൂൾ ടീച്ചർ പ്രൊമോഷൻ, തസ്തികമാറ്റ നിയമനം എന്നിവയ്ക്ക് യഥാക്രമം 50%, 25%, 15%, 10% എന്ന കണക്കിൽ മാറ്റിവച്ചിട്ടുണ്ട്. ഇപ്രകാരം മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള തസ്തികകളിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളില്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ അതത് വർഷംതന്നെ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ ആർ.എം.എസ്.എ വിഭാഗത്തിലെ 12 സ്കൂളുകളിലായി 13 എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ നിലവിലുണ്ട്. ഈ വിഭാഗത്തിലെ 5 സ്കൂളുകളിൽ കുട്ടികളുടെ എണ്ണം പരിമിതമായതിനാൽ പ്രസ്തുത തസ്തിക അനുവദിച്ചിട്ടില്ല.

വയനാട് ജില്ലയിൽ ആർ.എം.എസ്.എ. വിഭാഗത്തിലെ 11 സ്കൂളുകളിലായി 11 എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികകൾ നിലവിലുണ്ട്. യോഗ്യത ഇല്ലാത്തതായി ആരും തന്നെ ഇല്ല.

(ഡി) മാറ്റിയിട്ടില്ല.

7-1-2002 ലെ സ.ഉ.(എം.എസ്) 11/02/പൊ.വി.വ. പ്രകാരം ഇംഗ്ലീഷിനെ കോർവിഷയങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി, കോർവിഷയങ്ങളുടെ വിതരണക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷിനെ ഭാഷാവിഷയമായി മാറ്റുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## വൊക്കേഷണൽ ഹയർ സെക്കണ്ടറി - ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

132 (5283) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി എ.ബി.എഫ്.എസ്. കോഴ്സിന് കീഴിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) 2016 മുതൽ നാളിതുവരെ വൊക്കെഷണൽ ഹയർ സെക്കണ്ടറി അഗ്രികൾച്ചർ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി അഗ്രികൾച്ചർ(സെറികൾച്ചർ) ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽവന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും നിയമനം നടക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഒൻപത് ഒഴിവുകൾ നിലവിലുണ്ട്.

(ബി) പന്ത്രണ്ട്.

(സി) ഉണ്ട്.

## കുമാരി അശ്വതി എസ്.എസ്.-ന് ആശ്രിതനിയമനം

133 (5284) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ വിദ്യാഭ്യാസ ഉപജില്ലയിലെ പുതിയകണ്ടം ഗവൺമെന്റ് യു. പി. സ്കൂൾ സംസ്കൃതാദ്ധ്യാപകനായിരിക്കെ മരണമടഞ്ഞ ടി. നാരായണന്റെ മകൾ കുമാരി അശ്വതി എസ്.എസ്. ആശ്രിതനിയമനത്തിന് അപേക്ഷ സമർപ്പിച്ചത് എപ്പോഴാണ്;

(ബി) കുമാരി അശ്വതി എസ്.എസ്.-ന്റെ ആശ്രിത നിയമന അപേക്ഷ സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കുമാരി അശ്വതി എസ്.എസ്.-ന് നിലവിലെ സീനിയോറിറ്റി പ്രകാരം എപ്പോൾ നിയമന ഉത്തരവ് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുമാരി.അശ്വതി എസ്.എസ്. ആശ്രിതനിയമനത്തിനായി 12-5-2012-ൽ സമർപ്പിച്ച അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന 9-4-2013-ന് സർക്കാരിൽ ലഭിച്ചു.

(ബി) പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ കുമാരി അശ്വതി എസ്.എസ് 11- ാമതായി ഉൾപ്പെട്ടിട്ടുണ്ട്.

(സി) ആശ്രിതനിയമന വ്യവസ്ഥ പ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ കുമാരി അശ്വതിയുടെ ഊഴം എത്തുന്നമുറയ്ക്ക് നിയമനത്തിനായി തസ്തിക നിർണ്ണയിച്ച് നൽകുന്നതാണ്.

## ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ എൽ.ഡി.ക്ലാർക്ക് തസ്തിക

134 (5285) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ 2014-2018 കാലയളവിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; നിയമനം ലഭിച്ചവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ, നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിലല്ലാതെ ആർക്കെങ്കിലും ഈ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം ലഭ്യമാക്കാമോ;

(ഡി) അപ്രകാരം നിയമനം നേടിയവരുടെ വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകളിലെ നിയമന യോഗ്യതകൾ സംബന്ധിച്ച് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ നിലവിലുള്ള സർക്കാർ അംഗീകരിച്ച സർവ്വീസ് ആന്റ് കോൺടക്ട് റൂൾസ് പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യത ചുവടെ ചേർക്കുന്നു:-

1. B.Com or B.Sc. (Maths)
2. KGTE Typewriting English (Higher)
3. Two years experience in clerical job/office accounts in Govt./Quasi Govt.firms/Institutions.

(ബി) പ്രസ്തുത തസ്തികയിൽ 2014-18 കാലയളവിൽ 3 പേരെ നിയമിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത | തൊഴിൽ പരിചയം |
|---|---|---|---|
| 1. | ശ്രീ.കൃഷ്ണൻ കുട്ടി. വി | M.com, Typewriting English (Higher) | പാലക്കാട് ജില്ലാ പട്ടിക ജാതി വികസന ഓഫീസിൽ 2 വർഷത്തെ പ്രവൃത്തി പരിചയം |
| 2. | ശ്രീമതി ഷീജാറാണി. ആർ | M.com, Typewriting English (Higher) | കേരള യൂണിവേഴ്സിറ്റിയുടെ എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീമിൽ 2 വർഷത്തെ പ്രവൃത്തി പരിചയം |
| 3. | ശ്രീമതി അഖില. വി.ജെ.കുമാർ | B.com, Typewriting English (Higher) | കേരളാ ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ 2 വർഷത്തെ പ്രവൃത്തി പരിചയം |

(സി) പ്രസ്തുത കാലയളവിൽ നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിലല്ലാതെ ഈ തസ്തികയിൽ ആർക്കും നിയമനം നല്കിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ശ്രീമതി അഖില. വി. ജെ കുമാറിന് നിയമനം നൽകിയതുമായി ബന്ധപ്പെട്ട് പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ള ശ്രീമതി ആരതി.പി.എസ്. ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി W.P.(C)No.25910/16 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ പ്രവർത്തനം

135 (5286) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ പ്രവർത്തനത്തിനുമേൽ എന്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No.4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുമുണ്ട്.

## ഡി.പി.ഐ. ഓഫീസിൽനിന്നും ഫയലിൽ മറുപടി നൽകാൻ വൈകുന്നതിനുള്ള കാരണം

136 (5287) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽനിന്ന് ഡി.പി.ഐ. ഓഫീസിലേക്ക് റിപ്പോർട്ടിനായി നൽകിയ 57776/എഫ് 1/2015/ജി. ഇ. ഡി. എൻ. തീയതി 25-10-2017

(ഡി. പി. ഐ. ഫയൽ നമ്പർ 79595/2017) എന്ന ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണ്; പ്രസ്തുത ഫയൽ ഏത് സെക്ഷനിലാണ് ഉള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലിൽ മറുപടി നൽകാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മറുപടി നൽകാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എൻ.എസ്(4) സെക്ഷനിലാണ് ഉള്ളത്.

(ബി) ഉണ്ട്. പെരിങ്ങോമിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടം നിർമ്മിക്കൽ, തസ്തിക സൃഷ്ടിക്കൽ, സാമ്പത്തിക ബാധ്യത തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിക്കേണ്ടതിനാലാണ് റിപ്പോർട്ട് നൽകാൻ വൈകുന്നതെന്നും എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ഡി.പി.ഐ. ഓഫീസിൽ ജീവനക്കാർക്ക് പഞ്ചിംഗ്**

137 (5288) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ. ഓഫീസിൽ ജീവനക്കാർക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഉദ്യോഗസ്ഥരുടെ ശമ്പള വിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്പാർക്കുമായി ബന്ധപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഡി.പി.ഐ.-യിൽ ആകെ എത്ര ജീവനക്കാർ ഉണ്ട്;

(ഡി) 2018 ഫെബ്രുവരി മാസത്തെ ഡി.പി.ഐ.-യിലെ ജീവനക്കാരുടെ പഞ്ചിംഗ് വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. വിവിധ ഡയറക്ടറേറ്റുകളിലെ പഞ്ചിംഗ് സമ്പ്രദായം സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 353 ജീവനക്കാർ.

(ഡി) 278 ജീവനക്കാർ ഫെബ്രുവരി മാസത്തിൽ പഞ്ച് ചെയ്ത് ആഫീസിൽ ജോലി ചെയ്തിട്ടുണ്ട്.

## എസ്.എസ്.എൽ.സി. ബുക്കിലെ മേൽവിലാസം തിരുത്തുന്നതിലെ കാലതാമസം

138 (5290) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിലെ മേൽ വിലാസം തിരുത്താനായി 14-11-2017 ൽ CB2/47575/2017-ാം നമ്പറായി ലഭിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ നാൾവഴി വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ അപേക്ഷ ലഭിക്കുമ്പോൾ സെക്ഷൻ ക്ലാർക്ക് ഉൾപ്പെടെ ചുമതലയിൽ ഉണ്ടായിരുന്നിട്ടും നാളിതുവരെ ഈ സർട്ടിഫിക്കറ്റ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഗുരുതരമായ കാലതാമസവും കൃത്യവിലോപവും വരുത്തി ജനങ്ങളെയും വിദ്യാർത്ഥികളെയും കഷ്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ;

(ഡി) സേവനാവകാശ നിയമം ഈ ഉദ്യോഗസ്ഥർക്ക് ബാധകമാണോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) മേൽവിലാസം തിരുത്തുന്നതിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങളുടെ ഭാഗമായി അപേക്ഷയോടൊപ്പം ഹാജരാക്കാതിരുന്ന രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് 20-1-2018-ൽ അപേക്ഷകന് കത്തും 23-2-2018-ൽ ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

(ബി) ആവശ്യമായ രേഖകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമാണ്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി.

## കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

139 (5291) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ള ലേസർ ഷോയും ജലധാരയും ഏതുവർഷമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്; ഇത് സ്ഥാപിക്കുന്നതിനായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; ഈ തുക ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ജലധാരയിലും ലേസർ ഷോയിലുംകൂടി എത്ര രൂപ ടിക്കറ്റ് ഇനത്തിൽ ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇതിന്റെ വർഷം തിരിച്ച് കണക്ക് നൽകാമോ;

(സി) സയൻസ് മ്യൂസിയത്തിലെ ലേസർ ഷോയും ജലധാരയും ഇപ്പോൾ പ്രവർത്തനരഹിതമായിട്ട് എത്ര നാളായി; ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ള ലേസർ ഷോയും ജലധാരയും 7-2-2011-ലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇത് സ്ഥാപിക്കുന്നതിനായി 59,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. Video Projector, Musical Water Fountain, Audio System എന്നിവയ്ക്കാണ് പ്രസ്തുത തുക ചെലവഴിച്ചത്.

(ബി) ജലധാരയിലും ലേസർ ഷോയിലുംകൂടി ടിക്കറ്റ് ഇനത്തിൽ ഇതുവരെ 16,10,636 രൂപ ലഭിച്ചിട്ടുണ്ട്. വർഷംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :-

| വർഷം | ലഭിച്ച തുക (രൂപ) |
|---|---|
| 2011-2012 | 96,540 |
| 2012-2013 | 3,02,861 |
| 2013-2014 | 3,81,080 |
| 2014-2015 | 1,93,735 |
| 2015-2016 | 2,47,420 |
| 2016-2017 | 2,57,550 |
| 2017-2018 up to February | 1,94,450 |

(സി) സയൻസ് മ്യൂസിയത്തിലെ ലേസർ ഷോയും ജലധാരയും ഇപ്പോഴും പൂർണ്ണമായും പ്രവർത്തനക്ഷമമാണ്.

## അരിമ്പ്ര ജി.വി.എച്ച്.എസ്.എസ്.- ന് കെട്ടിടം

140 (5292) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ അരിമ്പ്ര ജി.വി.എച്ച്.എസ്.എസ്-ന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അരിമ്പ്ര ജി.വി.എച്ച്.എസ്.എസ്.-ന് കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ

141 (5293) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടേയും വസ്തുവകകളുടേയും വിശദാംശങ്ങൾ നൽകുമോ;

(ബി) ഇവയിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടേയും വസ്തുവകകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവ.എൽ.പി.സ്കൂളുകൾ -12 എണ്ണം.

2. ഗവ.യു.പി.സ്കൂളുകൾ - 2 എണ്ണം.

3. ഗവ.ഹൈസ്കൂളുകൾ - 2 എണ്ണം.

4. ഗവ.ഹയർ സെക്കന്ററി സ്കൂളുകൾ - 2 എണ്ണം.

ഗവ. എൽ.പി. സ്കൂളുകളിൽ ഒരെണ്ണം ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 11 ഗവ.എൽ.പി.സ്കൂളുകൾക്കായി ആകെ അഞ്ചര ഏക്കർ സ്ഥലവും കെട്ടിടവുമുണ്ട്. ഗവ.യു.പി.സ്കൂളുകൾക്ക് സ്വന്തമായി 2 ഏക്കർ 88 സെന്റ് സ്ഥലവും കെട്ടിടവുമുണ്ട്. ഗവ.ഹൈസ്കൂളുകളിൽ ഒന്നിന് സ്വന്തമായി കെട്ടിടവും സ്ഥലവുമില്ല. എല്ലാ ഗവ. ഹയർ സെക്കന്ററി സ്കൂളുകൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവുമുണ്ട്. ഗവ. ഹൈസ്കൂളുകൾക്കും ഗവ.ഹയർ സെക്കന്ററി സ്കൂളുകൾക്കുംകൂടി ആകെ 18 ഏക്കർ സ്ഥലമുണ്ട്.

(ബി) ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഇല്ല.

## സ്പെഷ്യൽ സ്കൂളുകളോട് ചേർന്ന് റീഹാബിലിറ്റേഷൻ സെന്ററുകൾ

142 (5294) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത വിദ്യാഭ്യാസത്തിൽ എസ്.എസ്.എൽ.സി. പൂർത്തിയാക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും സ്പെഷ്യൽ സ്കൂളുകളിൽ 18 വയസ് പൂർത്തിയാക്കുന്ന കുട്ടികൾക്കും തൊഴിൽ പരിശീലനത്തിനും തൊഴിലിനും എന്ത് സംവിധാനമാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സ്പെഷ്യൽ സ്കൂളുകളോട് ചേർന്ന് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം പൊതുവിദ്യാലയങ്ങളിൽ പഠിച്ച 18 വയസ്സ് കഴിഞ്ഞവർക്കായി പൊതു വിദ്യാഭ്യാസ വകുപ്പ് പരിശീലന

പരിപാടികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സ്വയംഭരണ സ്ഥാപനമായ എസ്.ഐ.എം.സി.-യിൽ സ്പെഷ്യൽ സ്കൂളിലെ പരിശീലനം പൂർത്തിയായവരും 18 വയസ്സിനുമുകളിൽ പ്രായമുള്ളവരുമായ 60 ഓളം കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രം പ്രവർത്തിച്ചുവരുന്നു. മെഴുകുതിരി, ഓഫീസ് കവർ, ഫയൽ ബോർഡ്, ചോക്ക്, ലോഷൻ, സോപ്പ്, സോപ്പ് പൗഡർ, ചന്ദനത്തിരി, വാഷിംഗ് പൗഡർ, വിവിധ തരത്തിലുള്ള കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, കൃഷി, പൂന്തോട്ട പരിപാലനം, ഖാദിബോർഡ് സ്പിന്നിംഗ് യൂണിറ്റ് എന്നിങ്ങനെ വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു. പരിശീലനം കഴിഞ്ഞവരെ വിവിധ സ്ഥാപനങ്ങളിൽ തൊഴിലിന് അയച്ചും മറ്റ് കുട്ടികളെ സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചും സ്വയംപര്യാപ്തരാക്കുന്നതിനും ഈ സ്ഥാപനം നടപടി സ്വീകരിച്ചു വരുന്നു.

(ബി) സ്പെഷ്യൽ സ്കൂളുകളോട് ചേർന്ന് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാൻ നിലവിൽ തീരുമാനിച്ചിട്ടില്ല.

## വിദ്യാഭ്യാസ വകുപ്പിലെ ബാങ്ക് അക്കൗണ്ടുകൾ

143 (5295) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ എത്ര തരത്തിലുള്ള ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്; ഇതിൽ എത്ര നിക്ഷേപങ്ങളുണ്ട്;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്യുന്ന അക്കൗണ്ടുകൾ ഏതെല്ലാം ബാങ്കുകളിൽ ആണ്; ഈ അക്കൗണ്ടുകളെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലനിൽക്കുന്ന വിവിധ ബാങ്കുകളിലെ നിക്ഷേപം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) ചില നിക്ഷേപങ്ങൾ പിൻവലിക്കാതെ കിടക്കുന്നുണ്ടെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഡി.പി.ഇ.പി. പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ നിക്ഷേപം പിൻവലിക്കാതെ ബാങ്കുകളിൽ കിടക്കുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ; വിവിധ ജില്ലകളിൽ ഇത്തരത്തിലുള്ള നിക്ഷേപം എത്ര; വ്യക്തമാക്കുമോ;

(എഫ്) ഡി.പി.ഇ.പി. നിക്ഷേപങ്ങൾ പിൻവലിക്കാതെ ബാങ്കുകളിൽ തന്നെ കിടക്കുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

## ഗവൺമെന്റ് സ്കൂളുകളിലെ ലാബുകളുടെ നവീകരണം

144 (5296) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് സ്കൂളുകളിലെ ലാബുകൾ നവീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ ലാബുകൾ നവീകരിക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി നിയോജകമണ്ഡലത്തിലെ ജി.എം.ബി.എച്ച്.എസ്.എസ്. ചാലക്കുടി, ജി.എച്ച്.എസ്.എസ്. ചൈപ്പൻകുഴി (കുറ്റിച്ചിറ) എന്നീ ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ 2016-17 വർഷങ്ങളിൽ ലാബുകൾ നവീകരിക്കുന്നതിനായി ഒരു ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ചാലക്കുടി ഗവ.വി.എച്ച്.എസ്.എസ്. ലാബ് നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ ചാലക്കുടി നിയോജകമണ്ഡലത്തിലെ എല്ലാ ഗവ.സ്കൂളുകളിലും ലാബുകൾ നവീകരിക്കുന്നതിനായി ആർ.എം.എസ്.എ. ഫണ്ടിൽ നിന്നും 10,000 രൂപ (പതിനായിരം) വീതം അനുവദിച്ചിട്ടുണ്ട്. ചാലക്കുടി ജി.എം.ബി.വി.എച്ച്.എസ്.എസ്.-ൽ 'ഐഡിയൽ ലാബ്' സജ്ജീകരിക്കുന്നതിനായി ആർ.എം.എസ്.എ. മുഖേന 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ ഗവ.സ്കൂളുകളിലെ ലാബുകൾ നവീകരിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി 'ശാസ്ത്രപോഷിണി' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിലെ ചുവടെ ചേർക്കുന്ന സ്കൂളുകളെ പരിഗണിച്ചിട്ടുണ്ട്.

1. ഗവ.ഹയർ സെക്കന്ററി സ്കൂൾ, ചൈപ്പൻകുഴി.
2. ഗവ.ഹയർ സെക്കന്ററി സ്കൂൾ, കൊടകര
3. ഗവ.ഗേൾസ് ഹൈസ്കൂൾ, ചാലക്കുടി
4. ഗവ.ഹയർ സെക്കന്ററി സ്കൂൾ, വെറ്റിലപ്പാറ
5. ഗവ.ഹയർ സെക്കന്ററി സ്കൂൾ, വി.ആർ.പുരം, ചാലക്കുടി.

## പരീക്ഷാഭവനിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ വലിയ തോതിൽ കാലതാമസം

145 (5297) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും പരീക്ഷാ ഭവനിൽ നൽകുന്ന അപേക്ഷകളിൽ തീർപ്പുകല്പിച്ച് സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിന് വലിയ തോതിൽ കാലതാമസം നേരിടുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ തിരുത്തി ലഭ്യമാക്കുന്നതിനും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സേവനാവകാശ നിയമപ്രകാരം സമയപരിധിക്കുള്ളിലും അടിയന്തര സാഹചര്യങ്ങളിൽ സമയപരിധി നോക്കാതെയും സർട്ടിഫിക്കറ്റുകൾ നൽകാറുണ്ട്.

(ബി) സാധാരണയായി എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് തീർപ്പാക്കുന്നതിന് 2000 മാർച്ച് വരെ പരീക്ഷയെഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 90 ദിവസവും 2001 മുതൽ പരീക്ഷയെഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 60 ദിവസവുമാണ് തീർപ്പാക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റുകളിലെ പിശകുകൾ തിരുത്തി നൽകുന്നതിന് 2001-ന് മുമ്പ് 90 ദിവസവും 2001 മുതൽ 60 ദിവസവുമാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. അടിയന്തര സ്വഭാവമുള്ള അപേക്ഷകൾ ഉടൻ/കാലതാമസം കൂടാതെതന്നെ തീർപ്പാക്കി നൽകാറുണ്ട്.

## ഭിന്നശേഷിക്കാരായ കുട്ടികളുടെ പരീക്ഷ ആനുകൂല്യത്തിൽ ക്രമക്കേടുകൾ

146 (5298) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷ ആനുകൂല്യത്തിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ആനുകൂല്യം നേടുന്ന പരീക്ഷാർഥിയുടെ സർട്ടിഫിക്കറ്റിൽ ഡിസെബിലിറ്റി എന്ന് രേഖപ്പെടുത്താറുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പകരം പരീക്ഷ എഴുതുന്ന സ്ക്രൈബിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ഡി) അക്കാദമിക് വർഷം 2012-2013 മുതൽ 2016-2017 വരെ ഇത്തരത്തിൽ പരീക്ഷാനുകൂല്യം ലഭിച്ച കുട്ടികളുടെ പേരുവിവരങ്ങൾ ജില്ലതിരിച്ച് സ്കൂളുകളുടെ പേരുകൾ ഉൾപ്പെടെ അവർക്ക് ലഭിച്ച ഗ്രേഡ് സഹിതം ലഭ്യമാക്കാമോ;

(ഇ) 2017-2018 അക്കാദമിക് വർഷത്തിൽ ഭിന്നശേഷി ആനുകൂല്യത്തിൽ പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും സ്ക്രൈബിന്റെ പേരും ജില്ലതിരിച്ച് സ്കൂളിന്റെ പേര് സഹിതം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിയുള്ള കുട്ടിയാണെന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പരീക്ഷാ ആനുകൂല്യം അനുവദിച്ചുനൽകുന്നത്. ഭിന്നശേഷിയുള്ള ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നല്കുന്നതിനും സ്ക്രൈബിനെ അനുവദിക്കുന്നതിനും പരീക്ഷാ വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്ന ഫോർമാറ്റ് പൂരിപ്പിച്ച് അതത് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തിയശേഷം മാത്രമാണ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ പരീക്ഷാ എഴുതുന്നതിനുള്ള അനുമതി നൽകുന്നത്. എന്നാൽ ഇത്തരത്തിലുള്ള ആനുകൂല്യം ചിലർ ദുരുപയോഗം ചെയ്യുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സർട്ടിഫിക്കറ്റിൽ ഡിസെബിലിറ്റി എന്ന് രേഖപ്പെടുത്താറില്ല.

(സി) സൈക്രബിന്റെ സേവനം ഉപയോഗപ്പെടുത്തി പരീക്ഷയെഴുതുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥി എഴുതുന്ന പരീക്ഷയേക്കാൾ താഴ്ന്ന പരീക്ഷായോഗ്യതയുള്ളവരെ മാത്രമേ സ്ക്രൈബായി നിയോഗിക്കാൻ പാടുള്ളൂ. സൈക്രബായി നിയമിക്കപ്പെടുന്നവരുടെ യോഗ്യത ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടുമാർ ഉറപ്പുവരുത്തുന്നതാണ്. കൂടാതെ നിയമിക്കപ്പെടുന്ന സ്ക്രൈബിന്റെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ചീഫ് സൂപ്രണ്ട് പൂരിപ്പിച്ച് സൂക്ഷിക്കുന്നതുമാണ്.

(ഡി&ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## പ്ലാനറ്റോറിയത്തിൽ പ്രൊജക്ടറുകൾ വാങ്ങുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ

147 (5299) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പ്ലാനറ്റോറിയം നവീകരണത്തിനായി പ്രൊജക്ടറുകൾ വാങ്ങുന്നതിനുള്ള 2012-ലെ ഗ്ലോബൽ ടെണ്ടറിൽ ഏതെല്ലാം കമ്പനികൾ പങ്കെടുത്തുവെന്നും ഏത് കമ്പനിക്കാണ് സപ്ലൈ ഓർഡർ നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സപ്ലൈ ഓർഡറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളും അവയുടെ വിലയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി സാധനസാമഗ്രികൾ സപ്ലൈ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; സാധനസാമഗ്രികൾ സപ്ലൈ ചെയ്യാത്ത കമ്പനിക്കെതിരെ ഏന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പ്ലാനറ്റോറിയം നവീകരണത്തിനായി പ്രൊജക്ടറുകൾ വാങ്ങുന്നതിനുള്ള 2012-ലെ ഗ്ലോബൽ ടെണ്ടറിൽ M/s.Carl Zeiss, Germany, M/s. GOTO Inc, Japan, M/s.Global Immersion, U.K., M/s Sky Skan, USA എന്നീ കമ്പനികൾ പങ്കെടുത്തു. ഇതിൽ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ M/s.Carl Zeiss, Germany എന്ന കമ്പനിയ്ക്കാണ് സപ്ലൈ ഓർഡർ നല്കിയത്.

(ബി) പ്രസ്തുത സപ്ലൈ ഓർഡറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളും അവയുടെ വിലയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്. സപ്ലൈ ഓർഡർ അനുസരിച്ച് പ്രസ്തുത കമ്പനിയിൽ നിന്നും 4 ഷോകൾ ലഭ്യമാകേണ്ടതിൽ 3 ഷോകൾ മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. കേരളത്തെപ്പറ്റിയുള്ള "Kerala Panorama Show" സന്ദർശകർക്ക് കൂടുതൽ അനുയോജ്യമായ രീതിയിൽ പ്രദർശിപ്പിക്കാനുതകുന്ന വിധത്തിൽ മാറ്റി നൽകുവാൻ പ്രസ്തുത കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എം.ബി.എ.കോഴ്സുകളിലേയ്ക്ക് കെ-മാറ്റ് പരീക്ഷ

148 (5300) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.ബി.എ. കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് നടത്തുന്ന കെ-മാറ്റ് പരീക്ഷ എഴുതിയ എത്ര കുട്ടികൾക്ക് കേരളത്തിൽ പ്രവേശനം നേടാനായി എന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയതലത്തിൽ നടക്കുന്ന മാറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ പ്രവേശനം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദീകരിക്കാമോ;

(സി) ദേശീയ തലത്തിൽ നടക്കുന്ന മാറ്റ് പരീക്ഷയും സംസ്ഥാനത്തെ കെ-മാറ്റ് പരീക്ഷയും ഒരേ ദിവസമായതിനാൽ ഒട്ടേറെ വിദ്യാർത്ഥികൾക്ക് മാറ്റ് പരീക്ഷ എഴുതുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ-മാറ്റ് പ്രവേശന പരീക്ഷയ്ക്കുശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിൽ പ്രവേശനത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018 ഫെബ്രുവരി 4-ന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നടത്തിയ കെ-മാറ്റ് പരീക്ഷയുടെ ലിസ്റ്റിൽ നിന്നും എം.ബി.എ. കോഴ്സുകളിലേയ്ക്ക് പ്രവേശനം നടന്നു വരുന്നതേയുള്ളൂ. അഡ്മിഷൻ അവസാനിപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 10 ആണ്.

(ബി) അംഗീകരിച്ചിട്ടില്ല. അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി കേരളത്തിലെ യൂണിവേഴ്സിറ്റികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ മാറ്റ് പരീക്ഷ എം.ബി.എ. പ്രവേശനത്തിന് അനുവദിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. രണ്ടാമതൊരു കെ-മാറ്റ് പ്രവേശന പരീക്ഷ ജൂൺ 24-ന് നടത്തുവാൻ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. അതിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

## കേരള സർവ്വകലാശാലയിൽ പാർട്ട് ടൈം പി.എച്ച്.ഡി. രജിസ്ട്രേഷന് വിലക്ക്

149 (5301) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പാർട്ട്-ടൈം പി.എച്ച്.ഡി.-ക്ക് രജിസ്ട്രേഷൻ അനുവദിച്ചിരുന്നോ;

(ബി) ഇപ്പോൾ അതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ ഈ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കേരള സർവ്വകലാശാല ഏർപ്പെടുത്തിയ വിലക്ക് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി) ഉണ്ട്. യു.ജി.സി. റെഗുലേഷൻസ്, 2016 നടപ്പിലാക്കിയ ജൂലൈ 2016 സെഷൻ മുതൽ പാർട്ട്-ടൈം പി.എച്ച്.ഡി. രജിസ്ട്രേഷൻ സർവ്വകലാശാലയുടെ അദ്ധ്യാപന വിഭാഗങ്ങളിലും സെന്ററുകളിലും ജോലി ചെയ്യുന്ന സ്ഥിരം അദ്ധ്യാപകർക്കും, സർവ്വകലാശാല/പരിധിയിൽ ഉൾപ്പെടുന്ന സർക്കാർ/എയ്ഡഡ് കോളേജ് അദ്ധ്യാപകർക്കുമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ ഈ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. കേരള സർവ്വകലാശാല ഏർപ്പെടുത്തിയ വിലക്ക് പുനഃപരിശോധിക്കുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ട്.

## എൽ.ബി.എസ്.സെന്റർ : പാലക്കാട് ജില്ലയിലെ ഉപകേന്ദ്രങ്ങൾ

150 (5302) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിക്ക് പാലക്കാട് ജില്ലയിൽ എത്ര ഉപകേന്ദ്രങ്ങൾ ഉണ്ട്; ആയത് എവിടെയൊക്കെ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉപകേന്ദ്രത്തിൽ എന്തൊക്കെ കോഴ്സുകൾ നടത്തുന്നു; ഏതൊക്കെ കോഴ്സുകളുടെ ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നു; ഏതൊക്കെ പരീക്ഷകൾ നടത്തിവരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിൽ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ, പട്ടാമ്പി, മണ്ണാർക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പാലക്കാട് ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഉപകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരിയിൽ എൽ.ബി.എസ്.-ന്റെ ഒരു ഉപകേന്ദ്രം സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട് ഉപകേന്ദ്രങ്ങൾ.

1. പാലക്കാട്.

2. ആലത്തൂർ.

(ബി) 1. പി.ജി.ഡി.സി.എ.(1 വർഷം & 1 1/2 വർഷം)

2. ഹാർഡ് വെയർ ഡിപ്ലോമ (1 വർഷം)

3. ഡി.സി.എ. (1 വർഷം)

4. ഡി.സി.എ. (എസ്) (6 മാസം)

5. ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (4 മാസം)

6. ടാലി (3 മാസം)

7. ഡി സ്കിൽ കോഴ്സ് (3 മാസം)

8. നോർക്ക നടത്തുന്ന കോഴ്സുകൾ (3 മാസം).

പാരാമെഡിക്കൽ ഡിഗ്രി, ഡിപ്ലോമ തുടങ്ങിയ കോഴ്സുകളുടെ ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നു. പ്രീ-എക്സാമിനേഷൻ സെന്ററുകളുടെ പരീക്ഷ (എസ്.സി. വകുപ്പ്) ഇവിടെ നടത്തുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ വളർച്ചയ്ക്കായുള്ള നടപടികൾ

151 (5303) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. കെ. ശശി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ കേരളം വ്യാപ്തിയിലും ഗുണമേന്മയിലും മറ്റ് സംസ്ഥാനങ്ങൾക്ക് വഴികാട്ടിയായിരിക്കുമ്പോഴും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിത ഔന്നത്യം പുലർത്താനായിട്ടുണ്ടോ എന്നത് പരിശോധിക്കുമോ;

(ബി) സർവ്വകലാശാല വകുപ്പുകളിലും സർക്കാർ കോളേജുകളിലും അദ്ധ്യാപകരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സത്വരനടപടി സ്വീകരിക്കുമോ;

(സി) അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനും വിദേശ സർവകലാശാലകളിൽ നിന്നുൾപ്പെടെയുള്ള വിഷയവിദഗ്ദ്ധരുടെ അറിവ് ഉപയോഗിക്കുവാനും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടുള്ള സർവ്വതോന്മുഖമായ വികസനപ്രവർത്തനങ്ങളിലൂടെയും, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പുതുക്കിയ പാഠ്യപദ്ധതിയിലൂടെ അക്കാദമിക മികവ് വർദ്ധിപ്പിച്ചും ഉന്നതവിദ്യാഭ്യാസമേഖല പുരോഗതിയുടെ പാതയിലാണ്. സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി വിവിധ തലങ്ങളിലുള്ള കാര്യക്ഷമമായ വികസനപ്രക്രിയകൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. കൂടാതെ, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും നൂതനമായ ഗവേഷണ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതുവഴി ഉന്നത വിദ്യാഭ്യാസമേഖല ഔന്നിത്യം പുലർത്തുന്നു.

(ബി) ഒഴിവുകൾ സമയബന്ധിതമായി കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

(സി) ഉണ്ട്. വിവിധ സർവകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകരുടെ നിലവാരം ഉയർത്തുവാനായി Orientation പ്രോഗ്രാമുകളും റിഫ്രഷർ കോഴ്സുകളും സംഘടിപ്പിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ ഗുണാഭിവൃദ്ധി പദ്ധതി (ടെക്വീപ്), ഫാക്കൽറ്റി & സ്റ്റാഫ് ഡെവലപ്മെന്റ് ട്രെയിനിംഗ്, എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ചുള്ള ഗവേഷണ കേന്ദ്രങ്ങൾ, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യൂ.ഐ.പി.), ദേശീയ/അന്തർദേശീയ സെമിനാറുകൾ, ശില്പശാലകൾ, കോളോക്കിയങ്ങൾ മുതലായവയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉന്നത സാങ്കേതിക പരിജ്ഞാനം നേടുന്നതിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതാണ്. കൂടാതെ, ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള താഴെപ്പറയുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു :-

1. ഗ്രാഡ്വേറ്റ് ആട്രിബ്യൂട്ട്സ് ആന്റ് ഔട്ട്കം -ബേസ്ഡ് എഡ്യൂക്കേഷൻ

2. അക്കാദമിക വോളന്റിയർ ബാങ്ക്

3. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം

4. എറുഡൈറ്റ് പദ്ധതികൾ

5. ബ്രെയിൻ ഗെയിൻ സമീപനം

6. പുതിയതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് Moulding the Guru പ്രോഗ്രാമിന്റെ കീഴിലും സർവ്വീസിൽ ഉള്ള അദ്ധ്യാപകർക്ക് Pruning the Guru പ്രോഗ്രാമിന്റെ കീഴിലും പരിശീലനം നൽകുന്നു. കൂടാതെ അദ്ധ്യാപകർക്ക് അവരുടെ വിഷയങ്ങളിൽ അധിഷ്ഠിതമായ പരിശീലനം നൽകാൻ Nourshing the Guru പ്രോഗ്രാം എന്ന നൂതന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

ഇതോടൊപ്പം വിദേശ സർവ്വകലാശാലകളിലെ വിവിധ വിദഗ്ദ്ധരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയും അദ്ധ്യാപന നിലവാരം ഉയർത്തിവരുന്നു.

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടും അഴിമതിയും

152 (5304) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടും അഴിമതിയും നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2016-17 സാമ്പത്തിക വർഷം വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റും പൂർത്തീകരിച്ചതാണ്. ഈ റിപ്പോർട്ടുകളിലൊന്നും ഗുരുതരമായ പിഴവോ ക്രമക്കേടുകളോ നടന്നതായ പരാമർശങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ

153 (5305) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകൾക്ക് പുതിയ കോഴ്സുകൾ ആരംഭിക്കാൻ സർവ്വകലാശാലകളുടെ അംഗീകാരമോ അനുമതിയോ ആവശ്യമില്ലെന്ന യു.ജി.സി. തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച യു.ജി.സി.-യുടെ പുതിയ ഗസറ്റ് വിജ്ഞാപനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിജ്ഞാപനം വഴി സ്വയംഭരണ കോളേജുകളിൽ നിലവിലുള്ള പഠന ബോർഡുകൾ, അക്കാദമിക് കൗൺസിൽ, ഗവേണിംഗ് കൗൺസിൽ എന്നിവയുടെ മാത്രം അനുമതിയോടെ കോഴ്സുകൾ ആരംഭിക്കാമോ;

(ഡി) എങ്കിൽ ഏതൊക്കെ കോഴ്സുകൾ ഈ നിലയിൽ ആരംഭിക്കാം എന്നാണ് വിജ്ഞാപനത്തിൽ വ്യക്തമാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ) ഉണ്ട്.

(സി&ഡി) 2018 ഫെബ്രുവരിയിൽ യു.ജി.സി., പുറപ്പെടുവിച്ച 'Conferment of Autonomous Status Upon Colleges and Measures for Maintenance of Standards in Autonomous Colleges Regulation', 2018-ലെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച 10-ാം നമ്പർ വ്യവസ്ഥയിൽ ബന്ധപ്പെട്ട സ്വയംഭരണ കോളേജിന്റെ സ്റ്റാറ്റ്യൂട്ടറി ബോഡിയുടെയും അക്കാദമിക് കൗൺസിലിന്റെയും അനുമതിയോടെ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾ 2014 -ലെ UGC Notification on specification of Degrees-ന്റെയും ആയതിന്റെ കാലാകാലങ്ങളിലുള്ള ഭേദഗതിയുടെയും അടിസ്ഥാനത്തിലുള്ള കോഴ്സുകളായിരിക്കണമെന്നും ടി റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ പ്രസ്തുത കോഴ്സുകൾക്ക് യു.ജി.സി., നിഷ്കർഷിച്ചിരിക്കുന്ന പഠന കാലയളവ്, കരിക്കുലം, ഗുണമേന്മ എന്നിവ ഉണ്ടായിരിക്കണമെന്നും പ്രസ്തുത കോഴ്സ് തുടങ്ങുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർവ്വകലാശാലയെ യഥാസമയം അറിയിച്ചിരിക്കണമെന്നും ടി റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ സ്വയംഭരണ കോളേജിന്റെ അക്കാദമിക് കൗൺസിലിന്റെ അനുമതിയോടെ യു.ജി.സി. വ്യവസ്ഥകൾ പ്രകാരം കോഴ്സുകൾക്ക് പുനർനാമകരണം ചെയ്യുവാനും ടി റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

എന്നാൽ നിലവിലുള്ള UNIVERSITY LAWS (THIRD AMENDMENT) ACT 2014-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുന്നത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാലകളുടെ അറിവോടുകൂടിയല്ലാതെ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സ്വയംഭരണ കോളേജുകൾക്ക് സ്വാതന്ത്ര്യം നൽകുന്നില്ല.

## യൂണിവേഴ്സിറ്റി പരീക്ഷകൾക്കും റിസൾട്ട് പ്രഖ്യാപനത്തിനും ഏകീകൃത ടൈംടേബിൾ

154 (5306) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെകീഴിലുള്ള യൂണിവേഴ്സിറ്റികളുടെ പരീക്ഷകളും റിസൾട്ട് പ്രഖ്യാപനവും പല സമയങ്ങളിലായതുമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റികൾ പരീക്ഷാ ടൈംടേബിൾ/തിയതി/ മൂല്യനിർണ്ണയം/ഫലപ്രഖ്യാപനം /സർട്ടിഫിക്കറ്റ് നൽകൽ എന്നിവകൾക്കായി ഒരു ഏകീകൃത ടൈംടേബിൾ ഉണ്ടാക്കുവാനും അതുപ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുമായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വകലാശാലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുമ്പോൾ വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള കാര്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു.

**സർവ്വകലാശാലകളിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ്**

155 (5307) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമനത്തിനും വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനും സർവ്വകലാശാലകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളുടെ തുല്യത പരിശോധിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഡീംഡ് യൂണിവേഴ്സിറ്റികളിലെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3 വർഷം പൂർത്തിയാകുമ്പോൾ നൽകുന്ന ഡിഗ്രിക്ക് തുല്യമായ സർട്ടിഫിക്കറ്റ് ബിരുദം യോഗ്യതയായുള്ള സർക്കാർ തസ്തികകൾക്ക് അപേക്ഷിക്കുന്നതിന് പരിഗണിക്കുമോ;

(സി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സുകളിലെ 3 വർഷം പൂർത്തിയാകുമ്പോൾ കിട്ടുന്ന ബിരുദ സർട്ടിഫിക്കറ്റ് ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ചേരുന്നതിന് യോഗ്യതയായി പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) തസ്തികകൾക്കുള്ള യോഗ്യതാ മാനദണ്ഡം നിർണ്ണയിക്കുന്നത് അതാത് മാതൃ വകുപ്പുകളാണ്. അതേസമയം കോഴ്സുകളുടെ സിലബസ്സ് പരിശോധിച്ച് അക്കാദമിക് കൗൺസിലിന്റെ ശിപാർശ പ്രകാരം തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതു സർവ്വകലാശാലകളാണ്.കോഴ്സുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ അംഗീകാരം വിലയിരുത്തപ്പെടുക.

## മലയാളം ലക്ചറർ തസ്തികയിലേക്ക് നിയമനം

156 (5308) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ആഗസ്റ്റ് 16-ന് നിലവിൽവന്ന മലയാളം ലക്ചറർ തസ്തികയുടെ റങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനനില എത്രയാണെന്ന് അറിയിക്കാമോ;

(ബി) മേൽ സൂചിപ്പിച്ച തസ്തികയിലേക്ക് എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ഹിസ്റ്ററി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ് തുടങ്ങിയ കോളേജ് ലക്ചറർ തസ്തികയിലേക്ക് നിലവിൽ എത്ര പേർക്ക് നിയമന നിർദ്ദേശവും നിയമനവും നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) മലയാളം ലക്ചറർ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമന ഉത്തരവ് വൈകുന്നത് എന്തുകൊണ്ടാണ്; വേഗത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 7 ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശകൾ പി.എസ്.സി. - യിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിയമനം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) 11 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 7 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.- യിൽനിന്നും നിയമനശിപാർശ ലഭിക്കുകയും ബാക്കി ഒഴിവുകളിൽ കൂടി ശിപാർശ നല്കണമെന്ന് പി.എസ്.സി.- യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) 125 തസ്തികകളിൽ നിയമനം നല്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | ശിപാർശകളുടെ എണ്ണം | നിയമനം നല്കിയത് |
|---|---|---|---|
| 1 | ഇംഗ്ലീഷ് | 100 | നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | ഫിസിക്സ് | 31 | 31 |

| | | | |
|---|---|---|---|
| 3 | ഹിന്ദി | നിയമന ശിപാർശകൾ ലഭ്യമായിട്ടില്ല. | - |
| 4 | തമിഴ് | 3 | 3 |
| 5 | കെമിസ്ട്രി | 40 | 39<br>ഒരു ഉദ്യോഗാർത്ഥിയുടെ ശിപാർശയിൽ നിയമന നടപടികൾ സ്വീകരിച്ചു വരുന്നു |
| 6 | മാത്തമാറ്റിക് | 35 | 35 |
| 7 | ഹിസ്റ്ററി | 17 | 17 |
| ആകെ | | | 125 |

(ഡി) മലയാളം വിഷയത്തിലെ നിലവിലുള്ള 11 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7 ഒഴിവുകളിൽ നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി ഒഴിവുകളിൽ പി.എസ്.സി.- യിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ഇ) ഇല്ല. നിയമന ശിപാർശ പി.എസ്.സി - യിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്**

157 (5309) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ വികസനം നടപ്പിലാക്കുന്ന കിഫ്ബി പദ്ധതിയുടെ ഭാഗമായി ഡി.പി.ആർ.സമർപ്പിക്കുവാൻ കിറ്റ്കൊയ്ക്ക് സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കിറ്റ്കൊ തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം എത്ര രൂപയുടെ വികസന പദ്ധതികളാണ് കോളേജിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ&ബി) കിഫ്ബി പദ്ധതിയുടെ ഭാഗമായി മങ്കട ആർട്സ് ആന്റ് സയൻസ് കോളേജിന്റെ വികസനം നടപ്പിലാക്കുന്നതിനുള്ള ഡി.പി.ആർ. കിറ്റ്ക്കോ സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

**വള്ളിക്കുന്ന് ഗവ.ആർട്സ് & സയൻസ് കോളേജ്**

158 (5310) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതുതായി ഗവ:ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) വള്ളിക്കുന്ന് ഗവ.ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കാൻ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ട് കൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതുതായി ഗവ. ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൻമേൽ, റിപ്പോർട്ട് സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഒരു നിവേദനം കോഴിക്കോട് സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല.

**സ്വയംഭരണ പദവിയുള്ള സർക്കാർ - എയ്ഡഡ് കോളേജുകൾ**

159 (5311) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് മേഖലകളിലായി എത്ര കോളേജുകൾക്കാണ് നിലവിൽ സ്വയംഭരണ പദവി ഉള്ളത്; അവ ഏതൊക്കെ; വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നിലവിലുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിബന്ധനകൾക്ക് വിരുദ്ധമായി ഏതാനും കോളേജുകൾ പുതിയ കോഴ്സുകൾ ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകൾ എന്തൊക്കെ കോഴ്സുകളാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ;

(ഡി) ഈ കോളേജുകളുടെ കാര്യത്തിൽ ഇതു സംബന്ധമായി എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ സർക്കാർ മേഖലയിൽ ഒരു കോളേജിനും എയ്ഡഡ് മേഖലയിൽ 18 കോളേജുകൾക്കും സ്വയംഭരണാവകാശം നൽകിയിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിലവിൽ UNIVERSITY LAWS (THIRD AMENDMENT) ACT 2014-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് സ്വയംഭരണ കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുന്നത്.

(സി) കാലിക്കറ്റ് സർവ്വകലാശാലയുടെകീഴിലുള്ള ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ 6 കോഴ്സുകൾ തുടങ്ങിയെങ്കിലും സർവ്വകലാശാല ഇത് അംഗീകരിച്ച് അഫിലിയേഷൻ നൽകിയിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കുട്ടിക്കാനം മരിയൻ കോളേജിൽ എം.എ. കമ്മ്യൂണിക്കേഷൻ ആന്റ് മീഡിയ സ്റ്റഡീസ് എന്ന പുതിയ കോഴ്സും, ബി കോം, എം.കോം. എന്നിവയ്ക്ക് അധിക ബാച്ചുകളും, എറണാകുളം സെന്റ് തെരേസാസ് കോളേജിൽ 19 കോഴ്സുകളും (പ്രസ്തുത കോഴ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു)* സർവ്വകലാശാലയുടെ അനുമതിയില്ലാതെ തുടങ്ങിയിട്ടുണ്ട്. കേരള സർവകലാശാലയുടെ കീഴിലുള്ള രണ്ട് കോളേജുകളിൽ സർവ്വകലാശാലയുടെ അനുമതിയില്ലാതെ ഏഴ് കോഴ്സുകൾ തുടങ്ങിയിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേരളത്തിലെ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾക്കുള്ള അനുമതി**

160 (5312) <u>ശ്രീ. സി. മമ്മൂട്ടി:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ സർവ്വകലാശാലകളുടെ അനുമതിയും അംഗീകാരവും നിർബന്ധമല്ല എന്ന യു.ജി.സി. വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നിലപാടും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും എന്താണെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ UNIVERSITY LAWS (THIRD AMENDMENT) ACT 2014-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുന്നത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിന് ശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ കോളേജുകളിൽ പി.റ്റി.എ. കാര്യക്ഷമമാക്കാൻ സംവിധാനം**

161 (5313) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ അദ്ധ്യാപകർ ഉണ്ടായിരുന്നിട്ടും വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ലഭ്യമാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ കോളേജിലെ വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരിൽ നിന്നും കൃത്യമായ ക്ലാസ്സുകൾ ലഭിക്കുന്നുയെന്ന് ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഈ സംവിധാനം കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) എല്ലാ സർക്കാർ കോളേജുകളിലും പി.റ്റി.എ. സംവിധാനം നിലവിലുണ്ടോ; പി.റ്റി.എ. സംവിധാനം കാര്യക്ഷമമാക്കുന്നതിനും മൂന്ന് മാസത്തിലൊരിക്കൽ അവ കൃത്യമായി കൂടുന്നതിനുമുള്ള സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരള യൂണിവേഴ്സിറ്റിയുടെകീഴിലുള്ള സർക്കാർ കോളേജുകളിൽ ഈ അദ്ധ്യയന വർഷം ഇതുവരെ എത്ര പി. റ്റി. എ. മീറ്റിംഗ് വിളിച്ചുകൂട്ടിയിട്ടുണ്ട്; അവയുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ കോളേജുകളിൽ അദ്ധ്യാപകർ ഉണ്ടായിരുന്നിട്ടും വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ലഭ്യമാകുന്നില്ലെന്ന പരാതികൾ ലഭ്യമായിട്ടില്ല.

(ബി) നിലവിൽ എല്ലാ കോളേജുകളിലും വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ക്ലാസ്സ് ടൈംടേബിൾ തയ്യാറാക്കുകയും അദ്ധ്യാപകർ കൃത്യമായി ക്ലാസ്സിൽ ഹാജരാകുന്നുണ്ടോ എന്ന് ഓരോ കോളേജുകളിലെയും വകുപ്പ്

മേധാവികൾ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. മേൽസംവിധാനം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

(സി) എല്ലാ സർക്കാർ കോളേജുകളിലും പി.റ്റി.എ. സംവിധാനം നിലവിലുണ്ട്. അടുത്ത അദ്ധ്യയന വർഷം മുതൽ മൂന്ന് മാസത്തിലൊരിക്കൽ നിർബന്ധമായും പി.റ്റി.എ. മീറ്റിംഗ് കൂടുന്നതിന് കർശന നിർദ്ദേശം നല്കുന്നതാണ്.

(ഡി) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സർക്കാർ കോളേജുകളിൽ ഈ അദ്ധ്യയന വർഷം ഇതുവരെ കൂടിയ പി.റ്റി.എ. മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് അതാത് കോളേജുകളിൽനിന്ന് ലഭ്യമായത് അനുബന്ധമായി ചേർക്കുന്നു.+

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

162 (5314) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും ഉൽകൃഷ്ട സ്ഥാപനങ്ങൾ (Centres of Excellence) ആക്കിത്തീർക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ;

(സി) പൈതൃക കോളേജുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതിയിൽ ഏതൊക്കെ കോളേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തുടർച്ചയായ ഗുണനിലവാരം

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിലയിരുത്തുന്നതിനും/മെച്ചപ്പെടുത്തുന്നതിനും, ലൈബ്രറിയുടെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് വായനാ സൗകര്യങ്ങളുള്ള മുറികൾ സജ്ജീകരിക്കുന്നതിനും ഈ പദ്ധതിയുടെകീഴിൽ നേരത്തെ തന്നെ ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളുടെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വ്യക്തിഗത ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ (2017-18) 36 ശീർഷകങ്ങളിലായി 12190 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 186- ാം ഖണ്ഡികയുടെ അടിസ്ഥാനത്തിൽ സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 13-11-2017-ലെ സ.ഉ.(കൈ) നമ്പർ 285/17/ഉ.വി.വ. പ്രകാരം 48 സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച പന്ത്രണ്ട് ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, പുതുതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കൂടാതെ, ആർട്സ് & സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ലാബ്, ലൈബ്രറി എന്നിവ ഡിജിറ്റലൈസ് ചെയ്യുക, ഭാഷാ ലാബുകൾ ആരംഭിക്കുക, സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുക, കോളേജുകൾക്കാവശ്യമായ മുഴുവൻ കമ്പ്യൂട്ടറും മറ്റ് ഐ.റ്റി. അധിഷ്ഠിത ഉപകരണങ്ങളും വാങ്ങുക, എല്ലാ വകുപ്പുകളും തമ്മിൽ നെറ്റ്‌വർക്കിംഗ് നടപ്പിലാക്കുക, സ്മാർട്ട് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകുക മുഴുവൻസമയ Wi-Fi internet സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അടിസ്ഥാന സൗകര്യവികസന പദ്ധതിരേഖ തയ്യാറാക്കി, Special Purpose Vehicle (SPV) ആയ KITE എന്ന സ്ഥാപനം മുഖാന്തിരം KIIFB-ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) പൈതൃക കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ

കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ് എന്നിവയെ 13-11-2017-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Ms) 285/2017/H.Edn. പ്രകാരം ഉൾപ്പെടുത്തിയിരുന്നു. ഇതിനായി 150 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർപ്ലാൻ/ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിനായി കിറ്റ്കോ, ടെക്നിക്കൽ എഡ്യൂക്കേഷൻ ടീം എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ള സമരങ്ങൾ**

163 (5315) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ള സമരങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) സമരം നടത്തിയവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എന്തെല്ലാം തീരുമാനങ്ങളാണ് സർക്കാർ കൈക്കൊണ്ടത്; ഇതിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇനി ഏതെല്ലാം തീരുമാനങ്ങൾ നടപ്പാക്കാനുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ലക്ഷ്യമാക്കിക്കൊണ്ട് ഏർപ്പെടുത്തിയ "ഇയർ ഔട്ട് സമ്പ്രദായം" സംബന്ധിച്ച് ഉണ്ടായ വിദ്യാർത്ഥി സമരങ്ങളിന്മേലും പരാതികളിന്മേലും സർവ്വകലാശാല തലത്തിലും കോളേജ് തലത്തിലും ചർച്ച നടത്തുകയും, ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് "ഇയർ ഔട്ട്" സമ്പ്രദായത്തിൽ ഇളവ് ഏർപ്പെടുത്തുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസരംഗത്തെ സർവതോന്മുഖമായ വികസന പ്രവർത്തനങ്ങളിലൂടെ പരമാവധി സമരങ്ങൾ ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം**

164 (5316) <u>ശ്രീ. മഞ്ഞളാംകുഴി അലി :</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :</u>

<u>ശ്രീ. സി. മമ്മൂട്ടി :</u>

<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല നിലവിൽവന്നശേഷം ഏഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ വന്ന മാറ്റം

വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാണ് കരുതുന്നത്;

(ബി) സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനത്തിന് ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള സംവിധാനങ്ങൾ മുഴുവൻ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സർവ്വകലാശാലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സാങ്കേതിക സർവ്വകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായിത്തന്നെ വിദ്യാർത്ഥികളുടെ ശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ നേടുവാൻ പ്രാപ്തരാക്കുന്നതിന് വിവിധ സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക സ്റ്റാർട്ട് അപ് നയം സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. സംരംഭകത്വ പ്രവർത്തനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം അവധി അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സർക്കാർ സഹായത്തോടെ തെരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റാർട്ട് അപ് മിഷനുമായും അസാപ് മായും സഹകരിച്ചുകൊണ്ട് സർവ്വകലാശാല ശേഷി വികസനത്തിനായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. അതത് കോളേജുകളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകർ തന്നെയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ആവശ്യാനുസരണം കോളേജുകൾക്ക് പുറത്തുനിന്നുള്ള വിദഗ്ദ്ധരെയും നിയോഗിക്കുവാൻ കഴിയും.

(ബി&സി) എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടും കൂടി മാറ്റുന്നതിനായി സർക്കാർ, സർവ്വകലാശാല ആക്റ്റിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കിയിട്ടുണ്ട്. അത് പ്രകാരം സർവ്വകലാശാല

പ്രവർത്തനം മികവുറ്റതാക്കുന്നതിനുവേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ രൂപീകരിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. സർവ്വകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്, നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ**

165 (5317) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിജയശതമാനം ഇല്ലാത്തതിന്റെയും കുട്ടികൾ ഇല്ലാത്തതിന്റെയും പേരിൽ എത്ര കോളേജുകൾ ഇപ്പോൾ പ്രവർത്തനം അവസാനിപ്പിച്ചു; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 168 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നിലവിലുണ്ട്.

(ബി) ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും വിദ്യാർത്ഥികളിൽ നിന്നുള്ള പരാതിയും അടിസ്ഥാനമാക്കി 2017-18-ൽ മൂന്ന് സ്വാശ്രയ കോളേജുകൾ (Pinnacle College of Engineering, K.M.P. College of Engineering, Aryanet College of Engineering) അടച്ചുപൂട്ടുകയുണ്ടായി.

**എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാധ്യത**

166 (5318) ശ്രീ. അനിൽ അക്കര:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാര തകർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും പഠിച്ചിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സർക്കാർ രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിലൂടെ സാമൂഹ്യബോധമുള്ള സാങ്കേതിക വിദഗ്ദ്ധരെ വാർത്തെടുക്കുവാനും അക്കാദമിക നിലവാരമുയർത്തി അതുവഴി സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാക്കാനും ലക്ഷ്യമിടുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക് കോളേജുകൾ, 3 ഫൈൻ ആർട്സ് കോളേജുകൾ, 39 ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം, ഹോസ്റ്റൽ സൗകര്യങ്ങൾ, ലാബ്/വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിജിറ്റൈസേഷൻ ഉൾപ്പെടുത്തിയുള്ള ലൈബ്രറി ശാക്തീകരണം/കോ-എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ, സ്ഥലമെടുപ്പ് ആവശ്യമായ സ്ഥാപനങ്ങൾക്ക് അതിനുവേണ്ട നടപടിക്രമങ്ങളുടെ പൂർത്തീകരണം എന്നിവയിലൂടെ പഠന പ്രക്രിയ പൂർണ്ണതയിലെത്തിച്ച് സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരമുയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ജലവിനിയോഗം, മലിനജല സംസ്കരണം, ഊർജ്ജ സംരക്ഷണം, പാരമ്പര്യേതര ഊർജ്ജ ഉല്പാദനവും വിനിയോഗവും, ഇവയ്ക്കുള്ള സാങ്കേതിക വിദ്യകൾ, വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ ഇവയിൽ ശ്രദ്ധ നൽകുന്നതോടൊപ്പം സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും ലക്ഷ്യമിടുന്നു.

തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട്സ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീയൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ

സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ പ്രധാന ഗവേഷണ സംരംഭങ്ങളാണ്.

വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തപ്പെടുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധന കേന്ദ്രങ്ങൾ, ഇവ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ പുനർജ്ജനി പദ്ധതി നടപ്പാക്കി വരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവവിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

പഠനപ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യതകൾ നേടാനും ദേശീയ/ അന്തർദേശീയ സെമിനാറുകളിലും വർക്ക് ഷോപ്പുകളിലും പങ്കെടുക്കാനും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിൽ അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഏകോപനത്തിനും പരിശീലനത്തിനുമായി അക്കാദമിക് സ്റ്റാഫ് കോളേജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നിവ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

2018-19-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർ ഡിസിപ്ലിനറി ഗവേഷണ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും തനതായ മേഖല തെരഞ്ഞെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിലൂടെ പഠനപ്രക്രിയയുടെ നിലവാരമുയർത്താനും സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടാനും ലക്ഷ്യമിടുന്നു. ഇതിന്റെ പ്രാരംഭമെന്ന നിലയിൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 'സ്റ്റുഡന്റ്സ്' സാറ്റലൈറ്റ് രൂപകല്പന ചെയ്ത് വിക്ഷേപിക്കുവാനുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സാങ്കേതിക സർവ്വകലാശാല മുഖാന്തരം സ്റ്റാർട്ട് അപ് നയം രൂപീകരിക്കുകയും ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും പഠിച്ചിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുവാൻ ദേശീയ, അന്തർദ്ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭകരോടും സഹകരിച്ച് ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, സാങ്കേതിക വിദ്യാഭ്യാസ ഗുണാഭിവൃദ്ധി പദ്ധതി (TEQIP), അധിക വിദഗ്ദ്ധ കഴിവ് വികസന പരിശീലനം (ASAP) ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ എന്നിവയും എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളിൽ നിന്നും യുവ സംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസുകളിലും പ്ലേസ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ തൊഴിൽശേഷി നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായിത്തന്നെ വിദ്യാർത്ഥികളുടെ ശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ നേടുവാൻ പ്രാപ്തരാക്കുന്നതിനുമായി വിവിധ സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഇ. കെ. നായനാർ മെമ്മോറിയൽ ഗവ. പോളിടെക്നിക്**

167 (5319) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നടക്കാവിൽ പ്രവർത്തിക്കുന്ന ഇ. കെ. നായനാർ മെമ്മോറിയൽ ഗവ. പോളിടെക്നിക്കിൽ ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇവിടെ നിർമ്മിക്കുന്ന കെട്ടിടങ്ങൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഒരു വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നടുവിൽ ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുവാൻ നടപടി**

168 (5320) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലുള്ള നടുവിൽ ഗവൺമെന്റ് പോളിടെക്നിക് അടുത്ത അദ്ധ്യയന വർഷമെങ്കിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എ. ഐ. സി. ടി. ഇ. മാനദണ്ഡ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായ സ്ഥലം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലത്തുനിന്നും നീക്കി വച്ച്, ഉടമാവകാശം കൈമാറാൻ 16-3-2016-ൽ മന്ത്രിസഭ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് നടപ്പിലാക്കാൻ അനുകൂലമായ തീരുമാനം കാബിനറ്റ് സബ് കമ്മിറ്റിയും തുടർന്ന് കാബിനറ്റും കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ വകുപ്പ് ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ നടുവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(ബി&സി) കണ്ണൂർ ജില്ലയിലെ നടുവിൽ പുതിയതായി ആരംഭിക്കാൻ പോകുന്നതായി പ്രഖ്യാപിച്ച ഗവൺമെന്റ് പോളിടെക്നിക് കോളേജിനുവേണ്ടി തളിപ്പറമ്പ് താലൂക്കിൽ ന്യൂ നടുവിൽ വില്ലേജിൽ R.S. No. 306-ൽ 2.064 ഹെക്ടർ സ്ഥലവും അവിടെ സ്ഥിതി ചെയ്യുന്ന ടെക്നിക്കൽ ഹൈസ്കൂളിന്റെ അധീനതയിലുള്ള കെട്ടിടങ്ങളും നടുവിൽ പോളിടെക്നിക് കോളേജ് സ്പെഷ്യൽ ഓഫീസർക്ക് കൈമാറ്റം ചെയ്യുന്ന വിഷയം 16-3-2016 തീയതിയിലെ മന്ത്രിസഭാ യോഗത്തിൽ OA ആയി ഉൾപ്പെടുത്തുകയും ഇനം. നമ്പർ 8766 പ്രകാരം തെരഞ്ഞെടുപ്പ് കമ്മിഷന്റെ അനുമതിക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഫയൽ ഇലക്ഷൻ കമ്മീഷനിലേയ്ക്ക് അയച്ചപ്പോൾ തെരഞ്ഞെടുപ്പ് നടപടിക്രമം കഴിയുംവരെ കാത്തിരിക്കേണ്ടതാണെന്ന് അറിയിച്ചതിനെത്തുടർന്ന് ആയതിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല.

ടി വിഷയം കഴിഞ്ഞ സർക്കാരിന്റെ 1-1-2016-നുശേഷം സ്വീകരിച്ച മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാനായി രൂപീകരിച്ച സബ്കമ്മിറ്റിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെട്ടിരുന്നു. മന്ത്രിസഭാ ഉപസമിതി റിപ്പോർട്ടിലോ പ്രസ്തുത റിപ്പോർട്ടിന്മേലുള്ള 14-3-2017-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിലോ നടുവിൽ പോളിടെക്നിക് കോളേജിന് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിരുന്നില്ല.

മന്ത്രിസഭാ സബ് കമ്മിറ്റി ശിപാർശ ചെയ്യാത്ത ബാക്കിയുള്ള തീരുമാനങ്ങളിന്മേൽ അപ്രകാരംതന്നെ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും എന്നാൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് തീരുമാനങ്ങളിൽ നിയമപരമായോ മറ്റോ അപാകതകൾ ഉണ്ടോ എന്ന് വകുപ്പ് സെക്രട്ടറിമാർ ഒരിക്കൽക്കൂടി പരിശോധിക്കേണ്ടതാണെന്ന് പൊതുഭരണ (എസ്.സി.) വകുപ്പിൽ നിന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 16-3-2016 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടുവിൽ ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതിനായി സ.ഉ. (കൈ) നമ്പർ 229/2015/ഉവിവ. തീയതി 3-6-2015 പ്രകാരം സ്പെഷ്യൽ ഓഫീസറായി മട്ടന്നൂർ സർക്കാർ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പാളായ ശ്രീ. എം.സി. പ്രകാശിനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

## കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പ്

169 (5321) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമേറ്റെടുക്കലും കെട്ടിട നിർമ്മാണവും സംബന്ധിച്ചുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ സ്ഥലമേറ്റെടുക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധച്ച് ഫയൽ ഇപ്പോൾ നിലവിലുണ്ടോ; ആയതിന്റെ നമ്പർ ലഭ്യമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിന് ഇലയ്ക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 13-ൽ സർവ്വേ നമ്പർ 338/1, 338/1-1, 338/1/2, എന്നിവയിൽപ്പെട്ട 2.55 ഏക്കർ സ്ഥലമേറ്റെടുക്കുന്നതിന് 24-6-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1210/17/ഉ.വി.വ. പ്രകാരം ഭരണാനുമതിയും റവന്യൂ വകുപ്പിന്റെ ജി.ഒ.(ആർ.ടി.) നമ്പർ 4923/17/ആർ.ഡി. 18-1-2017 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് 3,82,50,000 രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ നൽകിയിരുന്നു. ഇത് സംബന്ധിച്ച വിഷയം ജെ3/68/2017/ ഉ.വി.വ. ഫയലിൽ പരിശോധിച്ചുവരുന്നു.

(ഡി) സ്ഥലമെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## വൊക്കേഷണൽ ടീച്ചർ ഇൻ-കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയിലെ നിയമനം

170 (5322) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 433/2012 പ്രകാരമുള്ള വൊക്കേഷണൽ ടീച്ചർ ഇൻ-കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ വരുന്ന രണ്ട് വർഷത്തിനുള്ളിൽ എത്ര റിട്ടയർമെന്റ് ഉണ്ടാകുമെന്നും നിയമന ശിപാർശ നൽകിയതിൽ എത്ര എൻ.ജെ.ഡി ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) വൊക്കേഷണൽ ടീച്ചർ ഇൻ-കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 10 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ആകെ പത്തുപേരുടെ നിയമന ശിപാർശയാണ് ടി തസ്തികയിൽ പി.എസ്.സി. യിൽ നിന്ന് ലഭ്യമായിട്ടുള്ളത്.

(ബി) പ്രസ്തുത തസ്തികയിൽ വരുന്ന രണ്ട് വർഷത്തിനുള്ളിൽ റിട്ടയർമെന്റ് ഉണ്ടാകില്ല. പത്ത് പേർക്ക് നിയമന ഉത്തരവ് നൽകിയതിൽ ഒരു എൻ.ജെ.ഡി. ഉണ്ട്.

## അദ്ധ്യാപകർ/ഇൻസ്ട്രക്ടർ തസ്തികകളിലെ പൊതുസ്ഥലംമാറ്റം

171 (5323) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ 2017-18 അദ്ധ്യയന വർഷത്തെ അദ്ധ്യാപകർ/ഇൻസ്ട്രക്ടർ തസ്തികകളിലെ പൊതുസ്ഥലംമാറ്റം ജൂണിന് മുമ്പായി പൂർത്തീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) 2017-18-ലെ അദ്ധ്യാപക സ്ഥലംമാറ്റം എത്ര മാസം കൊണ്ടാണ് പൂർത്തീകരിച്ചത്; അദ്ധ്യയന വർഷത്തിന്റെ പകുതി കഴിഞ്ഞുള്ള പൊതുസ്ഥലം മാറ്റം അദ്ധ്യാപകർക്കുണ്ടാക്കിയ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2017-18 അദ്ധ്യയന വർഷം വി.എച്ച്.എസ്.സി.-യിൽ പൊതുസ്ഥല മാറ്റത്തോടൊപ്പം മ്യൂച്ചൽ ട്രാൻസ്ഫർ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ

മാനദണ്ഡമെന്താണ്; പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അദ്ധ്യാപകർക്ക് മ്യൂച്ച്വൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ടോ;

(ഡി) രണ്ട് വർഷത്തിൽ താഴെ സർവ്വീസുള്ള അദ്ധ്യാപകരെ സ്ഥലം മാറ്റിയിട്ടുണ്ടോ;

(ഇ) സർവ്വീസിൽ സീനിയറായ അദ്ധ്യാപകൻ/ഇൻസ്ട്രക്ടർ അപേക്ഷിക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അദ്ധ്യാപകരെ/ഇൻസ്ട്രക്ടർമാരെ നിയമിക്കുവാൻ വേണ്ടി സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡപ്രകാരം; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കാനായിട്ടില്ല.

(ബി) എട്ടുമാസം. (2017 മാർച്ച് മുതൽ ഒക്ടോബർ വരെ) വളരെ നാളുകളായി ഹോം ഡിസ്ട്രിക്ടിൽ നിന്ന് മാറി ജോലിചെയ്തിരുന്ന അനേകം അദ്ധ്യാപകർക്ക് സ്വദേശത്ത് തിരിച്ചെത്താൻ സാഹചര്യമൊരുക്കിയ സ്ഥലം മാറ്റമാണ് 2017-ൽ നടന്നത്. ബഹുഭൂരിപക്ഷം അദ്ധ്യാപകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി&ഇ) മൂന്നുവർഷത്തിലധികമായി ഒരു സ്റ്റേഷനിൽ തുടരുന്നവർ ആവശ്യപ്പെട്ട സ്റ്റേഷനിൽ, പി.എസ്.സി.-യിൽ നിന്നുള്ള ഫ്രഷ് ഹാന്റ് ആണ് നിലനിന്നിരുന്നതെങ്കിൽ അവരെ മാറ്റിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച മാനദണ്ഡം പ്രകാരമുള്ള സ്ഥലംമാറ്റമാണ് നടത്തിയിട്ടുള്ളത്.

## ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ടിക്കറ്റ് കൗണ്ടർ തസ്തികയിലേയ്ക്കുള്ള നിയമനം

172 (5324) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തികയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി നടത്തിയ പത്രപരസ്യത്തിൽ നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ വിശദമാക്കുമോ;

(സി) 16-8-1996-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (ആർ.ടി.) 988/96/H.Edn.പ്രകാരം പ്രസ്തുത തസ്തികയിലെ തൊഴിൽപരിചയം സംബന്ധിച്ച യോഗ്യത ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവ് ഭേദഗതി ചെയ്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) 9-12-2009-ലെ നമ്പർ 2404/09 ഉത്തരവ് പ്രകാരം സയൻസ് മ്യൂസിയത്തിൽ പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തിയത് മേൽസൂചിപ്പിച്ച ഭേദഗതി ഉത്തരവിന്റെ വെളിച്ചത്തിലാണോ; വിശദമാക്കുമോ;

(ഇ) ടിക്കറ്റ് കൗണ്ടർ തസ്തികയിലെ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം സ്ഥാപനത്തിന് സാമ്പത്തികനഷ്ടമുണ്ടായതായ 2011-12 കാലയളവിലെ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തികയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

1. Pre-degreee/equivalent or SSLC with KGTE Typewriting English (Higher)
2. One year experience in cash counter of Govt. firm or co-operative banks or socieites.

സർവ്വീസ് ആന്റ് കോൺഡക്ട് റൂൾസിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം *)

(സി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. (അനുബന്ധം I*).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

27-ാമത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരമാണ് പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്തിട്ടുള്ളത്.

(ഡി) അതെ. വിജ്ഞാപനത്തിന്റെ പത്രപരസ്യത്തിന്റെ പകർപ്പ് അനുബന്ധമായിI* ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) ടിക്കറ്റ് കൗണ്ടർ തസ്തികയിലെ ഉദ്യോഗസ്ഥനായ ശ്രീ. കെ. എസ്. മണികണ്ഠൻ മനഃപൂർവ്വം ക്രമക്കേട് നടത്തിയിട്ടുള്ളതല്ലെന്നും അശ്രദ്ധമായി കൈകാര്യം ചെയ്തതിനാൽ സ്ഥാപനത്തിന് അടച്ച കളക്ഷൻ തുകയിൽ വ്യത്യാസം വന്ന 2,360 രൂപ (രണ്ടായിരത്തി മുന്നൂറ്റി അറുപത് രൂപ) ഉടൻ തന്നെ സ്ഥാപനത്തിൽ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടിയാന് ശക്തമായ താക്കീത് നൽകി ടിക്കറ്റ് കൗണ്ടറിൽ നിന്നും മാറ്റി ഓഫീസിൽ നിയമിക്കുകയും മ്യൂസിയത്തിൽ തന്നെ ഒരു ഇന്റേണൽ കമ്മിറ്റി രൂപീകരിച്ച് ഇതിന്മേൽ അന്വേഷണം നടത്തുകയും വിഷയം ഗവേർണിംഗ് ബോഡിയിൽ അവതരിപ്പിക്കുകയും ചെയ്തു. ഗവേർണിംഗ് ബോഡിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടിയായി ടിയാന്റെ പ്രൊബേഷൻ കാലാവധി മൂന്നുവർഷം ദീർഘിപ്പിക്കുകയും പ്രസ്തുത കാലയളവിൽ ശമ്പള വർദ്ധന നൽകാതിരിക്കുകയും ടിയാന്റെ ഭാഗത്തുനിന്നും ഈ കാലയളവിൽ വീണ്ടും തെറ്റായ എന്തെങ്കിലും പെരുമാറ്റമോ പ്രവൃത്തിയോ ഉണ്ടായാൽ സർവ്വീസിൽനിന്നും നീക്കംചെയ്യാനും തീരുമാനിച്ചിരുന്നു.

## സർവ്വകലാശാലകളിൽ ഏകീകൃത അക്കാദമിക് കലണ്ടർ

173 (5325) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഒരു ഏകീകൃത അക്കാദമിക് കലണ്ടർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഏകീകൃത പ്രവേശനം, പരീക്ഷാ കലണ്ടർ എന്നിവയ്ക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ്-ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള കാര്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു. കൂടാതെ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത അക്കാദമിക-പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ പ്രോ-വൈസ് ചാൻസലർമാരുടെ കമ്മിറ്റി രൂപീകരിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി തയ്യാറാക്കുന്ന റിപ്പോർട്ട് കൗൺസിലിന്റെ അംഗീകാരത്തോടെ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഫലപ്രഖ്യാപനം നീളുന്നതിൽ കുട്ടികൾക്ക് മാനസിക സംഘർഷം

174 (5326) ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനം അനന്തമായി നീളുന്നത് കുട്ടികളിൽ കടുത്ത മാനസിക സംഘർഷം ഉളവാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ബിരുദതലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പരീക്ഷകളുടെ ആധിക്യവും അതിനനുസരിച്ച് ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും കാരണം നിശ്ചിത പരീക്ഷാ കലണ്ടർ

പ്രകാരം ഫലപ്രഖ്യാപനം പൂർണ്ണതോതിൽ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ലഭിച്ച പരാതികളെല്ലാം സർവ്വകലാശാലകൾക്ക് അയച്ചുകൊടുത്ത് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അടുത്ത അക്കാദമിക വർഷം മുതൽ ബിരുദ പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങൾ പൊതു അക്കാദമിക് കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് സർവ്വകലാശാലകളെയും കോളേജ്-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കേരള സർവ്വകലാശാല പെൻഷൻ നൽകിയതിലെ അപാകത

175 (T*5327) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ നിന്ന് വിരമിച്ച എത്ര പേരാണ് ഇപ്പോൾ പെൻഷൻ കൈപ്പറ്റുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാല നേരിട്ടാണോ പെൻഷൻ നൽകുന്നതെന്ന് അറിയിക്കുമോ;

(സി) അല്ലെങ്കിൽ ഏത് സ്ഥാപനം വഴിയാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സർവ്വകലാശാലയിലെ വിരമിച്ച ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും പെൻഷൻ നൽകാൻ ഒരു മാസം എത്ര രൂപ വേണമെന്ന് അറിയിക്കുമോ;

(ഇ) ഇത്തവണ കൂടുതൽ തുക അനുവദിച്ചുവെന്നും ഇതനുസരിച്ച് എല്ലാവരുടെയും അക്കൗണ്ടിൽ രണ്ട് പെൻഷൻ വന്നുവെന്നതും ശരിയാണോ; വ്യക്തമാക്കുമോ;

(എഫ്) രണ്ട് പെൻഷൻ വരാൻ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ജി) അധികമായ പെൻഷൻ നൽകിയത് അബദ്ധത്തിലാണെങ്കിൽ എങ്ങനെ തിരികെ പിടിക്കുമെന്നും ഇതുമൂലം സർക്കാരിനുള്ള നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കേരള സർവ്വകലാശാലയിൽനിന്ന് വിരമിച്ച 2753 പേരാണ് ഇപ്പോൾ പെൻഷൻ കൈപ്പറ്റുന്നത്.

(ബി) സർവ്വകലാശാല നേരിട്ടല്ല പെൻഷൻ നൽകുന്നത്.

(സി) 1-1-2018 മുതൽ സർവ്വകലാശാലയിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ സംസ്ഥാന ട്രഷറി വഴി നൽകുന്നു.

(ഡി) ആദായനികുതി കുറവ് ചെയ്തതിനുശേഷമുള്ള മാർച്ച് മാസത്തെ പെൻഷൻ 6,60,17,940 രൂപയാണ്.

(ഇ-ജി) കൂടുതലായി തുക പെൻഷൻ അക്കൗണ്ടിൽ വന്നെങ്കിലും സർവ്വകലാശാലയുടെ അക്കൗണ്ടിൽ നിന്നും ആവശ്യമായ തുക മാത്രമാണ് പിൻവലിക്കപ്പെട്ടിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ സർവ്വകലാശാലയും ട്രഷറി വകുപ്പും പരിശോധിച്ചുവരുന്നു.

## കണ്ണൂർ സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം

176 (5328) <u>ശ്രീ. ഇ. പി. ജയരാജൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് താഴ്ന്നവിഭാഗം ജീവനക്കാർക്ക് എത്ര ശതമാനം തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ഏത് ഉത്തരവുകൾ പ്രകാരമാണ് പ്രസ്തുത ബൈട്രാൻസ്ഫർ നിയമനം അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) അസിസ്റ്റന്റ് തസ്തികയിലേക്ക് താഴ്ന്നവിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) അസിസ്റ്റന്റ് തസ്തികയിലേക്കുള്ള താഴ്ന്ന വിഭാഗം ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനത്തിന് സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നീ വകുപ്പുതല പരീക്ഷകൾ വിജയിച്ചിരിക്കണമെന്ന പൊതുഭരണ വകുപ്പിന്റെ 24-10-2017-ലെ സർക്കാർ ഉത്തരവ് (പി)നം.27/2017 സർവകലാശാലകളിൽ നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷമുള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് ഉത്തരവ് ബാധകമാക്കിയിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് കണ്ണൂർ സർവകലാശാലക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിന് താഴ്ന്നവിഭാഗം ജീവനക്കാർക്ക് 4% തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 25-1-2006-ലെ ജി.ഒ.(എം.എസ്.) നമ്പർ 31/06/ജി.എ.ഡി. 17-5-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 196/2010/ജി.എ.ഡി. എന്നീ ഉത്തരവുകൾ പ്രകാരമാണ് പ്രസ്തുത ബൈ ട്രാൻസ്ഫർ നിയമനം അനുവദിച്ചിട്ടുള്ളത്.

(ബി) അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. സീനിയോറിറ്റി
2. നാലുവർഷത്തെ സേവനം
3. സർവ്വകലാശാല ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(സി-ഇ) ഇതുസംബന്ധിച്ച് സർവ്വകലാശാല തീരുമാനമെടുത്തിട്ടില്ല.

**ലൈബ്രേറിയൻമാരുടെ ഓണറേറിയവും ലൈബ്രറികളുടെ ഗ്രാന്റും**

177 (5329) <u>ശ്രീ. മോൻസ് ജോസഫ്:</u>

<u>ശ്രീ. പി. ജെ. ജോസഫ്:</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>

<u>ഡോ. എൻ. ജയരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈബ്രറി കൗൺസിലിനുകീഴിലുള്ള ലൈബ്രേറിയൻമാരുടെ ഓണറേറിയവും ലൈബ്രറികളുടെ ഗ്രാന്റും അനുവദിക്കുന്നത് കഴിഞ്ഞ ഒരു വർഷക്കാലമായി ലഭിക്കാത്തത് സംബന്ധിച്ച പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ലൈബ്രറി കൗൺസിലിന്റെ പുതിയ ഗ്രേഡ് മാനദണ്ഡം സംസ്ഥാനത്ത് എ ഗ്രേഡ് ലഭിച്ചിരുന്ന ഗ്രന്ഥശാലകൾക്ക് നിലനിൽപ്പിനും ഗ്രേഡ് നിലനിർത്തുന്നതിനും കഴിയാത്ത സാഹചര്യം പരിശോധിക്കാൻ തയ്യാറാകുമോ;

(സി) ഗ്രന്ഥശാലകളിൽ ആധുനിക സങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുമോ;

(ഡി) ഗ്രന്ഥശാലകളുടെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ-എസ്. ഡി. എഫ്, എം.എൽ.എ-എ.ഡി.എഫ് എന്നീ ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; ഈ ഫണ്ട് വിനിയോഗിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈബ്രേറിയന്മാരുടെ അലവൻസ് ഒന്നാം ഗഡുവായി ആറുമാസത്തെ തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസിന്റെ രണ്ടാം ഗഡുവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പുസ്തക സ്റ്റോക്കിന്റെയും വിതരണത്തിന്റെയും അടിസ്ഥാനത്തിലാണ് നേരത്തെ ഗ്രഡേഷൻ പരിശോധന നടത്തിയിരുന്നത്. എന്നാൽ പുതുക്കിയ മാനദണ്ഡം ഏർപ്പെടുത്തിയപ്പോൾ ഗ്രന്ഥശാലകളുടെ മറ്റ് ഭൗതിക സൗകര്യങ്ങളും വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളുംകൂടി കണക്കിലെടുക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഓരോ വർഷവും ഗ്രേഡ് നിശ്ചയിക്കുന്നത്. അതിനാൽ ഒരേ ഗ്രേഡിൽ ഗ്രന്ഥശാലകൾ നിലനിൽക്കണമെന്നില്ല. പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്തുള്ള പുതിയ മാനദണ്ഡത്തിനാണ് കൂടുതൽ സ്വീകാര്യത.

(സി) ആധുനിക സാങ്കേതികവിദ്യകൾ ഗ്രന്ഥശാലകളിൽ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ലൈബ്രറി കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

(ഡി) ചില സ്ഥലങ്ങളിൽ സാങ്കേതികത്വംമൂലം ഫണ്ട് ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## എൻ.സി.സി. വകുപ്പിലെ ഒഴിവുകൾ നികത്താൻ നടപടി

178 (T*5330) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എൻ.സി.സി. വകുപ്പിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) എൻ.സി.സി. വകുപ്പിൽ എൽ.ഡി.സി. തസ്തികകളിലെ ഒഴിവുകളിൽ എത്ര ശതമാനം ആശ്രിത നിയമനം വഴി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ആശ്രിത നിയമനം വഴി നൽകുന്നതിന് മൊത്തം ഒഴിവുകളുടെ എത്ര ശതമാനമാണ് നിലവിലെ വ്യവസ്ഥ പ്രകാരം നീക്കിവച്ചിരിക്കുന്നത് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.സി.സി. വകുപ്പിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ക്ലാർക്ക് | - 107 |
| ടൈപ്പിസ്റ്റ് | - 22 |
| ഡ്രൈവർ | - 48 |
| എൽ.ജി.എസ്. | - 57 |

(ബി) 7-9-2001-ലെ ജി.ഒ.(എം.എസ്.) 108/2001/H.Edn. പ്രകാരമാണ് എൻ.സി.സി. വകുപ്പിൽ ആശ്രിത നിയമനം നൽകുന്നതിന് അംഗീകാരം നൽകിയത്. 2001 മുതൽ നാളിതുവരെ എൻ.സി.സി. വകുപ്പിലുണ്ടായ ഒഴിവുകളിൽ 10.67% ഒഴിവുകൾ ആശ്രിത നിയമനം വഴി നികത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) 27-1-1962-ലെ ജി.ഒ.(എം.എസ്.) 84/62/Edn. നമ്പർ ഉത്തരവ് പ്രകാരം എൻ.സി.സി. വകുപ്പിലെ നിയമനങ്ങൾ വിമുക്തഭടന്മാർക്ക് മാത്രമായി സംവരണം ചെയ്തിരുന്നു. തുടർന്ന് 7-9-2001-ലെ ജി.ഒ.(എം.എസ്.) 108/2001/H.Edn. പ്രകാരം എൻ.സി.സി. വകുപ്പിൽ ജോലിയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുകൂടി എൻ.സി.സി. വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. അതിനാൽ ആശ്രിത നിയമനത്തിനായി നിശ്ചിത ശതമാനം ഒഴിവുകൾ മാറ്റിവയ്ക്കണമെന്ന വ്യവസ്ഥ എൻ.സി.സി. വകുപ്പിന് ബാധകമല്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ നൈപുണ്യവും

179 (5331) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ സാധാരണ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ നൈപുണ്യം കൂടി നൽകുന്ന പദ്ധതി വ്യാപിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ഇതുവരെ അസാപ് കോഴ്സ് നൽകിയിട്ടുണ്ട് ; ഏതൊക്കെ തൊഴിൽ മേഖലകളിൽ; വ്യക്തമാക്കുമോ;

(സി) എത്ര സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 19-12-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 4876/2017 പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ 9-ാം ക്ലാസ് മുതലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് അനുസരിച്ചുള്ള നൈപുണ്യ പലിശീലനം പഠനത്തോടൊപ്പം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി വിവിധ തലങ്ങളിൽ ആവശ്യമുള്ള പാഠ്യക്രമങ്ങൾ അസാപിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു.

(ബി) 2017 വർഷം വരെ 121017 വിദ്യാർത്ഥികൾക്ക് അസാപ് കോഴ്സ് നൽകിയിട്ടുണ്ട്. 36224 വിദ്യാർത്ഥികളുടെ പരിശീലനം പുരോഗമിക്കുകയാണ്.

അസാപ് പരിശീലനം ലഭ്യമാക്കുന്ന 23 തൊഴിൽ മേഖലകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ അസാപിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

## അസാപ് നടത്തിവരുന്ന നൈപുണ്യ വികസന പരിപാടി

180 (5332) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാലയങ്ങളോടനുബന്ധിച്ച് അസാപ് നടത്തിവരുന്ന നൈപുണ്യ വികസന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കന്ററി വിദ്യാലയങ്ങളോടനുബന്ധിച്ച് അസാപ് നടത്തിവരുന്ന നൈപുണ്യ വികസന പരിപാടികളിൽ തഴപായ് നിർമ്മാണം, കൈതയോല (തഴ) കൊണ്ടുള്ള വിവിധ അലങ്കാര വസ്തുക്കൾ, ബാഗുകൾ തുടങ്ങിയവയുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവയെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അസാപിന്റെ നൈപുണ്യ വികസന പരിപാടികളിലെ കോഴ്സുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിളയിൽ അസാപിന്റെ സ്കിൽ പാർക്ക്

181 (5333) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അസാപിന്റെ സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന്, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിളയിൽ സിസ്കോ ടൈൽ ഫാക്ടറി നിന്നിരുന്ന സ്ഥലത്ത് തറക്കല്ലിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കിൽപാർക്ക് സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക എത്രയാണെന്നും ഏതു വർഷത്തിലാണ് ഫണ്ട് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2018-ഏപ്രിൽ മാസത്തിൽ ആരംഭിക്കാൻ കഴിയുമോ;

(ഇ) സ്കിൽ പാർക്കിൽ ആരംഭിക്കുന്ന കോഴ്സുകൾ ഏതെല്ലാമാണെന്നും ഓരോ കോഴ്സിലും എത്ര പേർക്ക് അഡ്മിഷൻ നൽകാൻ കഴിയുമെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കിൽ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലവിലുള്ള പഴയ ടൈൽ ഫാക്ടറി പൊളിച്ചുമാറ്റേണ്ടതുണ്ട്. ഇതിന്റെ മതിപ്പുവില

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് കണക്കാക്കിയത് 26 ലക്ഷമാണ്. പ്രസ്തുത കെട്ടിടം ഇ-ടെണ്ടർ വഴി ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തികരിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) 2016-ൽ പ്രസ്തുത സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് 14,19,98,376 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) മുകളിൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഇ) കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് താൽപ്പര്യപത്രം ക്ഷണിച്ച് ഏജൻസിയെ തെരഞ്ഞെടുത്തതിനുശേഷമായിരിക്കും കോഴ്സുകളും ബന്ധപ്പെട്ട കാര്യങ്ങളും തീരുമാനിക്കുക.

## ലാന്റ് റവന്യൂ- സർവ്വേ വകുപ്പുകളുടെ സംയോജനം

182 (5334) ശ്രീ. സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് റവന്യൂ വകുപ്പും സർവ്വേ വകുപ്പും യോജിപ്പിച്ച് ഒറ്റ വകുപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സർവ്വേയർമാരുടെ സേവനം മുഴുവൻസമയവും വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഭൂവിനിയോഗവും കൈമാറ്റവും സംബന്ധിച്ച നടപടിക്രമങ്ങൾ സുതാര്യമാക്കുന്നത് സംബന്ധിച്ചും ഭൂമിയുടെ ക്രയവിക്രയത്തിൽ റവന്യൂ, സർവ്വേ വകുപ്പുകളെ ഏകോപ്പിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുകയാണ്.

## റവന്യൂ ജീവനക്കാർക്കുള്ള സർവ്വേ പരിശീലനം

183 (5335) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂസർവ്വേയ്ക്ക് നിലവിൽ ഉപയോഗിക്കാത്തതും കാലഹരണപ്പെട്ടതുമായ തിയോഡോലൈറ്റ് മെഷീൻ ഉപയോഗിച്ചാണ് റവന്യൂ ജീവനക്കാർക്കുവേണ്ടി നടത്തുന്ന ഹയർ സർവ്വേ പരിശീലനത്തിന് പഠിപ്പിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് മാസം ശമ്പളത്തോടുകൂടെ നൽകുന്ന ഈ സർവ്വേ പരിശീലനം കൊണ്ട് റവന്യൂ ജീവനക്കാർക്കുള്ള പ്രയോജനം അറിയിക്കുമോ;

(സി) പ്രതിവർഷം എത്ര പേർക്കാണ് ഇപ്രകാരം ട്രെയിനിംഗ് നൽകുന്നത്; ആയതിന് സർക്കാരിനുണ്ടാകുന്ന ശമ്പളയിനത്തിലുള്ള ചെലവ് എത്രയാണ്;

(ഡി) ഇപ്രകാരം ട്രെയിനിംഗ് ലഭിച്ച ഏതെങ്കിലും റവന്യൂ ഉദ്യോഗസ്ഥൻ സർവ്വേ ജോലികൾ ചെയ്യുന്നുണ്ടോ;

(ഇ) നിലവിൽ ഭൂ സർവ്വേയ്ക്ക് ഉപയോഗിക്കുന്ന ആധുനിക രീതിയിലുള്ള ടോട്ടൽ സ്റ്റേഷൻ എന്ന മെഷീൻ ഉപയോഗിച്ച് ഒരു പരിശീലനം മാത്രം നൽകാൻ നടപടി സ്വീകരിക്കുമോ; റവന്യൂ ജീവനക്കാർക്ക് പ്രസ്തുത പരിശീലനത്തിന് പരീക്ഷ നിർബന്ധമാക്കേണ്ട ആവശ്യകത വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റവന്യൂ വകുപ്പിൽ നിലവിലുള്ള സർവ്വേ റിക്കോർഡുകളിൽ ഭൂരിഭാഗവും തിയോഡോലൈറ്റ് സർവ്വേയിലൂടെ തയ്യാറാക്കിയിരിക്കുന്നതിനാൽ തിയോഡോലൈറ്റ് സർവ്വേയിലുള്ള പരിശീലനം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനിവാര്യമാണ്. സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റം പരിശോധിക്കുന്നതിനും ചുമതലപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് ഹയർ സർവ്വേ പരിശീലനം ആവശ്യമാണ്. കൂടാതെ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസീൽദാർ തസ്തികയുടെ നിരീക്ഷണ കാലയളവിനുള്ളിൽ വകുപ്പുതലത്തിൽ ഹയർ സർവ്വേ പരിശീലനം നിർബന്ധിതവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായും നൽകുന്നതിന് സ്പെഷ്യൽ റൂൾസ് ഫോർ കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 2017-ൽ 318 ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നീ പരിശീലന കേന്ദ്രങ്ങളിലായി ഓരോ കേന്ദ്രത്തിലായി പരമാവധി 40 പേർ വീതം ഒരു വർഷം പരമാവധി 6 ബാച്ചുകളായി പരിശീലനം നൽകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ പരിശീലന കേന്ദ്രത്തിലും ഓരോ ഹെഡ് സർവ്വേയർമാരുടെയും മൂന്ന് ചെയിൻമാൻമാരുടെയും സേവനം വിനിയോഗിച്ചുവരുന്നു. ഇവരുടെ പ്രതിമാസ ശമ്പളം ഹയർ സർവ്വേ പരിശീലനത്തിന്റെ ചെലവിനത്തിൽ വിനിയോഗിച്ചുവരുന്നു.

(ഡി) ഉണ്ട്. വില്ലേജ് അസിസ്റ്റന്റ്/ക്ലാർക്ക് മുതൽ മുകളിലേക്കുള്ള തട്ടുകളിൽ ജോലി ചെയ്യുന്നവർക്ക് സർവ്വേ പരിശീലനം അത്യന്താപേക്ഷിതമാണ്.

(ഇ) 24-3-2015-ലെ സ.ഉ.(പി) നമ്പർ 123/2015/റവന്യൂ പ്രകാരം സർവ്വേ പരിശീലനത്തിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേ പഠനവും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. DILRMP പദ്ധതിയിൽ ഉൾപ്പെടുത്തി റവന്യൂ ഓഫീസർമാർക്ക് ഒരാഴ്ച കാലയളവ് ദൈർഘ്യമുള്ള, ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചുള്ള സർവ്വേ പരിശീലനം നൽകി വരുന്നു. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസീൽദാർ എന്നീ തസ്തികകളിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിക്കുന്നതിന് യഥാക്രമം ചെയിൻ സർവ്വേ, ഹയർ സർവ്വേ എന്നിവ വിജയിക്കണമെന്ന് സ്പെഷ്യൽ റൂൾസ് ഫോർ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ്, സ്പെഷ്യൽ റൂൾസ് ഫോർ കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സർവ്വേ നമ്പരുകളിലെ തെറ്റുകൾ

184 (5336) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ നമ്പരുകൾ തെറ്റായി രേഖപ്പെടുത്തിയതുമൂലം ഭൂനികുതി അടയ്ക്കാൻ കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേ നമ്പരുകളിലെ തെറ്റുകൾ തിരുത്തുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്നും എത്രയെണ്ണം തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. റീസർവ്വേയിൽ ഉണ്ടായ അപാകതകൾമൂലമുള്ള കേസുകളിൽ കക്ഷികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ താലൂക്കുകളിലെ എൽ.ആർ.എം. മുഖേന പരാതികൾ പരിഹരിച്ചുവരുന്നു. പോക്കുവരവ് കേസുകളിൽ ഉണ്ടാകുന്ന സർവ്വേ നമ്പരുകളിലെ പിശകുകൾ, തഹസീൽദാർ (എൽ.ആർ.), സബ് കളക്ടർ എന്നിവർക്ക് ലഭിക്കുന്ന അപേക്ഷകളിലൂടെയും പരിഹരിച്ചുവരുന്നു. പട്ടയത്തിൽ

തെറ്റായി സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഇടുക്കി ജില്ലയിൽ പ്രശ്നപരിഹാരത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 122 പരാതികൾ ലഭിച്ചതിൽ 53 എണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(സി) പരാതികൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള എൽ.ആർ.എ. പ്രവർത്തനങ്ങളിലുണ്ടായിരുന്ന വിവിധ ഘട്ടങ്ങളും ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ലഘൂകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അദാലത്തുകൾ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ**

185 (5337) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികൾ എത്ര വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റീസർവ്വേ നടപടികൾ പൂർത്തീകരിക്കാൻ തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ഈ സർക്കാർ നാളിതുവരെ കൈക്കൊണ്ട തുടർ നടപടികൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) റീസർവ്വേ അടിയന്തരമായി പൂർത്തീകരിക്കാൻ ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) റീസർവ്വേ നടപടികൾ എത്ര വർഷത്തിനകം പൂർത്തിയാക്കാം എന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ ഉൾപ്പെടുത്തി സർവ്വേ വകുപ്പിന്റെ മേൽനോട്ടത്തിൽ റീസർവ്വേ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

(സി) സംസ്ഥാനത്ത് സർക്കാർഭൂമിയിൽ മാത്രമായി നിജപ്പെടുത്തിയിരുന്ന റീസർവ്വേ, 24-1-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 28/2017/റവന്യൂ ഉത്തരവ് പ്രകാരം വ്യക്തമായ ആക്ഷൻ പ്ലാനോടെയും സമയബന്ധിതമായും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ പുനരാരംഭിക്കുകയും കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുള്ളതും നിലവിൽ എല്ലാ ജില്ലകളിലുമായി 32 ഡിജിറ്റൽ സർവ്വേ വർക്കുകൾ പുരോഗതിയിലുമാണ്.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ ഉൾപ്പെടുത്തി സർവ്വേ വകുപ്പിന്റെ മേൽനോട്ടത്തിൽ റീസർവ്വേ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

186 (5338) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവസാനിപ്പിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി അനുവദിച്ച തുകയിൽ ഈ സർക്കാർ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ എത്ര ആളുകൾക്ക് ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; അവയുടെ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ചെലവുകൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷം 6 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ 260 ലക്ഷം രൂപ താഴെപ്പറയുന്ന ഇനങ്ങൾക്ക് ചെലവാക്കാനായി അനുവദിച്ചിരുന്നു:

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക (ലക്ഷം) |
|---|---|---|
| 1 | ഭൂമി യോഗ്യമാക്കാനുള്ള പ്രാരംഭ ചെലവുകൾ | 150 |
| 2 | വഴിക്കുവേണ്ടി ഭൂമി വാങ്ങൽ | 40 |
| 3 | ഡി.റ്റി.പി. ഓപ്പറേറ്റർമാരുടെ വേതനം/ വാഹന വാടക/യാത്രാബത്ത തുടങ്ങിയവ | 40 |
| 4 | മറ്റ് അത്യാവശ്യ ചെലവുകൾ | 30 |
| | ആകെ | 260 |

ഇതിൽ നിന്നും ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ട പ്രകാരം 1,77,63,737 രൂപ അനുവദിക്കുകയും ആയതിൽ 31,64,447 രൂപ ജില്ലാ കളക്ടർമാർ ചെലവഴിക്കുകയുമുണ്ടായി. വിശദാംശം താഴെ ചേർക്കുന്നു:

| ജില്ല | അനുവദിച്ച തുക | 31-3-2017 വരെയുള്ള ചെലവ് |
|---|---|---|
| തിരുവനന്തപുരം | 42,14,400 | 6,02,400 |
| കൊല്ലം | 1,90,000 | 1,20,926 |
| പത്തനംതിട്ട | 23,95,000 | 7,86,950 |
| ആലപ്പുഴ | 25,000 | ... |
| കോട്ടയം | 4,00,000 | 49,773 |
| ഇടുക്കി | 36,75,000 | 1,10,870 |
| എറണാകുളം | 4,55,500 | ... |
| തൃശ്ശൂർ | 18,43,137 | 9,85,137 |
| പാലക്കാട് | 2,38,200 | 66,700 |
| മലപ്പുറം | 4,92,000 | 46,754 |
| കോഴിക്കോട് | 8,10,000 | 10,000 |
| വയനാട് | 7,42,000 | |
| കണ്ണൂർ | 5,01,500 | 3,65,682 |
| കാസർഗോഡ് | 17,82,000 | 19,255 |
| ആകെ | 1,77,63,737 | 31,64,447 |

ബാക്കിയുള്ള 3.40 കോടി രൂപയിൽ സർക്കാർ ഭൂമിക്ക് ദൗർലഭ്യം അനുഭവിക്കുന്ന ജില്ലകൾക്ക് ഭൂമി വാങ്ങുന്നതിനായി എറണാകുളം ജില്ലയ്ക്ക് 2.15 കോടി രൂപയും തൃശ്ശൂർ ജില്ലയ്ക്ക് 1.25 കോടി രൂപയും അനുവദിച്ചിരുന്നു.

അനുവദിച്ച ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. ബാക്കി 82,36,263 രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. ചെലവാക്കാൻ ബാക്കിയുള്ള തുക അതാത് ജില്ലാ കളക്ടർമാർ 31-3-2018-നകം ചെലവാക്കി ആയതിന്റെ ഇനം തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് 31-3-2018 കഴിഞ്ഞതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ താഴെപ്പറയും പ്രകാരം പട്ടയം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 18 |
| 2 | എറണാകുളം | 3 |
| 3 | തൃശ്ശൂർ | 96 |
| 4 | പാലക്കാട് | 485 |
| 5 | മലപ്പുറം | 227 |
| 6 | കോഴിക്കോട് | 1 |
| 7 | വയനാട് | 21 |
| 8 | കണ്ണൂർ | 11 |
| 9 | കാസർഗോഡ് | 632 |

നിലവിൽ ഈ സർക്കാരിന്റെ ഭൂമി വിതരണ/ഭവനനിർമ്മാണ പദ്ധതികളെല്ലാം സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നടത്തി വരുന്നത്.

**സർക്കാർഭൂമിയിൽ അനധികൃത കയ്യേറ്റം**

187 (5339) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഇടുക്കി ജില്ലയിൽ എത്ര ഹെക്ടർ സർക്കാർഭൂമി അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ; ആയത് എവിടെയെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഭൂമിയിൽ ഇപ്പോൾ വീണ്ടും കയ്യേറ്റം നടന്നിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മെസ്സേഴ്സ് റ്റാറ്റാ റ്റീ കമ്പനി അനധികൃതമായി സർക്കാർഭൂമി കൈവശം വച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി ഒഴിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം തുടർ നടപടികൾ നാളിതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ വന്നശേഷം ഇടുക്കി ജില്ലയിൽ 179.6952 ഹെക്ടർ സർക്കാർഭൂമി അനധികൃത കയ്യേറ്റം ഒഴിപ്പിച്ചെടുത്തിട്ടുള്ളതാണ്. ആയത് പീരുമേട് താലൂക്കിൽ പീരുമേട്, മഞ്ചുമല, പെരുവന്താനം, വാഗമൺ എന്നീവിടങ്ങളിലും ദേവികുളം താലൂക്കിൽ മൂന്നാർ മേഖലകളിലും ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ, ബൈസൺവാലി മേഖലകളിലുമാണ്.

(ബി) പ്രസ്തുത ഭൂമിയിൽ ഇപ്പോൾ വീണ്ടും കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

(സി) M/s റ്റാറ്റാ റ്റീ കമ്പനി അനധികൃതമായി സർക്കാർഭൂമി കൈവശം വച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

(ഡി) ബാധകമല്ല.

**കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കാൻ നടപടി**

188 (5340) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കയ്യേറ്റഭൂമി സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തിയിട്ടുണ്ടോ; എത്ര ഹെക്ടർ ഭൂമിയിലാണ് കയ്യേറ്റം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം കണ്ടെത്തിയ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി. നമ്പർ 1974/2003, ഒ.പി. നമ്പർ 18467/2002 എന്നീ കേസുകളിലുണ്ടായ 4-9-2015-ലെ കോടതിവിധിയിൽ 1-1-1977-ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരവും കേരള ഫോറസ്റ്റ് ആക്ട് 1961 പ്രകാരവും നടപടി സ്വീകരിക്കണമെന്ന് ഉത്തരവുണ്ടായിരുന്നു. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 26-3-2016-ലെ 15253/പി2/2016/ ആർ.ഡി. നമ്പർ സർക്കാർ കത്ത് പ്രകാരം വനഭൂമി കയ്യേറ്റങ്ങൾ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസറിൽ കുറയാത്ത ഉദ്യോഗസ്ഥൻ മുഖേന വകുപ്പും അതിനോടുചേർന്നുള്ള റവന്യൂ ഭൂമി കയ്യേറ്റങ്ങൾ കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം റവന്യൂ വകുപ്പ് മുഖേനയും ഒഴിപ്പിക്കണമെന്ന് സ്പഷ്ടീകരണം നൽകിയിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വനഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് അടിയന്തര നടപടികളെടുക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കയ്യേറ്റ ഭൂമി സംബന്ധിച്ച റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | സംയുക്ത പരിശോധന വിവരം |
|---|---|
| തിരുവനന്തപുരം | 1-1-1977-നുമുമ്പുള്ള വനഭൂമി കയ്യേറ്റം സംബന്ധിച്ച് 24.6841 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| കൊല്ലം | 1-1-1977-നുമുമ്പുള്ള വനഭൂമി കയ്യേറ്റം സംബന്ധിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ വനഭൂമി കയ്യേറ്റമായും കയ്യേറ്റം ഒഴിപ്പിക്കുന്നതുമായും ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയിട്ടില്ല. |
| പത്തനംതിട്ട | 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം സംബന്ധിച്ച് 1970.04 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| ആലപ്പുഴ | ബാധകമല്ല. |
| കോട്ടയം | സംയുക്ത പരിശോധന നടത്തിയിട്ടില്ല. |
| ഇടുക്കി | 1-1-1977-നുശേഷമുള്ള കയ്യേറ്റഭൂമി സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. |

| | |
|---|---|
| എറണാകുളം | 1-1-1977-നുമുമ്പുള്ള വനഭൂമി കയ്യേറ്റം സംബന്ധിച്ച് കോതമംഗലം താലൂക്കിൽ 675.5036 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| തൃശ്ശൂർ | 1-1-1977-നുശേഷമുള്ള കയ്യേറ്റഭൂമി സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. |
| പാലക്കാട് | സംയുക്ത പരിശോധന നടത്തിവരുന്നു. |
| മലപ്പുറം | 1-1-1977-നുശേഷമുള്ള കയ്യേറ്റഭൂമി സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വനം വകുപ്പിന്റെ സർവ്വേ പ്രകാരം 665.8675 ഹെക്ടർ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. |
| കോഴിക്കോട് | 1-1-1977-നുമുമ്പുള്ള വനഭൂമി കയ്യേറ്റം സംബന്ധിച്ച് 44.9975 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 1-1-1977-നുശേഷമുള്ള കയ്യേറ്റ ഭൂമി സംബന്ധിച്ച് 75.672 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| വയനാട് | 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം സംബന്ധിച്ച് 800.5687 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| കണ്ണൂർ | 33.3282 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| കാസർഗോഡ് | സംയുക്ത സർവ്വേ നടത്തിയിട്ടില്ല. |

(സി) 26-3-2016-ലെ 15253/പി2/16/റവന്യൂ നമ്പർ സർക്കാർ കത്ത് പ്രകാരം വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് വനം വകുപ്പാണ്.

**ഭൂസംരക്ഷണ സേനയുടെ പ്രവർത്തനം**

189 (5341) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഭൂസംരക്ഷണ സേന പ്രവർത്തിക്കുന്നത്; അതിന്റെ പ്രവർത്തനം തൃപ്തികരമാണോ;

(ബി) ഇടുക്കി ജില്ലയിലെ സർക്കാർഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഈ സേനയുടെ പ്രവർത്തനം എത്രമാത്രം ഉപയോഗപ്രദമാണ്;

(സി) ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽനിന്നും ഭൂസംരക്ഷണ സേനയ്ക്ക് ഭീഷണി ഉണ്ടാകുന്നുണ്ടോ; എങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ താല്പര്യം സംരക്ഷിക്കുവാൻ പ്രസ്തുത സേനയ്ക്ക് കഴിയുന്നുണ്ടോ;

(ഡി) ഭൂസംരക്ഷണ സേന മറ്റ് ജില്ലകളിൽകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിൽ ഭൂസംരക്ഷണ സേന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആയതിന്റെ പ്രവർത്തനം തൃപ്തികരമായി കാണുന്നു.

(ബി) ഇടുക്കി ജില്ലയിലെ സർക്കാർഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഭൂസംരക്ഷണസേനയുടെ പ്രവർത്തനം വളരെ ഉപയോഗപ്രദമായി കാണുന്നു.

(സി) ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽനിന്നും ഭൂസംരക്ഷണ സേനയ്ക്ക് ഭീഷണി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

(ഡി) നിലവിലെ സാഹചര്യത്തിൽ ഭൂസംരക്ഷണസേന മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

## തിരുവനന്തപുരം ജില്ലയിൽ റവന്യൂ പുറമ്പോക്ക് കയ്യേറിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ

190 (5342) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ റവന്യൂ പുറമ്പോക്ക് കയ്യേറിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്ന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ റവന്യൂ പുറമ്പോക്ക് കയ്യേറ്റവുമായി ബന്ധപ്പെട്ട് ആകെ 637 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വരുന്ന വില്ലേജുകളിൽ നിന്നും 122 പരാതികൾ ലഭിച്ചിട്ടുണ്ട്. സർക്കാർഭൂമി കയ്യേറിയവർക്ക് എതിരെ കെ.എൽ.സി. ആക്ട് 1957 (അമെന്റ്മെന്റ് ആക്ട് 2009) കെ.എൽ.സി. റൂൾ 1958 എന്നിവ പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 1391.55.59 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ട്.

**കയ്യേറ്റക്കാരുടെ പട്ടിക**

191 (5343) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ വശങ്ങളിലുള്ള കയ്യേറ്റക്കാരുടെ പട്ടിക റവന്യൂ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; പട്ടികയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പാലക്കാട്, തൃശ്ശൂർ ജില്ലയിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ വശങ്ങളിലുള്ള കയ്യേറ്റക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്ക് പരിധിയിലുള്ള ഭാരതപ്പുഴയുടെ വശങ്ങളിലുള്ള കയ്യേറ്റക്കാരുടെ പട്ടിക രജിസ്റ്റർ പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പൊന്നാനി താലൂക്കിൽ ഈഴവത്തുരുത്തി വില്ലേജിൽ സർവ്വേ നമ്പർ 111-ൽ 3 കേസുകളിലായി 3 ഏക്കർ 50 സെന്റ്, 1 ഏക്കർ 70 സെന്റ്, 21 സെന്റ് എന്നീ സ്ഥലങ്ങൾ കയ്യേറിയിട്ടുള്ളതും ആയതിൽ ബഹു. തിരൂർ സബ് കോടതിയിൽ വ്യവഹാരം നിലവിൽ നടന്നുവരുന്നതുമാണ്.

**കോതമംഗലം താലൂക്കിലെ പട്ടയവിതരണം**

192 (5344) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-നുമുമ്പ് വനഭൂമി കൈവശംവച്ച് അനുഭവിക്കുന്നവരും റവന്യൂ തരിശ് പുറമ്പോക്ക് ഭൂമികളിൽ അധിവസിക്കുന്നവരുമായ കോതമംഗലം

താലൂക്കിലെ ആയിരക്കണക്കിന് അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ബി) ഇടുക്കി ജില്ലയിൽ പതിനായിരത്തിൽ അധികം പേർക്ക് പട്ടയം നൽകിയ സാഹചര്യത്തിൽ ഇടുക്കി ജില്ലയുടെ ഭാഗമായിരുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ (ഇപ്പോൾ കോതമംഗലം താലൂക്ക്) പട്ടയം ലഭിക്കുവാനുള്ള മൂവായിരത്തിൽപ്പരം കർഷകർക്ക് ഇടുക്കി പാക്കേജിന്റെ ഭാഗമായി പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത താലൂക്കിലെ നേര്യമംഗലം, പിണ്ടിമന, കീരംപാറ പഞ്ചായത്തുകളിലെ കർഷകർക്ക് ഇടുക്കി പാക്കേജിന്റെ ഭാഗമായി പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇതിലേക്കായി നിലവിലുണ്ടായിരുന്നതും ഇടയ്ക്ക് നിർത്തലാക്കിയതുമായ സ്പെഷ്യൽ തഹസീൽദാർ ആഫീസ് പുനസ്ഥാപിച്ച് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-1977-ന് മുമ്പ് വനഭൂമി കൈവശംവച്ച് അനുഭവിച്ച് വന്നിരുന്നതും റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ മുഴുവൻ ആളുകൾക്കും പട്ടയം നൽകിയിട്ടുള്ളതാണ്. വനഭൂമി പതിവിന് നിലവിൽ ലഭിച്ചിട്ടുള്ള ആയിരത്തോളം അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിന് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന ആവശ്യമാണ്. റവന്യൂ-തരിശ് ഭൂമികൾ കൈവശം വച്ച് വരുന്നവരുടെ 300-ഓളം അപേക്ഷകളിൽ 133 കേസുകൾ എൽ.എ. കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും ആയതിൽ 46 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. ബാക്കിയുള്ള കേസുകളിൽ നടപടിക്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

(ബി&സി) കുട്ടമ്പുഴ, നേര്യമംഗലം, കീരമ്പാറ വില്ലേജുകൾ ഹിൽ ട്രാക്റ്റിൽ ഉൾപ്പെട്ട് വരുന്നുണ്ടെങ്കിലും എറണാകുളം ജില്ലയുടെ ഭാഗമായി വരുന്നതിനാൽ ഭൂമി പതിവുമായി ബന്ധപ്പെട്ട പൊതുനിയമങ്ങൾ മാത്രമാണ് ബാധകമായിട്ടുള്ളത്.

(ഡി) മേൽമറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കാസർഗോഡ് താലൂക്കിൽ ശിരിബാഗിലു വില്ലേജിലെ പട്ടയം**

193 (5345) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ ശിരിബാഗിലു വില്ലേജിലെ റീ-സർവ്വേ നമ്പർ 144-2B, 2C, 2D-യിൽ എത്ര സെന്റ് സ്ഥലമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലത്ത് ആരെങ്കിലും താമസമുണ്ടോയെന്നും എങ്കിൽ എത്ര കുടുംബങ്ങൾ എത്ര കാലമായി താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ സ്ഥലം തങ്ങൾക്ക് അനുവദിച്ചുതരണമെന്നാവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷകൾ നൽകിയിരുന്നോയെന്നും പ്രസ്തുത അപേക്ഷകളിന്മേൽ ആർക്കെങ്കിലും സ്ഥലം അനുവദിച്ച് പട്ടയം നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എത്ര പേർക്ക് എത്ര സെന്റ് വീതം അനുവദിച്ചു പട്ടയം നൽകി എന്ന് വ്യക്തമാക്കാമോ;

(ഇ) അപേക്ഷിച്ചവരിൽ ഇനിയും പട്ടയം ലഭിക്കാൻ ബാക്കിയുണ്ടോയെന്നും എങ്കിൽ ആർക്കൊക്കെ എത്ര സെന്റ് വീതം നൽകാനാണ് തീരുമാനമെന്നും അത് എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് താലൂക്കിൽ ശിരിബാഗിലു വില്ലേജിൽ 144/2 ബി, 144/2 സി, 144/2 ഡി എന്നിങ്ങനെ റീസർവ്വേ നമ്പർ നിലവിലില്ല. പഴയ സർവ്വേ നമ്പർ 144/2-ൽപ്പെട്ട 5.48 ഏക്കർ ഭൂമി സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ലോക്കൽ ഫണ്ട് റോഡ് എന്ന് കാണുന്നു. ടി ഭൂമി ശിരിബാഗിലു വില്ലേജിലെ പതിവ് ലിസ്റ്റിൽപ്പെട്ട ഭൂമിയല്ല.

(ബി) നിലവിൽ 144/2, റീസർവ്വേ പ്രകാരം 232 ആയി കാണുന്നു. ആയതിൽ 3 കുടുംബങ്ങൾ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നു.

(സി-ഇ) ഈ സ്ഥലം അനുവദിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് 3 കുടുംബങ്ങൾ അപേക്ഷ നൽകിയിരുന്നു. ഇതിൽ ആർക്കും പട്ടയം നൽകിയിട്ടില്ല. നിലവിൽ ടി സ്ഥലം റോഡ് പുറമ്പോക്കായി കാണുന്നു. പൊതുമരാമത്ത് റോഡ് വിഭാഗത്തിൽനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അതിയന്നൂർ പഞ്ചായത്തിൽ പട്ടയം**

194 (5346) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിയന്നൂർ പഞ്ചായത്തിൽ എത്ര കോളനികൾക്ക് പട്ടയം നൽകാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ; അതിന്റെ പേരും സ്ഥലവും വിശദീകരിക്കാമോ;

(ബി) അതിയന്നൂർ പഞ്ചായത്തിലെ കോളനികൾക്ക് പട്ടയം നൽകുന്നതിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചത് ഏത് വർഷത്തിൽ ആണ് എന്ന് വ്യക്തമാക്കാമോ;

(സി) അതിയന്നൂർ പഞ്ചായത്തിലെ പട്ടയം ലഭിക്കേണ്ട ഓരോ കോളനിയിലും എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അതിയന്നൂർ പഞ്ചായത്തിൽ എട്ട് കോളനികൾക്ക് പട്ടയം നൽകാനുണ്ട്. കോളനികളുടെ പേര് ചുവടെ ചേർക്കുന്നു:

1. ചുണ്ടുവിളാകം ലക്ഷംവീട് കോളനി
2. ഇടത്തുമൂല കോളനി
3. പള്ളിത്തോട്ടം കോളനി
4. ഭാസ്കർനഗർ ഹരിജൻ കോളനി
5. നെട്ടത്തോട്ടം കോളനി
6. പൊരിയണംകോട് കോളനി
7. പാറക്കുഴി സെറ്റിൽമെന്റ് കോളനി
8. ബാലരാമപുരം സെറ്റിൽമെന്റ് കോളനി

(ബി) 2008 മുതൽ 2017 വരെയുള്ള കാലയളവിലാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളത്.

(സി) 2008 മുതൽ 2017 വരെയുള്ള കാലയളവിൽ 10 കുടുംബങ്ങളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

## ഓഖി ചുഴലിക്കാറ്റുമൂലം വൈപ്പിൻ മണ്ഡലത്തിലുണ്ടായ നാശനഷ്ടം

195 (T*5347) <u>ശ്രീ. എസ്. ശർമ്മ :</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ചുഴലിക്കാറ്റിനോട് അനുബന്ധിച്ചുണ്ടായ പ്രകൃതിദുരന്തത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ നാശനഷ്ടങ്ങൾ സംബന്ധിച്ച് ഏതെങ്കിലും വകുപ്പ് സർക്കാരിൽ കണക്കുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

എറണാകുളം ജില്ലയിൽ വൈപ്പിൻ നിയോജകമണ്ഡലം ഉൾപ്പെട്ടുവരുന്ന കൊച്ചി താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ചുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദമായ കണക്കുകൾ എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മണ്ഡലാടിസ്ഥാനത്തിൽ നാശനഷ്ടങ്ങൾ സംബന്ധിച്ച കണക്കുകൾ തരംതിരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരം മണ്ഡലാടിസ്ഥാനത്തിൽ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ അനുവദിക്കാറില്ല.

**വാമനപുരം മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം**

196 (5348) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റുമൂലം വാമനപുരം നിയോജക മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി തെന്നൂർ, പെരിങ്ങമ്മല, കല്ലറ, വാമനപുരം, പുല്ലമ്പാറ, നെല്ലനാട്, പനവൂർ, കുറുപുഴ വില്ലേജുകളിൽ വിതരണം ചെയ്ത 22,65,000 രൂപാ ആർക്കൊക്കെയാണ് വിതരണം ചെയ്തതെന്നും എത്ര രൂപ വീതം വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) ഇനി ആർക്കെങ്കിലും തുക വിതരണം ചെയ്യാനുണ്ടോയെന്ന് അറിയിക്കാമോ;

(സി) ലഭിച്ച തുക കുറവാണെന്ന് പരാതിയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഓഖി ചുഴലിക്കാറ്റുമൂലം വാമനപുരം നിയോജകമണ്ഡലത്തിലെ തെന്നൂർ, പെരിങ്ങമല, കല്ലറ, വാമനപുരം, പുല്ലമ്പാറ, നെല്ലനാട്, പനവൂർ, കുറുപുഴ എന്നീ വില്ലേജുകളിൽ ആകെ 22,65,000 (ഇരുപത്തി രണ്ട് ലക്ഷത്തി അറുപത്തിയയ്യായിരം രൂപ മാത്രം) രൂപ നഷ്ടപരിഹാരം കണക്കാക്കിയിട്ടുള്ളതും ആയതിൽ നാളിതുവരെ 20,38,500 (ഇരുപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ആകെ ലഭിച്ച അപേക്ഷകളിൽ 38 പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ട്.

(സി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓഖിയുമായി ബന്ധപ്പെട്ട് പാറശ്ശാലയിൽ വിതരണം ചെയ്ത തുക

197 (5349) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കൃഷിനാശവും വസ്തുവകകൾക്ക് നാശനഷ്ടവും സംഭവിച്ചവർക്ക് റവന്യൂ വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഓഖിയുമായി ബന്ധപ്പെട്ട് പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചത്;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് തുക അനുവദിച്ചു ; ഇനിയും പരിഗണിക്കാത്ത അപേക്ഷകൾ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് കൃഷി സംബന്ധമായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർക്ക് 1,88,35,067 (ഒരു കോടി എൺപത്തിയെട്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുപത്തിയേഴ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിൽനിന്നും ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ആവശ്യപ്പെട്ടതുപ്രകാരം പാറശ്ശാല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ആകെ 15,78,329 (പതിനഞ്ച് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി മൂന്നൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ജില്ലയിൽ നാളിതുവരെ ദുരന്തപ്രതികരണ നിധിയിൽനിന്നും 1,33,39,495 രൂപ (ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | വിതരണം ചെയ്ത തുക |
|---|---|---|
| 1 | കൊല്ലയിൽ | 41,000 |
| 2 | കുന്നത്തുകാൽ | 53,000 |
| 3 | പാറശ്ശാല | 3,97,500 |
| 4 | പെരുങ്കടവിള | 1,43,000 |
| 5 | വെള്ളറട | 47,500 |

(സി) 233 അപേക്ഷകൾ ലഭിച്ചു.

(ഡി) 182 അപേക്ഷകൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 51 അപേക്ഷകർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

## വിവിധ ആവശ്യങ്ങൾക്ക് വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽനിന്ന് അനുവദിച്ചതും ചെലവഴിച്ചതുമായ തുക

198 (5350) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വരൾച്ചാ ദുരിതാശ്വാസഫണ്ടിൽനിന്ന് വരൾച്ച, ഭക്ഷണവും വസ്ത്രവും, കൃഷി, വിളനഷ്ടം, കുടിവെള്ള വിതരണം എന്നീ ഓരോ വിഭാഗത്തിലും ഓരോ ജില്ലക്കും അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് വെളിപ്പെടുത്തുമോ;

(സി) 2015 - 16 വർഷത്തിൽ മുകളിൽ പറഞ്ഞ ഹെഡ് ഓഫ് അക്കൗണ്ടിൽ ജില്ലകൾക്ക് അനുവദിച്ചത് എത്ര രൂപയാണ്;

(ഡി) അവയിൽ ഓരോ ജില്ലയും ചെലവഴിച്ചത് എത്രയാണ്; വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ?

### ഉത്തരം

(എ – ഡി) അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദുരന്തനിവാരണത്തിന് വിവിധ ഏജൻസികളുടെ ഏകോപനം

199 (5351) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ.വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണത്തിന് സംസ്ഥാന പദ്ധതി, ജില്ലാ പദ്ധതി എന്നിവ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കുമോ;

(ബി) ദുരന്ത നിവാരണത്തിലും പ്രതിരോധത്തിലും വിവിധ ഏജൻസികളുടെ ഏകോപനം ഫലപ്രദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ദുരന്ത സാധ്യതാ മേഖലകളിൽ ആധുനിക വാർത്താവിനിമയ സംവിധാനങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുന്നതിനും മുൻകൂട്ടി ദുരന്ത സാധ്യതാ മുന്നറിയിപ്പ് നൽകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ദുരന്തനിവാരണത്തിന് സംസ്ഥാന പദ്ധതി, ജില്ലാ പദ്ധതി എന്നിവ നിലവിലുണ്ട്.

(ബി) ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി, 2016 sdma.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് ഉൾക്കൊള്ളുന്നത്. സംസ്ഥാനതലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവരശേഖരണം, സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം വകുപ്പുകളുടെ പൊതുപദ്ധതിയിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദുരന്ത ലഘൂകരണം എന്ന വിഷയത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നതിനായി എല്ലാ വകുപ്പിലും ദുരന്ത നിവാരണത്തിനായി 15 പേർ അടങ്ങുന്ന ഒരു virtual cadre രൂപീകരിക്കുന്നതിന് ഉദ്യോഗസ്ഥരെ ശിപാർശ ചെയ്യാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനതലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നത് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രമാണ് (State Emergency Operations Centre). ഇതിനായി ഒരു സമ്പൂർണ്ണ തീരുമാന സഹായ സംവിധാനം (Decision Support System) കെൽട്രോൺ തയ്യാറാക്കി വരുന്നു.

ദുരന്ത നിവാരണ നിയമം 2005, പ്രകാരം പ്രധാന ദുരന്ത പ്രതികരണ വകുപ്പുകളുടെ ആഭ്യന്തര ദുരന്ത സംവേദനശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന അതോറിറ്റി തീരുമാനിക്കുകയും ലാൻഡ് റവന്യൂ വകുപ്പിന്റെ കമ്മീഷണറുടെ കീഴിലുള്ള സ്റ്റേറ്റ് കൺട്രോൾ റൂം വികസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി.

അഗ്നിരക്ഷാ വകുപ്പിന് ആഭ്യന്തര ദുരന്തസംവേദനശേഷി വർദ്ധിപ്പിക്കുന്നതിനായി എൽ.പി.ജി. ലീക്ക് ഉണ്ടാകുന്ന അവസരത്തിൽപ്പോലും ഉപയോഗിക്കാവുന്ന (intrinsically safe) തരത്തിലുള്ള വി.എച്ച്.എഫ്. റേഡിയോകൾ വാങ്ങുവാൻ 25 ലക്ഷം രൂപ അനുവദിച്ചു.

സംസ്ഥാന അതോറിറ്റി നിലവിൽ പത്ര മാധ്യമങ്ങൾക്കും, ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും ദുരന്ത സാധ്യതാ മുന്നറിയിപ്പ് ലഭിച്ചാൽ ഉടൻ വിശകലനം ചെയ്ത് നിലവിലുള്ള Standard Operating Procedure പ്രകാരമുള്ള നടപടികൾ നിർദ്ദേശിക്കുന്നതിന് Whatsapp, Facebook, email എന്നീ സങ്കേതങ്ങൾ ഉപയോഗിക്കുന്നുണ്ട്.

ദേശീയ ദുരന്ത നിവാരണ സേവനങ്ങൾ (എൻ.ഡി.എം.എസ്.) കേരളത്തിൽ ഇടുക്കി, വയനാട്, എറണാകുളം എന്നീ മൂന്ന് ജില്ലകളിൽനിന്ന് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലേയ്ക്ക് ആശയവിനിമയം നടത്തുന്നതിനായി ഈ സംവിധാനം ഉപയോഗിച്ചുവരുന്നു. ഇതിൽ ഉപഗ്രഹ ഫോൺ, ഹൈ ഫ്രീക്വൻസി റേഡിയോ, വീസാറ്റ് എന്നീ ഉപകരണങ്ങളും ഇത് പ്രവർത്തിപ്പിക്കാൻ ഒരു സാങ്കേതിക വിദഗ്ദ്ധനെയും നിയോഗിച്ചിരിക്കുന്നു.

ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിനുള്ള സംവിധാനമായ NAVIC, 500 മത്സ്യ ബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു.

പ്രാദേശികമായി ഇടിമിന്നലും തീവ്രകാലാവസ്ഥയും പ്രവചിക്കുന്നതും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ സംവിധാനങ്ങളിൽനിന്നും വിഭിന്നമായതുമായ ഒരു സ്വതന്ത്ര സംവിധാനം സംസ്ഥാനത്ത് 6 മാസത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ കെൽട്രോണിനോട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

## സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്

200 (5352) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ഡി. ആർ. എഫ്.(സ്റ്റേററ് ഡിസാസ്ററർ റെസ്പോൺസ് ഫണ്ട് )-ൽ 2016 മുതൽ നാളിതുവരെ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ ഓരോ വർഷവും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ബി) ഈ തുക ഏതെല്ലാം ഇനങ്ങളിൽ എത്ര വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി - കേന്ദ്ര വിഹിതം, 48.50 കോടി– സംസ്ഥാന വിഹിതം) 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153 കോടി- കേന്ദ്ര വിഹിതം, 51– കോടി സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ വർഷം ചെലവഴിക്കാൻ സാധിക്കാതെ സറണ്ടർ ചെയ്ത തുകയുംകൂടി ധനകാര്യ വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനുപുറമെ "2245-80-800-80- Other Miscellaneous Relief Expenditure" എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2016-17 സാമ്പത്തിക വർഷം 7,44,00,000 രൂപയും 2017-18 സാമ്പത്തിക വർഷം 5,00,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ നേരിട്ട വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നദീ പരിപാലന നിധി (ആർ.എം.എഫ്.)

201 (5353) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ നദീ പരിപാലന നിധി (ആർ.എം.എഫ്.) പിൻവലിച്ച് പൊതുഫണ്ടിലേക്ക് മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ സർക്കാർ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പൊതുഫണ്ടിൽനിന്നും വിനിയോഗിക്കാതെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ കിടക്കുന്ന തുക തിരിച്ചുപിടിക്കാനുള്ള ഉത്തരവിനെ അടിസ്ഥാനമാക്കി ആർ.എം.എഫ്. ഫണ്ട് തിരിച്ച് പിടിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്തിരിയുമോ; വ്യക്തമാക്കാമോ;

(ഇ) ഓരോ ജില്ലകളിലേയും ആർ.എം. എഫ് ഫണ്ട് അതത് ജില്ലകളിലെ തന്നെ നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് വിനിയോഗിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ നദീപരിപാലന നിധി (ആർ.എം.എഫ്.) പിൻവലിച്ച് പൊതുഫണ്ടിലേയ്ക്ക് മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം തൃശ്ശൂർ ജില്ലയിൽനിന്നും 20,85,68,841 രൂപ, പാലക്കാട് ജില്ലയിൽ നിന്നും 12,95,54,397 രൂപ, മലപ്പുറം ജില്ലയിൽനിന്നും 50,18,84,992 രൂപ വീതം പൊതുഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഫിനാൻസ് (Streamlining) വകുപ്പിന്റെ 14-12-2017-ലെ ജി.ഒ.(പി) നമ്പർ 156/2017/ഫിൻ. ഉത്തരവ് പ്രകാരമാണ് ടി തുകകൾ പൊതുഫണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ളത്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ല. ജില്ലകളിൽ നിന്നും ഇത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ പൊതുഫണ്ടിലേയ്ക്ക് പിടിച്ചെടുത്ത ആർ.എം.എഫ്. ഫണ്ട് തിരികെ ലഭ്യമാക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. ജില്ലാ കളക്ടർമാർക്ക് ഈ ആവശ്യത്തിന് വേണ്ടിവരുന്ന തുക ആവശ്യാനുസരണം ധനകാര്യ വകുപ്പിൽനിന്നും ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ഇ) 2005-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടം (ചട്ടം 22 എ) പ്രകാരം സർക്കാർ അപ്രകാരം തീരുമാനിക്കുന്ന പക്ഷം ഒരു ജില്ലയിലെ ആർ.എം.എഫ്. ഫണ്ട് മറ്റൊരു ജില്ലയിലെ നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

202 (5354) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി എത്ര പ്രോജക്റ്റുകൾ സമർപ്പിച്ചിട്ടുണ്ട്; അതിൽ എത്ര പ്രോജക്റ്റുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ രാമന്തളി ഗ്രാമപഞ്ചായത്തിലെ പാലക്കോട് അഴിമുഖത്തുള്ള മണൽതിട്ട നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 17-4-2017-ലെ [G.O.(Ms.) No. 121/2017/RD] പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും, ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**കുറ്റിപ്പുറം പഞ്ചായത്തിൽ ഭാരതപ്പുഴയുടെ സംരക്ഷണ പ്രവൃത്തികൾ**

203 (5355) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം പഞ്ചായത്തിലെ പേരശന്നൂർ പിഷാരക്കൽ ദുർഗ്ഗ ക്ഷേത്രത്തിനുസമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തിക്കായി ഇറിഗേഷൻ വകുപ്പിൽനിന്നും ലഭിച്ച പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനതല വിദഗ്ദ്ധ സമിതി ചുമതലപ്പെടുത്തിയത് പ്രകാരം സബ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇറിഗേഷൻ വകുപ്പ് അവസാനമായി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കുറ്റിപ്പുറം പഞ്ചായത്തിലെ പേരശന്നൂർ പിഷാരക്കൽ ദുർഗ്ഗാ ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണത്തിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സംസ്ഥാന ഉന്നതതല സമിതി ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി പരിശോധിക്കുകയും ചെയ്തു. സബ്കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ vegetative protection അടക്കമുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 3-11-2017-ൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി തീരുമാനിക്കുകയും അതിൻപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**കായൽ കയ്യേറ്റങ്ങൾ**

204 (5356) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെക്കുറിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) കയ്യേറിയ സ്ഥലം തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായൽ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു;

(സി) കായൽ കയ്യേറ്റം വൻതോതിലുള്ള പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കായൽ കയ്യേറ്റം സംബന്ധിച്ച് പ്രത്യേകമായി കണക്കെടുപ്പ് നടത്തിയിട്ടില്ല. പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ കായൽ കയ്യേറ്റങ്ങളൊന്നുമില്ല എന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കായൽ കയ്യേറ്റങ്ങൾ സംബന്ധിച്ച് ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ സർവ്വേ ടീമുകൾ രൂപീകരിച്ച് കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തിയിട്ടുള്ളതും കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പുതിയ കയ്യേറ്റങ്ങൾ തടയുന്നതിനുമായി ജില്ലാ തലത്തിൽ ഇൻലാന്റ് നാവിഗേഷൻ, ഇറിഗേഷൻ, പോലീസ്, റവന്യൂ വകുപ്പുകളെ സംയോജിപ്പിച്ച് ഒരു പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ച് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വെള്ളായണി കായൽ കയ്യേറ്റം അളന്നുതിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കി കയ്യേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനായി കല്ലിയൂർ, വെങ്ങാനൂർ ഗ്രാമപഞ്ചായത്തുകൾക്ക് റിക്കോർഡുകൾ കൈമാറിയിട്ടുണ്ട്.

(സി) കായൽ കയ്യേറ്റം പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാൽ കർശന നടപടി സ്വീകരിച്ചുവരുന്നു.

## റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് സ്ഥലം

205 (5357) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മാളിയേക്കൽ ലെവൽ ക്രോസ്സിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലമേറ്റെടുക്കുന്ന നടപടിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനും ഓഫീസും ഏതെന്നും വ്യക്തമാക്കുമോ;

(ഡി) എത്രയുംവേഗം സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്കിൽ കല്ലേലിഭാഗം വില്ലേജിൽ 41.61 ആർ സ്ഥലം മാളിയേക്കൽ ലെവൽ ക്രോസിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനായി എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ സെക്ഷൻ 108 പ്രകാരം ഏറ്റെടുക്കുന്നതിനായി 7-3-2018-ലെ സ.ഉ.(സാധാ.) നമ്പർ 825/2018/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുള്ളതും, ആക്ട് പ്രകാരമുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായിട്ടുള്ള നടപടികൾ നടന്നുവരുന്നതുമാണ്.

(ബി) 41.61 ആർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

(സി) സ്പെഷ്യൽ തഹസീൽദാർ എൽ.എ. നമ്പർ 1, കൊല്ലം സിവിൽ സ്റ്റേഷൻ, കൊല്ലം.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**ഹാരിസൺ മലയാളം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നടന്ന ഉന്നതതലയോഗങ്ങൾ**

206 (5358) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശംവച്ചിരിക്കുന്ന സർക്കാർഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി പങ്കെടുത്ത എത്ര ഉന്നതതല യോഗങ്ങൾ നടന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി പങ്കെടുത്ത ഉന്നതതല യോഗങ്ങൾ ഒന്നും നടന്നിട്ടില്ല.

(ബി) ബാധകമല്ല.

## കുമ്പളങ്ങിയിൽ റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക

207 (5359) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി അധികമായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക ലഭിക്കുന്നതിനായി കുമ്പളങ്ങി സൗത്ത് കമ്പിവേലിക്കകത്ത് വീട്ടിൽ ബീന സജീവൻ സമർപ്പിച്ച നിവേദനങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;കാരണം വിശദമാക്കാമോ;

(ബി) നഷ്ടപരിഹാര തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കുമ്പളങ്ങി എഴുപുന്ന പാലത്തിന്റെ അപ്രോച്ച് റോഡിനായി അധികമായി ഏറ്റെടുത്ത ബീന സജീവിന്റെ പേരിലുള്ള 0.65 ആർ ഭൂമി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും കക്ഷിയുമായി പല തവണ ചർച്ചകൾ നടത്തിയെങ്കിലും കക്ഷി ആയതിന് തയ്യാറാകാതെ പുതിയ പൊന്നുംവില നിയമപ്രകാരം നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിനാലാണ് കാലതാമസം നേരിട്ടത്. പുതിയ പൊന്നുംവില പ്രകാരം SIA പഠനം നടത്തി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമിയുടെ സംയുക്ത സ്ഥല പരിശോധന 19-2-2018-ൽ നടത്തിയിട്ടുള്ളതും സർവ്വേ സംബന്ധമായ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും പുതിയ ആക്ടിന്റെ പരിധിയിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നതുമാണ്. പുതിയ ആക്ടിന്റെ സമയപരിധിക്കുള്ളിൽ നടപടി പൂർത്തിയാക്കുന്നമുറയ്ക്ക് നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

## വികസനാവശ്യത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

208 (5360) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. വി. ജോയി :

ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുപ്പ് നടപടികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്തതുകൊണ്ട് പദ്ധതികൾ അനിയന്ത്രിതമായി വൈകാനിടയാകുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ റെയിൽവേ വികസനം, ദേശീയ പാതകളുടെ വികസനം, തിരുവനന്തപുരം-കണ്ണൂർ വിമാനത്താവള വികസനം എന്നിവയ്ക്കായി നടന്നുവരുന്ന സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) വികസനാവശ്യത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൻകിട പദ്ധതികൾക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്തതുകൊണ്ട് പ്രസ്തുത പദ്ധതികൾ അനിയന്ത്രിതമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റെയിൽവേ, ദേശീയപാത, തിരുവനന്തപുരം-കണ്ണൂർ വിമാനത്താവളം എന്നിവയുടെ വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

റെയിൽവേ വികസനം

(a) റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി താഴെപ്പറയുന്ന രീതിയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

കോട്ടയം ജില്ലയിൽ 3 റീച്ചുകളിലായിട്ടാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

റീച്ച് 1

ഏറ്റെടുക്കാനുള്ള 7.92 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

റീച്ച് 2

ഏറ്റെടുക്കാനുള്ള 17.15.20 ഹെക്ടർ സ്ഥലത്തിൽ 10.11.10 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 7.04.10 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്.

റീച്ച് 3

ഏറ്റെടുക്കാനുള്ള 0.11.30 ഹെക്ടർ സ്ഥലത്തിൽ 0.11.26 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 0.00.04 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്.

പത്തനംതിട്ട ജില്ലയിൽ തിരുവല്ല റെയിൽവേ സ്റ്റേഷനിൽ ഗുഡ്സ് യാർഡ് നിർമ്മാണത്തിനായി 75.02 ആർ സ്ഥലം എൽ.എ.ആർ.ആർ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്-അമ്പലപ്പുഴ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രീതിയിലാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

ഫേസ് 1

ഏറ്റെടുക്കാനുള്ള 19.24.79 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

ഫേസ് 2

ഏറ്റെടുക്കുവാനുള്ള 8.52 ആർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു.

ഫേസ് 3

ഏറ്റെടുക്കാനുള്ള 19.08 ആർ സ്ഥലത്തിൽ 13.31 ആർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 5.77 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കുവാനുള്ളത്.

റെയിൽവേ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട മറ്റ് അക്വിസിഷനുകൾ

1. <u>അരൂർ ബ്രിഡ്ജ്</u>

   2.72 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്.

2. <u>സേഫ്റ്റി ഇൻസ്റ്റലേഷൻ, ചേർത്തല</u>

   1.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം ലഭിച്ചുകഴിഞ്ഞു.

3. <u>തുറവൂർ-കുമ്പളം</u>

   എൽ.എ.ആർ.ആർ. നിയമപ്രകാരം 11.13 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്.

4. അമ്പലപ്പുഴ-തുറവൂർ റെയിൽവേ ഡബ്ലിംഗ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ലഭിച്ചിട്ടില്ല.

തിരുവനന്തപുരം-കന്യാകുമാരി റെയിൽപാത ഇരട്ടിപ്പിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്. പ്രസ്തുത അക്വിസിഷനുവേണ്ടി മാത്രമായി ഒരു ലാന്റ് അക്വിസിഷൻ യൂണിറ്റ് തുറക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(b) അങ്കമാലി-ശബരി റെയിൽപാതയ്ക്കുവേണ്ടി കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ 30-5-2017-ലെ സ.ഉ.(സാധാ.) 2457/2017/ആർ.ഡി. പ്രകാരം 2 സ്പെഷ്യൽ തഹസീൽദാർ ഉൾപ്പെട്ട 2 എൽ.എ. യൂണിറ്റുകൾ തുടങ്ങി ഉത്തരവായിട്ടുണ്ട്. കോട്ടയം ജില്ലയിൽ നിന്നും 171 ഹെക്ടർ ഭൂമിയും എറണാകുളം ജില്ലയിൽനിന്ന് 131.6348 ഹെക്ടർ ഭൂമിയും ഈ പദ്ധതിക്കായി ഇനി ഏറ്റെടുക്കാനുണ്ട്. എറണാകുളം ജില്ലയിൽ ഏറ്റെടുക്കാനുള്ള ഭൂമിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ്, അങ്ങാടികടവ്, കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ദേശീയപാത വികസനം</u>

ദേശീയപാത വികസനത്തിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

- വികസന പാതയുടെ അലൈൻമെന്റിന് പൊതുമരാമത്ത് വകുപ്പ് അംഗീകാരം നൽകണം.

- 3a ഭൂമി ഏറ്റെടുക്കുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം.
- 3A:- ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ സർവ്വേ നമ്പർ, വില്ലേജ്, താലൂക്ക്, ജില്ല എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം. 3A വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം 3D പ്രഖ്യാപനം ഒരു വർഷത്തിനുള്ളിൽ പ്രാബല്യത്തിൽ വന്നില്ലെങ്കിൽ 3A വിജ്ഞാപനം അസാധുവായിത്തീരും.
- 3D:- 3A പ്രകാരമുള്ള കൈവശഭൂമികൾ സർവ്വേനടത്തി ഓരോ കൈവശഭൂമിയുടെയും തരവും വിസ്തീർണ്ണവും ഭൂഉടമകളുടെ വിവരവും ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.
- 3G:- 3D പ്രകാരമുള്ള കൈവശഭൂമികളുടെ നഷ്ടപരിഹാരം 2013-ലെ RFCTLARR Act-ലെ ഒന്നാം ഷെഡ്യൂൾ പ്രകാരം കണക്കാക്കി അവാർഡ് പാസാക്കുന്നു.

സംസ്ഥാനത്ത് ഓരോ ജില്ലകളിലും ദേശീയപാതയുടെ വികസനത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

വിമാനത്താവള വികസനം

(a) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം:-തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി പേട്ട വില്ലേജിൽപ്പെട്ട 18 ഏക്കർ സ്ഥലവും മുട്ടത്തറ വില്ലേജിൽപ്പെട്ട 0.53 ഏക്കർ സ്ഥലവും പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി സാമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. സാബു പി. തോമസ്, വൈസ്-പ്രിൻസിപ്പൽ ആന്റ് അസിസ്റ്റന്റ് പ്രൊഫസർ ഇൻ സോഷ്യൽ വർക്ക്, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, ശ്രീകാര്യം, തിരുവനന്തപുരത്തെ ചുമതലപ്പെടുത്തിക്കൊണ്ട് 1-3-2017-ലെ സ.ഉ.(പി) നമ്പർ 16/2017/റവന്യൂ പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്തിമറിപ്പോർട്ട് എക്സ്പെർട്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും എക്സ്പെർട്ട് കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(b) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം:- കണ്ണൂർ വിമാനത്താവളത്തിനായി ഒന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളിലായി 813.6141 ഹെക്ടർ (2009.63 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 1192.18 ഏക്കർ ഭൂമി KIAL-ന് ownership ആയി കൈമാറുകയും ബാക്കി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. Cat I Lighting, Storm Water Drainage, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ട് 430.93 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സെപ്റ്റംബർ 2018-ഓടുകൂടി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം കമ്മീഷൻ ചെയ്യുവാനുദ്ദേശിക്കുന്നു.

(സി) വികസനാവശ്യത്തിന് സ്ഥലമേറ്റെടുക്കുന്നതിനായി എല്ലാ ജില്ലകളിലും പൊന്നുംവില സ്പെഷ്യൽ തഹസീൽദാർ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് 2013-ലെ പൊന്നുംവില നിയമപ്രകാരമാണ്. എന്നിരുന്നാലും സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരവും ഭൂമി ഏറ്റെടുക്കുന്നു (ഭൂഉടമസ്ഥർ തയ്യാറാകുന്ന പക്ഷം). ഭൂഉടമസ്ഥരുടെ എതിർപ്പ് ലഘൂകരിക്കുന്നതിനായി നിലവിലുള്ള പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് പുതിയ റീഹാബിലിറ്റേഷൻ പോളിസി 29-12-2017-ലെ ജി.ഒ.(എം.എസ്.) 448/17/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

## സ്വീവേജ് ഫാമിന്റെ കൈവശമുള്ള ഭൂമി കൈമാറുന്നതിന് നടപടി

209 (5361) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മുട്ടത്തറ വില്ലേജിൽ സ്വീവേജ് ഫാമിന്റെ കൈവശമുള്ള 2844 സർവ്വേ നമ്പരായുള്ള 15 സെന്റ് ഭൂമി മാതൃകാ അങ്കണവാടികൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പദ്ധതി യാഥാർത്ഥ്യമാക്കാൻ സാമൂഹ്യനീതി വകുപ്പിന് 15 സെന്റ് ഭൂമി എത്രയുംവേഗം കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) ശ്രീ. വി. എസ്. ശിവകുമാർ എം.എൽ.എ. യുടെ അഭ്യർത്ഥന മാനിച്ച് തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സ്വീവേജ് ഫാമിന്റെ കൈവശമുള്ള സർവ്വേ 2844-ൽപ്പെട്ട ഭൂമിയിൽ നിന്നും മാതൃകാ അങ്കണവാടിക്കായി 15 സെന്റ് ഭൂമി ലഭ്യമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട്

സമർപ്പിക്കാൻ തിരുവനന്തപുരം തഹസീൽദാർക്ക് 2-2-2018-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ അങ്കണവാടിക്കായി ഭൂമി കൈമാറുന്നതിന് ബന്ധപ്പെട്ട വകുപ്പായ സാമൂഹ്യനീതി വകുപ്പിൽനിന്നും നിർദ്ദിഷ്ട ഫോമിൽ അർത്ഥനാപത്രവും ഭരണാനുമതിയും ലഭിക്കേണ്ടതുണ്ട്.

## കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് വേണ്ടിയുള്ള സ്ഥലം

210 (5362) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുവേണ്ടി ബേഡഡുക്ക വില്ലേജിലെ വലിയപാറയിലുള്ള സ്ഥലം ലീസിന് നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;

(ബി) അപേക്ഷ സമർപ്പിച്ചത് എന്നാണെന്നും സ്ഥലം ലീസിന് നൽകുന്ന പ്രോപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രോപ്പോസൽ കാലതാമസം വരുത്താതെ അടിയന്തരമായി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ കെ.എസ്.ഇ.ബി. 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി ബേഡഡുക്ക വില്ലേജിൽ റീ.സ.നമ്പർ 396/ പാർട്ടിൽപ്പെട്ട 3 ഏക്കർ സ്ഥലം പാട്ടത്തിന് ലഭിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ ഡിവിഷൻ 1-8-2017-ൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി പാട്ടത്തിനുള്ള പ്രൊപ്പോസൽ റവന്യൂ ഡിവിഷണൽ ഓഫീസർ, കാസർഗോഡ് മുഖാന്തരം സമർപ്പിക്കുവാൻ കാസർഗോഡ് തഹസീൽദാർക്ക് ജില്ലാ കളക്ടർ DCKSGD/70548/2017 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പാട്ടത്തിന് ഭൂമി നൽകുന്നതിനുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പുതുതായി ആരംഭിച്ച ലാന്റ് ട്രിബ്യൂണലുകൾ

211 (5363) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ലാൻഡ് ട്രിബ്യൂണലുകൾ ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ എവിടെയെല്ലാം;

(ബി) എല്ലാ ലാൻഡ് ട്രിബ്യൂണലുകളിലുമായി ഇനി എത്ര കേസ്സുകൾ തീർപ്പാക്കാനായി നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടില്ല.

(ബി) കേരളത്തിൽ ലാന്റ് ട്രിബ്യൂണലുകളിൽ 73708 കേസുകളും ദേവസ്വം ട്രൈബ്യൂണലുകളിൽ 28519 കേസുകളും സ്പെഷ്യൽ ട്രൈബ്യൂണലുകളിൽ 29697 കേസുകളും 15451 കാണം കേസുകളും ഉൾപ്പെടെ ആകെ 147375 കേസുകൾ തീർപ്പാക്കാനുണ്ട്.

(സി) ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 29 സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണലിലെ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് കേസ് തീർപ്പാക്കുന്നതിനെ ബാധിക്കുമെന്ന് കണ്ടതിനാൽ അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസവും കേസ് തീർപ്പാക്കൽ പുരോഗതി അവലോകന യോഗങ്ങളും നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ നടപടികളിലൂടെ 61000 കേസുകൾ 2018 ഫെബ്രുവരി 28 വരെ തീർപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസർമാരെയും ലാന്റ് ട്രൈബ്യൂണലിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥരായി ഡെസിഗ്നേറ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഫലമായി റിപ്പോർട്ടുകൾ ലഭിക്കുന്നതിനായുള്ള പെൻഡിംഗ് കേസുകൾ അവസാനിപ്പിക്കാൻ കഴിയുന്നതാണ്.

**വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ**

212 (5364) <u>ശ്രീ. മുല്ലക്കര രത്നാകരൻ :</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ :</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി. :</u>
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷ വരൾച്ചയെ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ വരൾച്ചാ പ്രതിരോധത്തിനുള്ള സ്ഥിരം സംവിധാനമെന്ന നിലയിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ഏതെല്ലാം മേഖലകളെയാണ് വരൾച്ചാ പ്രതികരണ മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മൃഗസംരക്ഷണ മേഖലയെ വരൾച്ചാപ്രതികരണ മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും നിലവിൽ വരൾച്ച ബാധിച്ച പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. അത് പ്രകാരം നാളിതുവരെ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലുമായി 4451 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി&സി) 'വരൾച്ച' പ്രഖ്യാപിക്കുന്ന പ്രദേശങ്ങളിൽ മാത്രമേ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. 20-5-2015-ലെ സ.ഉ.(കൈ) നമ്പർ 194/2015/ ഡി.എം.ഡി. ഉത്തരവ് പ്രകാരമാണ് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം പ്രതികരണ പ്രവർത്തനങ്ങൾ അനുവദിക്കുന്നത് (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*) പ്രസ്തുത മാനദണ്ഡപ്രകാരം 'വരൾച്ച' പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ മൃഗസംരക്ഷണ മേഖലയില അനുവദനീയമായ പ്രതികരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതാണ്. നിലവിൽ ഒരു പ്രദേശത്തെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടില്ല.

(ഡി) ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ച് വരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവത്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോടുചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്ത് മുടക്കംകൂടാതെ ജലവിതരണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലലഭ്യതയ്ക്കനുസരിച്ച് വാൽവുകൾ ക്രമീകരിച്ച് വിതരണശൃംഖലയെ മേഖലകളാക്കി തിരിച്ച് കുടിവെള്ള വിതരണം ക്രമീകരിക്കുന്നുണ്ട്. ജലത്തിന്റെ പരിധിവിട്ടുള്ളതും അനാവശ്യമായതുമായ ഉപയോഗം കുറയ്ക്കുവാൻ സ്ക്വാഡ് പ്രവർത്തനം നടത്തുന്നുണ്ട്. ജലസ്രോതസ്സുകളിൽ നിന്ന് വ്യാവസായിക ആവശ്യത്തിനും മറ്റും ജലം എടുക്കുന്നതിന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

21-3-2018-ലെ സ.ഉ.(സാധാ) നമ്പർ 754/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തിയ അരൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

213 (5365) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഈ സർക്കാർ അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

(ബി) ബാധകമല്ല.

## ഇ-രേഖ പദ്ധതിയുടെ വിശദാംശങ്ങൾ

214 (5366) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ "ഇ-രേഖ" പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഇ-രേഖ പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് ഓൺലൈനായി എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇ-രേഖ മുഖേന ഇതുവരെ എത്ര വില്ലേജുകളുടെ സർവ്വേ/ഭൂമി സംബന്ധമായ രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) തൃശ്ശൂർ ചാവക്കാട്, തലപ്പിള്ളി താലൂക്കുകളിൽ ഉള്ള എത്ര വില്ലേജുകളുടെ സർവ്വേ, ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യാൻ ബാക്കിയുണ്ടെന്ന് വില്ലേജുകളുടെ പേര് സഹിതം അറിയിക്കാമോ;

(ഇ) ഡിജിറ്റൈസ് ചെയ്യാൻ ബാക്കിയുള്ള വില്ലേജുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഇ-രേഖ പദ്ധതി പ്രകാരം സെൻട്രൽ സർവ്വേ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള റീസർവ്വേയ്ക്ക് മുമ്പുള്ളതും പുരാരേഖകളുടെ ഗണത്തിൽ വരുന്നതും ഇപ്പോൾ കാലപ്പഴക്കംമൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ സർവ്വേ റെക്കോർഡുകളുടെയെല്ലാം ഭൗതീകമായ സംരക്ഷണം നടത്തുകയും ഡിജിറ്റൈസ് ചെയ്ത് ഇമേജുകളായി സൂക്ഷിക്കുകയും കൂടാതെ ഇന്റർനെറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് ഓൺലൈനായി പണമടച്ച് റെക്കോർഡുകൾ കൈപ്പറ്റാനുള്ള സംവിധാനം ഒരുക്കുകയുമാണ് ടി പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ബി) സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ, വിവിധ ഡിജിറ്റൈസേഷൻ സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ 659 വില്ലേജുകളുടെ മാപ്പുകൾ (FMB) ഇ-രേഖ വെബ് പോർട്ടിലും (www.erekha.kerala.gov.in) കൂടാതെ മിഷന്റെ വെബ്സൈറ്റായ www.bhoomi.kerala.gov.in എന്ന വെബ് ലിങ്കിലും പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഓൺലൈനായി പണമടച്ച് റെക്കോർഡുകൾ കൈപ്പറ്റുവാനും ഇതിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

(സി) 832 വില്ലേജുകളുടെ ഭൂരേഖകൾ (FMB കൾ) പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇതിൽ 659 വില്ലേജുകൾ ഓൺലൈൻ ആക്കിയിട്ടുമുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) 13 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഡിജിറ്റൈസേഷൻ സെന്റർ ആരംഭിക്കുവാനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്. റീസർവ്വേയ്ക്ക് ശേഷം തയ്യാറാക്കിയിട്ടുള്ള സ്കെച്ചുകൾ (സപ്ലിമെന്ററി സർവ്വേ) കൂടാതെ സർവ്വേ സംബന്ധമായ രജിസ്റ്ററുകൾ എന്നിവയും ഡിജിറ്റൈസ് ചെയ്ത് 'ഇ-രേഖ' വെബ് പോർട്ടലിലൂടെ നൽകുവാനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. FMB കൾ GIS സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ പ്ലോട്ടിംഗ് നടത്തി ഇൻഡെക്സ് ഗ്രൂപ്പ് മാപ്പുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

## ഇ-ഗവേണൻസ് പദ്ധതി പ്രകാരം റവന്യൂ ഓഫീസുകളിലെ സർട്ടിഫിക്കറ്റ് വിതരണം

215 (5367) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളിൽനിന്നും ഇ-ഗവേണൻസ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ ഓഫീസുകളിൽ നിന്നും ഇ-ഗവേണൻസ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

<u>ഇ-ഡിസ്ട്രിക്ട്</u>

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു.

(ബി) താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകി വരുന്നു:

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്യേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോരിറ്റി സർട്ടിഫിക്കറ്റ്.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി ഐ.ടി. മിഷൻ മുഖാന്തരമാണ് നടപ്പിലാക്കി വരുന്നത്. പദ്ധതി നടത്തിപ്പിനാവശ്യമായ ഹാർഡ് വെയർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയും സോഫ്റ്റ്‍വെയർ സപ്പോർട്ടും ഐ.ടി. മിഷൻ നൽകി വരുന്നു.

**വില്ലേജ് ഓഫീസുകളിൽനിന്ന് ഓൺലൈനായി സർട്ടിഫിക്കറ്റുകൾ**

216 (5368) ശ്രീ. റോജി എം. ജോൺ:

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ ആധികാരികത എങ്ങനെയാണ് വിലയിരുത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും ഇ-ഗവേണൻസ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകിവരുന്നു:

1. ജാതി സർട്ടിഫിക്കറ്റ്

2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്

3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്

4. ബന്ധുത്വ സർട്ടിഫിക്കറ്റ്

5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി വിതരണം ചെയ്യുന്ന ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ ആധികാരികത https://edistrict.kerala.gov.in/ എന്ന വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിലെ ഒഴിവുകൾ

217 (5369) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്ന് തസ്തികതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഹോസ്ദുർഗ്ഗ് താലൂക്കിലെ വില്ലേജ് ഓഫീസുകളിൽ എവിടെയൊക്കെയാണ് ഒഴിവുകൾ ഉള്ളതെന്നും ഒഴിവുകൾ നികത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ നിലവിൽ വിവിധ തസ്തികകളിലായി 32 ജീവനക്കാരുടെ ഒഴിവുകളുണ്ട്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ | 2 |
| 2 | ഡെപ്യൂട്ടി തഹസീദാർ/ജൂനിയർ സൂപ്രണ്ട് | 1 |
| 3 | വില്ലേജ് ഓഫീസർ | 3 |
| 4 | സീനിയർ ക്ലർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ | 3 |
| 5 | ക്ലർക്ക്/വില്ലേജ് അസിസ്റ്റന്റ് | 5 |
| 6 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 13 |
| 7 | ഡ്രൈവർ | 2 |
| 8 | ലാസ്റ്റ് ഗ്രേഡ് സെർവന്റ് | 3 |
| ആകെ | | 32 |

(ബി) ഹോർസ്ദുർഗ് താലൂക്കിലെ പുതുക്കൈ വില്ലേജിൽ ഒരു വില്ലേജ് ഓഫീസറുടെ ഒഴിവുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ അദാലത്തുകൾ

218 (5370) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മന്ത്രിതലത്തിൽ നടത്തിയ റവന്യൂ അദാലത്തുകൾക്ക് സമാനമായി ഈ സർക്കാരിന്റെ കാലത്ത് അദാലത്തുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. എല്ലാ ജില്ലയിലും താലൂക്ക് അടിസ്ഥാനത്തിലാണ് പരാതി പരിഹാര പരിപാടി നടത്തുന്നത്. ജില്ലാ കളക്ടർമാർ നേരിട്ട് പരിപാടിക്ക് നേതൃത്വം നൽകുന്നു.

(ബി) വില്ലേജ്/താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിനായി ചുവടെ ചേർക്കുന്ന ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്.

### I . ഓൺലൈൻ സംവിധാനങ്ങൾ

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഈ പദ്ധതി മുഖേന സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും 24 ഇനം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു.

2. <u>ആർ.ആർ.ഓൺലൈൻ</u>

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

3. <u>ഇ-പേമെന്റ്</u>

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള സംവിധാനമാണിത്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ച് സമഗ്രമായ ഒരു 'ഇ-പെയ്മെന്റ് പ്ലാറ്റ് ഫോം' എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

4. <u>സംയോജിത ഓൺലൈൻ പോക്കുവരവ്</u>

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഈ പദ്ധതി മുഖേന ഓൺലൈൻ ആയി സാദ്ധ്യമാകുന്നു. ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

5. <u>ഇ-ഓഫീസ്</u>

കടലാസുരഹിത ഓഫീസ് പദ്ധതി ആയ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

II സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

റവന്യൂ ഓഫീസുകളെ ജനകീയമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവിടെ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ വില്ലേജ് തല ജനകീയ സമിതിയും ഈ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നുണ്ട്. താലൂക്ക് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

മുഴുവൻ റവന്യൂ ഉദ്യോഗസ്ഥർക്കും ഐ.എൽ.ഡി.എം. മുഖേന റവന്യൂ വിഷയങ്ങൾ സംബന്ധിച്ച് സമഗ്രമായ പരിശീലനം നൽകുന്നുണ്ട്. ഇതോടൊപ്പം പെരുമാറ്റ മാറ്റത്തിന് ആവശ്യമായ പരിശീലനത്തിനും മുൻഗണന നൽകിവരുന്നു. ഓഫീസുകളുടെ പ്രവർത്തനവും കാര്യക്ഷമതയും പരിശോധിക്കുന്നതിന് റവന്യൂ വിജിലൻസ്, ഓഡിറ്റിംഗ് എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തി.

**ജൈവ വൈവിധ്യ മേഖലയായ തരിശുഭൂമി സംരക്ഷിക്കുവാൻ നടപടി**

219 (5371) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ പുറപ്പുഴ വില്ലേജിൽ ബ്ലോക്ക് 13-ൽ പഴയ സർവ്വേ നമ്പർ 1/154-ൽ വരുന്ന 18-ാം നമ്പർ കുട്ടിവനത്തിലുള്ള സർക്കാർ തരിശുഭൂമി ജൈവ വൈവിദ്ധ്യമേഖലയായതിനാലും മൂവാറ്റുപുഴയാറിന്റെ പ്രധാന കൈവഴികളിലൊന്നായ പുറപ്പുഴ, കുണിഞ്ഞി, മാറിക തോടുകളുടെ ഉത്ഭവ കേന്ദ്രമായതിനാലും ഈ തരിശു ഭൂമി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇടുക്കി ജില്ലയിൽ പുറപ്പുഴ വില്ലേജിൽ ബ്ലോക്ക് 13-ൽ പഴയ സർവ്വേ നം.154/1-ൽ കുട്ടിവനം എന്നറിയപ്പെടുന്ന പ്രദേശത്തെ സർക്കാർ തരിശുഭൂമി സംരക്ഷിച്ചുവരുന്നതാണ്.

**മണൽ കടത്ത് തടയുന്നതിന് നടപടികൾ**

220 (5372) ശ്രീ. അനിൽ അക്കര:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽ കടത്ത് തടയുന്നതിൽ റവന്യൂ വകുപ്പ് നടത്തുന്ന ശ്രമങ്ങൾ ഫലവത്താകാത്തത് എന്തുകൊണ്ടാണ്;

(ബി) നദീതീര സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) കർത്തവ്യനിർവ്വഹണത്തിന്റെ ഭാഗമായി അനധികൃത മണൽ കടത്തിനെതിരെ പ്രവർത്തിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ മണൽ മാഫിയയുടെ ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം കേസുകളിൽ ഉദ്യോഗസ്ഥർക്ക് സർക്കാർ അഭിഭാഷകന്റെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അനധികൃത മണൽ കടത്ത് തടയുന്നതിനായി ജില്ലകളിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ റവന്യൂ ഓഫീസുകളിലെ അധിക ജോലി ഭാരവും, ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്തതുമൂലവും ടി സ്ക്വാഡുകളുടെ പ്രവർത്തനം ജില്ലകളിൽ എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. കൂടാതെ മണൽ കടത്തിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളിലെ മണൽ സംബന്ധിച്ച തർക്കങ്ങളിൽ ശാസ്ത്രീയ പരിശോധനകൾക്ക് ആവശ്യമായ സംവിധാനങ്ങളുടെ അഭാവം, മണൽ കടത്ത് സംബന്ധിച്ച് വിവിധ കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ തീർപ്പുണ്ടാക്കാനുള്ള കാലതാമസം മുതലായവ മണൽ കടത്ത് തടയുന്നതിനുള്ള ശ്രമങ്ങൾ ഫലവത്താകാതിരിക്കുന്നതിനുള്ള കാരണങ്ങളാണ്.

(ബി) താലൂക്ക് തലത്തിൽ നദീ സംരക്ഷണത്തിന്റെ ഭാഗമായി അനധികൃത മണലെടുപ്പ് തടയുന്നതിന് റവന്യൂ വകുപ്പ് മുഖാന്തരം സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും നദീതീരം ഇടിയുന്ന ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിച്ചുവരുന്നതും നദീതീരങ്ങളിൽ അനധികൃതമായി കൈയ്യേറുന്നവരെ കണ്ടെത്തുന്ന മുറയ്ക്ക് ഒഴിപ്പിക്കുകയും കൂടാതെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് 2001, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 എന്നിവ പ്രകാരവും, ജില്ലാ വിദഗ്ദ്ധ സമിതിയുടെ കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾ പ്രകാരവും നദീതീര സംരക്ഷണ നിയമം കർശനമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോട്ടയം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം കേസുകളിൽ ഉദ്യോഗസ്ഥർക്ക് സർക്കാർ അഭിഭാഷകന്റെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പിന്റെ 15-1-2013-ലെ നമ്പർ 27611/ബി1/2012/നിയമം സർക്കുലറിൽ അനധികൃത മണൽ കടത്തിനെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അത്തരം കൃത്യ നിർവ്വഹണവുമായി ബന്ധപ്പെട്ട് നേരിടേണ്ടിവരുന്ന കേസുകളിൽ സർക്കാർ അഭിഭാഷകന്റെ സേവനം നൽകുന്നതിന് നിർദ്ദേശിക്കുന്നുണ്ട്.

## നെരുദ ക്ലബ്ബിന് ഭൂമി അനുവദിക്കാൻ നടപടി

221 (5373) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് നെരുദ ക്ലബ്ബിന് പഞ്ചായത്ത് അധീനതയിലുള്ള ഭൂമി വിട്ടുനൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും ഈ ഭൂമി റവന്യൂ വകുപ്പ് മുഖേന ക്ലബ്ബിന് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ക്ലബ്ബിന് എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) നിലവിൽ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ചുനൽകേണ്ടതില്ല എന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട്. വിവിധ കലാസാംസ്കാരിക സ്ഥാപനങ്ങളും വായനശാലകളും സാമുദായിക സംഘടനകളും ആരാധനാലയങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും മറ്റും കാലങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി മാത്രം വ്യവസ്ഥകൾക്കുവിധേയമായി സ്ഥാപനങ്ങൾക്ക് പതിച്ചുനൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്തതിനുശേഷം ബാക്കി വരുന്ന ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നയപരമായ അന്തിമതീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അപ്രകാരം തീരുമാനമെടുത്തശേഷമേ ഓരോ കേസും പരിശോധിച്ച് സംഘടനയ്ക്ക് ഭൂമി പതിച്ചുനൽകാൻ കഴിയുകയുള്ളൂ.

## കാസർഗോഡ് കരിവേടകം വില്ലേജിലെ കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് നടപടി

222 (5374) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കരിവേടകം വില്ലേജിലെ ആർ.എസ്.നമ്പർ 36/1 ൽപ്പെട്ട സ്ഥലത്ത് വർഷങ്ങളായി താമസിച്ചുവരുന്ന 13 കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വർഷങ്ങൾക്കുമുമ്പ് രജിസ്റ്റർ ചെയ്ത് വാങ്ങി വീടും മറ്റ് ആദായങ്ങളും നൽകുന്ന ഭൂമിയിൽ തലമുറകളായി താമസിച്ചുവരുന്ന പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന്റെ നിജസ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങിയ കർഷകർ ചെയ്ത കുറ്റമെന്താണെന്ന് വിശദമാക്കാമോ;

(ഡി) അതിനടുത്തുതന്നെ അതേ വില്ലേജിൽ റവന്യൂഭൂമിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) എങ്കിൽ പാവപ്പെട്ട കർഷകരെ കുടിയിറക്കുന്ന നടപടി ഒഴിവാക്കുന്നതിലേയ്ക്ക് റവന്യൂ ഭൂമി പ്രയോജനപ്പെടുത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത സ്ഥലം ശ്രീ. അഞ്ചുമാൻ എന്നവരിൽനിന്ന് മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് കാസർഗോഡ് താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ ഇപ്പോൾ താമസിച്ചുവരുന്ന കുടുംബങ്ങൾ ലാൻഡ് ബോർഡ് മുമ്പാകെ അവകാശ ഹർജി സമർപ്പിച്ചിട്ടുണ്ട്. ടി ഹർജികളിന്മേൽ ഹർജിക്കാർക്ക് നോട്ടീസ് നൽകി കേട്ടശേഷം, കേരള ഭൂപരിഷ്കരണ നിയമപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) ടി കുടുംബങ്ങൾ കൈവശംവച്ചുവരുന്ന ഭൂമിയുടെ പ്രമാണങ്ങളുടെ സാധുത കേരള ഭൂപരിഷ്കരണ നിയമപ്രകാരം പരിശോധിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

## കാസർഗോഡ് വില്ലേജിലെ പട്ടയം

223 (5375) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ റി.സ. നമ്പർ 290/P എന്ന സ്ഥലത്ത് ഇപ്പോൾ വീടുണ്ടോയെന്നും ഈ വീടിന് നമ്പരുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) ഈ വീട് എത്രകാലമായി ഇവിടെയുണ്ടെന്നും വീട്ടുടമ ആരാണെന്നും വ്യക്തമാക്കാമോ;

(സി) ഈ സ്ഥലം എത്രകാലമായി ആരുടെ അധീനതയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥലത്തിന്റെ പട്ടയത്തിനായി ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോയെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ഏതാണെന്നും വ്യക്തമാക്കാമോ;

(ഇ) ഈ ഫയൽ എത്രകാലമായി തീരുമാനമാകാതെ കിടക്കുകയാണെന്നും ഏത് ഓഫീസിലാണിതുള്ളതെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ ഫയലിൽ എപ്പോൾ തീരുമാനമാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് വില്ലേജിൽ റീ.സ.നമ്പർ 290/2Pt-യിൽ കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ VII/244D UAC നമ്പർ വീടുണ്ട്.

(ബി&സി) രണ്ടര വർഷമായി ശ്രീമതി നബീസയുടെ അധീനതയിലുള്ള പ്രസ്തുത ഭൂമിയിൽ ടിയാളുടെ ഉടമസ്ഥതയിൽ ഒരു വർഷമായി വീടുണ്ട്.

(ഡി-എഫ്) സ്ഥലത്തിന്റെ പട്ടയത്തിനായി ശ്രീമതി നബീസ എൽ.എ.53/2016/കാസർഗോഡ് നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ടി അപേക്ഷ കാസർഗോഡ് വില്ലേജിൽ 2-12-2016 മുതൽ നിലവിലുള്ളതുമാണ്. പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട കെ.എൽ.സി നടപടികൾ തീർപ്പാക്കുന്നമുറയ്ക്ക് പ്രസ്തുത അപേക്ഷയിൽ തഹസിൽദാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

## അട്ടപ്പാടിയിൽ പ്രത്യേക താലൂക്ക് രൂപീകരണം

224 (5376) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പ്രത്യേക താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇതിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. അക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. അട്ടപ്പാടിയിൽ സ്പെഷ്യൽ താലൂക്ക് രൂപീകരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പരിഹാരം തേടി ശ്രീ. പി. ഡി. ജോസഫ് ഫയൽ ചെയ്ത WP(C)31574/2014 നമ്പർ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്.

## ഡി.പോൾ ഇന്റർനാഷണൽ റെസിഡൻഷ്യൽ സ്കൂളിന്റെ ട്രസ്റ്റ് ഭൂമി വാങ്ങിക്കൂട്ടുന്നതായ പരാതി

225 (5377) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ തങ്കമണി വില്ലേജിൽ ഡി.പോൾ ഇന്റർനാഷണൽ റെസിഡൻഷ്യൽ സ്കൂളിന് ചുറ്റുമായി ഭൂനിയമങ്ങൾ കാറ്റിൽപറത്തി പ്രസ്തുത സ്കൂളിന്റെ ട്രസ്റ്റ് ഭൂമി വാങ്ങികൂട്ടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂപരിഷ്കരണ നിയമത്തിലെ നിബന്ധനകൾക്ക് വിരുദ്ധമായി പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി വാങ്ങുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇടുക്കി ജില്ലയിലെ തങ്കമണി വില്ലേജിൽ റീ സർവ്വേ ബ്ലോക്ക് നമ്പർ 43-ൽ 25 ഏക്കർ ഡി.പോൾ ഹൈറേഞ്ച് ട്രസ്റ്റ് വാങ്ങിയിട്ടുണ്ടെന്നും, ഏകദേശം 70-ഓളം പേരുകളിലായി നിലവിൽ കൃഷിഭൂമിയായി കിടക്കുന്ന 80 ഏക്കർ ഭൂമി

ഡി.പോൾ ഹൈറേഞ്ച് ട്രസ്റ്റിന് അഗതി മന്ദിരം, ആശുപത്രി, റെസിഡൻഷ്യൽ സ്കൂൾ എന്നിവ ആരംഭിക്കുന്നതിനായി ആവശ്യമുണ്ടെന്നും ആയതിനാൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം പ്രസ്തുത ഭൂമിക്ക് ഇളവനുവദിക്കുന്നതിനായി ഡി.പോൾ ഹൈറേഞ്ച് ട്രസ്റ്റ് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

## ചെങ്ങറ പുനരധിവാസ കേന്ദ്രം

226 (5378) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെങ്ങറ പുനരധിവാസ കേന്ദ്രത്തിലെ തൊഴിൽശാലയുടെ ഉൽഘാടനം എന്നാണ് നിർവ്വഹിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗമായി ആരംഭിച്ച തൊഴിൽശാലയിൽ ഏതൊക്കെ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ.

(സി) ഇതിനായി എത്ര രൂപയുടെ മെഷീനുകളും യന്ത്രസാമഗ്രികളും വാങ്ങിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത തൊഴിൽശാല നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ തുറന്ന് പ്രവർത്തിക്കാതിരിക്കാനുള്ള കാരണം വിശദാമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ചെങ്ങറ പുനരധിവാസ പദ്ധതി കേന്ദ്രത്തിലെ തൊഴിൽശാലയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 6-1-2018-ന് നിർവ്വഹിച്ചു.

(ബി) പ്രസ്തുത തൊഴിൽശാലയിൽ പേപ്പർ കപ്പ് നിർമ്മാണം, പ്ലേറ്റ് നിർമ്മാണം, കാർപെന്ററി, ടെയിലറിംഗ് എന്നീ മേഖലകളിൽ സ്വയംതൊഴിൽ നടപ്പിലാക്കുന്നതിനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തൊഴിൽശാലയുടെ ആവശ്യത്തിനായി RAIDCO-യിൽനിന്ന് വാങ്ങിയ യന്ത്രസാമഗ്രികളുടെ ചെലവ് ചുവടെ ചേർക്കുന്നു.

1. പേപ്പർ പ്ലേറ്റ് നിർമ്മാണം മെഷീൻ & പേപ്പർ കപ്പ് നിർമ്മാണം മെഷീൻ-3,01,693 രൂപ

2. ടെയിലറിംഗ് യൂണിറ്റ് യന്ത്രസാമഗ്രികൾ-21200 രൂപ

3. കാർപെന്ററി യൂണിറ്റ് യന്ത്രസാമഗ്രികൾ-309306 രൂപ

(ഡി&ഇ) പേപ്പർ കപ്പ്, പ്ലേറ്റ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾവരെ വാങ്ങി നൽകിയെങ്കിലും പരിശീലനം ലഭിച്ച കോളനി നിവാസികൾ ആരുംതന്നെ തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടില്ല.

## റവന്യൂ വകുപ്പിൽ ഓൺലൈൻ സംവിധാനം

227 (5379) ശ്രീ. വി. ഡി.സതീശൻ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സേവനങ്ങൾ ഓൺ ലൈനായി നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം ഏതെല്ലാം റവന്യൂ ഓഫീസുകളിൽ ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്.

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു.

താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകിവരുന്നു:

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്യേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോരിറ്റി സർട്ടിഫിക്കറ്റ്.

2. ആർ.ആർ.ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

3. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻവഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

5. ഇ-ഓഫീസ്

കടലാസ് രഹിത ഓഫീസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതിവഴി 24 ഇനം സർട്ടിഫിക്കറ്റുകൾ മാത്രമാണ് റവന്യൂ വകുപ്പിൽനിന്നും വിതരണം ചെയ്തുവരുന്നത്. പോക്കുവരവ്, ഭൂനികുതി ഒടുക്കൽ എന്നിവ റെലിസ് സംവിധാനം വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1472 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## ദുരന്ത സാധ്യതയുള്ള മേഖലകളിൽ പാറഖനന നിരോധനം

228 (5380) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനവ്യാപകമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ പാറഖനന നിരോധനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ പാറഖനനത്തിന് അനുമതി നൽകരുതെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ;

(സി) വയനാട് ജില്ലയിലെ ചില മേഖലകളിൽ ദുരന്ത നിവാരണ അതോറിറ്റി പാറഖനനം നിരോധിച്ചിട്ടുണ്ടോ; ഏതെല്ലാം സ്ഥലങ്ങളിലാണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി/സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി എന്നിവ പരിസ്ഥിതി ആഘാത പഠനം നടത്തി പാരിസ്ഥിതികാനുമതി ലഭ്യമായ കേസുകളിൽ മാത്രമാണ് നിലവിൽ പാറ ഖനനത്തിന് അനുമതി നൽകുന്നത്. ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ പാരിസ്ഥിതികാനുമതി കൂടാതെ നിലവിൽ പാറഖനനത്തിന് അനുമതി അനുവദിക്കാറില്ലാത്തതുമാണ്. വയനാട് ജില്ലയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവ് പ്രകാരം ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ പാറഖനനം നിരോധിച്ചിട്ടുണ്ട്.

(ബി) അഞ്ച് ഹെക്ടർ വരെയുള്ള പാറഖനനത്തിന് ഡിസ്ട്രിക്ട് എൺവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി (DEIAA), 5 ഹെക്ടറിന് മുകളിൽ പാറഖനനത്തിന് സ്റ്റേറ്റ് എൺവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ്

അതോറിറ്റി (SEIAA), സ്റ്റേറ്റ് എൺവയോൺമെന്റ് അപ്രൈസൽ കമ്മിറ്റി (SEAC) എന്നിവയുടെയും പാരിസ്ഥതികാനുമതി ലഭിച്ച ശേഷമാണ് ഖനനാനുമതി നൽകുന്നത്. ഈ സമിതികൾ ദുരന്ത സാധ്യതകൾ കൂടി പരിഗണിച്ചാണ് അനുമതി നൽകുന്നത്. ഈ സാഹചര്യത്തിൽ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകരുത് എന്ന പ്രത്യേക സർക്കാർ നിർദ്ദേശത്തിന്റെ ആവശ്യമില്ല എന്നു കാണുന്നു.

(സി) വയനാട് ജില്ലയിൽ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 24-3-2017-ലെ DCWYD/43/2016/DEOC നമ്പർ ഉത്തരവ് പ്രകാരം സുൽത്താൻ ബത്തേരി താലൂക്കിൽ അമ്പലവയൽ വില്ലേജിലെ റവന്യൂ ക്വാറികളുടെ പ്രവർത്തനം നിരോധിച്ചിട്ടുള്ളതാണ്.

**ഹാരിസൺ മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന സർക്കാർഭൂമി**

229 (5381) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാരിസൺ മലയാളം കമ്പനി കൈവശംവച്ചിരിക്കുന്ന സർക്കാർഭൂമി തിരികെ എടുക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടുവെന്ന് വിശദീകരിക്കുമോ;

(ബി) വൻകിട കമ്പനിയെ സർക്കാർ വഴിവിട്ട് സഹായിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എം. ജി. രാജമാണിക്യം റിപ്പോർട്ട് ലഭിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് എന്തുകൊണ്ടാണ് ഇത്ര കാലതാമസം വരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 28-2-2013-ലെ ഡബ്ല്യു.പി.സി. 14251/2012&213/2013 നമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സർക്കാരിന്റെ 25-4-2013-ലെ GO(MS)-161/2013/RD നമ്പർ ഉത്തരവ് പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റു കയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥനത്തിൽ, M/s മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ

കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 72827.67 ഏക്കറോളം സർക്കാർഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റു കക്ഷികളും കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ 18 ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്ന ടി 4 ജില്ലകളിലെ 30019.95 ഏക്കർ ഭൂമിയും മറ്റു കമ്പനികളും കയ്യേറ്റക്കാരും കൈവശംവയ്ക്കുന്ന 8150.97 ഏക്കർ ഭൂമിയും ഉൾപ്പെടുന്നു.

പ്രസ്തുത 38170.92 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച 18 നടപടിക്രമങ്ങളിൽ എച്ച്.എം.എൽ കമ്പനിയും, മറ്റു കക്ഷികളും ഫയൽ ചെയ്ത ഡബ്ല്യു.പി.സി.33122/2014, 5510/2015, 10320/2015 തുടങ്ങിയ വിവിധ റിട്ട് ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സംഗിൾ ബഞ്ച് 25-11-2015-ൽ 'റഫറൻസ് ഓർഡർ' പുറപ്പെടുവിക്കുകയുണ്ടായി. മാത്രമല്ല ടി ഭൂമികളിൽ തൽസ്ഥിതി ഉത്തരവ് തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശവും ഉണ്ടായിരുന്നു. റഫറൻസ് ഉത്തരവിൽ സ്പെഷ്യൽ ഓഫീസറുടെ കണ്ടെത്തലുകളിൽ അനുകൂലമായ നിരീക്ഷണം നടത്തിയ ബഹുമാനപ്പെട്ട ഹൈക്കോടതി ടി കേസ്സുകൾ കൂടുതൽ കേൾക്കുന്നതിനായി രണ്ടംഗങ്ങൾ അടങ്ങുന്ന ഡിവിഷൻ ബഞ്ചിലേക്ക് റഫർ ചെയ്തിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഹാരിസൺ കമ്പനിയുടെ ഭൂമികളിൻമേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തൽസ്ഥിതി ഉത്തരവ് നിലവിലുള്ളതിനാൽ ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന ഇത്തരം കേസുകൾ കാര്യക്ഷമമായി നടത്തുന്നതിനായി സ്പെഷ്യൽ ഓഫീസിലെ കേസ്സുകൾക്ക് വേണ്ടി മാത്രമായി ഒരു സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറെ ഈ സർക്കാർ നിയോഗിച്ചിരുന്നു. ഇതിന് പുറമേ, റഫർ ചെയ്ത കേസ്സുകളിൽ 2018 ജനുവരി 31-ന് ആരംഭിച്ച അന്തിമ ഹിയറിംഗിൽ സർക്കാർഭാഗം ഫലപ്രദമായി വാദിക്കുന്നതിന് സുപ്രീംകോടതിയിൽ നിന്നും ഒരു മുതിർന്ന അഭിഭാഷകനേയും നിയോഗിച്ചിരുന്നു. റഫർ ചെയ്ത കേസ്സുകളിൽ ഹിയറിംഗ് പൂർത്തിയായിട്ടുണ്ടെങ്കിലും വിധി പ്രസ്താവിച്ചിട്ടില്ല. ടി കേസുകളിലെ അന്തിമവിധി വന്നതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള ലാൻഡ് ഗ്രാബിംഗ് (പ്രോഹിബിഷൻ) ബിൽ 2017-കരട് തയ്യാറാക്കി നിയമ വകുപ്പിന് നൽകുകയും തുടർന്ന് ടി ബില്ലിൻമേൽ നിയമോപദേശം ലഭ്യമാക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിനു നൽകുകയും ചെയ്തിട്ടുണ്ട്.

**കോതമംഗലം താലൂക്കിലെ വിവിധ വില്ലേജുകളിലെ ഭൂമിയുടെ താരിഫ് വില**

230 (5382) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ താരിഫ് വില തൊട്ടടുത്ത വില്ലേജുകളിലേയും മുനിസിപ്പൽ ടൗണിലെയും താരിഫ് വിലയുടെ അഞ്ചിരട്ടിയായി നിശ്ചയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് റോഡിൽ നെല്ലിക്കുഴി പഞ്ചായത്തിലെ തൃക്കാരിയൂർ വില്ലേജിൽ താരിഫ് വില 45,000 രൂപയും ഇരമല്ലൂരിൽ 4.5 ലക്ഷം രൂപയും ആണെന്നും പഞ്ചായത്ത് റോഡിൽ തൃക്കാരിയൂർ വില്ലേജിൽ താരിഫ് വില 37,500-ഉം ഇരമല്ലൂർ വില്ലേജിൽ 2.25 ലക്ഷം രൂപയുമാണെന്നുള്ളതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) നിലവിലെ താരിഫ് വില നിശ്ചയിക്കുന്നതിന് മുൻപ് മേൽപ്രസ്താവിച്ച തൃക്കാരിയൂർ, ഇരമല്ലൂർ വില്ലേജുകളിലെ താരിഫ് വില എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കോതമംഗലം താലൂക്കിലെ വിവിധ വില്ലേജുകളിലെ ഭൂമിയുടെ നിലവിലെ താരിഫ് വിലയും മുൻപുള്ള താരിഫ് വിലയും എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) കോതമംഗലം താലൂക്കിലെ മറ്റ് വില്ലേജുകളെ അപേക്ഷിച്ച് ഇരമല്ലൂർ വില്ലേജിൽ വന്നിട്ടുള്ള താരിഫ് വിലയുടെ മാറ്റം പുനർനിശ്ചയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) ഭൂമിയുടെ ന്യായവില 2010 മുതൽക്കാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ന്യായവില നിലവിൽവരുന്നതിന് മുൻപ് താരിഫ് വില നിശ്ചയിച്ചിരുന്നില്ല.

(ഇ) കോതമംഗലം താലൂക്കിലെ മറ്റ് വില്ലേജുകളെ അപേക്ഷിച്ച് ഇരമല്ലൂർ വില്ലേജിൽ വന്നിട്ടുള്ള താരിഫ് വിലയുടെ മാറ്റം പുനർനിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂന്നാർ ടൗണിൽ ഡി. ടി.പി.സി. ഭൂമി

231 (5383) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ടൗണിൽ ദേവികുളം റോഡിനോടുചേർന്ന് പാർക്ക് നിർമ്മിക്കുന്നതിന് ഡി. ടി. പി. സി.-ക്ക് ഭൂമി അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഡി.ടി.പി.സി.- യുടെ ബോർഡ് സ്ഥാപിച്ച് കൊണ്ടുള്ള സ്വകാര്യ കമ്പനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ സർവ്വേ 62/25-ൽ ഉൾപ്പെട്ട 14 ഏക്കർ ഭൂമി ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് ബൊട്ടാണിക്കൽ ഗാർഡൻ നിർമ്മിക്കുന്നതിനായി കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇത് പൂർണ്ണമായും സർക്കാർ ഫണ്ട് ഉപയോഗിച്ച് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഡി.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമിയിൽ ചെയ്തുവരുന്ന നിർമ്മാണ പ്രവർത്തനമാണ്.

## ആലത്തൂർ മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്കായി സർക്കാർഭൂമി

232 (5384) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയുന്ന സർക്കാർഭൂമിയുടെ വിശദവിവരം വില്ലേജുതിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

| വില്ലേജ് | ബ്ലോക്ക് | റീ സർവ്വേ നം. | വിസ്തീർണ്ണം (ഹെക്ടർ) | തരം |
|---|---|---|---|---|
| എരിമയൂർ വില്ലേജ് 2 | 23 | 238/10 | 0.1200 | എ പുറമ്പോക്ക് |
| കുഴൽമന്ദം വില്ലേജ് 2 | 17 | 480/5 | 0.1625 | ബി പുറമ്പോക്ക് |
| മേലാർകോട് വില്ലേജ് | 25 | 186/2 | 0.0440 | എ പുറമ്പോക്ക് |
| വണ്ടാഴി വില്ലേജ്-1 | 48 | 33/7 | 0.0530 | (ബോട്ട്-ഇൻ-ലാൻഡ്) |

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പഞ്ചായത്തുകളിലെ ഡേറ്റാ ബാങ്ക്**

233 (5385) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം എത്ര പഞ്ചായത്തുകളിലാണ് ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പഞ്ചായത്തുകളിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നത് പൂർത്തിയായിട്ടുണ്ട് എന്നറിയിക്കുമോ;

(സി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലെയും ഡേറ്റാ ബാങ്ക് എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച പഞ്ചായത്തുകളിൽ, ആയതിന്മേലുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) 2008-ന് മുമ്പ് നികത്തിയതും വില്ലേജ് റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ വീട് വയ്ക്കുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എഫ്) ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങൾ തിരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 2008-ന് മുമ്പ് നികന്നു കിടക്കുന്നതും വില്ലേജ് റെക്കോർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 41/2017-ാം നമ്പർ ഓർഡിനൻസ് മുഖേന 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്.

(എഫ്) ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിൽ 30-5-2017-ലെ 301/17-ാം നമ്പർ വിജ്ഞാപനം മുഖേന ഭേദഗതി വരുത്തി തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കാലപരിധി 6 മാസമായിരുന്നു. അത് നവംബർ 30-ന് അവസാനിച്ചിട്ടുണ്ട്.

**അന്യാധീനമാകുന്ന അന്യസംസ്ഥാനത്തുള്ള ഭൂമി**

234 (5386) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന് അവകാശപ്പെട്ട അന്യസംസ്ഥാനത്തുള്ള ഭൂമി അന്യാധീനമാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന് അവകാശപ്പെട്ട അത്തരത്തിലുള്ള ഭൂമി നിലവിൽ ഏതൊക്കെ വകുപ്പുകളുടെ കീഴിലാണുള്ളത്;

(സി) അന്യാധീനപ്പെട്ടിട്ടുള്ള ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള പത്മനാഭപുരം കൊട്ടാരത്തിന്റെ വളപ്പിന് പുറത്തായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം കേരളം, തമിഴ്നാട്

സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന WP(MD)13737/13-ാം നമ്പർ കേസ് റിമാന്റ് ചെയ്ത് തിരുനെൽവേലി ജില്ലാ റവന്യൂ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിൻമേൽ യഥാസമയം സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തുടർനടപടികൾ നടന്നു വരികയാണ്.

### മാവേലിക്കര താലൂക്ക് ഓഫീസിൽ സർവ്വേയർമാരുടെ നിയമനം

235 (5387) <u>ശ്രീ. ആർ. രാജേഷ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കാഫീസിൽ ആവശ്യത്തിന് സർവ്വേയർ മാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വേയർമാരുടെ കുറവ് കാരണം സർവ്വേ നടപടികൾ നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഇല്ല. മാവേലിക്കര താലൂക്കിലെ സർവ്വേയർമാരുടെ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം 2 ആണ്. നിലവിലുള്ള സർവ്വേയർമാരിൽ ഒരാൾ അവധിയിൽ പ്രവേശിച്ചതിനാൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു സർവ്വേയറെ നിയമിച്ചിട്ടുണ്ട്. നിലവിൽ രണ്ട് തസ്തികകളിലും സർവ്വേയർമാരുടെ സേവനം ലഭ്യമാണ്.

### വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ

236 (5388) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വില്ലേജിൽ റീസർവ്വേ പ്രകാരമുള്ള ഭൂമി തരംതിരിവ് എന്ന് മുതൽ നിലവിൽ വരുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കാമോ;

(സി) ടി വില്ലേജിൽ സർവ്വേ നമ്പരുകളിലെ തെറ്റുകൾ കാരണം ഭൂമി ഇടപാടുകൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി വില്ലേജിൽ റീസർവ്വേ പ്രകാരമുള്ള സർവ്വേ നമ്പരുകൾ പ്രാബല്യത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ അന്തിമഘട്ടത്തിലാണ്. സർവ്വേ അതിരടയാള നിയമ പ്രകാരം ടി വില്ലേജിന്റെ സെക്ഷൻ 9(2), 11-1-2018-ന് പരസ്യപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) റീസർവ്വേ റിക്കോർഡുകൾ റവന്യൂ ഭരണത്തിൽ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല. റിക്കോർഡുകൾ റവന്യൂ ഭരണത്തിൽ പ്രാബല്യത്തിൽ വരുന്നമുറയ്ക്ക് റീസർവ്വേ പ്രകാരമുള്ള ഭൂമി തരംതിരിവ് നിലവിൽ വരുന്നതാണ്.

(സി) ഇല്ല. സർവ്വേ നമ്പരുകളിലെ തെറ്റുകൾ കാരണം ഭൂമി ഇടപാടുകൾ നടന്നിട്ടില്ലെന്ന പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) വഞ്ചിയൂർ വില്ലേജിന്റെ റീസർവ്വേ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമപ്രകാരം സെക്ഷൻ 13 പ്രസിദ്ധീകരിച്ച് റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഭൂമി മറിച്ചുവിൽക്കുന്നത് നിയന്ത്രിക്കാൻ നടപടി

237 (5389) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിൽ ഇളവുലഭിച്ചവർ ഭൂമി മറിച്ചു വിൽക്കുന്നതു നിയന്ത്രിക്കാനായി റവന്യൂ വകുപ്പ് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം തേടിയിരുന്നോ; എങ്കിൽ നിയമ വകുപ്പിന്റെ ശിപാർശകൾ എന്തെല്ലാമായിരുന്നു?

<u>ഉത്തരം</u>

(എ) കേരള ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് ലഭിച്ചവർ ഭൂമി മറിച്ച് വിൽക്കുന്നത് നിയന്ത്രിക്കാനായി ഇളവ് ലഭിച്ച ഭൂമി മറിച്ചുവിൽക്കുന്ന സംഗതിയിൽ ഭൂമി വാങ്ങിയ ആൾ അതേ ഉപയോഗത്തിനല്ല ഭൂമി ഉപയോഗിക്കുന്നതെങ്കിൽ, ടി ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന്

ഉതകുന്ന തരത്തിലുള്ള വ്യവസ്ഥ ഭൂപരിഷ്കരണ ആക്റ്റിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) നിയമനിർമ്മാണം സംബന്ധിച്ച് ഭാരതത്തിന്റെ ഭരണഘടനയിലെ 31 എ, 31 ബി അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് നിയമ തടസ്സമില്ല എന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

## ഓഖി ചുഴലിക്കാറ്റ് നഷ്ടപരിഹാരം

238 (T*5390) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഓഖി ചുഴലിക്കാറ്റിനോട് അനുബന്ധിച്ചുണ്ടായ പ്രകൃതിദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് നിലവിൽ സർക്കാർ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരയിനത്തിൽ നിലവിൽ എത്ര ആളുകൾക്ക് എത്ര തുകവീതം ലഭ്യമാക്കാനുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഓഖി ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് മണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ തരം തിരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ എറണാകുളം ജില്ലയിൽ 26701 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 15 കി.ഗ്രാം അരി വീതം 400.515 മെട്രിക് ടൺ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017 ഡിസംബർ മാസത്തെ റേഷനും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.

കരയിൽ വച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾ അല്ലാത്ത രണ്ട് പേരുടെ ആശ്രിതർക്ക് ധനസഹായമായി എസ്.ഡി.ആർ.എഫ്.-ൽ നിന്നും 4 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2 ലക്ഷം രൂപയും ഉൾപ്പെടെ 6 ലക്ഷം രൂപ (ആകെ 12 ലക്ഷം രൂപ) വിതരണം ചെയ്തിട്ടുണ്ട്.

ആശ്വാസ ധനസഹായമായി 8540 കുടുംബങ്ങൾക്ക് 2,000 രൂപ വീതം 1,70,80,000 രൂപ വിതരണം നടത്തിയിട്ടുണ്ട്.

കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി തിരച്ചിൽ നടത്തുന്നതിന് 1,04,00,000 (ഒരു കോടി നാല് ലക്ഷം രൂപ മാത്രം) രൂപ ഫിഷറീസ് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടുന്നതിന് 15 ലക്ഷം രൂപ കൊച്ചി തഹസിൽദാർക്ക് എസ്.ഡി.ആർ.എഫ്. ഫണ്ടിൽനിന്നും

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അനുവദിച്ചിട്ടുള്ളതാണ്. ജില്ലാ മെഡിക്കൽ ഓഫീസർക്ക് 2.5 ലക്ഷം രൂപയും, ശുചിത്വമിഷന് 3,44,350 രൂപയും തഹസിൽദാർമാർക്കായി 1,48,900 രൂപയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ഡി.ഡി.എം.എ. ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 1,49,23,550 രൂപ കൊച്ചി തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

**ഭവന നിർമ്മാണ വായ്പയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

239 (5392) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പ എടുത്ത് കുടിശ്ശികയായി ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും ഗുണഭോക്താക്കൾ ആകുന്നതിനുള്ള മാനദണ്ഡങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളെ സഹായിക്കുന്നതിന്റെ ഭാഗമായി ബോർഡിൽ സർക്കാർ അനുമതിയോടെ 7-2-2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഒ.റ്റി.എസ് പദ്ധതിയുടെ കാലാവധി 31-3-2018 വരെ ബോർഡിൽ നിലവിലുണ്ട്. വായ്പ എടുത്ത് കുടിശ്ശികയായി ജപ്തി നടപടികൾ നേരിടുന്നവർക്കും ഈ പദ്ധതി ആനുകൂല്യം പ്രയോജനപ്പെടുത്തി വായ്പ കുടിശ്ശിക തീർപ്പാക്കാവുന്നതാണ്.

(ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായവർക്ക് ഒ.റ്റി.എസ്. കാലാവധിയ്ക്കുള്ളിൽ വായ്പാ കണക്ക് തീർപ്പാക്കുന്നപക്ഷം ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം താഴ്ന്ന/ഇടത്തരം/ഉയർന്ന വരുമാന വിഭാഗക്കാരായ മുഴുവൻ ഗുണഭോക്താക്കളുടേയും പിഴപ്പലിശയിൽ പൂർണ്ണമായും ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ താഴ്ന്ന വരുമാന വിഭാഗക്കാരായ ഗുണഭോക്താക്കളുടെ മുടക്ക പലിശയിൽ പൂർണ്ണമായും ഇളവ് അനുവദിച്ചിട്ടുണ്ട്. ഇടത്തരം/ഉയർന്ന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശയിൽ യഥാക്രമം 70 ശതമാനവും 50 ശതമാനവും ഇളവ് അനുവദിച്ചിട്ടുണ്ട്.

## ചങ്ങനാശ്ശേരിയിൽ ഭവന നിർമ്മാണ ബോർഡിന്റെ വസ്തുവിൽ നിർമ്മാണ പദ്ധതി

240 (5393) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിനുസമീപം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ നാളിതുവരെയും ഒരു നിർമ്മാണ പദ്ധതിയും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ചങ്ങനാശ്ശേരി ടൗണിന്റെ പ്രധാന ഭാഗത്തുള്ള ഈ സ്ഥലത്ത് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനോ മറ്റ് ഏതെങ്കിലും പ്രയോജനകരമായ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി റവന്യൂ ടവർ സ്ഥിതിചെയ്യുന്ന സ്ഥലത്തോട് ചേർന്നുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 75 സെന്റ് സ്ഥലത്തിൽ ഉൾപ്പെട്ട 59.20 സെന്റ് സ്ഥലത്ത് 72 ഫ്ലാറ്റുകൾ ഉൾപ്പെടുന്ന ഒരു ഫ്ലാറ്റ് സമുച്ചയം ഉപഭോക്താക്കളിൽനിന്നും വിൽപ്പന വില മുൻകൂറായി ശേഖരിച്ചുകൊണ്ട് പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുവാൻ 29-2-2016-ലെ ജി.ഒ(എം.എസ്) നം.17/2016/ഭവനം സർക്കാർ ഉത്തരവിലൂടെ സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഡിമാന്റ് സർവ്വേ നടത്തിയപ്പോൾ ഫ്ലാറ്റുകൾക്ക് വേണ്ടത്ര ആവശ്യക്കാരെ ലഭിച്ചിരുന്നില്ല. എന്നിരുന്നാലും പ്രസ്തുത പാരസ്പര്യം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യക്കാരെ കണ്ടെത്തുന്നതിനായി ഒന്നുകൂടി Project Specific Demand Survey നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽനിന്നും മുൻകൂർ തുക വാങ്ങി നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കി മാത്രമേ പദ്ധതി നടപ്പിലാക്കാനാകുകയുള്ളൂ.

(ബി) ചങ്ങനാശ്ശേരി ടൗണിന്റെ പ്രധാന ഭാഗത്തുള്ള പ്രസ്തുത സ്ഥലത്ത് അംഗീകാരം ലഭിച്ചിട്ടുള്ള 72 ഫ്ലാറ്റുകൾ അടങ്ങുന്ന പാരസ്പര്യം പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## താപനിലയിലെ വർദ്ധനമൂലം മത്സ്യലഭ്യതയിൽ കുറവ്

241 (5394) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്തെയും കടൽ ജലത്തിന്റെയും താപനില കുതിച്ച് ഉയരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം മത്സ്യങ്ങൾ ആഴക്കടലിലേക്ക് പിൻവലിയുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ ഇതുമൂലം മത്സ്യസമ്പത്ത്, ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വൻകിട മത്സ്യബന്ധന കപ്പലുകൾക്ക് മാത്രമായി ചുരുങ്ങുന്ന സാഹചര്യം ഉണ്ടാകുമോ;

(ഡി) പ്രസ്തുത പ്രതിഭാസംമൂലം കേരള തീരത്തുനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന മത്സ്യ വിഭാഗങ്ങൾ ഏതൊക്കെ എന്ന് പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) 2012-ന് ശേഷം സംസ്ഥാനത്തെ മത്സ്യ ലഭ്യതയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗണ്യമായ കുറവിനെക്കുറിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്നും റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ പഠനങ്ങൾ പ്രകാരം മത്സ്യങ്ങൾ ആഴക്കടലിലേയ്ക്ക് പലായനം ചെയ്യുന്ന സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി അറിയുന്നു. പ്രസ്തുത പ്രദേശങ്ങളിൽ മത്സ്യലഭ്യത കുറയാൻ ഇടയാകും.

(സി) സാധ്യതയില്ല. ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കൂടി പ്രാപ്തരാക്കാൻ നടപടിയെടുക്കുന്നതാണ്.

(ഡി) സുലഭമായി ലഭ്യമായിക്കൊണ്ടിരുന്ന തിരണ്ടികൾ, സ്രാവുകൾ, മത്തി, കണവ എന്നിവയുടെ ലഭ്യതയിൽ അടുത്തകാലത്തായി കുറവ് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇത് കടലിലെ താപനില ഉയർന്നതുകൊണ്ടാണെന്ന് ഖണ്ഡിതമായി പറയാൻ സാധിക്കില്ല.

(ഇ) സി.എം.എഫ്.ആർ.ഐ. ടി വിഷയത്തിൽ പഠനം നടത്തിവരുന്നുണ്ട്. ആഗോളതാപനം മൂലം സമുദ്രത്തിലെ ഉപരിതലതാപം വർദ്ധിച്ചതിനനുസരിച്ച് മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയിലും മാറ്റമുണ്ടായതായി പഠനങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മറൈൻ ക്യാച്ച് അസസ്സ്മെന്റ് നടത്തിവരുന്നു. ഇതിൽനിന്നും പല മത്സ്യങ്ങളുടെയും ലഭ്യതയിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതി**

242 (5395) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഫിഷറീസ് യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് നിലവിൽ ഫിഷറീസ് യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നില്ല.

**മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ**

243 (5396) ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതൊക്കെ പദ്ധതികളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരുടെ ജോലി സംബന്ധമായ പരിശീലനത്തിന് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പ് വരുത്തുന്നതിനായി മത്സ്യവകുപ്പ് നേരിട്ടും മത്സ്യഫെഡ്, തീരദേശ വികസന കോർപ്പറേഷൻ വഴിയും സാഫ് വഴിയും പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തുന്നതിനായി മത്സ്യഫെഡ് എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി ഐ.എഫ്.ഡി.പി. പദ്ധതി വഴി മത്സ്യബന്ധനോപകരണങ്ങൾ വായ്പയായി വിതരണം ചെയ്തുവരുന്നു. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്. സിധനസഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് പദ്ധതി പ്രകാരം സ്വയംസഹായ ഗ്രൂപ്പുകൾക്കും ടേം ലോൺ പദ്ധതി പ്രകാരം വ്യക്തികൾക്കും തൊഴിൽ ചെയ്യുന്നതിനായി വായ്പ നൽകി വരുന്നു. പലിശരഹിത വായ്പാ പദ്ധതി പ്രകാരം മത്സ്യക്കച്ചവടം ചെയ്യുന്നതിന് വനിതകൾക്ക് പലിശ ഇല്ലാതെ 20,000 രൂപ വരെ വായ്പ നൽകിവരുന്നു.

സാഫ് മുഖേന സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നതിനായി തീരമൈത്രി പദ്ധതിയിലൂടെ ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ അഭ്യസ്ത വിദ്യരായ യുവതികൾക്ക് വ്യക്തിത്വ വികസനം, നേതൃത്വ പാടവം, ആശയവിനിമയശേഷി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി അവരെ ജോലിക്ക് പ്രാപ്തരാക്കുന്നതിനായി തീരനൈപുണ്യ പദ്ധതി സാഫ് മുഖേന നടപ്പിലാക്കുന്നു.

കൂടാതെ മത്സ്യങ്ങളിൽനിന്നും മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനോടൊപ്പം അതുവഴിയുള്ള തൊഴിൽ സാഹചര്യവും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യത്തൊഴിലാളി വനിതകൾക്കായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) മത്സ്യഫെഡ് എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി ഐ.എഫ്.ഡി.പി പദ്ധതി, എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി ധനസഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ്, ടേം ലോൺ, പലിശരഹിത വായ്പാ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി തീരമൈത്രി പദ്ധതിയും അഭ്യസ്തവിദ്യരായ വനിതകൾക്കായി തീരനൈപുണ്യ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) ഫിഷറീസ് വകുപ്പ് മുഖേന സാഫ് തീരമൈത്രി പദ്ധതിയിൽ ഗുണഭോക്താക്കളായ വനിതകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻപായി അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, അക്കൗണ്ടിങ്ങ് ട്രെയിനിംഗ് തുടങ്ങിയവും തുടർന്ന് ആവശ്യമുള്ള മേഖലകളിൽ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനങ്ങളും നൽകി വരുന്നു. 2 മാസം നീണ്ടുനിൽക്കുന്ന തീരനൈപുണ്യ പദ്ധതിയിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ക്ലാസ്സ് റൂം ട്രെയിനിംഗ് ഒരു മാസം വിവിധ സ്ഥാപനങ്ങളിലെ പരിശീലനവുമാണ് നൽകുന്നത്.

**തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

244 (5397) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഈ പദ്ധതികൾക്കുപുറമെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്;

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തീരദേശമേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും, എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന മത്സ്യമാർക്കറ്റ് ആധുനികവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 39 മത്സ്യമാർക്കറ്റുകളിൽ 37 മത്സ്യമാർക്കറ്റുകൾക്ക് 90% ധനസഹായം ദേശീയ മത്സ്യവികസന ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ മറ്റ് രണ്ട് മാർക്കറ്റുകൾക്ക് 50% കേന്ദ്ര ധനസഹായത്തോടെ അംഗീകാരം ലഭിച്ചു.

ഇതിനുപുറമെ ഗുണമേന്മയുള്ള മത്സ്യങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഇരുചക്രവാഹനങ്ങളും, ഓട്ടോറിക്ഷകളും, ഇൻസുലേറ്റഡ് ട്രക്കുകളും "ഫ്രഷ് ഫിഷ് ടു ആൾ പദ്ധതി", ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി "സേഫ്റ്റി അറ്റ് സീ" പദ്ധതി, കട്ടമരം യന്ത്രവൽക്കരിക്കുന്നതിന് സബ്സിഡി നൽകുന്ന "മോട്ടോറൈസേഷൻ ഓഫ് കട്ടമരം" എന്നീ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു.

(സി) ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ മുഖേനയാണ് പദ്ധതികൾ നടപ്പാക്കുന്നത്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ് - RIDF പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവ മുഖേന മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് നടപ്പിലാക്കിവരുന്നത്. കൂടാതെ

തീരദേശ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവ നടപ്പിലാക്കിവരുന്നു. ക്യാപിറ്റൽ റിപ്പയർ ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ, ഓപ്പറേഷൻ, മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്നീ ശീർഷകങ്ങളിലുൾപ്പെടുത്തി ഹാർബറുകളുടെ ഡ്രഡ്ജിംഗും മെയിന്റനൻസ് പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

അർത്തുങ്കൽ, ചേറ്റുവ, താനൂർ, കൊയിലാണ്ടി, വെള്ളയിൽ, തലായ്, ചെറുവത്തൂർ, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെയും മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെയും നിർമ്മാണവും വിവിധ മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രഡ്ജിംഗുമാണ് കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ.

ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ലഭ്യമായ ഭരണാനുമതി തുകയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്ത് 200 മീറ്ററിൽ പുതിയ ബർത്തിംഗ് ജെട്ടി നിർമ്മിക്കുന്നതിനുള്ള 11 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

എൻ.എഫ്.ഡി.ബി.-യുടെ സാമ്പത്തിക സഹായത്തോടെ പുതിയാപ്പ, കായംകുളം, തങ്കശ്ശേരി, നീണ്ടകര, ശക്തികുളങ്ങര, ചോമ്പാൽ, മുനമ്പം, ബേപ്പൂർ, തോട്ടപ്പള്ളി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നവീകരണ പ്രവൃത്തികൾ ലഭ്യമായ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നിർമ്മാണം പൂർത്തീകരിച്ച ഹാർബറുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് എന്ന ശീർഷകത്തിലുൾപ്പെടുത്തിയും ഡ്രഡ്ജിംഗ്, ക്യാപ്പിറ്റൽ റിപ്പയർ എന്നീ പ്രവൃത്തികൾ ക്യാപ്പിറ്റൽ റിപ്പയർ & മെയിന്റനൻസ് ഡ്രഡ്ജിംഗ് എന്ന ശീർഷകത്തിലും ഉൾപ്പെടുത്തി ചെയ്തുവരുന്നു.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തീരദേശമേഖലയിലെ റോഡുകൾ, പാലങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവ നടപ്പിലാക്കി വരുന്നു.

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

245 (5398) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വവും ഉപജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇതിന്റെ ഭാഗമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നിവ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധന അനുബന്ധ തൊഴിലാളികൾക്കുമായി നടപ്പാക്കിയിട്ടുള്ള ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കായി പെൻഷൻ ഫോർ വൈവ്സ് ഓഫ് ഡിസീസ്ഡ് ഫിഷർമെൻ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കൂടുതൽ മത്സ്യത്തൊഴിലാളികളെ സാമൂഹിക സുരക്ഷാ പദ്ധതികളുടെ ഭാഗമാക്കാനും അവർക്ക് മെച്ചപ്പെട്ട സഹായം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

(I) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കായി നടപ്പിലാക്കിയ പദ്ധതികൾ:

(a) സമ്പാദ്യ സമാശ്വാസ പദ്ധതി

(b) മത്സ്യത്തൊഴിലാളി പെൻഷൻ വിതരണം. പ്രതിമാസം 1100 രൂപ നിരക്കിൽ 2017 നവംബർ മാസം വരെ വിതരണം പൂർത്തിയാക്കി.

(c) മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള അപകട ഇൻഷ്വറൻസ് തുക 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്.

(d) രക്ഷിതാക്കൾ മരിച്ച മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളെ ദത്തെടുക്കുന്നതിനുള്ള പദ്ധതി (20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്).

(e) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി.

(f) മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതി.

(g) മത്സ്യത്തൊഴിലാളി പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി.

(h) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി.

(i) മത്സ്യത്തൊഴിലാളികൾക്ക് ഒറ്റത്തവണ ധനസഹായമായി1,350 രൂപ നൽകുന്ന സാമ്പത്തിക താങ്ങൽ പദ്ധതി.

(j) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി.

(II) <u>ഉപജീവനോപാധി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ</u>

(a) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്ന മത്സ്യഫെഡിന്റെ പദ്ധതി.

(b) മണ്ണെണ്ണ സബ്സിഡി.

(c) കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം, പരിപോഷണം, സുസ്ഥിരമായ വികസനം എന്നിവ ഉറപ്പാക്കുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ മാനേജ്മെന്റ് കൗൺസിൽ.

(d) തീരമൈത്രി, തീരനൈപുണ്യ, തീരമാവേലി എന്നീ പദ്ധതികൾ.

(e) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി മത്സ്യബോർഡ് മുഖേന താഴെ പറയുന്ന ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്:

മത്സ്യത്തൊഴിലാളി പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായം തുക |
|---|---|---|
| 1 | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | |
| | i. അപകടമരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000 |
| | ii. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 10,00,000 |
| | iii. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി) | 10,000 |
| | iv. ശവസംസ്കാര ചെലവ് | 2,500 |
| | v. അപകടത്തെതുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 25,000 |
| 2 | മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം (ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം) | 50,000 |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 4 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1,100 |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം-ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്ന് ലഭിക്കുന്ന ധനസഹായം) | 15,000 |
| 6 | ആം ആദ്മി ബീമ യോജന പദ്ധതി | |
| | i. അപകടംമൂലം സംഭവിക്കുന്ന മരണം | 75,000 |
| | ii. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 75,000 |
| | iii. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 37,500 |
| | iv. സ്വാഭാവിക മരണം | 30,000 |
| | v. 9, 10, 11, 12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1200 രൂപ (പ്രതിവർഷം) |

| | | |
|---|---|---|
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചെലവ് | 600 |
| | <u>എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്</u><br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000<br>4,000<br>3,000<br>3,000 |
| 9 | കുടുംബ സംവിധാന പദ്ധതി | 500 |
| 10 | മാരകരോഗചികിത്സാ പദ്ധതി (പരമാവധി) | 50,000 |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000 |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 14 | <u>ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം</u><br>പ്ലസ് 2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | <br>5,000 രൂപ<br>5,000 രൂപ |
| 15 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ (വിധവാ പെൻഷൻ) | 1,100 |
| 16 | <u>കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം.</u><br><br><u>ദേശീയതലത്തിൽ</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><br><u>ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്</u><br>(ഗ്രൂപ്പ് അടിസ്ഥാനത്തിൽ)<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | <br><br><br>10,000 രൂപ<br>8,000 രൂപ<br>5,000 രൂപ<br><br><br>8,000 രൂപ<br>5,000 രൂപ<br>3,000 രൂപ |

| | | |
|---|---|---|
| | <u>സംസ്ഥാന തലത്തിൽ</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><u>ഗ്രൂപ്പ് അടിസ്ഥാനത്തിൽ</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | <br>5,000 രൂപ<br>3,000 രൂപ<br>2,000 രൂപ<br><br>3,000 രൂപ<br>2,000 രൂപ<br>1,000 രൂപ |
| 17 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1,350 |
| 18 | അപകടംമൂലമുള്ള താൽക്കാലിക അവശത | 500 |

<u>മത്സ്യഫെഡ്:</u>

മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി മത്സ്യഫെഡ് മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യഫെഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തനമൂലധനം ലഭ്യമാക്കുക. മത്സ്യത്തൊഴിലാളികൾക്ക് മൈക്രോഫിനാൻസ് പദ്ധതി, മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ, ഉപകരണ സുരക്ഷ പദ്ധതി, സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണം, അപകട ഇൻഷ്വറൻസ് പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നു.

(സി) 1986 സെപ്റ്റംബർ മാസം മുതൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കുംവേണ്ടി പണിയെടുക്കുവാൻ ബാദ്ധ്യസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. മത്സ്യ ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2018 ഡിസംബർ 16 വരെ നിലവിൽ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും:

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000 രൂപ പ്രകാരം പരമാവധി-10,000 രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000 (പരമാവധി) |

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

മത്സ്യഫെഡ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2,500 രൂപയും മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപ (ഒരാളിന് അയ്യായിരം രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ഡി) മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കായി വിധവ പെൻഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രതിമാസം 1,100 രൂപ നിരക്കിൽ വിധവ പെൻഷൻ 2017 നവംബർ മാസം വരെ 6776 പേർക്ക് നൽകിയിട്ടുണ്ട്.

(ഇ) നിലവിൽ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. ഓഖി പോലെയുള്ള ദുരന്തങ്ങളും തുടർച്ചയായുള്ള കടൽക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ അംഗത്വമെടുക്കേണ്ടതിന്റെ ആവശ്യകതയും പദ്ധതികൾ സംബന്ധിച്ചും മത്സ്യത്തൊഴിലാളികളെ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ധനസഹായം**

246 (5399) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി ഒരു വീടിന് നൽകുന്ന പരമാവധി ധനസഹായം എത്ര രൂപയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യ തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ഭവന പുനരുദ്ധാരണത്തിന് നൽകുന്ന ധനസഹായം എത്ര രൂപയാണ്; ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ഫിഷറീസ് വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പദ്ധതി പ്രകാരം ഒരു വീടിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യ തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-13 മുതൽ 2016-17 വരെയുള്ള കാലഘട്ടത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ ഭവന പദ്ധതികൾ പ്രകാരം ഒരു വീടിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷം ഭവനനിർമ്മാണ ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. എന്നാൽ 2016-17 വർഷം 4500 വീടുകൾ പുനരുദ്ധരിച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് മുഖേന മുൻവർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിന് 50,000 രൂപ വീതമാണ് ധനസഹായമായി നൽകിയിരുന്നത്. തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്**

247 (5400) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. എം. സ്വരാജ് :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യകതമാക്കാമോ;

(സി) ഓഖി പോലെയുള്ള ദുരന്തങ്ങളും തുടർച്ചയായുള്ള കടൽക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി കൂടുതൽ മത്സ്യത്തൊഴിലാളികളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 1986 സെപ്റ്റംബർ മാസം മുതൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കുംവേണ്ടി പണിയെടുക്കുവാൻ ബാദ്ധ്യസ്ഥരായ മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിന് വേണ്ടി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്.

ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2018 ഡിസംബർ 16 വരെ നിലവിൽ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളു.

(ബി) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/ അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും:

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5,000 രൂപ പ്രകാരം പരമാവധി 10,000 രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000 (പരമാവധി) |

മത്സ്യഫെഡ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2500 രൂപയും മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപ (ഒരാളിന് അയ്യായിരം രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(സി) നിലവിൽ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. ഓഖി പോലെയുള്ള ദുരന്തങ്ങളും തുടർച്ചയായുള്ള കടൽക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ അംഗത്വമെടുക്കേണ്ടതിന്റെ ആവശ്യകതയും പദ്ധതികൾ സംബന്ധിച്ചും മത്സ്യത്തൊഴിലാളികളെ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഓഖി ദുരന്തം**

248 (5401) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് പ്രഖ്യാപിച്ച 22 ലക്ഷം രൂപ എത്ര കുടുംബങ്ങൾക്ക് നൽകി;

(ബി) കാണാതായവർ മൂന്ന് മാസത്തിനകം തിരിച്ചെത്തിയില്ലെങ്കിൽ മരിച്ചതായി കണക്കാക്കി നഷ്ടപരിഹാരം നൽകുമെന്ന് സർക്കാർ പ്രഖ്യാപനമുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകുകയുണ്ടായി;

(ഡി) ഓഖിയുമായി ബന്ധപ്പെട്ട് വള്ളങ്ങൾ അടക്കമുള്ള മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നൽകിയ നഷ്ടപരിഹാരം എന്തൊക്കെ; ഇത് സംബന്ധമായി സർക്കാർ എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 51 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 22 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

(ബി&സി) കാണാതായവരുടെ ആശ്രിതർക്ക് മരണമടഞ്ഞവരുടെ ആശ്രിതർക്ക് നൽകുന്ന അതേ തോതിലുള്ള ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 21-12-2017-ലെ സ.(സാധാ)നമ്പർ 113/2017/ഡി.എം.ഡി ഉത്തരവ് പ്രകാരം കാണാതായവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയത്തിൽ അടിയന്തര തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ ശിപാർശ ചെയ്യുന്നതിനും ഇതിനായി നിലവിലെ നിയമവ്യവസ്ഥകളിൽ ഇളവുകൾ വരുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം സംബന്ധിച്ച് അടിയന്തര തീരുമാനമെടുക്കുന്നതിനും ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന് അംഗീകാരം ലഭ്യമായാലുടൻതന്നെ

കാണാതായവരുടെ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. കാണാതായവരുടെ കുടുംബങ്ങൾക്ക് ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ഓഖി ചുഴലിക്കാറ്റിൽ 187 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടം സംഭവിച്ചു. ഭാഗികമായി കേടായ മത്സ്യബന്ധന യാനങ്ങളുടെ നഷ്ടം കണക്കാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ച് നഷ്ടം തിട്ടപ്പെടുത്തിവരികയുമാണ്. ആയത് ലഭിച്ചാലുടൻ നഷ്ടപരിഹാരം മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകൾക്ക് നൽകുന്നതാണ്. പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകൾ ഗ്രൂപ്പടിസ്ഥാനത്തിൽ പുനഃസ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ തൊഴിലുറപ്പ് വരുത്തുന്നതിനായി 80 യാനങ്ങൾ നൽകുന്നതിന് 9.88 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

249 (5402) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനമർദ്ദത്തെത്തുടർന്ന് മാർച്ച് 12 മുതൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം വിഴിഞ്ഞം ഉൾപ്പെടെയുള്ള മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബങ്ങൾ പട്ടിണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിലാളികൾക്ക് കടലിൽ പോകുവാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്ക് സൗജന്യ റേഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഓഖി ദുരന്തത്തിന്റെ ആഘാതത്തിൽനിന്നും മുക്തി നേടിവരുന്ന തീരത്ത് ന്യൂനമർദ്ദത്തിന്റെ പേരിലുള്ള ഭീതിയും, കടൽ യാത്രാവിലക്കും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി സൗജന്യ റേഷൻ അനുവദിക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളോട് ജാഗ്രത

പാലിക്കണമെന്നും മത്സ്യബന്ധനത്തിനായി കടലിൽ പോകുന്നത് ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. സംസ്ഥാനത്തൊട്ടാകെ ഈ നിർദ്ദേശം പാലിക്കുകയുണ്ടായി. അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടായേക്കാവുന്ന ആൾനാശം, ദ്രവ്യനാശം എന്നിവ ഒഴിവാക്കാൻ ഇത്തരം നടപടികൾ സഹായിക്കുന്നതാണ്.

(ബി) ഇതുമൂലം വിഴിഞ്ഞം ഭാഗത്ത് മാത്രമല്ല, സംസ്ഥാനത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനായില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) പരിഗണിക്കുന്നതാണ്.

## മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം

250 (5403) ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിന് ഫലപ്രദമായ മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് മത്സ്യബന്ധന വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഇപ്രകാരം മത്സ്യങ്ങളിൽ രാസവസ്തുക്കൾ കലർത്തി വില്പന നടത്തിയ സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മത്സ്യങ്ങളിലെ ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിയുവാൻ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ 'സിഫ്റ്റ് ' (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) കിറ്റുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം 14-2-2018-ന് പാളയം മാർക്കറ്റിൽ വച്ച് നടത്തുകയുണ്ടായി. മീനിന്റെ ഉപരിതലത്തിൽ ഉരസിയ സ്ട്രിപ്പിൽ പ്രത്യേക ലായനി പുരട്ടുമ്പോൾ ഉണ്ടാകുന്ന നിറവ്യത്യാസം നോക്കി മായം ചേർക്കൽ തിരിച്ചറിയുവാൻ സാധിക്കും.

(ബി) എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചാലുള്ള ദൂഷ്യഫലങ്ങളെക്കുറിച്ച് മത്സ്യക്കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യവിപണന ഏജന്റുമാർക്കായി രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ വിപണനത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശിൽപ്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ നടത്തിയ സാമ്പിൾ പരിശോധനയിൽ രാസവസ്തുക്കൾ ഉപയോഗിച്ച് മായം ചേർത്ത മത്സ്യം കണ്ടെത്താൻ സാധിച്ചിട്ടില്ല.

**സീഡ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി**

251(5404) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിത്ത് നിയമം അനുസരിച്ചുള്ള സംസ്ഥാന സീഡ് സെന്റർ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായുള്ള പ്രാദേശിക സീഡ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് ഇവയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 ഫെബ്രുവരി 7-ലെ സ.ഉ.(പി)നമ്പർ 3/2017/മഉവ (എസ്.ആർ.ഒ നമ്പർ 84/2017) പ്രകാരം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം അംഗങ്ങളുടെ ആദ്യ യോഗംകൂടി തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രാദേശിക സീഡ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(സി) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം അംഗങ്ങളുടെ ആദ്യ യോഗം കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയതനുസരിച്ച് നടപടികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

**ജൈവ ചെമ്മീൻ കൃഷി**

252 (5405) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ ചെമ്മീൻകൃഷി നടത്താൻ പദ്ധതികളാവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ, എവിടെ, എത്ര വിസ്തീർണ്ണമുളള സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് ഒപ്പുവച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ധാരണാപത്രത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ഈ പദ്ധതി നടപ്പിലാക്കിയാൽ കേരളത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കാമോ;

(എഫ്) പദ്ധതിക്കുവേണ്ട ചെലവ് എത്രയാണെന്നും ഇത് ആരെല്ലാം വഹിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൈവ ചെമ്മീൻകൃഷി നടത്താനുള്ള പദ്ധതികൾ ഒന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ചിൽ ഉൾപ്പെടുത്തി രാസവളങ്ങൾ, കീടനാശിനികൾ, കളനാശിനികൾ എന്നിവ പൂർണ്ണമായി ഒഴിവാക്കിയും പരിമിതമായ തോതിൽ മാത്രം തീറ്റ നൽകിയും നടത്തുന്ന പരിസ്ഥിതി സൗഹൃദ കൃഷി രീതിയായ "കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യനെൽകൃഷി പദ്ധതി" അഡാക്ക് മുഖേന നടത്തിവരുന്നു.

(ബി) കണ്ണൂർ ജില്ലയിലെ 300 ഹെക്ടർ കൈപ്പാട്, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 300 ഹെക്ടർ പൊക്കാളി നിലങ്ങളിലുമാണ് അഡാക്ക് വഴി പരിസ്ഥിതി സൗഹൃദ കൃഷി ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനകം 260 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2017-2020 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) സർക്കാർ ഒപ്പുവച്ചിട്ടില്ല.

(ഇ) പാരിസ്ഥിതിക പ്രാധാന്യമുള്ള ആവാസവ്യവസ്ഥയെ സംരക്ഷിച്ച് നെൽകൃഷിയും മത്സ്യകൃഷിയും നടപ്പിലാക്കി ഉൽപ്പാദന വർദ്ധനവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു.

(എഫ്) അഡാക്ക് വഴി നടപ്പാക്കുന്ന പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതിയുടെ ആകെ അടങ്കൽ 33.73 കോടി രൂപയാണ്. കൂടാതെ 2017-20 സാമ്പത്തിക വർഷങ്ങളിൽ കൈപ്പാട്-പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## മത്സ്യഫെഡിലെ കോൺട്രാക്ട് നിയമനം

253 (T*5406) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡിൽ എത്രപേരെ നിയമിച്ചു; ഇതിൽ കോൺട്രാക്ട് നിയമനം എത്ര; ഡെപ്യൂട്ടേഷൻ നിയമനം എത്ര; സംവരണം പാലിച്ചാണോ നിയമനം നടത്തിയത്; വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി യോഗ്യതയില്ലാത്ത എത്ര പേർ ജോലി നോക്കുന്നുണ്ട്; അറിയിക്കുമോ;

(സി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര തസ്തിക ഉണ്ട്; ഈ സർക്കാർ എത്ര പേരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) യോഗ്യതയില്ലാത്ത എത്ര ജൂനിയർ അസിസ്റ്റന്റുമാർ മത്സ്യഫെഡിൽ നിയമിതരായിട്ടുണ്ട്; വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡിൽ 79 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

കോൺട്രാക്ട് നിയമനം - 18

ഡെപ്യൂട്ടേഷൻ - 8

ദിവസ വേതനം - 53

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുള്ള പ്രോജക്ട് ഓഫീസർ തസ്തികയ്ക്ക് സംവരണം പാലിച്ചിട്ടുണ്ട്. പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് എംപ്ലോയ്മെന്റ് വഴിയും അല്ലാതെയും മത്സ്യഫെഡിൽ നിയമനം നടത്താനിടയായത്.

(ബി) അന്യത്രസേവന വ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത് സ്പെഷ്യൽ റൂൾസിലെ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല.

(സി) ആകെ 67 അംഗീകൃത ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് തസ്തികകളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി തസ്തികയിൽ ഒരാളെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ഡി) യോഗ്യതയില്ലാത്ത ജൂനിയർ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടില്ല.

**കീഴൂരിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി**

254 (5407) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കീഴൂരിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാവും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിലെ കീഴൂരിൽ ഫിഷറീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നമുറയ്ക്ക് ഫിഷറീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## പൊഴിയൂരിൽ ഓഖി സ്മാരക പാർക്ക്

255 (5408) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ ഓഖി ചുഴലിക്കാറ്റിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും സ്മരണ നിലനിർത്തുന്നതിന് പാർക്ക് അനുവദിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ ഡി.പി.ആർ. തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന തയ്യാറാക്കിയാൽ അംഗീകാരം നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഓഖി സ്മാരക പാർക്കിനായി 2018-19 സാമ്പത്തിക വർഷത്തിൽ ഡി.പി.ആർ. സമർപ്പിച്ചാൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പരിശോധിക്കുന്നതാണ്.

## വള്ളിക്കുന്ന് തീരദേശ മേഖലയിലെ കടൽ സുരക്ഷാഭിത്തി

256 (5409) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് തീരദേശ മേഖലയിലെ കടൽ സുരക്ഷാഭിത്തി നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ഓഖി ദുരന്തത്തെ തുടർന്ന് തീരദേശമേഖലയിൽ എന്തെല്ലാം സുരക്ഷാ പ്രവർത്തനങ്ങളും മുൻകരുതലുകളുമാണ് നടത്തിവരുന്നത് വിശദീകരിക്കാമോ?

(സി) വള്ളിക്കുന്നിലെ തീരദേശ മേഖലയിലെ സുരക്ഷാ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

(എ) വള്ളിക്കുന്ന് തീരദേശ മേഖലയിലെ കടൽ സുരക്ഷാഭിത്തി നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചിട്ടില്ല. തീരസംരക്ഷണത്തിനായുള്ള

കടൽഭിത്തി നിർമ്മാണം മേജർ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപ പ്രദേശങ്ങളിൽ ഉണ്ടായേക്കാവുന്ന വ്യതിയാനങ്ങൾക്ക് പരിഹാരമായി ഗ്രോയിൻ നിർമ്മാണമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് 2 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | നിവേദനം | സ്വീകരിച്ച നടപടി |
|---|---|---|
| 1 | അരിയല്ലൂർ ബീച്ചിൽ പുലിമുട്ട് സ്ഥാപിക്കണമെന്ന നിവേദനം | കടലുണ്ടി പുഴയുടെ അഴിമുഖത്ത് ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് 46.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരിച്ചിട്ടുണ്ട്. ആയത് അരിയല്ലൂർ പരിസരത്തുള്ള മത്സ്യത്തൊഴിലാളികൾക്കും പ്രയോജനപ്പെടുന്നു. |
| 2 | വള്ളിക്കുന്ന് പഞ്ചായത്തിലെ പരപ്പാൽ ബീച്ചിൽ പുലിമുട്ട് സ്ഥാപിക്കണമെന്ന നിവേദനം | പരപ്പാൽ ബീച്ചിനോട് ചേർന്ന് തെക്കുഭാഗത്തും വടക്കുഭാഗത്തുമായി 100 മീറ്റർ നീളത്തിൽ 2 ഗ്രോയിനുകൾ നിർമ്മിച്ചാൽ അത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധനത്തിന് ഉപകാരപ്രദമാകുമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടിക്കായി ഫയൽ ജലസേചന വകുപ്പിന് കൈമാറിയിട്ടുണ്ട്. |

(ബി&സി) കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഭാവി രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC)ന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. ഇത് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്തുന്നതിനും അവർക്ക് മുന്നറിയിപ്പ് നൽകുന്നതിനും ഏറ്റവും വലിയ പ്രതിബന്ധം കടലിലെ വാർത്താ വിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇപ്പോൾ കടലിൽ പരമാവധി 50 കിലോമീറ്റർ പരിധി വരെ മാത്രമേ കരയിൽ നിന്നുള്ള വാർത്താവിനിമയം സാധ്യമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഉപഗ്രഹ സഹായത്തോടെ 1500 കി.മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ഉപകരണത്തിന്റെ ഫീൽഡുതല പരീക്ഷണം വിജയകരമായി പൂർത്തിയാക്കി. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ 'നാവിക്' ഉപകരണങ്ങൾ കെൽട്രോണിന്റെ സഹായത്താൽ വ്യാവസായികമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കടലിൽ അകപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് ഉതകുന്ന റേഡിയോ ബീക്കണുകൾ നാവിക്കിൽ ഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

അതുപോലെ കടലിന്റെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ഹൈദരാബാദിലെ INCOIS-മായി 24-10-2017-ന് ധാരണാപത്രം മത്സ്യവകുപ്പ് ഒപ്പുവച്ചിട്ടുണ്ട്. ഇതിനായി 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. കൂടാതെ യാനങ്ങളുടെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 300 മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. മത്സ്യബന്ധനത്തിന് പോകുമ്പോൾ അപകടങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് ഉതകുന്ന ലൈഫ്ബോയ്, ലൈഫ്ജാക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും അവരെ കരയിൽ എത്തിക്കുന്നതിനും സഹായകമായ മറൈൻ ആംബുലൻസ് സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസത്തിനായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ, അപായ മുന്നറിയിപ്പ് ലഭിക്കുമ്പോൾത്തന്നെ എല്ലാ ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും മുന്നറിയിപ്പ്/നോട്ടീസ് നൽകാറുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ ഫിഷ് മാർക്കറ്റ്

257 (5410) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുമ്പളത്ത് ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനം നാളിതുവരെ ആരംഭിക്കാത്തതിന് കാരണമെന്തെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുമ്പളത്ത് ഒരു ലൈവ്‌ലിഹുഡ് സപ്പോർട്ട് സെന്റർ സ്ഥാപിക്കുന്നതിന് 133 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രദേശത്തെ മത്സ്യക്കച്ചവട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പദ്ധതി ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇതുവരെ ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ ഉപേക്ഷിക്കാൻ 20-12-2016-ൽ നടന്ന പദ്ധതി അവലോകന യോഗത്തിൽ തീരുമാനിച്ചതിനാൽ ടി പദ്ധതി ഉപേക്ഷിച്ചു.

## മാവേലിക്കരയിലെ മൾട്ടി സ്പീഷിസ് ഇക്കോ ഹാച്ചറി

258(5411) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉപജീവനം നടത്തുന്ന നൂറനാട് ഏലിയാസ് നഗർ കേന്ദ്രമാക്കി മൾട്ടി സ്പീഷിസ് ഇക്കോ ഹാച്ചറി ആരംഭിക്കുന്നതിനും മത്സ്യോത്പാദനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര മണ്ഡലത്തിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉപജീവനം നടത്തുന്ന നൂറനാട് ഏലിയാസ് നഗർ കേന്ദ്രമാക്കി മൾട്ടി സ്പീഷിസ് ഇക്കോ ഹാച്ചറി ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുകയാണെങ്കിൽ സാധ്യതാപഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## കണ്ണൂർ ജില്ലയിലെ തീരദേശ റോഡുകൾ

259 (5412) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ ഏതൊക്കെ തീരദേശറോഡുകളുടെ എത്ര തുക വീതമുള്ള എസ്റ്റിമേറ്റുകളാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്;

(ബി) അതിൽ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി ലഭിച്ചു; ഭരണാനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്ന പദ്ധതിയിൽപ്പെടുത്തി ഭരണാനുമതിക്കായി 55 റോഡുകളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. അവയിൽ 49 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

ഭരണാനുമതി നൽകാത്ത റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ പെരളശ്ശേരി കയ്യാലപ്പുറം റോഡ്- 58.40 ലക്ഷം രൂപ
2. അഴീക്കൽ കല്ലിനപ്പുറം പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് - ന്യൂ മാഹി ഗ്രാമപഞ്ചായത്ത് - 224 ലക്ഷം രൂപ
3. മുഴപ്പിലങ്ങാട് പഞ്ചായത്ത് അയ്യാരടത്ത് പാലം ചിൽഡ്രൻസ് പാർക്ക് - ശ്മശാനം റോഡ് - 289.70 ലക്ഷം രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. പട്ടുവം പഞ്ചായത്ത് - പരണൊൽ തീരദേശ റോഡ് രണ്ടാം ഭാഗം - 151 ലക്ഷം രൂപ

5. ചെറുതാഴം പഞ്ചായത്ത് പുറച്ചേരി ശിവക്ഷേത്രം കോട്ടയിൽ മൂലക്കടവ് തീരദേശ റോഡ് - 306 ലക്ഷം രൂപ

6. ഏഴോം പഞ്ചായത്ത് - വെടിവെപ്പിൻചാൽ കോളനി - അരുംഭാഗം കുറുവാട് റോഡ് - 29.40 ലക്ഷം രൂപ

**മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം**

260 (5413) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളിക്ഷേമവുമായി ബന്ധപ്പെട്ട് നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ധനസഹായത്തിനായി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന ഏജൻസി ഏതാണെന്നും വിശദമാക്കുമോ;

(സി) 2016, 2017 കലണ്ടർ വർഷങ്ങളിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്ന പദ്ധതിയിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും സി.ആർ.ഇസഡ് അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

(ബി) ഭവന നിർമ്മാണത്തിന് മാത്രം ധനസഹായം നൽകുന്നതിനുള്ള പദ്ധതിയിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. ടി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളെ ഫിഷറീസ് വകുപ്പ് നിശ്ചയിക്കുന്നു.

1. അപേക്ഷകൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള സജീവ മത്സ്യത്തൊഴിലാളി ആയിരിക്കണം.
2. അപേക്ഷകൻ/പങ്കാളി സ്വന്തമായി വീടുള്ള ആളായിരിക്കരുത്.
3. അപേക്ഷകനോ/പങ്കാളിക്കോ സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം.
4. അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 60,000 രൂപയോ അതിൽ താഴെയോ ഉള്ള ആളായിരിക്കണം.

5. ലഭിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് 35 സ്ക്വയർമീറ്ററിൽ കുറയാത്ത ഭവനം സ്വന്തം മേൽനോട്ടത്തിൽ നിർമ്മിക്കേണ്ടതാണ്.

6. ജാതി, വരുമാനം, ഭൂമി കൈവശാവകാശം എന്നിവ തെളിയിക്കുന്നതിന് റവന്യൂ/വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും തൊഴിൽ തെളിയിക്കുന്നതിന് ഫിഷറീസ് ഉദ്യോഗസ്ഥനിൽ നിന്നുള്ള സർട്ടിഫിക്കറ്റും ഹാജരാക്കണം.

7. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

8. താമസിച്ചുകിട്ടുന്നതും അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ച് ഒപ്പിടാത്തതും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

9. സാമ്പത്തിക സഹായത്തിന്റെ ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ 6 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

10. പ്രകൃതിക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്ക് അതിന് തെളിവ് ഹാജരാക്കണം.

11. അപേക്ഷകന്റെ പ്രായം 18 വയസിൽ കുറയുവാനും 60 വയസ്സിൽ കൂടുവാനും പാടുള്ളതല്ല.

12. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിഹിതം പൂർണ്ണമായും അടച്ചുതീർത്തിരിക്കണം.

13. സാമ്പത്തിക സഹായം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗഡുക്കളായി മാത്രമേ നൽകുകയുള്ളു.

14. ലഭിക്കുന്ന അപേക്ഷയിന്മേൽ നടത്തുന്ന അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അർഹരായവരുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റ് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.

15. അനുവദിക്കാനുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

16. എന്നാൽ ഓരോ ജില്ലയിലും ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കാൻ പാടുള്ളൂ.

17. ബാക്കിയുള്ള 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന, എന്നാൽ നറുക്കെടുക്കപ്പെടാത്ത അപേക്ഷകളുണ്ടെങ്കിൽ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് അത്തരക്കാർക്ക് അനുവദിക്കുന്നതാണ്.

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തില 2016-2017 സാമ്പത്തിക വർഷം 47 മത്സ്യത്തൊഴിലാളികൾക്കും 2017-2018 സാമ്പത്തിക വർഷം 69 മത്സ്യത്തൊഴിലാളികൾക്കുമാണ് പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത്.

**റോഡുകൾ നവീകരിക്കുന്നതിന് നടപടി**

261 (5414) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് തീരദേശ വാർഡുകളില്ലാത്ത ഏതെല്ലാം മണ്ഡലങ്ങളിലെ റോഡുകൾ നവീകരിക്കുന്നതിനാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതി നൽകിയത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭരണാനുമതി ലഭിച്ച റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ ഇനംതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന റോഡുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ ശീർഷകത്തിൽ ഉൾപ്പെടുത്തി നിർമ്മിച്ചുവരുന്നത്. ടി നിർവ്വചന പ്രകാരം തീരദേശ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലെയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, എന്നിവയിലേതിലെങ്കിലുംകൂടി കടന്നുപോകുന്ന റോഡുകളേയും കായൽ റിസർവ്വോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിലേയ്ക്കുള്ള റോഡുകൾ ഉൾപ്പെടുത്താവുന്നതാണ്. ഈ മാനദണ്ഡം അനുസരിച്ചുള്ള റോഡുകൾക്കാണ് സർക്കാർ ഭരണാനുമതി നൽകുന്നത്.

**റോഡുകൾ നവീകരിക്കുന്നതിന് ഭരണാനുമതി**

262 (5415) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ വാർഡുകളല്ലാത്ത വാർഡുകളിലെ റോഡുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്; വിശദവിവരം തുക സഹിതം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന റോഡുകളുടെ എസ്റ്റിമേറ്റാണ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുന്നത്. ടി നിർവ്വചന പ്രകാരം തീരദേശത്തെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ എന്നിവയിലേതിലെങ്കിലുംകൂടി കടന്നുപോകുന്ന റോഡുകളേയും, കായൽ റിസർവ്വോയർ തീരങ്ങൾ, സർക്കാർവക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിലേയ്ക്കുള്ള റോഡുകൾ ഉൾപ്പെടുത്താവുന്നതാണ്. തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ തീരദേശ പഞ്ചായത്ത് പൂർണ്ണമായും ഉൾപ്പെടുന്നതിനാൽ തീരദേശ വാർഡ് കൂടാതെ ടി പഞ്ചായത്തിലെ മുഴുവൻ വാർഡിലെയും റോഡുകൾ തീരദേശ റോഡിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. കൂടാതെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലത്തേയ്ക്കുള്ള വാർഡുകളിലെ റോഡുകൾ, കായൽ, റിസർവ്വോയർ തീരങ്ങൾ, മത്സ്യം വളർത്തൽ കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ എന്നിവയും ചെയ്യുന്നുണ്ട്.

(ബി) സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത് തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾക്കാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 466 റോഡുകൾക്കായി 204.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## മത്സ്യമേഖലയിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് സർവ്വേ

263 (5416) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളിക്ക് അർഹമായ വേതനം, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കൽ, ഉപഭോക്താക്കൾക്ക് പഴക്കമില്ലാത്ത ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർവ്വേയ്ക്ക് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് തുടക്കംകുറിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ കാര്യങ്ങളെക്കുറിച്ചാണ് സർവ്വേ നടത്തുന്നത്;

(ഡി) തുറമുഖത്തെത്തിക്കുന്ന മത്സ്യം രാസവസ്തുക്കൾ ചേർക്കാതെ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ വീട്ടുപടിക്കലോ ഔട്ട്ലെറ്റുകളിലോ ലഭ്യമാക്കാൻ പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് അർഹമായ വേതനം, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കൽ, ഉപഭോക്താക്കൾക്ക് പഴക്കമില്ലാത്ത ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ഉദ്ദേശിക്കുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് മത്സ്യത്തൊഴിലാളികളെ ഒഴിവാക്കുന്നതിന് വിവിധ പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരന്റെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനും ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും സഹായകരമായി കേരള മത്സ്യ ലേലം വിപണനം ഗുണനിലവാര പരിപാലന ബിൽ 2018 നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) മത്സ്യവകുപ്പിന്റെയും മത്സ്യഫെഡിന്റെയും ഫീൽഡുതല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കും.

(സി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ ആർജ്ജിക്കുന്നതിന് സഹായിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കൽ, ഇടനിലക്കാരെ ഒഴിവാക്കി ഗുണനിലവാരത്തോടെ മത്സ്യം വിപണനം ചെയ്യാനുള്ള പദ്ധതി രൂപപ്പെടുത്തൽ, മത്സ്യബന്ധന തുറമുഖം/ലാൻഡിംഗ് സെന്റർ മുതൽ അവസാനത്തെ ഉപഭോക്താവ് വരെ ഗുണനിലവാരത്തോടെ മത്സ്യം എത്തിക്കുന്നതിനുള്ള ശൃംഖല രൂപപ്പെടുത്തൽ മുതലായവ ഈ റിപ്പോർട്ടിൽ പരിശോധിക്കപ്പെടുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) മത്സ്യഫെഡ് ആവിഷ്കരിച്ച "തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക്" എന്ന പുതിയ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യം സംഭരണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ മത്സ്യഫെഡ് മുഖേന തയ്യാറാക്കി വരുന്നു. കേരള തീരത്തുടനീളമുള്ള മത്സ്യത്തിന്റെ ലഭ്യതയും തത്സമയ വിലനിലവാരവും അറിയുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. ഇതുവഴി മത്സ്യ സംഭരണം മത്സ്യഫെഡിന് നേരിട്ട് നടത്താൻ കഴിയും. വിഴിഞ്ഞം കേന്ദ്രീകരിച്ച് അന്നന്നുള്ള മത്സ്യം മൊബൈൽ ഫിഷ് മാർട്ട് വഴി "അന്തിപച്ച" എന്ന പേരിൽ വിൽപ്പന നടത്തിവരുന്നു. കൂടാതെ മത്സ്യഫെഡ് വഴി 31 ഫിഷ് മാർട്ട് പ്രവർത്തിപ്പിക്കുന്നു. 2017-18 വർഷത്തിൽ 20 ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

**എറണാകുളം ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

264 (5417) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016, 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ എറണാകുളം ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2015-2016, 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ എറണാകുളം ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതും ഭരണാനുമതി നൽകിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിജസ്ഥിതിയും അനുബന്ധമായി*ചേർത്തിരിക്കുന്നു.

**ചേർത്തല താലൂക്കിലെ ഭരണാനുമതി കിട്ടിയ പ്രവൃത്തികൾ**

265 (5418) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല താലൂക്കിലെ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന ഭരണാനുമതി കിട്ടിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര പദ്ധതികൾക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഓരോ പ്രവൃത്തിയും എത്ര തവണ ടെണ്ടർ ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ഡി) നിരവധി തവണ ടെണ്ടർ ചെയ്തിട്ടും ചേർത്തല താലൂക്കിലെ നിരവധി പ്രവൃത്തികൾ ആരും എടുക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്താണെന്ന് വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഈ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല താലൂക്കിൽ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തി 25 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി&സി) ചേർത്തല താലൂക്കിലെ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 13 പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്ത് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ പേര് | ടെണ്ടർ ചെയ്ത തവണകൾ |
|---|---|---|
| 1 | അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ കുറ്റികാട്ടുമുക്ക് താങ്കേരി റോഡ് | 4 തവണ ടെണ്ടർ ചെയ്തു |
| 2 | അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ തറയിൽ സുബ്രഹ്മണ്യക്ഷേത്രം റോഡ് | 4 തവണ ടെണ്ടർ ചെയ്തു |
| 3 | കോടംതുരുത്ത് പഞ്ചായത്തിലെ പി.എസ്.ഫെറി വഞ്ചിപുരയ്ക്കൽ റോഡ് | 3 തവണ ടെണ്ടർ ചെയ്തു |
| 4 | അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ കടപ്പുറം വെട്ടിത്തറ റോഡ് | 3 തവണ ടെണ്ടർ ചെയ്തു |
| 5 | മധുരക്കുളം പീടികപറമ്പിൽ റോഡ് | 3 തവണ ടെണ്ടർ ചെയ്തു |
| 6 | പാണാവള്ളി ഗ്രാമപഞ്ചായത്തിലെ പള്ളികുളങ്ങര ഗീതാനന്ദപുരം റോഡ് | 3 തവണ ടെണ്ടർ ചെയ്തു |
| 7 | എഴുപുന്ന പഞ്ചായത്തിലെ വിൻസെന്റ് സെന്റ് ഫ്രാൻസിസ് റോഡ് | 1 തവണ ടെണ്ടർ ചെയ്തു |
| 8 | എഴുപുന്ന പഞ്ചായത്തിലെ മറ്റപ്പള്ളി ദിവ്യകാരുണ്യഭവൻ റോഡ് | 2 തവണ ടെണ്ടർ ചെയ്തു |
| 9 | കോടംതുരുത്ത് പഞ്ചായത്ത് ദ്വാരക മൂർത്തിങ്കൽ റോഡ് പള്ളിപ്പുറം പഞ്ചായത്ത് വാഴത്തറ മുതൽ വെസ്റ്റ് പള്ളിപ്പുറം റോഡ് | 2 തവണ ടെണ്ടർ ചെയ്തു |
| 10 | ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്തിലെ അർത്തുങ്കൽ ബെസലിക്ക ചമ്പക്കാട് ജംഗ്ഷൻ റോഡ് | 2 തവണ ടെണ്ടർ ചെയ്തു |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 11 | ചേർത്തല സൗത്ത് പഞ്ചായത്തിലെ മുസ്ലീംപള്ളി പരത്യംപള്ളി റോഡ് - ക്ഷേത്രം റോഡ് | 1 തവണ ടെണ്ടർ ചെയ്തു |
| 12 | ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്തിലെ അർത്തുങ്കൽ ഫിഷ് ലാന്റിംഗ് സെന്റർ ജംഗ്ഷൻ മുതൽ അർത്തുങ്കൽ ഫിഷിംഗ് ഹാർബർ വരെയുള്ള റോഡ് | 1 തവണ ടെണ്ടർ ചെയ്തു |
| 13 | പട്ടണക്കാട് പഞ്ചായത്തിലെ താന്നിക്കൽ- കൈതക്കുന്നേൽ റോഡ് | പ്രവൃത്തി പുരോഗമിക്കുന്നു |

(ഡി) ഉണ്ട്.

ആലപ്പുഴയുടെ കിഴക്കൻ മേഖലയിലെയും സമീപ ജില്ലകളിലെയും പല ക്വാറികളും പ്രവർത്തനരഹിതമായതുമൂലമുണ്ടായ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലവർദ്ധനവും ജി.എസ്.റ്റി. നടപ്പിലാക്കിയപ്പോൾ കരാറുകാർക്കുണ്ടായ ആശങ്കയും പല കരാറുകാരെയും പ്രവൃത്തി ഏറ്റെടുക്കുന്നതിന് വിമുഖരാക്കി. കൂടാതെ ആലപ്പുഴ ജില്ലയിൽ ഫില്ലിങ്ങിനുള്ള ഗ്രാവൽ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് കരാറുകാർ പ്രവൃത്തിയിൽ നിന്ന് വിട്ടുനിൽക്കുന്നതിനുള്ള കാരണമായിട്ടുണ്ട്.

(ഇ) കരാറുകാരെ ടെണ്ടറിൽ പങ്കെടുപ്പിക്കുന്നതിന് നേരിട്ടും ജനപ്രതിനിധികൾ മുഖാന്തരവും ശ്രമിക്കുന്നുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

266 (5419) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ;

(ഡി) പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ 9 റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചു. ഇതിൽ 8 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2 റോഡ് പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി-ഡി) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ വിശദവിവരം നിലവിലെ സ്ഥിതി ഉൾപ്പെടെ ചുവടെ ചേർക്കുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പ്രായിക്കര തറയിൽ മുക്ക്-കടത്തുകടവ് റോഡ് | 28.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | വള്ളിക്കുന്നം പള്ളിക്കത്തറ-കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിവേകാനന്ദ ജംഗ്ഷൻ-മാവോലിമുക്ക് ടി.എ. കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | ആശാൻമുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | 10% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104.00 | 5% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 6 | കല്ലിൽക്കുന്നിൽ മുക്ക് കുമ്പിളുമല പള്ളി റോഡ് | 77.91 | പ്രവൃത്തി കരാർവച്ച് പണി ആരംഭിച്ചിട്ടുണ്ട്. |
| 7 | വള്ളിക്കുന്നം-കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 46.00 | ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 8 | താമരക്കുളം ജംഗ്ഷൻ-നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 9 | വള്ളിക്കുന്നം പഞ്ചായത്തിലെ പടയണിവട്ടം മണാട്ടുകുളം റോഡ് | | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർക്കാരിലേയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടില്ല. |

**നീർക്കടവ് ഫിഷിംഗ് ഹാർബർ പദ്ധതി**

267 (5420) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ നീർക്കടവ് ഫിഷിംഗ് ഹാർബർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശിപാർശ സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി സംബന്ധിച്ച സർക്കാർ ഫയലിന്റെ നമ്പരും നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് നിലവിലുള്ള തടസ്സം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) നീർക്കടവ് ഫിഷിംഗ് ഹാർബർ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) അഴീക്കോട് നീർക്കടവ് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്ന വിഷയം ബി2/91/16/മതുവ. എന്ന ഫയലിൽ പരിശോധിക്കുകയും നിർമ്മാണത്തിലിരിക്കുന്നതും ഇതുവരെയും പൂർത്തീകരിക്കാത്തതുമായ മത്സ്യബന്ധന ഹാർബറുകളും ലാന്റിംഗ് സെന്ററുകളും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാണ് സർക്കാരിന്റെ മുൻഗണനയെന്നതിനാൽ തത്ക്കാലം അനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## തിരൂരങ്ങാടി മണ്ഡലത്തിലെ റോഡ് നവീകരണം

268 (5421) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയത്;

(ബി) ഈ റോഡുകളുടെ പേരുകളും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിലെ 10 റോഡ് പ്രവൃത്തികൾക്കായി 345.48 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി മന്നുളം സൗത്ത് റോഡ് | 40.90 |
| 2 | മണലിപ്പാടം റോഡ് | 29.69 |
| 3 | കളരിക്കൽ സദ്ദാം ബീച്ച് റോഡ് | 29.58 |
| 4 | പരപ്പനങ്ങാടി കലങ്ങോട് റോഡ് | 20.70 |
| 5 | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി കെ.റ്റി.നഗർ സബ് സെന്റർ കുഞ്ഞിത്തോട് ബീച്ച് റോഡ് | 44.10 |
| 6 | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി പ്രയാഗ് റോഡ്-പുത്തൻകടപ്പുറം റോഡ് | 55.00 |
| 7 | കുറ്റിയിൽ-വാക്കയിൽ റോഡ് | 7.80 |
| 8 | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി ഫിഷറീസ് കോളനി റോഡ് | 40.91 |
| 9 | തൊട്ടുവിൽ പാത്ത് വേ | 7.50 |
| 10 | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി വാർഡ് 45, കല്ലിങ്കൽ റോഡ് | 69.30 |
| | ആകെ | 345.48 |

## കാപ്പെക്സിന് 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക

269 (T*5422) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പെക്സിന് 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ അനുവദിച്ച തുകയുടെ എട്ടിരട്ടിയിൽ കൂടുതൽ തുക ചെലവാക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കാപ്പെക്സിനുവേണ്ടി പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാപ്പെക്സിന് തോട്ടണ്ടി ലഭ്യമാക്കി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനായി 2016-17-ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി തുക രണ്ട് തവണകളായി 2017-18-ൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ ബോണസ് നൽകുന്നതിന് 4.15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ഷെയർക്യാപ്പിറ്റൽ വിഹിതമായി 4 കോടി രൂപയും കമ്പോളവല്ക്കരണത്തിനും ആഗോള-ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി 40 ലക്ഷം രൂപയും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ചെറുകിട കശുവണ്ടി കർഷകരുടെ പ്രതിസന്ധി**

270 (5423) <u>ശ്രീ. കെ. എൻ. എ. ഖാദർ:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കാരണം സംസ്ഥാനത്തെ ആയിരക്കണക്കിന് ചെറുകിട കശുവണ്ടി കർഷകർ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന്റെ കശുവണ്ടി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കശുവണ്ടി ഉല്പാദനത്തിനും വികസനത്തിനുമായി പ്രതിവർഷം കോടിക്കണക്കിന് രൂപ സർക്കാർ ചെലവഴിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള ഉല്പാദനവും വളർച്ചയും ഈ രംഗത്ത് കൈവരിക്കുന്നില്ല എന്നതിനാൽ ഇവ ഫലപ്രദമാക്കാൻ കൂടുതലായി എന്തു നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥ വ്യതിയാനംമൂലം ചെറുകിട കർഷകർ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയവും കശുവണ്ടി വ്യവസായം നേരിടുന്ന അനിശ്ചിതാവസ്ഥയുമാണ് കർഷകരെ പ്രതിസന്ധിയിലാക്കിയത്.

(ബി) കേരളത്തിന്റെ കശുവണ്ടി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2011-12 കാലയളവിൽ ആഭ്യന്തര ഉൽപ്പാദനം 39000 മെട്രിക് ടൺ ആയിരുന്നു. 2016-17-ൽ ഉൽപാദനം 83000 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകി ധനസഹായം നൽകുന്ന കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2016-17-ൽ 5 കോടി രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും 3.89 കോടി രൂപയാണ് കശുമാവ് കൃഷി വികസന ഏജൻസിക്ക് ലഭിച്ചിട്ടുള്ളത്.

2017-ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്ത് 350000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 300 ഏക്കർ സ്ഥലത്ത് 2017-ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018-ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്.

സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകിവരുന്നു.

കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി ആർ.പി.എൽ., ബീ ബീ എസ്റ്റേറ്റ് പുനലൂർ, ചെമ്പന്തുർ ഹൈസ്കൂൾ, പുനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്.

**സംസ്ഥാനത്തെ കശുമാവ് കൃഷി**

271 (T*5424) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടറിലാണ് കശുമാവ് കൃഷിയുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര ടൺ കശുവണ്ടി ഉല്പാദിപ്പിക്കുന്നുണ്ട്; ഇത് സംസ്ഥാനത്ത് കശുവണ്ടി സംസ്കരണ ഫാക്ടറികൾക്ക് ആവശ്യമുള്ളതിന്റെ എത്ര ശതമാനം വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) തരിശുരഹിത സംസ്ഥാനം പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവ് കൃഷിയ്ക്ക് അനുയോജ്യമായതും തരിശുകിടക്കുന്നതും ആയ സ്ഥലങ്ങളിൽ കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 87894 ഹെക്ടറിൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | - 1860 ഹെക്ടർ |
| കൊല്ലം | - 4692 ഹെക്ടർ |
| പത്തനംതിട്ട | - 869 ഹെക്ടർ |
| ആലപ്പുഴ | - 3584 ഹെക്ടർ |

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| | |
|---|---|
| കോട്ടയം | - 656 ഹെക്ടർ |
| ഇടുക്കി | - 2095 ഹെക്ടർ |
| എറണാകുളം | - 907 ഹെക്ടർ |
| തൃശ്ശൂർ | - 3607 ഹെക്ടർ |
| പാലക്കാട് | - 5482 ഹെക്ടർ |
| മലപ്പുറം | - 5956 ഹെക്ടർ |
| കോഴിക്കോട് | - 4005 ഹെക്ടർ |
| വയനാട് | - 2018 ഹെക്ടർ |
| കണ്ണൂർ | - 33763 ഹെക്ടർ |
| കാസർഗോഡ് | - 18480 ഹെക്ടർ |

(ബി) ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് & കൊക്കോ ഡെവലപ്മെന്റിന്റെ 2016-17-ലെ കണക്ക് പ്രകാരം ആഭ്യന്തര ഉൽപ്പാദനം 83980 മെട്രിക് ടൺ ആയിരുന്നു. ഇത് ഏകദേശം സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ ഫാക്ടറികൾക്ക് ആവശ്യമുള്ളതിന്റെ 14% ആയിരുന്നു.

(സി) പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഇതിനകം ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടിമാറ്റി പകരം കശുമാവ് തൈകൾ വച്ചുപിടിപ്പിക്കുവാൻ മന്ത്രിമാരുൾപ്പെട്ട ഉന്നതതല യോഗത്തിൽ തീരുമാനിക്കുകയും തുടർന്ന് വനം വകുപ്പിന്റെ കീഴിലുള്ള 300 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. വരുംവർഷം 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനും വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെകീഴിലുള്ള 305 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുവാനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂരിലുള്ള 53 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടം ആരംഭിച്ചിട്ടുണ്ട്.

അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരളയുടെ അംഗങ്ങൾ തോട്ടവിള അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഴ്സ് പ്രതിനിധികളുമായി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ചർച്ചയിൽ ഉൽപാദനം

കുറവുള്ള റബ്ബർ പ്ലാന്റേഷനിൽ റബ്ബറിനു പകരം എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

## കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം

272 (5425) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കശുമാവ് കൃഷിയെ തോട്ടവിള നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നാലുള്ള ഗുണഫലങ്ങൾ എന്തെല്ലാമാണ്; ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

### ഉത്തരം

(എ) കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകി ധനസഹായം നൽകുന്ന വിവിധ പദ്ധതികൾ കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം നടപ്പിലാക്കിവരുന്നു.

2017-ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്ത് 350000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 300 ഏക്കർ സ്ഥലത്ത് 2017-ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018-ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. തോട്ടം അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്ന കാര്യം തോട്ടം ഉടമകളുടെ സാന്നിദ്ധ്യത്തിൽ കശുവണ്ടി വ്യവസായ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി

ചർച്ച ചെയ്യുകയും ബന്ധപ്പെട്ട സ്ഥലത്തെ സംബന്ധിച്ചുള്ള റവന്യൂ അധികാരികളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അത്തരം സ്ഥലങ്ങളിൽ കശുമാവ് കൃഷി അനുവദിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോട് അനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപാദിപ്പിക്കുന്നുണ്ട്.

കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി ആർ.പി.എൽ., ബീ ബീ എസ്റ്റേറ്റ് പുനലൂർ, ചെമ്പന്നൂർ ഹൈസ്കൂൾ, പുനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്.

(ബി) 1963-ലെ ഭൂപരിഷ്കരണ നിയമം 2-ാം ഭേദഗതിയോടെ 2012 ജൂൺ 19-ാം തീയതിയിലെ ഉത്തരവ് പ്രകാരം 150 തൈകളോ അതിൽ കൂടുതലോ കശുമാവ് തൈകൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളെ തോട്ടവിളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കശുമാവ് കൃഷിയെ തോട്ടവിള പരിധിയിൽ കൊണ്ടുവന്നാൽ കൂടുതൽ മേഖലകളിലേക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കുവാനും അതുവഴി ആഭ്യന്തര ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും സാധിക്കും. കൂടാതെ ഉൽപാദനം കുറവുള്ള റബ്ബർ മേഖലകൾ, പവർ ഗ്രിഡിന് താഴെയുള്ള സ്ഥലങ്ങൾ, മറ്റ് കൃഷികൾ ഒന്നുംചെയ്യാൻ പറ്റാത്ത ഭൂമികൾ, തരിശായി കിടക്കുന്ന സ്ഥലങ്ങളിലും അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് തൈകൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 5289, 5391 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

### ക്രമസമാധാനത്തകർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്തെ ഒരുപറ്റം പോലീസുകാർ നടത്തുന്ന അതിക്രമങ്ങളും ചില സന്ദർഭങ്ങളിൽ നടത്തുന്ന ബോധപൂർവമായ നിഷ്ക്രിയത്വവുംമൂലം സംസ്ഥാനത്തെ നിയമസംവിധാനത്തിന്റെ സന്തുലിതാവസ്ഥ തകരുകയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലാത്ത അവസ്ഥയിലേയ്ക്ക് എത്തിച്ചേരുന്നതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. എൻ. എ. ഖാദർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വ്യത്യസ്ത കാലഘട്ടങ്ങളിലായി വ്യത്യസ്ത ദിവസങ്ങളിൽ നടന്ന പ്രധാനപ്പെട്ട ആറ് സംഭവങ്ങളെ സംബന്ധിച്ച അടിയന്തര പ്രമേയാവതരണാനുമതിക്കുള്ള നോട്ടീസാണ് ഇവിടെ നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ നിയമസമാധാന പാലനത്തെക്കുറിച്ച് അടിയന്തരപ്രമേയ നോട്ടീസിൽ ആരോപിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും വസ്തുതകൾ മനസ്സിലാക്കിക്കൊണ്ടുള്ളതല്ല. സംസ്ഥാനത്തെ ക്രമസമാധാനനില ഏറ്റവും ഭദ്രമാണ്. അതിന്റെ ഫലമായാണ് ക്രമസമാധാന പാലനരംഗത്ത് സംസ്ഥാന സർക്കാരിന് നിരവധി അവാർഡുകൾ ലഭിച്ചിട്ടുള്ളത്. മാത്രമല്ല, പോലീസിന്റെ ആധുനികവത്കരണത്തിനും ജനസൗഹൃദമാക്കിമാറ്റുന്നതിനുമുള്ള പരിപാടികൾക്ക് വലിയ അംഗീകാരം രാജ്യത്താകമാനമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ ഘട്ടത്തിലാണ് നിർഭാഗ്യവശാൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ക്രമസമാധാനനില തകർന്നുവെന്ന നിലപാട് സ്വീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ പൊതുനയത്തിന് വിരുദ്ധമായ നിലപാടുകൾ പോലീസ് സ്വീകരിക്കുന്ന ഘട്ടങ്ങളിൽ അവയ്ക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ഓരോ സംഭവങ്ങളും പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഇത്തരം മാതൃകാപരമായ നടപടികളാണ് ക്രമസമാധാനനില ഭദ്രമാക്കുന്നതിനും രാജ്യവ്യാപകമായ അംഗീകാരം പോലീസിന് ലഭിക്കുന്നതിനും ഇടയാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് പോലീസ് അതിക്രമങ്ങൾ നടത്തുന്നുവെന്ന് പറയുന്നത് ശരിയല്ല. ക്രമസമാധാനപരിപാലനവുമായി ബന്ധപ്പെട്ട് അടുത്ത ദിവസങ്ങളിലുണ്ടായ ഏതാനും സംഭവങ്ങളെക്കുറിച്ച് ചില പരാതികൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സംഭവങ്ങളിൽ പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നിയമനടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതാണ്. നിയമലംഘനവും മനുഷ്യാവകാശ ധ്വംസനവും നടത്തുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെയും സർക്കാർ സർവ്വീസിൽ വച്ചുപൊറുപ്പിക്കില്ലെന്ന ശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയതുമാണ്. ആലപ്പുഴ കഞ്ഞിക്കുഴിയിൽ 11-3-2018-ന് പുലർച്ചെ ഒന്നേകാൽ മണിയോടെ ഹൈവേ പോലീസിന്റെ പട്രോളിംഗ് ഡ്യൂട്ടിക്കിടെയുണ്ടായ റോഡപകടത്തിൽ വച്ച് 25 വയസ്സുള്ള വിച്ചു എന്നയാൾ മരണപ്പെട്ടു. അപകടത്തിൽ പരിക്കേറ്റ ഷേബുവിന്റെ ഭാര്യ സുമി, 34 വയസ്സ് 24-3-2018-നും മരണപ്പെട്ടു. പരിക്കേറ്റവരെ പോലീസ് വാഹനത്തിൽത്തന്നെ ആശുപത്രിയിലെത്തിച്ച് ചികിത്സയിലിരിക്കെയാണ് മരണപ്പെട്ടത്. സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ട ഹൈവേ പട്രോൾ വാഹനത്തിന്റെ ചാർജ്ജുണ്ടായിരുന്ന കുത്തിയതോട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സോമനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തു. മറ്റ് രണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിച്ചു.

24-3-2018-ന് മലപ്പുറം കോട്ടയ്ക്കലിൽ വി.വി.ഐ.പി.-യുടെ വാഹന വ്യൂഹത്തിനിടയിലേയ്ക്ക് കാർ ഓടിച്ചുവന്നത് തടയാനുള്ള പോലീസ് ശ്രമത്തിനിടെ ഡ്രൈവർ ജനാർദ്ദനന്റെ മൂക്കിന് പരിക്കേറ്റ സംഭവമുണ്ടായി. അപ്പോൾത്തന്നെ പോലീസ് വാഹനത്തിൽ ജനാർദ്ദനനെ കോട്ടയ്ക്കൽ അൽമാസ് ആശുപത്രിയിലെത്തിച്ച് മതിയായ ചികിത്സ നൽകിയിട്ടുള്ളതുമാണ്. എന്നാലും ഇക്കാര്യത്തിൽ ജനാർദ്ദനൻ നൽകിയ മൊഴി പ്രകാരം പോലീസ് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ അനന്തര നടപടിയെടുക്കുന്നതിന് മലപ്പുറം ഫസ്റ്റ് ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ അനുമതിയും തേടിയിട്ടുണ്ട്. സംഭവുമായി ബന്ധപ്പെട്ട് ഗ്രേഡ് എ.എസ്.ഐ. ബെന്നിയെ തൽസ്ഥാനത്തുനിന്ന് മാറ്റുകയും ഇന്റൻസീവ് ട്രെയിനിംഗിനായി തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലേയ്ക്ക് അയയ്ക്കുകയും സംഭവത്തെ സംബന്ധിച്ച വിശദമായ അന്വേഷണത്തിന് തിരൂർ പോലീസ് ഇൻസ്പെക്ടറെ (ഇപ്പോഴത്തെ സി.ഐ.) ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

മലയിൻകീഴ് പോലീസ് സ്റ്റേഷൻ പരിധിയിലെ വിളവൂർക്കലിൽ കൃഷ്ണൻകുട്ടി നായർ എന്നയാൾ തന്റെവക നാലേക്കർ പുരയിടത്തിൽ പാട്ടവ്യവസ്ഥയിൽ കൃഷിചെയ്തുവന്ന കരിപ്പൂർ നിവാസി അപ്പു നാടാർ എന്നയാൾ ധാരണയ്ക്കനുസരിച്ച് കൃഷ്ണൻകുട്ടി നായർക്ക് നൽകാനുള്ള തുക കുടിശ്ശിക വരുത്തിയെന്ന് കൃഷ്ണൻകുട്ടി നായർ നൽകിയ ഒരു പരാതിയുണ്ടായിരുന്നു. അതിന്റെ ഭാഗമായി 21-3-2018-ന് ഇരുകക്ഷികളെയും സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ച് സംസാരിച്ച് ഒത്തുതീർപ്പ് വ്യവസ്ഥ സമ്മതിച്ച് ഒപ്പിട്ട് സ്റ്റേഷനിൽ നിന്നും വിട്ടുപോയിട്ടുള്ളതാണ്. സിവിൽ

സ്വഭാവത്തിലുള്ള പരാതിയായതിനാൽ നിയമാനുസൃതം കൈക്കൊള്ളേണ്ട നടപടികൾ മാത്രമാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായത്. എന്നാൽ 23-3-2018-ന് അപ്പു നാടാർ തൂങ്ങിമരിച്ചതായി കാണപ്പെട്ടു. ഇക്കാര്യത്തിൽ സി.ആർ.പി.സി. 174 വകുപ്പുപ്രകാരം ക്രൈം 399/18 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

കോട്ടയം ഈരാറ്റുപേട്ടയിൽ 14-3-2018-ൽ ബൈക്ക് യാത്രികനോട് എസ്.ഐ. അപമര്യാദയായി പെരുമാറിയ സംഭവത്തിൽ എസ്.ഐ. മഞ്ജുദാസിനെ തൽസ്ഥാനത്തുനിന്ന് മാറ്റുകയും ഇന്റൻസീവ് ട്രെയിനിംഗിന്റെ ഭാഗമായി മാങ്ങാട്ടുപറമ്പ് കെ.എ.പി. IV ബറ്റാലിയനിലേയ്ക്ക് മാറ്റിയിട്ടുമുണ്ട്. എസ്.ഐ.-യുടെ പെരുമാറ്റം ഒരു രൂപത്തിലും പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്നുള്ളത് നേരിട്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തത്. ദേഹോപദ്രവമൊന്നും അവിടെ ഏൽപ്പിച്ചതായുള്ള പരാതിയില്ല.

വിതുര ബോണക്കാട് കുരിശുമലയിൽ പോലീസ് മനഃപൂർവ്വം ആരെയും ഉപദ്രവിച്ചിട്ടില്ല. 2017-ലെ ഹൈക്കോടതി വിധിയെത്തുടർന്ന് ബോണക്കാട് വനഭൂമിയിൽ കയറുന്നതിന് ചില നിയന്ത്രണങ്ങൾ പോലീസ് ഏർപ്പെടുത്തുകയുണ്ടായി. വിലക്ക് ലംഘിച്ച് ബോണക്കാട് വനഭൂമിയിൽ കയറാൻ ശ്രമിച്ചവർക്കെതിരെ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുക മാത്രമാണ് പോലീസ് ചെയ്തിട്ടുള്ളത്. ഹൈക്കോടതി സ്റ്റാറ്റസ്കോ നിലനിർത്തണമെന്നാണ് ആദ്യവിധിയിൽ പറഞ്ഞതെങ്കിലും 20-3-2018-ൽ ബോണക്കാട് വനഭൂമിയിൽ ആരും അതിക്രമിച്ച് കടക്കാൻ പാടില്ലെന്ന വ്യക്തമായ വിധി കോടതിയുടെ ഭാഗത്തുനിന്നുണ്ടായി. ഇപ്പോൾ 21-3-2018 മുതൽ 25-3-2018 വരെയുള്ള വിശേഷാൽ ദിവസങ്ങളിൽ വിശ്വാസികൾ കുരിശുമലയിൽ യാതൊരു പ്രയാസവുമില്ലാതെ തീർത്ഥാടനത്തിന് പോകുകയാണ്. അവരാരും വിവാദ വനഭൂമിയിൽ കയറിയില്ല. ബോണക്കാട് പള്ളിയിൽ വച്ചാണ് ആരാധന നടത്തിയത്.

കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ ഷുഹൈബ് വധക്കേസിലെ പ്രതികളെ തിരിച്ചറിയുന്നതിന് കോടതി ഉത്തരവുപ്രകാരം ഹാജരാക്കിയ നൗഷാദ്, മൊയ്നുദ്ദീൻ, റിയാസ് എന്നിവരെ തിരിച്ചറിയൽ പരേഡ് കഴിഞ്ഞ് ജയിലിലിരിക്കുന്ന സമയം തിരിച്ചറിഞ്ഞ പ്രതികളിൽ ഒരാൾ ഭീഷണിപ്പെടുത്തി എന്ന പരാതിയിൽ ഐ.പി.സി. 506 വകുപ്പ് പ്രകാരം ക്രൈം 240/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

5-1-2018, 11-3-2018, 23-3-2018, 24-3-2018 എന്നീ വ്യത്യസ്ത തീയതികളിലെ സംഭവങ്ങളെക്കുറിച്ചാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ്

നൽകിയിട്ടുള്ളത്. ഇതിൽ പലതും നേരത്തെ സബ്മിഷനായും മറ്റും ഈ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. അടിയന്തരപ്രമേയം സംബന്ധിച്ച ചട്ടത്തിൽ അടിയന്തര പ്രമേയം ആനുകാലികവും നിയതവുമായ സംഭവങ്ങളെക്കുറിച്ചായിരിക്കണമെന്ന വ്യവസ്ഥയുള്ളത് ബഹു. ചെയറിനെ ഓർമ്മപ്പെടുത്തേണ്ട യാതൊരു ആവശ്യവുമില്ല. 2017-ൽ നടന്ന സംഭവങ്ങളെവരെ ഇപ്പോൾ ഒരു അടിയന്തരപ്രമേയമായി പ്രതിപക്ഷം കൊണ്ടുവരുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ അടിയന്തര സ്വഭാവമുള്ള യാതൊന്നും ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളിലില്ല. എല്ലാ സംഭവങ്ങളിലും ഒരു ഗവൺമെന്റിന് നിയമാനുസൃതമായ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമോ അതൊക്കെ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ടതില്ല. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെ പൊതുവായി ചിത്രീകരിക്കുന്ന രീതി ഒരു രൂപത്തിലും പ്രോത്സാഹിപ്പിക്കുവാനും പാടില്ല. സംസ്ഥാനത്തെ ക്രമസമാധാനനില പൊതുവെ തൃപ്തികരവും പോലീസ് നടപടികൾ അഴിമതിരഹിതവുമാണ്. ഈ മേഖലയിലെ സുപ്രധാനമായ പരിഷ്കാരങ്ങൾ രാജ്യത്തിനാകമാനം മാതൃകയായി മാറിയിരിക്കുന്ന ഘട്ടത്തിൽ ഇത്തരം പ്രമേയങ്ങളുടെ പ്രസക്തിയെക്കുറിച്ചും ബന്ധപ്പെട്ടവർ ചിന്തിക്കേണ്ടതാണ് എന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. മറ്റുകാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രമേയാവതരണത്തിനുശേഷം പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പീഡാനുഭവങ്ങളുടെ ആഴ്ചയാണിത്. സംസ്ഥാനത്തൊട്ടാകെ പോലീസിന്റെ ഭീകര പീഡനം ജനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. കയറൂരിവിട്ട പോലീസിന്റെ ഭീകരമുഖമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിക്കകത്തുപോലും പൊതുവെ സമ്മതമാണെന്ന് പറഞ്ഞാൽ, ഇവിടെ സംഭവങ്ങളൊക്കെ നടക്കുന്നുണ്ടെന്നാണ് അതിന്റെ മറുവശമായി വരുന്നത്. പോലീസിന്റെ പെരുമാറ്റത്തെക്കുറിച്ച് മന്ത്രിക്കുപോലും ആക്ഷേപമുള്ളതായാണ് മറുപടിയിൽനിന്ന് എനിക്ക് മനസ്സിലായത്. അടിയന്തരപ്രമേയത്തിന്റെ സാംഗത്യത്തെക്കുറിച്ചാണ് അങ്ങ് ചോദ്യം ചെയ്യുന്നത്. അങ്ങനെയൊരു സാംഗത്യമുണ്ടോ; സ്പീക്കർ അനുവദിച്ചാൽ റൂൾ 50 പ്രകാരം അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത് ഞങ്ങളുടെ അവകാശമല്ലേ; ഫ്ലോറിൽ വന്നതിനുശേഷം അതിന്റെ സാംഗത്യത്തെക്കുറിച്ച് പറയുന്നത് കോടതി അടച്ചിട്ട് ലോ പോയിന്റ് പറയുന്നതിന് തുല്യമല്ലേ? ആ രൂപത്തിലുള്ള സമീപനം അങ്ങ് എടുക്കരുതായിരുന്നു എന്നുള്ളതാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഇന്നത്തെ മാതൃഭൂമി പത്രം അങ്ങ് വായിക്കണം. അതിൽ കൊല്ലുന്ന പോലീസ്, തെറി പറയുന്ന പോലീസ്, ഇടിയൻ

പോലീസ് എന്നൊക്കെയാണുള്ളത്. സാധാരണ രൂപത്തിലുള്ള നടപടി എടുത്തുവെന്നാണ് പറയുന്നത്. സസ്പെന്റ് ചെയ്തുവെന്ന് പറഞ്ഞാൽ അതൊരു പണിഷ്മെന്റാണോ? അങ്ങേയ്ക്ക് അത് കൃത്യമായി അറിയാമല്ലോ, അങ്ങ് നിയമ വകുപ്പുമന്ത്രിയല്ലേ? സസ്പെൻഷൻ എന്നുപറയുന്നത് പണിഷ്മെന്റല്ല. ഞങ്ങൾ എന്തോ നടപടിയെടുത്തു എന്നുപറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ? ഇവിടെ അടിക്കടി ആവർത്തിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ജനങ്ങളുടെ വേദനയും ദുഃഖവും കൂട്ടുകയാണ്. അതിന് ഈ ഗവൺമെന്റ് കൂട്ട് നിൽക്കുകയാണ്. അങ്ങിവിടെ തിരുവനന്തപുരത്തെ രണ്ട് സംഭവത്തെക്കുറിച്ചും ആലപ്പുഴ ജില്ലയിലെ കണിച്ചുകുളങ്ങര ക്ഷേത്രത്തിൽ ദർശനം കഴിഞ്ഞുപോയ ആളുകൾക്കുണ്ടായ വിഷമത്തെക്കുറിച്ചും എറണാകുളത്തും മലപ്പുറത്തുമുണ്ടായ സംഭവത്തെക്കുറിച്ചും പറഞ്ഞു. പോലീസുകാരെ മര്യാദ പഠിപ്പിക്കുമെന്ന് പറഞ്ഞ് ഡി.ജി.പി. സർക്കുലർ അയച്ചത് എന്റെ കയ്യിലുണ്ട്. പോലീസിനെ മര്യാദ പഠിപ്പിക്കാൻ ശ്രമിക്കുന്ന ഡി.ജി.പി. പോലും ഈ വിഷയം കേൾക്കുന്നതിന് ഇവിടെ വന്നിട്ടില്ല. അത്രയ്ക്ക് പ്രാധാന്യമേ അവർ ഇതിന് കൊടുത്തിട്ടുള്ളൂ. ഇവിടെ എന്തുപറഞ്ഞാലും പോലീസ് ചെയ്യേണ്ട പണി വേറെ ആളുകൾ ചെയ്യും എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. ഇവരെ നിയന്ത്രിക്കാൻ ആർക്കെങ്കിലും പറ്റുമോ? ഇന്നത്തെ മാതൃഭൂമി പത്രത്തിൽ അങ്ങയുടെ പാർട്ടിപോലും പ്രതിഷേധിച്ച ഒരു വാർത്തയുണ്ട്. പറവൂരിൽ നിയമ വിദ്യാർത്ഥിനിയായ പെൺകുട്ടി വഴിയിലൂടെ പോകുമ്പോൾ രണ്ട് ആളുകൾ ബൈക്ക് ഓടിച്ച് വന്ന് പെൺകുട്ടിയെ ഇടിച്ചു, ഓടി വന്ന അച്ഛനെ തല്ലി ഓടയ്ക്കകത്തിട്ടു. അങ്ങയുടെ പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയാണ് പോലീസ് അപമര്യാദ കാണിച്ചു എന്നുപറഞ്ഞത്. അങ്ങാണോ ഇതിന് ഗുഡ് സർട്ടിഫിക്കറ്റ് കിട്ടി എന്നുപറയുന്നത്. കമ്പ്യൂട്ടറിൽ റിപ്പോർട്ട് അയച്ച് ഡൽഹിയിൽനിന്ന് ഒരു അവാർഡ് സംഘടിപ്പിച്ചു കൊണ്ടുവരുന്നത് എന്ത് ഗുഡ് സർട്ടിഫിക്കറ്റാണ് എന്നുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അത് ഗുഡ് സർട്ടിഫിക്കറ്റിൽപ്പെട്ടതാണോ? കേരളത്തിലെ പോലീസ് ഇവിടെ ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഒന്നൊന്നായി പറയാതിരിക്കാൻ കഴിയുമോ? എറണാകുളം ജില്ലയിലെ പുത്തൻകുരിശിൽ നിരപരാധികളായ രണ്ട് ആളുകളെ പോലീസ് കയ്യോടെ പിടിക്കുകയാണ്. അവർക്കെതിരെ പീഡന കുറ്റമുണ്ടെന്ന് ആരോപിക്കുകയാണ്. ഞങ്ങളൊന്നും ചെയ്തിട്ടില്ലെന്ന് അവർ പറഞ്ഞിട്ടും നിങ്ങളാണ് ചെയ്തതെന്നാണ് പോലീസിന്റെപക്ഷം. അവസാനം പീഡനത്തിനിരയായ സ്ത്രീ വന്നിട്ട് ഇവരാരും കുറ്റക്കാരല്ലായെന്ന് പറഞ്ഞു. ഇളിഭ്യരായ പോലീസ് പാവപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകരെ വിട്ടിട്ട് വേറെ പണിക്ക് പോകേണ്ടി വന്നു. 24-ാം തീയതിയിലെ ചോദ്യപേപ്പർ ചോർച്ചക്കെതിരെ പ്രതിഷേധിക്കുന്നതിനുവേണ്ടി കുട്ടികൾ സമരം ചെയ്തു. തൃശ്ശൂരിൽ

പ്രകടനം നടത്തിയ മിഥുൻ മോഹൻ, സജീർ ബാബു എന്നീ വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിച്ചു. ചോദ്യപേപ്പർ ചോർച്ചയെ ചോദ്യം ചെയ്താൽ ഇടിക്കുന്നു, എന്നിട്ട് അവരെ ആശുപത്രിയിൽ കൊണ്ടുപോയി കള്ളക്കേസ് എടുക്കുന്നു. എന്ത് പോലീസിംഗ് ആണ് ഇവിടെ നടക്കുന്നത്? ഇതിനെ മാന്യമായ പോലീസിംഗ് എന്നുപറയാൻ കഴിയുമോ? ഗവർണർക്ക് നടക്കാൻ വഴി ഒരുക്കിയ സംഭവം അങ്ങ് പറഞ്ഞതുപോലെയല്ല, അങ്ങ് ആ സംഭവത്തെ നിസ്സാരവത്കരിച്ചു. പാവപ്പെട്ട ആ മനുഷ്യനെ, എന്തെടാ നിനക്ക് വണ്ടി സൈഡാക്കാൻ അറിയില്ലേ എന്ന് ചോദിച്ചുകൊണ്ട് മുഷ്ടിചുരുട്ടി മൂക്കിടിച്ച് പൊട്ടിച്ചു. സീനിയർ സിറ്റിസണായ, റെയിൽവേ സ്റ്റേഷനിൽ സ്റ്റേഷൻ മാസ്റ്ററായിരുന്ന 69 വയസ്സുള്ള സാധുവായ മനുഷ്യന്റെ മുഖത്തടിച്ചിട്ട് അവർക്കെതിരെ നടപടി എടുത്തുവെന്ന് പറഞ്ഞാൽ എന്ത് കാര്യമാണുള്ളത്?

കണിച്ചുകുളങ്ങര സംഭവത്തിൽ നിങ്ങൾക്കുപോലും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യേണ്ടി വന്നു. കണിച്ചുകുളങ്ങര ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങിവന്ന ഭർത്താവും ഭാര്യയും രണ്ട് കുട്ടികളുമടങ്ങുന്ന ഭക്തരായ കുടുംബം, അവരുടെ മുമ്പിലുള്ള ബൈക്കിൽ പോലീസ് ജീപ്പ് ഇടിച്ചുകയറ്റി ക്രോസ് ചെയ്തുനിർത്തി. അതിനെതിരെ വന്ന ബൈക്കിടിച്ച് ഒരാൾ അവിടെ വച്ചുതന്നെ മരിച്ചു. മറ്റൊരാളായ സുമിയെ കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും 15 ദിവസം കഴിഞ്ഞപ്പോൾ ആ സ്ത്രീ മരിക്കുകയും ചെയ്തു. ഭർത്താവിന്റെ നട്ടെല്ല് ഒടിഞ്ഞ് അനങ്ങാൻ നിവൃത്തിയില്ലാത്ത അവസ്ഥയിലാണ്. എന്ത് നടപടിയാണ് സ്വീകരിച്ചത്? രണ്ട് കുഞ്ഞുങ്ങൾക്കും ഗുരുതരമായ പരിക്കുപറ്റി. എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ? ഇതിന് ഗവൺമെന്റാണ് ഉത്തരവാദി. പോലീസ് കുപ്പായമിട്ട് അനീതി കാണിച്ചാൽ ആ പോലീസുകാരന്റെ കയ്യിൽനിന്ന് കോമ്പൻസേഷൻ വാങ്ങി ആ കുടുംബത്തിന് കൊടുക്കാനുള്ള നടപടി എടുക്കുകയല്ലേ ചെയ്യേണ്ടത്? ഗവൺമെന്റിന് ഒഴിയാൻ കഴിയുമോ; ഉദ്യോഗസ്ഥൻ ചെയ്യുന്ന പ്രവർത്തനത്തിന് ഈ ഗവൺമെന്റിന് ഉത്തരവാദിത്വമില്ലായെന്ന് പറഞ്ഞുകൊണ്ടുമാത്രം കാര്യങ്ങൾക്ക് തീരുമാനമാകുമോ? ആ കുടുംബം നമ്മുടെ മുമ്പിൽ ചോദ്യചിഹ്നമായി നിൽക്കുകയാണ്. ഗവൺമെന്റ് ഒരു കാരണവശാലും അത് ചെയ്യരുതായിരുന്നു. തണ്ണീർത്തട ബിൽ ഇന്നലെയാണ് സർക്കുലേറ്റ് ചെയ്തത്. ഈ ബില്ലിനകത്തെ 20-ാം വകുപ്പിൽ കൃഷി ചെയ്തവർക്ക് എല്ലാ പ്രൊട്ടക്ഷനും കൊടുക്കുമെന്നാണ് പറഞ്ഞത്. മലയിൻകീഴിൽ കൃഷി ചെയ്യാൻ പോയ ആളിന് കൊടുത്ത പ്രൊട്ടക്ഷൻ എന്താണ്? അങ്ങ് പറഞ്ഞതുപോലെ വാദിയെയും പ്രതിയെയും ഒരുപോലെ വിളിച്ചുവരുത്തി ഒത്തുതീർപ്പുണ്ടാക്കി. പോലീസുകാരന് എന്ത് അധികാരമാണ് അതിനകത്തുള്ളത്? ഒത്തുതീർപ്പുണ്ടാക്കി

പുറത്തുപോയതിനുശേഷം വാദിയുടെ മുമ്പിൽവച്ച് അപ്പനാടാർ എന്നയാളെ അടിച്ചു. അപ്പനാടാർ അപമാനഭാരത്തോടുകൂടി പുറത്തുപോയി ആത്മഹത്യ ചെയ്തു. ആത്മഹത്യ ചെയ്തതിന് ഉത്തരവാദി ആരാണ്? എത്ര ഏക്കർ സ്ഥലം കൃഷി ചെയ്യാൻ സാധിച്ചു? അങ്ങ് പറഞ്ഞ വാക്കുകേട്ട് കൃഷി ചെയ്യാനിറങ്ങിയ പാവപ്പെട്ട അപ്പനാടാരുടെ പ്രേതം അങ്ങയെ വേട്ടയാടുമെന്ന് ഓർമ്മിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് എത്ര അനീതിയാണ് കാണിക്കുന്നത്? അസഭ്യവർഷംകൊണ്ട് ആളുകളെ അധിക്ഷേപിക്കുകയാണ്.

ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിൽ ബൈക്കിൽ മൊബൈലും പിടിച്ചുകൊണ്ട് തെറിവിളിക്കുകയാണ്. അശ്ലീല ഭാഷയും തെറിവിളിക്കലുമാണോ ഈ ഗവൺമെന്റിന്റെ ഔദ്യോഗിക ഭാഷ? ചക്ക നമ്മുടെ ഔദ്യോഗിക ഫലവൃക്ഷമാക്കിയതുപോലെ തെറി നമ്മുടെ ഔദ്യോഗിക ഭാഷയാക്കി ഈ ഗവൺമെന്റിന് മാറ്റാൻ പറ്റുമോ? അരീക്കോട് സുപ്രഭാതം പത്രത്തിന്റെ ലേഖകൻ ഷെരീഫ് വാർത്ത ശേഖരിക്കുന്നതിനുവേണ്ടി പോയതാണ്. വാർത്ത ശേഖരിക്കുന്നതിനുവേണ്ടി പോയ ഷെരീഫിനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച് അവസാനം മഞ്ചേരി മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ മുഖം അതാണെന്നാണോ അങ്ങ് പറയുന്നത്? സാധാരണക്കാരായ ആളുകൾക്ക് സ്ഥലഭേദമില്ലാതെ കേരളത്തിലൊട്ടാകെ ക്രൂരമർദ്ദനം ഏൽക്കുമ്പോൾ ഒരുപറ്റം ആളുകൾ ഇവിടെ സുഖത്തോടെ അത് ആസ്വദിച്ച് ജീവിക്കുന്നുണ്ട്. അവരിൽ ചിലരാണ് ഇതിനെ എതിർത്തുകൊണ്ട് പ്രോത്സാഹിപ്പിക്കാൻവേണ്ടി ബഹളം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

ഷുഹൈബ് വധക്കേസിലെ പ്രതികൾക്ക് ജയിലിൽ വി.ഐ.പി. പരിഗണന നൽകുന്നുവെന്ന വാർത്ത മാധ്യമങ്ങളിൽ വന്നതല്ലേ? മുഖ്യപ്രതി ആകാശ് തില്ലങ്കരിക്ക് സ്പെഷ്യൽ സബ് ജയിലിനകത്ത് വി.ഐ.പി. പരിഗണനയാണ്. അവിടെ ഒരു പെൺകുട്ടി മൂന്ന് ദിവസമായി ജയിലിൽ കിടക്കുന്ന ആകാശ് തില്ലങ്കരിയുടെ മുറിക്കകത്ത് ഇരിക്കുന്നതിനുവേണ്ടിയും അവർ തമ്മിൽ സ്വസ്ഥമായി സ്വകാര്യ സംഭാഷണം നടത്തുന്നതിനും, ബാക്കി കാര്യം ഞാൻ പറയുന്നില്ല. അതിനുള്ള സന്ദർഭം കേരളത്തിലെ സബ് ജയിലിൽ ഒരുക്കിക്കൊടുത്തു എന്നുപറഞ്ഞാൽ എന്ത് ഗവൺമെന്റാണിതെന്ന് ചോദിക്കേണ്ടി വരില്ലേ? എന്താണ് ഇവിടെ നടക്കുന്നത്? കൊലക്കേസിലെ പ്രതിയാണ് അവിടെ നിൽക്കുന്നത്. ശ്രീ. എ. കെ. ബാലനോട് എനിക്ക് സ്നേഹമുണ്ട്. പക്ഷേ മുഖ്യമന്ത്രി

XXX* നടത്തിയാണ് അങ്ങയെക്കൊണ്ട് ഇതിന്റെ മറുപടി പറയിപ്പിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. മുഖ്യപ്രതികൾ താമസിക്കുന്ന സെൽ പൂട്ടുന്നില്ല. ഷുഹൈബ് വധക്കേസിലെ പ്രതി താമസിക്കുന്ന സെൽ പൂട്ടുന്നതേയില്ല. അവ അടയ്ക്കാത്ത വാതിലുകളാണ്. പിന്നെ എന്ത് സെല്ലാണ്; എന്ത് ജയിലാണ്; എന്താണ് ഇവിടെ നടക്കുന്നതെന്ന് പറയാൻ കഴിയുമോ? ഷുഹൈബ് വധത്തിന് മുമ്പായി ലീഗ് പ്രവർത്തകനായ നടുവിൽ സ്വദേശി മുഹമ്മദ് കുഞ്ഞിയെ സ്പെഷ്യൽ സബ് ജയിലിനകത്തുവച്ച് അതിക്രൂരമായി മർദ്ദിച്ചത് മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. ഷുഹൈബ് വധക്കേസിന്റെ തിരിച്ചറിയൽ പരേഡിനുവന്ന ആളുകളെ ഈ പ്രതികൾതന്നെ ഭീഷണിപ്പെടുത്തി. അത് അങ്ങുതന്നെ ഇവിടെ പറഞ്ഞ കാര്യമാണ്. ഇവിടെ നടക്കുന്നത് കിരാതമായ നടപടികളാണ്. പെരിന്തൽമണ്ണ ലീഗ് ഓഫീസ് അടിച്ചുതകർത്ത എസ്.എഫ്.ഐ. പ്രവർത്തകരെ കോളേജിൽനിന്നും ലീഗ് ഓഫീസുവരെ പോലീസ് അകമ്പടിയോടെ, മന്ത്രിമാരെ എസ്കോർട്ട് കൊണ്ടുപോകുന്നതുപോലെ, എഴുന്നള്ളിച്ച് കൊണ്ടുപോയത് മറക്കാനാകുമോ? ഈ രൂപത്തിലുള്ള നടപടി കേരളത്തിലെ പോലീസ് സംവിധാനത്തെ തകർത്തിരിക്കുന്നു. കേരളത്തിലെ പോലീസിൽ ജനങ്ങൾക്കുള്ള വിശ്വാസം ഇല്ലാതായിരിക്കുന്നു. കേരളം വളരെ ബീഭത്സമായ സാഹചര്യത്തിലേയ്ക്ക് വഴുതിനീങ്ങിക്കൊണ്ടിരിക്കുന്നു. നിയമവാഴ്ചയും നിയമ സമാധാനവും തകർന്നിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് ഒരു മിനിട്ട് അവസരം നൽകുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്, ഇതുപോലെയുള്ള ആവശ്യം അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് പരിഗണിക്കാൻ നിർവ്വാഹമില്ല.

ശ്രീ. സി. കെ. നാണു: സർ, ശ്രീ. പി. സി. ജോർജിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് വരുന്ന കാര്യമാണിത്. അതുകൊണ്ട് അദ്ദേഹത്തിന് അവസരം കൊടുക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള പോലീസിന്റെ മികച്ച സേവനത്തെ സംബന്ധിച്ചൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഏതെങ്കിലും രൂപത്തിലുള്ള കൃത്രിമമായ വഴികൾ സ്വീകരിച്ചുകൊണ്ടല്ല കേരളത്തിലെ പോലീസിനെ ഇന്ത്യാ ഗവൺമെന്റും വിവിധ

* പിൻവലിച്ചു.

ഏജൻസികളും അംഗീകരിച്ചിട്ടുള്ളത്. അതൊന്നും കമ്പ്യൂട്ടർവഴി ലഭ്യമായതുമല്ല. ഇന്ത്യാ രാജ്യത്തുള്ള എല്ലാ സംസ്ഥാനങ്ങളിലെയും ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച സമഗ്രമായ പരിശോധനയുടെ ഭാഗമായാണ് കേന്ദ്ര സംഘം അസസ്സ് ചെയ്തിരിക്കുന്നത്. ഞാൻ അതിലേയ്ക്ക് കടക്കാനാഗ്രഹിക്കുന്നില്ല. നമ്മൾ മികച്ച സേവനം പെർഫോം ചെയ്യുന്ന ഘട്ടത്തിലും ഒറ്റപ്പെട്ട, ചില തെറ്റായ പ്രവണതകൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഇന്നത്തെ മാതൃഭൂമി ദിനപത്രത്തിന്റെ ആദ്യത്തെ പേജിൽത്തന്നെ ഈ വാർത്ത വന്നിട്ടുണ്ട്. മാത്രമല്ല "പോലീസ് പരിശോധന ചോര വീഴ്ത്തലാകരുത്" എന്ന രൂപത്തിൽ എഡിറ്റോറിയൽ പേജിലും വന്നിട്ടുണ്ട്. അതിനെ നിസ്സാരമായി ഞങ്ങളാരും കാണുന്നില്ല. വിശിഷ്ട വ്യക്തികൾക്ക് സഞ്ചാര സൗകര്യമൊരുക്കലും ഹെൽമറ്റ് ധരിക്കാത്തവരെ പിടികൂടലും വാഹന പരിശോധനയുമൊക്കെ ആവശ്യമാണ്. ഇതൊക്കെ നടത്തുകയും വേണം. ഇത് നടത്തുന്ന ഘട്ടത്തിൽ പോലീസ് പെരുമാറേണ്ടത് എങ്ങനെയാണെന്നുള്ളതിനെ സംബന്ധിച്ച വ്യക്തമായ ഉത്തരവും ഡി.ജി.പി.-യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. രമേശ് ചെന്നിത്തലയും ഭരിക്കുമ്പോൾ ഇത്തരം ഉത്തരവുകളുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിനെ കുറേക്കൂടി പുഷ്ടിപ്പെടുത്തി 5-5-2017-ലും ഉത്തരവ് കൊടുത്തിട്ടുണ്ട്. പക്ഷേ ആ സ്പിരിറ്റ് ഉൾക്കൊള്ളാതെ ചില പോലീസുദ്യോഗസ്ഥർ പെരുമാറുന്നുണ്ട്. ഏറെക്കാലം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നിയന്ത്രണത്തിലായിരുന്നല്ലോ പോലീസ് വകുപ്പ്. അതിന്റെ ചില ദൂഷ്യവശങ്ങൾ അങ്ങിങ്ങായി ഇപ്പോഴുമുണ്ട്. അത് മാറ്റുന്നതിനുള്ള ശക്തമായ നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇ.എം.എസ്.-ന്റെ കയ്യിൽനിന്നാണ് ഞങ്ങൾക്ക് കിട്ടിയത്.

ശ്രീ. എ. കെ. ബാലൻ: സർ, എല്ലാം ഇല്ലാതായെന്ന് ഞങ്ങളാരും പറയുന്നില്ല. ഭരണമെന്ന് പറയുമ്പോൾ, പെട്ടെന്ന് ഒരുദിവസം ശ്രീ. പിണറായി വിജയൻ വന്നതല്ലല്ലോ. അതിനുമുമ്പേ ഇവിടെ പോലീസുണ്ടായിരുന്നല്ലോ. ആ സമയത്തും ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സസ്പെൻഷൻ ഒരു നടപടിയാണോയെന്ന് ചോദിക്കുന്ന ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അങ്ങയുടെ കാലഘട്ടത്തിലും 50 പോലീസുകാരെ സസ്പെന്റ് ചെയ്തിരുന്നു. ഇത് ആദ്യത്തെ സംഭവമൊന്നുമല്ല. ഒരു പരാതിയുണ്ടായാൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യും.

സസ്പെൻഷനോടുകൂടി ആ നടപടി അവസാനിപ്പിക്കുന്നില്ല. ഈ പറഞ്ഞ കാര്യങ്ങളെല്ലാം പോലീസ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ പരിശോധനയുടെ ഭാഗമായി അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മാർച്ച് 11-ാം തീയതിയിലെ സംഭവുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞത് ശരിയാണ്. പോലീസിന്റെ ഇടപെടലിന്റെ ഭാഗമായിട്ടാണ് വാഹനങ്ങൾ തമ്മിൽ കൂട്ടിമുട്ടലുണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായി രണ്ടുപേർ മരിക്കാനിടയായ ദൗർഭാഗ്യകരമായ സംഭവം ഞാനിവിടെ ചൂണ്ടിക്കാണിച്ചതാണ്. ഒരു ബൈക്കിനെ പിടിക്കാനായി കഞ്ഞിക്കുഴി ഹൈവേ പോലീസ് പിന്തുടർന്നപ്പോഴാണ് പിന്നിൽനിന്നും വന്ന ബൈക്ക് ഇതുമായി കൂട്ടിമുട്ടിയത്. അതിന്റെ ഭാഗമായി അന്വേഷണം നടത്തി എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. ജില്ലാ പോലീസ് അന്വേഷണം നടത്തി എറണാകുളം ഐ.ജി.-ക്ക് റിപ്പോർട്ട് കൊടുത്തതും അതിന്റെ ഭാഗമായിട്ടാണ്. ആ അന്വേഷണം തുടരുകയാണ്. അതിന്റെ ഭാഗമായിട്ടാണ് എസ്.ഐ.-യെ സസ്പെന്റ് ചെയ്തിട്ടുള്ളത്. കോട്ടയം ഈരാറ്റുപേട്ടയിൽ ഹെൽമറ്റില്ലാതെ യാത്ര ചെയ്ത സംഭവവുമായി ബന്ധപ്പെട്ട്, സാധാരണ നിലയിൽ പോലീസിന്റെ ഒരു ഭാഷയുണ്ടല്ലോ, ആ ഭാഷ ഉപയോഗിച്ചിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ആ ഭാഷ ഡിക്ഷണറിയിൽ ഇല്ലാത്തതാണോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഡിക്ഷണറിയിൽ ഇല്ലാത്ത ഭാഷ നിങ്ങളുടെ കാലത്തും ഉപയോഗിച്ചിട്ടുണ്ട്. അന്ന് ഉപയോഗിച്ചിട്ടുണ്ടെന്ന് മാത്രമല്ല മനുഷ്യനെ കൊന്നിട്ട് ശവം കൊടുക്കാത്ത കാലഘട്ടവും കേരളത്തിലുണ്ടായിട്ടുണ്ട്. ഇത് പുതിയൊരു സംഭവമൊന്നുമല്ല. സാധാരണ നിലയിൽ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകാൻ പാടില്ലാത്തതാണ് ഈ ഭാഷ. അങ്ങനെ ഭാഷ ഉപയോഗിച്ചതിന്റെ പേരിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ച് അന്വേഷിക്കുകയാണ്. ആ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് ഇന്റൻസീവ് ട്രെയിനിംഗിന് വിട്ടിരിക്കുന്നത്. ഇന്റൻസീവ് ട്രെയിനിംഗിനെക്കുറിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. രമേശ് ചെന്നിത്തലക്കും അറിയാവുന്നതാണ്. അതിനെക്കാൾ നല്ലത് സസ്പെൻഷനാണെന്ന് തോന്നിപ്പോകും. മൂന്ന് മാസത്തെ ഇന്റൻസീവ് ട്രെയിനിംഗ് യഥാർത്ഥത്തിൽ ഒരു വല്ലാത്ത പീഡനം തന്നെയാണ്. അത് മോശമായ ഒരു ശിക്ഷാ നടപടിയാണെന്ന് ധരിക്കരുത്. അതും അന്വേഷിക്കുകയാണ്. മലപ്പുറം കോട്ടയ്ക്കലിൽ ബഹുമാനപ്പെട്ട ഗവർണറുടെ യാത്രയുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് വഴിയൊരുക്കുന്നതിനിടെ

ഒരു കാൽനട യാത്രക്കാരന്റെ മൂക്കിന് മർദ്ദനമേറ്റു. അത് പോലീസ് നടത്തിയതല്ലെന്നുള്ളതാണ് പോലീസിന്റെ ഭാഷ്യം. അത് എന്തോ ആയിക്കോട്ടെ. മലപ്പുറത്തുനിന്നും പൊന്നാനിയിലേയ്ക്ക് പോകുമ്പോഴാണ് ഈ സംഭവമുണ്ടായത്. ആ പരാതി പരിശോധിച്ചതിന്റെ ഭാഗമായി അദ്ദേഹത്തെയും ഇന്റൻസീവ് ട്രെയിനിംഗിന് വിട്ടിരിക്കുകയാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിനപ്പുറം എന്താണ് ചെയ്യാൻ കഴിയുക? സാധാരണ നിലയിൽ ഒരു പരാതിയുണ്ടായാൽ പ്രാഥമിക അന്വേഷണം നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കും, നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കും. അതിനുമപ്പുറം യാതൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങനെ വരുന്ന കേസുകൾ പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് വിടാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? ഒരു ജുഡീഷ്യൽ ബോഡിയാണ് പോലീസ് കംപ്ലെയിന്റ് അതോറിറ്റി. ജഡ്ജി ചെയർമാനായ കമ്മിറ്റിയാണത്. ഗവൺമെന്റ് ഈ അന്വേഷണങ്ങളെല്ലാം പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് വിടുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് കൊടുക്കുന്നതിനെക്കാൾ ഗവൺമെന്റിന് ചില കാര്യങ്ങൾ ചെയ്യാൻ കഴിയുമല്ലോ. അതിന് ഒരു ബുദ്ധിമുട്ടും ഇല്ലല്ലോ. ഗവൺമെന്റ് അതിൽ മാതൃക കാട്ടിയല്ലോ. എന്നിട്ടും നിങ്ങൾക്ക് പരാതിയുണ്ടെങ്കിൽ അഗ്രീവ്ഡായിട്ടുള്ള ആളുകൾക്ക് പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ പോകുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. ഗവൺമെന്റ് തന്നെ പോകണമെന്നില്ല. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം നേരത്തെ ഞാൻ മറുപടിയിൽ സൂചിപ്പിച്ചതാണ്. സാധാരണ നിലയിൽ ഒരു പ്രശ്നമുണ്ടായാൽ അതിനെതിരെ ഗവൺമെന്റ് എങ്ങനെ പ്രതികരിക്കുന്നു; എന്ത് നടപടി സ്വീകരിക്കുന്നു എന്നുള്ളതാണ്. തെറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടവരെയോ സംരക്ഷിക്കുന്ന ഒരു നിലപാടും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. മാതൃകാപരമായ നടപടിയാണ് സ്വീകരിച്ചത്. സാധാരണ നിലയിൽ പോലീസുകാരൻ പറയാൻ പാടില്ലാത്ത ഒരു വാക്ക് വന്നാൽ അതിനെതിരെ എന്തെങ്കിലും നടപടി എടുത്തിരുന്നോ? ഇപ്പോൾ നടപടിയെടുത്തല്ലോ. അതുകൊണ്ട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് യാതൊരു ആശങ്കയും വേണ്ട. ഇന്ന് മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത മുഖവിലയ്ക്കുതന്നെയാണ് ഗവൺമെന്റ് എടുക്കുന്നത്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നിലപാട് ഗവൺമെന്റ് എടുക്കുകയാണ്. ഇതിന്റെ ഭാഗമായി ഒരാശങ്കയും ആവശ്യമില്ല. ഇതിന് തുടർ നടപടികളുണ്ടാകും. ആ നടപടിയുടെ ഭാഗമായി ശിക്ഷിക്കപ്പെടേണ്ടവർ ശിക്ഷിക്കപ്പെടും. കുറ്റം

ചെയ്തവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് ശിക്ഷിക്കുന്നതിനുള്ള നടപടിയും ഒരുഭാഗത്ത് സ്വീകരിക്കുന്നുണ്ട്. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ വാക്കൗട്ട് ഒഴിവാക്കണം. കാരണം നിങ്ങൾ പറഞ്ഞതൊക്കെ ചെയ്തിട്ടില്ലേ; ചെയ്യാത്തതായി എന്തെങ്കിലും ബാക്കിയുണ്ടോ? അതുകൊണ്ട് ഏതെങ്കിലും രൂപത്തിലുള്ള, അഡ്ജസ്റ്റ്മെന്റായിട്ടുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തില്ല. ഉപ്പ് തിന്നവൻ ആരായാലും വെള്ളം കുടിക്കണമെന്നതാണ് ഗവൺമെന്റിന്റെ നയം. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചുകഴിഞ്ഞു. എന്റെ മറുപടിയിൽ നിങ്ങൾക്ക് തൃപ്തിയില്ലാതെ, എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്താൽ അക്കാര്യവും ആലോചിക്കുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല. ഈ പറഞ്ഞ കാര്യങ്ങളിൽ വളരെ പോസിറ്റീവായ സമീപനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ളത്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

10.00 AM]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

ഇവിടെ പോലീസുകാരുടെ വായിൽനിന്ന് അരുതാത്ത ഭാഷ വന്നുവെന്നുള്ളതാണ് ഒരു വിഷയമായി ഉന്നയിച്ചത്. സീനിയർ മെമ്പറായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വായിൽനിന്ന് വരാൻ പാടില്ലാത്ത വാക്ക് ഇവിടെയുണ്ടായി. ആ വാക്ക് ഇനി ഉപയോഗിക്കാൻ കൊള്ളില്ല. എന്നാലും ഞാൻ പറയുകയാണ് xxxxx* മുഖ്യമന്ത്രി xxxxx* നടത്തി ശ്രീ. എ. കെ. ബാലനെക്കൊണ്ട് മറുപടി പറയിക്കുക എന്നുള്ള വാക്ക് അപകീർത്തികരമാണ്, സഭ്യേതരമാണ് ഒരു കാരണവശാലും സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെ അദ്ദേഹത്തിന് വേദനയുണ്ടായെങ്കിൽ ഞാൻ ആ വാക്ക് വിത്ഡ്രോ ചെയ്യുകയാണ്..... വിത്ഡ്രോ ചെയ്തുകഴിഞ്ഞിട്ട് പിന്നെയും അങ്ങ് എന്തിനാണ് എഴുന്നേൽക്കുന്നത്; അങ്ങേയ്ക്ക് എന്താണ് റോൾ? ഞാൻ ആ അർത്ഥത്തിലൊന്നും പറഞ്ഞതല്ല. ഞാൻ പറഞ്ഞത് എന്താണെന്നുള്ളത് അങ്ങ് ഒഴികെ ഈ സഭയിലുള്ള എല്ലാ ആളുകൾക്കും അറിയാം. എനിക്ക് ആക്ഷേപിക്കുന്ന നടപടിയില്ല. എന്റെ നടപടി ഈ പ്രശ്നം ജനസമൂഹത്തിന്റെ മുന്നിൽ വരണമെന്നുള്ളത് തന്നെയാണ്. മന്ത്രിയുടെ മറുപടി കേട്ടപ്പോൾ തന്നെ യഥാർത്ഥത്തിൽ ഗവൺമെന്റ് പകുതി കുറ്റം സമ്മതിച്ച മട്ടിലാണ്. അങ്ങേയ്ക്ക് മാത്രമാണ് ഇതിൽ സംശയം തോന്നിയത്.

---

* പിൻവലിച്ചു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സംസ്ഥാനത്ത് കഴിഞ്ഞ കുറേ ദിവസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പോലീസ് അതിക്രമങ്ങളെ സംബന്ധിച്ചാണ് ഇവിടെ ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ഇന്ന് കേരളത്തിലെ പ്രമുഖ പത്രങ്ങളിലെല്ലാം ഇതുസംബന്ധിച്ച് വളരെ വിശദമായ റിപ്പോർട്ടുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ഇന്നലെ മുഴുവൻ ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങളാണ് പുറത്തുവന്നത്. ജനമൈത്രി പോലീസ് ജനങ്ങളുടെ ജീവനുതന്നെ ഭീഷണിയാകുന്നുവെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. പോലീസിന്റെ സൽപ്പേര് നശിപ്പിക്കുന്ന വില്ലൻമാർക്കെതിരെ വകുപ്പുതല നടപടികളുണ്ടാകുന്നു. ജനകീയ പ്രതിഷേധത്തെത്തുടർന്ന് ഒരു ദിവസംകൊണ്ട് അഞ്ച് പോലീസ് ഉദ്യോഗസ്ഥർക്കുനേരെ നടപടിയെടുക്കേണ്ടി വന്നിരിക്കുന്നുവെന്നുള്ള ഗുരുതരമായ പ്രശ്നമാണ് ഈ സഭയുടെ മുമ്പാകെ ഞങ്ങൾ അവതരിപ്പിക്കുന്നത്. ഇവിടെ പോലീസ് ഉദ്യോഗസ്ഥർ എന്തുകൊണ്ട് ജനങ്ങളുടെ മേൽ കുതിര കയറുന്നു; എന്തുകൊണ്ട് അവരുടെനേരെ അസഭ്യവർഷം ചൊരിയുന്നു?

വാഹനപരിശോധനയുടെ പേരിൽ ആളുകളെ തടഞ്ഞുനിർത്തിയതിന്റെ ഫലമായി ഇന്നലെ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴിയിൽ വാഹനങ്ങൾ തമ്മിലിടിച്ച് രണ്ടുപേരാണ് മരിച്ചത്. ഉത്സവം കഴിഞ്ഞുവരുന്ന ഒരു കുടുംബത്തിൽപ്പെട്ട രണ്ടുപേരടങ്ങിയ വാഹനത്തെ തടഞ്ഞുനിർത്തിയപ്പോൾ, അത് ലംഘിച്ചുകൊണ്ട് നിർത്താതെ മുന്നോട്ടുപോയ വാഹനത്തെ മറ്റൊരു വാഹനം വന്നിടിക്കുകയാണ് ചെയ്തത്. പോലീസ് ചെയ്സ് ചെയ്ത് പോയി പോലീസ് വാഹനം കുറുകെ നിർത്തിയപ്പോഴാണ് മറ്റൊരു വാഹനം വന്നിടിച്ച് മരിക്കുന്നത്. കണിച്ചുകുളങ്ങര ക്ഷേത്രത്തിലെ ദർശനവും ഉത്സവവും കഴിഞ്ഞുപോയ നൂറുകണക്കിനാളുകൾ ഉണ്ടായിരുന്ന സമയത്താണ് പോലീസിന്റെ വാഹന പരിശോധയുണ്ടായത്. വാഹനപരിശോധനയ്ക്ക് പ്രത്യേക നിബന്ധനകളുണ്ട്. അതുസംബന്ധിച്ച് ഡി.ജി.പി.-യുടെ പ്രത്യേക സർക്കുലറുകൾ നിലവിലുണ്ട്. എങ്ങനെയായിരിക്കണം വാഹനപരിശോധന വേണ്ടത്; വളവുകളിൽ വാഹനപരിശോധന നടത്തുന്നത് ശരിയല്ല; ആളുകളെ പീഡിപ്പിക്കുന്ന നടപടി ശരിയല്ല; ഇതെല്ലാം ലംഘിച്ചതുകൊണ്ട് കേരളത്തിൽ ഇന്നലെ അഞ്ച് പോലീസ്

ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യേണ്ടിവന്നിരിക്കുന്നു. ജില്ലാ പോലീസ് മേധാവിയായ കുത്തിയതോട് എസ്.ഐ. സോമനെ മേഖലാ ഐ.ജി. സസ്പെൻഡ് ചെയ്തു. പാലാ ഡിവൈ എസ്.പി. വി. ജി. വിനോദ് കുമാർ, വി. എം. മുഹമ്മദ് റഫീക്ക് എസ്.ഐ, എ.എസ്.ഐ. മഞ്ജുനാഥൻ എന്നിവരെ സസ്പെൻഡ് ചെയ്തു. എ.എസ്.ഐ. ബെന്നി എം. വർഗ്ഗീസിനെ നല്ല നടപ്പിന് നിർബന്ധിത പരിശീലനത്തിന് തിരുവനന്തപുരത്തേയ്ക്കയച്ചു. ഇത് എല്ലാ കാലഘട്ടത്തിലും ഉണ്ടാകില്ലേ എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചത്. പോലീസിലുള്ള ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു വെന്നതാണ് ഇവിടത്തെ പ്രശ്നം. എല്ലാ കാലഘട്ടങ്ങളിലും പോലീസ് ഇത്തരം ചില അതിക്രമങ്ങൾ നടത്താറുണ്ട്. പക്ഷെ, ആ അതിക്രമങ്ങൾ ഒരിക്കൽ നടന്നാൽ ആവർത്തിക്കാതിരിക്കണം; അതിനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസിലുള്ള നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. പോലീസ്, അവർക്ക് തോന്നിയ രീതിയിൽ പ്രവർത്തിക്കുന്നു. ബഹുമാനപ്പെട്ട ഡി.ജി.പി.-യുടെ ഒരു സർക്കുലർ ഞാൻ വായിക്കാം. പോലീസിനെ മാന്യത പഠിപ്പിക്കാൻ പരിശീലന പരിപാടി ഉടൻ തുടങ്ങുമെന്നും ജൂലൈ 15-നകം റിപ്പോർട്ട് നൽകണമെന്നും ഡി.ജി.പി.; പോലീസിനെ മാന്യത പഠിപ്പിക്കാൻ ട്യൂഷൻ വേണമെന്ന് ഡി.ജി.പി. പറയുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നതെന്ന് ആലോചിക്കണം. ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആഭ്യന്തര വകുപ്പുമന്ത്രിമാരായിരുന്നു. ഞങ്ങളുടെ കാലത്ത് പോലീസിന് ഏതായാലും ട്യൂഷൻ വേണ്ടിവന്നില്ലായെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. അന്ന് എവിടെയെങ്കിലും ഒരു അതിക്രമമുണ്ടായാൽ ആ അതിക്രമത്തെ ശക്തമായി നേരിടും, നടപടിയുണ്ടാകും, പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിയന്ത്രണമുണ്ടാകും. അതുകൊണ്ടാണ് ആ സംഭവങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കുന്നത്. പോലീസിന്റെ ഭാഗത്തുനിന്ന് ഏതെങ്കിലും ഒരു സംഭവമുണ്ടായാൽ ആ സംഭവത്തെ എങ്ങനെയാണ് ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത് എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇവിടെ നിരവധി കാര്യങ്ങൾ പറഞ്ഞു. കഞ്ഞിക്കുഴിയിൽ രണ്ട് ജീവനുകളാണ് നഷ്ടപ്പെട്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പോലീസ് അതിക്രമങ്ങളുടെ ഭാഗമാണ് കഞ്ഞിക്കുഴിയിലുണ്ടായതും. പോലീസ് ഇത്ര വലിയ വീരസ്യം കാണിക്കേണ്ട കാര്യമെന്താണ്? കഞ്ഞിക്കുഴിയിലുണ്ടായ സംഭവം വളരെ നിർഭാഗ്യകരമാണ്. പോലീസ് ആ കുടുംബത്തെ ചെയ്സ് ചെയ്ത് പിടിക്കേണ്ട കാര്യമെന്താണ്? ഭാര്യയെയും രണ്ട് കുട്ടികളെയുംകൊണ്ട് ബൈക്കിൽ ഗൃഹനാഥൻ ഓടിച്ചുപോകുമ്പോൾ എന്തു തെറ്റ് ചെയ്തിട്ടാണ് അയാളെ ചെയ്സ്

ചെയ്തുപോയത്? ആയിരക്കണക്കിനാളുകൾ ഉത്സവം കണ്ടിട്ട് മടങ്ങുന്ന സമയത്ത് എന്ത് വാഹനപരിശോധനയാണ് അവിടെ നടത്തുന്നത്? ഈ കുടുംബത്തെ നടുറോഡിലിട്ട് ഓടിച്ച് പിടിക്കുമ്പോൾ എതിരെവന്ന മറ്റൊരു ബൈക്ക് ഇടിച്ചാണ് ഈ രണ്ടുപേരും മരിച്ചത്. ഗൃഹനാഥൻ അതീവ ഗുരുതരമായി കോട്ടയം മെഡിക്കൽ കോളേജിൽ കഴിയുകയാണ്.

ഗവർണർ വി.വി.ഐ.പി.-യാണ്. അദ്ദേഹത്തിന് വാഹനവ്യൂഹമുണ്ടാകും. അദ്ദേഹത്തിന് വഴിയിലൂടെ സഞ്ചരിക്കാൻ പോലീസ് എസ്കോർട്ട് ഉണ്ടാകും. 69 വയസ്സുള്ള, റിട്ടയേർഡ് റെയിൽവേ സൂപ്രണ്ട് ആയിരുന്ന ഒരു വ്യക്തി വണ്ടിയോടിച്ചുവരുമ്പോൾ, ആ വണ്ടി അയാൾ നിർത്തിയതാണ്, ഗവർണർ പോയതിനുശേഷമാണ് ഈ പാവം റിട്ടയേർഡ് റെയിൽവേ ഉദ്യോഗസ്ഥനെ ഭീകരമായി പോലീസ് മർദ്ദിച്ചത്. എന്നിട്ട് പോലീസിന്റെ ഭാഷ്യം, കൈ തട്ടിയതാണെന്നാണ്; കയ്യിലെ മോതിരം കൊണ്ടാണ് മൂക്ക് മുറിഞ്ഞതെന്നാണ്. ഏത് ലോകത്താണ് നമ്മൾ ജീവിക്കുന്നത്; ഇതാണോ പോലീസിന്റെ വെർഷൻ; മോതിരം തട്ടിയാൽ മൂക്ക് പഞ്ചറാകുമോ? പോലീസിന് കള്ളം പറയുന്നതിനും ഒരതിരുണ്ട്. കൊല്ലത്ത് പരവൂരിൽ നിയമവിദ്യാർത്ഥിനിയെ ബൈക്കിടിച്ച് കൊന്ന സംഭവം ഇവിടെ പറഞ്ഞു. നിയമവിദ്യാർത്ഥിനിക്കു നേരെ നടന്ന സംഭവത്തിൽ സി.പി.ഐ.(എം.)-കാർ തന്നെ പരാതി പറഞ്ഞു. കോഴിക്കോട് ലേഡീസ് ഹോസ്റ്റലിനുസമീപം അസമയത്ത് ഒരു എസ്.ഐ.-യെ കണ്ടതുസംബന്ധിച്ച് പോലീസിൽ പരാതിപ്പെട്ട ഒരു ദളിത് ചെറുപ്പക്കാരനെ പോലീസ് തല്ലിച്ചതച്ചത് ഈയടുത്തകാലത്താണ്. അവിടെയും ശക്തമായ നടപടിയുണ്ടായില്ല. പകരം സംഭവത്തിൽ പ്രതിഷേധിച്ച് സത്യാഗ്രഹം നടത്തിയ ആ ചെറുപ്പക്കാരന്റെ അമ്മയെ പോലീസ് വലിച്ചിഴയ്ക്കുകയാണ് ചെയ്തത്. താനൂരിൽ മൂന്ന് യുവാക്കളെ അടിവസ്ത്രം മാത്രം ധരിപ്പിച്ച് നൃത്തം ചെയ്യിപ്പിച്ചതിന്റെ വീഡിയോയെടുത്ത് സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തത് കഴിഞ്ഞ ദിവസങ്ങളിലാണ്. മലയിൻകീഴിൽ അപ്പുനാടാർ ആത്മഹത്യ ചെയ്ത സംഭവവും ഇവിടെ ചൂണ്ടിക്കാണിച്ചു. അതിൽ പോലീസിന്റെ പങ്ക് എന്താണെന്ന് അന്വേഷിക്കണ്ടേ; വാഹന പരിശോധനയ്ക്കിടയിലുള്ള അതിക്രമം ശക്തമായ തുടർക്കഥയായി മാറുകയാണ്. ശക്തമായ ഭരണകൂടം ഇല്ലാത്തതുകൊണ്ടും പോലീസിന്റെമേൽ നിയന്ത്രണമില്ലാത്തതുകൊണ്ടുമാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. എവിടെയെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇത് ചെയ്യുമ്പോൾ ശക്തമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ പിന്നീടിത് ആവർത്തിക്കില്ലായിരുന്നു. അതുണ്ടാകാത്തതുകൊണ്ടാണ് ഇത്തരം സംഭവം ഉണ്ടാകുന്നത്. കഴക്കൂട്ടത്ത് ഒരു ഡി.വൈ.എഫ്.ഐ. നേതാവിന്റെ മുതുക് പോലീസ് ഹോക്കി സ്റ്റിക്ക് കൊണ്ട്

അടിച്ചുപൊളിച്ചത് കഴിഞ്ഞ നവംബറിലായിരുന്നു. ഇതുപോലെ എത്രയോ സംഭവങ്ങൾ കേരളത്തിന്റെ ഓരോ ഭാഗത്തും നടക്കുന്നു. ജനകീയ സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലുന്നു. തൃശ്ശൂരിൽ സമരം നടത്തിയ കെ.എസ്.യു. വിദ്യാർത്ഥികളെ ഞാൻ ആശുപത്രിയിൽ പോയി കണ്ടിരുന്നു. എത്ര ഭീകരമായിട്ടാണ് പോലീസ് അവരെ മർദ്ദിച്ചത്. കഴിഞ്ഞ ദിവസം നെയ്യാറ്റിൻകര പെരുങ്കടവിളയിൽ വികലാംഗരുടെ മുച്ചക്രവാഹന വിതരണം വൈകുന്നുവെന്ന് പറഞ്ഞുകൊണ്ട് പ്രതിഷേധ സമരം നടത്തിയ അവിടത്തെ കോൺഗ്രസ് പ്രവർത്തകരെ, കെ.പി.സി.സി. സെക്രട്ടറി ശ്രീ. വൽസലൻ ഉൾപ്പെടെയുള്ളവരെ പോലീസ് മർദ്ദിച്ചു. പോലീസിന് സമരങ്ങളോടുള്ള അങ്ങേയറ്റം ക്രൂരമായ സമീപനം കേരളത്തിലുടനീളം നമുക്ക് കാണാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സ്റ്റേഷനുകൾ കൊലക്കളങ്ങളായി മാറുകയാണ്. അഞ്ച് ലോക്കപ്പ് മരണങ്ങളാണ് ഉണ്ടായത്. തൃശ്ശൂർ ജില്ലയിലെ പട്ടികജാതിക്കാരനായ വിനായകനെ പോലീസ് പിടിച്ചുകൊണ്ടുപോയി ഭീകരമായി മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് വിനായകന് വീട്ടിൽ വന്ന് ആത്മഹത്യ ചെയ്യേണ്ടി വന്നത്. അതിനെപ്പറ്റിയൊരു അന്വേഷണമോ ആ കുടുംബത്തിന് ഒരു സഹായമോ ചെയ്യാൻ ഗവൺമെന്റ് മുന്നോട്ട് വന്നിട്ടില്ലെന്ന കാര്യം ആലോചിക്കേണ്ടതാണ്. ശ്രീ. എ. കെ. ബാലൻ പട്ടികജാതി വകുപ്പുമന്ത്രി കൂടിയല്ലേ; അദ്ദേഹം വിനായകന്റെ കുടുംബത്തെ സന്ദർശിച്ചോ; പട്ടികജാതി വകുപ്പിൽനിന്ന് ആ കുടുംബത്തിന് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഞാൻ വിനായകന്റെ വീട് സന്ദർശിച്ചതാണ്. എന്റെ കൂടെ പട്ടികജാതി സംഘടനകളും ആ പ്രദേശത്തെ കോൺഗ്രസ്സുകാരും ഉണ്ടായിരുന്നു. എസ്.സി./എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരമുള്ള സാമ്പത്തികാനുകൂല്യവും ആ വീട്ടിലേയ്ക്ക് എത്തിച്ചു കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. എ. കെ. ബാലൻ അവിടെ പോയില്ലെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഞാനത് തിരുത്തുന്നു. പക്ഷെ വിനായകന്റെ കുടുംബത്തിന് ഗവൺമെന്റിൽ നിന്ന് ഒരു സഹായവും ചെയ്തു കൊടുത്തിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരം ഞാൻ 4¼ ലക്ഷം രൂപ വിനായകന്റെ വീട്ടിൽ കൊണ്ടുപോയി കൊടുത്തു. കേസ് ചാർജ് ചെയ്ത് വിചാരണ നടക്കുന്ന സമയത്ത് ബാക്കിയുള്ള രൂപ

നിയമപരമായി കൊടുക്കാൻ സാധിക്കും. പക്ഷെ മധുവിന് കൊടുത്ത അത്രയും തുക കൊടുത്തിട്ടില്ലെന്നത് ശരിയാണ്. ആ കുടുംബത്തിന് 8¼ ലക്ഷം രൂപ കൊടുക്കും. ഞാൻ ആ വീട്ടിൽ പോയതാണെന്ന് ഒന്നുകൂടി പറയുന്നു. എന്റെ കൂടെ അവിടെയുള്ള കോൺഗ്രസ്സിന്റെ നേതാക്കന്മാരും ഉണ്ടായിരുന്നു. എങ്ങനെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ രൂപത്തിൽ തെറ്റിദ്ധരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരു മഹാപാപമാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്യാൻ പാടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് അവിടെ പോയെന്ന് സമ്മതിച്ചല്ലോ, അനുമതി. അങ്ങ് അവിടെ പോയില്ലെന്നാണ് എനിക്ക് കിട്ടിയ വിവരം. അങ്ങ് അത് ക്ലാരിഫൈ ചെയ്തല്ലോ; ഞാൻ സമ്മതിക്കുന്നു. സർക്കാരിൽനിന്നും ഒരു രൂപപോലും കൊടുത്തില്ല. അതേസമയം അവിടത്തെ കോൺഗ്രസ്സ് പ്രവർത്തകന്മാരാണ് ആ കുടുബത്തിന് അഞ്ച് ലക്ഷം രൂപ കൊടുത്തത്. ഞാനാണ് അവിടെപോയി കൊടുത്തത്. പട്ടികജാതിക്കാരായ ആളുകൾ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങളെ നിസ്സാരവൽക്കരിക്കാൻ പാടില്ല. നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. ശ്രീമതി പി. അയിഷാ പോറ്റിയാണ് സമിതിയുടെ ചെയർപേഴ്സൺ. ബഹുമാനപ്പെട്ട പി. അയിഷാ പോറ്റി ചെയർപേഴ്സണായ കമ്മിറ്റിയിൽ എത്രയെത്ര പരാതികളാണ് കേരളത്തിൽനിന്നും വന്നുകൊണ്ടിരിക്കുന്നത്; എല്ലാ കാലഘട്ടത്തിലും പോലീസിന്റെ അതിക്രമങ്ങളുണ്ടാകും. പോലീസ് ആളുകളെ മർദ്ദിക്കാൻ മുന്നോട്ടുവരും. അതൊക്കെ ഉണ്ടാകുന്ന കാര്യമാണ്. പക്ഷെ അങ്ങനെയുണ്ടാകുന്ന സംഭവങ്ങളിൽ പോലീസ് എന്ത് നടപടി സ്വീകരിക്കുന്നുവെന്നതാണ് ഇവിടത്തെ പ്രശ്നം. കേരളത്തിൽ നിരന്തരമായി ഇത്തരം അക്രമങ്ങൾ നടക്കുകയാണ്. പോലീസിന്റെ അതിക്രമങ്ങൾ വ്യാപിക്കുന്നു, പോലീസ് ജനങ്ങളെ പീഡിപ്പിക്കുന്നു. കുട്ടികളെയും സ്ത്രീകളെയും പീഡിപ്പിക്കുന്നു. പരാതി കൊടുത്താൽ ഒരു പരിഹാരവും ഉണ്ടാകുന്നില്ല. സമൂഹത്തിൽ സ്ത്രീകൾക്കെതിരായ അക്രമങ്ങളും കുട്ടികൾക്കെതിരായ അക്രമങ്ങളും വർദ്ധിക്കുന്നു. അതിനെപ്പറ്റി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്താൽ പരിഹാരമുണ്ടാകുന്നില്ല. ഈ നിലയിൽ വാഹന പരിശോധനയ്ക്കിടയ്ക്ക് ആളുകൾ മരിക്കുന്നു. പോലീസിന്റെ അതിക്രമങ്ങൾകൊണ്ട് ആളുകൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. അതോടൊപ്പം പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന ആളുകളോട് മാന്യമായി പെരുമാറുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന ആളുകളോട് പോലീസ് മാന്യമായി പെരുമാറുമെന്ന് മുഖ്യമന്ത്രി പറഞ്ഞല്ലോ, എവിടെയാണ് മാന്യമായ പെരുമാറ്റമുണ്ടായത്; ഈരാറ്റുപേട്ടയിൽ ഒരു ചെറുപ്പക്കാരനുണ്ടായൊരു അനുഭവം ഇവിടെ വിവരിച്ചു. പോലീസിന്റെ ഭാഗത്തുനിന്നും വ്യാപകമായ തോതിലുള്ള അതിക്രമങ്ങളുണ്ടാകുന്നുവെന്നത് ഇന്ന് കേരളത്തിൽ ചർച്ചാവിഷയമായ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ പറയുന്നതിനെ ഞങ്ങൾ

മുഖവിലയ്ക്കെടുക്കുന്നില്ല. കാരണം ഷുഹൈബ് വധക്കേസിൽ സി.ബി.ഐ. അന്വേഷണം വേണമെന്ന് പ്രഖ്യാപിച്ചയാളാണ് ശ്രീ. എ. കെ. ബാലൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിന്നീടത് നിരസിക്കുകയുണ്ടായി. അതുകൊണ്ട് ശ്രീ. എ. കെ. ബാലൻ പറയുന്നതിനെ ഞാൻ പൂർണ്ണമായും മുഖവിലയ്ക്കെടുക്കുന്നില്ല. മുഖ്യമന്ത്രി ഓൺ ചെയ്യുമെന്ന് സംശയമുള്ളതുകൊണ്ടാണ് ഞാൻ മുഖവിലയ്ക്കെടുക്കുന്നില്ലെന്ന് പറഞ്ഞത്. എന്നാലും ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി എടുത്തില്ലെന്ന പരാതിയാണ് എനിക്കുള്ളത്. അതിനെ നിസ്സാരവൽക്കരിക്കുകയാണ് ചെയ്തത്. കേരളത്തിൽ നാല് പേരിൽ ഒരാളെ ട്രെയിനിംഗിന് അയച്ചു, ഒരാളെ സസ്പെൻഡ് ചെയ്തു, ഒരാൾക്ക് വാണിംഗ് കൊടുത്തു. ഇതുകൊണ്ട് പ്രശ്നം തീരുമോ; ആധുനിക കാലഘട്ടത്തിനനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ പോലീസ് വകുപ്പിനെ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. കേരളമാണിത്. ഇക്കാര്യത്തിൽ ഈ സംസ്ഥാനത്തെ പോലീസിന്റെ ചുമതലയുള്ള മുഖ്യമന്ത്രി നടപടി സ്വീകരിക്കേണ്ടതാണ്. ഡി.ജി.പി. നടപടി സ്വീകരിക്കണം. താഴോട്ടുള്ള ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം കൊടുക്കണം. ജനമൈത്രി പോലീസുള്ള സംസ്ഥാനമാണ് കേരളം. പരിഷ്കൃത സംസ്ഥാനമായ കേരളത്തിൽ പോലീസ് എങ്ങനെ പെരുമാറണമെന്ന കാര്യത്തിൽ അവർക്ക് സർക്കുലർ അയച്ചതുകൊണ്ട് കാര്യമില്ല. അത് നടപ്പാക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണം. അത് കാണിക്കാത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഓരോ ദിവസവും ആവർത്തിക്കുന്നത്. സർക്കാരിന്റെ നടപടി വളരെ ദുഃഖകരമാണ്, കാര്യങ്ങളെ നിസ്സാരവൽക്കരിക്കുകയാണ്. പോലീസിന്റെ ഭാഷ്യമാണ് ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, ചങ്ങലയ്ക്ക് തന്നെ ഭ്രാന്ത് പിടിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ അദ്ദേഹത്തിന്റെ ഹൃദയം തൊടാതെ നടത്തിയ മറുപടിയിൽനിന്ന്, ഈ വിഷയത്തിൽ അങ്ങേയ്ക്ക് മറ്റൊരു നിലപാടുണ്ടെന്ന് ഞങ്ങൾക്ക് ബോധ്യപ്പെടുകയാണ്. പോലീസിന് ദേശീയ തലത്തിലുള്ള അംഗീകാരം കിട്ടി അവർ ഏറ്റവും നല്ല പോലീസാണെന്ന് അങ്ങ് പറഞ്ഞു. പക്ഷെ കേരളത്തിലെ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്; Police Atrocities on the rise in State - Human Rights Commission: The Kerala State Human Rights Commission acting Chairperson P. Mohandas on Wednesday said complaints on police

atrocities have been on the rise in the state. There is a spurt in complaints in which people alleged that people have been foisting false charges on those who approach police station with complaints. As there is no separate agency to investigate complaints against police personnel, the veracity of such probes is always questioned. He told the reporters. പോലീസ് നിയമം ലംഘിക്കുന്നത് പതിവായെന്ന് മനുഷ്യാവകാശ കമ്മീഷൻ. മനുഷ്യാവകാശ കമ്മീഷൻപോലും പോലീസ് അതിരുവിട്ട് പ്രവർത്തിക്കുന്നുവെന്ന് പറയുന്ന ഒരു സംസ്ഥാനത്ത് എന്ത് അവാർഡ് കിട്ടിയെന്ന് പറഞ്ഞാലും അതിൽ എന്ത് കാര്യമാണുള്ളത്. പോലീസ് സേനയ്ക്ക് സ്ഥലകാലഭ്രമം സംഭവിച്ചതുപോലെ ഓടിനടന്ന് അടിച്ച് തകർക്കുകയാണ്. അങ്ങ് പോലീസിനെ ഉപദേശിക്കരുതെന്നാണ് ഞങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. കാരണം അങ്ങ് ഉപദേശിക്കുന്തോറും പോലീസ് കൂടുതലായി അടി നടത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസ് നന്നാകണമെന്ന് പറയുന്തോറും നാട്ടുകാരുടെ നട്ടെല്ലിന് ലാത്തി വീഴുകയാണ്. മാന്യമായി സംസാരിക്കണമെന്ന് പറയുന്തോറും പോലീസ് പൂരത്തെറി വിളിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇനി ദയവായി അവരെ ഉപദേശിക്കരുത്. കാരണം ഞങ്ങൾക്ക് ഇതെല്ലാംകൂടി താങ്ങാൻ സാധിക്കുന്നില്ല. പലതരത്തിലുള്ള പോലീസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കൊല്ലുന്ന പോലീസ്, തെറിപറയുന്ന പോലീസ്, ഇടിയൻ പോലീസ്. ഇവിടെ ഒരു പോലീസ് സിനിമാ സ്റ്റൈലിൽ വന്ന് ബൈക്ക് ചെയ്സ് ചെയ്ത്, ആ ബൈക്കിനുമുന്നിൽ ക്രോസായി വണ്ടി നിർത്തിയതിന്റെ ഫലമായി രണ്ട് ആളുകളാണ് മരിച്ചത്. ആ വിഷയത്തിൽ പോലീസ് ബൈക്ക് ചെയ്സ് ചെയ്ത് പോയതിനെക്കുറിച്ച് എവിടെയും രേഖപ്പെടുത്തിയിട്ടില്ല. അതിൽ നിന്നും വീണ് മരിച്ച സ്ത്രീയുടെ ഭർത്താവിന്റെ പേരിലാണ് ഇപ്പോൾ കേസ് വന്നിരിക്കുന്നത്. അതുപോലെ ഈരാറ്റുപേട്ട എസ്.ഐ.-യുടെ തെറിവിളി, ജനമൈത്രി പോലീസിന്റെ മാന്യമായ പെരുമാറ്റം "ഇതുതാൻടാ പോലീസ്" എന്ന തലക്കെട്ടോടെ സോഷ്യൽ മീഡിയയിൽ വൈറലായികൊണ്ടിരിക്കുന്നത്. മൂന്നാമത്തേത്, ഇവിടെ പറഞ്ഞു, ഗവർണർക്ക് വഴിയൊരുക്കുന്നതിനുവേണ്ടി ഒരു വാഹനം തടഞ്ഞതിന്റെ പേരിൽ ജനാർദ്ദനൻ എന്ന ആളിന്റെ മൂക്കിൽ നാല് സ്റ്റിച്ചാണ് ഇട്ടിരിക്കുന്നത്. അറിയാതെ കൈതട്ടിയപ്പോൾ സംഭവിച്ചതാണെന്നാണ് പോലീസ് പറയുന്നത്. തമിഴ് സിനിമയിലെ രജനീകാന്ത് സ്റ്റൈലിൽ, വെറുതെ കൈകൊണ്ട് കാണിച്ചാലും എല്ലാവരും തെറിച്ചുവീഴുന്നതുപോലെ, കൈ കാണിക്കുമ്പോൾ ഒരാളുടെ മൂക്കിൽ നാല് സ്റ്റിച്ച് വീഴുകയാണ്. ഇത്തരം പോലീസ് എവിടെനിന്നും വന്നതാണെന്ന് മനസ്സിലാകുന്നില്ല.

ആകാശിന് തടവറയിൽവച്ച് അദ്ദേഹത്തിന്റെ കാമുകിയുമായി 18 മണിക്കൂർ സംസാരിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തു. പണ്ട് ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും വിളിച്ച മുദ്രാവാക്യത്തിന്റെ പ്രസക്തി എനിക്ക് ഇപ്പോഴാണ് മനസ്സിലാകുന്നത്. "തടവറ ഞങ്ങൾ മണിയറയാക്കും" എന്ന് അവരന്ന് പറഞ്ഞിരുന്നു. അതിപ്പോൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നാട്ടിലുള്ളവർ മുഴുവൻ പഞ്ഞിയുമായി നടക്കുകയാണ്. ഒന്നുകിൽ മൂക്കിടിച്ച് തകർത്തിട്ടോ ഇല്ലെങ്കിൽ മരിച്ചുപോയിട്ടോ മൂക്കിൽ പഞ്ഞിവയ്ക്കണം, തെറി കേൾക്കാതിരിക്കാൻ ചെവിയിൽ പഞ്ഞിവയ്ക്കണം, അറിയാതെ പോലീസിനോട് എന്തെങ്കിലും പറഞ്ഞാൽ അവർ കുമ്പിലിടിക്കുമെന്നുള്ളതുകൊണ്ട് വായിൽ പഞ്ഞിവയ്ക്കണം. ഈ നാട്ടിൽ നടക്കാൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് പോലീസിനെ മാറ്റിയതിൽ ആർക്കാണ് പങ്ക്? ബഹുമാനപ്പെട്ട ബാലേട്ടനോട്, ഇവിടെ പറഞ്ഞത് xxxx* എന്നുള്ള അർത്ഥത്തിലല്ല, ഇന്ന് ഉത്തരം പറയാൻ ബാലേട്ടനെ നിർബന്ധിച്ചുകൊണ്ട് പീഡിപ്പിച്ചിരിക്കുന്നു എന്നാണ് പറഞ്ഞത്. മുഖ്യമന്ത്രി ഈ കൊലച്ചതി എന്നോട് ചെയ്യരുതായിരുന്നുവെന്ന് അങ്ങ് മനസ്സുകൊണ്ട് പറഞ്ഞിട്ടുണ്ടാകും എന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഈ മറുപടി തൃപ്തികരമല്ല. സുപ്രഭാതം പത്രപ്രവർത്തകൻ ഷെറീഫിനെ ഇടിച്ച് വീഴ്ത്തിയതിനെക്കുറിച്ച് അങ്ങ് മറുപടിയിലൊന്നും പറഞ്ഞില്ല. എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയാൻ സാധിക്കാത്ത അവസ്ഥയിലാണ് അങ്ങെന്ന് ഞങ്ങൾക്കറിയാം. ഈ നടപടി തൃപ്തികരമല്ലാത്തതിന്റെ പേരിലും ഇത് ചർച്ച ചെയ്യാത്തതിന്റെ പേരിലും ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, വാഹനപരിശോധന നടത്തുമ്പോൾ പോലീസ് പാലിക്കേണ്ട മര്യാദകളെയും നടപടിക്രമങ്ങളെയും കുറിച്ച് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽനിന്നും ആവശ്യത്തിലധികം സർക്കുലർ ഇറങ്ങിയിട്ടുണ്ട്. 2012 ജൂൺ, 2013 നവംബർ, 2015 ജൂലൈയിലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് അടക്കം ഇറക്കിയിട്ടുണ്ട്. 2017-ൽ ഇതിനെയെല്ലാം സ്പഷ്ടീകരിച്ചുകൊണ്ട് ഒരു സർക്കുലർ കൂടി ഇറങ്ങിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഇതൊക്കെ വെറുതെയാണ്. ഏത് രീതിയിൽ പോലീസ് പെരുമാറണമെന്നുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് ഇന്ന് ഇവിടെ ചൂണ്ടിക്കാട്ടിയത്. ഇവിടെ പോലീസ് വാഹനപരിശോധനയുടെ പേരിൽ അതിക്രമം

---

* പിൻവലിച്ചു.

കാണിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ തോന്ന്യാസം കാണിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിൽ കാണാൻ കഴിയുന്നത്. ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 850 പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസ്സുകളിൽ പ്രതികളായിട്ടുണ്ടെന്നാണ്. സി.പി.-യോ എ.സി.പി.-യോ റാങ്കിൽപ്പെട്ട 542 പേരും എസ്.ഐ. റാങ്കിൽപ്പെട്ട 32-ഓളം പേരും അതിൽ ഉൾപ്പെടുന്നു. ഇത് കാണിക്കുന്നത് നമ്മുടെ പോലീസ് സേനയിൽ നിരവധി ക്രിമിനലുകളുണ്ടെന്നുള്ളതാണ്. ഇത്തരക്കാരെ നിയന്ത്രിക്കുവാനും നിരീക്ഷിക്കുവാനുമുള്ള യാതൊരു സംവിധാനവും ഡിപ്പാർട്ട്മെന്റിലില്ല. കൂടാതെ ഗവർണ്ണറുടെ വാഹനവ്യൂഹത്തിന് തടസം സൃഷ്ടിച്ചുവെന്ന് പറഞ്ഞ് ഒരു സീനിയർ സിറ്റിസണിന് നേരിടേണ്ടിവരുന്ന ദുരനുഭവം, കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊക്കെ അപമാനകരമാണ്. വാഹനപരിശോധനയുടെ പേരിൽ അട്രോസിറ്റി കാണിക്കുന്നതിനുപുറമെ വി.ഐ.പി.-കളുടെ വാഹനവ്യൂഹം എതെങ്കിലും രീതിയിൽ തടസ്സപ്പെടുന്നത് മനഃപ്പൂർവ്വമായിരിക്കില്ല, ആ വെപ്രാളത്തിനിടയിൽ അറിയാതെ വണ്ടി കയറ്റിയിട്ടുകാണും. അതിന്റെ പേരിൽ ഇത്തരം നടപടി സ്വീകരിക്കുന്നത് ന്യായീകരിക്കാൻ സാധിക്കുന്നതല്ല. ഇത് പോലീസിന്റെ നിരുത്തരവാദ സമീപനമാണ് കാണിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, പോലീസിന്റെ ഭാഷ പെട്ടെന്ന് നേരെയാക്കാൻ കഴിയുന്നതല്ല. പക്ഷേ പോലീസ് ഇന്ന് ഈ തരത്തിൽ പ്രവർത്തിക്കുകയാണ്. ഗവൺമെന്റിനെ പിൻതുണയ്ക്കുന്ന പാർട്ടിയുടെ പത്രങ്ങളിൽ ചിലത് ശക്തമായി മുഖപ്രസംഗവും ലേഖനവും എഴുതാൻ നിർബന്ധിതരായാൽ, നാട്ടിൽ പോലീസിന് നിയമം കയ്യിലെടുത്ത് പ്രവർത്തിക്കുന്ന, നിഷ്പക്ഷമായി പ്രവർത്തിക്കേണ്ടുന്നവർ അങ്ങനെയല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായിരിക്കുന്നു. ഇത് എന്തുകൊണ്ട് സംഭവിച്ചുവെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ "തടവറ ഞങ്ങൾ മണിയറയാക്കും" എന്ന സാഹചര്യമുണ്ടായി. സംസ്കൃത കോളേജ് പ്രിൻസിപ്പിലിനെ കോളേജിൽ പോയി പരസ്യമായി അവഹേളിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിക്കാർ എന്തുചെയ്താലും അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാതെ അവരെ സംരക്ഷിക്കുന്ന സമീപനം സ്വീകരിക്കുന്നതുകൊണ്ട് ഞങ്ങൾക്കെതിരെയും ഒരു നടപടിയും സ്വീകരിക്കില്ലെന്ന് പോലീസിന് വിശ്വാസമുണ്ട്. ഇവരുടെ

ആവശ്യപ്രകാരം പാർട്ടിയുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് പ്രതിയോഗികളുടെ ഓഫീസ് അക്രമിച്ചാലും കേസ്സില്ല. അവർ ആരെയെങ്കിലും ആക്രമിച്ചാലും അവരുടെ പേരിൽ കേസ്സില്ല. ആ നിലയ്ക്ക് സഹായിച്ചാൽ തിരിച്ച് ഈ വിധത്തിൽ എന്തും ചെയ്യാനുള്ള അധികാരം ഞങ്ങൾക്കുണ്ട്, സാഹചര്യമുണ്ട്, ഒരു നടപടിയും സ്വീകരിക്കില്ല എന്നുള്ളതിന്റെ പേരിലാണ് അവർ പ്രവർത്തിക്കുന്നത്. ഈ സമീപനമല്ല വേണ്ടത്. പോലീസിന് നിഷ്പക്ഷമായി പ്രവർത്തിക്കേണ്ട ബാധ്യതയുണ്ട്. ആ കാര്യത്തിൽ വീഴ്ചവരുത്തി എന്നുള്ളത് ശരിയാണ്. കേന്ദ്രത്തിലെ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് ഒറ്റ കാര്യമേ പറയുന്നുള്ളൂ. ഡീസന്റ് സൊസൈറ്റി ആയതുകൊണ്ട് സാധാരണ ഐ.പി.സി. ക്രൈംസിന്റെ കാര്യത്തിൽ താരതമ്യേന കുറവുണ്ടാകും. എന്നാൽ ബാക്കിയുള്ള പൊളിറ്റിക്കൽ കറപ്ഷൻ, പൊളിറ്റിക്കൽ വിക്റ്റിമൈസേഷൻ, പൊളിറ്റിക്കൽ വയലൻസ്, പൊളിറ്റിക്കൽ മർഡറുകൾ എന്നിവ വർദ്ധിക്കുന്നതിൽ ഇന്ത്യ ഇന്ന് ഒന്നാം സ്ഥാനത്താണെന്നതിനെ നമുക്ക് വിസ്മരിക്കാൻ സാധ്യമല്ല. ഈ നയത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, സർക്കുലറുകളെയെല്ലാം മറികടന്ന് മാന്യമല്ലാത്ത, ക്രൂരമായ പ്രവർത്തനങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ, നിയമലംഘനങ്ങൾ തുടർച്ചയായി ഉണ്ടാകുന്ന ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെയെത്തി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) <u>കുട്ടനാട് പാക്കേജ്</u>

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, കുട്ടനാട് പാക്കേജ് രണ്ടാംഘട്ടം സത്വരമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കുട്ടനാട്ടിലെ തണ്ണീർത്തടങ്ങളും പാടശേഖരങ്ങളും സംരക്ഷിക്കാൻ 1980-ൽ പ്രമുഖ രാഷ്ട്രീയ പാർട്ടി ഒരു സമരം

നടത്തിയിരുന്നു. പലരും അതിനെ വെട്ടിനിരത്തൽ സമരമെന്നുപറഞ്ഞ് അന്ന് ആക്ഷേപിച്ചിരുന്നു. പക്ഷേ ആ സമരത്തിന്റെ ഭാഗമായാണ് മറ്റ് പല സ്ഥലങ്ങളിലും വയലുകൾ നികത്തുമ്പോൾ കുട്ടനാട് ഇന്നും അത്തരം ആഘാതത്തിന് കാരണമാകാതിരിക്കുന്നത്. പക്ഷേ ഇന്ന് ഏറ്റവും വലിയ പ്രശ്നമായി നിൽക്കുന്നത്, കുട്ടനാട്ടിന്റെ പരിസ്ഥിതിയാകെ ദുർബലമായിരിക്കുന്നു എന്നുള്ളതാണ്. ഒന്നാം കുട്ടനാട് പാക്കേജ് നടപ്പാക്കിയതിന്റെ ആഘാതത്തിൽ നിന്ന് കുട്ടനാട് മോചനം നേടിയിട്ടില്ല. ഒന്നാം കുട്ടനാട് പാക്കേജ് നടപ്പാക്കിയപ്പോൾ ജനപ്രതിനിധികളെ കേന്ദ്രീകരിച്ചും അവിടത്തെ അനുഭവസമ്പത്തുള്ള കർഷകരെ കേന്ദ്രീകരിച്ചും അത് നടപ്പാക്കാൻ അന്ന് കഴിഞ്ഞിരുന്നില്ല. അതിന്റെ ഭാഗമായി ദിശതെറ്റി, കുട്ടനാടിനെ അക്ഷരാർത്ഥത്തിൽ ഒരു കരിങ്കൽ കാടാക്കി മാറ്റുന്നതിനുള്ള പരിശ്രമമാണ് അന്നത്തെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായത്. അതിൽ വേണ്ടത്ര ഇടപെടൽ അന്നത്തെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നില്ല എന്നുള്ളതും ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഡോ. എം. എസ്. സ്വാമിനാഥൻ അദ്ദേഹത്തിന്റെ വിഷൻ അനുസരിച്ച് പറഞ്ഞത്, വെള്ളം പരന്നൊഴുകാനുള്ള പ്രദേശത്തിന്റെ സംരക്ഷണം പുനഃസ്ഥാപിക്കണമെന്നും ഓരുജലം കയറ്റി വെള്ളപ്പൊക്ക നിയന്ത്രണ പരിപാടി നടപ്പാക്കണമെന്നും മലിനീകരണത്തിൽ നിന്നും കുട്ടനാടിനെ സംരക്ഷിക്കണമെന്നും കുളവാഴപോലുള്ള കളകൾ നീക്കം ചെയ്യാനും ആരോഗ്യ ശുചിത്വപരിപാടികൾക്കും കുട്ടനാട്ടിനെ പ്രത്യേക അഗ്രികൾച്ചറൽ സോണായി പരിഗണിക്കാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും വിപണന സംവിധാനങ്ങളുടെ മെച്ചപ്പെടുത്തലിനും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുമൊക്കെയായിരുന്നു കുട്ടനാട് പാക്കേജ് ലക്ഷ്യംവച്ചതെങ്കിൽ ഇന്ന് അവിടത്തെ പരമ്പരാഗത മത്സ്യസമ്പത്തുകളായ വരാൽ, കാരി, ചെമ്പല്ലി തുടങ്ങിയ ഔഷധഗുണമുള്ള മത്സ്യങ്ങൾ ഇല്ലാതായിരിക്കുന്ന അവസ്ഥ വന്നിരിക്കുകയാണ്.

യാതൊരു നിയന്ത്രണവുമില്ലാതെ കുട്ടനാട്ടിലെത്തുന്ന ഹൗസ്ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസലും എണ്ണയും ഒഴുക്കില്ലാത്ത വെള്ളത്തിൽ കലരുകയാണ്. ഓര് ജലം കയറി കൃഷി പലപ്പോഴും നശിച്ചുപോകുമെന്നുള്ളതിനാൽ തണ്ണീർമുക്കം ഷട്ടർ ഓപ്പൺ ചെയ്യാൻ കഴിയാറില്ല. നിശ്ചലമായ ജലത്തിലാണ് കുട്ടനാട്ടിലെ ജീവിതം മുന്നോട്ടുപോകുന്നത്. എല്ലായിടത്തും വെള്ളമാണ്. Water... water everywhere but not a drop to drink എന്ന് പറയുന്നതുപോലെ ഒരു തുള്ളിവെള്ളം കുട്ടനാട്ടിൽ കുടിക്കാനില്ലാത്ത ഭീകരാവസ്ഥയിലൂടെയാണ് നമ്മൾ ഇപ്പോൾ കടന്നുപോകുന്നത്. അത് വർണ്ണനാതീതമാണ്. കുട്ടനാട് പാക്കേജിലുൾപ്പെടുത്തി കുറെയധികം ആർ.ഒ. പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ടായിരുന്നു. പക്ഷേ 5 വർഷം

വാറണ്ടി പീരിഡ് കൊടുത്തിട്ടുപോലും അതിന്റെ പ്രവർത്തനം എത്രത്തോളം മുന്നോട്ടുപോകുന്നുണ്ടെന്ന് ഗൗരവമായി പരിശോധിക്കാൻ നമ്മൾ തയ്യാറാകേണ്ടതാണ്. ഈ ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി സഭയിൽ കൊണ്ടു വരാൻ ആഗ്രഹിക്കുന്ന മറ്റൊരു കാര്യം ക്യാൻസർ രോഗത്തെക്കുറിച്ചാണ്. അവിടെ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളാണ് കൈനകരി, കാവാലം എന്നിവ. കുട്ടനാട്ടിൽനിന്ന് ക്യാൻസർ രോഗത്തിന്റെ വ്യാപ്തിയെപ്പറ്റി വരുന്നത് നമുക്ക് അവിശ്വസനീയമായ തോതിലുള്ള കണക്കുകളാണ്. നിർഭാഗ്യവശാൽ ഔദ്യോഗിക പഠനങ്ങൾ ഇക്കാര്യത്തിൽ ആരും നടത്തുന്നില്ല. അവിടെ വളരെ കൃത്യമായി, ദ്രുതഗതിയിൽ ആധികാരികമായ ഒരു പഠനം നടത്തണം. അവിടത്തെ ജലം മലിനപ്പെട്ടിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചു, ഓരുവെള്ളം കയറുമെന്ന് ഭയന്ന് തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ നമുക്ക് ഉയർത്താൻ കഴിയുന്നില്ല. നിശ്ചലമായ ജലത്തിൽനിന്ന് കീടനാശിനി കലർന്ന ജലം പാടശേഖരത്തേയ്ക്കും പാടശേഖരത്തിൽനിന്നും തിരിച്ച് ഈ ജലം ജലാശയങ്ങളിലേയ്ക്കും വരികയാണ്. അശാസ്ത്രീയമായ ധാരാളം നിർമ്മാണ പ്രവർത്തനങ്ങളും കുട്ടനാട്ടിൽ നടന്നിട്ടുണ്ട്. അങ്ങനെ നടന്നതിന്റെ ഭാഗമായി അവിടത്തെ ഒഴുക്കുള്ള പല തോടുകളും ഒഴുക്കില്ലാതായിരിക്കുന്നു. അവിടെ വലിയതോതിൽ കുളവാഴയുടെ ശല്യമുണ്ടായിരിക്കുന്നു. ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളത്, കുട്ടനാട് പാക്കേജിനുവേണ്ടി എത്ര കോടി രൂപ ചെലവാക്കി; അത് എങ്ങനെ ചെലവാക്കി; കുറെയധികം പശുക്കളെയും ആടുകളെയും വാങ്ങിച്ചുകൊടുത്തിരിക്കുന്നു, കൃഷിക്കാർക്ക് വേണ്ടാത്ത തരത്തിലുള്ള കുബോട്ടോ അടക്കമുള്ള കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങിച്ചിരിക്കുന്നു എന്നാണ് ഞങ്ങൾക്കൊക്കെ അറിയാൻ കഴിഞ്ഞത്. അതിന്റെ ഇന്നത്തെ സ്ഥിതിയെന്താണെന്ന് ഞങ്ങൾക്കാർക്കും അറിയില്ല. അത് ആരുടെ കൈവശമാണ് ഇരിക്കുന്നതെന്ന് അറിയാൻ കഴിയുന്നില്ല. അതുപോലെ തന്നെ ഡോ. സ്വാമിനാഥൻ പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം, വേണ്ട സ്ഥലങ്ങളിൽ മാത്രം കല്ലുകെട്ടിയാൽ മതിയെന്നാണ്. കാരണം കുട്ടനാടിന്റെ പരിസ്ഥിതിയെ സംരക്ഷിക്കുകയും ഒരുപ്പൂ കൃഷിയെ ഇരിപ്പൂ കൃഷിയാക്കി മാറ്റാനുമാണ് അദ്ദേഹം ഇത് വിഭാവന ചെയ്തതെങ്കിൽ ലക്ഷ്യം തെറ്റിപ്പോയിരിക്കുന്നു. ഉദ്യോഗസ്ഥരുടെ കയ്യിലേയ്ക്ക് വന്നപ്പോൾ അതിന്റെ ലക്ഷ്യം അവർ മാറ്റിയെടുത്തിരിക്കുന്നു. അത് അഴിമതിക്ക് കളമൊരുക്കുന്ന ഒരു പാക്കേജാക്കി മാറ്റുകയായിരുന്നു. ഇതുപോലെ ആവശ്യമില്ലാത്ത കാര്യങ്ങളാണ് കുട്ടനാട് പാക്കേജിൽ വന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് അന്ന് അവിടെ നടന്ന കാര്യങ്ങൾ കൃത്യമായി അന്വേഷിച്ച് ഒരു ധവളപത്രം തയ്യാറാക്കി നിയമസഭയുടെ

മേശപ്പുറത്ത് വയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അത് എന്തുകൊണ്ടാണ് വ്യതിചലിക്കപ്പെട്ടത്; ഡോ. എം. എസ്. സ്വാമിനാഥൻ പറഞ്ഞ ആശയങ്ങളിൽ നിന്ന് എങ്ങനെയാണ് കുട്ടനാട് പാക്കേജ് വ്യതിചലിച്ചത് എന്നറിയാൻ ശ്രമിക്കണം. അതുപോലെ തന്നെ കീടനാശിനി പ്രയോഗം. ജൈവകൃഷിയാണ് കുട്ടനാട്ടിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് എന്നുപറയുമ്പോൾപ്പോലും കളയുടെ ശല്യം, കൃഷിഭൂമിയിൽ ആരും നിർദ്ദേശിക്കപ്പെടാതെ അന്യനാട്ടിൽനിന്നും വാങ്ങിക്കൊണ്ടുവന്ന് അമിതമായി കീടനാശിനി ഉപയോഗിക്കുന്നവരായി കുട്ടനാട്ടിലെ പാവപ്പെട്ട കർഷകർ മാറുമ്പോൾ പെസ്റ്റിസൈഡ് കൺട്രോൾ ചെയ്യാനായി കുട്ടനാട്ടിൽ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് നല്ല ശാസ്ത്രജ്ഞൻമാരുള്ള മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രത്തെയും അനുഭവ സമ്പത്തുള്ള കർഷകരെയും വച്ചുകൊണ്ട് വലിയ രൂപത്തിലുള്ള ഇടപെടലാണ് നടത്തേണ്ടത്. പഠനമല്ല നടത്തേണ്ടത്. ശുദ്ധജലത്തെക്കുറിച്ച് പറയാതെ മുന്നോട്ടുപോകാൻ കഴിയില്ല. ഒരു തുള്ളിവെള്ളംപോലും കുടിക്കാനില്ലാത്ത അവസ്ഥയിലേയ്ക്ക് കുട്ടനാട് വന്നു. 1976 കാലഘട്ടത്തിൽ സ്ഥാപിച്ച പൈപ്പുകളാണ് പലയിടത്തുമുള്ളത്. അത് പൊട്ടി മലിനജലം ആ പൈപ്പിലേയ്ക്ക് കയറുകയാണ്. എല്ലായിടത്തും കുടിവെള്ളം ലഭിക്കുക എന്നത് അവരുടെ അവകാശമല്ലേ; അവിടത്തെ ജനങ്ങൾ മലിനജലം കുടിച്ച് മരിക്കേണ്ട അവസ്ഥയിലേയ്ക്ക് വരും. അതുകൊണ്ട് ശുദ്ധജലം കൊടുക്കുന്നത് സംബന്ധിച്ച് കടലാസ്സിൽ ഒതുങ്ങാതെ എല്ലാപ്രദേശത്തും കൃത്യമായി ശുദ്ധജലം കൊടുക്കാൻ വേണ്ടിയുള്ള ആത്മാർത്ഥമായ ഇടപെടൽ വേണം. കുട്ടനാട്ടിൽ അടിയന്തരമായി നിമയസഭാ കമ്മിറ്റി സന്ദർശിക്കണം. ആ വിസിറ്റ് നടത്തുമ്പോൾ കേവലമായി ആരെയെങ്കിലും വിളിച്ചല്ല, അവിടത്തെ പഴയകാല കർഷകർ, ഇന്നും കൃഷിയെ മനസ്സിൽ കൊണ്ടുനടക്കുന്നവർ, അവരുള്ളതുകൊണ്ടാണ് ഇന്നും കുട്ടനാട് നിലനിൽക്കുന്നത്. അവരെക്കൂടി വിളിച്ച് നിയമസഭാ സമിതിയുടെ പരമ്പരാഗത അറിവ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു ഇടപെടൽ കൂടി നടത്താൻ തയ്യാറാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: 7 മിനിറ്റെടുത്തു. പ്ലീസ്.....

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഒരു കാര്യംകൂടി പറഞ്ഞ് നിർത്താം. കുട്ടനാട്ടിൽ ഇത്തരം കാര്യങ്ങൾക്ക് ഒരു ഏകീകരണമില്ല. കൃഷി, ജലസേചനം, റവന്യൂ എന്നീ വകുപ്പുകൾ ഒന്നിച്ചുനിന്നുകൊണ്ട് ഒരു മോണിറ്ററിംഗ് സെൽ സംവിധാനം കുട്ടനാട്ടിൽ സ്ഥാപിക്കേണ്ടതുണ്ട്. കുട്ടനാടിനെ പ്രത്യേക സോൺ ആക്കി മാറ്റിയിരിക്കുന്നതുകൊണ്ട് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിക്കൊണ്ട് കുട്ടനാട്ടിലെ പ്രശ്നങ്ങൾ നേരിട്ട് ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരാനുള്ള ഇടപെടൽ തീർച്ചയായും ഉണ്ടാകണം.

ഭൂമിശാസ്ത്രപരമായ ഘടന മാറ്റാതെ ഇനിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. ജൈവകൃഷിക്കാവശ്യമായ ജൈവവളവും മറ്റ് ഇൻപുട്ടും സുലഭമായി അവർക്ക് കൊടുത്താൽ അവർ കീടനാശിനികളുടെ പുറകെ പോകുന്ന അവസ്ഥ മാറ്റിയെടുക്കാം. ഉത്പാദനത്തിൽ അവർക്ക് വലിയ വർദ്ധനവുണ്ടാകണം. ഉൽപ്പാദനച്ചെലവ് കുറച്ചുകൊണ്ടുവരാൻ കഴിയണം. ഈ രൂപത്തിലുള്ള ഇടപെടൽ ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കുട്ടനാടിനെ രക്ഷിക്കാൻ കഴിയുകയുള്ളൂ. ഇത്തരത്തിലുള്ള ഡിഫക്ട് മാറ്റി നവീനമായ രീതിയിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ടം അങ്ങയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കണമെന്ന് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ലോകത്തിലെ തന്നെ അത്യപൂർവ്വമായിട്ടുള്ള ഒരു വെറ്റ്ലാന്റ് ഇക്കോ സിസ്റ്റമാണ് കുട്ടനാട്ടിലുള്ളതെന്ന് നമുക്കെല്ലാവർക്കുറിയാം. ശ്രീ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വെറ്റ് ലാന്റ് ഇക്കോ സിസ്റ്റം വികസനത്തിനായി കേന്ദ്ര സർക്കാർ 2008-ൽ 1840 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭ്യമാക്കിയത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെല്ലാം തന്നെ വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ 2009 മുതൽ 2014 വരെയായിരുന്നു കുട്ടനാട് പാക്കേജിന്റെ കാലാവധി. അത് 2015 വരെ നീട്ടി. വീണ്ടും അതിന്റെ മറ്റ് വർക്കുകൾക്കുവേണ്ടി 2016 വരെ സമയം കൊടുത്തെങ്കിലും കുട്ടനാട് പാക്കേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തത്വത്തിൽ അവസാനിച്ചു കഴിഞ്ഞിരിക്കുകയാണ്. കുട്ടനാട് പാക്കേജിന്റെ പരാജയത്തിന്റെ പ്രധാനപ്പെട്ട കാരണം റിപ്പോർട്ടിന്റെ കുഴപ്പമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. കാരണം പദ്ധതി ആസൂത്രണത്തിന്റെ തകരാർമൂലമാണ് കുട്ടനാട് പാക്കേജ് നാം ഉദ്ദേശിച്ച രീതിയിലേയ്ക്ക് എത്താതിരുന്നത്. കുട്ടനാട് മേഖലയിൽ 210 പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക, ഒരുപ്പൂ കൃഷിയെ ഇരിപ്പൂവാക്കുക, അവിടത്തെ ആവാസവ്യവസ്ഥ സംരക്ഷിക്കുക, ലോകത്തിലെ തന്നെ അതിവിശിഷ്ടമായ വെറ്റ് ലാന്റ് ഇക്കോ സിസ്റ്റത്തെ റാംസർ സൈറ്റിന്റെ ഭാഗമായിരിക്കുന്ന കുട്ടനാട് സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിയതെങ്കിലും ആ ലക്ഷ്യത്തിലേയ്ക്ക് ഈ പദ്ധതി എത്താൻ കഴിഞ്ഞില്ലെന്നുള്ളത് വസ്തുതയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടാണ് ഈ പദ്ധതി നടപ്പാക്കിയതെങ്കിലും ഏകദേശം 85 കോടി രൂപ മാത്രമാണ് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിരിക്കുന്നത്. കൃഷി വകുപ്പിന്റേതായ ലീഡർഷിപ്പിലല്ല പദ്ധതി നടപ്പിലാക്കിയതെന്ന്

നമുക്കെല്ലാവർക്കുമറിയാം. അന്നുണ്ടാക്കിയ ഉന്നതാധികാര സമിതിയുടെ കോ-ഓർഡിനേഷനുവേണ്ടി ലാന്റ് റവന്യൂ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ആ രീതിയിൽ ലാന്റ് റവന്യൂ, കൃഷി, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെയും ലോക്കൽ ബോഡീസിന്റെയും നിരന്തര പരിശോധനയും ഏകോപനവും ആ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ നടന്നിരുന്നില്ല. മാത്രവുമല്ല, ആ പദ്ധതി നടപ്പാക്കുന്ന കാര്യവുമായി ബന്ധപ്പെട്ട് പ്രയോറിറ്റി നിശ്ചയിക്കുമ്പോഴും യാതൊരു തരത്തിലുള്ള തത്വദീക്ഷയുമില്ലാത്ത പ്രയോറിറ്റി നിശ്ചയിച്ചുകൊണ്ട് പലയിടങ്ങളിലും പല പദ്ധതികൾ നടപ്പാക്കുകയാണുണ്ടായത്. ഈ പദ്ധതിയുടെ ഭാഗമായി അവിടെ ബണ്ട് മുറിയുന്നതിനെതിരായി നിർമ്മാണം നടത്തിയിട്ടുള്ള സ്ഥലത്തുതന്നെ 5 തവണ അടുത്തടുത്തായി ബണ്ടുമുറിയുന്ന സംഭവമുണ്ടായിട്ടുണ്ട്. കൊച്ചാർ എന്നുപറയുന്ന സ്ഥലത്ത് ഈ പദ്ധതി പ്രകാരം നിർമ്മിച്ചിരിക്കുന്ന ബണ്ട് 5 തവണയാണ് മുറിഞ്ഞുപോയത്. കുട്ടനാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അതാണ്. അത് മുറിയാതിരിക്കാൻ വേണ്ടി തയ്യാറാക്കിയ പദ്ധതിയിൽപ്പോലും അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരുപ്പൂ കൃഷി ഇരുപ്പൂവാകാൻ കഴിയുന്ന പ്രദേശത്തിനുപകരം പലപ്പോഴും രാഷ്ട്രീയമായ സ്വാധീനം വച്ചുകൊണ്ട് ഓരോരുത്തരുടെ മേഖലയിലേയ്ക്ക് ബണ്ട് കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായി. ഒരു ഏകോപനമുണ്ടായിരുന്നില്ല. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽത്തന്നെ ധാരാളം അപാകതയുണ്ടായിട്ടുണ്ട്. ഈ രീതിയിലാണ് കുട്ടനാട് പാക്കേജിലെ ഒന്നാംഘട്ടം നടപ്പിലാക്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഇക്കോസിസ്റ്റം തകരാറിലായിട്ടുണ്ടെന്ന് മാത്രമല്ല ഇവിടെ സൂചിപ്പിച്ചതുപോലെ കുട്ടനാട് മേഖലയിലെ അമിതമായ രാസവള പ്രയോഗംമൂലം ആഫ്രിക്കൻ പായലും കുളവാഴയും വലിയതോതിൽ വളരുകയുംചെയ്യുന്നതുമൂലം നീരൊഴുക്കില്ലാതെ ചെളിയും എക്കലും നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. ജലം മലിനപ്പെട്ടിരിക്കുന്നു. രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനെപ്പറ്റിയുള്ള പഠന റിപ്പോർട്ടുകളെല്ലാം പുറത്തുവന്നിരിക്കുകയാണ്. ക്യാൻസർ രോഗം പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതി രണ്ടാംഘട്ടം നടപ്പാക്കുന്നതിനാണ് ഗവൺമെന്റ് ഇപ്പോൾ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കുട്ടനാട് മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം, ചാലുകളുടെ പുനരുദ്ധാരണം, വരിനെല്ല്, പോളയും ചെളിയുംമൂലം ജലനിർഗ്ഗമന മാർഗ്ഗത്തിലുണ്ടാകുന്ന തടസ്സം, മടവീഴ്ചാ ഭീഷണി, പരിസ്ഥിതി മലിനീകരണം, കുടിവെള്ള ക്ഷാമം, വെള്ളപ്പൊക്കംമൂലം കൃഷി നാശം തുടങ്ങിയ പ്രശ്നങ്ങൾ അടിക്കടി ഇപ്പോൾ നേരിടേണ്ടിവരികയാണ്. ഇതിന് പരിഹാരമായി പുറംബണ്ടുകൾ ബലപ്പെടുത്തുക, തുടർച്ചയായി പൊട്ടുന്ന സ്ഥലങ്ങൾ കല്ലുകെട്ടി ബലപ്പെടുത്തുക, ജലസേചന ഗമന

നിർഗ്ഗമന ചാലുകൾ, തോടുകൾ എന്നിവ ആഴം കൂട്ടി ബണ്ടുകൾ നിർമ്മിച്ച് ഭ്രവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുക, ജലസേചനത്തിനായി പെട്ടി, പറ എന്നിവയ്ക്കുപകരം വെർട്ടിക്കിൾ പമ്പുസെറ്റ് സ്ഥാപിക്കുക എന്നിവയാണ് നടപ്പാക്കാനുള്ളത്. കുട്ടനാടൻ ജലാശയങ്ങളിൽ തിങ്ങിനിറഞ്ഞുനിൽക്കുന്ന പോളയുടെ നിർമ്മാർജ്ജനത്തെക്കുറിച്ച് അവലോകനം നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി ഡോ. രാധാമോഹൻ സിംഗിന്റെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ വച്ചുചേർന്ന യോഗത്തിൽ കൃഷി വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും പങ്കെടുക്കുകയും ഈ പ്രശ്നത്തെപ്പറ്റി വിശദമായ ചർച്ച നടത്തുകയും ചെയ്തു. രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ പദ്ധതികൾ നടപ്പാക്കണമെന്നത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ നടപ്പാക്കുന്നതിനുവേണ്ടി International Research and Training Centre for below Sea Level Farming-ന്റെ ഡയറക്ടറായിരിക്കുന്ന ഡോ. കെ. ജി. പത്മകുമാറിന്റെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഈ ടെക്നിക്കൽ കമ്മിറ്റി 22-2-2018-ന് മുമ്പുതന്നെ റിപ്പോർട്ട് സമർപ്പിക്കുകയും 22-2-2018-ൽ ന്യൂഡൽഹി സന്ദർശിച്ച വേളയിൽ ഈ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട കേന്ദ്ര കൃഷികാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. ആദ്യ ഘട്ടമെന്ന നിലയിൽ 97.24 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, അവിടത്തെ ഇക്കോ സിസ്റ്റം തിരിച്ചുകൊണ്ടു വരികയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മലിനമാക്കപ്പെട്ട കുട്ടനാട്ടിലെ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള നടപടിയാണ് ആദ്യം ആലോചിച്ചു കൊണ്ടിരിക്കുന്നത്. എന്നുമാത്രമല്ല, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നല്ല മുറ കൃഷി പരിപാലന രീതിയുടെ ഭാഗമായി സ്പെഷ്യൽ അഗ്രികൾച്ചർ സോണായി കുട്ടനാടിനെ പ്രഖ്യാപിച്ചതിനെത്തുടർന്ന് കുട്ടനാട് മേഖല വരുന്ന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽപ്പെടുന്ന മുഴുവൻ പ്രദേശത്തെയും ചേർത്തുകൊണ്ട് 40000 ഹെക്ടർ സ്ഥലത്ത് നല്ല മുറ കൃഷി പരിപാലന രീതി അവലംബിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു. അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി. കുട്ടനാട് കാർഷിക മേഖലയിൽ പല മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കർഷകർ ഇപ്പോൾ തുടർന്നുവരുന്ന അമിതമായ രാസവള പ്രയോഗത്തിൽനിന്നും അവരെ പിന്തിരിപ്പിക്കാനുള്ള ക്യാമ്പയിൻ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായാണ് നല്ലമുറ കൃഷി പരിപാലന രീതി, ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കൽ, പരമ്പരാഗത മത്സ്യ ഇനങ്ങളെ വളർത്തുന്ന സംവിധാനത്തെപ്പറ്റിയൊക്കെത്തന്നെ ആലോചിക്കുകയും നടപടി സ്വീകരിച്ചു

കൊണ്ടിരിക്കുകയും ചെയ്യുന്നത്. 2017-18 സാമ്പത്തിക വർഷം 5 പ്രധാന വിളകളെ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ നെല്ലിന്റെ പ്രത്യേക കാർഷിക മേഖലയായ കുട്ടനാടിനുവേണ്ടി vertical axial flow pump-കൾ സ്ഥാപിക്കുന്നതിനുവേണ്ടി 101 ലക്ഷം രൂപ ഇതുവരെ അനുവദിക്കുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിലും പ്രത്യേക കാർഷിക മേഖലയെന്ന പദ്ധതിയിൻകീഴിൽ നെല്ല് ഉൾപ്പെടെയുള്ള 15 മേഖലകൾക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ഗണ്യമായ പങ്ക് കുട്ടനാട് ഉൾപ്പെടെയുള്ള കാർഷിക മേഖലയ്ക്കാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കുട്ടനാട് മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കാൻ പോകുകയാണ്. അതിന്റെ അന്തിമ ഘട്ടത്തിലേയ്ക്ക് വന്നിരിക്കുകയാണ്. കുട്ടനാട് സ്പെഷ്യൽ അഗ്രികൾച്ചർ സോണിന്റെ ഭാഗമായി കർഷകർക്ക് അവരുടെ അഭിപ്രായങ്ങളിൽ ചർച്ചകൾ നടത്തുവാൻ കഴിയുന്ന വിധത്തിൽ ഒരു ജനകീയ ഇടപെടലിന്റെ ഭാഗമായി ഒരു കമ്മ്യൂണിറ്റി റേഡിയോ അവിടെ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. പ്രത്യേകിച്ച് ആവശ്യമില്ലെങ്കിൽതന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പർ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. എല്ലാ ആദ്യത്തെ ബുധനാഴ്ചയും വൈകിട്ട് 5.30 മുതൽ 6.30 വരെ കൃഷി വകുപ്പുമന്ത്രിയുമായി നേരിട്ട് കർഷകർക്ക് സംവദിക്കാൻ കഴിയുന്ന തരത്തിൽ ടോൾ ഫ്രീ നമ്പർ ഇപ്പോൾത്തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ടെക്നിക്കൽ കമ്മിറ്റി ആവശ്യമാണെന്നാണ് തോന്നുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നിയമസഭാ സമിതി പരിശോധിക്കണമെന്ന കാര്യം പിന്നീട് ആലോചിക്കാവുന്നതാണ്. പക്ഷെ ടെക്നിക്കൽ കമ്മിറ്റിയെക്കൊണ്ട് രണ്ടാം ഘട്ട കുട്ടനാട് പാക്കേജിനെ സംബന്ധിച്ചുള്ള ഒരു ചർച്ച വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പാക്കേജിനെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ഒരു ജനകീയ സമിതി അടിയന്തരമായി വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ചോറൂട്ടുന്നവർക്കായി ബലിച്ചോറ് ഉരുളകൾ തീർക്കപ്പെടാതിരിക്കാൻവേണ്ടി ഈ ഗവൺമെന്റ് രക്ഷകരാകുമെന്ന് അങ്ങയുടെ മറുപടിയിലൂടെ അറിയുന്നതിൽ വലിയ സന്തോഷമുണ്ട്. കുട്ടനാടൻ മേഖലയുടെ ജൈവ വൈവിധ്യവും പരിസ്ഥിതി സന്തുലനവും ആവാസ വ്യവസ്ഥയും നിലനിർത്താനായി Globally Important Agricultural Heritage System-ന്റെ സ്കീമോ സഹായമോ നേടിയെടുക്കാൻ വേണ്ടിയുള്ള പരിശ്രമം തുടരുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, International Research and Training Centre for below Sea Level Farming എന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഈ മേഖലയിലെ ഇക്കോ സിസ്റ്റത്തെ സംബന്ധിച്ച് പഠിക്കുന്നതിന് ഒരു വലിയ ഇൻസ്റ്റിറ്റ്യൂട്ട് അവിടെ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി വനം വകുപ്പിന്റെകീഴിൽ സ്മൃതിവനം പദ്ധതിക്കുവേണ്ടി കൊടുത്തിരുന്ന സ്ഥലം ഈ സ്ഥാപനത്തിന് തിരിച്ചുനൽകാനും അതിന്റെ അടിസ്ഥാനത്തിൽ അതിന് അനുബന്ധമായി ഒരു ഗവേഷണ സ്ഥാപനം സ്ഥാപിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനമെടുത്ത് നടപടിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് ആ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം കൂടിയ മീറ്റിംഗിൽ വിശദമായ ചർച്ച നടത്തുകയുണ്ടായി. അടുത്ത മീറ്റിംഗിൽവച്ച് അതിന് അന്തിമ അംഗീകാരം കിട്ടുന്നതോടുകൂടി അതിനാവശ്യമായ ഫണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

(2) കൊച്ചിയുടെ വികസനം

ശ്രീ. ഹൈബി ഈഡൻ: സർ, കൊച്ചിയെ ഒരു മോഡേൺ സിറ്റിയായി വളർത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി. കേന്ദ്ര ഗവൺമെന്റ് 2015 ജൂണിൽ ആരംഭിച്ച ഇന്ത്യയിലെ 100 നഗരങ്ങളെ അത്യാധുനിക നഗരങ്ങളാക്കി മാറ്റുന്നതിനുവേണ്ടി 1000 കോടി രൂപ ഇൻവെസ്റ്റ് ചെയ്യുന്ന ഒരു പദ്ധതിയാണ് സ്മാർട്ട് സിറ്റി പ്രോജക്ട്. 2015 ജൂലൈയിൽ കേരളത്തിലെ 8 നഗരങ്ങളിൽനിന്നും കൊച്ചിയെ തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് 2016 ജനുവരി മാസത്തിൽ കേന്ദ്ര ഗവൺമെന്റ് ഫസ്റ്റ് ഫേസ് എന്നുള്ള രീതിയിൽ 20 നഗരങ്ങളെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കുകയുണ്ടായി. അതിൽ 5th റാങ്കിംഗോടു കൂടിയാണ് കൊച്ചി ഈ പട്ടികയിലേയ്ക്ക് കടന്നുവന്നത്. 2016 മാർച്ച് മാസത്തിലാണ് ഇതിനുവേണ്ടി കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചത്. 2016 മേയ് 25-ാം തീയതിയാണ് കൺസൾട്ടന്റിനായി ഗ്ലോബൽ ടെണ്ടർ വിളിച്ചത്. ഇതിന്റെ ഫൈനൽ അപ്രൂവൽ, Letter of Award തന്നത് 2017 ആഗസ്റ്റ് 8-ാം തീയതിയാണ്. ഏകദേശം ഒന്നര വർഷത്തോളം കൺസൾട്ടൻസിയുടെ നിയമനവുമായി ബന്ധപ്പെട്ട് നഷ്ടപ്പെടുകയാണുണ്ടായത്. 20 നഗരങ്ങളിലും വലിയ

രീതിയിലുള്ള മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട്, നമ്മളെ പിന്തള്ളിക്കൊണ്ട് ഈ നഗരങ്ങൾ അതിന്റെ പ്രവൃത്തിയിലേയ്ക്ക് കടന്നു. പല സ്ഥലത്തും അത് പൂർത്തീകരണ വേളയിലാണ്. കൊച്ചി വളരെ പിന്നോക്കം പോകുന്ന ഒരു സാഹചര്യമുണ്ടായി. 2017 സെപ്റ്റംബർ 7-നാണ് പ്രോജക്ട് മാനേജ്മെന്റ് എഗ്രിമെന്റ് ഒപ്പുവച്ചത്. ഒരു ഡച്ച് കമ്പനിയുടെ ഇന്ത്യൻ കൗണ്ടർ പാർട്ടാണ് ഇത് നിർവ്വഹിക്കുന്നത്. ഏകദേശം 196 കോടി രൂപ സെൻട്രൽ ഗവൺമെന്റിന്റെയും 200 കോടി രൂപ സ്റ്റേറ്റ് ഗവൺമെന്റിന്റെയും 3.7 കോടി രൂപ കൊച്ചിൻ കോർപ്പറേഷന്റെയും ഷെയറിന്റെ അടിസ്ഥാനത്തിലാണ് ഫസ്റ്റ് ഫേസ് നിർവ്വഹിക്കുന്നത്. ഈ പണത്തിൽനിന്നും ഒരു രൂപപോലും ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഈ സ്മാർട്ട് സിറ്റി പദ്ധതി മുന്നോട്ടുപോകുന്നതിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ കുറെയധികം ടെണ്ടറുകൾ ഫ്ലോട്ട് ചെയ്തിട്ടുണ്ട്. എറണാകുളം നഗരത്തിന്റെ 3 വാർഡുകളും കൊച്ചി നിയോജകമണ്ഡലത്തിന്റെ 5 വാർഡുകളുമാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ പ്രദേശങ്ങളുടെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിൽ ഒരു കൂടിയാലോചനയോടുകൂടി, പലപ്പോഴും ഉദ്യോഗസ്ഥർ മാത്രമാണ് ഇതിന് നേതൃത്വം കൊടുക്കുന്നത് എന്നുള്ളതുകൊണ്ടുതന്നെ അതിന്റെ പല ഘട്ടങ്ങളിലും പരിമിതികൾ നിലനിൽക്കുകയാണ്. കൊച്ചി പോലുള്ള ഒരു വളരുന്ന നഗരത്തിൽ വെള്ളക്കെട്ടിന്റെ പ്രശ്നമുണ്ട്. റോഡുകളുടെ വികസനം മാത്രമല്ല ഇതുവഴി ലക്ഷ്യം വയ്ക്കേണ്ടത്. ഓപ്പൺ സ്പേസസ് ഡെവലപ്മെന്റ്, പെഡസ്ട്രിയൻ റൈറ്റ്സ് എന്ന വലിയൊരു ആവശ്യവുമായി അത്യാധുനിക നഗരങ്ങളിലെ ജനങ്ങൾ മുന്നോട്ടുവരികയാണ്. അവർക്ക് നടക്കാനുള്ള നല്ല നടപ്പാതകളും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി ഓപ്പൺ സ്പേസസ് ക്രിയേറ്റ് ചെയ്യുകയെന്നതും വളരെ പ്രധാനപ്പെട്ട ഒരു ആസ്പെക്ടാണ്. അതുകൊണ്ടുതന്നെ സ്മാർട്ട് സിറ്റിയുടെ പണം ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ഫ്ലോട്ട് ചെയ്ത ടെണ്ടറുകൾ കൂടാതെതന്നെ അവിടത്തെ ജനപ്രതിനിധികളുമായി ഒരു കൺസൾട്ടേഷൻ നടത്തുന്നത്, കേന്ദ്ര ഗവൺമെന്റ് പ്രതിനിധിയായ അവിടത്തെ എം.പി.-യുമായും രണ്ട് നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുമായും കൺസൾട്ടേഷൻ നടത്തുന്നത് കൂടുതൽ പ്രയോജനകരമായി മാറുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇതിന്റെ ജൂറിസ്ഡിക്ഷനിലുള്ള സ്ഥലമാണ് മഹാരാജാസ് കോളേജ്. കൊച്ചി മെട്രോ റെയിലിന്റെ വികസനവുമായി ബന്ധപ്പെട്ട് മെട്രോ സ്റ്റേഷൻ നിർമ്മിക്കുന്നതിന് 16 സെന്റ് സ്ഥലം വിട്ടുനൽകിയിരുന്നു. അവിടത്തെ എല്ലാ വിദ്യാർത്ഥി സംഘടനകളും അതിനെതിരെ വലിയ പ്രതിഷേധവുമായി വന്നിരുന്നു. walk way-യ്ക്കുവേണ്ടിയും മഹാരാജാസ് കോളേജിന്റെ സ്ഥലം വിട്ടുനൽകിയിരുന്നു. അവരുടെ ഹോസ്റ്റൽ ഫെസിലിറ്റീസ് വർദ്ധിപ്പിക്കാൻ, പുതിയ

ഹോസ്റ്റൽ നിർമ്മിച്ചുകൊടുക്കാമെന്നും ഗ്രൗണ്ടിൽ ഹോക്കിയുടെ ഏറ്റവും മോഡേണായ ആസ്ട്രോ ടർഫ് നിർമ്മാണത്തിനുള്ള പണം നൽകാമെന്നുമുള്ള ഒരു വെർബൽ എഗ്രിമെന്റ് ഉണ്ടായിരുന്നു. സ്മാർട്ട് സിറ്റിയുടെ ജ്യൂറിസ്ഡിക്ഷനിൽ വരുന്നതുകൊണ്ടുതന്നെ എറണാകുളം ജനറൽ ഹോസ്പിറ്റലിനടക്കം ഇതിന്റെ വികസനവുമായി ബന്ധപ്പെട്ട് പണം അനുവദിക്കുന്നുണ്ട്. മഹാരാജാസ് കോളേജിലെ ഗ്രൗണ്ടിന്റെ നവീകരണത്തിനു വേണ്ടിയും ആസ്ട്രോ ടർഫിന്റെ നിർമ്മാണത്തിനുവേണ്ടിയും പണം അനുവദിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഹൈക്കോർട്ട് ജംഗ്ഷനിൽ, ലുലു ഗ്രൂപ്പിന്റെ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കൺവെൻഷൻ സെന്റർ തുറക്കുകയാണ്. ഹൈക്കോർട്ട് ജംഗ്ഷനിൽ നിന്ന് ഗോശ്രീ ജംഗ്ഷൻ വരെ ഏകദേശം 500 മീറ്റർ മാത്രം ദൈർഘ്യമുള്ള ഈ സ്ഥലം റോഡ് വികസനത്തിനും കൾവെർട്ട് നിർമ്മാണത്തിനും അതിന്റെ ബ്യൂട്ടിഫിക്കേഷനും വേണ്ടി ഉപയോഗിക്കുകയാണ്. അല്ലെങ്കിൽ നഗരം വലിയ ഗതാഗതകുരുക്കിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും. ആ റോഡിന്റെ നവീകരണവും വികസനവും കൂടി ഇതിൽ ലക്ഷ്യംവയ്ക്കണം. കൊച്ചി കോർപ്പറേഷന്റെ ഏറ്റവും പുതിയ ഓഫീസുകൂടി അവിടെ ആരംഭിക്കുന്നതോടുകൂടി വലിയ ഗതാഗതകുരുക്ക് അനുഭവപ്പെടാൻ പോകുകയാണ്. ഹൈക്കോർട്ട് ജംഗ്ഷനിൽനിന്നും വൈപ്പിനിൽനിന്നും വരുന്ന ആളുകളെയെല്ലാം കണക്കു ചെയ്യുന്ന ഒരു മോഡേൺ സ്കൈവാക്ക് എലിവേറ്റർ വച്ച് ആൾക്കാർക്ക് റോഡ് ക്രോസ്സ് ചെയ്യാൻ പറ്റുന്ന, പലപ്പോഴും ഹൈക്കോർട്ട് ജംഗ്ഷനിൽ വലിയ അപകടങ്ങൾ, ആളുകൾ റോഡ് ക്രോസ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്നു. അതുകൊണ്ട് മൂന്ന് പ്രദേശങ്ങളെ കണക്ട് ചെയ്യുന്ന ഒരു സ്കൈവാക്കുകൂടി ഈ സ്മാർട്ട് സിറ്റിയുടെ ഭാഗമായി പരിഗണിക്കണമെന്നാണ് ഇതിലൂടെ അഭ്യർത്ഥിക്കുന്നത്. നമ്മൾ ഒരുപാട് ദൂരം പിന്നിലാണ്. വലിയ രീതിയിൽ നമുക്ക് മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പദ്ധതിയാണിത്. ഗവൺമെന്റ് സമയബന്ധിതമായി അത് നടപ്പിലാക്കാൻ വേണ്ട നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016 മാർച്ച് 16-ാം തീയതി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് 20-7-2017 മുതൽ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് കമ്പനി അതിന്റെ സി.ഇ.ഒ. ആയി ശ്രീ. മുഹമ്മദ് ഹനീഷ് ഐ.എ.എസ്-നെ

നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫലപ്രദമായിട്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട ഹൈബി ഈഡൻ സൂചിപ്പിച്ചതുപോലെ കൺസൾട്ടൻസിയുമായി ബന്ധപ്പെട്ട് കുറച്ച് സമയമെടുക്കാൻ നിർബന്ധിക്കപ്പെട്ടു. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്, സ്മാർട്ട് സിറ്റി ഏരിയയുടെ ടൗൺപ്ലാനിംഗ് സ്കീം തയ്യാറാക്കി കൊച്ചി കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിക്കായി ഇതിനോടകം കേന്ദ്ര സംസ്ഥാന വിഹിതമുൾപ്പെടെ 396 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പങ്കാളിയുമായി കെ.എം.ആർ.എൽ.-നെ നിയോഗിച്ചിട്ടുണ്ട്. കൊച്ചി വൺ സ്മാർട്ട് കാർഡ് മൊബൈൽ ആപ്, വാട്ടർ മെട്രോ പ്രോജക്ട്, യന്ത്രേതര ട്രാൻസ്പോർട്ട് പദ്ധതി എന്നിവ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ കെ.എം.ആർ.എൽ. സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനേജ്മെന്റ് കൺസൾട്ടന്റായ മെസേഴ്സ് ഐ.പി. ഗ്ലോബലുമായി കരാർ ഒപ്പുവച്ച് പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. ഏകദേശം 331 കോടി രൂപയുടെ പ്രോജക്ടുകളുടെ ടെൻഡർ നടപടികൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. 150 കോടി രൂപയുടെ ടെൻഡർ നടപടികൾ മാർച്ച് 31-നകം പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈബി ഈഡൻ സൂചിപ്പിച്ചതുപോലെ മെട്രോ റെയിൽവേ സ്റ്റേഷനുവേണ്ടി മഹാരാജാസ് കോളേജിന്റെ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്, കോളേജിന് ഹോക്കി ഗ്രൗണ്ട് നിർമ്മിക്കുന്നതിനും ഹോസ്റ്റൽ കെട്ടിടം നവീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കും. അതുപോലെ സ്കൈവാക്ക് എലിവേറ്റർ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ശിപാർശയും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ജനപ്രതിനിധികളുമായി ഒരു ചർച്ച നടത്തണമെന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. ഇതിനോടെല്ലാം വളരെ പോസിറ്റീവായിട്ടുള്ള സമീപനമായിരിക്കും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുക. സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ഹൈബി ഈഡൻ: സർ, പലപ്പോഴും കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ ഒരു ഭാഗത്തും സ്മാർട്ട് സിറ്റിയുടെ അധികൃതർ നടത്തുന്ന പ്രോജക്ടുകൾ മറുഭാഗത്തും നടക്കുകയാണ്. ഒരു കോ-ഓർഡിനേഷൻ പലപ്പോഴും

ഇവർ തമ്മിലുണ്ടാകുന്നില്ല. അതുകൊണ്ട് ഈ സ്മാർട്ട് സിറ്റി ജൂറിസ്ഡിക്ഷനിൽ പറഞ്ഞിരിക്കുന്ന ഏരിയയിൽ അതിന്റെ വികസനത്തിനുവേണ്ടി വാട്ടർ ലോഗിംഗും റോഡ് വികസനവുമടക്കം വലിയ പ്രശ്നമായി ഒരു നഗരത്തിൽ മാറിയിരിക്കുകയാണ്. അതുകൊണ്ട് ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി ഇത് കുറേക്കൂടി പ്ലാനിംഗോടുകൂടി, ഇത്രയുമധികം പണം ചെലവഴിച്ച് ഒരു സിറ്റി ക്രിയേറ്റു ചെയ്യുമ്പോൾ അതിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങളിൽ, പശ്ചാത്തല സൗകര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്, അതിന്റെ ഒരു പ്ലാൻ സിസ്റ്റത്തിനുവേണ്ടി ഗവൺമെന്റ് ഉത്തരവാദപ്പെട്ട ആളുകളെ ഇതുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തണമെന്നതാണ് അഭ്യർത്ഥന.

ശ്രീ. എ. കെ. ബാലൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്, കോർപ്പറേഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു യോജിപ്പ് ആവശ്യമാണ്. രണ്ട് തട്ടിൽ നിൽക്കുന്ന ഒരു സ്ഥിതിയുണ്ടാകാൻ പാടില്ല, ഏകീകരിച്ച ഒരു രൂപം ഇതിനാവശ്യമാണ്. നഗരത്തിന്റെ വിപുലീകരണവും ഗതാഗത പ്രശ്നങ്ങളും പരിഗണിച്ച് മട്ടാഞ്ചേരി, ഫോർട്ടു കൊച്ചി എന്നിവയടക്കം മൂന്ന് സ്ഥലങ്ങളിൽ ഒരു ടൗൺ പ്ലാനിംഗ് സ്കീം ഇതിനകം തയ്യാറായി കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷന്റെ ഏറ്റവും നല്ല ഇടപെടൽ ആവശ്യമാണ്. ഇടക്കാലത്ത് ആ രൂപത്തിലുള്ള ഒരു യോജിപ്പ് പ്രകടമായിരുന്നില്ല. ഈ കാര്യങ്ങളടക്കം ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും. ഫലപ്രദമായിട്ടുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

## IV സബ്മിഷൻ

### (1) ഡോ. ജൗഹറിനെതിരെയുള്ള കേസ്

ശ്രീ. കെ. എം. ഷാജി: സർ, അനേകം മതങ്ങളും നിരവധി വിശ്വാസ ആചാരാനുഷ്ഠാനങ്ങളും നിലനിൽക്കുന്നുവെന്നതാണ് നമ്മുടെ നാടിന്റെ മുഖ്യ സവിശേഷത. സ്വഭാവികമായും വസ്ത്രധാരണരീതികളിലും ഭക്ഷണ രീതികളിലും ഈ വൈവിദ്ധ്യം കാണാം. സിഖ് സമുദായത്തിന്റെ ഡ്രസ്സ് കോഡ്, അതിന് മിലിറ്ററിയിൽപ്പോലുമുള്ള ഇളവ് ഇതിന് ഒരു ഉദാഹരണം മാത്രമാണ്. അവനവന്റെ കാഴ്ചപ്പാടുകളും മതവിശ്വാസാനുഷ്ഠാനങ്ങളും ആ വിഭാഗത്തിൽപ്പെട്ടവരോട് തുറന്ന് പറയുന്നത് ഒരു ക്രിമിനൽ കുറ്റമല്ല. ഈ സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട്, ഒരു സ്വകാര്യയിടത്തിൽവച്ച് ഒരു അദ്ധ്യാപകൻ നടത്തിയ പരാമർശത്തിന്റെ പേരിൽ അദ്ദേഹത്തിനെതിരെ കേസ്സെടുത്തിരിക്കുന്നു. അദ്ധ്യാപകന്റെ പ്രസംഗത്തിന്റെ പേരിൽ വിമർശനങ്ങൾ ഉന്നയിക്കാൻ ഒരു ജനാധിപത്യ സമൂഹത്തിൽ എല്ലാപേർക്കും അവകാശമുണ്ട്, എന്നാൽ അയാൾക്കെതിരെ കേസ്സെടുത്ത്

ശിക്ഷിക്കാനുള്ള നീക്കം പൗരന്റെ മൗലികമായ അവകാശത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനുംമേലുള്ള കയ്യേറ്റമാണ്. സഭ്യേതരമല്ലാത്തതും സ്ത്രീ വിരുദ്ധവുമായ ഏത് പരാമർശത്തിന്റെ പേരിലാണ് ജൗഹർ മുനവ്വർ എന്ന അദ്ധ്യാപകനെതിരെ കൊടുവള്ളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്, അതിനേക്കാൾ ഗുരുതരവും അധിക്ഷേപകരവും സ്ത്രീ വിരുദ്ധവുമായ പരാമർശങ്ങൾ നടത്തിയവർ ഈ സഭയിലുള്ള മന്ത്രിയടക്കം നമ്മുടെ നാട്ടിൽ ഏറെയുണ്ട്. എന്നാൽ തീർത്തും നിരുപദ്രവകരമായ ഒരു പരാമർശത്തിന്റെ പേരിൽ ഇങ്ങനെ കേസ്സെടുക്കാൻ തുടങ്ങിയാൽ പരാതികളുടെ പ്രളയമായിരിക്കും ഉണ്ടാകുക. മറ്റുള്ളവർക്കെതിരെ എടുക്കാത്ത നടപടി ജൗഹർ മുനവ്വറിനെതിരെ മാത്രമാകുന്നതിന്റെ സാംഗത്യത്തെ ഇവിടെ സംശയിച്ചാൽ അത് എങ്ങനെയാണ് തെറ്റാകുന്നത്? ഭരണഘടനയിൽ ആർട്ടിക്കിൾ 25 ഇഷ്ടമുള്ള മതം സ്വീകരിക്കാൻ മാത്രമല്ല, ആ മതത്തിന്റെ ആശയം പറയാനും സ്വാതന്ത്ര്യം നൽകുന്നുണ്ട്. ഒരു മതത്തിന്റെ കാഴ്ചപ്പാട് അനുസരിച്ചുള്ള വസ്ത്രധാരണ രീതി ആ മത സമൂഹത്തിനുള്ളിലെ ഒരു സ്വകാര്യ വേദിയിൽ പോലും പറയാൻ കഴിയാത്തവിധം മൗലിക അവകാശത്തെ തടയുകയാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. അടുത്ത കാലത്തുണ്ടായ പോലീസിന്റെ സമീപന രീതിയിലെ മാറ്റമാണ് ഇതിൽ കാണുന്നത്. സൂക്ഷ്മതയോടെ ഈ വിഷയം കൈകാര്യം ചെയ്യാൻ ഗവൺമെന്റിന് സാധിക്കണമെന്ന് അങ്ങയോട് ആവശ്യപ്പെടാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു)

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കോഴിക്കോട് ഫറൂക്ക് ട്രെയിനിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ. ജൗഹർ മുനവ്വർ സ്ത്രീത്വത്തെ .......(ബഹളം)........ അപമാനിക്കും വിധം മോശമായ പരാമർശങ്ങൾ നടത്തിയെന്നും സ്ത്രീയുടെ മാനത്തെ അധിക്ഷേപിക്കുന്ന തരത്തിൽ ഒരു പൊതുസദസ്സിൽ പ്രസംഗിച്ചുവെന്നും ആരോപിച്ച് ഫറൂക്ക് കോളേജിലെ ഒരു വിദ്യാർത്ഥിനി കൊടുവള്ളി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജൗഹർ മുനവറിനെ പ്രതിയാക്കി ഐ.പി.സി. 354 എ 4, 509 എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. കൊടുവള്ളി എളേറ്റിൽ വട്ടോളിയിലാണ് വിദ്യാർത്ഥിനിയുടെ വസ്ത്രധാരണ രീതിക്കെതിരെ അദ്ധ്യാപകൻ മോശം പരാമർശം നടത്തിയത്. പ്രസ്തുത പ്രസംഗത്തിന്റെ വീഡിയോ അടക്കം യുട്യൂബിലും കോളേജ് വാട്സ് അപ്പ്

ഗ്രൂപ്പിലും മറ്റ് നവമാധ്യമങ്ങളിലും വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വിദ്യാർത്ഥികളുടെ വ്യാപകമായ പ്രതിഷേധമാണ് ഉയർന്നുവന്നത്. അദ്ധ്യാപക പദവിയെ പൊതുവിൽ കളങ്കപ്പെടുത്തുന്ന അശ്ലീലചുവയുള്ള പരാമർശങ്ങളാണ് ജൗഹർ നടത്തിയത്. ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്താൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ അങ്ങയുടെ മറുപടി ശ്രദ്ധിക്കുകയായിരുന്നു. നമ്മൾ വ്യാപകമായി ഒരു പ്രതിഷേധം ഉയർത്തിയിട്ടുണ്ട്. എല്ലാ മുസ്ലീം സംഘടനകളും ഈ കാര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് ഈ കാര്യം പരിശോധിക്കണം, നമ്മുടെ നാട്ടിൽ ആവിഷ്കാരസ്വാതന്ത്ര്യമുണ്ട്, ആളുകൾക്ക് അഭിപ്രായങ്ങൾ പറയാനുള്ള സ്വാതന്ത്ര്യം നിലനിൽക്കുകയാണ്. ഇത്തരത്തിലൊരു കേസ്സെടുത്തതിനെ സംബന്ധിച്ച്, ഗവൺമെന്റ് ഇതിന്റെ വസ്തുതകൾ ഒന്നുകൂടി പരിശോധിച്ചശേഷം നടപടി സ്വീകരിക്കുമോ എന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്.

11.00 AM]

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പരാതിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 354 എ 4, 509 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 104/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കേസ്സിന്റെ തുടർച്ചയെന്നുപറയുന്നത് ഇൻവെസ്റ്റിഗേഷനാണ്. അതിന്റെ ഭാഗമായിട്ടാണ് നടപടികൾ ഉണ്ടാകുക. സുവോമോട്ടോ ആയി എന്തെങ്കിലും നടപടി ഇതുവരെ ഗവൺമെന്റ് എടുത്തിട്ടില്ല. മാത്രമല്ല, അദ്ദേഹത്തെ അറസ്റ്റും ചെയ്തിട്ടില്ല. ഒരു പരാതി കിട്ടുമ്പോൾ സ്വാഭാവികമായും അതിൽ തുടരന്വേഷണം ഉണ്ടാകും.

(2) ആദിവാസി കുടുംബങ്ങൾക്ക് ഭൂമി

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ വാഴച്ചാൽ, വാച്ചുമരം, പെരുമ്പാറ, ഷോളയാർ തുടങ്ങിയ ആദിവാസി കോളനികളിലെ കാടർ വിഭാഗത്തിൽപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനും കൃഷിക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അനിശ്ചിതത്വത്തിൽ തുടരുകയാണ്. നേരത്തെ കാട്ടിലാകെ യഥേഷ്ടം സഞ്ചരിക്കുകയും വനവിഭങ്ങൾ ശേഖരിക്കുകയും കൃഷി ചെയ്യുകയും ചെയ്തുവന്നിരുന്ന ഇവരെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിയപ്പോൾ പരിമിതമായ

സ്ഥലത്തേയ്ക്ക് വനം വകുപ്പ് ജണ്ട കെട്ടി ഒതുക്കുകയാണുണ്ടായത്. കുടുംബങ്ങളിലെ അംഗസംഖ്യ വർദ്ധിച്ചതിനാലും മുഴുവൻ കുടുംബങ്ങൾക്കും വീടുവയ്ക്കുന്നതിനോ കൃഷി ചെയ്യുന്നതിനോ ആവശ്യമായ ഭൂമിയില്ലാത്തതിനാലും ഇവർ കഷ്ടപ്പെടുകയാണ്. മരിച്ചാൽ സംസ്കരിക്കുന്നതിനുള്ള പൊതുസ്ഥലംപോലും ഇവർക്കില്ല. വാച്ചുമരം കോളനിയോടടുത്തുള്ള സ്ഥലം വനം, റവന്യൂ, പട്ടികവർഗ്ഗം എന്നീ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കണ്ടെത്തിയെങ്കിലും ആനത്താരയാണെന്ന കാരണം ചൂണ്ടിക്കാട്ടി വനം വകുപ്പ് അനുമതി നൽകാത്തതുമൂലം പ്രസ്തുത ഭൂമി നൽകുന്നതിന് കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ ഭൂമിയിൽ സ്ഥലം ലഭിക്കുന്നതിനായി ആദിവാസികൾ കുടിൽ കെട്ടി സമരം ചെയ്യുകയും ജയിൽവാസം അനുഭവിക്കുകയുമുണ്ടായി. വനം വകുപ്പിന്റേതടക്കം അനുമതി ലഭ്യമാക്കി പ്രസ്തുത സ്ഥലം ആദിവാസികൾക്ക് നൽകുന്നതിനോ അല്ലെങ്കിൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി നൽകുന്നതിനോ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വാഴച്ചാൽ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന വാഴച്ചാൽ, പെരുമ്പാറ (മലക്കപ്പാറ), ഷോളയാർ എന്നീ സങ്കേതങ്ങളിൽ താമസിക്കുന്നവർ കാടർ വിഭാഗത്തിൽപ്പെട്ട ആദിവാസികളാണ്. വാഴച്ചാൽ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന വാച്ചുമരം ആദിവാസി കോളനിയിൽ കാടർ, മലയൻ വിഭാഗങ്ങളാണ് താമസിച്ചുവരുന്നത്. ഇതിൽ 1.90 ഹെക്ടർ സ്ഥലത്ത് 44 കാടർ കുടുംബങ്ങളും 2.50 ഹെക്ടർ സ്ഥലത്ത് 7 മലയൻ കുടുംബങ്ങളുമാണ് നിലവിലെ വനാവകാശ രേഖകൾ പ്രകാരമുള്ളത്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ട്മെന്റ് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. 15.50 ഹെക്ടർ വിസ്തീർണ്ണമുള്ള അൽബീസിയ (Albizia Tree Species) തോട്ടമാണ് പുനരധിവാസത്തിനായി ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത സ്ഥലം ചരിവുള്ളതും പാറക്കെട്ടുകൾ നിറഞ്ഞതുമാണ്, മാത്രമല്ല ചില ഭാഗങ്ങളിൽ ഈറ്റക്കാടുകളും മറ്റൊരുഭാഗം ചതുപ്പു നിറഞ്ഞതുമാണ്. മധ്യഭാഗത്തായി നീരൊഴുക്കും കാണപ്പെടുന്നു. പ്രസ്തുത സ്ഥലത്ത് രണ്ട് ഭാഗം ചുറ്റി പെരിങ്ങൽകുത്ത് റിസർവോയർ സ്ഥിതി ചെയ്യുന്നതിനാൽ, ജലലഭ്യത കൂടുതലായതിനാൽ, കാട്ടുമൃഗങ്ങളുടെ വിഹാര കേന്ദ്രമാണ്. പാറക്കെട്ടുകൾ നിറഞ്ഞതിനാൽ പ്രസ്തുത സ്ഥലം കൃഷിക്കും അനുയോജ്യമല്ല. പ്രസ്തുത സ്ഥലത്ത് ആദിവാസികളെ പുനഃരധിവസിപ്പിച്ചാൽ ഭാവിയിൽ ഗുരുതരമായ മനുഷ്യ-വന്യജീവി സംഘർഷം ഉണ്ടാകാനിടയുണ്ടെന്നും തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ പെരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിനായി

5-9-1952-ൽ 544 ഏക്കർ സ്ഥലം കൈമാറിയിട്ടുള്ളതാണ്. ഈ പ്രദേശത്ത് കെ.എസ്.ഇ.ബി. ഉപയോഗിക്കാതെ കിടക്കുന്ന ധാരാളം സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലത്തുതന്നെ വാച്ചുമരം കോളനിക്കാരായ കാടർ സമുദായത്തിൽപ്പെട്ടവരുടെ പെരിങ്ങൽ കോളനി നിലനിൽക്കുന്നുണ്ട്. കൂടാതെ വാച്ചുമരം, പൊകലപ്പാറ കാടർ കോളനികളും ഇതിന്റെ സമീപത്താണ്. ആയതിനാൽ പുനരധിവാസ പദ്ധതിക്ക് ഈ സ്ഥലം പ്രയോജനപ്പെടുത്താവുന്നതാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അവിടെ പുനഃരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് കരുതുകയാണ്.

(3) വിളജല കലണ്ടർ, പൈപ്പ് ടണൽ സംവിധാനം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എന്റെ നിയോജകമണ്ഡലമായ ആലത്തൂരിൽ 'നിറ' എന്ന പേരിൽ ഒരു കാർഷിക വികസന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ പദ്ധതിക്ക് നല്ല സപ്പോർട്ട് കൃഷി വകുപ്പിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ അവിടെ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ജലദൗർലഭ്യമാണ്. മലമ്പുഴ ഡാമിനെ ആശ്രയിച്ചുള്ള ആറായിരത്തിലധികം ഹെക്ടർ വരുന്ന നെൽകൃഷിക്ക് യഥാസമയം കൃത്യമായ അളവിൽ വെള്ളം ലഭ്യമാക്കണമെങ്കിൽ നിലവിലുള്ള ടേൺ സിസ്റ്റത്തിൽ ഭേദഗതി വരുത്തേണ്ടതാണ്. അതിന് സഹായകരമാകുന്ന വിധത്തിൽ ഒരു വിള - ജല കലണ്ടർ ആലത്തൂർ മണ്ഡലം അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ആ വിള - ജല കലണ്ടറിന് ഈ ജൂലൈ മാസത്തിലെങ്കിലും അംഗീകാരം ലഭ്യമായാലേ രണ്ടാം വിള നെൽകൃഷി ശാസ്ത്രീയമായി നടത്താൻ കഴിയുകയുള്ളൂ. അത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്, അതിനായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേതൃത്വം നൽകേണ്ടതാണ്. പി. എ. സി. (പ്രോജക്ട് അഡ്വൈസറി കമ്മിറ്റി)യാണ് അതിന്റെ അംഗീകാരം നൽകേണ്ടത്. ജില്ലാതലത്തിൽ അതിനാവശ്യമായ കർശന നിർദ്ദേശം ഇവിടെനിന്നും ലഭ്യമാക്കണം.

അതുപോലെതന്നെ ചേരാമംഗലം ഹെഡ് ഷട്ടറിലേയ്ക്ക് വെള്ളമെത്തിച്ചിട്ടാണ് 1200 ഹെക്ടർ നെൽകൃഷി ഇതേ മണ്ഡലത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. മലമ്പുഴ ഡാമിൽനിന്നും ചേരാമംഗലം ഹെഡ് ഷട്ടറിലേയ്ക്ക് വെള്ളമെത്തിക്കാൻ ഒന്നര കിലോമീറ്റർ ആശ്രയിക്കുന്നത് ഗായത്രിപ്പുഴയെയാണ്. ആ പുഴയിലെ പാറക്കെട്ടുകളും ഗർത്തങ്ങളുമെല്ലാം ജല നിർഗ്ഗമനത്തെ തടസ്സപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് മലമ്പുഴ ജലസേചന പദ്ധതിയിൽനിന്നും ചേരാമംഗലം ഹെഡ് ഷട്ടറിലേക്കെത്തുന്ന ഗായത്രിപ്പുഴയിൽ ഒന്നര കിലോമീറ്റർ നീളത്തിൽ ഒരു പൈപ്പ്

ടണൽ സ്ഥാപിക്കേണ്ടതാണ്. അതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗിക്കാൻ കഴിയും. പക്ഷേ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാധ്യതാ പഠനം നടത്തി മൂന്ന് മാസത്തിനകമെങ്കിലും എസ്റ്റിമേറ്റ് ലഭ്യമാക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ചേരാമംഗലം ഹെഡ് ഷട്ടറിലേയ്ക്ക് പൈപ്പ് ടണൽ സംവിധാനം ഏർപ്പെടുത്തുന്നതിന് വിശദമായ ശാസ്ത്രീയ പഠനം ആവശ്യമാണ്. പഠനം സമയബന്ധിതമായി നടത്താൻ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിളജല കലണ്ടറിനായി മലമ്പുഴ പദ്ധതിയുടെയും ചേരാമംഗലം പദ്ധതിയുടെയും പ്രോജക്ട് അഡ്വൈസറി കമ്മിറ്റി അംഗങ്ങളുടെ സംയുക്ത യോഗം വിളിച്ചുചേർത്ത്, ആ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) സംസ്ഥാന ലോട്ടറി

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാന ലോട്ടറിയുടെ സമ്മാന ഘടനയിലുണ്ടാകുന്ന അപാകതകൾകൊണ്ട് ലോട്ടറി വിൽപ്പന താരതമ്യേന താഴോട്ടു പോകുകയാണ്. ഈ പ്രശ്നം സർക്കാർ അറിയാത്തതിന് കാരണം, സർക്കാരിൽ നിന്നും ഹോൾസെയിലായി വാങ്ങിക്കുന്നയാളുകൾ കൃത്യമായി ടിക്കറ്റുകൾ വിറ്റഴിച്ചില്ലെങ്കിൽ അവർക്കത് കുറയ്ക്കാൻ കഴിയില്ല. അവ വിൽപ്പനയിൽനിന്നും പോകുകയാണ്. ഇവിടെ മൂന്ന് തലത്തിലുള്ള വിൽപ്പനക്കാരുണ്ട്. ഒരു വിഭാഗം 10,000-ത്തിന് മുകളിൽ ടിക്കറ്റ് വാങ്ങിക്കുന്നവർ, രണ്ടാം വിഭാഗം 2000-ത്തിനും 10,000-ത്തിനും ഇടയിൽ ടിക്കറ്റ് വാങ്ങിക്കുന്നവർ, മൂന്നാമതായി സാധാരണക്കാരായ 2.5 ലക്ഷം തൊഴിലാളികൾ. ഓരോ സാധാരണക്കാരായ ലോട്ടറി തൊഴിലാളിയുടെ കയ്യിലും 100 ടിക്കറ്റ് വാങ്ങിച്ചാൽ 20 ടിക്കറ്റ് എല്ലാ ദിവസവും ബാക്കി വരികയാണ്. അവർക്ക് കിട്ടുന്ന ലാഭത്തിൽ നിന്നും ഈ നൂറ് ടിക്കറ്റിന്റെ തുക അഡ്വാൻസായി അടയ്ക്കേണ്ടതായിട്ടുള്ള സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട സംഭവം 5000 രൂപ മുതൽ താഴോട്ടുള്ള ചെറിയ സമ്മാനങ്ങളുടെ എണ്ണം ഗണ്യമായി കൂട്ടണമെന്നതാണ്. നേരത്തെ 5000 രൂപയുടെ സമ്മാനം തന്നെ 24 എണ്ണമുണ്ടായിരുന്നത് ഇപ്പോൾ 9 ആയി കുറഞ്ഞു. ലോട്ടറിയുടെ ആകർഷണീയത കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് മുൻകാലത്ത്

ആളുകൾ വിൽപ്പനക്കാരുടെയടുത്ത് വന്നുചോദിച്ച് ടിക്കറ്റ് വാങ്ങിക്കുമായിരുന്നു, എന്നാൽ ഇപ്പോൾ ചെന്ന് ചോദിച്ചാലും അവർ പറയുന്നത് സമ്മാനങ്ങളൊന്നും അടിക്കുന്നില്ലല്ലോ, എന്തിനാണ് ടിക്കറ്റെടുക്കുന്നതെന്നാണ്. ഗവൺമെന്റ് ഇക്കാര്യം അറിയാത്തതിന്റെ കാരണം ഞാൻ നേരത്തെ സൂചിപ്പിച്ചു, സർക്കാരിന്റെ കയ്യിൽ നിന്നും എല്ലാ ടിക്കറ്റുകളും വിറ്റുപോകുന്നുണ്ടെങ്കിലും വിൽപ്പനക്കാരന്റെ കയ്യിൽ നിന്നും വിൽപ്പന കുറഞ്ഞുവരികയാണ്. ഇത് അപകടകരമായ രീതിയിൽ നമ്മുടെ ലോട്ടറിയെ ബാധിക്കും. താഴെത്തട്ടിലുള്ള സമ്മാനം നന്നായി കൊടുത്ത്, സമ്മാനഘടന ഒന്നുകൂടി പുനരാവിഷ്കരിച്ച് കുറെക്കൂടി ആകർഷണീയമാക്കി മാറ്റാൻ സർക്കാർ ശ്രദ്ധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. 52 ശതമാനം സമ്മാനം കൊടുക്കുന്നുണ്ടെന്നാണ് സർക്കാർ സാധാരണ പറയുന്നത്. സത്യം പറഞ്ഞാൽ ജി.എസ്.ടി. ഒഴിവാക്കിയാണ് അത് കണക്കാക്കുന്നത്. യഥാർത്ഥത്തിൽ 44 ശതമാനം മാത്രമേ സമ്മാനമുള്ളൂ. ഞാൻ സമ്മാനത്തുക കൂട്ടണമെന്നല്ല പറയുന്നത്, തുക കുറേക്കൂടി വിന്യസിച്ച് താഴെത്തട്ടിലുള്ള സമ്മാനങ്ങൾ കൂട്ടേണ്ടതാണ്. ഇപ്പോൾ ഇവരുടെ കമ്മീഷൻ വെട്ടിക്കുറച്ചിരിക്കുകയാണ്. ഈ വെട്ടിക്കുറച്ച കമ്മീഷൻകൂടി സാധാരണ തൊഴിലാളികൾക്ക് നൽകണം. ഈ രംഗത്തുള്ളവരിൽ 75 ശതമാനവും ഭിന്നശേഷിക്കാരായ ആളുകളാണ്. സാധാരണക്കാരിൽ സാധാരണക്കാരായവരും മറ്റൊരു തൊഴിലുമെടുത്ത് ജീവിക്കാൻ കഴിയാത്തവരുമായ പാവങ്ങളാണ് ഈ മേഖലയിലുള്ളത്. ഈ കാര്യം സർക്കാർ ഗൗരവതരമായി പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നേരത്തെ ശരാശരി 40-41 ശതമാനം തുകയാണ് സമ്മാനമായി കൊടുത്തുകൊണ്ടിരുന്നത്; ഇപ്പോഴത് 51 ശതമാനത്തിലേറെയായി ഉയർന്നിട്ടുണ്ട്. ജി.എസ്.ടി. കുറച്ചാൽപ്പോലും സമ്മാനത്തിനുള്ള വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സമ്മാനങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുസംബന്ധിച്ച് വെൽഫെയർ ബോർഡ് വളരെ വിശദമായ പ്രൊപ്പോസൽ തന്നിരുന്നു. ലോട്ടറി വില്പനക്കാർക്കും ഏജന്റുമാർക്കും ജീവനക്കാർക്കും വ്യത്യസ്തമായ നിലപാടുകളാണുള്ളത്. വില്പനക്കാർക്ക് ഏറ്റവും ചെറിയ സമ്മാനങ്ങൾ പരമാവധി വേണം. ഏജന്റുമാർക്ക് 5,000 രൂപയുടെ സമ്മാനങ്ങളാണ് വർദ്ധിപ്പിക്കേണ്ടത്. സമ്മാനം വർദ്ധിപ്പിക്കുമ്പോൾ ജീവനക്കാർക്ക് ജോലിഭാരം വളരെയധികം കൂടും. ഇപ്പോൾത്തന്നെ ജീവനക്കാരുടെ ജോലിഭാരം വളരെ കൂടുതലാണ്. കഴിഞ്ഞ രണ്ട് മാസമായി ഇവരുമായി പല തലങ്ങളിലായി ചർച്ച നടത്തുകയും മേയ് മാസത്തോടുകൂടി ഇത് സമൂലമായി പരിഷ്കരിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും

ചെയ്തിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ആകെ സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുകയാണ്. രണ്ടും മൂന്നും സ്ഥാനം കുറഞ്ഞാലും കുഴപ്പമില്ല, സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാമെന്നത് സർക്കാരിന് വളരെ സ്വീകാര്യമായിട്ടുള്ള കാര്യമാണ്. രണ്ടാമത്തേത്, ഇതിന്റെ ഡിസ്കൗണ്ട് വർദ്ധിപ്പിക്കണമെന്നതാണ്. തുടക്കത്തിൽ 25 മുതൽ 27 ശതമാനം വരെയാണ് ഡിസ്കൗണ്ട് കൊടുത്തിരുന്നത്. എന്നാൽ പിന്നീട് ആഴ്ചയിൽ ഒരു ലോട്ടറി നറുക്കെടുപ്പ് മാത്രമായി പരിമിതപ്പെട്ടപ്പോൾ ഡിസ്കൗണ്ട് വർദ്ധിപ്പിച്ച് 35 ശതമാനമാക്കി. ഇപ്പോൾ എല്ലാ ദിവസവും നറുക്കെടുപ്പുണ്ട്. ഇതിന്റെ ഫലമായി ടേണോവർ കൂടിയിരിക്കുകയാണ്. അപ്പോൾ നേരത്തെയുണ്ടായിരുന്ന ഡിസ്കൗണ്ട് 24, 24.5, 25.25 എന്നിങ്ങനെ മൂന്ന് സ്ലാബുകളായി താഴ്ത്തിക്കൊണ്ടുവന്നു. അത് ഉയർത്തണമെന്ന് പറയുമ്പോൾ അതിനോട് സർക്കാരിന് യോജിക്കാൻ പറ്റില്ല. നടപ്പുവർഷം റേറ്റിൽ മാറ്റം വരുത്താതെതന്നെ 2500 കോടി രൂപയെങ്കിലും ഡിസ്കൗണ്ട് തുകയായി പോകും. നേരത്തെ ഉയർന്ന റേറ്റുണ്ടായിരുന്നപ്പോൾ 2010-11-ൽ 178 കോടി രൂപ ഡിസ്കൗണ്ടായി ലഭിച്ച സ്ഥാനത്താണ് 2016-17-ൽ 1992 കോടി രൂപയും ഇപ്പോൾ 2500 കോടി രൂപയുമായി വർദ്ധിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ സർക്കാരിന്റെ ലാഭവിഹിതം നേരത്തെ 22 ശതമാനമുണ്ടായിരുന്നത് 16 ശതമാനമായി ചുരുക്കിയിരിക്കുകയാണ്. ജി.എസ്.ടി.-യുടെ പകുതി ലഭിക്കുമെന്ന് പറഞ്ഞാലും നേരത്തെയുണ്ടായിരുന്നതിനെക്കാൾ ഗണ്യമായി കുറഞ്ഞു, ഇനി കുറയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. ടേണോവറിന്റെ ശതമാനം നോക്കുമ്പോൾ അങ്ങും അത് സമ്മതിക്കുമെന്ന് ഞാൻ കരുതുന്നു. നല്ല തുകയാണ് ഡിസ്കൗണ്ടായി പോകുന്നത്. സമ്മാനത്തിന്റെ കാര്യം നേരത്തെ പറഞ്ഞതുപോലെ അടിയന്തരമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം താൽക്കാലികമായി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിവരും. അല്ലെങ്കിൽ ഇത്രയും കൂടുതൽ സമ്മാനം കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകും. ഇക്കാര്യങ്ങളെല്ലാം സർക്കാരിന്റെ പരിഗണനയിലാണ്.

## (5) ജെ.പി.എച്ച്.എൻ. നിയമനം

ശ്രീമതി സി. കെ. ആശ: സർ, പി.എസ്.സി., ജെ.പി.എച്ച്.എൻ. ഗ്രേഡ് II റാങ്ക് ഹോൾഡേഴ്സ് നേരിടുന്നതും വളരെ അടിയന്തരമായി പരിഹരിക്കേണ്ടതുമായ ചില വിവരങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇപ്പോൾ കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് മാറ്റത്തിന്റെ പുത്തൻ കാറ്റ് വീശുകയാണെന്ന് നമുക്ക് അഭിമാനിക്കാം. ഈ അവസരത്തിൽ പോളിയോ വാക്സിൻ, എം.ആർ. വാക്സിൻ തുടങ്ങിയ പ്രതിരോധ

കുത്തിവയ്പുകൾക്ക് നേതൃത്വം നൽകുന്നതും കുറഞ്ഞ ജനന മരണനിരക്കുകളിലും പ്രസവത്തോടനുബന്ധിച്ചുള്ള അമ്മമാരുടെയും നവജാത ശിശുക്കളുടെയും മരണത്തിലെ കുറവിലും സ്ത്രീ/പുരുഷ അനുപാതം കാത്തുസൂക്ഷിക്കുന്നതിലെ മികവിലും കേരളത്തെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ മുൻപന്തിയിൽ എത്തിച്ചതിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പങ്ക് വളരെ വലുതാണ്. എന്നാൽ എനിക്ക് വളരെ ആശങ്കയോടെ സഭയെ അറിയിക്കാനുള്ള പ്രധാന വിഷയം, 2016-ൽ നിലവിൽവന്ന ജെ.പി.എച്ച്.എൻ. ഗ്രേഡ് II റാങ്ക് ലിസ്റ്റിൽനിന്ന് നാളിതുവരെ ഒരാൾക്കുപോലും നിയമനം ലഭ്യമാക്കിയിട്ടില്ല എന്നതാണ്. ഇതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം ഗ്രേഡ് പ്രൊമോഷനുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല എന്നതാണ്. ജെ.പി.എച്ച്.എൻ. ഗ്രേഡ് II ആയി നിയമനം ലഭിക്കുന്നവർക്ക് ഗ്രേഡ് I ആയി പ്രൊമോഷൻ ലഭിക്കുന്നില്ല. ഇതുമൂലം ഗ്രേഡ് II-ലുള്ളവർ അതുപോലെതന്നെ തുടരുകയാണ്. ഇവർക്ക് അർഹമായ പ്രൊമോഷൻ സാധ്യതയുണ്ടാക്കുകയും അതോടൊപ്പം കേരള സമൂഹത്തിനാകെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ പ്രഖ്യാപിച്ച ജനകീയ പദ്ധതിയായ ആർദ്രം പദ്ധതിയിൽ ജെ.പി.എച്ച്.എൻ.-മാരെക്കൂടി ഉൾപ്പെടുത്തി ലക്ഷ്യപൂർത്തീകരണം വേഗത്തിലാക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്യണം. പൊതുവിൽ ആരോഗ്യ മേഖലയിൽ, പ്രത്യേകിച്ച് മലയോര മേഖലയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി പൂർത്തീകരിക്കാൻ ഒരു വർഷം മാത്രമുള്ള സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിലുള്ള പരമാവധിപേർക്ക് ജോലി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം പുതിയ ജെ.പി.എച്ച്.എൻ. തസ്തികകൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെകൂടി അനുവാദം ആവശ്യമുണ്ട് എന്നതാണ്. ഇതിനായി കൂടുതൽ ഇടപെടലുകൾ നടത്തി നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ജെ.പി.എച്ച്.എൻ. നിയമനങ്ങൾ നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I, II തസ്തികകളിലായി ആകെ 5568 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. 1:1 അനുപാതം അനുസരിച്ച് ഗ്രേഡ് II തസ്തികകൾ 2784-ഉം ഗ്രേഡ് I തസ്തികകൾ 2284-ഉം ആണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിലെ നിയമനമാണ് ജില്ലാതലത്തിൽ റാങ്ക് ലിസ്റ്റിൽനിന്ന് നൽകിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജെ.പി.എച്ച്.എൻ. ഗ്രേഡ് I വിഭാഗത്തിലുണ്ടായിരുന്ന 159 ഒഴിവുകൾ ഗ്രേഡ് II വിഭാഗത്തിൽനിന്നും

സ്ഥാനക്കയറ്റം നൽകി നികത്തുകയും അതുവഴിയുണ്ടായ 159 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമിക്കാൻ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ നടന്നുവരികയും ചെയ്യുകയാണ്. ഇപ്പോൾ ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്ന് ലഭിച്ച റിപ്പോർട്ടനുസരിച്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I വിഭാഗത്തിൽ 124 ഒഴിവുകളുണ്ടായിട്ടുണ്ട്. ഈ ഒഴിവുകൾ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II വിഭാഗത്തിൽനിന്നും സ്ഥാനക്കയറ്റം നൽകി നികത്താനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അതുവഴിയുണ്ടാകുന്ന 124 ഒഴിവുകൾകൂടി പി.എസ്.സി. ലിസ്റ്റിൽനിന്ന് നികത്താൻ കഴിയുന്നതാണ്. സർക്കാരിൽനിന്നും കേന്ദ്ര സർക്കാരിലെ മിനിസ്ട്രി ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ മന്ത്രാലയത്തിലേയ്ക്ക് അയച്ച കത്തിൽ 1094 അധികം പോസ്റ്റുകൾ കേരളത്തിനാവശ്യമാണെന്ന് അറിയിച്ചിരുന്നു. എന്നാൽ ഈ തസ്തികകൾക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 'ആർദ്രം' പദ്ധതിയുടെ വിജയത്തിനും ജെ.പി.എച്ച്.എൻ.-മാരുടെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നത് വളരെ അത്യാവശ്യമാണ്. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റിൽ വീണ്ടും ഈ തസ്തിക അനുവദിച്ചുതരുന്നതിന് സമ്മർദ്ദം ചെലുത്തുന്നതാണ്.

## (6) റോഡ് വികസനം

ശ്രീ. കെ. ആൻസലൻ: സർ, കരമന-കളിയിക്കാവിള ദേശീയപാതയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നുള്ള സബ്മിഷനാണ് ഉന്നയിക്കുന്നത്. ഈ വിഷയം മുമ്പും ഞാൻ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ആവശ്യമായ തുക അനുവദിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ അതിൽ പ്രത്യേകമായ താൽപ്പര്യമെടുത്ത് പ്രവർത്തനങ്ങൾക്ക് നല്ല രീതിയിലുള്ള വേഗതയുണ്ടാക്കിയിട്ടുണ്ട്. എങ്കിലും ഇത് ആശിക്കുന്ന രൂപത്തിൽ മുന്നോട്ടു പോകുന്നതിന് കുറെയേറെ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. ചില കോടതി കേസുകൾ, നിർമ്മാണപ്രവർത്തനങ്ങളിലെ തടസ്സങ്ങൾ തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ചൊക്കെ വലിയ തോതിൽ ജനങ്ങളുടെ ഇടയിൽ ആശങ്കകൾ വരുന്നുണ്ട്. ഇപ്പോൾ വികസിപ്പിച്ച കരമന മുതൽ പ്രാവച്ചമ്പലം വരെ ഒരു വാഹനം ഓടിയെത്തുന്നതിന് 10 മിനിട്ടെടുക്കുമ്പോൾ പ്രാവച്ചമ്പലം മുതൽ നെയ്യാറ്റിൻകര

വരെയുള്ള 10 കിലോമീറ്റർ ദൂരം വാഹനം ഓടിയെത്തുന്നതിന് ഒരു മണിക്കൂറും ഒന്നേകാൽ മണിക്കൂറും വരെ സമയമെടുക്കുന്നുണ്ട്. പ്രത്യേകിച്ച് നെയ്യാറ്റിൻകര ടൗൺ മുൻപത്തേക്കാൾ വ്യത്യസ്തമായി രണ്ടോ മൂന്നോ മിനിട്ടുകൊണ്ട് കടന്നുപോകുന്ന വാഹനങ്ങൾ ഇപ്പോൾ അര മണിക്കൂർ സമയമെടുത്താണ് കടന്നുപോകുന്നത്. വളരെയേറെ പ്രതീക്ഷയുള്ള ഇതിന്റെ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് വഴിമുക്ക് വരെയുള്ള സ്ഥലമേറ്റെടുപ്പിന്റെ പ്രവർത്തനങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെ ഒറ്റ റീച്ചായെടുക്കുന്നതിന് കരട് അലൈൻമെന്റ് തയ്യാറായിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്ന് അറിയുന്നു. പക്ഷേ കുറെക്കൂടി ശക്തരായ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യമുറപ്പാക്കിക്കൊണ്ട് ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. കെ. ആൻസലൻ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള കാര്യമാണ്. കരമന-കളിയിക്കാവിള റോഡിനെപ്പറ്റി തിരുവനന്തപുരത്തെ പത്രങ്ങളിൽ രണ്ട് വാർത്തയെങ്കിലും ഇല്ലാത്ത ഒരു ദിവസവും ഉണ്ടാകില്ല. വാർത്ത വായിക്കുമ്പോൾ, അവിടെ എന്താണ് നടക്കുന്നതെന്ന കാര്യത്തിൽ നമുക്ക് ആശയക്കുഴപ്പമാണ് ഉണ്ടാകുന്നത്. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള രണ്ടാം റീച്ചിൽ 6.5 കിലോ മീറ്ററാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, 162.46 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം, അതിയന്നൂർ, കോട്ടുകാൽ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ഭൂമിയാണ്. ലാൻഡ് റവന്യൂ വകുപ്പ് പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട ഭൂമിയും രണ്ടാംഘട്ടമായി അതിയന്നൂർ, കോട്ടുകാൽ വില്ലേജുകളിൽ ഉൾപ്പെട്ട ഭൂമിയും അക്വയർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ദേശീയ പാതയുടെ ഇടതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ കൊടിനട വരെയുള്ള 4.8 കിലോമീറ്ററും വലതു വശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ ബാലരാമപുരം വരെയുള്ള 5 കിലോമീറ്ററും ആദ്യഘട്ടമായി വികസിപ്പിക്കാൻ 2017 ജൂലൈ 7-ാം തീയതിയിലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി കോടതി വ്യവഹാരം ഉള്ളതുകൊണ്ട് തടസ്സപ്പെട്ടിരിക്കുകയാണ്; അത് പ്രൊസീഡ് ചെയ്യാൻ കഴിയില്ല. നടപടികൾ പൂർത്തീകരിച്ച ഭാഗത്തെ 99 ശതമാനം കെട്ടിടങ്ങളും പൊളിച്ചുനീക്കിയിട്ടുണ്ട്. ബാക്കി ഇപ്പോൾത്തന്നെ നീക്കുന്നതാണ്. വനം വകുപ്പിന്റെ അനുവാദം വാങ്ങി, ലേല നടപടികളിലൂടെ മരങ്ങൾ മുറിച്ചുമാറ്റാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 2017 ജൂലൈ 7-ന് തയ്യാറാക്കിയ പ്രാവച്ചമ്പലം-ബാലരാമപുരം-കൊടിനട വരെയുള്ള 5 കിലോമീറ്റർ റോഡ് വികസിപ്പിക്കാൻ 2018

മാർച്ച് 6-ന് ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ സാങ്കേതികാനുമതി കമ്മിറ്റിയിലും അംഗീകരിച്ചിട്ടുണ്ട്. ഇനി ടെണ്ടർ നടപടികളിലേയ്ക്കാണ് പോകേണ്ടത്. ഈ റോഡ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇതുസംബന്ധിച്ച് ധാരാളം വാർത്തകളും വരുന്നുണ്ട്. റോഡ് വികസനത്തിനുള്ള പ്രധാന തടസ്സങ്ങൾ ഞാൻ ചുരുക്കിപ്പറയാം. ഒന്ന്, റോഡിന്റെ വലതുവശത്ത് ബാലരാമപുരം വരെയുള്ള ഭാഗത്ത് പൊതുമരാത്ത് വകുപ്പിന് സ്ഥലവും കെട്ടിടങ്ങളും ഇതുവരെ കൈമാറിയിട്ടില്ല. അതിനുള്ള നടപടി ഉണ്ടാകണം. ഐ.എ.എസ്. ഓഫീസറെ ചുമതലപ്പെടുത്തണമെന്ന് സബ്മിഷനിൽ എഴുതിത്തന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ നേരിട്ട് ഇടപെടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. ബിജു എന്ന സമർത്ഥനായ ഐ.എ.എസ്. ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം അത്തരം ജോലികൾ നല്ല നിലയിൽ ചെയ്തുവരികയാണ്. ഭൂമിയും കെട്ടിടവും പൊതുമരാമത്ത് വകുപ്പിന് കൈമാറിയാൽ മാത്രമേ അടുത്ത നടപടികളിലേയ്ക്ക് പോകാൻ കഴിയുകയുള്ളൂ. അതിനുള്ള റിക്വസിഷൻ റവന്യൂ അധികാരിക്ക് പൊതുമരാമത്ത് വകുപ്പ് കൊടുത്തിട്ടുണ്ട്. അവർ അത് വേഗം ചെയ്യും. രണ്ട്, രാജപാതയിൽ താമസിക്കുന്ന 23 പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിച്ച് അവരുടെ പ്രശ്നം കൂടി പരിഹരിക്കണം. ഇപ്പോൾ അവർ സംഘടിതമായി എതിർക്കുകയും പൊതുമരാത്ത് വകുപ്പ് ഉദ്യോഗസ്ഥരെ തടയുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള രണ്ട് പ്രധാന തടസ്സങ്ങളുണ്ട്. റവന്യൂ വകുപ്പിന്റെ പ്രശ്നം അവർ തീർക്കും. പുനരധിവാസം ഗവൺമെന്റ് കൊടുക്കേണ്ടതാണ്. അതും പരിഹരിക്കേണ്ടതായിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കിലോമീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കാൻ 98.1 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ജൂലൈ 20-ാം തീയതി നൽകിക്കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി നടന്നുവരുന്നു. അത് നടത്തുന്നതിനായി റവന്യൂ വിഭാഗം ഒരു യൂണിറ്റിനെ നിശ്ചയിച്ചിട്ടുണ്ട്. വഴിമുക്ക് വരെയുള്ള സ്ഥലമേറ്റെടുപ്പ് സുഗമമായി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ദേശീയ പാതാ വികസനത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് പ്ലാൻ സാധ്യതാ പഠനത്തിനും അനുമതിക്കുമായി നാഷണൽ ഹൈവേ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം നൽകാനുള്ള നടപടിയും മുന്നോട്ട് പോകുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചെയ്യേണ്ട കാര്യം കഴിഞ്ഞ ഗവൺമെന്റ് ഏറ്റെടുത്തതാണ്. ഇത് സംസ്ഥാന ഗവൺമെന്റ് പണിയേണ്ട പാതയല്ല. അവരുടെ റോഡ് ആയതുകൊണ്ടാണ് അലൈൻമെന്റ് പ്ലാൻ നാഷണൽ ഹൈവേ വിഭാഗം ചീഫ് എഞ്ചിനീയർക്ക് പോകേണ്ടിവന്നത്. നാഷണൽ ഹൈവേ അതോറിറ്റി ചെയ്യേണ്ട കാര്യം, നമ്മുടെ ഉത്സാഹം കൊണ്ട് ഏറ്റെടുത്ത് ചെയ്യുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. അവിടെയുള്ള ആളുകളുടെ തർക്കങ്ങളും മറ്റ് കാര്യങ്ങളും എല്ലാവരും കൂടി ചേർന്ന്

പരിഹരിച്ച് സാധ്യമാക്കേണ്ടതാണ്. ഗവൺമെന്റ് അതിനുള്ള ശക്തമായ നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

(7) പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. അൻവർ സാദത്ത്: സർ, ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള പനമ്പ് നെയ്ത്ത് തൊഴിലാളികളായ വളരെ പാവപ്പെട്ട സഹോദരിമാർക്ക് വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇലക്ഷൻ കാലത്തും അല്ലാതെ മണ്ഡലത്തിലൂടെയുള്ള യാത്രാസമയങ്ങളിലും ഞാൻ അവരുടെ ഷെഡ്ഡുകളിൽ ചെന്ന് വിവരങ്ങൾ അന്വേഷിക്കാറുണ്ട്. വളരെ പ്രയാസത്തോടെയാണ് പലപ്പോഴും അവരുടെ ബുദ്ധിമുട്ടുകൾ എന്നെ ബോധ്യപ്പെടുത്തുന്നത്. സംസ്ഥാനത്ത് ബാംബൂ കോർപ്പറേഷന്റെകീഴിലുള്ള പനമ്പ് നെയ്ത്ത് തൊഴിലാളികൾ ഇന്ന് വളരെ ദുരിതത്തിലാണ്. ശ്രീ. റോജി എം. ജോണിന്റെ അങ്കമാലി നിയോജക മണ്ഡലത്തിലും ഇത്തരത്തിലുള്ള നിരവധി തൊഴിലാളികളുണ്ട്. ഇവർക്ക് കഴിഞ്ഞ 26 മാസമായി ലഭിക്കേണ്ട ഡി.എ. നൽകുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്താണ് ഡി.എ. പ്രാബല്യത്തിൽ വരുത്തിയത്. അതോടൊപ്പം ആഴ്ചതോറും ഇവർക്ക് ലഭിക്കേണ്ട കൂലി കൃത്യമായി നൽകുന്നില്ലെന്നുള്ള പ്രയാസവുമുണ്ട്. രണ്ടാഴ്ച കൂടുമ്പോൾ കൂലി തീർക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ദിവസം 40 രൂപ വച്ച് നൽകേണ്ട അലവൻസും കൊടുക്കുന്നില്ല. തുച്ഛമായ 40 രൂപ കിട്ടാത്ത ദയനീയമായ അവസ്ഥയും ഇന്ന് കണ്ടുവരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പനമ്പിന് 20 ശതമാനം തുക കൂട്ടിയിരുന്നു. നിലവിൽ ആനുകൂല്യങ്ങൾ നൽകുവാനുള്ള പൈസ ഇല്ലെന്നാണ് ചെയർമാനും ബന്ധപ്പെട്ട ബോർഡ് മെമ്പർമാരും ഉദ്യോഗസ്ഥരും പറയുന്നത്. 10 കോടി രൂപ അനുവദിച്ചെന്നുള്ള ബോർഡുകൾ പല സ്ഥലത്തും സ്ഥാപിച്ചതല്ലാതെ 10 കോടി രൂപ തൊഴിലാളികൾക്ക് കൊടുക്കാനുള്ള സാഹചര്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇല്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. നിലവിലുള്ള തൊഴിലാളികൾക്ക് കൂലിയും ആനുകൂല്യവും കൊടുക്കാൻ സാമ്പത്തികമില്ലെന്ന് പറയുമ്പോൾ കോർപ്പറേഷൻ പുതിയ ഷെഡ്ഡുകൾ ഉദ്ഘാടനം ചെയ്യുന്ന സാഹചര്യം കണ്ടുവരുന്നുണ്ട്. വളരെ പാവപ്പെട്ട തൊഴിലാളികളായ ഇവർക്ക് ഡി.എ. കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും പനമ്പിന് വില കൂട്ടി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബാംബൂ കോർപ്പറേഷന്റെ കീഴിൽ ഏകദേശം

പതിനായിരത്തോളം തൊഴിലാളികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് മേഖലകളിലാണ് ഈ തൊഴിലാളികളുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ അവർ പാവപ്പെട്ട തൊഴിലാളികളാണ്. 2012-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ അന്നുമുതലുള്ള കുടിശ്ശിക 9 കോടി രൂപയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിൽ 7 മാസത്തെ കുടിശ്ശികയായ 167 ലക്ഷം രൂപ കൊടുത്തുതീർത്തിട്ടുണ്ട്. ബാക്കി കുടിശ്ശികയായ 7.33 കോടി രൂപ അന്ന് ഉണ്ടായ വർദ്ധനവിന്റെ ഭാഗമായി മാത്രം വന്നതാണ്. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വലിയ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ബാംബൂ കോർപ്പറേഷനെ വൈവിദ്ധ്യവൽക്കരണത്തിലൂടെ മെച്ചപ്പെടുത്തിയെടുക്കാൻ വേണ്ടിയാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്. അതിന്റെ ഭാഗമായാണ് പുതിയ ഷെഡ്യൂകൾ ആരംഭിച്ചത്. സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകൾ, ഫീഡർ യൂണിറ്റുകൾ, പ്രീ-പ്രോസസ്സിംഗ് യൂണിറ്റുകൾ എന്നിവ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമ്മാണം, മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്, മുള കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുള്ള ബാംബൂ ഇന്നൊവേഷൻ സെന്റർ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി, പുതിയ പ്രവർത്തനങ്ങളായി വരികയാണ്. നഷ്ടത്തിലാകുന്ന ഒരു കോർപ്പറേഷന് ബാധ്യതകൾ നിർവ്വഹിക്കാൻ കഴിയാത്തതാണ് പ്രശ്നം. ഇതിന്റെ ഭാഗമായി നടപ്പുവർഷം 2 കോടി രൂപ ബാംബൂ കോർപ്പറേഷന് സഹായമായി ഇതിനകം നൽകിക്കഴിഞ്ഞു. 1 കോടി രൂപകൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബജറ്റ് പ്രസംഗത്തെക്കുറിച്ച് സൂചിപ്പിച്ചു. ഇപ്പോൾ ബജറ്റ് പാസ്സാകാൻ പോകുകയാണ്. അതിലാണ് 10 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളത്. ആ തുക കൂടി ലഭിച്ചാൽ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കാനാകും. ബാംബൂ മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾക്ക്, മറ്റ് തൊഴിലാളികൾക്ക് നൽകുന്നതുപോലെയുള്ള തൊഴിൽ വകുപ്പിന്റെ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടില്ലായിരുന്നു. ഈ മേഖലയിൽക്കൂടി അത് നടപ്പിലാക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പുമായി ചർച്ച നടക്കുകയാണ്. തൊഴിൽ വകുപ്പിന്റെകീഴിലുള്ള ഇൻകം സപ്പോർട്ട് സ്കീമിൽ ഇതുൾപ്പെടുത്തിയാൽ ഡി.എ. കുടിശ്ശിക നൽകാനും അതുവഴി ആ സ്ഥാപനത്തിലെ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനും കഴിയുമെന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കുടിശ്ശിക കൊടുത്ത് തീർക്കാനുള്ള നടപടി സ്വീകരിക്കും.

## (8) ചേറ്റുവ ഹാർബർ നിർമ്മാണം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ നിയമസഭാമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിലുള്ള ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2009-10 കാലത്താണ് ആരംഭിച്ചത്. ശ്രീ. എസ്. ശർമ്മ ഫിഷറീസ് മന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽപ്പെടുത്തിയാണ് 30 കോടി രൂപയോളം ചെലവിൽ ഈ പ്രോജക്ട് ആരംഭിക്കുന്നത്. അന്നത്തെ കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. ശരദ് പവറാണ് നിർമ്മാണോദ്ഘാടനം നടത്തിയത്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട മത്സ്യവൈവിദ്ധ്യങ്ങളുടെ കലവറയായ 'ഫിഷ് ബാങ്ക്' കടലിൽ സ്ഥിതിചെയ്യുന്നത് ചേറ്റുവയ്ക്ക് സമീപമുള്ള ബ്ലാങ്ങാട് കടപ്പുറത്താണ്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട മത്സ്യവൈവിദ്ധ്യങ്ങളുടെ കേന്ദ്രമായ ഈ മത്സ്യബന്ധന കേന്ദ്രം വികസിപ്പിക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം ബാധ്യതയാണെന്നതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്തത്. ഇക്കഴിഞ്ഞ രണ്ട് ഗവൺമെന്റുകളുടെ കാലത്തായി നിർമ്മാണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചുകഴിഞ്ഞു. ഡ്രെഡ്ജിംഗ് മാത്രമാണ് ഇനി അവശേഷിക്കുന്നത്. ഡ്രെഡ്ജിംഗ് നടത്തുമെന്ന് ഹാർബർ ചീഫ് എഞ്ചിനീയർ പറഞ്ഞ കാലാവധി പലവട്ടം മാറ്റിപ്പറഞ്ഞു. ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൂടി പൂർത്തീകരിച്ചാലാണ് 30 കോടി രൂപ ചെലവിട്ട് നിർമ്മിച്ച ഈ ഫിഷിംഗ് ഹാർബർ രാജ്യത്തിന് സമർപ്പിക്കാൻ കഴിയുന്നത്. ഈ ഹാർബറിനുവേണ്ടി നിർമ്മിച്ച പുലിമുട്ടുകൾ, അതിന്റെ തെക്കുഭാഗത്തുള്ള കര വല്ലാത്ത തോതിൽ കടൽ കവർന്നെടുത്തിരിക്കുകയാണ്. കര സംരക്ഷണത്തിനുള്ള പദ്ധതികൂടി ഉണ്ടാകണമെന്നും ചേറ്റുവ ഹാർബർ അടിയന്തരമായി പൂർത്തീകരിച്ച് മത്സ്യത്തൊഴിലാളികൾക്കും രാജ്യത്തിനും സമർപ്പിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ചേറ്റുവ ഹാർബർ ഏപ്രിൽ അവസാനമോ മേയ് മാസത്തിലോ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ തരത്തിൽ ദ്രുതഗതിയിൽ അതിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഡ്രെഡ്ജിംഗ് ആണ് അവിടെ തടസ്സമായി നിൽക്കുന്നത്. 2015-16 വർഷങ്ങളിൽ നാലുപ്രാവശ്യം വിളിച്ച ടെണ്ടറിൽ ഒരാളും പങ്കെടുത്തിരുന്നില്ല. അവസാനം പങ്കെടുത്ത ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് തുക 45 ശതമാനം above ആയിരുന്നതുകൊണ്ട് സെക്രട്ടറി ലെവൽ കമ്മിറ്റി ആ വർക്ക് സാംഗ്ഷൻ ചെയ്തില്ല. വീണ്ടും ടെണ്ടർ ചെയ്തപ്പോൾ 2.34 ശതമാനം above നിരക്കിൽ വന്ന ഒരു വർക്ക് കരാർ വച്ചെങ്കിലും ആ വർക്ക്

സമയത്ത് ചെയ്യാതെ റിസ്ക് ആന്റ് കോസ്റ്റിൽ റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. 14-03-2018-ൽ 2.02 ശതമാനം ഉയർന്ന എസ്റ്റിമേറ്റ് നിരക്കിൽ വർക്ക് ചെയ്യാൻ ഇപ്പോൾ നൽകിയിരിക്കുകയാണ്. ഒരു ടെണ്ടർ വന്നു. കെ.എം. ജലാൽ എന്നുപറയുന്ന ഒരു ദർഘാസ്കാരന് ഇപ്പോൾ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കഴിയുന്നത്ര വേഗം ആ വർക്ക് പൂർത്തീകരിക്കുന്നതാണ്. ഏപ്രിൽ മാസത്തോടുകൂടി ഡ്രെഡ്ജിംഗ് പൂർത്തീകരിക്കുമെന്നാണ് ഇപ്പോൾ നമുക്ക് തന്നിരിക്കുന്ന ഉറപ്പ്. 2016-17-ൽ പുതുക്കിയ എസ്റ്റിമേറ്റ് ബജറ്റ് പ്രസംഗത്തിലെ 74-ാം ഇനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതികളുടെ ഭാഗമായി പുലിമുട്ടുകൾ, ഗ്രോയിനുകൾ എന്നിവയുടെ നിർമ്മാണത്തിനായി ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിരുന്നതിൽ 100 കോടി രൂപ ആ വർഷംതന്നെ ചെലവാകുന്നതായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 11 പ്രവൃത്തികൾക്കായി 145.195 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. ടി പദ്ധതിക്ക് സർക്കാരിൽനിന്നും 17-7-2017-ൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേക്കരയുടെ സംരക്ഷണ പ്രവൃത്തിക്കുവേണ്ടി ഗ്രോയിനുകൾ നിർമ്മിക്കുന്ന പ്രവൃത്തിക്ക് 7.5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കുമാത്രമേ പുതിയ പ്രദേശത്തെ പ്രൊട്ടക്ഷൻ വർക്ക് നടക്കുകയുള്ളൂ. അത് പാരലൽ ആയി നടക്കും. എന്നാൽ ഡ്രെഡ്ജിംഗ് അടിയന്തരമായി പൂർത്തീകരിച്ചുകൊണ്ട് ഹാർബർ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികളിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്.

### (9) കെട്ടിട നികുതി

ശ്രീ. കെ. എം. മാണി: സർ, കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കാനുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ ഇന്നില്ല. ഇത്തരം സ്ഥലങ്ങളിൽ പാർപ്പിട ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടങ്ങളിലാണ് വിദ്യാർത്ഥികൾ താമസിച്ചുപഠിക്കുന്നത്. കേരള ബിൽഡിംഗ് ടാക്സ് നിയമമനുസരിച്ച് 200 മുതൽ 250 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഒറ്റത്തവണ നികുതി 10,800 രൂപയും ആഡംബര ഹോട്ടൽ സമുച്ചയത്തിനുള്ള നികുതി 36,000 രൂപയുമാണ്. വിദ്യാർത്ഥികൾ താമസിച്ചുപഠിക്കുന്ന ഇത്തരം വാസഗൃഹങ്ങൾക്ക് ആഡംബര ഹോട്ടൽ സമുച്ചയത്തിനുള്ള നികുതിയാണ് റവന്യൂ വകുപ്പ് ചുമത്തുന്നത്. പാർപ്പിട ആവശ്യത്തിനായി നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ ഒക്യുപെൻസി സർട്ടിഫിക്കറ്റിൽ 'പാർപ്പിട ആവശ്യത്തിനായി നിർമ്മിച്ചത്' എന്നാണ് കാണിച്ചിരിക്കുന്നത്. ഇത്തരം കെട്ടിടങ്ങൾ ഒരിക്കലും ആഡംബര ഹോട്ടൽ സമുച്ചയത്തിന് തുല്യമാകില്ല. ആഡംബര ഹോട്ടൽ സമുച്ചയത്തിനും വിദ്യാർത്ഥികൾ താമസിക്കുന്ന

കെട്ടിടങ്ങൾക്കും ഒരേ രീതിയിൽ നികുതി ചുമത്തുന്നത് തികച്ചും തെറ്റാണ്. തെറ്റായ രീതിയിൽ നികുതി ചുമത്തിയതുമൂലം 10 ശതമാനം നികുതി അടച്ച് കെട്ടിട ഉടമകൾ അപ്പീൽ നൽകിയും കേസ് നടത്തിയും സർക്കാരിന് യഥാർത്ഥമായി കിട്ടേണ്ട നികുതിപോലും ഇപ്പോൾ ലഭിക്കാൻ കാലതാമസമെടുക്കുന്നു. റവന്യൂ വകുപ്പ് ഇത്തരം കെട്ടിടങ്ങളെ ആഡംബര ഹോട്ടൽ സമുച്ചയത്തിന്റെ ഗണത്തിൽപ്പെടുത്തി നികുതി ചുമത്തുന്നതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത്തരം കെട്ടിടങ്ങൾക്ക് കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ നികുതി ചുമത്തുവാൻ നിർബന്ധിതമായിരിക്കുകയാണ്. ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് താമസിച്ചുപഠിക്കുവാൻ സൗകര്യമൊരുക്കുന്നവരെ നിരുത്സാഹപ്പെടു ത്തുന്നതാണ് സർക്കാർ ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതി. ഇത്തരം കെട്ടിടങ്ങളെ വാസഗൃഹങ്ങളായി പരിഗണിച്ച് നികുതി ചുമത്തണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 ബി, എ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് 235-ാം വകുപ്പുപ്രകാരവും സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററിതലംവരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി കുറഞ്ഞ നിരക്ക് 3 രൂപയും കൂടിയ നിരക്ക് 8 രൂപയുമാണ്. ഗ്രൂപ്പ് എ(2) ഗണത്തിൽ സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന നിരക്ക് കുറഞ്ഞത് 30 രൂപയും കൂടിയത് 60 രൂപയുമാണ്. 14-1-2011-ലെ വിജ്ഞാപനപ്രകാരം പാർപ്പിട ആവശ്യത്തിലുള്ളവർക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് മുനിസിപ്പാലിറ്റി കൗൺസിൽ പരിധിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് 6 രൂപയും ഏറ്റവും കൂടിയ നിരക്ക് 15 രൂപയുമാണ്. മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഇത് യഥാക്രമം 8 രൂപയും 20 രൂപയുമാണ്. മേൽചട്ടത്തിൽ പറയുന്ന നിരക്കിന് അനുസൃതമായാണ് ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് നഗരസഭകൾ വസ്തു നികുതി നിർണ്ണയിക്കേണ്ടത്. അപ്രകാരമല്ലാതെ അധിക നികുതി ഏതെങ്കിലും നഗരസഭ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ചട്ടപ്രകാരം അനുവദനീയമായ നികുതി മാത്രം ഈടാക്കാൻ നിർദ്ദേശം നൽകുന്നതാണ്. പാലായിൽ എൻട്രൻസ് കോച്ചിംഗിനൊക്കെ വരുന്ന കുട്ടികൾക്ക് വ്യാപകമായി അവിടെ ഹോസ്റ്റൽ സൗകര്യമൊരുക്കിയ കെട്ടിടങ്ങൾക്ക് സാധാരണ ഒരു സ്ഥാപനം നടത്തുന്ന ഹോസ്റ്റലിന് അനുസൃതമായി വാടക നിശ്ചയിച്ചുകൊടുക്കണം എന്നുള്ളതാകു മെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതെന്താണെന്ന് പരിശോധിച്ച് തീരുമാനിക്കാം.

(10) സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ 4-1-2016 മുതൽ 2018 വരെയുള്ള രണ്ടുവർഷക്കാലത്ത് എസ്.ഡി.എഫ്.-ഉം എ.ഡി.എഫ്.-ഉം ഉപയോഗിച്ചുള്ള 42 പ്രവൃത്തികളുടെ ഭരണാനുമതി നാളിതുവരെ ലഭ്യമാകാത്തതിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. അവിടെ റിവ്യൂ മീറ്റിംഗുകളിൽ എൽ.എസ്.ജി.ഡി.-യിലെ എഞ്ചിനീയർമാർ ഹാജരാകാറില്ല. അതുപോലെതന്നെ എം.എൽ.എ.-യുടേതായ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തി പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉണ്ടെങ്കിൽ മാത്രമേ ഏറ്റെടുക്കാവൂ എന്നുള്ളതാണ് ഇപ്പോഴത്തെ സാഹചര്യം. പൊതുതാൽപ്പര്യം അനുസരിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തി പിന്നീട് പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയാണ് നാളിതുവരെ ചെയ്തിട്ടുള്ളത്. ഗവൺമെന്റുപോലും ഉത്തരവിറക്കാത്ത തരത്തിലുള്ള ചില നിലപാട് ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഭരണകൂടം സ്വീകരിക്കുന്നതുകൊണ്ട് ഇത്തരത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് അങ്ങ് ഇടപെട്ട് ഇവരുടെ യോഗം വിളിച്ചുചേർത്ത് ഇതിനൊരു തീരുമാനമുണ്ടാക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉദ്യോഗസ്ഥരെ സംബന്ധിച്ച് പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെകൂടി സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ഒരു മീറ്റിംഗ് നടത്തി അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും.

## V റിപ്പോർട്ട് സമർപ്പണം

(1) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണായ ഞാൻ 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

(2) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നുമുതൽ മൂന്നുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നുമുതൽ മൂന്നുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VI ക്രമപ്രശ്നം

ധനാഭ്യർത്ഥനകളുടെ പുനർനാമകരണം

ശ്രീ. അനൂപ് ജേക്കബ് : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം '244 ഡി', ബജറ്റ് മാന്വലിലെ '233 ഡി' എന്നതിനകത്ത് എസ്റ്റിമേറ്റുകൾ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടത് ഏത് രൂപത്തിലായിരിക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശിക്കുകയെന്നത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ കർത്തവ്യമായി വിവക്ഷിച്ചിട്ടുണ്ട്. 2018-19-ലേയ്ക്കുള്ള ധനാഭ്യർത്ഥനകളിലും വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളിലും ഖണ്ഡിക 7- ൽ ചരക്ക് സേവന നികുതി നടപ്പിലാക്കിയ പശ്ചാത്തലത്തിൽ 'കാർഷികാദായ നികുതിയും വിൽപ്പന നികുതിയും' എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയുമെന്ന്' 2018-19 മുതൽ പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള മാറ്റം വരുത്തിയത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണോ അല്ലയോ എന്നുള്ളത് പരാമർശിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ചുതന്നെ അതിനകത്ത് 'സംഭരണച്ചെലവ്' എന്ന പുതിയൊരു മേജർ ഹെഡ്ഡ് വന്നിട്ടുണ്ട്. അതിനും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ടോ ഇല്ലയോ എന്ന് സൂചിപ്പിച്ചിട്ടില്ല. ഇതിനുപുറമെ മേജർ ഹെഡ്ഡുകളുടെയും മൈനർ ഹെഡ്ഡുകളുടെയും പട്ടികയിൽ വരുത്തിയ തിരുത്തലുകളുടെ അടിസ്ഥാനത്തിൽ 2230- 'തൊഴിലും തൊഴിൽ സൗകര്യങ്ങളും' എന്ന മേജർ ഹെഡ്ഡിന്റെ പേര് 'തൊഴിലും തൊഴിൽ സൗകര്യങ്ങളും നൈപുണ്യ വികസനവും' എന്ന് 2018-19 ബജറ്റ് എസ്റ്റിമേറ്റിൽ പുനർനാമകരണം ചെയ്തതായി പരാമർശിച്ചിട്ടുണ്ട്. ഇതിനൊന്നും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരം കിട്ടിയതായി കാണുന്നില്ല. നടപടിക്രമങ്ങൾ പാലിക്കാതെ മാറ്റംവരുത്തിയ ധനാഭ്യർത്ഥനകളും മേജർ ഹെഡ്ഡുകളും ഉൾക്കൊള്ളുന്നൊരു ധനവിനിയോഗ ബില്ലാണ് ഇപ്പോൾ സഭയുടെ മുമ്പാകെ വന്നിരിക്കുന്നത്. ഇനി നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽത്തന്നെ ഇതിനെസംബന്ധിച്ചുള്ള പ്രീസീഡന്റുണ്ട്.

ഇങ്ങനെവരുന്ന മാറ്റങ്ങൾ ബന്ധപ്പെട്ട ഡോക്യുമെന്റിൽ പരാമർശിച്ചിട്ടുള്ള പ്രീസീഡന്റ്സ് നമ്മുടെ മുന്നിലുണ്ട്. അതിൽ രണ്ടെണ്ണം ഞാനിവിടെ പരാമർശിക്കാം. 2012-13-ൽ ഡോക്യുമെന്റ് ഖണ്ഡിക 8-ൽ ഡിമാൻഡിന്റെ ഭാഗമായിരുന്ന മേജർ ഹെഡ്ഡ് മറ്റൊരു ഡിമാൻഡിലേയ്ക്ക് മാറ്റിയത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് എന്ന് സൂചിപ്പിച്ചത് കാണാൻ കഴിയുന്നുണ്ട്. അതുപോലെ 2013-14-ൽ ഡോക്യുമെന്റ് ഖണ്ഡിക 8-ൽ 'തൊഴിലും തൊഴിലാളിക്ഷേമവും' എന്ന XIV- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും' എന്നും 'സാമൂഹ്യവികസനം' എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'ഗ്രാമവികസനം' എന്നും ഭേദഗതി ചെയ്തത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഇപ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതോടൊപ്പംതന്നെ കീഴ്‌വഴക്കങ്ങളിൽനിന്നുള്ള വ്യതിചലനങ്ങളും കാണുന്നുണ്ട്. അതുകൊണ്ട് ഇത് ക്രമപ്രകാരമല്ലയെന്നതാണ് ഞാൻ ഉന്നയിക്കുന്നത്. അത് സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നികുതി സംബന്ധിച്ച ശീർഷകത്തിലും തൊഴിൽ സംബന്ധിച്ച ശീർഷകത്തിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പക്ഷെ മാറ്റങ്ങൾ വരുത്തുന്നതിന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 19-6-2017-ലെ കറക്ഷൻ സ്ലിപ്പ് 854-ന്റെയും 21-3-2017-ലെ കറക്ഷൻ സ്ലിപ്പ് 835-ന്റെയും നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ ലഭിച്ചതിനെത്തുടർന്ന് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരവും വാങ്ങിയിട്ടുണ്ട്. നികുതി സംബന്ധിച്ച ശീർഷകത്തിലെ ഭേദഗതിക്ക് 16-8-2017-ൽ കൂടിയ എസ്റ്റിമേറ്റ് കമ്മിറ്റിയിലും തൊഴിൽ സംബന്ധിച്ച ശീർഷകത്തിലെ ഭേദഗതിക്ക് 11-1-2018 -ൽ കൂടിയ എസ്റ്റിമേറ്റ് കമ്മിറ്റിയിലും അംഗീകാരം നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച നിയമസഭാ സെക്രട്ടേറിയറ്റിന്റെ കുറിപ്പും എന്റെ കയ്യിലുണ്ട്. ഡിമാൻഡ്സിന്റെ ആമുഖത്തിൽ ഒരു പാരഗ്രാഫിൽ പ്രത്യേകമായി ഇങ്ങനെ മാറ്റം വരുത്തിയിരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ട്. എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരമുണ്ടോ, എ.ജി.-യുടെ നിർദ്ദേശമുണ്ടോ എന്നൊന്നും പറഞ്ഞിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. പക്ഷെ അതൊക്കെ നടപടിക്രമങ്ങളാണ്. ആ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു തന്നെയാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

മി. ചെയർമാൻ : ഡോക്യുമെന്റിൽ അത് ചേർത്തില്ലായെന്നതാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങനെ ചേർക്കണമെന്ന് ഒരു ചട്ടത്തിലും പറയുന്നില്ല.

ശ്രീ. അനൂപ് ജേക്കബ്: അങ്ങനെ ചേർത്തിട്ടുള്ളതായി കീഴ്വഴക്കമുണ്ടെന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

## റൂളിംഗ്

മി. ചെയർമാൻ: ധനാഭ്യർത്ഥനയുടെ പേര് മാറ്റിയത് ബജറ്റ് ഡോക്യുമെന്റിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം അനൂപ് ജേക്കബ് ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം നൽകിയിട്ടുണ്ട്. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം ഉൾപ്പെടെ വിശദമായി പരിശോധിക്കുകയുണ്ടായി. സാധാരണഗതിയിൽ ധനാഭ്യർത്ഥനയുടെ പേരിൽ മാറ്റം വരുത്തുമ്പോൾ എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും അക്കൗണ്ടന്റ് ജനറലിന്റെയും മുൻകൂർ അനുമതി തേടാറുണ്ട്. ഇവിടെ പരാമർശിക്കപ്പെട്ട ധനാഭ്യർത്ഥനകളുടെ പേര് മാറ്റിയതുമായി ബന്ധപ്പെട്ട കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കാര്യം പ്രസ്തുത ബജറ്റ് ഡോക്യുമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ക്രമപ്രശ്നത്തിലൂടെ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് മുൻകാലങ്ങളിൽ പാലിച്ചു പോന്നിട്ടുള്ള കീഴ്വഴക്കങ്ങളും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ പരാമർശിക്കപ്പെട്ടപ്രകാരം ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന വിശദാംശങ്ങളടങ്ങുന്ന ബുക്കിന്റെ ആമുഖത്തിൽ മുൻകാലങ്ങളിലെന്നപോലെ ഇക്കാര്യംകൂടി പരാമർശിച്ചിരുന്നുവെങ്കിൽ നടപടി നന്നായിരുന്നു എന്നുപറയുന്നത് ശരിയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നിയമസഭയുടെ കാര്യത്തിൽ കീഴ്വഴക്കത്തിനും പ്രാധാന്യമുണ്ട്. കീഴ്വഴക്കം അനുസരിച്ചുള്ള ഇത്തരം നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

# VII നിയമനിർമ്മാണകാര്യം

## 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ : 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും കേരളത്തിന്റെ ഭാവിവികസനം മുന്നിൽക്കണ്ടുകൊണ്ട് ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. കിഫ്ബിയെക്കുറിച്ചായിരുന്നു ഇക്കഴിഞ്ഞ നാളുകളിൽ യു.ഡി.എഫ്.-ന് ആശങ്ക. ഇപ്പോൾ യു.ഡി.എഫ്.-ന്റെ ആശങ്കയ്ക്ക് പരിഹാരമായെന്നാണ് ഞാൻ കരുതുന്നത്. കിഫ്ബി ഒരു ആകാശ കുസുമമാണെന്നാണ് പറഞ്ഞത്. ഈ സർക്കാർ വാക്കുപാലിക്കുന്നു. കിഫ്ബി വഴി 19,940 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിരിക്കുന്നു. ഇതിന്റെ ബെനിഫിഷ്യറീസ് ഇപ്പുറത്തിരിക്കുന്നവർ മാത്രമല്ല, അപ്പുറത്തുള്ളവരുമുണ്ട്. അവരിൽ സെഞ്ച്വറി അടിച്ചവരുണ്ട്, ഡബിൾ സെഞ്ച്വറി അടിച്ചവരുണ്ട്, ട്രിബിൾ സെഞ്ച്വറി അടിച്ച രാഷ്ട്രീയത്തിലെ അതികായൻമാരായ മുൻമന്ത്രിമാരുമുണ്ട്. ഏതാണ്ട് 138 പദ്ധതികൾക്ക് എസ്.പി.വി. നൽകിയിട്ടുണ്ട്. 129 പദ്ധതികൾക്ക്

ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നിലയിൽ കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ വിലയ കുതിച്ചുചാട്ടത്തിനാണ് കേരള സർക്കാർ നേതൃത്വം കൊടുക്കുന്നത്. എനിക്ക് ഒന്നു-രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുണ്ട്. അതിലൊന്ന് പെൻഷനുമായി ബന്ധപ്പെട്ട് ബജറ്റിൽ വന്ന നിർദ്ദേശം സംബന്ധിച്ച് അങ്ങ് പഴുതുകളില്ലാത്തവിധത്തിൽ ഇവിടെ മറുപടി നൽകിയിട്ടുണ്ടെങ്കിലും ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. ആ ആശങ്ക പരിഹരിക്കാൻ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്ത വിഷയമുണ്ട്. സാമ്പത്തികപ്രതിസന്ധിയുണ്ടെന്ന കാര്യം നമുക്കെല്ലാപേർക്കും അറിയാം. ആ കാര്യത്തിൽ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ആരെങ്കിലും ചോദ്യം ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല. ക്ഷേമനിധി ആനുകൂല്യങ്ങൾ അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ക്ഷേമനിധിയുടെ കാര്യത്തിൽ രാജ്യത്തിന് മാതൃകയാണ് കേരളം. എൽ.ഐ.സി. ഏജന്റുമാർ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. തൊഴിൽ സുരക്ഷിതത്വം ഇല്ലാതാക്കുന്ന വിധത്തിലാണ് സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ മത്സരവും ഏജന്റുമാരെ ഒഴിവാക്കി ബിസിനസ്സ് സമാഹരിക്കുന്നതിനായി എൽ.ഐ.സി. നടപ്പാക്കിവരുന്ന പദ്ധതികളും. ഇതൊക്കെ എൽ.ഐ.സി. ഏജന്റുമാരുടെ നിലനിൽപ്പിനും തൊഴിലിനും ഭീഷണിയായി മാറിയിരിക്കുകയാണ്. ഈ പ്രതിസന്ധി ഘട്ടങ്ങളിൽ നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന മേഖലയ്ക്കുവേണ്ടി പണം സമാഹരിക്കുന്ന തീർത്തും രാജ്യസേവനപരമായ പ്രവർത്തനങ്ങൾ നടത്തുന്ന എൽ.ഐ.സി. ഏജന്റുമാർക്കുവേണ്ടി ഒരു ക്ഷേമനിധി കൊണ്ടുവരാൻ തൊഴിൽ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കണമെന്നുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നാടിന്റെ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് റോഡ്. റോഡുണ്ടെങ്കിലേ നാട്ടിൽ വികസനം വരികയുള്ളൂ. അതുകൊണ്ടാണ് കേരളത്തിലെ സർക്കാർ അഞ്ച് വർഷം കൊണ്ട് 50,000 കോടി രൂപ പശ്ചാത്തല മേഖലയിൽ നിക്ഷേപിക്കാൻ തീരുമാനിച്ചിരിക്കുന്നത്. 19,000 കോടി രൂപയുടെ നിർവ്വഹണ അനുമതി കൊടുത്തതിൽ സിംഹഭാഗവും റോഡുകൾക്കും ഗതാഗതക്കുരുക്ക് പരിഹരിക്കാൻ മേൽപ്പാലങ്ങൾക്കും പാലങ്ങൾക്കുമാണ്. ഈ ഗവൺമെന്റിന് വികസന കാഴ്ചപ്പാടാണുള്ളത്. നമ്മുടെ നാട്ടിൽ പല തരത്തിലുള്ള മൗലികവാദങ്ങൾ ഉയരുകയാണ്. എല്ലാ തരത്തിലുമുള്ള മൗലികവാദങ്ങളും മനുഷ്യ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണെന്ന് നമ്മുടെ അനുഭവത്തിൽ നിന്ന് പറയാൻ കഴിയും. വികസന നേട്ടങ്ങളെല്ലാം

അനുഭവിച്ചുകൊണ്ട് കടുത്ത വികസന വിരുദ്ധത പ്രകടിപ്പിക്കുന്ന കപട പരിസ്ഥിതി വാദികളെ തുറന്ന് കാണിക്കാനും ഒറ്റപ്പെടുത്താനും കേരളത്തിന് കഴിയുന്നില്ലെങ്കിൽ നാം വലിയ വില കൊടുക്കേണ്ടി വരും. വാഹനപ്പെരുപ്പം കൊണ്ട് വീർപ്പുമുട്ടുന്ന ഗതാഗതക്കുരുക്കിൽപ്പെട്ട് ജീവിതവും ജീവനും ഒടുങ്ങുന്ന റോഡപകടങ്ങൾ തുടർക്കഥയാകുന്ന കേരളത്തിൽ സങ്കുചിത ലക്ഷ്യം മാത്രം മുൻനിർത്തി കള്ള പ്രചരണം നടത്തുന്ന ശക്തികളെ, കേരളത്തിന്റെ വികസനത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്ന എസ്.ഡി.പി.ഐ, ജമാ അത്ത് ഇസ്ലാമി, ആർ.എസ്.എസ്. ഗൂഢസംഘം എന്നിവർക്ക് ഒത്താശ ചെയ്യുന്ന നിലപാട് യു.ഡി.എഫ് സ്വീകരിക്കാൻ പാടില്ലെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്താണ് കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ? റോഡ് അപകടങ്ങളുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകളെന്താണ്? നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം കേരളത്തിൽ വാഹനങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണുണ്ടായിരിക്കുന്നത്. കേരളത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ചോദിച്ച ചോദ്യത്തിന് ലഭിച്ച മറുപടി ഇപ്രകാരമാണ്. "കേരളത്തിൽ ഇപ്പോൾ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ 1,10,00,000 ആണ്. അതായത് 3.48 കോടി ജനസംഖ്യയുള്ള കേരളത്തിൽ ഒരു കുടുംബത്തിന് ചുരുങ്ങിയത് ഒന്നോ രണ്ടോ വാഹനങ്ങളുണ്ട്. കേരളത്തിന് പുറത്തുനിന്ന് വരുന്ന വാഹനങ്ങൾ കൂടിയാകുമ്പോൾ ഇതിലും വലിയ വർദ്ധനവുണ്ടാകും. 2016-ൽ 39420 റോഡപകടങ്ങൾ കേരളത്തിലുണ്ടായി. 4287 പേർ മരണപ്പെട്ടു. 44108 പേർക്ക് ഗുരുതരമായി പരിക്കേറ്റു. 2017-ൽ 38470 അപകടങ്ങളുണ്ടായി. 4131 പേർ മരിച്ചു. 42671 പേർ ചികിത്സ തേടി. നമ്മുടെ കേരളത്തിന്റെ സ്ഥിതി ഇതാണ്. 18-6-2014-ൽ എന്റെ മണ്ഡലത്തിലൂടെ കടന്നുവരുന്ന എൻ.എച്ച്. 17-ന്റെ വികസനത്തിലെ അനിശ്ചിതാവസ്ഥയുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സഭയിൽ ഞാനൊരു ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. വടക്കൻ കേരളത്തിലാണ് കൂടുതൽ ഗതാഗതക്കുരുക്കുള്ളത്. കേരളത്തിൽ റോഡ് വികസനം നടക്കാത്ത മേഖലയാണ് വടക്കൻ കേരളം. ബഹുമാന്യനായ അംഗം എ. എൻ. ഷംസീർ ഈ നിയമസഭയിലുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസിനുവേണ്ടി സ്ഥലമേറ്റെടുത്തത് ശ്രീ.എ.എൻ.ഷംസീർ ജനിക്കുന്നതിനുമുമ്പാണ്. ഇന്ന് എ.എൻ. ഷംസീറിന് 40 വയസ് തികയാൻ പോവുകയാണ്. നാൽപ്പത് വർഷമായിട്ടും ആ ബൈപ്പാസ് യാഥാർത്ഥ്യമായിട്ടില്ല. ഇതെല്ലാം മുൻനിർത്തിക്കൊണ്ടാണ് ഞാൻ 2014-ൽ ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് നമ്മുടെ നാട്ടിലെ റോഡിന്റെ പ്രശ്നം ഉന്നയിച്ചത്. അന്ന് ട്രാൻസ് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിക്ക് ഒന്നാമത്തെ റീച്ച് ടെണ്ടർ ചെയ്തതാണ്. തലപ്പാടി മുതൽ വളപട്ടണം വരെയുള്ള ഒന്നാംഘട്ട വികസനത്തിന് എൻ.എച്ച്.എ.ഐ. 1100 കോടി രൂപയാണ്

നിർമ്മാണ കരാറായി തീരുമാനിച്ചത്. ഈ വികസന പദ്ധതിക്കുവേണ്ടി ട്രാൻസ് ഇന്ത്യ ലിമിറ്റഡിന് നിർമ്മാണകരാർ നൽകിയത് യു.ഡി.എഫ്. സർക്കാരാണ്. ഒന്നാം ഘട്ടത്തിന് 303 ഹെക്ടർ ഭൂമിയും രണ്ടാം ഘട്ടത്തിന് 257 ഹെക്ടർ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. പക്ഷെ അത് ഏറ്റെടുക്കാൻ കേരളത്തിലെ യു.ഡി.എഫ് സർക്കാർ തയ്യാറായില്ല. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് അന്നത്തെ ശ്രദ്ധ ക്ഷണിക്കലിന് നൽകിയ മറുപടിയിതാണ്. " ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ മാത്രമല്ല രാജ്യം മുഴുവൻ ഉറ്റുനോക്കുന്ന പ്രധാനപ്പെട്ട കാര്യമാണ് കേരളത്തിലെ ദേശീയപാത വികസനം. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ തന്നെ ഇതിന് ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത് സ്ഥലമേറ്റെടുക്കാൻ സാധിക്കാത്തതാണ്. കഴിഞ്ഞ 13 വർഷമായി മാറിമാറി വരുന്ന സർക്കാരുകൾ ഭൂമിയേറ്റെടുക്കാനുള്ള ശ്രമങ്ങൾ നടത്തി പരാജയപ്പെട്ടിരിക്കുന്നുവെന്നുള്ള സത്യം നമുക്ക് മറച്ചുവയ്ക്കാൻ സാധിക്കില്ല". 13 വർഷമായി നടക്കാത്ത ഒരു കാര്യം അതിന്റെ കുരുക്കഴിച്ച് നാഷണൽ ഹൈവേ വരാൻ പോകുന്നുവെന്ന് വന്നപ്പോൾ എന്തിനാണ് ഈ എതിർപ്പ്? ഈ സർക്കാരിന്റെ കാലത്ത് ഹൈവേ വികസനം നടക്കാൻ പാടില്ല. അതാണ് സ്ഥിതി. ശ്രീ. സി. കൃഷ്ണൻ, ശ്രീ. ബി. ഡി. ദേവസ്സി, ശ്രീ. എൻ. വിജയൻ പിള്ള, ശ്രീ. സി. കെ. ഹരീന്ദ്രൻ എന്നീ എം.എൽ.എ.-മാരാണ് ബൈപ്പാസ് നിർമ്മാണ പദ്ധതിയെ സംബന്ധിച്ച് ഇന്ന് രാവിലെ ചോദ്യം ഉന്നയിച്ചത്. ഗവൺമെന്റ് പരിഗണനയിലിരിക്കുന്നതും നിർമ്മാണത്തിലിരിക്കുന്നതുമായ ബൈപ്പാസുകളെ സംബന്ധിച്ച് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാം. അപ്പോൾ അപ്പുറത്തിരിക്കുന്ന അംഗങ്ങൾ, കീഴാറ്റൂർ ബൈപ്പാസ് വേണ്ടെന്ന് പറയുന്ന അംഗങ്ങൾ ഈ പറയുന്ന ലിസ്റ്റിൽ ഉൾപ്പെട്ട ബൈപ്പാസുകൂടി വേണ്ടെന്ന് വയ്ക്കുമോ? ഞാൻ വായിക്കാം, തിരുവനന്തപുരം ഡിവിഷനിലെ ബൈപ്പാസ്-വെഞ്ഞാറമൂട് ബൈപ്പാസ് റോഡ്, വർക്കല ബൈപ്പാസ് റോഡ്, കൊല്ലം ഡിവിഷൻ-കരുനാഗപ്പള്ളി ബൈപ്പാസ്, അഞ്ചൽ ബൈപ്പാസ്, പത്തനാപുരം ബൈപ്പാസ്, പത്തനംതിട്ട ഡിവിഷൻ-പന്തളം ടൗൺ ബൈപ്പാസ്, കോട്ടയം ഡിവിഷൻ-പട്ടിത്താനം, മണർകാട് ബൈപ്പാസ് റോഡ്. മണർകാട് റോഡ് ഏത് മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ പറയൂ. മുണ്ടക്കയം ബൈപ്പാസ് ഏത് മണ്ഡലത്തിലാണ്? ഈരാറ്റുപേട്ട ബൈപ്പാസ് റോഡ്. ഇന്നലെ കീഴാറ്റൂരിൽ കൃഷിക്കാരെന്ന വ്യാജേന ചില രാഷ്ട്രീയ ഭിക്ഷാംദേഹികൾ വന്നിരുന്നു. എങ്ങനെയെങ്കിലും മാധ്യമശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുമെന്ന് കരുതിയാണ് വന്നത്. അവരുടെകൂടെ ഈരാറ്റുപേട്ട

ബൈപ്പാസിനുവേണ്ടി സബ്മിഷൻ ഉന്നയിച്ച അംഗവും ഉണ്ടായിരുന്നു. അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് കീഴാറ്റൂരിൽ ബൈപ്പാസ് വേണ്ടെങ്കിൽ ഈരാറ്റുപേട്ടയിലും മുണ്ടക്കയത്തും ബൈപ്പാസ് വേണ്ടെന്നുപറയാനുള്ള ആർജ്ജവം അദ്ദേഹം കാണിക്കുമോ? അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് ഉച്ചരിക്കുന്ന വാക്കുകളിലും ഉന്നയിക്കുന്ന ആരോപണങ്ങളിലും 24 മണിക്കൂറെങ്കിലും അടിയുറച്ച് നിൽക്കാൻ അദ്ദേഹം തയ്യാറാകണമെന്നാണ്. ആലപ്പുഴ - കണ്ടിയൂർ ബൈപ്പാസ്, ചെങ്ങന്നൂർ ബൈപ്പാസ്, മൂവാറ്റുപുഴ ബൈപ്പാസ്, തങ്കളം - കോഴിപ്പള്ളി ബൈപ്പാസ്, തിരുവാക്കുളം മാമല ബൈപ്പാസ്, എറണാകുളത്ത്- മുട്ടം ടൗൺ ബൈപ്പാസ്, പൈനാവ് ബൈപ്പാസ്, ഇടുക്കി ബൈപ്പാസ്, തൃശ്ശൂരിൽ വടക്കാഞ്ചേരി ബൈപ്പാസ്. കഴിഞ്ഞ ദിവസം ശ്രീ. വി. ഡി. സതീശൻ ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ വയൽ, കുന്ന്, വെള്ളം എന്നുപറഞ്ഞ് ഭ്രാന്ത് പിടിച്ചതുപോലെ ഉറഞ്ഞുതുള്ളുന്നുണ്ടായിരുന്നു. വടക്കാഞ്ചേരി ബൈപ്പാസിൽ ഒരിഞ്ചു വയൽ ഇല്ലാതെ തണ്ണീർത്തടം നികത്താതെയാണ് ബൈപ്പാസ് കടന്നുപേകുന്നതെന്ന് പറയാൻ ബഹുമാനപ്പെട്ട അംഗത്തിനെ ഞാൻ വെല്ലുവിളിക്കുന്നു. എന്റെ കയ്യിലുള്ളത് ആധികാരികമായ രേഖയാണ്. ഇതിൽ വിശദാംശങ്ങളുണ്ട്. വിശദാംശങ്ങളെ സംബന്ധിച്ച് അടുത്ത ദിവസം വിഷയം കൊണ്ടുവന്നാൽ നമുക്ക് ചർച്ച നടത്താം.

12.00 Noon]

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ബഹുമാനപ്പെട്ട അംഗം റ്റി. വി. രാജേഷ് ഇവിടെ ഉന്നയിച്ച കാര്യം ഈ സഭ മുഴുവനും കേട്ടു. ഈ പറഞ്ഞ ബൈപ്പാസുകളെല്ലാം തണ്ണീർത്തടങ്ങളും വയലുകളും കണ്ടൽക്കാടുകളുമുൾപ്പെടെ നികത്തി വരുന്നത് വേണ്ടെന്നുവയ്ക്കാൻ ഈ സഭ ഏകകണ്ഠമായി തീരുമാനിക്കുമോ? കേരളത്തിൽ മറ്റെവിടെയുമില്ലാത്ത എന്ത് പ്രശ്നമാണ് കീഴാറ്റൂരിൽ മാത്രമുള്ളത്. അവിടെ ഇതിന് മുൻപ് തീരുമാനിച്ച രണ്ട് അലൈൻമെന്റുകൾ അംഗീകരിക്കാൻ എൻ.എച്ച്.എ.ഐ.യിൽ സ്വാധീനം ചെലുത്തു. ഞങ്ങൾക്ക് പറയാനുള്ളത്, കണ്ണടച്ച് ഇരുട്ടാക്കരുതെന്നാണ്. മലപ്പുറം ജില്ലയിലെ മഞ്ചേരി ഡിവിഷനിൽ...., വേങ്ങര ബൈപ്പാസ്, കുറ്റിപ്പുറം-പതിനാറുങ്കൽ ബൈപ്പാസ്, മംഗലംകുന്ന്-മീശപ്പടി ബൈപ്പാസ്, തിരൂർ-പൊന്മുണ്ടം ബൈപ്പാസ്, മലപ്പുറം-കോട്ടപ്പാടി-വലിയങ്ങാടി ബൈപ്പാസ്, കോട്ടക്കൽ ബൈപ്പാസ്, ഓരാടംപാലം-മാനത്തുമംഗലം ബൈപ്പാസ്, കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ്...., ആരുടെ മണ്ഡലത്തിലാണ് ഈ ബൈപ്പാസുകൾ എന്നുകൂടി പറയണം. കാസർഗോഡ് ഡിവിഷനിലെ വിദ്യാനഗർ-ഉളിയതടുക്ക ബൈപ്പാസ് ആരുടെ മണ്ഡലത്തിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ്, പ്ലീസ് കൺക്ലൂഡ്...,

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഇവിടെ പറയുന്നത് ഒറ്റ കാര്യമേയുള്ളൂ. കഴിഞ്ഞ ദിവസം ഞാൻ ഒരു യു.ഡി.എഫ്. നേതാവിന്റെ...

ശ്രീ. അനിൽ അക്കര: സർ, പോയിന്റ് ഓഫ് ഓർഡർ..., ബഹുമാന്യനായ കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും ഞാനുമുൾപ്പെടെ ഒരുമിച്ചാണ് വടക്കാഞ്ചേരി ബൈപ്പാസിനായി ശ്രമിക്കുന്നത്. പൂർണ്ണമായും കരപ്രദേശത്തുകൂടിയാണ് അത് കടന്നുപോകുന്നത്. അത് വയലുമായി ബന്ധപ്പെട്ടിട്ടില്ല. അനാവശ്യമായ കാര്യം പറഞ്ഞത് പരിശോധിച്ച് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കണ്ടിന്യൂ....,

ശ്രീ. റ്റി. വി. രാജേഷ്: സർ, ഒരു തരി മണ്ണെടുക്കാതെയാണ്, ഒരു പാറപോലും തുരക്കാതെയാണ് ആ ബൈപ്പാസ് എങ്കിൽ ഞങ്ങളും അത് അംഗീകരിക്കാം. ഇവിടെ വിഷയമെന്താണ്? ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ള കണ്ണൂർ ജില്ലയിൽ റോഡ് പാടില്ല. ബാക്കി എല്ലായിടത്തുമാവാം. കഴിഞ്ഞ ദിവസം ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ ഏറെ ബഹുമാനിക്കുന്ന കേരള രാഷ്ട്രീയത്തിലെ പരിണിതപ്രജ്ഞനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത്, തണ്ണീർത്തടം നികത്തിയിട്ടല്ല എന്റെ മണ്ഡലത്തിൽ ബൈപ്പാസുണ്ടാക്കിയത്, വേസ്റ്റ് ലാൻഡ് കൊണ്ടാണെന്നാണ്. അത് ഏതുതരം ലാൻഡാണ്. ആ ലാൻഡിനെക്കുറിച്ച് പറയാമോ? അദ്ദേഹത്തിന്റെ മണ്ഡലത്തിൽ തണ്ണീർത്തടം നികത്തി, പ്രാവുപാടം നികത്തിയിട്ടാണ് എം.സി. റോഡിൽ തിരുവാർപ്പ് ബൈപ്പാസ് നിർമ്മിച്ചിരിക്കുന്നത്. അതുപോലെ തന്നെ അടൂർ ബൈപ്പാസ് എങ്ങനെയാണ് നിർമ്മിച്ചത്; വയൽ നികത്തിയിട്ടല്ലേ? അതുപോലെ കൊച്ചി എയർപോർട്ട്...., വയൽ നികത്താൻ പാടില്ല: വയൽ സംരക്ഷിക്കണമെന്നു തന്നെയാണ് ഞങ്ങളുടെ നിലപാട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ് കൺക്ലൂഡ്..., സമയം കഴിഞ്ഞു.

ശ്രീ. റ്റി. വി. രാജേഷ്: സർ, എനിക്ക് ഒരു മിനിട്ടുകൂടി വേണം. വയൽ നികത്തുന്നതിന് ഞങ്ങൾ എതിരാണ്. കേരളത്തിൽ ഈ സർക്കാർ വന്നതിനുശേഷം പരിസ്ഥിതിക്കുവേണ്ടി ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. 39000 ഏക്കർ നെൽ വയലിന്റെ വിസ്തൃതി വീണ്ടെടുത്ത സർക്കാരാണിത്. ഒഴുക്ക്

നിലച്ചുപോയ നദികൾ വീണ്ടെടുത്ത സർക്കാരാണ്. റോഡ് വേണ്ടെന്ന് ആരും പറയുന്നില്ല. അതുകൊണ്ട് എനിക്ക് അവരോട് ചോദിക്കാനുള്ള ഒരു കാര്യം, വയൽ, കുടിവെള്ളം, കളിമണ്ണ്, കൃഷിനാശം, കുന്നിടിക്കൽ എന്നിവയില്ലാതെ റോഡ് നിർമ്മിക്കാനുള്ള ഒരു ബദൽ നിങ്ങൾ നിർദ്ദേശിച്ചാൽ ആ ബദൽ അംഗീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഹരിത പദ്ധതി ...., 5 കോടി തൈകൾ....,

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ്, പ്ലീസ് കൺക്ലൂഡ്...,

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, നിർത്താം. പരിസ്ഥിതി സംരക്ഷണത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന സർക്കാരാണിത്. അഞ്ചുകോടി തൈകൾ...., സുഗതകുമാരി ടീച്ചറുടെ ഒരു കവിതകൂടി കേൾപ്പിക്കാം.

"ഒരു തൈ നടാം നമുക്ക് അമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറുകിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി"

സുഗതകുമാരി ടീച്ചർ പറയുന്ന കാര്യമാണ് ഞങ്ങൾ ചെയ്യുന്നത്. അഞ്ചു കോടി തൈകളാണ് ഞങ്ങൾ നട്ടത്. അതാണ് കേരളം. വികസനത്തിന്റെ കാര്യത്തിൽ ഇങ്ങനെയുള്ള സങ്കുചിതമായ വാദങ്ങൾ നിരത്തി അത് തടസ്സപ്പെടുത്തരുത്. ഭാവി തലമുറയോട് ചെയ്യുന്ന ഏറ്റവും വലിയ, കൊടുംപാതകമാണത്. അതുകൊണ്ട് അതിൽനിന്നും പിൻമാറാൻ യു.ഡി.എഫ്. തയ്യാറാകണം. യു.ഡി.എഫ്.-ന്റെ കാലത്ത് ഗ്യാസ് പൈപ്പ് ലൈനുമായി ബന്ധപ്പെട്ട്....., അന്ന് ഉമ്മൻ ചാണ്ടി ഗവൺമെന്റ് സഹകരിക്കണമെന്ന് പറഞ്ഞു. ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രസ്താവന എന്താണെന്നറിയുമോ - 'ഭൂമിക്കടിയിൽ ബോംബ്' എന്നാണ്. ഇതു മാത്രമല്ല, 'വികസനത്തിന് ഗെയിൽ അനിവാര്യം' - മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി. 'എക്സ്പ്രസ്സ് ഹൈവേ അനിവാര്യം'- ഡോ. എം. കെ. മുനീർ....., ഇപ്പോൾ എക്സ്പ്രസ്സ് ഹൈവേയും വേണ്ട, നാഷണൽ ഹൈവേയുടെ വികസനവും വേണ്ട. എന്ത് ഇരട്ടത്താപ്പാണ്. ഇനിയെങ്കിലും ഈ കാപട്യത്തിന്റെ മുഖംമൂടി അഴിച്ചുവയ്ക്കണം. നാടിനുവേണ്ടി വികസന കാര്യത്തിൽ; ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി, ഭാവിതലമുറയ്ക്കുവേണ്ടി നമുക്ക് ഒന്നിക്കാം. സങ്കുചിതമായ രാഷ്ട്രീയം അതിന് തടസ്സമാകരുത്. യു.ഡി.എഫ്. തെറ്റുതിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇന്നലെ യു.ഡി.എഫ്. നേതാക്കന്മാർ കീഴാറ്റൂരിലെത്തി.

എന്താണ് നിലപാടെന്ന് ശ്രീ. കെ. സുധാകരനോട് പത്രക്കാർ ചോദിച്ചപ്പോൾ രണ്ട് ദിവസത്തെ സമയം വേണമെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. കെ. സുധാകരന് വിവേകമുദിച്ചു. ഈ ബൈപ്പാസിനെ എതിർത്താൽ നാളെ ഒറ്റപ്പെടുമെന്ന കാര്യം അദ്ദേഹത്തിന് മനസ്സിലായി. ഇനിയെങ്കിലും യു.ഡി.എഫ്.-ന് നല്ല ബുദ്ധി തോന്നിക്കണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ പിൻതുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ....., ഇവിടെ ശ്രീ. റ്റി. വി. രാജേഷ് ചില കാര്യങ്ങളെക്കുറിച്ച് പരാമർശിച്ചു. അദ്ദേഹത്തിന്റെ പോയിന്റ് ഓഫ് വ്യൂവിൽ കറക്ടായിരിക്കും. അദ്ദേഹം ആ നിലപാടുമായി നിന്നോട്ടെ. പക്ഷെ അദ്ദേഹം എന്നെക്കുറിച്ചും എന്റെ നിയോജക മണ്ഡലത്തെക്കുറിച്ചും ഒരു പരാമർശം നടത്തി. യഥാർത്ഥത്തിൽ ആ പരാമർശം നിയമത്തിൽ നിലനിൽക്കുന്നതല്ല. അദ്ദേഹം ഇവിടെ സൂചിപ്പിച്ച തണ്ണീർത്തടവും അതുപോലെ വേസ്റ്റ് ലാൻഡും രണ്ടും രണ്ടാണ്. ക്യാബിനറ്റ് തീരുമാനമെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ വേസ്റ്റ് ലാൻഡായി കിടക്കുന്ന സ്ഥലത്തുകൂടി ഒരു വഴി....., എന്റെ നിയോജകമണ്ഡലത്തിൽ വഴി പോയിട്ടുണ്ട്, അത് കറക്ടാണ്. പക്ഷെ അത് വേസ്റ്റ് ലാൻഡായി കിടക്കുന്നതാണ്. അങ്ങ് ഇപ്പോൾ സൂചിപ്പിച്ചത് നിയമവിരുദ്ധമായ കാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ നടന്നത് നിയമവിധേയമായ കാര്യമാണ്. അതുകൊണ്ട് 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണമെന്നതാണ് എന്റെ ആവശ്യം. പരിശോധിച്ചതിനുശേഷം നടപടിയെടുക്കാമെന്നാണ് അങ്ങ് ഇപ്പോൾ പറയാൻ പോകുന്നത്. അത് പരിശോധിക്കാൻ നിൽക്കണ്ട, clear violation of the Rule ആണ്. അതുകൊണ്ട് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ഒരു Economist turned Administrator ആണ്. അങ്ങയിൽ നിന്ന് ഞങ്ങൾ ഒരു മികച്ച ധനകാര്യ മാനേജ്മെന്റ് പ്രതീക്ഷിച്ചിരുന്നു. ഖേദപൂർവ്വം പറയട്ടെ, ജനങ്ങളാകെ നിരാശരാണ്. ദീർഘവീക്ഷണമില്ലാത്ത സാമ്പത്തിക മാനേജ്മെന്റും ബി.ജെ.പി. ഗവൺമെന്റിന്റെ ക്യാപ്പിറ്റലിസത്തെയും കുത്തകതാല്പര്യങ്ങളെയും ചെറുക്കാനുള്ള കരുത്തില്ലായ്മയുമാണ് അങ്ങയുടെ ഗവൺമെന്റിന്റെ മുഖമുദ്ര. ജി.എസ്.ടി.-യോടുള്ള അങ്ങയുടെ സമീപനത്തിന് കേരളത്തിന് വലിയ വില കൊടുക്കേണ്ടി വന്നു. ഈ സഭയിൽ പലപ്പോഴും ശ്രീ. അരുൺ ജെയ്റ്റ്ലിയെക്കാൾ ആവേശത്തോടുകൂടി അങ്ങ് ജി.എസ്.ടി.-യെ ന്യായീകരിക്കാൻ ശ്രമിച്ചു. അങ്ങ് ജി.എസ്.ടി.

കൗൺസിലിലെ അംഗമാണ്. പക്ഷെ ജി.എസ്.ടി. കൗൺസിലിൽ പോലും ഈ പ്രയാസങ്ങൾ ചൂണ്ടിക്കാണിക്കാനോ അതിന് പരിഹാരമുണ്ടാക്കാനോ കഴിയാതെപോയത് ദൗർഭാഗ്യകരമായിപ്പോയി. ഇവിടെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ യാഥാർത്ഥ്യബോധമുള്ള വരുമാന മാർഗ്ഗം കണ്ടെത്തിയിട്ടില്ല. കുറേ പ്രഖ്യാപനങ്ങൾ നടത്തി. അതിന് ഉദാഹരണമാണ്, 2016-17-ലെ പുതുക്കിയ ബജറ്റിലും 2017-18-ലെ ബജറ്റിലും പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾ. ഇപ്പോൾ അതൊക്കെ take-off ചെയ്യുമെന്ന് പറഞ്ഞു. അങ്ങ് പ്രഖ്യാപിച്ച 50,000 കോടി രൂപയുടെ പദ്ധതികൾ രണ്ടുകൊല്ലം പൂർത്തിയാകുമ്പോഴേയ്ക്കും എവിടെയെത്തിയെന്ന് അങ്ങ് ആലോചിക്കണം. പണം കണ്ടെത്താതെ പ്രതീക്ഷ മാത്രം വച്ചുപുലർത്തി കുറേ പദ്ധതികൾ പ്രഖ്യാപിച്ചു. ഇത് മികച്ച ധനകാര്യ മാനേജ്മെന്റാണോ? 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ 3500 കോടി രൂപ മലയോര ഹൈവേയ്ക്കും 6500 കോടി രൂപ തീരദേശ ഹൈവേയ്ക്കും അങ്ങ് മാറ്റിവച്ചതായി പറഞ്ഞു. 2017-18-ൽ ആരംഭിക്കുമെന്ന് പറഞ്ഞു. വരുമാന മാർഗ്ഗമെന്താണ്? പ്രവാസി ചിട്ടിയാണ്. ചിട്ടി പ്രഖ്യാപിച്ച് ഒരു കൊല്ലമായിട്ടും എത്ര രൂപ സമാഹരിച്ചു? വരുമാനമാർഗ്ഗം കണ്ടെത്താതെ പദ്ധതി പ്രഖ്യാപിക്കുന്നത് ഒരിക്കലും മികച്ച നടപടിയല്ല. ബജറ്റ് പ്രസംഗത്തിന്റെ sanctity, credibility എന്നിവ അങ്ങ് ഇല്ലാതാക്കിയെന്ന് പറയുന്നതിൽ എനിക്ക് ഖേദമുണ്ട്. യു.ഡി.എഫ്. കാലത്തെ ധനകാര്യ മാനേജ്മെന്റിനെപ്പറ്റി അങ്ങയുടെ ഗവൺമെന്റ് ഒരു ധവളപത്രം പുറപ്പെടുവിച്ചു. അതിൽ പറയുന്ന ഒരു കാര്യം ഇന്ന് ഏറ്റവും യോജിക്കുന്നത് അങ്ങേയ്ക്ക് തന്നെയാണ്. മതിയായ വിഭവലഭ്യത ഉറപ്പുവരുത്താതെ ബജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ചുവെന്നാണ്. അങ്ങാണ് അത് ചെയ്തത്. വരുമാനമാർഗ്ഗങ്ങളില്ലാതെ കയ്യടിക്കുവേണ്ടി പദ്ധതികൾ പ്രഖ്യാപിച്ചു.

കഴിഞ്ഞ രണ്ട് കൊല്ലങ്ങളിൽ പ്രഖ്യാപിച്ച അധികവിഭവ സമാഹരണത്തിന്റെ 60 ശതമാനംപോലും സമാഹരിക്കാൻ സാധിച്ചിട്ടില്ല. I quote your white paper. "അതുകൊണ്ട് ഈ പ്രക്രിയയിൽ, നിർഭാഗ്യവശാൽ ബജറ്റിന്റെ വിശ്വാസ്യത നഷ്ടപ്പെടുകയും ഒരിക്കലും പൂർത്തീകരിക്കാനാകാത്ത വിധത്തിൽ ഊതിപ്പെരുപ്പിച്ച പദ്ധതികളും പ്രോജക്ടുകളും ഉൾക്കൊള്ളിച്ചുകൊണ്ട് വ്യർത്ഥമായ ഉദ്യമമായി ബജറ്റ് പ്രസംഗം മാറുകയും ചെയ്തു." ഈ തൊപ്പി അങ്ങേയ്ക്ക് യോജിക്കും, യാഥാർത്ഥ്യവും പ്രസ്താവനയും തമ്മിലുള്ള പൊരുത്തമില്ലായ്മ വാർഷിക ബജറ്റിനെ കാൽപ്പനിക സ്വപ്നങ്ങളുടെ ആചാരമായി തരംതാഴ്ത്തി. കുറേ കവിതകൾ കുത്തിത്തിരുകിയാൽ ബജറ്റാകുമോ? നിർഭാഗ്യവശാൽ സംസ്ഥാനം കഴിഞ്ഞ രണ്ടു കൊല്ലക്കാലം സാമ്പത്തിക കള്ളത്തരത്തിലാണ് കഴിഞ്ഞിരുന്നത്. ഇതാണ് ധനവിനിയോഗ ബിൽ ചർച്ച ചെയ്യുമ്പോൾ സഭയിൽ കാണുന്ന പശ്ചാത്തലം.

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എന്താണ്? ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്, 2015-16-ൽ ഞങ്ങൾ ഒഴിയുമ്പോൾ പൊതുകടം 1,57,370.33 കോടി രൂപയാണ്. 2017-18-ൽ 2,07,026.81 കോടി രൂപയായി വർദ്ധിപ്പിച്ചു. യു.ഡി.എഫ്.-ന്റെ കാലത്തെ അഞ്ചുവർഷത്തെ വർദ്ധനവ് 13.81 ശതമാനം ആയിരുന്നത് അങ്ങയുടെ കാലത്ത് 18.48 ശതമാനമായി. സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട്, വേൾഡ് ബാങ്ക്, നബാർഡ്, കടപ്പത്രം എന്നിവയിൽ നിന്നും 1-6-2016 മുതൽ 2017 വരെ 50,329 രൂപ അങ്ങ് കടമായി എടുത്തിട്ടും സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലല്ലേ? റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കുമെന്ന് അങ്ങ് പറഞ്ഞെങ്കിലും ഇല്ലാതാക്കാൻ സാധിക്കില്ല. കഴിഞ്ഞ രണ്ട് കൊല്ലം പരിശോധിക്കുമ്പോൾ, യു.ഡി.എഫ്. കാലത്തെ ധനകമ്മി 3.81 ശതമാനവും അങ്ങയുടെ കാലത്ത് 4.28 ശതമാനവുമാണ്. റവന്യൂ കമ്മി 1.73 ശതമാനവും അങ്ങയുടെ കാലത്ത് 2.5 ശതമാനവുമാണ്. ഇത് മികച്ച ധനകാര്യ മാനേജ്മെന്റ് ആണോ? ഈ സാമ്പത്തിക വർഷം അവസാനിക്കാൻ പോവുകയാണ്. പദ്ധതി ചെലവ് പരിശോധിച്ച് നോക്കണം. കഴിഞ്ഞ അഞ്ചുകൊല്ലത്തെ ഏറ്റവും കുറഞ്ഞ പ്ലാൻ എക്സ്പെൻഡിച്ചറാണ് കഴിഞ്ഞ വർഷമുണ്ടായിരിക്കുന്നത്. ലോക്കൽ ബോഡീസിന്റെ പദ്ധതി ചെലവ് നിങ്ങളുടെ മാനദണ്ഡ പ്രകാരം ഫെബ്രുവരി 28-ന് മുമ്പായി 85 ശതമാനം പൂർത്തിയാക്കേണ്ടതായിരുന്നു. മാർച്ച് 21 വരെ ഗ്രാമപഞ്ചായത്തുകളുടെ ചെലവ് 71 ശതമാനം, ബ്ലോക്ക് പഞ്ചായത്ത് 78 ശതമാനം, നഗരസഭകൾ 67 ശതമാനം, കോർപ്പറേഷനുകൾ 62 ശതമാനം, ജില്ലാ പഞ്ചായത്ത് 59 ശതമാനം എന്നിങ്ങനെയാണ്. പദ്ധതി ചെലവിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ 20,272.5 കോടി രൂപയാണ്. പദ്ധതി ചെലവ് 15,019.89 കോടി രൂപ (74 ശതമാനം). ഇങ്ങനെ കഴിഞ്ഞ ഒരു കൊല്ലം പദ്ധതി ചെലവിലുണ്ടായ ഗുരുതരമായ വീഴ്ച അങ്ങേയ്ക്ക് അവഗണിക്കാൻ സാധിക്കുമോ? കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അടങ്കൽ തുകയായ 8039 കോടി രൂപയിൽ ചെലവഴിച്ചത് 58 ശതമാനം മാത്രമാണ്. ഇങ്ങനെ പദ്ധതി ചെലവിലുണ്ടായ ഗുരുതരമായ വീഴ്ച ദയവായി അങ്ങ് കാണാതെ പോകരുത്. 2008-ലെ മാന്ദ്യവിരുദ്ധ പാക്കേജിന് 5000 കോടി രൂപയായിരുന്നു. ഇപ്പോൾ ക്യാപിറ്റൽ ഔട്ട്ലേയ്ക്ക് മാത്രമായി 12,000 കോടി രൂപയും ലാന്റ് അക്വിസിഷന് 8000 കോടി രൂപയും ഉൾപ്പെടെ ആകെ 20,000 കോടി രൂപ. നടപ്പുവർഷം 2500 കോടി രൂപ ചെലവഴിക്കുമെന്ന് അങ്ങ് പറഞ്ഞു. 2017 സാമ്പത്തിക വർഷം അവസാനിക്കാൻ പോകുന്നു. ഈ പാക്കേജിൽ നിന്ന് ഇന്നുവരെ ഒരു പൈസ പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ചില പദ്ധതികൾക്ക് എ.എസ്. കൊടുത്തു, ഡി.പി.ആർ. തയ്യാറാക്കി.

പക്ഷെ, പദ്ധതികൾക്കൊന്നും ടെണ്ടർ വിളിക്കാനോ പണം ചെലവഴിക്കാനോ കഴിഞ്ഞില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. ഈ ധനവിനിയോഗ ബിൽ ചർച്ച ചെയ്യുമ്പോൾ കേരളം കണ്ട ഏറ്റവും പരാജയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായി അങ്ങയെ കാണേണ്ടിവന്നതിൽ ഞങ്ങൾക്ക് ദു:ഖമുണ്ട്.

ദേശീയ രാഷ്ട്രീയ രംഗത്തെ നിങ്ങൾ വിലയിരുത്തുന്നത് കേരളത്തിലെ സാഹചര്യം കണ്ടുകൊണ്ടു മാത്രമാണ്. കേരളം അല്ല ഇന്ത്യ എന്ന തിരിച്ചറിവ് പോലും നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. അന്ധമായ കോൺഗ്രസ് വിരോധം നിങ്ങളെ നയിക്കുന്നു. നിങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) അല്ല. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് കേരള (മാർക്സിസ്റ്റ്) ആയി തരംതാണിരിക്കുന്നു. ഏത് ചെകുത്താനെ കൂട്ടുപിടിച്ചും കോൺഗ്രസ്സിനെ പരാജയപ്പെടുത്തുമെന്ന് പണ്ട് ഇ.എം.എസ്. പറഞ്ഞിട്ടുണ്ട്. അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ മാറിയില്ലേ? അന്ന് കോൺഗ്രസ്സിന് ഭരണ കുത്തക ഉണ്ടായിരുന്നു. കേന്ദ്രവും സംസ്ഥാനങ്ങളും കോൺഗ്രസ് ഭരിച്ചു. ഇന്ന് കാലം മാറി ബി.ജെ.പി. കേന്ദ്രവും സംസ്ഥാനങ്ങളും ഭരിക്കുന്നു. പാർലമെന്റിനുപോലും പ്രവർത്തിക്കാൻ സാധിക്കുന്നില്ല. പാർലമെന്റ് മര്യാദയനുസരിച്ച് അവിശ്വാസ പ്രമേയം വന്നാൽ എല്ലാ ബിസിനസ്സും നിർത്തി അവിശ്വാസം ചർച്ച ചെയ്യണം. കഴിഞ്ഞ രണ്ടാഴ്ചക്കാലമായി No-confidence motion കൊടുത്തിട്ട് ചർച്ച ചെയ്യാൻ സാധിക്കാതെ ലോക്സഭയിലുണ്ടാകുന്ന ദയനീയമായ കാഴ്ച പാർലമെന്റ് ഡെമോക്രസിക്കുള്ള വലിയ ആഘാതമാണ്. കോൺഗ്രസ്സുമായി സഖ്യവും ബന്ധവുമില്ലെന്നാണ് നിങ്ങൾ പറയുന്നത്. കേന്ദ്രത്തിലെയോ കേരളത്തിലെയോ കോൺഗ്രസ് നേതൃത്വം നിങ്ങളുമായി സഖ്യമുണ്ടാക്കാൻ എന്നെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? ഒരുകാലത്തും നിങ്ങളുമായുള്ള സഖ്യത്തിന് കേരളത്തിലെ കോൺഗ്രസ് തയ്യാറാവുകയില്ല. അങ്ങനെ തയ്യാറായാൽ അന്ന് കാക്ക മലർന്ന് പറക്കും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, അടിയന്തരാവസ്ഥ കാലഘട്ടത്തിൽ ശ്രീ. കെ. സി. ജോസഫിന്റെ 'എ' കോൺഗ്രസ്സ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുമായി യോജിച്ച് ഭരിച്ചത് ഓർമ്മയുണ്ടല്ലോ. അന്ന് കാക്കയൊന്നും മലർന്ന് പറന്നിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, അതിന്റേതായ പ്രയാസം അനുഭവിച്ചതു കൊണ്ടാണ് അന്ന് മുന്നണി വിട്ടുപോയത്. ഞങ്ങൾക്ക് അനുഭവം വലിയ പാഠമാണ്. അതുകൊണ്ട് കേരളത്തിൽ നിങ്ങളുമായുള്ള സഖ്യത്തിന് ഒരിക്കലും കോൺഗ്രസ് തയ്യാറാവുകയില്ല. നിങ്ങൾ രാവിലെയും വൈകുന്നേരവും

കോൺഗ്രസ്സുമായി ബന്ധമില്ലെന്ന് പറയുന്നുണ്ട്. ബന്ധമുണ്ടാക്കാൻവേണ്ടി ആരാണ് ആവശ്യപ്പെട്ടത്; നിങ്ങൾ എവിടെ പോയി നിൽക്കുന്നു? കേരളം, ബംഗാൾ, ത്രിപുര ഇപ്പോൾ എവിടെ പോയി; ബംഗാളിൽ നിങ്ങളുടെ അവസ്ഥ എന്താണ്; ത്രിപുരയിലെ അവസ്ഥ എന്താണ്? ത്രിപുരയിൽ പരാജയപ്പെട്ടത് കോൺഗ്രസ്സുകാർ കൂറുമാറിയതുകൊണ്ടാണെന്ന് പറഞ്ഞു. കോൺഗ്രസ് മാത്രം മാറിയാൽ ത്രിപുരയിൽ ജയിക്കാൻ സാധിക്കുമോ? കഴിഞ്ഞ മൂന്നു തവണയായി കോൺഗ്രസ് ജയിച്ചില്ലല്ലോ; നിങ്ങളുടെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോയി, നിങ്ങളുടെ അണികൾ ബി.ജെ.പി.-യിലേയ്ക്ക് പോയി, ത്രിപുര നഷ്ടപ്പെട്ടു, അത് കാണാതെ പോകരുത്. കേരളം-ബംഗാൾ-ത്രിപുരയ്ക്കു പകരം കേരളം കേരളം എന്ന് പറയേണ്ടി വരും. ചെങ്ങന്നൂരിലെ ഉപതെരഞ്ഞെടുപ്പിലെ യു.ഡി.എഫ്. സ്ഥാനാർത്ഥിയെപ്പറ്റി സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഭിപ്രായം പറഞ്ഞത്, എന്തുകൊണ്ടാണ് കോൺഗ്രസ് ശ്രീ. എം. മുരളിയെയോ ശ്രീ. എബിയെയോ നിർത്താത്തതെന്നും ശ്രീ. ഡി. വിജയകുമാറിനെ നിർത്തിയത് എന്തുകൊണ്ടാണെന്നുമാണ്. ഞങ്ങളുടെ സ്ഥാനാർത്ഥിയെ നിർണ്ണയിക്കാനുള്ള അവകാശമെങ്കിലും ഞങ്ങൾക്ക് വിട്ടുതരണ്ടേ; അത് കോടിയേരിയുടെ ചുമതലയാണോ; നിങ്ങളുടെ അവകാശമാണോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന്റെ ഉദ്ദേശ്യം മനസ്സിലായി. നിങ്ങൾ വളരെ ബോധപൂർവ്വം വർഗ്ഗീയത കളിക്കാൻ ശ്രമിക്കുകയാണ്. അതിന്റെ സൂചനയാണ് ഈ പ്രഖ്യാപനം. ആ പരിപ്പ് ചെങ്ങന്നൂരിലെ വെള്ളത്തിൽ വേവാൻ പോകുന്നില്ല. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഏപ്രിൽ 4-ന് ഈ സഭ പിരിഞ്ഞ് വീണ്ടും ചേരുമ്പോൾ കോൺഗ്രസ്സിന്റെ ബെഞ്ചിൽ ചെങ്ങന്നൂരിലെ എം.എൽ.എ. ആയി ശ്രീ. ഡി. വിജയകുമാർ ഉണ്ടാകും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഭരണ പരാജയത്തിന്റെ വിധിയെഴുത്തായി ചെങ്ങന്നൂർ മാറും. എനിക്ക് ഒരു അപേക്ഷയുണ്ട്. ചെങ്ങന്നൂരിൽ കാസർഗോഡ് ആവർത്തിക്കരുതെന്ന് പറയുന്നില്ല, കാസർഗോഡ് നിങ്ങൾ ശ്രീ. എൻ. എ. നെല്ലിക്കുന്നിനെതിരായി മത്സരിച്ചു, കെട്ടിവെച്ച കാശുപോയി. നിങ്ങൾക്കുള്ള മുന്നറിയിപ്പാണിത്. ചെങ്ങന്നൂരിൽ പാലക്കാട് ആവർത്തിക്കരുത്, വട്ടിയൂർക്കാവ് ആവർത്തിക്കരുത്. നിങ്ങൾ മൂന്നാം സ്ഥാനത്തേയ്ക്ക് പോയി. ബി.ജെ.പി. മുന്നോട്ട് പോയി. ഞങ്ങളത് ആഗ്രഹിക്കുന്നില്ല...... നിങ്ങൾ സൂക്ഷിച്ചാൽ മതി, ഞങ്ങൾക്ക് ഉറപ്പുണ്ട്, ചെങ്ങന്നൂരിലെ വിധിയെഴുത്ത് നിങ്ങളുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ഭരണത്തിന് എതിരായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ അഭിമാനപൂർവ്വം ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിലെ യു.ഡി.എഫ്. ഭരണം അവസാനിക്കുമ്പോൾ സംസ്ഥാനത്തിന് താങ്ങാൻ കഴിയുന്നതിലധികം കടഭാരം വരുത്തിവച്ചിട്ടാണ് കടന്നുപോയത്. വായ്പയെടുക്കാനുള്ള എല്ലാ അവസരവും അവർ പൂർണ്ണമായി അടയ്ക്കുകയായിരുന്നു. ഈ സന്ദർഭത്തിലും കേരള സംസ്ഥാനത്തെ ട്രഷറി (22 മാസക്കാലത്തിനിടയിൽ) ഒരു ദിവസംപോലും പൂട്ടിയിട്ടില്ലെന്നുള്ളത് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ വിജയകരമായ പ്രവർത്തനത്തിന്റെ മകുടോദാഹരണമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്.-ന്റെ അഞ്ച് വർഷക്കാലത്തെ ഭരണത്തിനിടയിൽ എത്ര സന്ദർഭങ്ങളിലാണ് ട്രഷറി പൂട്ടപ്പെട്ടതെന്ന് നമുക്കറിയാം. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് ഒന്നുമറിയാത്ത ഒരാളെപ്പോലെ ശ്രീ. കെ. സി. ജോസഫ് എന്തെല്ലാം അവകാശവാദങ്ങളാണ് ഇവിടെ ഉന്നയിച്ചത്. അദ്ദേഹം ഇപ്പോൾ ദിവാസ്വപ്നം കാണുകയും മലർപ്പൊടിക്കാരനായി മാറുകയുമാണ്. ചെങ്ങന്നൂരിലെ ഉപതെരഞ്ഞെടുപ്പ് കഴിയുമ്പോൾ അടുത്തതായി ചേരാൻ പോകുന്ന സഭയിൽ കോൺഗ്രസിന്റെ പക്ഷത്ത് ഒരംഗം കൂടിയുണ്ടാകുമെന്നാണ് അദ്ദേഹം വ്യാമോഹിക്കുന്നത്. അത് കേവലം വ്യാമോഹമായി പരിണമിക്കുമെന്നുള്ളത് ഈ കേരളത്തെ അറിയുന്ന, ചെങ്ങന്നൂരിനെ അറിയുന്ന, ഏതൊരാളിനും ബോദ്ധ്യപ്പെടുന്ന കാര്യമാണ്. അദ്ദേഹം വട്ടിയൂർക്കാവിനെക്കുറിച്ച് പറഞ്ഞു. നേമത്ത് നടത്തിയ പ്രവൃത്തി ചെങ്ങന്നൂരിൽ നടത്താൻ നിങ്ങൾ ദയവായി ശ്രമിക്കരുതെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത്. തീർച്ചയായും അത് തീക്കൊള്ളികൊണ്ട് തല ചൊറിയുന്നതിന് തുല്യമായിരിക്കുമെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ജി.എസ്.ടി. നടപ്പിലാക്കപ്പെട്ടതോടുകൂടി കേരളത്തിന് ഇടിത്തീ പോലെയുള്ള അനുഭവമാണുണ്ടായത്. ഇത് കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസുകളെ തടയുന്നതിന് ഇടയാക്കിയിട്ടുണ്ട്. ആ പ്രതിസന്ധികളുടെ നടുവിൽ നിന്നുകൊണ്ട് കേരളത്തിന്റെ വികസന മേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കിഫ്ബിയിലൂടെ സാധ്യമായിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കിഫ്ബിയിൽ എന്ത് നടന്നു എന്നതാണ് ചോദ്യം. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഇതിനകം തയ്യാറാക്കപ്പെട്ടു. ഡി.പി.ആർ. സബ്മിറ്റ് ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും ടെക്നിക്കൽ സാംഗ്ഷനും നൽകി. വർക്കുകൾ ടെണ്ടർ ചെയ്തു. പതിനായിരം കോടിയിലധികം രൂപയുടെ അംഗീകാരം നൽകി. ഇങ്ങനെ ചോദ്യം ചോദിക്കുന്ന ആളുകളുടെ മണ്ഡലങ്ങളിൽ നോക്കിയാൽ കിഫ്ബിയിലൂടെ അനുവദിക്കപ്പെട്ട പ്രോജക്ടുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും യു.ഡി.എഫ്.

എം.എൽ.എ.-യുടെയും പടം വച്ച നിരവധി ബോർഡുകൾ ഉടനീളം കാണാൻ കഴിയും. ഇതൊക്കെ അവർ മണ്ഡലങ്ങളിൽ പ്രചരണത്തിന് ഉപയോഗപ്പെടുത്തുന്നു. നിയമസഭയിൽ വന്ന് കിഫ്ബി എന്താണെന്നാണ് ചോദിക്കുന്നത്. കിഫ്ബി എന്താണെന്നുള്ളത് വരും നാളുകൾ തെളിയിക്കാൻ പോകുകയാണെന്ന് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കിഫ്ബിയുടെ പ്രവർത്തങ്ങളുടെ വേഗത വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ ധനകാര്യ വകുപ്പുമന്ത്രി കൂടി പങ്കെടുത്ത് ജില്ലകൾതോറും റിവ്യൂ മീറ്റിംഗ് നടത്തുന്നത് സഹായകരമായിരിക്കുമെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ വായ്പ നൽകുന്ന കാര്യത്തിൽ ബാങ്കുകൾക്ക് വലിയ വീഴ്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എസ്.എൽ.ബി.സി.(State Level Bankers' Committee), ബി.എൽ.ബി.സി. (Block Level Bankers' Committee) തുടങ്ങിയ യോഗങ്ങൾ കാലാകാലങ്ങളിൽ ചേരാറുണ്ട്. ആ യോഗങ്ങളിൽ ബജറ്റുകൾ അംഗീകരിക്കാറുണ്ട്. ആ ബജറ്റുകളുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾക്ക് വായ്പകൾ നൽകുന്നതിന് വ്യക്തമായ ധാരണകളുണ്ടാകാറുണ്ട്. പക്ഷേ ഈ ധാരണകൾ നടപ്പിലാക്കുന്നതിന് ബാങ്കുകൾ സന്നദ്ധമാകാത്ത അവസ്ഥയാണ് ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും അക്കാര്യത്തിൽ ശക്തമായ ഇടപെടലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വിജയകരമായി നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ് ലോട്ടറി വില്പന. അത് കുറച്ചുകൂടി ജനകീയവൽക്കരിച്ചുകൊണ്ടും സമ്മാന തുകകൾ വർദ്ധിപ്പിച്ചുകൊണ്ടും കൂടുതൽ ആകർഷകമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഇത്തരുണത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ത്യൻ ജനതയിൽ ബഹുഭൂരിപക്ഷവും കർഷകരോ കർഷകത്തൊഴിലാളികളോ ആണ്. ഇതര സംസ്ഥാനങ്ങളിൽ കർഷകർ ജീവൻ നിലനിർത്തുന്നതിനുള്ള സമരത്തിലാണ്. അവിടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് മാന്യമായ വില ലഭിക്കുന്നില്ല. കർഷകന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻപോലും തയ്യാറാകാത്ത സ്ഥിതിയാണ് എവിടെയും കാണാൻ കഴിയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ കേരളത്തിന് നഷ്ടപ്പെട്ട കാർഷിക സമൃദ്ധിയെ പുനരുജ്ജീവിപ്പിക്കുന്നതിനും കൃഷിയെ അഭിമാനമുള്ള തൊഴിലാക്കി വളർത്തുന്നതിനും ശ്രമിക്കുകയാണ്. അടിസ്ഥാന വർഗ്ഗത്തിന്റെ പുരോഗതിയെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനം എപ്പോഴും അടിസ്ഥാന മേഖലകളുടെ വളർച്ചയിൽ ഊന്നിയതായിരിക്കുമെന്നതിന് യാതൊരു സംശയവുമില്ല. കഴിഞ്ഞ കുറേ കാലങ്ങളായി കേരളീയരുടെ അടിസ്ഥാന

ഭക്ഷ്യവസ്തുവായ നെല്ലിന്റെ ഉല്പാദനം മുരടിച്ച അവസ്ഥയിലായിരുന്നു. ഗവൺമെന്റിന്റെ യാതൊരു പിന്തുണയും ഈ രംഗത്ത് ലഭിച്ചിരുന്നില്ല. അതുമൂലം കർഷകൻ കൃഷിയിടങ്ങളിൽനിന്ന് പിൻവാങ്ങി. വൻകിട കമ്പനികൾ കൃഷി ഒഴിഞ്ഞ പാടങ്ങൾ കാർഷികേതര ഉപയോഗങ്ങൾക്കായി വാങ്ങിക്കൂട്ടി. ഇത് പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്കും ജീവന്റെ നിലനിൽപ്പിനും ഭീഷണിയായി മാറി. വേനൽ ആരംഭിക്കുമ്പോൾത്തന്നെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന അവസ്ഥയിലേയ്ക്ക് നാം എത്തിച്ചേർന്നു. പ്രകൃതിയെ സ്നേഹിക്കുന്ന, മനുഷ്യ നന്മയെ കാംക്ഷിക്കുന്ന, ഇടതുപക്ഷ ഗവൺമെന്റ് നെൽകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും കർഷകർക്ക് പിന്തുണ നൽകുകയും ചെയ്തതോടെ പാടങ്ങൾ ഒന്നൊന്നായി പച്ച പുതച്ചുതുടങ്ങി. കതിരണിഞ്ഞ പാടങ്ങൾ കേരളത്തിന്റെ മുഖമുദ്രയായി മാറി. എന്റെ മണ്ഡലത്തിലെ തൊടിയൂർ വട്ടക്കായൽ പ്രദേശം (ഏതാണ്ട് 600 ഏക്കർ സ്ഥലം) കഴിഞ്ഞ പത്ത് വർഷമായി തരിശായി കിടന്നതാണ്. അവിടെ പുതുതായി നെൽകൃഷി ആരംഭിക്കാൻ കഴിഞ്ഞുവെന്നത് ഈ പ്രവർത്തനത്തിന്റെ ഏറ്റവും നല്ലൊരു ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാർഷിക മേഖലയിലുണ്ടായ മാറ്റം നമുക്ക് നിലനിർത്തിയേ മതിയാകൂ. കാരണം ലോകം ആശങ്കയോടെ നോക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെയും ആഗോള താപനത്തെയും ഫലപ്രദമായി പ്രതിരോധിക്കാൻ ഭൂമിയെ കൂടുതൽ പച്ചപ്പണിയിക്കേണ്ടിയിരിക്കുന്നു. ഈ കുതിപ്പ് നിലനിർത്തുന്നതിനുവേണ്ടി ഈ വർഷത്തെ ബജറ്റിൽ നെൽകൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും അതിനായി 60 കോടി രൂപ വകയിരുത്തുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം നെല്ല് സംഭരണത്തിനായി 525 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. നാളികേര ഉല്പാദനം കേരളത്തിൽ കുറഞ്ഞുവരികയാണ്. അടിയന്തരമായ ഇടപെടൽ ഈ മേഖലയിൽ ആവശ്യമായിരിക്കെ നാളികേര വികസനത്തിന് 50 കോടി രൂപയും ഗുണമേന്മയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിന് 23 കോടി രൂപയും ചെറുകിട കാർഷിക സംസ്കരണ യൂണിറ്റുകൾക്ക് 8 കോടി രൂപയുടെ സഹായവും പ്രഖ്യാപിച്ചിട്ടുള്ള ഈ ബജറ്റ് ലക്ഷ്യമിടുന്നത് കർഷകന്റെ പരമ്പരാഗതവും പ്രായോഗികവുമായ അറിവുകളെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക അഭിവൃദ്ധി നേടിയെടുക്കുന്നതിന് ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. കാർഷിക മേഖലയോടൊപ്പം പ്രാധാന്യമർഹിക്കുന്ന മറ്റൊരു മേഖലയാണ് മൃഗ പരിപാലനം. അടിസ്ഥാന വർഗ്ഗത്തിന്റെ പ്രധാന ഉപജീവന മേഖലയാണിത്. കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുവരുന്ന നയങ്ങൾ ഈ മേഖലയ്ക്ക് ചെറുതല്ലാത്ത തിരിച്ചടികളാണ് നൽകിയതെങ്കിലും കഴിഞ്ഞ 20 മാസക്കാലത്തിനിടയിൽ ഭാവനാ പൂർണ്ണമായ ഇടപെടലുണ്ടായതിന്റെ ഫലമായി മുട്ടയുടെയും മാംസത്തിന്റെയും പാലിന്റെയും

ഉല്പാദനത്തിൽ നിർണ്ണായക പുരോഗതി കൈവരിക്കാൻ സാധ്യമായിട്ടുണ്ട്. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികൾ പോലെ വിശ്വസനീയമല്ല അവിടെനിന്നും എത്തുന്ന പാലും മുട്ടയും ഇറച്ചിക്കോഴിയും. ഭാവിയിൽ കേരളം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ കന്നുകുട്ടി പരിപാലനത്തിനായി 60 കോടി രൂപയാണ് വിനിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. മൃഗപരിപാലനത്തിനായി 330 കോടി രൂപയും ഡയറി ഡെവലപ്മെന്റിന് 107 കോടി രൂപയും ഉൾപ്പെടെ സംസ്ഥാനത്തെ 8 ലക്ഷത്തിലധികം വരുന്ന ക്ഷീരകർഷകരുടെ കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുകൂടിയാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ദേശീയ പാതയുടെ വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഉൾപ്പെടെ സമാരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. വികസന വിരോധികളായവർ വിവിധ നിലയിൽ ആളുകളെ തെറ്റിദ്ധരിപ്പിക്കാനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് ആകർഷകമായ വിലയും മറ്റാനുകൂല്യങ്ങളും നൽകുമെന്ന ഗവൺമെന്റിന്റെ നിലപാട് വസ്തു ഉടമകളെ ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടും ദേശീയ പാതയുടെ വികസനം വളരെ വേഗത്തിൽ സാധ്യമാക്കിയെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u> സർ, ഈ ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്ന് രണ്ടുവർഷം പൂർത്തിയാക്കുമ്പോൾ സംസ്ഥാനം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തികനില അവലോകനം ചെയ്യാൻ ഭരണഘടനാപരമായി ഉത്തരവാദിത്വമുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ അഭിപ്രായമാണിത്. ഈ നിയമസഭയിൽ സി & എ.ജി. വച്ച 2017-18-ലെ റിപ്പോർട്ടിൽ കേരളം ചെന്നുപെടാനിടയുള്ള സാമ്പത്തിക പതനത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റിന്റെ ദയനീയ ചിത്രമാണ് സി & എ.ജി. റിപ്പോർട്ടിലൂടെ തെളിഞ്ഞുവരുന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റ് സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറാൻ പര്യാപ്തമല്ലെന്നാണ് മനസ്സിലാക്കുന്നത്. വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ചർച്ചകൾ വലിയതോതിൽ നടക്കുകയാണ്. ഇന്ന് കേരളത്തിലാകെ ചർച്ച ചെയ്യുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ദേശീയപാത വികസനം. മലപ്പുറം ജില്ലയിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ ജനവാസ കേന്ദ്രങ്ങളിലൂടെയാണ് ഈ ദേശീയപാത കടന്നുപോകുന്നത്. കഴിഞ്ഞ രണ്ട് ദിവസമായി ഈ ദേശീയപാത കടന്നുപോകുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാർ ഭൂമി നഷ്ടപ്പെടുന്ന ആൾക്കാരുടെ പരാതികളും പരിദേവനങ്ങളും അവരുടെ ആവലാതികളുമൊക്കെ കേൾക്കുകയായിരുന്നു. വർഷങ്ങളായി അവർ താമസിക്കുന്ന വീടുകളും ജീവസന്ധാരണത്തിനുവേണ്ടി അവർ കെട്ടിയുണ്ടാക്കിയ കെട്ടിടങ്ങളുമൊക്കെ നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. 2017-ൽ ജനപ്രതിനിധികളുടെ മുന്നിൽ വച്ച അലൈൻമെന്റ് അല്ല ദേശീയപാത അതോറിറ്റി ഫോളോ ചെയ്യുന്നതെന്നാണ് ഞങ്ങൾക്ക് കാണാൻ സാധിച്ചത്. ഈ അലൈൻമെന്റിൽ വ്യാപക തിരിമറി നടന്നിട്ടുണ്ട്. അടിയന്തരമായി ഉത്തരവാദപ്പെട്ടവർ അത് പരിശോധിക്കണം. ഭൂമി നഷ്ടപ്പെടുന്ന ആൾക്കാർക്ക് പറയാനുള്ളത് കേൾക്കണം. ഗവൺമെന്റ് അതിനുള്ള സാവകാശം കാണിക്കണം. അവരെ സംബന്ധിച്ചിടത്തോളം കൊല്ലങ്ങളായി അവർ താമസിക്കുന്ന സ്ഥലത്തുനിന്ന് കുടിയിറക്കപ്പെട്ട് പോകുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ആയുഷ്കാലം മുഴുവൻ അവർ സമ്പാദിച്ച സമ്പാദ്യംകൊണ്ട് കെട്ടിയുണ്ടാക്കിയ കെട്ടിടങ്ങൾ; അവിടത്തെ കച്ചവടക്കാർ, തൊഴിലാളികൾ അവരൊക്കെ ആശങ്കാകുലരാണ്. അതുകൊണ്ട് നിർബന്ധമായും അവരെ മനസ്സിലാക്കാൻ ഗവൺമെന്റ് തയ്യാറാകണം. എന്തിനാണ് ഗവൺമെന്റ് മടിച്ചുനിൽക്കുന്നത്? ഉത്തരവാദപ്പെട്ടവർ കേൾക്കണം, ഏതെങ്കിലും റവന്യൂ ഉദ്യോഗസ്ഥന്മാരെ പറഞ്ഞയച്ചാൽ പോരാ. കഴിഞ്ഞ ദിവസം ഞങ്ങൾ മുഖ്യമന്ത്രിയെ കണ്ടിരുന്നു. ദേശീയപാത കടന്നുപോകുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാർ ഞങ്ങളുടെ നിയമസഭ പാർട്ടി ലീഡർ ഡോ. എം. കെ. മുനീർ സാഹിബിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയെ കണ്ട് ഇക്കാര്യങ്ങളൊക്കെ സംസാരിച്ചിരുന്നു. അതുകൊണ്ട് അലൈൻമെന്റിൽ എങ്ങനെ മാറ്റം സംഭവിച്ചു; ആരാണ് അതിന്റെ പിന്നിൽ പ്രവർത്തിച്ചത്; എന്തുകൊണ്ട് അങ്ങനെ വന്നു; എന്നുള്ളതിനെ സംബന്ധിച്ച് ഒരു അന്വേഷണത്തിന് ബന്ധപ്പെട്ടവർ തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഭൂമി നഷ്ടപ്പെടുന്നവർക്ക് എന്ത് നഷ്ടപരിഹാരം ലഭിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ഇതുവരെ വ്യക്തത വന്നിട്ടില്ല. പലരും പല രൂപത്തിലാണ് പറയുന്നത്. നിങ്ങൾക്ക് ഇന്നത് ലഭിക്കും, ഇത്ര സെന്റ് ഭൂമി നഷ്ടപ്പെടും, ഇന്ന പാക്കേജാണ് നമ്മൾ ഇവിടെ ഇംപ്ലിമെന്റ് ചെയ്യാൻ പോകുന്നത് എന്നുള്ളത് അവരെ വിളിച്ചുകൂട്ടി

കൺവിൻസ് ചെയ്തിട്ടുവേണം അവരുടെ ഭൂമി ഏറ്റെടുക്കാനെന്ന് യോഗത്തിൽ അന്ന് ഞങ്ങൾ ആവശ്യപ്പെട്ടതാണ്. ആ വിഷയത്തിലേയ്ക്ക് ഗവൺമെന്റ് പോകുന്നില്ല. ഉത്തരവാദപ്പെട്ട ആൾക്കാരെ ഇവർ അഭിമുഖീകരിക്കുന്നില്ല. സർവ്വായുധ സന്നാഹത്തോടുകൂടി സർവ്വേ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഏറ്റവും കൂടുതൽ ജനങ്ങൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിലൂടെയാണ് സർവ്വേ കടന്നുപോകുന്നത്. അതാണ് മനസ്സിലാക്കേണ്ടത്. വലിയ ജനരോഷം അവിടെ ആളിക്കത്തുകയാണ്. ഗവൺമെന്റ് വളരെ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

29-12-2017-ൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പാക്കേജിൽ പറയുന്ന കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ? എൻ.എച്ച്. ഉൾപ്പെടെയുള്ള ഭൂമി ഏറ്റെടുക്കലുകൾക്കും ഈ റീഹാബിലിറ്റേഷൻ ബാധകമായിരിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ഈ ഭൂമി നഷ്ടപ്പെടുന്നവർക്കും ആ പാക്കേജ് നടപ്പിലാക്കണമെന്നുണ്ടെങ്കിൽ സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരം വേണ്ടിവരും. അത് ലഭ്യമായിട്ടുണ്ടോയെന്ന് ചോദിച്ചിട്ട് ഇപ്പോഴും ഗവൺമെന്റ് ഒന്നും പറയുന്നില്ല. നമ്മുടെ സർക്കാർ അംഗീകരിച്ചതാണ്. ദേശീയപാതയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിനും പുനരധിവാസ പാക്കേജ് ബാധകമാണെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ, ഇതിന് പണം കൊടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് ഇത് അംഗീകരിക്കണം. എന്നാൽ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നുവെന്നത് ഇപ്പോഴും അവ്യക്തമാണ്.

ഡോ. എം. കെ. മുനീർ: സർ, റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസിയും ആക്ഷൻ പ്ലാനും വേൾഡ് ബാങ്കിനോട് അനുബന്ധിച്ച് വന്നതുകൊണ്ട് സെൻട്രൽ ഗവൺമെന്റ് അക്സപ്റ്റ് ചെയ്തിട്ടുള്ളതാണ് ആ പോളിസി. അത് നാഷണൽ ഹൈവേയിലേയ്ക്ക് കൊണ്ടുവരുന്നതിന് അവർക്ക് യാതൊരു ഒബ്ജക്ഷനുമില്ല. യഥാർത്ഥത്തിൽ കോമ്പൻസേഷൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഏത് പദ്ധതി വരുന്നെങ്കിലും ആദ്യം ഭൂമി നഷ്ടപ്പെടുന്നവരുടെ വികാരമാണ് മുൻഗണനയോടെ പരിഗണിക്കേണ്ടത് എന്നുള്ളതാണ് ആ പോളിസിയുടെ പ്രഥമ തത്വം.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, തീർച്ചയായും ആ വിഷയം പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ 10 സെന്റ് ഭൂമിയുള്ളവർ 5 സെന്റ് ഭൂമി റോഡിനുവേണ്ടി സറണ്ടർ ചെയ്യുകയാണെങ്കിൽ അവശേഷിക്കുന്ന അവരുടെ 5 സെന്റ് സ്ഥലത്ത് അവർക്ക് വീടോ കെട്ടിടമോ

കെട്ടണമെന്നുണ്ടെങ്കിൽ ബിൽഡിംഗ് റൂൾസ് ബാധകമാക്കാതെ എക്സംപ്ഷൻ കൊടുക്കുന്നതിനുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നുകൂടി അപേക്ഷിക്കുകയാണ്. അതോടൊപ്പം പ്രതിഷേധിക്കുന്നവരോടുള്ള സർക്കാരിന്റെ സമീപനം മാറ്റണം. സർക്കാരിന്റെ സങ്കുചിതമായ രാഷ്ട്രീയ താല്പര്യങ്ങളൊക്കെ മാറ്റിവച്ച് കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ ജനങ്ങളെ കാണാൻ ശ്രമിക്കണം, അവർക്ക് പറയാനുള്ളത് കേൾക്കണം. അലൈൻമെന്റിലെ തിരിമറി കൃത്യമായി അന്വേഷിക്കാനുള്ള സംവിധാനങ്ങൾ കൂടിയുണ്ടാകണമെന്നാവശ്യപ്പെട്ടു കൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. സി. കൃഷ്ണൻ:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ടുവർഷം പൂർത്തിയാക്കാൻ പോകുകയാണ്. ഈ ഘട്ടത്തിൽ നിരവധി നൂതനങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. നേരത്തെ ആവിഷ്കരിച്ച വാർഷിക പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്ത അനുഭവങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഓരോ വാർഷിക പദ്ധതിയും മൂന്ന് മാസംകൂടുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് റിവ്യൂ നടത്തുന്ന പ്രവർത്തനം ഇവിടെ പ്ലാൻ ചെയ്തിരിക്കുകയാണ്. അതിന്റെ ഭാഗമായി എല്ലാ മേഖലയിലും നല്ല പ്രവർത്തന പുരോഗതി ഉണ്ടാകുന്നതായാണ് റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് ഈ മാർച്ച് മാസത്തോടുകൂടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ അംഗീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. അടുത്ത മൂന്ന് മാസം കഴിഞ്ഞാൽ ഒൻപത് മാസം പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി നിർവ്വഹണത്തിനായി മാറ്റിവയ്ക്കാൻ സാധിക്കും. ഇത് പുതിയൊരു അനുഭവമാണ്. വർഷാവസാനമാകുമ്പോൾ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്ന, സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകാൻ പോകുകയാണ്. ഇതെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രത്യേകതയായി നമുക്ക് കാണാൻ കഴിയും.

നവകേരള സൃഷ്ടിയുടെ ഭാഗമായി നാല് മിഷനുകൾ/കർമ്മ പദ്ധതികൾ ഇവിടെ നടപ്പിലാക്കി തുടങ്ങി. ജനങ്ങൾ അതുമായി ഇഴുകിച്ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. അതിന്റെ ഭാഗമാണ് വീടുകളില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ഗുണമേന്മയുള്ള, താമസയോഗ്യമായ വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതി. അതിന്റെ അന്തിമപ്പട്ടിക തയ്യാറാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഈ

മാർച്ച് മാസത്തോടുകൂടി അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കുകയാണ്. മൂന്ന് വർഷം കഴിയുമ്പോൾ നമ്മുടെ നാട് ഭവനരഹിതരില്ലാത്ത കേരളമായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ)

ഹരിത കേരളം പദ്ധതിയുടെ പ്രവർത്തനവും ഇപ്പോൾ നല്ലരീതിയിൽ നടന്നുവരികയാണ്. തടയണകളുടെ നിർമ്മാണം, കുളങ്ങൾ നവീകരിക്കൽ, കിണറുകളുടെ റീചാർജ്ജിംഗ്, നീർച്ചാലുകൾ തടസ്സമില്ലാതെ ഒഴുകി പോകുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ, വ്യാപകമായി ഫലവൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയൊക്കെ സംസ്ഥാനവ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞിരിക്കുകയാണ്. ഇതിനുമുമ്പ് ഒരുകാലത്തും നടപ്പിലാക്കാൻ സാധിക്കാത്ത വിധത്തിൽ വിദ്യാലയങ്ങളുടെ മികവ് ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 44336 ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന പദ്ധതി പ്രഖ്യാപിച്ചു. ഈ മാസം പൂർത്തിയാകുന്നതോടുകൂടി അതിൽ 33775 ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റാനുള്ള എല്ലാ പ്രവർത്തനങ്ങളും നടന്നുകഴിഞ്ഞിരിക്കുകയാണ്. ഈ വിധത്തിൽ വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്ന് വരുന്നത്. ഇതിന്റെ ഭാഗമായി എന്റെ മണ്ഡലമായ പയ്യന്നൂരിൽ കരിവെള്ളൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താനുള്ള വിദ്യാലയമായി ഏറ്റെടുത്തിട്ടുള്ളത്. അതിനുവേണ്ടി 5 കോടി രൂപ കിഫ്ബി വഴി അവിടെ ചെലവഴിക്കാൻ തീരുമാനിച്ച് ടെണ്ടർ നടപടികളായിട്ടുണ്ട്. പക്ഷെ അവിടത്തെ നാട്ടുകാരൊക്കെ ചേർന്ന് സർക്കാരിന്റെ 5 കോടി രൂപയോടൊപ്പംതന്നെ 20 കോടി രൂപയുടെ ഒരു പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ആരോഗ്യമേഖലയിൽ ഒരു ജനകീയ ആരോഗ്യനയം നടപ്പിലാക്കുന്നതിന് തുടക്കംകുറിച്ചുകൊണ്ട് സംസ്ഥാനവ്യാപകമായി ആർദ്രം പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഒരു മണ്ഡലത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങി. അതിന്റെ ഭാഗമായി ഓരോ മണ്ഡലത്തിലും കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ ഒരു പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി

നിർവ്വഹിച്ചപ്പോൾ ആയിരക്കണക്കിനാളുകൾ പങ്കെടുത്തുകൊണ്ട് ഉത്സവ പ്രതീതിയാണ് അവിടെ സൃഷ്ടിച്ചത്. ഈ വിധത്തിൽ ഓരോ മേഖലയിലും സർക്കാരിന്റെ പദ്ധതികൾ ആവേശകരമായിട്ടുതന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. അതോടൊപ്പം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ. ഇവിടെ കിഫ്ബിയെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ വലിയതോതിൽ പറയാൻ സാധിക്കുമെന്ന് തോന്നുന്നില്ല. കിഫ്ബി വഴി തുടക്കം കുറിച്ച പദ്ധതികളെല്ലാം നടപ്പിലാക്കുന്ന ഘട്ടത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അൻപതിനായിരം കോടി രൂപ ചെലവഴിച്ചുകൊണ്ട് നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ രാജ്യത്ത് മറ്റൊരു സംസ്ഥാനത്തുമില്ലാത്തതും കേരളത്തിൽ ഇതിനുമുമ്പ് ഒരു ഗവൺമെന്റും ആലോചിക്കാത്തതുമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇത് കൃത്യമായി നടപ്പിലാക്കുന്നുവെന്നത് അഭിനന്ദനമർഹിക്കുന്ന, അഭിമാനകരമായ ഒരു കാര്യമാണ്. അതിന്റെ ഭാഗമായിട്ടാണ് ദേശീയപാത 45 മീറ്റർ വീതിയുള്ളതാക്കി മാറ്റുന്നത്. അതിനാണ് പലയിടത്തും വലിയ തർക്കങ്ങൾ നടക്കുന്നത്. 1251 കിലോമീറ്റർ ദൈർഘ്യമുള്ള മലയോര ഹൈവേ പദ്ധതിക്ക് ഇപ്പോൾ തുടക്കമായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മലയോര ഹൈവേയുടെ പ്രവൃത്തി തുടങ്ങുന്നത് എന്റെ മണ്ഡലമായ പയ്യന്നൂരിലെ ചെറുകുഴിയിലാണ്. ആ പദ്ധതി തുടങ്ങിയത് മാത്രമല്ല, പയ്യന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന 5 കിലോ മീറ്റർ ഹൈവേയുടെ നിർമ്മാണ പ്രവർത്തനം ഈ ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കാൻ പോകുകയാണ്, അതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരികയാണ്. 623 കിലോമീറ്റർ വരുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറായിക്കൊണ്ടിരിക്കുകയാണ്. കോവളം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജലപാത 2020-ഓടുകൂടി പൂർത്തീകരിക്കാൻ പോകുകയാണ്. ഗെയിൽ പ്രകൃതി വാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വലിയ തടസ്സങ്ങളും സമരങ്ങളുമുണ്ടായി. പക്ഷെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി ആ പദ്ധതി ഈ വർഷം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഈ അഞ്ച് പദ്ധതികളും അതായത്, മലയോര ഹൈവേ, ദേശീയപാത, തീരദേശ പാത, ദേശീയ ജലപാത, ഗെയിൽ പൈപ്പ്ലൈൻ എന്നിവ എന്റെ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയപാതയ്ക്കുവേണ്ടി സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട് പലയിടത്തും എതിർപ്പുകളുണ്ട്. എന്റെ നാട്ടിലെ ഒരു ക്ഷേത്രസമുച്ചയം അതിൽ ഉൾപ്പെടുന്നത് ഒഴിവാക്കിക്കിട്ടാൻ പല ശ്രമങ്ങളും നടത്തി. പക്ഷെ എൻ.എച്ച്.എ.ഐ. സമ്മതിച്ചിട്ടില്ല. പയ്യന്നൂർ ബൈപ്പാസ് നിർമ്മാണത്തിൽ തണ്ണീർത്തടവും നെൽവയലും ഉൾപ്പെടുന്നുണ്ട്, എതിർപ്പുകളുണ്ട്.

എതിർപ്പുകളുണ്ടെങ്കിൽപ്പോലും ജനങ്ങൾ നാടിനുവേണ്ടിയുള്ള ഈ സ്വപ്ന പദ്ധതിയുമായി സഹകരിച്ച് മുന്നോട്ടുകൊണ്ടുപോകുന്നൊരു അനുഭവമാണ് എന്റെ മണ്ഡലത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ളത്. കേരളത്തിലെ മിക്കവാറും സ്ഥലങ്ങളിൽ അങ്ങനെ തന്നെയാണ്. ക്ഷേത്രം എടുക്കാൻ പാടില്ല എന്നൊക്കെ വലിയ പ്രക്ഷോഭങ്ങൾ ഉണ്ടായി. ഞങ്ങൾ അതിന്റെ കൂടെയുണ്ടായിരുന്നു. ഇപ്പോൾ അവർക്ക് കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വേറെ മാർഗ്ഗമില്ല, അതുമാത്രം ഒഴിവാക്കാൻ സാധിക്കുകയില്ല. ഇത്തരത്തിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ജനങ്ങൾ മുന്നോട്ടുപോകുന്ന അനുഭവം നമുക്കിവിടെ കാണാൻ സാധിക്കും.

നമ്മുടെ സംസ്ഥാനത്ത് വ്യവസായ തൊഴിൽമേഖല വലിയ പ്രതിസന്ധിയിലാണ്. പ്രതിസന്ധിയിൽനിന്നും ആ മേഖലയെ കരകയറ്റുന്നതിനുവേണ്ടി വ്യവസായ വകുപ്പും തൊഴിൽ വകുപ്പും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യം വലിയ തോതിലുള്ള പ്രതിസന്ധി നേരിടുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്താണ് രാജ്യത്ത് നടക്കുന്നത്? യു.പി.എ. ഗവൺമെന്റ് തുടങ്ങിവച്ചിട്ടുള്ള നവലിബറൽ നയങ്ങൾ എൻ.ഡി.എ. ഗവൺമെന്റ് വാശിയോടുകൂടി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. അത് നടപ്പിലാക്കുമ്പോൾ അതിനേറ്റ മാരകമായ പ്രഹരം ഇവിടെ പണിയെടുക്കുന്നവരുടെ നേർക്ക് വന്നുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഭാഗമായി ഈ മാർച്ച് മാസം 16-ാം തീയതി കേന്ദ്ര തൊഴിൽ മന്ത്രാലയം ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആ വിജ്ഞാപനപ്രകാരം ഇനിയൊരാൾക്കും സ്ഥിരം തൊഴിലില്ല എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നുപറഞ്ഞാൽ ഇനി ഒരു മേഖലയിലും ആർക്കും സ്ഥിരമായി തൊഴിലുണ്ടാകുകയില്ല, എല്ലാ തൊഴിലും താൽക്കാലികമായി മാത്രം വരാൻ പോകുകയാണ്. 1946-ലെ ഒരു സ്റ്റാന്റിംഗ് ഓർഡർ പ്രകാരമാണ് ഇതിനെയെല്ലാം ഇപ്പോൾ നിയന്ത്രിച്ചുവരുന്നത്. നൂറോ അതിലധികമോ തൊഴിലാളികളുള്ള വ്യവസായ സ്ഥാപനങ്ങൾക്കും മിനിമം വേജസ് ബാധകമായ വ്യവസായ സ്ഥാപനങ്ങൾക്കും 1946-ലെ സ്റ്റാന്റിംഗ് ഓർഡർ ബാധകമാണ്. അതിലാണ് ഇപ്പോൾ ഭേദഗതി വരുത്തിയിട്ടുള്ളത്. അതുപ്രകാരം ഒരു സ്ഥാപനത്തിലും സ്ഥിരം തൊഴിലാളികളില്ല, എല്ലാം താൽക്കാലിക തൊഴിലാളികളാണ്. എന്താണ് വ്യവസായമേഖലയിലെ ഇപ്പോഴത്തെ അവസ്ഥ? വ്യവസായ തൊഴിലാളികളെ സംബന്ധിച്ച് പഠനം നടത്തിയതിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. 48 കോടി തൊഴിലാളികൾ രാജ്യത്തുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആ 48 കോടിയിൽ 7 കോടി തൊഴിലാളികൾ മാത്രമാണ് സംഘടിത വ്യവസായ മേഖലയിലുള്ളത്. ബാക്കിയെല്ലാം അസംഘടിത മേഖലയിലാണ്. അസംഘടിത മേഖലയിലുൾപ്പെടെ കരാർവൽക്കരണത്തിന്

എതിരായാണ് ദേശവ്യാപകമായി ട്രേഡ് യൂണിയനുകളും തൊഴിലാളികളും സമരം നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ എല്ലാ പാർട്ടിക്കാരുമുണ്ട്. സ്ഥിരം സ്വഭാവമുള്ള തൊഴിൽ കരാർവൽക്കരിക്കാൻ പാടില്ല. സ്ഥിരം സ്വഭാവമുള്ള തൊഴിൽമേഖലയിൽ സ്ഥിരമായി തൊഴിലാളികളും ജീവനക്കാരുമുണ്ടാകണം. ഇതാണ് നിർദ്ദേശം. ഇത് അംഗീകരിക്കാതെ നിലവിലുള്ള സ്റ്റാന്റിംഗ് ഓർഡറിൽ ഭേദഗതി വരുത്തി സ്ഥിരം തൊഴിലില്ല, എല്ലാം താൽക്കാലികമാക്കുന്നതിനു വേണ്ടിയാണ് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. എന്താണ് ഇതിന്റെ ഫലമായി ഉണ്ടാകാൻ പോകുന്നത്? ആറോ ഏഴോ കോടി തൊഴിലാളികൾ ജോലി ചെയ്യുന്ന മേഖലകളിൽനിന്നും ഏത് അവസരത്തിലും ഉടമകൾക്ക് തൊഴിലാളികളെ പിരിച്ചുവിടാം. അതിൽ പറയുന്നത് രണ്ടാഴ്ചത്തെ നോട്ടീസ് നൽകിയാൽ ആരെയും പിരിച്ചുവിടാമെന്നാണ്. കരാർ തൊഴിലാളികളാണെങ്കിൽ അവർക്ക് നോട്ടീസ് കൊടുക്കേണ്ടതില്ല. വൻകിട കമ്പനികളുടെ മുതലാളിമാർക്ക് തൊഴിലാളികളെയും ജനങ്ങളെയും യഥേഷ്ടം കൊള്ളയടിക്കുന്നതിനുള്ള അവസരമാണ് ഈ നവലിബറൽ നയങ്ങൾ നടപ്പിലാക്കുന്നതിലൂടെ മോദി ഗവൺമെന്റ് ഉറപ്പിക്കാൻ പോകുന്നത്. ഇതിനെതിരായി വലിയ പ്രതിഷേധങ്ങളും സമരങ്ങളും ദേശവ്യാപകമായി വളർന്നുവരുകയാണ്. തീവ്രസമരങ്ങളും പോരാട്ടങ്ങളും വരുംനാളുകളിൽ ഉണ്ടാകാൻ പോകുകയാണ്. അതിന്റെ ഭാഗമായാണ് ഏപ്രിൽ രണ്ടാം തീയതി സംസ്ഥാനത്ത് 24 മണിക്കൂർ പൊതുപണിമുടക്ക് ഇവിടത്തെ ട്രേഡ് യൂണിയനുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. ബി.എം.എസ്. അതിന്റെ കൂടെയില്ലെങ്കിൽപ്പോലും ഈ ഭേദഗതിയെ ബി.എം.എസ്.-ഉം എതിർത്തിട്ടുണ്ട്. ബി.എം.എസ്.-ലെ തൊഴിലാളികൾക്ക് ഇതിൽനിന്നും മാറിനിൽക്കാൻ സാധിക്കില്ല. തൊഴിലാളികൾ ഒന്നടങ്കം, പണിയെടുക്കുന്നവർ മുഴുവനും ചേർന്നുകൊണ്ട് ഈ നയങ്ങൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്താൻ പോകുകയാണ്. അത്തരം പോരാട്ടങ്ങളെ പിന്തുണയ്ക്കുന്നതിനുവേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ജനപ്രതിനിധികൾക്കും ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വംകൂടി നിർവഹിക്കേണ്ടതുണ്ടെന്ന കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ബൃഹത്തായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, ധനവിനിയോഗം എന്നുപറയുന്നത് സമയബന്ധിതമായും ഗുണപരമായും ചെലവഴിക്കുക എന്നതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്ന്, നമ്മുടെ വരവും ചെലവും തമ്മിലുള്ള അന്തരം വർഷങ്ങളായി വർദ്ധിച്ചുവരുന്നു എന്നുള്ളതാണ്.

അതുമാത്രമല്ല, നമ്മൾ പ്രതീക്ഷിക്കുന്ന തരത്തിലുള്ള നികുതി വർദ്ധനവ് കഴിഞ്ഞ കാലയളവിലുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പ് വർഷത്തിൽ നമ്മൾ പ്രതീക്ഷിച്ച നികുതി വരുമാനം 16.8 ശതമാനം ആയിരുന്നു. അതിലേയ്ക്കെത്താൻ കഴിഞ്ഞിട്ടില്ല. നൽകിക്കൊണ്ടിരിക്കുന്ന പല ഗ്രാന്റുകളും വെട്ടിക്കുറയ്ക്കുന്ന പ്രവണത കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. വരുമാനത്തിലും ചെലവിലുമുള്ള അന്തരം സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ മുന്നോട്ട് നയിക്കുന്നതിൽ തടസ്സമുണ്ടാക്കുന്ന കാര്യമാണ്. നമ്മുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്താണ് ഇത് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. പക്ഷേ അതൊക്കെ ധനമാനേജ്മെന്റിനകത്ത് അഭിലഷണീയ മല്ലാത്ത ചില പ്രവണതകളാണെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടു തന്നെ നമ്മുടെ പദ്ധതിയേതര ചെലവുകൾ, അനാവശ്യമായ ചെലവുകൾ പലപ്പോഴും നിയന്ത്രിക്കാൻവേണ്ടി ഒട്ടേറെ നിർദ്ദേശങ്ങൾ എല്ലാക്കാലത്തും മുന്നോട്ടുവയ്ക്കാറുണ്ട്. അങ്ങനെ വയ്ക്കുന്ന നിർദ്ദേശങ്ങൾപോലും പലപ്പോഴും പാലിക്കപ്പെടാതെ പോകുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഉദാഹരണത്തിന്, ഈ ഗവൺമെന്റ് വന്നശേഷം വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും ഒട്ടേറെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. അത് വളരെയേറെ ആവശ്യമുള്ള ഒരു കാര്യവുമാണ്. പക്ഷേ ഇന്ന് അനാവശ്യമായ തസ്തികകളിൽ പലയിടത്തും ആളുകൾ ജോലിയില്ലാതെ ഇരിക്കുന്നുണ്ട്. അതുകൊണ്ട് കൃത്യമായ പരിശോധന നടത്തി പുനർവിന്യാസത്തിനും അനാവശ്യ തസ്തികകൾ സൃഷ്ടിക്കപ്പെടാതിരിക്കാനും ഗവൺമെന്റ് തയ്യാറാകണം.

കെ.എ.എസ്.-ന്റെ കാര്യത്തിൽ എല്ലാവരും സന്തോഷത്തോടെയാണ് സംസാരിക്കുന്നത്. ഞാൻ കണക്കുകൂട്ടിയപ്പോൾ ഏതാണ്ട് 700 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് അധികബാധ്യതയായി ചെലവ് വരാൻ പോകുന്ന പദ്ധതിയാണത്. കുറെ ആളുകളെക്കൂടി മുകളിലേയ്ക്ക് പ്രതിഷ്ഠിക്കുന്നതിനപ്പുറത്തേയ്ക്ക് നിലവിലുള്ള സംവിധാനത്തെ കുറേക്കൂടി കാര്യക്ഷമമാക്കാൻ കഴിയുമോയെന്നുള്ളത് ഗൗരവമായി പരിശോധിക്കേണ്ടതാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഒരു മറുപടിയിൽ സൂചിപ്പിച്ചത് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്ന സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് കൊണ്ടുവന്നശേഷം കൂടുതലായി അനുവാദം നൽകുക എന്ന പ്രവണത വളരെയേറെ ആശ്വാസകരമാണെന്നാണ്. അതിൽനിന്ന് ഗവൺമെന്റ് പിന്നിലേയ്ക്ക് പോകരുതെന്നാണ് എന്റെ അഭിപ്രായം. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളിൽ പലതിന്റെയും പെർഫോമൻസ് വളരെ മോശമാണെന്നുള്ളത് നമ്മൾ കാണുന്നുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് ചില കാര്യങ്ങളിൽ വളരെ കർശനമായ നിലപാടുകൾ എടുക്കേണ്ട സമയത്ത് എടുക്കാതിരിക്കാൻ കഴിയില്ല.

ഇപ്പോൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വാഹനം വാങ്ങിക്കൊടുക്കുന്നുണ്ട്. മറ്റ് ഡിപ്പാർട്ട്മെന്റുകൾക്കും ക്രമാതീതമായി വാഹനങ്ങൾ വാങ്ങിച്ചുകൊടുക്കുന്ന പ്രവണതയുണ്ട്. ബി.എസ്.എൻ.എൽ. പോലുള്ള കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളിൽ വാഹനം വാടകയ്ക്ക് എടുക്കുകയാണ്. ആ വാഹനത്തിന് വാടക മാത്രം കൊടുത്താൽ മതി. ഡ്രൈവർക്ക് ശമ്പളം കൊടുക്കണം, മെയിന്റനൻസ് നടത്തണം അങ്ങനെയുള്ള അനാവശ്യമായ ധൂർത്ത് ഇക്കാര്യത്തിലുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പോസിറ്റീവായ നിലപാട് ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

എ.ഡി.എഫ്.-നുള്ള അനുവാദം ജില്ലാ കളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. പക്ഷേ അതിന്റെ ഭരണാനുമതി ഒരു കോടി രൂപവരെയാണ്. സാങ്കേതികാനുമതി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വീണ്ടും തിരുവനന്തപുരത്തേയ്ക്ക് വരണം. ഇതൊഴിവാക്കി കളക്ടർമാർക്ക് കൊടുത്തിരിക്കുന്ന അധികാരപരിധിക്കകത്ത് നിന്നുകൊണ്ടുതന്നെ അതിന് ടെക്നിക്കൽ സാംഗ്ഷൻ കൊടുക്കാനുള്ള അനുവാദം കൂടി കൊടുത്താൽ എ.ഡി.എഫ്.-ന്റെ കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ സാധിക്കും. പുതിയ ബിൽഡിംഗ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ വർക്ക് ടെണ്ടർ ചെയ്യണമെങ്കിൽ അവിടെ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റണമെന്നതാണ് എം.എൽ.എ.-മാർ അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. വാകമരം ആർക്കും വേണ്ടാത്തതാണ്. വാകയ്ക്ക് വൻ തുകയാണ് ചാർജ് ചെയ്യുന്നത്. അതിൽ കാലാനുസൃതമായ മാറ്റം വരുത്തണം. ആർക്കും വേണ്ടാത്ത, ആരും എടുക്കാത്ത മരത്തിന് ലക്ഷക്കണക്കിന് രൂപ ചാർജ് ചെയ്യും. ഇത് വലിയ പ്രശ്നമായി മാറുകയാണ്. മരം വെട്ടിമാറ്റാതെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്.

കാഞ്ഞിരപ്പള്ളിയിലെ പൊൻകുന്നം സിവിൽ സ്റ്റേഷന്റെ പണി തീർന്നിട്ട് ഒന്നര വർഷമായി. അവിടെ ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല. അതിന് മൂന്ന് അക്രെഡിറ്റഡ് ഏജൻസിയേ കേരളത്തിലുള്ളൂ. വേറെ ആർക്കും അതിനുള്ള അനുവാദമില്ല, അവർക്ക് പണം കിട്ടുന്നില്ലെന്നുപറഞ്ഞ് ലിഫ്റ്റ് സ്ഥാപിക്കാൻ മടിക്കുകയാണ്. അതുപോലെ സോയിൽ ടെസ്റ്റിംഗ് അക്രെഡിറ്റഡ് ഏജൻസികൾക്ക് കൊടുക്കാൻ സംവിധാനമുണ്ടാക്കാതെ സോയിൽ ടെസ്റ്റിന്റെ പേരിൽ മാത്രമായി രണ്ടും മൂന്നും വർഷക്കാലം കെട്ടിടനിർമ്മാണം താമസിപ്പിക്കുന്ന അവസ്ഥയുണ്ട്. ധനവിനിയോഗത്തിൽ, പ്രത്യേകിച്ച് ഓരോ വകുപ്പിനും നൽകുന്ന പണം കൃത്യമായി ചെലവഴിച്ചാൽ കുറെക്കൂടി സ്വസ്ഥത വരുത്താൻ കഴിയും.

കാഞ്ഞിരപ്പള്ളി ബൈപ്പാസിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചു. ബഹുമാന്യനായ പി. സി. ജോർജ് കടന്നുപോകുന്നത് കാഞ്ഞിരപ്പള്ളി വഴിയാണ്. അദ്ദേഹം എപ്പോഴും അവിടെ നിന്നിട്ട് 'ഇവിടെ എം.എൽ.എ. ഇല്ലേ' എന്ന് എന്നോട് ചോദിച്ചിട്ടാണ് പോകുന്നത്. കാരണം ഗതാഗതക്കുരുക്കുകൊണ്ട് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ സമയത്തിന് എത്തിച്ചേരാൻ കഴിയില്ല.

ശ്രീ. പി. സി. ജോർജ് : സർ,.............

മി. ചെയർമാൻ: അദ്ദേഹത്തിന്റെ സമയം കഴിയുകയാണ്....പ്ലീസ്.... അദ്ദേഹം പോസിറ്റീവായിട്ടാണ് പറഞ്ഞത്.

ഡോ. എൻ. ജയരാജ്: സർ, അദ്ദേഹം എന്നെ പിണക്കി പറയുന്നതല്ല. അദ്ദേഹത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് പറഞ്ഞതാണ്. കാരണം പൂഞ്ഞാറിലേയ്ക്ക് കാഞ്ഞിരപ്പള്ളി വഴിയാണ് പോകേണ്ടത്. കാഞ്ഞിരപ്പള്ളിയിലെ ഗതാഗത ക്കുരുക്കിൽ മണിക്കൂറുകളോളം കിടക്കുകയാണ്. ഇത് ഒഴിവാക്കാൻ ഒരു ബൈപ്പാസിനുവേണ്ടി കഴിഞ്ഞ എട്ട് വർഷമായി ഞങ്ങൾ ബുദ്ധിമുട്ടുകയാണ്. ഈ ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഈ വർഷം കിഫ്ബിയിലേയ്ക്ക് പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..........

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി ബൈപ്പാസ് കാഞ്ഞിരപ്പള്ളിയുടെ മാത്രം പ്രശ്നമല്ല. കിഴക്കൻമേഖലയുടെ കവാടമെന്ന നിലയിൽ അത് ഈ വർഷം പൂർത്തീകരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..........

ഡോ. എൻ. ജയരാജ്: അങ്ങ് ഇങ്ങനെ നിരന്തരമായി ഇടപെടുന്നതുകൊണ്ട് എന്റെ പ്രസംഗത്തിന്റെ ഫ്ലോ നഷ്ടപ്പെടുന്നതിനാൽ ഞാൻ എന്റെ എളിയ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇന്നിവിടെ ധനവിനിയോഗ ബില്ലിനെക്കുറിച്ചാണ് ചർച്ച നടക്കുന്നത്. ഗവൺമെന്റ് സെക്രട്ടറിമാർ (ഐ.എസ്.എസ്. ഉദ്യോഗസ്ഥർ) എം.എൽ.എ.-മാർ വിളിച്ചാൽ ഫോൺ എടുക്കുന്നില്ലെന്നൊരു പരാതി, ഈ സഭയിലുള്ള പത്തിൽ കൂടുതൽ എം.എൽ.എ.-മാർ ഇന്ന് എന്നോട് പറഞ്ഞു. എന്തൊരു മര്യാദകേടാണിത്; നമ്മുടെ ഓഫീസേഴ്സ് ഗ്യാലറി നോക്കിയാൽ അത് മനസ്സിലാകും. ഒരു ഭരണ

സംവിധാനത്തിലെ ഏറ്റവും വലിയ പരാജയമാണിത്. നിങ്ങൾ എന്ത് തീരുമാനമെടുത്താലും നടപ്പാക്കേണ്ട ഉദ്യോഗസ്ഥന്മാർ നിർജ്ജീവമായി നിങ്ങളെ കബളിപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയണം. അവരെ നിലയ്ക്ക് നിർത്താനും നയം നടപ്പാക്കുന്ന സാഹചര്യം സൃഷ്ടിക്കാനുമുള്ള ഉത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

കീഴാറ്റൂരിലെ പ്രശ്നം ഇന്നിവിടെ വലിയൊരു ചർച്ചയായി മാറിയിരിക്കുകയാണ്. ഞാൻ ഇന്നലെ അവിടെ പോയിരുന്നു. അവിടത്തെ പ്രശ്നം ബൈപ്പാസല്ല. ഒരു വിഭാഗം ജനങ്ങൾ ഒരു തർക്കം പറഞ്ഞാൽ ഒരു എം.എൽ.എ. എന്നുള്ള നിലയിൽ അവിടെ പോകാനും കണ്ടുമനസ്സിലാക്കാനും അഭിപ്രായം പറയാനുമുള്ള സ്വാതന്ത്ര്യം ഉണ്ടെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ആ സ്വാതന്ത്ര്യം ഉപയോഗിച്ചുതന്നെയാണ് ഞാനവിടെ പോയത്. അവിടെ പോയി കണ്ടപ്പോൾ എനിക്കുണ്ടായ അഭിപ്രായം ഞാൻ പറയാം. നമ്മുടെ ഖജനാവിൽ നിന്നും വിഹിതം വയ്ക്കുമ്പോൾ കഴിഞ്ഞ 60 വർഷമായി കണ്ണൂരിനും കാസർഗോഡിനും വയനാടിനും ന്യായമായ വിഹിതം കൊടുത്തിട്ടില്ലെന്ന അഭിപ്രായം പരസ്യമായി ഞാൻ പറയുകയാണ്. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്;

<u>മി. ചെയർമാൻ</u>: പ്ലീസ്....

1.00 PM]

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ വിഷയം പറഞ്ഞുതീർക്കണ്ടേ; രാവിലെ മുതൽ എന്നെ വേട്ടയാടുകയാണ്. ഇത് ന്യായമല്ല. അർഹതപ്പെട്ടത് അവർക്ക് കൊടുക്കണം. ഈ ബൈപ്പാസിന്റെ പണി പൂർണ്ണമായി നടപ്പാക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ് എന്ന അഭിപ്രായം പരസ്യമായി ഞാൻ രേഖപ്പെടുത്തുന്നു. ഇപ്പോൾ എവിടെയെങ്കിലും ബൈപ്പാസ് വന്നുകഴിഞ്ഞാൽ ഉടനെ സമരമാണ്. ഞാൻ ആ സമരങ്ങളോടൊന്നും യോജിക്കുന്നില്ല. ഇവിടത്തെ പ്രശ്നം, അവിടത്തെ 58 കുടുംബങ്ങളുടേതല്ല, ഒരു പ്രദേശം രണ്ടായി പോകുന്നു എന്നുള്ളതാണ്. ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി 8 ലക്ഷത്തോളം ലോഡ് മണ്ണ് വേണ്ടിവരുന്നു. അതിന് മലകൾ ഇടിച്ചുനിരത്തേണ്ടിവരുന്നുവെന്ന ന്യായമായ ഒരു സംശയമാണ് ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ളത്. ഞാൻ ചെന്നുനോക്കിയപ്പോൾ അത് ന്യായമായ സംശയമായി എനിക്കും തോന്നി. ഇതിനൊരു പരിഹാരം വേണ്ടേ; ഇതൊരു ഗവൺമെന്റാണ്. ഇവിടെ പ്രതിപക്ഷമുണ്ട്. പ്രതിപക്ഷനേതാവ് പറഞ്ഞ അഭിപ്രായമുണ്ട്. അവിടത്തെ ലോക്കൽ എം.എൽ.എ., ശ്രീ. ജെയിംസ് മാത്യു ബൈപ്പാസിനെപ്പറ്റി ഒരഭിപ്രായം ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ

വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ശ്രീ. ജെയിംസ് മാത്യുവും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരനും ഇതുസംബന്ധിച്ച് അഭിപ്രായം പറഞ്ഞിട്ടുണ്ട്. അതിനൊന്നും വിലയില്ലേ; ഈ രണ്ടഭിപ്രായങ്ങളും അവിടത്തെ ജനവികാരവും കണക്കിലെടുത്തുകൊണ്ട് ഒരു എക്സ്പെർട്ടിനെ ചുമതലപ്പെടുത്തി ഇതിനൊരു ശാശ്വതപരിഹാരം ഉണ്ടാക്കാനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനയപൂരസ്സരം അഭ്യർത്ഥിക്കുകയാണ്. ആരെയും തോൽപ്പിക്കാനും വിജയിപ്പിക്കാനുമല്ല. എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം ദുരഭിമാനത്തിന്റെയും അഭിമാനത്തിന്റെയും പ്രശ്നമില്ല. ജനങ്ങളുടെ മുമ്പിൽ നമ്മൾ പറഞ്ഞത് മാറ്റി സത്യം പറയുന്നതിൽ ഒരു തെറ്റുമില്ല. അതുകൊണ്ട് നല്ലൊരു എക്സ്പെർട്ടിനെ ചുമതലപ്പെടുത്തി നിർബന്ധമായും ആ ഹൈവേയുടെ പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ കാര്യത്തിൽ ഡോ. എൻ. ജയരാജിന് എന്താണ് കാര്യം; കഴിഞ്ഞ 5 കൊല്ലം യു.ഡി.എഫ്. ഭരിച്ചിരുന്നപ്പോൾ ബൈപ്പാസ് വേണമെന്ന് ആവശ്യപ്പെട്ടിട്ടും കിട്ടിയില്ല. അവസാനം ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. ജി. സുധാകരനും വന്നപ്പോൾ ബൈപ്പാസ് കൊടുത്തു. അവർ കൊടുത്തില്ലെങ്കിൽ ബൈപ്പാസ് ഉണ്ടാകുകയില്ല. അതിന് അവരോട് നന്ദി പറയണം. അതുകൊണ്ടായിരിക്കും ചെങ്ങന്നൂരിൽ നിങ്ങളിപ്പോൾ അല്പം ഇടതുപക്ഷ പ്രേമം കാണിക്കുന്നത്. ബൈപ്പാസിനെപ്പറ്റി ഡോ. എൻ. ജയരാജ് അവകാശപ്പെടേണ്ട, അത് ഡോ. ടി. എം. തോമസ് ഐസക്കിനും ശ്രീ. ജി. സുധാകരനും അവകാശപ്പെട്ടതാണ്. അവരാണ് ആ ബൈപ്പാസ് കൊടുത്തത്. അത് നന്നായി. എനിക്കും അതിൽ സന്തോഷമുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി 5 ദിവസം മാത്രമേ ബാക്കിയുള്ളൂ. നമ്മുടെ ട്രഷറികളിൽ കോടിക്കണക്കിന് രൂപയുടെ ബില്ലുകൾ കെട്ടിക്കിടക്കുകയാണ്. സാമ്പത്തിക ഞെരുക്കംകൊണ്ടുള്ള ട്രഷറി നിയന്ത്രണവും ജി.എസ്.ടി. വരുമാനത്തിലെ കുറവും മുൻകൂട്ടി കാണുന്നതിൽ ധനകാര്യ വകുപ്പ് പരാജയപ്പെട്ടുവെന്നാണ് ഇത് തെളിയിക്കുന്നത്. പദ്ധതിച്ചെലവ് ആകെ അവതാളത്തിലായിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവുപോലും എങ്ങും എത്താതെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വലിയ പ്രസംഗം നടത്തുന്നതല്ലാതെ ഇപ്പോഴും ഫണ്ട് വേണ്ടരീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. കെടുകാര്യസ്ഥതയുടെയും പിടിപ്പുകേടിന്റെയും രണ്ടാം വാർഷികമാണ് എൽ.ഡി.എഫ്. സർക്കാർ ആഘോഷിക്കാൻ പോകുന്നത്. രണ്ടുവർഷം കൊണ്ട് പുതിയ എന്തെങ്കിലും പദ്ധതിക്ക് തുടക്കം കുറിച്ചതായി ഈ

ഗവൺമെന്റിന് പറയാൻ കഴിയുമോ; കേരളത്തെ കൊലയാളികളുടെയും കുടിയന്മാരുടെയും നാടാക്കി മാറ്റി എന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ജനങ്ങളെ മുഴുവൻ മദ്യം കുടിപ്പിച്ച് കൊലപാതകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയാണ്. നാലുദിവസം മുമ്പാണ് സ്വന്തം പിതാവ് മൂക്കറ്റം മദ്യപിച്ചുവന്ന് ആതിര എന്ന യുവതിയെ ക്രൂരമായി കൊലപ്പെടുത്തിയത്. ഇന്നലെ പത്തനംതിട്ട ജില്ലയിൽ മൂഴിയാർ വനത്തിൽ ആദിവാസി യുവാവ് ഒന്നര വയസ്സുള്ള സ്വന്തം മകനെ നിലത്തെറിഞ്ഞിരിക്കുന്നു. ഇദ്ദേഹവും മദ്യലഹരിയിലായിരുന്നു എന്നാണ് റിപ്പോർട്ട്. ഇങ്ങനെ മക്കളെ തിരിച്ചറിയാൻ കഴിയാത്ത അച്ഛന്മാരെയും അമ്മമാരെ തിരിച്ചറിയാൻ കഴിയാത്ത മക്കളെയും സൃഷ്ടിച്ചുവെന്നതാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രണ്ടുവർഷക്കാലത്തെ നേട്ടം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ജനങ്ങളെ പീഡിപ്പിക്കുകയാണ്. ഇന്നലെ ആലപ്പുഴ ജില്ലയിലെ കുത്തിയതോട് സ്റ്റേഷൻ പരിധിയിൽ വാഹനപരിശോധനയ്ക്കിടെ ഇരുചക്ര വാഹന യാത്രക്കാരെ പിന്തുടർന്ന് പോലീസ് ജീപ്പ് കുറുകെയിട്ട് പിടിക്കാൻ ശ്രമിക്കുമ്പോഴാണ് ബൈക്കുകൾ കൂട്ടിയിടിച്ച് രണ്ടുപേർ മരിച്ചത്. ബിച്ചു എന്ന യുവാവും സുമി എന്ന യുവതിയും കൊല്ലപ്പെട്ടത് പോലീസ് ജീപ്പ് കുറുകെയിട്ട് വാഹനപരിശോധന നടത്തുന്നതിനിടയിലാണ്. ഇതേരീതിയിൽ വാഹനപരിശോധന നടത്തുന്നതിന്റെ ഫലമായി അപകടങ്ങൾ പെരുകിക്കൊണ്ടിരിക്കുകയാണ്. ഡി.ജി.പി. പറഞ്ഞതുപോലെ ഇവർക്ക് ഒരു പ്രത്യേക ട്യൂഷൻ കൊടുക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. സ്വന്തം പാർട്ടിക്കാർ തന്നെ 'ഇരട്ട ചങ്കൻ' എന്ന് വിശേഷിപ്പിച്ച സഖാവ് പിണറായി വിജയൻ സംസ്ഥാനം ഭരിക്കുമ്പോൾ ഇരട്ടനീതിയാണ് ഇവിടെ നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. കെ. എം. ഷാജി ഇന്ന് രാവിലെ ഒരു സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ഫറൂഖ് കോളേജിലെ അദ്ധ്യാപകൻ ഡോ. ജൗഹർ എന്ത് തെറ്റാണ് ചെയ്തത്; കൊടുവള്ളിയിൽ ഒരു കുടുംബയോഗത്തിൽ പോയി.... (ബഹളം).....

<u>മി. ചെയർമാൻ</u>: പ്ലീസ്...അദ്ദേഹം സംസാരിക്കട്ടെ. ശ്രീ. എ. എൻ. ഷംസീർ, പ്ലീസ്....പ്ലീസ്......(ബഹളം).............ശ്രീ. പി. ഉബൈദുള്ള.....അങ്ങ് സംസാരിക്കു ...ശ്രീ. എ. എൻ. ഷംസീർ, അങ്ങ് ഇരിക്കൂ....പ്ലീസ്...

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, എനിക്ക് സമയം അനുവദിക്കണം. ഒരു കുടുംബയോഗത്തിൽ പോയി ശരിയായ വസ്ത്രധാരണത്തെക്കുറിച്ച് പ്രസംഗിച്ചതിന്റെ പേരിലാണ് ഫറൂഖ് കോളേജിലെ പ്രൊഫസർ ഡോ. ജൗഹറിനെതിരായി കേസെടുത്തത്. എന്നാൽ കേരളത്തിലെ സ്ത്രീ സമൂഹത്തെ ആകമാനം പരസ്യമായി

അവഹേളിച്ച ഒരു മന്ത്രി ഈ മന്ത്രിസഭയ്ക്കകത്തുണ്ട്. അദ്ദേഹത്തിനെതിരെ ഒരു കേസുമുണ്ടായില്ല. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ഈ നിയമസഭയെ കളങ്കപ്പെടുത്തി സ്പീക്കറുടെ ചെയർ വലിച്ചിട്ട് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ തകർത്ത് പൊതുമുതൽ നശിപ്പിച്ച ഒരു മന്ത്രിയുൾപ്പെടെയുള്ള എം.എൽ.എ.-മാർക്കെതിരെയുള്ള കേസ് ഈ ഗവൺമെന്റ് പിൻവലിച്ചു. വർഗ്ഗീയ വിദ്വേഷം പരത്തുന്ന പ്രസംഗം പലതവണ നടത്തിയിട്ടും ബി.ജെ.പി. നേതാവ് ശ്രീമതി ശശികല ടീച്ചറെ അറസ്റ്റുചെയ്യാൻ പോലീസിന് സാദ്ധ്യമായില്ല. ദേശീയ പതാകയെ അവഹേളിച്ച ആർ.എസ്.എസ്. കാര്യവാഹക് മോഹൻ ഭഗവതിനെതിരെ കേസെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. മതസ്പർദ്ധയുണ്ടാക്കുന്ന പ്രസംഗം നടത്തിയെന്ന ആരോപണമുന്നയിച്ചാണ് ഷംസുദ്ദീൻ പാലത്ത് എന്ന പണ്ഡിതനെ യു.എ.പി.എ. ചുമത്തി അറസ്റ്റുചെയ്തത്. വർഷങ്ങളായി വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന എറണാകുളത്തെ Peace School അടച്ചുപൂട്ടി ഡോ. എം. എം. അക്ബർ എന്ന പണ്ഡിതനെ അറസ്റ്റുചെയ്യാൻ പോലീസിന് ഒരു മടിയുമുണ്ടായില്ല. എറണാകുളത്തെ പറവൂരിൽ 'ഒരേയൊരു ഇന്ത്യ, ഒരൊറ്റ ജനത' എന്ന മുദ്രാവാക്യവുമായി ക്യാമ്പയിൻ സംഘടിപ്പിച്ച 40 യുവാക്കളെ പോലീസ് അറസ്റ്റുചെയ്തു. ഇത്തരം ഇരട്ടനീതിയാണ് ഈ ഗവൺമെന്റ് ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സമരത്തിന്റെ വീരഗാഥകൾ പാടിപ്പറഞ്ഞ് വളർത്തിയെടുത്ത പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. ഇന്ന് ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എല്ലാ സമരത്തെയും ഭയക്കുകയും പുച്ഛിക്കുകയും പോലീസിനെ ഉപയോഗിച്ച് സമരക്കാരെ തല്ലിച്ചതയ്ക്കുകയുമാണ് ചെയ്യുന്നത്. 5 സെന്റിലും 10 സെന്റിലും താമസിക്കുന്ന പാവപ്പെട്ടയാളുകളുടെ വീടുകൾ തകർത്ത് ഗെയിൽ പൈപ്പ് ലൈൻ കൊണ്ടുപോകുന്ന നടപടിക്കെതിരെ സമരമുണ്ടായപ്പോൾ അവരൊക്കെ തീവ്രവാദികളാണെന്ന് മുദ്രകുത്തി പോലീസിനെ ഉപയോഗിച്ച് തല്ലിച്ചതച്ചവരാണിവർ. ഇപ്പോൾ അതേ രീതിയാണ് നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് നടക്കാൻ പോകുന്നത്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് നേരത്തെ തയ്യാറാക്കിയ അലൈൻമെന്റ് തെറ്റിച്ച് നാഷണൽ ഹൈവേയുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥലത്തുകൂടി പാവപ്പെട്ടവന്റെ വീട് തകർത്താണ് പുതിയ നാഷണൽ ഹൈവേ കൊണ്ടുപോകാൻ പോകുന്നത്. അതിനെതിരായാണ് ഇപ്പോൾ ജനങ്ങൾ പ്രക്ഷോഭത്തിനിറങ്ങിയിട്ടുള്ളത്.

<u>മി. ചെയർമാൻ:</u> ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ സമയം അവസാനിച്ചു. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഇവിടെ കീഴാറ്റൂർ സമരത്തെക്കുറിച്ച് പറഞ്ഞു. ഇവർ കീഴാറ്റൂരിൽ വലിയ പരിസ്ഥിതിവാദികളായിരുന്നു. ഇപ്പോൾ നെൽവയലുകളും തണ്ണീർത്തടങ്ങളുമെല്ലാം നികത്തി ബൈപ്പാസ് നിർമ്മിക്കുന്നതിനെതിരായി കീഴാറ്റൂരിലെ പഴയ സഖാക്കൾ സമരരംഗത്ത് വന്നപ്പോൾ അവർ വയൽക്കിളികളല്ല, കഴുകന്മാരാണെന്നാണ് കമ്മ്യൂണിസ്റ്റ് വിശേഷണം. ഇവിടെ ഡോ. എം. കെ. മുനീർ ഇരിക്കുന്നുണ്ട്. അദ്ദേഹം പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ എക്സ്പ്രസ് ഹൈവേ കൊണ്ടുവരാൻ ശ്രമം നടത്തി. എക്സ്പ്രസ് ഹൈവേ വന്നാൽ ആടിനെ കെട്ടാൻ എങ്ങോട്ടുപോകുമെന്നാണ് അന്ന് ചോദിച്ചത്. ഇപ്പോൾ ഗെയിൽ സമരത്തെ എതിർക്കുന്നവർ അന്ന് പറഞ്ഞത് ഗെയിൽ എന്നത് പൈപ്പ് ബോംബാണെന്നാണ്. ഒരു കാലത്ത് സമരത്തിന് നേതൃത്വം കൊടുക്കുകയും ഇപ്പോൾ അത്തരം സമരത്തെയൊക്കെ തള്ളുകയും അവഹേളിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>മി. ചെയർമാൻ:</u> ദയവായി അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, അങ്ങ് ദയവായി ഇരട്ട നീതി നടപ്പാക്കരുത്. നേരത്തെ ഇവിടെ സംസാരിച്ച അപ്പുറത്തുള്ള മെമ്പർ 3½ മിനിട്ടാണ് കൂടുതൽ എടുത്തത്. രണ്ട് ദിവസം മുമ്പ് മാറാട് കലാപവുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. മാറാട് കലാപത്തിൽ തോമസ് പി. ജോസഫ് കമ്മീഷൻ നൽകിയ റിപ്പോർട്ടാണ് എന്റെ കയ്യിലുള്ളത്. (പേപ്പർ ഉയർത്തിക്കാണിച്ചു.) ഇതിൽ എന്താണ് പറയുന്നത്; സി.പി.ഐ.(എം.) എല്ലാ സന്ദർഭത്തിലും വർഗ്ഗീയത ആളിക്കത്തിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിച്ചിട്ടുണ്ടെന്നാണ്. മുസ്ലീം കേന്ദ്രങ്ങളിൽ പോയി ഹൈന്ദവ സഹോദരന്മാരെ പ്രകോപിപ്പിക്കുന്ന രീതിയിലുള്ള മുദ്രാവാക്യം വിളിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ സി.പി.ഐ.(എം.) ശ്രമിച്ചുവെന്നാണ്. ഇത് ആർക്കും പരിശോധിക്കാം. ഒരു മന്ത്രി 44 കൊലപാതകത്തെക്കുറിച്ച് പറഞ്ഞതുപോലെയല്ല. ആർക്കും പരിശോധിക്കാം, മേശപ്പുറത്തുവയ്ക്കാം. തലശ്ശേരി കലാപം ഉണ്ടായപ്പോൾ ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിലും ഇതുതന്നെയാണ് പറഞ്ഞത്. സി.പി.ഐ.(എം.)-ഉം ജനസംഘവും ചേർന്നാണ് അവിടെ വർഗ്ഗീയ കലാപത്തിന് തിരികൊളുത്തിയതെന്നാണ് പറഞ്ഞത്.

<u>മി. ചെയർമാൻ:</u> സമയം അവസാനിച്ചു. പ്ലീസ് കൺക്ലൂഡ്. ഇല്ലെങ്കിൽ അടുത്ത ആളെ വിളിക്കും.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, എക്കാലത്തും നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയത ആളിക്കത്തിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിച്ചിട്ടുള്ള സി.പി.ഐ.(എം.)-ന്റെ

രാഷ്ട്രീയ നിലപാടുകൾ തിരുത്തണം. അല്ലെങ്കിൽ കേരളം ബംഗാൾ ആക്കിത്തരാമെന്ന് മുമ്പ് പറഞ്ഞതുപോലെ, അധികം താമസിയാതെ നിങ്ങൾ ആക്കാതെതന്നെ കേരളം ബംഗാൾ ആകുമെന്ന കാര്യം സി.പി.ഐ.(എം.) ഓർക്കണമെന്നുകൂടി പറഞ്ഞുകൊണ്ട്, ഒരു കാര്യവും കൃത്യമായി നടത്താത്ത ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. ഉണ്ണി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സാമൂഹിക സാമ്പത്തിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ച കേരളത്തിന്റെ പുരോഗതിയുടെ ആധാരശിലയെന്ന് പറയുന്നത് കേരളത്തിൽ വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകളാണ്. കേരളമെന്ന് പറയുന്ന സംസ്ഥാനം ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു പരിഷ്കൃത സമൂഹം ജീവിക്കുന്ന നാടാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തെയും കേരളവുമായി താരതമ്യപ്പെടുത്താൻ കഴിയില്ല. കേരളത്തിലും ജാതി, മതം, അയിത്തം, തുടങ്ങിയ അനാചാരങ്ങളൊക്കെ ഉണ്ടായിരുന്നു. അതിൽനിന്നൊക്കെ മാറി കേരളം ഇന്ന് അറിയപ്പെടുന്നത് പരിഷ്കൃത സമൂഹം ജീവിക്കുന്ന നാടായാണ്. അതിന്റെ സൃഷ്ടികർത്താക്കളെന്ന് പറയുന്നത് കേരളത്തിലെ ഇടതുപക്ഷമാണെന്ന് ആർക്കും അറിയാം. ഞാൻ ഇതിപ്പോൾ പറയാൻ കാരണം, കുറച്ച് ദിവസംമുമ്പ് പ്രതിപക്ഷത്തുനിന്ന് ഒരു എം.എൽ.എ. കേരളത്തിൽ കാർഷിക പരിഷ്കരണ നിയമം കൊണ്ടുവന്നത് പി. ടി. ചാക്കോയാണെന്ന് പറഞ്ഞു. കേരള സംസ്ഥാനത്ത് മണ്ണിനെയും മനുഷ്യനെയും പങ്കിട്ട് രാജ്യം ഭരിച്ചിരുന്ന നാടുവാഴികൾ ഉണ്ടായിരുന്നു, ഭൂ സ്വാമിമാരുണ്ടായിരുന്നു. എന്റെ ജില്ലയായ പാലക്കാട് ജില്ലയിൽ സാമൂതിരി രാജാവ്, നിലമ്പൂർ കോവിലകം, കൊച്ചി രാജവംശം, കൊല്ലങ്കോട് രാജാവ് ഇങ്ങനെയുള്ള നാട്ടുരാജാക്കന്മാരാണ് രാജ്യഭരണം നടത്തിയിരുന്നത്. 1956 നവംബർ മാസം ഒന്നാം തീയതി കേരളം രൂപീകൃതമായി, 1957 ഏപ്രിൽ മാസത്തിൽ തെരഞ്ഞെടുപ്പ് നടന്ന് ഏപ്രിൽ മാസം 5-ാം തീയതി പുതിയ ഇടതുപക്ഷ, കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വന്നു. ആ ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ 7-ാം ദിവസം, ഏപ്രിൽ മാസം 11-ാം തീയതിയാണ് കുടിയൊഴിപ്പിക്കലിനും ഭൂമി ഒഴിപ്പിക്കലിനും എതിരായുള്ള ഓർഡിനൻസ് കൊണ്ടുവന്നത്. ആ നിയമം കേരളത്തിലെ സാമൂഹിക വ്യവസ്ഥയെ മാറ്റി മറിക്കുന്ന കേരളത്തിലെ ആദ്യത്തെ നിയമമായിരുന്നു. തുടർന്നാണ് ആ ഗവൺമെന്റ് ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത്. ഇന്ത്യ സ്വതന്ത്രമായാൽ, ദേശീയ ഗവൺമെന്റ് സ്ഥാപിച്ചാൽ കൃഷിഭൂമി കൃഷിക്കാരന് എന്നത് ദേശീയ

പ്രക്ഷോഭത്തിൽ, സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ ഉയർത്തിയ മുദ്രാവാക്യമാണ്. ഇത് ആവടി, കറാച്ചി, ദുർഗ്ഗാപൂർ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന എ.ഐ.സി.സി. സമ്മേളനങ്ങളിൽ പാസ്സാക്കിയ പ്രമേയങ്ങളാണ്. പക്ഷെ ആ പ്രമേയത്തിന്റെ അന്തഃസത്ത നടപ്പാക്കാൻ 10 കൊല്ലത്തിനുശേഷം കേരളത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനു മാത്രമേ സാധ്യമായുള്ളൂ എന്നതാണ് വസ്തുത. ആ നിയമമാണ് കേരളത്തെ പടിപടിയായി ഇന്നുള്ള പരിഷ്കൃത ജനസമൂഹം ജീവിക്കുന്ന നാടായി മാറ്റിമറിച്ചതെന്ന കാര്യം മറക്കരുത്. നമ്മുടെ ധനം അപഹരിച്ചെന്നിരിക്കും, പക്ഷെ നാടിന്റെ ചരിത്രമെന്ന് പറയുന്നത് അപഹരിക്കാൻ പാടില്ലാത്തതാണ്. അതാണ് കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. വ്യത്യസ്ത ആശയങ്ങളുണ്ടാകും, വ്യത്യസ്ത പ്രത്യയ ശാസ്ത്രങ്ങളുണ്ടാകും അവ തമ്മിലുള്ള ഏറ്റുമുട്ടലുണ്ടാകും, തർക്കങ്ങളുണ്ടാകും. പക്ഷെ ഏതൊരു നാടിന്റെയും പിന്നിട്ട വർഷങ്ങളിലെ ചരിത്രം അപഹരിക്കാൻ അനുവദിച്ചുകൂടായെന്നാണ് ഞാൻ പറയുന്നത്. അങ്ങനെ ചരിത്രം അപഹരിക്കുന്ന ഒരു പ്രയോഗമാണ് പ്രതിപക്ഷത്തെ ഒരു എം.എൽ.എ. ഈ നിയമസഭയ്ക്കകത്ത് നടത്തിയത്. ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത് പി. ടി. ചാക്കോയാണെന്നുള്ള അവകാശവാദം ഒരു ചരിത്രം അപഹരിക്കലായാണ് എനിക്ക് തോന്നിയത്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഏകദേശം രണ്ട് വർഷം പൂർത്തിയാകാൻ പോകുകയാണ്. ഈ സർക്കാർ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എണ്ണമറ്റതാണെന്ന് കാണാൻ കഴിയും. ഏതൊരു ഇടതുപക്ഷ സർക്കാരും മറ്റ് സർക്കാരുകളിൽനിന്നും വ്യത്യസ്തമാകുന്നത് അത് ഉയർത്തിപ്പിടിക്കുന്ന സാമൂഹ്യ പുരോഗതിയെന്ന മുദ്രാവാക്യം അനുസരിച്ചാണ്. സമൂഹം അഥവാ സംസ്ഥാനം വികസിക്കുമ്പോൾ എല്ലാ ജനവിഭാഗങ്ങളും അതിന്റെ ഗുണഭോക്താക്കളായിമാറും. അതാണ് ഇടതുപക്ഷ വികസനത്തിന്റെ കാതൽ. അതിനുള്ള മികച്ച ധനകാര്യ മാനേജ്മെന്റ് കേരള ഗവൺമെന്റിന് ഉണ്ടെന്നുള്ളതാണ് പ്രത്യേകത. അതിന് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും തത്വശാസ്ത്രജ്ഞനുമായ ഡോ. ടി. എം. തോമസ് ഐസകിന്റെ നേതൃത്വത്തിൽ ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ കൃത്യമായി നടപ്പാക്കിവരുന്നുവെന്നുള്ളത് ഇടതുപക്ഷ സർക്കാരിന്റെ മേന്മയും പ്രത്യേകതയുമാണ്. ഭരണ സംവിധാനം അഴിമതിവിമുക്തവും കാര്യക്ഷമവുമാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്ന ഒരു ഗവൺമെന്റാണിത്. ഏതൊരു സർക്കാരിന്റെയും മുഖമെന്ന് പറയുന്നത് അതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരാണ്. അവരിന്ന് സംതൃപ്തരാണ്. സിവിൽ സർവ്വീസ് ജീവനക്കാരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഒരു മുദ്രാവാക്യംപോലും ഈ ഗവൺമെന്റിന്റെ

കാലഘട്ടത്തിൽ വിളിക്കേണ്ടി വന്നിട്ടില്ല. സിവിൽ സർവ്വീസ് ശക്തിപ്പെടുത്തുന്നതിനായി സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ സർക്കാരിന്റെ പ്രതിബദ്ധതയാണ് സൂചിപ്പിക്കുന്നത്. അഴിമതിമുക്തമായ സിവിൽ സർവ്വീസ് എന്നത് നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടികളെ ഈ അവസരത്തിൽ അനുമോദിക്കുകയാണ്. കാര്യക്ഷമവും ശക്തവുമായ സിവിൽ സർവ്വീസ് ഉറപ്പുവരുത്തുന്നതിനായി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ടതാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ബജറ്റിൽ പറഞ്ഞിരിക്കുന്ന തുക വിനിയോഗിക്കുന്നതിന് അനുമതി നൽകേണ്ടതാണ്. അങ്ങനെയാണെങ്കിൽ 100-ൽ 100 മാർക്കും നേടിയാണ് കഴിഞ്ഞ രണ്ട് പ്രാവശ്യവും ഈ സർക്കാർ പ്രവർത്തിച്ചതെന്ന് വ്യക്തമാകും. കേരളത്തിൽ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കേരളത്തിലെ പ്രത്യേക സാമൂഹ്യ അന്തരീക്ഷം കാരണം 60-നും 65-നും ഇടയിൽ പ്രായമുള്ള വയോജനങ്ങൾ ഏകദേശം 8 ശതമാനത്തോളം വരും. 75-നും 79-നും ഇടയിൽ പ്രായമുള്ളവർ 11 ശതമാനം വരും. അവർ ഒറ്റയ്ക്ക് താമസിക്കുന്നവരാണ്. 10 ശതമാനം ആളുകൾ 80 വയസ്സ് കഴിഞ്ഞവരാണ്. പരാശ്രയമില്ലാതെ ജീവിക്കാൻ കഴിയാത്ത സന്ദർഭത്തിൽ ഒറ്റയ്ക്ക് കഴിയാൻ വിധിക്കപ്പെട്ടവരുടെ വേദന മനസ്സിലാക്കിയ സർക്കാരാണിത്. ഇത്തരക്കാരെ സംരക്ഷിക്കാൻ ഗവൺമെന്റ് സ്വയംപ്രഭ ഹോം പദ്ധതി ആരംഭിച്ചുവെന്നത് വളരെ ആശ്വാസപ്രദമായ കാര്യമാണ്. ജീവിതത്തിന്റെ അസ്തമനവേളയിൽ ഒറ്റപ്പെടുന്ന വയോജനങ്ങളുടെ സംരക്ഷണം ഒരു ക്ഷേമരാഷ്ട്രത്തിന്റെ ചുമതലയാണ്. ആ ബോധം ഉൾക്കൊള്ളുന്ന സർക്കാരിനോട് ഒരു മുതിർന്ന പൗരനെന്ന നിലയ്ക്ക് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഒരു പ്രത്യേക വകുപ്പുതന്നെ രൂപീകരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണമെന്നാണ്. സർക്കാരിന്റെ പ്രവർത്തന മികവ് പരിഗണിച്ച് ധാരാളം ദേശീയ അന്തർദേശീയ അംഗീകാരങ്ങൾ ഈ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിൽ നാം ഓരോരുത്തരും അഭിമാനിക്കേണ്ടതാണ്. മാനവവികസന സൂചികയിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമായി കേരളത്തെ ഐക്യരാഷ്ട്രസഭപോലും അംഗീകരിച്ചിട്ടുണ്ട്. രാജ്യത്തെ വയോജന സംരക്ഷണത്തിനായുള്ള വയോമിത്രം പരിപാടിക്ക് വയോജനശ്രേഷ്ഠ എന്ന അവാർഡും ഈ ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്ത് പകർച്ചവ്യാധികളും ഇതര രോഗങ്ങളും അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നു എന്നത് നമ്മെ ആശങ്കാകുലരാക്കുന്നുണ്ട്. സംസ്ഥാനത്തെ 20 ശതമാനത്തോളം ആളുകൾ പ്രമേഹബാധിതരാണെന്നുള്ളത് ഏവരേയും ഭയപ്പെടുത്തുന്ന ഒന്നാണ്. ഇത്തരം ജീവിത ശൈലീരോഗങ്ങൾ നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്. അതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അമൃതം ആരോഗ്യം പദ്ധതി. ജീവിതശൈലീരോഗങ്ങൾമൂലം

ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകുന്നതിനായി ജില്ലാ ആശുപത്രികളിൽ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിക്കുകയും അവിടെ ഡോക്ടർമാരേയും മറ്റു ജീവനക്കാരേയും നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് സർക്കാർ ഈ കാര്യത്തെ ഗൗരവത്തോടെ കാണുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 170 പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പിൽ 266 ഡോക്ടർമാരുടെയും 625 പാരാമെഡിക്കൽ സ്റ്റാഫിന്റെയും 150 ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനായി ആരോഗ്യജാഗ്രത എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മ പരിപാടിയ്ക്കാണ് 2018 ജനുവരി 1 മുതൽ ആരംഭം കുറിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നത് നമ്മളെ ആശങ്കപ്പെടുത്തുന്ന ഒരു കാര്യമാണ്. 2008-ൽ ഇത് ഏകദേശം 13000 ആണെങ്കിൽ ഇന്നതിന്റെ ഇരട്ടിയോളമായിരിക്കുമെന്നുള്ളതാണ് വസ്തുത. മലബാർ ക്യാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 183 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. ഇതിന് മലബാർ ക്യാൻസർ സെന്ററിന്റെ ഗവേണിംഗ് ബോഡി ചെയർമാൻ കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ സർക്കാർ ആതുരാലയങ്ങളെ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നുവെന്നത് ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. സംസ്ഥാനത്തെ 44 താലൂക്ക് ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും ആയതിന്റെ പ്രവർത്തന പുരോഗതി ശരവേഗത്തിലാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഹൈസ്പീഡ് ആരോഗ്യ വകുപ്പുമന്ത്രി നമുക്കുണ്ടെന്നത് ആരോഗ്യമേഖലയുടെ നവീകരണത്തിന് ആക്കം കൂട്ടുന്നതാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് അറേബ്യൻ നാടുകളിൽ സ്വദേശി വൽക്കരണം കൂടുതൽ തൊഴിൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതു കാരണം പ്രവാസികൾ കൂട്ടംകൂട്ടമായി തിരിച്ചുവരുന്നത് ഒരു സാമൂഹ്യയാഥാർത്ഥ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ടവർ തിരിച്ചുവരുന്നതും അതുയർത്തുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവമായി കാണുന്നു എന്നത് ആശ്വാസപ്രദമായ കാര്യമാണ്. ഇത് കേരളത്തിന്റെ സമ്പദ്‍വ്യവസ്ഥയിൽ ഗണ്യമായ ആഘാതമുണ്ടാക്കും. ആയത് ലഘൂകരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ച സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. സർക്കാരിന് അനുമോദനങ്ങൾ അർപ്പിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. പ്രവാസികളുടെ

സമ്പാദ്യം കേരളത്തിലെ വിവിധ വ്യവസായ വാണിജ്യമേഖലകളിൽ നിക്ഷേപിച്ച് പ്രസ്തുത നിക്ഷേപം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത നടപടിയെ മുക്തകണ്ഠം പ്രശംസിക്കുന്നു. വിദ്യാഭ്യാസമേഖലയുടെ കാര്യങ്ങൾ പരിശോധിക്കു കയാണെങ്കിൽ ഇത്രയും ഫലവത്തായി പ്രവർത്തിക്കുന്ന ഒരു മന്ത്രിയും വിദ്യാഭ്യാസ വകുപ്പ് ഇതിനുമുൻപ് കൈകാര്യം ചെയ്തിട്ടില്ലെന്നുവേണം പറയാൻ. വളരെ ശാസ്ത്രീയമായ രീതിയിലാണ് ഓരോ പ്രശ്നങ്ങളേയും അദ്ദേഹം വിലയിരുത്തുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നത്. നവകേരളത്തിന്റെ സൃഷ്ടിക്കായി സ്കൂളുകളെ ആധുനികവൽക്കരിക്കുന്നതിന് അക്ഷീണം പ്രവർത്തിക്കുന്ന ആളാണ് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്. സംസ്ഥാനത്തെ 4775 ഹൈസ്കൂളുകളാണ് ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 1574 സ്കൂളുകളിലെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള ശ്രമമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് നമുക്ക് മുന്നോട്ടുപോകാൻ ദിശ വ്യക്തമാക്കുന്ന നവകേരള മിഷൻ എന്ന പുതിയ പ്രസ്ഥാനത്തിന് ആരംഭംകുറിച്ചിരിക്കുകയാണ്. ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ജനങ്ങൾക്കാകെ ആവേശവും ഊർജ്ജവും പ്രദാനം ചെയ്യുന്ന നടപടികളാണ്. സമൂഹത്തിൽ ഏറെ പിന്നിൽ നിൽക്കുന്ന ഒരു വിഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം തുടർന്നുവരുന്നു എന്നത് ഒരു സാമൂഹിക യാഥാർത്ഥ്യമാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. എ. കെ. ബാലനെ ഞാൻ പരിചയപ്പെടുന്നത്, അദ്ദേഹം കോളേജ് വിദ്യാർത്ഥി ആയിരിക്കുന്ന കാലത്താണ്. അന്ന് അദ്ദേഹം ഇന്ദ്രജാലം കാണിക്കുമായിരുന്നു. സുഹൃത്തുക്കളുമായി ചായകുടിക്കാൻ പരസ്പരം പണം പങ്കുവയ്ക്കാൻവേണ്ടി, ഇന്ദ്രജാലം കാണിച്ച് മിടുക്കനായി സമ്മാനം വാങ്ങുന്ന ആളായിരുന്നു. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ നിന്നും പ്രച്ഛന്നവേഷ മൽസരത്തിന് ഒന്നാം സമ്മാനം നേടിയ ആളാണ് ശ്രീ. എ. കെ. ബാലൻ. ഇന്നുവരെ ഈ വകുപ്പ് കൈകാര്യം ചെയ്ത മറ്റ് ഏത് മന്ത്രിയേക്കാളും ഒരുപാട് കാര്യങ്ങൾ അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നു. ഒട്ടേറെ വകുപ്പുകൾ തുല്യപ്രാധാന്യത്തോടെ കൈകാര്യം ചെയ്യാൻ ഒരു മന്ത്രിക്ക് ആകുമെന്നുള്ളത് അസൂയ തോന്നുന്ന ഒരു കാര്യമാണ്. ഈ ഗവൺമെന്റിന്റെ എല്ലാവിധ വിജയങ്ങൾക്കും കാരണം കഴിവുറ്റ മന്ത്രിമാരാണ് ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് എന്നുള്ളതാണ്. കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം മുതലായ മേഖലകൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുള്ള ഈ ബജറ്റിൽ സർക്കാരിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി നൂറിൽ നൂറ് മാർക്കും നൽകികൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. വികസനത്തിന്റെ ലക്ഷ്യം ജീവിത നിലവാരമുയർത്തുക എന്നതാണ്. വികസനം ഉണ്ടാക്കുന്നതുതന്നെ മനുഷ്യന്റെ ധർമ്മമാണ്. കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവ്വേയിൽ ഒരു ശതമാനം ആളുകളുടെ ഇടയിലാണ് 78 ശതമാനം സമ്പത്തും കുന്നുകൂടിയിരിക്കുന്നത്. ബാക്കി 99 ശതമാനം ആളുകളുടെ ഇടയിൽ 22 ശതമാനമേയുള്ളൂ. ആ ഒരു ശതമാനം ആളുകൾ ഇനിയും ആ സമ്പത്ത് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ശ്രമത്തിലാണ് നിൽക്കുന്നത്. ദാരിദ്ര്യം ഒരു വല്ലാത്ത പ്രശ്നമാണ്. ദാരിദ്ര്യം ഇല്ലാതാക്കാൻ/കുറച്ചുകൊണ്ടുവരാൻ ഇപ്പോൾ ചെയ്യാൻ പോകുന്നത് ദരിദ്രരെത്തന്നെ ഇല്ലാതാക്കുന്ന രീതിയിലുള്ള ഏർപ്പാടുകളാണ്. അതുകൊണ്ടാണ് കൃഷിക്കാരും കർഷക തൊഴിലാളികളും ആത്മഹത്യചെയ്യുന്നത്. അര മണിക്കൂറിന് ഒരാൾ ആയിരുന്നു കഴിഞ്ഞ കൊല്ലം ആത്മഹത്യ ചെയ്തതെങ്കിൽ, ഇപ്പോൾ 28 മിനിട്ടിന് ഒരാളെന്ന കണക്കിൽ മരിച്ചുകൊണ്ടേയിരിക്കുകയാണ്. ദരിദ്രരെ മുഴുവൻ ഇല്ലാതാക്കുന്ന ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. വലുത് മാത്രമേ വേണ്ടൂ, ചെറുതൊന്നും വേണ്ട എന്നുള്ളതാണ്. വാൾമാർട്ട് പോലെയുള്ള വലിയ കമ്പനികളും മാളുകൾ പോലെയുള്ള വലിയ സ്ഥാപനങ്ങളും വരുമ്പോൾ ചെറുകിട കച്ചവടക്കാർ മുഴുവൻ ഇല്ലാതാകും. കൃഷിക്കാരൻ വേണ്ട, കൃഷി മാത്രം മതിയെന്ന നിലയിലാണ് ഇപ്പോൾ പോകുന്നത്. കോർപ്പറേറ്റ് ഫാമിംഗ് കൊണ്ടുവന്നുകഴിഞ്ഞു. അതിന് സഹായകരമായ പല നടപടികളും ഇപ്പോൾ സ്വീകരിച്ചുവരികയാണ്. മോൺസാന്റോ, ബെയർ മുതലായ എല്ലാ വിത്തു കമ്പനികളുടേയും ലയനം പൂർത്തിയാക്കിയതിന്റെ ഫലമായി 99 ശതമാനം വിത്തുകളും അവരുടെ കൈപ്പിടിയിൽ ഒതുങ്ങി. അത് ഭയാനകമാണ്. അതിന് എല്ലാ സൗകര്യവും നൽകാൻ വേണ്ടി മോദി ഗവൺമെന്റ് യു.പി.ഒ.വി. 1991 ഒപ്പിടാൻ പോകുകയാണ്. അത് ഒപ്പിട്ടാൽ വിത്തിനുള്ള മുഴുവൻ റേറ്റും അവരുടെ കൈകളിൽ കിട്ടാൻ പോകുകയാണ്. അപ്പോൾ കൃഷിക്കാർക്ക് എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? ഇന്ത്യയിലുള്ള മുഴുവൻ ഗവേഷണ സ്ഥാപനങ്ങളുടെയും എത്രയോ വലുതാണ് ഈ കമ്പനികളുടെ കൈകളിൽ വരാൻ പോകുന്നത്. കൃഷിക്കാരുടെ മണ്ണ്, വെള്ളം തുടങ്ങിയ എല്ലാ ഡേറ്റാബേസും അവരുടെ കയ്യിലാകും. ഡിജിറ്റൽ ഫാമിംഗും ഡിജിറ്റൽ പ്ലാന്റിംഗും കൊണ്ടുവരികയാണ്. മാർക്കറ്റിന്റെ നിയന്ത്രണം മുഴുവൻ അവരുടെ കയ്യിലാണ്. CHAINA CO LTD എന്ന കമ്പനി ഫെർട്ടിലൈസറിന്റെ മുഴുവൻ കമ്പനികളെയും വിലയ്ക്ക് വാങ്ങിച്ചു. അതിന്റെ ഫലമായി ഇന്ന വിത്ത് ഉപയോഗിച്ച് കൃഷി ചെയ്യണമെങ്കിൽ ഇന്ന വളം തന്നെ ഉപയോഗിക്കേണ്ട സ്ഥിതിയിലാണ് ചെന്നെത്തുന്നത്. അപ്പോൾ ഇവിടത്തെ കൃഷിക്കാരന് എങ്ങനെ പിടിച്ചുനിൽക്കാൻ

സാധിക്കും. അതിന് സഹായകരമാകുന്ന രീതിയിൽ കൃഷിക്കാരന്റെ കയ്യിൽ നിന്നും ഭൂമി തട്ടിയെടുക്കാവുന്ന രീതിയിലാണ് കോൺട്രാക്ട് ഫാമിംഗിനായുള്ള ബിൽ കേന്ദ്രം അനുവദിച്ചിരിക്കുന്നത്. ആ ബില്ലിന്റെ പകർപ്പ് കേന്ദ്രം സംസ്ഥാന സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കോൺട്രാക്ട് ഫാമിംഗിൽ എന്തെങ്കിലും തകരാർ വന്നാൽ കോടതിയിൽ കേസ് നടത്തണമെങ്കിൽ ഡൽഹിയിൽ പോകണം. ഇവിടെയുള്ള പാവപ്പെട്ട കൃഷിക്കാരന് അതിന് സാധിക്കുകയില്ല. അങ്ങനെ അവന്റെ ഭൂമി ഏറ്റെടുക്കണമെങ്കിൽ ഭൂപരിഷ്കരണ നിയമത്തെ തന്നെ അട്ടിമറിക്കുന്ന രീതിയിലാണ് കോൺട്രാക്ട് ഫാമിംഗിന്റെ ബിൽ വരുന്നത്. ഇതൊക്കെ നമ്മൾ വളരെ ഗൗരവതരമായി പരിശോധിക്കേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുകയാണ്. അതുകൂടാതെ ഇപ്പോൾ ആർ.സി.ഇ.പി (Regional Comprehesive Economic Partnership)-യുടെ കോൺട്രാക്ട് ജൂലൈയിൽ സൈൻ ചെയ്യാൻ പോകുകയാണ്. പാലിന്റെ കാര്യമെടുത്താൽ, കോൺട്രാക്കെടുത്ത കമ്പനിയായിരിക്കും നമ്മുടെ അമൂലിനെയടക്കം വിഴുങ്ങാൻ പോകുന്നത്. അതിന്റെ ഫലമായി രണ്ടുപശുക്കളെയൊക്ക വളർത്തിവരുന്ന കോടിക്കണക്കിനുവരുന്ന പാലുൽപ്പാദകർ മുഴുവൻ തകർന്ന് തരിപ്പണമാകും. 15 രൂപയ്ക്ക് പാൽപ്പൊടി ഇവിടെ ഇറക്കുമതി ചെയ്ത് പാൽ വിൽക്കാൻ സാധിക്കുന്ന സംവിധാനം വരികയാണ്. അതുകൂടാതെയാണ് എ 2 മിൽക്കിന്റെ വരവ്. ആ എഗ്രിമെന്റ് ഒപ്പിട്ടുകഴിഞ്ഞാൽ പ്രൊക്യൂർമെന്റ് നഷ്ടപ്പെടുകയാണ്, പ്രൊക്യൂർമെന്റ് ഇനി പ്രൈവറ്റ് മേഖലയ്ക്കായിരിക്കും. അപ്പോൾ പൊതുവിതരണ സമ്പ്രദായം തന്നെ നഷ്ടപ്പെടാൻ പോകുകയാണ്. കാലാവസ്ഥാ ഗവേഷണം മുഴുവൻ അവരുടെ കയ്യിലാണ്. ലാബുകൾ അവർക്കാണുള്ളത്. ഇന്ത്യാരാജ്യത്തിലെ ഗവേഷണ സ്ഥാപനങ്ങളേക്കാൾ എത്രയോ മെച്ചപ്പെട്ടതാണ് അവരുടെ കയ്യിലുള്ള സ്ഥാപനങ്ങൾ. അവർ പുതിയ വിത്തുകളുണ്ടാക്കുന്നു. പാറ്റന്റ് നിയമപ്രകാരം ഏകദേശം 600-ഓളം പാറ്റന്റുകൾ അവർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നമ്മുടെ കയ്യിൽ ഇനി വിത്തില്ല. നമ്മുടെ അഗ്രിക്കൾച്ചർ റിസർച്ചിന് ഇനിയൊന്നും ചെയ്യാൻ പറ്റില്ല. നമ്മുടെ മൃഗസംരക്ഷണ വകുപ്പിന് ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ വന്നുനിൽക്കുകയാണ്. ഇതൊരു ഭയാനകമായ ചുറ്റുപാടാണ്. ഇതിനെ എങ്ങനെ മറികടക്കണമെന്നുള്ളത് വളരെ ഗൗരവമായി ഇടതുപക്ഷവും വലതുപക്ഷവുംകൂടി ആലോചിക്കേണ്ടതാണ്. അല്ലെങ്കിൽ ഈ മേഖല തകർന്ന് തരിപ്പണമാകുന്ന അവസ്ഥയിലേയ്ക്ക് പോകും. അതുമാത്രമല്ല, നമ്മുടെ തോട്ടം മേഖലയെടുത്താൽ, ഏകദേശം 3.3 ലക്ഷം തൊഴിൽ ദിനങ്ങളാണ് വരുന്നത്. അതിൽ 5300 കോടി രൂപ വേതനമായി വിതരണം ചെയ്യേണ്ടത് ഇപ്പോൾ നഷ്ടപ്പെടാൻ പോകുകയാണ്. അതുകൊണ്ട് ഇതെങ്ങനെ തരണം ചെയ്യണമെന്നതിനെക്കുറിച്ച് വളരെ

ഗൗരവമായി ആലോചിക്കണം. എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്, ഇതൊക്കെ തരണം ചെയ്യണമെങ്കിൽ നമുക്ക് പണം ആവശ്യമാണ്. പ്രത്യേകിച്ചും കാർഷികമേഖലയിൽ കൊടുക്കണമെങ്കിൽ പണമുണ്ടാക്കണം. അതിനായാണ് ലാഭത്തിൽ ഒരു വിഹിതം കൃഷിക്കാരന് വേണമെന്ന് പറയുന്നത്. ആ ലാഭവിഹിതം ലഭിക്കുകയാണെങ്കിൽ പണത്തിന് ഒരു പ്രയാസവുമില്ല. അതിനിപ്പോൾ പറയുന്ന തടസ്സം ജി.എസ്.ടി. വന്നതുകൊണ്ട് ആ വിഹിതം നമുക്കെടുക്കാൻ കഴിയില്ലെന്നാണ്. ജി.എസ്.ടി. കൗൺസിലിൽ നമ്മൾ ഇത് ഉന്നയിക്കണം. ലാഭത്തിൽ ഒരു വിഹിതം കിട്ടിയാൽ ഇവിടെയുള്ള മുഴുവൻ കൃഷിക്കാരെയും കർഷത്തൊഴിലാളികളേയും രക്ഷിക്കാനുള്ള പണത്തിന് യാതൊരു വിഷമവുമുണ്ടാകില്ല. അത് നിയമത്തിൽ കൊണ്ടുവരുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അതിനായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് നോക്കണം. ഇപ്പോൾ റോയൽറ്റി കൊടുക്കാതിരിക്കുകയാണ്. നമ്മുടെ കുപ്പിവെള്ള കമ്പനികൾക്കുമാത്രം ഒരു ടാക്സ് ചുമത്തിയാൽ നമുക്ക് റോയൽറ്റി കൊടുക്കാനുള്ള പണം ലഭിക്കും. വലിയ മാളുകൾ, ഫ്ലാറ്റുകൾ ഇവരെല്ലാം ബോർവെൽ കുഴിച്ച് ലക്ഷക്കണക്കിന് രൂപയുടെ വെള്ളമാണെടുക്കുന്നത്. ആ വെള്ളമെടുക്കുന്നതിന് ടാക്സ് ചുമത്തിയാൽ നെൽകർഷകർക്ക് റോയൽറ്റി കൊടുക്കാനായി ധാരാളം പണം ലഭിക്കും. നമ്മൾ ഉദ്ദേശിക്കുന്നതിനേക്കാൾ കൂടുതൽ ഫണ്ടുണ്ടാക്കിയെടുക്കാൻ നമുക്ക് യാതൊരു വിഷമവുമുണ്ടാകില്ല.

73 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അതിപ്രധാനമായത് ആറെണ്ണമാണ്. മേജറായുള്ള 22 പദ്ധതികളുണ്ട്. ഇതിലാണ് പി.എം.കെ.എസ്.വൈ, ഗ്രീൻ ക്ലൈമറ്റ് ഫണ്ട് തുടങ്ങിയവ വരുന്നത്. നമ്മൾ വേണ്ട വിധത്തിൽ പ്രവർത്തിച്ചില്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങൾ ഇവ നേടിയെടുക്കുമ്പോൾ നമ്മൾ നോക്കുകുത്തിയായി നിൽക്കുന്ന അവസ്ഥ വരും. ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകി ആ പ്രോജക്ടുകൾ വേണ്ട സമയത്ത് സമർപ്പിക്കണം. വേണ്ട സമയത്ത് ചെലവ് ചെയ്യണം. യു.സി. (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്) സമയത്തിന് കൊടുക്കണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ നമുക്ക് പണം കിട്ടാനുള്ള സാധ്യതയുണ്ടാകുകയുള്ളൂ. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, ഒറീസ ഇവരൊക്കെ പദ്ധതികൾ സമർപ്പിച്ച് വേൾഡ് ബാങ്കിന്റെയടക്കം പണം വാങ്ങിയെടുക്കുകയാണ്.

മറ്റൊരു പ്രധാന കാര്യം സൂചിപ്പിക്കാനുള്ളത് ഞങ്ങളുടെ പ്രദേശം മഴനിഴൽ പ്രദേശമാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് അറിയാം, പാലക്കാടിനായി പ്രത്യേക പദ്ധതി തയ്യാറാക്കാമെന്ന് പ്രകടനപത്രികയിൽത്തന്നെ പറഞ്ഞിരുന്നതാണ്. ആ പ്രദേശത്തിന് ഏറ്റവും ആവശ്യമുള്ള പദ്ധതിയാണ്

കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. അത് അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഈ ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ പിന്താങ്ങുന്നു. 47 ഹെഡ്ഡുകളിലായി ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി എണ്ണൂറ്റിയൊൻപത് കോടി എൺപത്തെട്ട് ലക്ഷത്തി പതിനൊന്നായിരം രൂപ വരുന്ന തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകാനും വിനിയോഗിക്കാനുമുള്ളതാണ് ഈ ബിൽ. സാമൂഹ്യ ക്ഷേമത്തിലൂന്നിയ കേരള ബദലിന്റെ നിർദ്ദേശവുമായാണ് ബജറ്റിലൂടെ ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ഒരു പുതിയ കേരളം സൃഷ്ടിക്കാനുള്ള പദ്ധതിയിലേയ്ക്ക് നീങ്ങുന്നത്. 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ മതിപ്പ് ചെലവ് സംബന്ധിച്ച് കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചാർജ് ചെയ്തിട്ടുള്ള ചെലവുകൾക്കും അനുമതി നൽകിയിട്ടുള്ള ഗ്രാന്റുകൾക്കും ആവശ്യമായ തുക കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് വേണ്ടിയുള്ളതാണിത്. വികസനം എന്നുപറയുന്നതിന് എവിടെയാണ് ഊന്നൽ നൽകേണ്ടതെന്നതിനെക്കുറിച്ച് യു.ഡി.എഫ്.-ഉമായും എൻ.ഡി.എ-യുമായും തർക്കമുള്ളവരാണ് ഞങ്ങൾ. വികസനം ജനങ്ങൾക്കുവേണ്ടിയുള്ളതായിരിക്കണം. ജനസംഖ്യയിൽ ഭൂരിപക്ഷത്തിന്റെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് സാമ്പത്തിക പരിഷ്കരണവുമായി മുന്നോട്ടുപോകുന്നത്. എന്നാൽ ഇത:പര്യന്തമുള്ള ഇന്ത്യയുടെ അവസ്ഥ പരിശോധിച്ചാൽ സമ്പന്നരുടെ എണ്ണം കൂടുന്നു എന്ന് മനസ്സിലാകും. നേരത്തെ ദേശീയ ബൂർഷ്വാസി എന്നുപറഞ്ഞുവെങ്കിൽ ഇന്ന് ലോക കോർപ്പറേറ്റുകളെ വെല്ലുന്ന രീതിയിലേയ്ക്ക് ഇന്ത്യൻ കുത്തകകൾ വളർന്ന് വലുതാകുകയാണ്. ആരാണിതുണ്ടാക്കിയത്? അത്തരം ഒരു നയത്തിലേയ്ക്ക് പോയതിന്റെ ഭാഗമായാണ് ഇന്ത്യയിലെ കൃഷിക്കാരനും പാവപ്പെട്ട ജനവിഭാഗങ്ങളും കുത്തുപാളയെടുക്കുന്ന നില വന്നിട്ടുള്ളത്. ഇതിന് പരിഹാരമുണ്ടാക്കാനുള്ള ഏക തുരുത്ത് എന്ന നിലയിലാണ് കേരളത്തിലെ ഗവൺമെന്റ് ബദൽ സംവിധാനവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചത്. നിശ്ചയദാർഢ്യത്തോടെ ഇത്തരം നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകുമ്പോൾ, മൊത്തം ജനസംഖ്യയുടെ 90 ശതമാനത്തിലേറെ വരുന്ന പാവപ്പെട്ട ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ബദലുകൾ നിർദ്ദേശിക്കുമ്പോൾ, യു.ഡി.എഫ്-ന് ഇതുമായി ബന്ധപ്പെട്ട വിയോജിപ്പ് സൂചിപ്പിക്കാമെങ്കിലും, കേരളം നിലനിൽക്കണമെന്ന ആഗ്രഹത്തോടെ, പ്രത്യേകിച്ച് നമ്മുടെ ജനാധിപത്യ

സംവിധാനം അപകടത്തിലാകുമ്പോൾ, രാജ്യം വലിയ തോതിൽ അഴിമതിയിലേയ്ക്ക് കടന്നുപോകുമ്പോൾ അതിനെ തടയാനുള്ള ഒരു തുരുത്താണിതെന്ന് കണ്ടുകൊണ്ട്, കഴിഞ്ഞകാല സമീപനങ്ങളിൽ നിന്നും മാറിക്കൊണ്ട് ഇത്തരം ബില്ലുകളെ പിന്തുണയ്ക്കുന്ന ഒരു സമീപനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത് സാമൂഹ്യ ക്ഷേമത്തിലൂന്നിയ ഒരു ബദലാണ്. ഈ ബദലിനെ പിന്തുണയ്ക്കുകയാണ് യഥാർത്ഥത്തിൽ പ്രതിപക്ഷം ചെയ്യേണ്ടത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ഒരു ധനവിനിയോഗ ബിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും സ്വന്തം ജനതയ്ക്ക് നാളിതുവരെ വാഗ്ദാനം ചെയ്യാത്ത സമാനതകളില്ലാത്ത സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയാണ് ഇതിലുള്ളത്. എല്ലാവർക്കും വീട്, നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ, സാമൂഹ്യ പെൻഷൻ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2018-19-ൽ ധനകമ്മി 3.1 ശതമാനം മാത്രമായിരിക്കുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. തീർച്ചയായും ഈ നിലയിലേയ്ക്ക് പോകുമ്പോൾ ഇതിനെ സഹായിക്കുക എന്ന കാഴ്ചപ്പാടിലേയ്ക്ക് നമുക്ക് ഒരുമിച്ച് നീങ്ങേണ്ടതുണ്ട്. 47 ഹെഡ്ഡുകളിലായി എടുക്കുന്ന നിലപാടുകളുടെ ഭാഗമായ പ്രവർത്തനങ്ങളെക്കുറിച്ചെല്ലാം പറയുമ്പോൾ അത് വളരെ നീണ്ടുപോകാനുള്ള സാധ്യതയുണ്ട്. യഥാർത്ഥത്തിൽ ഇതൊരു സ്ത്രീപക്ഷ ബില്ലായിട്ടാണ് ധനവിനിയോഗ ബില്ലുമായും ബജറ്റുമായും ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. പൂർണ്ണമായും സ്ത്രീകൾ ഗുണഭോക്താക്കളായ പദ്ധതികൾക്ക് 1960 കോടി രൂപയാണുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സ്ത്രീസൗഹൃദ ഗ്രാമം പദ്ധതിക്ക് 10 കോടി രൂപ, പീഡനത്തെ അതിജീവിച്ചവരെ പുനരധിവസിപ്പിക്കാനുള്ള നിർഭയ വീടുകൾ, ജെൻഡർ പാർക്കിൽ സെന്റർ ഫോർ എക്സലൻസ്, എല്ലാ ജില്ലയിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളും ഷോർട്ട് സ്റ്റേ ഹോമുകളും, എറണാകുളത്ത് 4 കോടി രൂപയുടെ ഷീ ലോഡ്ജ്, അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും വിവാഹ ധനസഹായം 10,000 രൂപയിൽ നിന്നും 30,000 രൂപയാക്കി മാറ്റുന്നു. ഇതൊക്കെ നിർദ്ദേശിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ പ്രതിപക്ഷം എന്തിനാണ് എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വിധവകൾക്കും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമായി പ്രത്യേക ഭവന പദ്ധതികൾ. കെ.എസ്.ആർ.ടി.സി.യുടെ പെൻഷനിൽ ഇന്നത്തെ പ്രതിസന്ധി മറികടക്കാനുള്ള സംവിധാനങ്ങൾ, 1000 പുതിയ ബസ്സുകളിറക്കുമെന്ന കാഴ്ചപ്പാട്, ലോട്ടറിയിൽ

നിന്നുള്ള വരുമാനം പൂർണ്ണമായും സമഗ്ര ആരോഗ്യമേഖലയ്ക്ക്, ജനസൗഹൃദ ആശുപത്രികളാക്കി നമ്മുടെ രാജ്യത്തെ ചികിത്സാ സംവിധാനങ്ങളെ മാറ്റാനുള്ള സമീപനം തുടങ്ങിയവയുമായി മുന്നോട്ടുപോകുകയാണ്. ചികിത്സാചെലവ് വർദ്ധിക്കുന്നതുവഴി അമിതഭാരമടിച്ചേൽപ്പിക്കുന്ന ഈ സാഹചര്യത്തിലാണ് അതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട്, ബജറ്റിൽ ഏറ്റവും കൂടുതൽ പണം നൽകിക്കൊണ്ട്, ആ മേഖലയെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി, നാട്ടിലെ സാധാരണ മനുഷ്യന്റെ വേദനകൾ പരിഹരിക്കാനുള്ള സമീപനവുമായി മുന്നോട്ടുപോകുന്നത്. ആശാ പ്രവത്തകരുടെ പ്രതിമാസ ഓണറേറിയത്തിൽ 2,000 രൂപ വർദ്ധനവ്, സാമൂഹ്യസുരക്ഷാ പെൻഷനിൽനിന്നും അനർഹരെ ഒഴിവാക്കുന്നതിനുള്ള നിലപാടുകൾ, എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബ്, ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് 106 കോടി രൂപ, മത്സ്യബന്ധന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്നതിന് 100 കോടി രൂപ, നബാർഡ് വായ്പയോടെ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കൽ എന്നിവയൊക്കെയാണ് നടപ്പാക്കുന്നത്. കിഫ്ബിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ശക്തമായ എതിർപ്പുകൾ പ്രകടിപ്പിക്കുന്നവരാണ് അപ്പുറത്തുള്ളത്. അതുമായി ബന്ധപ്പെടുത്തിക്കൊണ്ട് വലിയ വികസന പ്രവർത്തനങ്ങൾ എല്ലാ മണ്ഡലത്തിലും നടത്തുന്നതിന് തുടക്കം കുറിച്ചു. പ്രതിപക്ഷ നേതാവുൾപ്പെടെ പരിഹസിക്കുന്നത് ഈ സഭയിൽ നമ്മൾ കാണാനിടയായതാണ്. പലിശ നൽകണ്ടേ എന്നതായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. കിഫ്ബിയില്ലെങ്കിൽ ഇന്ന് നേടേണ്ട വികസനത്തിനായി നാം ഇനിയുമെത്രയോ വർഷം കാത്തിരിക്കേണ്ട സാഹചര്യമല്ലേ യഥാർത്ഥത്തിലുള്ളത്. ഖജനാവ് കാലിയാക്കിപ്പോയ ഗവൺമെന്റിന്റെ പ്രതിനിധികൾ എന്ന നിലയ്ക്ക് പ്രതിപക്ഷത്തിരിക്കുമ്പോൾ ഇതിനെ മറികടക്കാൻ ധീരമായ നിലപാടുമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കേരളത്തിലെ ഗവൺമെന്റും മുന്നോട്ടുപോകുമ്പോൾ അതിൽ പോരായ്മകളെന്തെങ്കിലുമുണ്ടെങ്കിൽ ഇന്നയിന്ന നിർദ്ദേശങ്ങൾകൂടി വേണമെന്നും ധനസമാഹരണത്തിന് ഞങ്ങളുടെകൂടി പിന്തുണയുണ്ട്, അത് ഇന്നയിന്ന മേഖലകളിലൂടെയാണ് സമാഹരിക്കേണ്ടതെന്നും പറയുന്നതിനുപകരം ഇത്തരം വിമർശനങ്ങളുന്നയിക്കുമ്പോൾ അത് ധനസമാഹരണത്തിന് വേഗത കൂട്ടുമോ കുറയ്ക്കുമോ എന്ന കാര്യം നിങ്ങൾ ആലോചിക്കണം. രാഷ്ട്രീയം എന്നുപറയുന്നത് രാഷ്ട്രസംബന്ധിയായ പ്രശ്നമാണ്, രാഷ്ട്രീയകക്ഷിയല്ല. അതിനെ സഹായിക്കുന്ന നിലപാടാണ് ജനങ്ങളെ പ്രതിനിധീകരിക്കുന്നവർ എന്ന നിലയ്ക്ക് എല്ലാ എം.എൽ.എ.-മാരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതെന്നാണ് എന്റെ വിനീതമായ

അഭിപ്രായം. കേന്ദ്ര ബജറ്റും സംസ്ഥാന ബജറ്റും തമ്മിലുള്ള അന്തരവും ഇതിന്റെ ഭാഗമായി കാണേണ്ടതുണ്ട്. ഞാൻ ആമുഖമായി അതാണ് സൂചിപ്പിച്ചത്. വികസനമെന്ന കാഴ്ചപ്പാടാണ് അതിൽ കാണിക്കുന്നത്. പാവപ്പെട്ട മനുഷ്യന്റെ വേദനകൾ പരിഹരിക്കുന്ന ഒരു ബജറ്റും ഈ രാജ്യത്തിലെ കോർപ്പറേറ്റുകൾക്ക് അവരുടെ ധനാഗമ മാർഗ്ഗമായി ഇന്ത്യയുടെ ബജറ്റും, ജനാധിപത്യ അധികാരമുപയോഗപ്പെടുത്തി പണം ചൂഷണം ചെയ്യുന്ന നിലയിലേയ്ക്ക് അവസരമൊരുക്കുന്ന ബജറ്റുകളും തമ്മിലുള്ള വ്യത്യാസത്തെ കണ്ടുകൊണ്ട് ഈ കൊച്ചുകേരളം നിലനിൽക്കാൻ ഒരു ബദൽ സംവിധാനവുമായി മുന്നോട്ടുപോകുന്ന എന്ന കാഴ്ചപ്പാടിനെയാണ് നിങ്ങൾ കാണേണ്ടത്. അതുപോലെ പാവപ്പെട്ട മനുഷ്യരെ സംരക്ഷിക്കുന്നതിനായി പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാനുള്ള ബൃഹത്തായ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കുടുംബശ്രീയെ അധികാരപ്പെടുത്തി പഞ്ചായത്തിൽ കോഴിവളർത്തൽ പോലുള്ള ചെറിയ ചെറിയ സംവിധാനങ്ങളാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്തി മുന്നോട്ടുപോകുന്നത്. അതുപോലെ കൈത്തറി, ചകിരി, മത്സ്യ മേഖലകളിലൊക്കെ ഇതുപോലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.

ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ, താങ്ങാവുന്ന ചെലവിൽ മികച്ച ചികിത്സ, തീരദേശ കുടുംബാരോഗ്യ പദ്ധതി, പഞ്ചായത്തുതലത്തിൽ വ്യക്തിഗത പരിശോധനാ പദ്ധതികൾ, അപകടം സംഭവിച്ചാൽ ഏറ്റവും അടുത്ത ആശുപത്രിയിൽ മികച്ച ചികിത്സാ സൗകര്യം - ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്ര സമഗ്രമായ ആരോഗ്യ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതിനുവേണ്ടി പണം ചെലവഴിക്കണ്ട എന്ന് പ്രതിപക്ഷം പറയുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തീർച്ചയായും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന നിലയിലേയ്ക്കാണ് പോകേണ്ടത്. കേരളത്തിൽ ഇന്ന് കുടിവെള്ളവുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നേരത്തെ സൂര്യ ടി.വി.-യിൽ ഇതുമായി ബന്ധപ്പെട്ട് വാർത്ത വന്നിരുന്നു. ഏതാനും ദിവസങ്ങൾക്കുമുമ്പ് മാതൃഭൂമി പത്രത്തിന്റെ ഫ്രണ്ട് പേജിൽ വന്ന വാർത്ത നമുക്കേവർക്കും ആശങ്കയുണ്ടാക്കുന്നതാണ്. അതിന് പരിഹാരം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുപ്പിവെള്ളത്തിൽത്തന്നെ വലിയ തോതിൽ പ്ലാസ്റ്റിക്കിന്റെ കണികകളുണ്ടെന്നും അതാണ് നാം ഉപയോഗിക്കുന്നതെന്നുമുള്ള ഭീകരമായ ചിത്രമാണ് അതിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. ലൈസൻസും രജിസ്ട്രേഷനുമില്ലാത്ത ധാരാളം കുപ്പിവെള്ള കമ്പനികളാണ് നാട്ടിൽ ഉയർന്നുവരുന്നത്. കുടിവെള്ളം കിട്ടാക്കനിയായി മാറുന്ന സാഹചര്യത്തിൽ

തീർച്ചയായും അതിന് പരിഹാരമുണ്ടാക്കണം. അതിലൊരു വിമർശനപരമായ വിഷയം എനിക്കുണ്ട്. വാട്ടർ അതോറിറ്റിയുടെ പ്രശ്നവുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമുണ്ടാകുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടാകണം. വാട്ടർ അതോറിറ്റിക്ക് കേരളത്തിലാകെയുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ലെന്ന് വ്യക്തമായിട്ടുണ്ട്. അന്തർസംസ്ഥാന നദീതട പ്രശ്നങ്ങളുമായി ബന്ധപ്പെട്ട മേജർ പ്രോജക്ടുകൾ, വിവിധ ജില്ലകളുമായി ബന്ധിപ്പിക്കുന്ന പദ്ധതികൾ തുടങ്ങിയവയൊക്കെ വാട്ടർ അതോറിറ്റിയുടെ കീഴിലും പ്രാദേശികമായുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അവിടത്തെ കുടിവെള്ള സ്രോതസ്സ് മനുഷ്യർക്കും കൃഷിക്കും ആവശ്യമുള്ള വെള്ളത്തിന്റെ അളവ് മനസ്സിലാക്കിക്കൊണ്ട് ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭ/ജില്ല കണക്കാക്കിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള മാനേജ്മെന്റ് സിസ്റ്റവും ഉണ്ടാകേണ്ടതാണ്. വീട്ടിൽ വച്ച് ഞാൻ എന്റെ മകനോട് ഒരു ഗ്ലാസ് വെള്ളം വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ മകൻ അമ്മയോട് പോയി പറയുന്നു അച്ഛന് ഒരു ഗ്ലാസ് വെള്ളം വേണമെന്ന്. അമ്മയെ കാണാൻതന്നെ കുറച്ച് സമയമെടുക്കുന്നു. അമ്മ മകനോട് നീ അടുക്കളയിൽപ്പോയി വെള്ളമെടുക്കാൻ പറയുന്നു. അടുക്കളയിൽ ചെന്നപ്പോൾ വെള്ളമില്ല, തിരിച്ചുവന്ന് അമ്മയോട് വെള്ളമില്ല എന്നുപറയുന്നു. എന്നാൽ മോട്ടോർ ഓൺ ചെയ്ത് വെള്ളമെടുക്കണം അല്ലെങ്കിൽ കിണറിൽനിന്ന് വെള്ളമെടുക്കണം എന്നുപറയുന്നതുപോലെ ഇന്ന് പൈപ്പ് പൊട്ടിയാൽ മാസങ്ങളോളം വെള്ളം കിട്ടാത്ത സാഹചര്യത്തിൽ വെള്ളം ഒഴുകി കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ജലം പാഴാക്കുന്നത് ഒഴിവാക്കാനും മനുഷ്യർക്ക് ആവശ്യമായ സമയത്ത് വെള്ളമെത്തിക്കാനുമുള്ള സംവിധാനത്തിലേയ്ക്ക് ഒരു ഉടച്ചുവാർക്കൽ ഇതിന്റെ ഭാഗമായുണ്ടാകേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാനുള്ള സംവിധാനത്തെക്കുറിച്ചുള്ള നല്ലൊരു ചർച്ച അനിവാര്യമാണ്. മുമ്പ് സ്ഥാപിച്ച പൈപ്പുകൾ ഇപ്പോൾ കടലാസ് പൈപ്പുകൾ പോലെയാണ്. എവിടെ വെള്ളം തുറന്നുവിട്ടാലും പൈപ്പ് പൊട്ടിപ്പോവുകയാണ്. ഉപയോഗിക്കുന്ന പൈപ്പായാലും മറ്റ് സംവിധാനങ്ങളായാലും അതിന്റെ സൂക്ഷ്മത പരിശോധിക്കേണ്ടതുണ്ട്. ടെണ്ടറുകളുമായി ബന്ധപ്പെട്ട് കാലാകാല ങ്ങളായുണ്ടാകുന്ന അഴിമതികൾ അതിന്റെ കഥയാണ്. അതുകൊണ്ട് സമയബന്ധിതമായി ഒരു കുടിവെള്ള പദ്ധതിയും പൂർത്തീകരിക്കാൻ കേരളത്തിൽ കഴിയുന്നില്ല. വെള്ളമുണ്ടെങ്കിൽ മാത്രമേ ഒരു മനുഷ്യന് ജീവിക്കാൻ സാധിക്കുകയുള്ളൂ. ഈ രാജ്യം കാർഷികമേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ജലസേചന സൗകര്യവും കൃഷിക്കാവശ്യമാണ്. കേരളത്തിന്റെ

കാർഷിക മേഖലയെ സംരക്ഷിക്കാനും കുടിവെള്ളപ്രശ്നം പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. അതിരൂക്ഷമായ വരൾച്ചയിൽ ഞാൻ ഈ പ്രശ്നമുന്നയിക്കുമ്പോൾ അതിന് മറുപടി പറയും എന്നാൽ അടുത്ത വരൾച്ചയുടെ കാലത്താണ് വീണ്ടും ഈ പ്രശ്നം ചർച്ച ചെയ്യുന്നത്. അതിന് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരമുണ്ടാക്കി വികേന്ദ്രീകൃത സംവിധാനമുണ്ടാവുകയും ഫണ്ട് അതിനനുസൃതമായി നൽകുകയും വേണം. വേണമെങ്കിൽ ഒരു വർഷം ജലവർഷമായെടുത്ത് ജലനയം പ്രഖ്യാപിച്ചുകൊണ്ട് പുഴകളെയും നദികളെയും തോടുകളെയും സംരക്ഷിക്കാനുള്ള ആസൂത്രണം അനിവാര്യമാണെന്ന് സാന്ദർഭികമായി സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ സന്തോഷപൂർവ്വം പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബിൽ പാസ്സാകണമെന്നുള്ളത് ഭരണ പ്രതിപക്ഷാംഗങ്ങളുടെ ആവശ്യമാണ്. നമ്മുടെ മണ്ഡലത്തിലും അവരുടെ മണ്ഡലത്തിലും വികസനം നടക്കണമെന്നുണ്ടെങ്കിൽ ഈ ബിൽ പാസ്സാക്കുകതന്നെ വേണം. ഈ ബിൽ പാസ്സാക്കുമ്പോൾ കാര്യനിർവ്വഹണം നല്ല നിലയിൽ നടക്കുന്നുണ്ടോ എന്നുള്ളതാണ് പരിശോധിക്കുന്നത്. ഇവിടെ ബജറ്റിലുള്ളതിനുപുറമെ 50000 കോടി രൂപയുടെ വികസനം അഞ്ച് വർഷംകൊണ്ട് നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. അതിൽ ഏറെക്കുറെ പ്രഖ്യാപിച്ച പദ്ധതികളിൽ നല്ലൊരു ശതമാനം പ്രവൃത്തികൾക്കും എ.എസ്.-ഉം ടി.എസ്.-ഉം ആയി ടെണ്ടർ നടപടികളിലേയ്ക്ക് കടന്നിരിക്കുകയാണ്. ഇനിയുള്ള മൂന്ന് വർഷക്കാലം കൊണ്ട് നല്ലരീതിയിൽ ശ്രദ്ധിച്ചാൽ 50000 കോടി രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും. എന്റെ മണ്ഡലത്തിൽ 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ച ഒരു പാലത്തിന്റെ നിർമ്മാണം ഇപ്പോഴും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ചില വർക്കുകളെല്ലാം നീണ്ടുപോകും. പക്ഷേ കിഫ്ബി നിക്ഷേപത്തിന്റെ ഭാഗമായുണ്ടാകുന്ന വികസനം കേരളത്തിലാകെ പശ്ചാത്തല വികസനരംഗത്ത് വലിയ മാറ്റമാണുണ്ടാക്കുന്നത്. വലിയ മാറ്റം സംഭവിക്കുമ്പോൾ കേരളം ഇന്ത്യയുടെ വികസന പന്ഥാവിൽ ഏറ്റവും മികച്ച സംസ്ഥാനമായി മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്നാൽ ഇതിനൊക്കെ ചില സാങ്കേതിക തടസ്സങ്ങൾ വരുന്നുണ്ട്. അത് അങ്ങ് പരിശോധിക്കണം. ഒരു വർക്ക് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് പരിശോധനയ്ക്കായി വിടുമ്പോൾ അവിടെ മാസങ്ങളോളം താമസമുണ്ടാകുന്നു. അടുത്തകാലത്ത് എനിക്കുണ്ടായ ഒരനുഭവം പറയാം. എ.ഡി.എഫ്.-ൽ ഒരു കോടി അറുപത് ലക്ഷം രൂപയുടെ ഒരു വർക്ക് തുറവൂർ താലൂക്കാശുപത്രിക്കുവേണ്ടി നിർദ്ദേശിച്ചു. അത് ഫസ്റ്റ് ഫ്ലോർ എന്നത് സെക്കന്റ് ഫ്ലോർ ആക്കുന്നതിനുവേണ്ടിയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുത്തു. ആ ഫയൽ എ.എക്സ്.ഇ, ഇ.ഇ, എസ്.ഇ., സി.ഇ. എന്നിവർ കണ്ടതിനുശേഷം ഡി.എച്ച്.എസ്-

ലേയ്ക്ക് അയച്ചു. ഫയൽ ഡി.എച്ച്.എസ്.-ൽ എത്തിയപ്പോൾ അവിടെ ഡെപ്യൂട്ടേഷനിൽ വർക്ക് ചെയ്യുന്ന മനോജ് എന്ന ഉദ്യോഗസ്ഥൻ പറഞ്ഞത് ഇത് ആദ്യം ഡി.എം.ഒ. കൗണ്ടർസൈൻ ചെയ്യണമെന്നാണ്. ഡി.എം.ഒ. കൗണ്ടർസൈൻ ചെയ്ത് ഫയൽ എത്തിയപ്പോൾ മെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്യണമെന്ന് പറഞ്ഞു. മെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്ത് ഫയൽ എത്തിയപ്പോൾ ഫയൽ നേരെ സർക്കാരിലേയ്ക്കയച്ചു. ഇങ്ങനെ "ദൈവം തന്നാലും ശനിയൻ തീറ്റിക്കില്ല" എന്നുപറയുന്നതുപോലെ ചില ഉദ്യോഗസ്ഥൻമാരുണ്ട്. അത്തരക്കാരുടെ പേരിൽ ശക്തമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ ലക്ഷ്യം വയ്ക്കുന്ന വികസനത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ. അതുപോലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന ഗൂഢാലോചനകൾ നാട്ടിലുണ്ടാകുന്നു, വലിയ തോതിൽ അട്ടിമറിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു എന്നൊക്കെ പറഞ്ഞ് ഇവിടെ എല്ലാവരും ചർച്ച ചെയ്തിരുന്നു. കഴിഞ്ഞ ദിവസം മലയാള മനോരമ ചാനലിൽ മാവോയിസ്റ്റുകൾ ഉൾപ്പെടെയുള്ള ഭീകരവാദ സംഘടനകൾ കേരളത്തിൽ വികസനത്തിന് എതിരായി പ്രവർത്തിക്കുന്നു എന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുറത്തുവിട്ട ഇന്റലിജൻസ് റിപ്പോർട്ടിനെക്കുറിച്ച് ഞാൻ കേട്ടിരുന്നു. ആ വാർത്തയുടെ ഉറവിടം എവിടെയാണ്, എങ്ങനെയാണ് എന്നതുസംബന്ധിച്ച് പല പ്രസിദ്ധീകരണങ്ങളിലും വന്നിരുന്നു. എന്റെ കൈയിൽ കിട്ടിയ ഒരു പ്രസിദ്ധീകരണത്തിൽ കണ്ടത് "കേരളത്തിലെ വികസനത്തിന് മാവോയിസ്റ്റുകൾ വെല്ലുവിളി എന്ന് കേന്ദ്ര റിപ്പോർട്ട്, കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കാനും സ്വാധീനം കൂട്ടാനും മാവോയിസ്റ്റുകൾ ശ്രമിക്കുകയാണെന്ന് കേന്ദ്ര സർക്കാർ. റോഡ്, പാലം എന്നിവയുടെ നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങളെ തടയാൻ മാവോയിസ്റ്റുകൾ പല വഴികളും തേടുന്നതായി ആഭ്യന്തര സുരക്ഷയ്ക്കായുള്ള പാർലമെന്ററി എസ്റ്റിമേറ്റ് കമ്മിറ്റിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാട്ടി" എന്നാണ് പറഞ്ഞിട്ടുള്ളത്.

ഇത് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ്. നിസ്സാര കാര്യങ്ങളല്ല. കേരള സംസ്ഥാനത്തിലെ വികസന പ്രവർത്തനങ്ങൾ അട്ടിമറിക്കാനുള്ള ഗൂഢപ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് സി.പി.ഐ.(എം.)-ഓ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോ അല്ല പറയുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് പറയുന്നത്. ഈ റിപ്പോർട്ട് നമ്മൾ ഗൗരവമായി കാണണം. ഇങ്ങനെ അട്ടിമറിക്കാനുള്ള പ്രവർത്തനങ്ങളിൽ അറിഞ്ഞും അറിയാതെയും കൂട്ടുനിൽക്കാൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. വയൽക്കിളികളുടെ സമരപ്പന്തലിലേയ്ക്ക് ഇന്നലെ ഒരു മാർച്ച് നടന്നു. കോൺഗ്രസ്സും ബി.ജെ.പി.-യും ലീഗും എസ്.ഡി.പി.ഐ.-യും എല്ലാവരുമുണ്ട്. മുമ്പ് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഇതിൽ നിന്ന് മാറി നിൽക്കുമായിരുന്നു. ഇപ്പോൾ അവരും കൂടി ചേരുകയാണ്. അലൈൻമെന്റിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറായാൽ നമുക്ക്

പ്രശ്നമില്ലായെന്ന് ഗവൺമെന്റ് ഒരു നയം വ്യക്തമാക്കിയതല്ലേ, നേരത്തെ 45 മീറ്ററിൽതന്നെ നടത്തണമെന്ന് നമ്മളെല്ലാവരും കൂടി ഒപ്പിട്ട് കൊടുത്തതാണ്. ശ്രീ. ജെയിംസ് മാത്യുവിന്റെ സബ്മിഷന് മറുപടി പറഞ്ഞതനുസരിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി അപ്പോൾത്തന്നെ കേന്ദ്രത്തിലേയ്ക്ക് കത്തയച്ചു. അവർ അലൈൻമെന്റ് മാറ്റിത്തന്നാൽ ഞങ്ങൾ സമ്മതിക്കാൻ തയ്യാറാണ്. അലൈൻമെന്റ് മാറ്റിക്കൊണ്ടുള്ള പ്രൊപ്പോസൽ സർക്കാർ തന്നാൽ ഞങ്ങൾ അംഗീകരിപ്പിച്ചുകൊണ്ടുവരാമെന്ന് അവിടെ പോയ ബി.ജെ.പി. പ്രതിനിധികൾ അടക്കമുള്ളവർ പറയണ്ടെ? അങ്ങനെ അംഗീകരിപ്പിച്ച് കൊണ്ടുവരാനുള്ള വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറുണ്ടോയെന്ന് ശ്രീ. ജെയിംസ് മാത്യു ചോദിച്ചു. ആ ചോദ്യങ്ങളെ അവഗണിക്കുകയും ഒരു ഭാഗത്ത് അതിന് മാറ്റം വരുത്താതിരിക്കുകയും മറുഭാഗത്ത് ഞങ്ങൾ പ്രകൃതിയെ തകർക്കാൻ ശ്രമിക്കുന്നവർ എന്നുള്ള നിലയിൽ അഭിപ്രായപ്പെടുകയും ചെയ്യുന്നു. 24 മണിക്കൂർ നിയമസഭ ചേർന്നാണ് തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. അതിരാവിലെ 3.30-4.00 മണിക്കാണ് ഞങ്ങൾ ഇവിടെനിന്നും പോയത്. ആ നിയമം വരുന്നതിന് എത്രയോ കാലം മുമ്പ് ഇവിടെയുള്ള തണ്ണീർത്തടങ്ങളെ തകർക്കരുതെന്നും നെൽവയലുകൾ സംരക്ഷിക്കണമെന്നും പറഞ്ഞുകൊണ്ട് കെ.എസ്.കെ.റ്റി.യു. സമരം നടത്തി. സഖാവ് ജി. സുധാകരന്റെയും മറ്റും നേതൃത്വത്തിലാണ് ആലപ്പുഴയിൽ നെൽവയൽ സംരക്ഷണ സമരത്തിന് നേതൃത്വം കൊടുത്തത്. ആ സമരം ഉദ്ഘാടനം ചെയ്യാൻ സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യാ സെക്രട്ടറി അടക്കം വന്നിരുന്നു. അങ്ങനെയെല്ലാമുള്ള സമരത്തിനെ നിങ്ങൾ വെട്ടിനിരത്തലുകാർ എന്ന ദുഷ്പേരിലാണ് ആക്ഷേപിച്ചത്. അവർ ഇപ്പോൾ വയൽക്കിളികളുടെ കൂടെയാണ്. അതുപോലെ കൊച്ചിൻ എയർപോർട്ട് വന്നപ്പോൾ പ്രതിഷേധക്കാരോടൊപ്പം ഞങ്ങളും കൂടിയിരുന്നു. എല്ലാവരും സഹകരിച്ചപ്പോഴാണ് അന്ന് എയർപോർട്ട് വന്നത്. അതുപോലെ ഇവിടെയും എല്ലാവരും ചേർന്ന് അംഗീകരിച്ച കാര്യങ്ങൾ നടപ്പിലാക്കാൻപോലും ഇവർ സമ്മതിക്കുന്നില്ല. നിങ്ങളുടെ ഇപ്പോഴത്തെ സമീപനത്തെക്കുറിച്ചും ഒന്നും ചെയ്യാൻ സമ്മതിക്കാത്ത നിലപാടിനെക്കുറിച്ചുമാണ് ഞാൻ പറഞ്ഞത്. കൊച്ചിൻ എയർപോർട്ട് വന്നത് ഞങ്ങൾ സമരത്തിൽ ഉറച്ച് നിന്നതുകൊണ്ടല്ല, ഞങ്ങളും കൂടി സഹകരിച്ചതുകൊണ്ടാണ് എയർപോർട്ട് വന്നത്. അക്കാര്യം പല തവണ, ശ്രീ. റോജി എം. ജോൺ സഭയിൽ വരുന്നതിന് മുമ്പ് ശർമ്മ സഖാവ് സഭയിൽ വിശദീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. സാമ്പത്തിക വർഷത്തെ അടിസ്ഥാനപ്പെടുത്തിയുള്ള എക്സ്പെൻഡിച്ചറും പേമെന്റും വിലയിരുത്തിക്കൊണ്ടുള്ള വിശകലനങ്ങളാണ് ഇവിടെ നടക്കുന്നത്. അതാണ് നമ്മുടെ സിസ്റ്റം. എ.എസ്.-ഉം ടി.എസ്.-ഉം

ലഭിച്ചുവരുമ്പോൾ താമസമുണ്ടാവുകയാണ്. എൽ.എസ്.ജി.ഡി.-ക്ക് സ്പിൽ ഓവർ വർക്ക് കൊടുത്ത് അത് തുടരാനുള്ള അവസരവും കൊടുത്തതിനുശേഷം മാർച്ച് 31-ന് അതിനെ അടിസ്ഥാനത്തപ്പെടുത്തി വിശകലനം ചെയ്യാൻ പോയാൽ എക്സ്പെൻഡിച്ചർ വളരെ കുറവായിരിക്കും. അതുകൊണ്ട് സ്പിൽ ഓവർ വർക്ക് അനുവദിക്കുന്ന സാഹചര്യത്തിൽ ഫിനാൻസ് കാൽക്കുലേഷൻ സംബന്ധിച്ചുള്ള നയം അങ്ങ് കൂടുതൽ വിശദമാക്കേണ്ടതുണ്ട്. വിഷു വരികയാണ്. എല്ലാ പെൻഷനും കൊടുക്കണം. എത്രയുംവേഗം കുടിശ്ശിക തീർത്ത് പെൻഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഈ സാഹചര്യത്തിൽ തന്നെയല്ലേ കേന്ദ്ര ബജറ്റ് വന്നത്? ഏതെങ്കിലും കോൺഗ്രസ് നേതാക്കന്മാർ ഇവിടെയോ പുറത്തോ നടത്തിയ സംസാരങ്ങളിലോ, പ്രസംഗങ്ങളിലോ കേന്ദ്ര സർക്കാരിന്റെ പൊള്ളത്തരം തുറന്നുകാട്ടി തുക വകയിരുത്താതെ ആളെ പറ്റിക്കുന്ന പ്രഖ്യാപനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിമർശനം ഉയർത്തുന്നുണ്ടോ; സമരം നടത്തുന്നുണ്ടോ; ആളുകളെ അണിനിരത്തുന്നുണ്ടോ? ഇത്തരത്തിലുള്ള ഒരു കാര്യവും ചെയ്യാതെ ശ്രീ. കെ. സി. ജോസഫ് ഞങ്ങളുടെ രാഷ്ട്രീയ നിലപാടിനെക്കുറിച്ച് വിമർശിക്കുകയുണ്ടായി. 2004-ൽ 63 അംഗ ഇടതുപക്ഷത്തിന്റെ പൂർണ്ണ പിന്തുണ നൽകിയല്ലേ ഒന്നാം യു.പി.എ. സർക്കാർ രൂപീകരിച്ചത്. നാലര വർഷം കഴിഞ്ഞപ്പോൾ നിങ്ങളുടെ നയം ഈ രാജ്യത്തെ പണയപ്പെടുത്തുന്നതായതുകൊണ്ട് ഞങ്ങൾ പിന്മാറി. ഞങ്ങളെ ഒഴിവാക്കി നിങ്ങൾ വീണ്ടും ജയിച്ചില്ലേ. നിങ്ങൾ വന്ന് 2009 മുതൽ 2011 വരെ നന്നായി ഭരിച്ചിരുന്നെങ്കിൽ ഈ അവസ്ഥയിലേയ്ക്ക് എത്തുമായിരുന്നോ? നാട് കൊള്ളയടിക്കുന്ന ആ ഭരണം അത്രകണ്ട് ജനങ്ങൾക്ക് ഭാരമായി. വിലവർദ്ധനവ്, ഡീസൽ-പെട്രോൾ വിലവർദ്ധനവ് തുടങ്ങിയ നയങ്ങൾ കാരണം നിങ്ങൾ പോയി വെറെ ഏതെങ്കിലും ചെകുത്താൻ വന്നാൽ മതിയായിരുന്നെന്ന് ജനങ്ങൾ തലയിൽ കൈ വച്ച് പറഞ്ഞു. അതിന്റെ ഫലമായാണ് ചെകുത്താൻ വന്നത്. ചെകുത്താൻ ഭരണത്തിൽ വരാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തത് നിങ്ങളാണ്. ത്രിപുരയിലും ബംഗാളിലും ഞങ്ങൾക്ക് ഭരണം പോയെന്ന് ശ്രീ. കെ. സി. ജോസഫ് പറയുകയുണ്ടായി. ഇന്ദിരാ ഗാന്ധിയുടെ മരണത്തെത്തുടർന്ന് ഉണ്ടായ പാർലമെന്റിൽ 440 അംഗങ്ങൾ ഉണ്ടായിരുന്നു. അവിടെ നിന്നാണ് നിങ്ങൾ 44-ൽ എത്തിയത്. അങ്ങനെയുള്ള ശ്രീ. കെ. സി. ജോസഫാണ് ഞങ്ങളെ ആക്ഷേപിക്കുന്നത്. ഏതോ ഒരു സിനിമയിൽ അഭിനയിച്ച കൃഷ്ണൻകുട്ടി നായരെയാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മവരുന്നത്. ആഞ്ഞടിക്കാൻ ഓങ്ങിയിട്ട് പുറകിലേയ്ക്ക് ഒറ്റ വീഴ്ചയായിരുന്നു. ചെങ്ങന്നൂരിലെ പാട്ട് മത്സരത്തിന് കാണാമെന്നാണ് ഇപ്പോൾ പറയുന്നത്. ചെങ്ങന്നൂർ മണ്ഡലം കഴിഞ്ഞ 25 വർഷമായി നിങ്ങളുടെ കയ്യിൽ ഇരുന്നതാണ്. കഴിഞ്ഞ തവണ ഞങ്ങൾ അത്

പിടിച്ചെടുത്തു. അതിനുശേഷം ആ മണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളെല്ലാം തീർച്ചയായും അവിടത്തെ ജനങ്ങൾ അംഗീകരിക്കും. ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ള മണ്ഡലങ്ങളിൽ ഒന്നാണ് ചെങ്ങന്നൂർ. തീർച്ചയായും വികസനത്തിന് ജനം വോട്ട് ചെയ്യും; ഞങ്ങൾ ജയിക്കുകയും ചെയ്യും. ആർ.എസ്.എസ്.-ന്റെ സർസംഘചാലക് മോഹൻ ഭഗവത് ഇവിടെ വന്ന് പ്രസംഗം നടത്തി. ആ പ്രസംഗം മുഴുവൻ വായിക്കാൻ എനിക്ക് സമയമില്ല. അദ്ദേഹം പറഞ്ഞത്, ആർ.എസ്.എസ്.-നെ കേരളത്തിലെ ജനങ്ങൾ സ്വീകരിക്കുന്നില്ല, അവർക്ക് ഭയമാണ് എന്നാണ്. ത്രിപുരയിൽപ്പോലും ആർ.എസ്.എസ്.-ന് സ്വാധീനമുറപ്പിക്കാൻ കഴിഞ്ഞു. കേരളത്തിൽ അതിന് കഴിയുന്നില്ലെന്ന് പറഞ്ഞ് മൂന്ന് ദിവസം നീണ്ടുനിന്ന പാലക്കാട് ശിബിരത്തിൽ ആർ.എസ്.എസ്.-നെ നിശിതമായി വിമർശിക്കുകയാണ്. ആ വാർത്തയെല്ലാം ചോർന്ന് പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. ഇവിടെ ആ നിലയിലേയ്ക്ക് ആർ.എസ്.എസ്. എത്തിയിട്ടുണ്ടെങ്കിൽ അതിൽ നിങ്ങളുടെ പങ്കെന്താണ്; നിങ്ങൾ ആർ.എസ്.എസ്.-നെതിരെ എന്തെങ്കിലും പറയുന്നുണ്ടോ? നിങ്ങൾക്ക് ഒറ്റ അജണ്ടയേ ഉള്ളൂ, ആർ.എസ്.എസ്.-ന്റെ സർസംഘചാലക് മോഹൻ ഭഗവതിനെ ഞങ്ങൾ അറസ്റ്റ് ചെയ്യണം, അപ്പോൾ ഇന്ത്യ മുഴുവൻ ആർ.എസ്.എസ്.-കാർ കലാപമുണ്ടാക്കും, അതിന്റെ പേരിൽ ഞങ്ങളെ പിരിച്ചുവിടും, പിരിച്ചുവിട്ടാൽ ഞങ്ങൾ പോയിക്കിട്ടും എന്നുള്ള ഒറ്റ വിചാരമാണ് നിങ്ങൾക്കുള്ളത്. അത് നിങ്ങൾ മാറ്റണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെയുണ്ട്. അങ്ങയുടെ മണ്ഡലത്തിൽ അടുത്ത കാലത്ത് നടന്ന സംഭവം അങ്ങയുടെ കൂടി അറിവോടെയാണോയെന്ന് എല്ലാവരും സംശയിക്കുന്നു. പള്ളിപ്പാട് ഐ.റ്റി.ഐ.-യിൽ നടന്ന തെരഞ്ഞെടുപ്പിൽ കെ.എസ്.യു.-വിന്റെ കൊടിയും എ.ബി.വി.പി.-യുടെ കൊടിയും ഒരുമിച്ച് കെട്ടി, സംയുക്ത കമ്മിറ്റി ഉണ്ടാക്കി മത്സരിക്കുകയാണ് ചെയ്തത്. അങ്ങ് അറിഞ്ഞില്ലായിരിക്കും. പക്ഷേ വാർത്ത വന്നപ്പോഴെങ്കിലും അങ്ങ് പ്രതികരിക്കണ്ടേ? ചെയർമാൻ, മാഗസിൻ എഡിറ്റർ, ജനറൽ സെക്രട്ടറി, സ്പോർട്സ് സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ എ.ബി.വി.പി.-യുമായി പരസ്പരം സീറ്റ് വിഭജനം നടത്തിയെങ്കിലും മുഴുവൻ സീറ്റുകളിലും എസ്.എഫ്.ഐ. ജയിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ നടന്ന സംഭവമാണിത്. അങ്ങിത് കണ്ടില്ലെന്ന് നടിക്കരുത്. ഇത് ഭാവിയിലേയ്ക്കുള്ള വിരൽചൂണ്ടലാണ്. മുതിർന്നവർ അറിയാതെ വിദ്യാർത്ഥികൾ മാത്രമായി ഇത്തരത്തിൽ ഒരു കൂട്ടുകെട്ട് ഉണ്ടാക്കുമോ? അവരെല്ലാം ചേർന്ന് നമ്മുടെ നാടിനെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന് ഓർമ്മിക്കണം. ശ്രീ. പി. ഉബൈദുള്ളയുടെ പ്രസംഗം കേട്ടു. അദ്ദേഹം മാവിലായിക്കാരനാണെന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ രണ്ട് വർഷമായി മാത്രമേ ശശികല ടീച്ചർ വിഷം ചീറ്റാൻ തുടങ്ങിയുള്ളൂ, അതിന് മുമ്പ്

അവർ പാല്യം പാൽപ്പായസവുമായിരുന്നു. കഴിഞ്ഞ അഞ്ച് വർഷം അവർക്കെതിരെ എത്ര കേസെടുത്തു; കുറച്ച് കേസെങ്കിലും എടുക്കാൻ ഇപ്പോഴല്ലേ കഴിഞ്ഞുള്ളൂ? ഫറൂഖ് കോളേജിലെ അദ്ധ്യാപകന്റെ കാര്യത്തിൽ ഇരട്ട നീതിയെന്ന് പറയുന്നു. കേസ് കൊടുത്തത് എം.എസ്.എഫ്.-ന്റെ ചെയർപേഴ്സണല്ലേ? കേസെടുത്തില്ലെങ്കിൽ സ്ത്രീകളെ അപമാനിച്ചതിനെതിരായി കൊടുത്ത പരാതിയിൽ പിണറായി ഗവൺമെന്റ് കേസ്സെടുത്തില്ലെന്ന് പറയും. കേസ്സെടുത്താൽ ഇരട്ടനീതിയെന്ന് പറയും. സി.ബി.ഐ.-യെക്കുറിച്ച് പറഞ്ഞു. സി.ബി.ഐ. കേസ്സെടുക്കണമെന്നും അപ്പീൽ പോയെന്നും മറ്റും പറഞ്ഞു. ചിദംബരത്തിന്റെ മകന്റെ പേരിൽ കേസ്സെടുത്താൽ സി.ബി.ഐ. കുഴപ്പമാണെന്ന് പറയും. നീരവ് മോദിമാരുടെയും മറ്റ് ബാങ്ക് കൊള്ളക്കാരുടെയും പേരിൽ ഉയർത്തിക്കൊണ്ടുവരുന്ന പ്രതിഷേധത്തിന്റെ വഴിതിരിച്ചുവിടാനുള്ള കോൺഗ്രസ് വക്താവിന്റെ പ്രസംഗം എന്റെ കയ്യിലുണ്ട്. അതിൽ പറയുന്നത്, കേന്ദ്ര ഗവൺമെന്റിനെതിരെ ഉയർന്നുവരുന്ന പ്രതിഷേധം വഴിതിരിച്ചുവിടാനാണ് കാർത്തി ചിദംബരത്തിനെയും മറ്റും സി.ബി.ഐ. അറസ്റ്റ് ചെയ്ത് രാഷ്ട്രീയ ദുഷ്ടലാക്കോടെ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് എന്നാണ്. സി.ബി.ഐ.-യെപ്പോലെ മോശപ്പെട്ട അന്വേഷണ ഏജൻസി വേറെയില്ലെന്ന് പ്രസ്താവന ഇറക്കുകയാണ്. ഇവിടെ വരുമ്പോൾ സി.ബി.ഐ.-യെ ന്യായീകരിക്കുകയാണ്. ഈ ഇരട്ടന്യായങ്ങളാണ് നിങ്ങൾ ഓരോ കാര്യത്തിലും ഉയർത്തിക്കൊണ്ടുവരുന്നത്. ഇത്തരത്തിലുള്ള സമീപനമാണ് ഇവർ ഇങ്ങനെ ഒറ്റപ്പെട്ട് കൊണ്ടിരിക്കുന്നതിന് കാരണം. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ നാടിന്റെ വികസനത്തിന് ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹികക്ഷേമം, പശ്ചാത്തല വികസനം എന്നിങ്ങനെ സമസ്ത രംഗത്തും ഈ ഗവൺമെന്റ് നടത്തുന്ന ഇടപെടലുകൾക്കാണ് ദേശീയ തലത്തിലും മറ്റ് തലങ്ങളിലുമെല്ലാം അംഗീകാരം ലഭിക്കുന്നത്. എല്ലാ തലത്തിലും എല്ലാവരാലും വിലയിരുത്തപ്പെടുന്ന ആ മാറ്റം കാണാൻ കഴിയും. ആ മാറ്റത്തിന്റെ തുടർച്ചയ്ക്ക്, ഈ ഗവൺമെന്റ് ധനവിനിയോഗ ബില്ലിലൂടെ ആവശ്യപ്പെടുന്ന കാര്യങ്ങൾക്കെല്ലാം പണം അനുവദിച്ചാൽ മാത്രമേ അതെല്ലാം നടപ്പിലാക്കാൻ കഴിയൂ. ആ പണം അനുവദിച്ച് കേരളത്തെ ഉന്നത നിലവാരത്തിലേയ്ക്ക് എത്തിക്കാൻ വേണ്ടിയുള്ള ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

2.00 PM]

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പമന്ത്രിയോട് ഒരു കാര്യം

ചോദിക്കാനുള്ളത്, കഴിഞ്ഞ വർഷം ത്രിതല പഞ്ചായത്തുകൾക്ക് ഏപ്രിൽ മാസത്തിൽ പണി ചെയ്ത വർക്കുകളുടെ സ്പിൽഓവറിന് പണം നൽകുമെന്ന് പറഞ്ഞു. മെയിന്റനൻസ് ഗ്രാന്റും ബില്ലുമൊക്കെ വന്നു. ആ മെയിന്റനൻസ് ഗ്രാന്റ് ബില്ലുകളൊക്കെ പഞ്ചായത്തുകൾ സബ്മിറ്റ് ചെയ്തിട്ട് സ്പിൽ ഓവറിന് പണം നൽകാത്തതിന്റെ പേരിൽ ഗ്രാമ പഞ്ചായത്തിലായാലും ബ്ലോക്ക് പഞ്ചായത്തിലായാലും ജില്ലാ പഞ്ചായത്തിലായാലും, ത്രിതല പഞ്ചായത്തുകളിലൊക്കെ ഇന്ന് അതിന്റെ പേമെന്റ് നടക്കുന്നില്ല. നാളെ 27-ാം തീയതി ആകുമ്പോൾ ജില്ലാ പഞ്ചായത്തുകളും മറ്റു പഞ്ചായത്തുകളുമൊക്കെ ബിൽ സബ്മിറ്റ് ചെയ്യുകയാണ്. നാലാമത്തെ ഗഡു ഇതുവരെ കൊടുത്തിട്ടില്ല. അങ്ങ് ഇപ്പോൾ പല പദ്ധതികളെ സംബന്ധിച്ചും പറയുന്നുണ്ട്. ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റ് നൽകുമെന്ന് പറഞ്ഞിരുന്നു. പദ്ധതി തയ്യാറാക്കി, ആദ്യം നിങ്ങൾ കൊടുക്കുന്നില്ലെന്ന് പറഞ്ഞു, പിന്നീട് ഫിനാൻസ് കമ്മീഷന്റെ പദ്ധതികൾ പഞ്ചായത്തുകൾ തയ്യാറാക്കി പണം സംഭരിച്ചു. അസോസിയേഷന്റെ ആളുകൾ ബഹുമാനപ്പെട്ട ധനകാര്യകാര്യ വകുപ്പുമന്ത്രിയെ കണ്ടല്ലോ; അവർ ബില്ലും സമർപ്പിച്ചല്ലോ, അതിന്റെ ഫണ്ട് നിങ്ങൾ കൊടുത്തിട്ടില്ലല്ലോ. അതുപോലെതന്നെ നാലാമത്തെ ഗഡു കൊടുത്തിട്ടില്ലെന്ന് ഞാനിവിടെ പറഞ്ഞു. ആദ്യം ഒരു ഉത്തരവിലൂടെ സ്പിൽ ഓവറുകൾക്ക് പണം നൽകില്ലെന്ന് പറഞ്ഞു. രണ്ടാമത് ആ ഉത്തരവ് മാറ്റി പണം കൊടുക്കുമെന്ന് പറഞ്ഞു. കഴിഞ്ഞ വർഷത്തെ പണം ഇക്കൊല്ലവും കൊടുക്കാൻ കഴിഞ്ഞില്ല. ഇന്ന് ഗ്യാലറിയിൽ ഒരു ഉദ്യോഗസ്ഥൻ പോലുമില്ല. നിങ്ങൾക്ക് അഡ്വൈസ് നൽകുന്ന ഒറ്റ ഉദ്യോഗസ്ഥർ ഗ്യാലറിയിലുണ്ടോയെന്ന് നോക്കണം, ധനകാര്യ വകുപ്പിൽ എത്ര ഉദ്യോഗസ്ഥരുള്ളതാണ്? ഞങ്ങൾ പറയുന്ന കാര്യം മനസ്സിലാക്കണം. ഇങ്ങനെയായാൽ എങ്ങനെയാണ് പഞ്ചായത്തുകൾ 100 ശതമാനം ചെലവാക്കുന്നത്? ഡോ. കെ. ടി. ജലീൽ മുസ്ലീം ലീഗുകാരെ കുറ്റപ്പെടുത്തുന്നതിൽ കുഴപ്പമില്ല, എന്നാൽ അത് മര്യാദയ്ക്ക് നടത്താൻ തയ്യാറല്ല. 732 പഞ്ചായത്തുകൾ നിങ്ങളാണ് ഭരിക്കുന്നത്, ഞങ്ങളല്ല. ഇതിൽ കക്ഷി രാഷ്ട്രീയമൊന്നുമില്ല. ഇക്കാര്യം ഒന്ന് ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. ഇവിടെ, ഈ വയൽക്കിളികൾ, ബൈപ്പാസ് എന്നൊക്കെ പറഞ്ഞിരിക്കുകയാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി, നിങ്ങൾക്കെങ്കിലും കുറച്ച് വിവരമുണ്ടെന്നാണ് വിചാരിച്ചത്. ഞങ്ങളാണോ എതിർത്തത്? നിങ്ങളുടെ പാർട്ടിക്കാരെ നിങ്ങൾ ബൈപ്പാസിന്റെ കാര്യം ബോദ്ധ്യപ്പെടുത്തണം. ഞങ്ങളുടെ നേർക്ക് തിരിഞ്ഞിട്ട് കാര്യമില്ല. എടവണ്ണരോ പൂക്കോട്ടൂരോ ആണെങ്കിൽ ഞങ്ങൾ ബോദ്ധ്യപ്പെടുത്താം. തളിപ്പറമ്പ് പാർട്ടിഗ്രാമത്തിൽ പോയി ബൈപ്പാസിന്റെ കാര്യം നിങ്ങൾ ബോദ്ധ്യപ്പെടുത്തണം. ഞങ്ങളല്ല ബോദ്ധ്യപ്പെടുത്തേണ്ടത്. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം,

നന്ദിഗ്രാം, സിങ്കൂർ ഇതൊക്കെ നിങ്ങൾ ഭരിച്ച സ്ഥലമാണ്. അവിടെ ഇതുപോലെ ഉണ്ടായപ്പോഴാണ് അവസാനം ഒന്നുമില്ലാതെ പോയത്. 180-ഉം 200-ഉം സീറ്റുണ്ടായിരുന്ന പശ്ചിമ ബംഗാളിൽ എന്താണ് സംഭവിച്ചത്; അവിടെ നിങ്ങൾ ആരായിരുന്നു? ആര് കാരണമാണ് ഇങ്ങനെ സംഭവിച്ചത്; ഞങ്ങൾ കാരണമാണോ? എന്റെ ബഹുമാന്യ സുഹൃത്ത് ജെയിംസ് മാത്യു അവിടെയിരുന്ന് കയ്യടിച്ചു. ഞാൻ സി.പി.ഐ.(എം.)-നോട് ചോദിക്കട്ടെ, ബി.ജെ.പി. അധികാരത്തിൽ വന്നിട്ട് നിങ്ങൾ എല്ലാ കാലത്തും കേന്ദ്ര വിരുദ്ധ സമരം നടത്താറുണ്ടല്ലോ; ഈ കോൺഗ്രസ് ഭരിക്കുമ്പോഴെല്ലാം കേന്ദ്രവിരുദ്ധ സമരം നടത്തിയിട്ടുണ്ടല്ലോ; ഇപ്പോഴെന്താണ് നിങ്ങൾ സമരം നടത്താത്തത്? കോൺഗ്രസ് ഭരിക്കുന്ന കാലത്ത് എന്നും നിങ്ങൾ കേന്ദ്രവിരുദ്ധ സമരം നടത്തുമായിരുന്നില്ലേ? ഇപ്പോൾ നിങ്ങൾ ഒരിടത്തും സമരം നടത്തിയിട്ടില്ല. നിങ്ങൾക്ക് അതിന് കഴിയുകയില്ല. ഇവിടെ ശ്രീ. എ. എൻ. ഷംസീർ മുസ്ലീം ലീഗിന്റെ മീറ്റിംഗ് 'ഈറ്റിംഗ്' ആണെന്ന് പറഞ്ഞു. നിങ്ങളുടേതോ, നിങ്ങളുടെ മീറ്റിംഗ് 'മീറ്റിംഗ്', 'കില്ലിംഗ്', 'അബ്സ്കോണ്ടിംഗ് (എം.കെ.)' എന്നതാണ്. ഞങ്ങൾ തിന്നുകയല്ലാതെ വേറെ ഒന്നും ചെയ്യുന്നില്ലല്ലോ. അത് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. പി. കെ. ശശി, എനിക്ക് രാഷ്ട്രീയം അറിയില്ലെന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ പാർട്ടി നിങ്ങളുടെ സംസ്ഥാന കമ്മിറ്റി, ശ്രീ. പ്രകാശ് കാരാട്ട് ആരാണ്; പാലക്കാട്ടുകാരനാണ്. അയാൾ തൃശ്ശൂർ വന്ന് സംസ്ഥാന സമ്മേളനത്തിൽ ഇംഗ്ലീഷിൽ പ്രസംഗിക്കുകയാണ്. മലയാളത്തിൽ പറഞ്ഞാൽ പോരേ, അത് ട്രാൻസ്‌ലേറ്റ് ചെയ്യുന്നത് പാലക്കാട് എം.പി., ശ്രീ. എം. ബി. രാജേഷ്. വല്ല കാര്യവുമുണ്ടോ, നിങ്ങളുടെ പാർട്ടിയുടെ സ്ഥിതി എന്താണ്? നിങ്ങൾ ഇപ്പോൾ എവിടെയാണുള്ളത്; നിങ്ങൾ ഞങ്ങളെപ്പറ്റിയൊക്കെ പറയുന്നുണ്ടല്ലോ; ഞങ്ങളും നിങ്ങളും ഈക്വലാണ്. പശ്ചിമ ബംഗാളിൽ നിങ്ങൾക്ക് രണ്ട് എം.പി.-മാർ, മുസ്ലീം ലീഗിന് കേരളത്തിൽ നിന്ന് 2 എം.പി.-മാർ. നിങ്ങൾക്ക് ആകെ കിട്ടിയത് 3000 വോട്ടിന്റെ ലീഡ്. ഒരാൾക്ക് കിട്ടിയത് 1700 വോട്ടിന്റെ ലീഡ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് 1,76,000 വോട്ടിന്റെ ലീഡ്. ത്രിപുരയിൽ എന്താണ് സംഭവിച്ചത്, നിങ്ങളുടെ കയ്യിലിരിപ്പുകൊണ്ടല്ലേ, നിങ്ങളെന്തിനാണ് കോൺഗ്രസിനെ പറയുന്നത്? നിങ്ങൾ കോൺഗ്രസിനെ തകർക്കാൻ ഏത് 'ശെയ്ത്താനുമായും' കൂട്ടുകൂടും. അങ്ങനെകൂടി നിങ്ങൾക്ക് അവസാനം 'കുട്ടാറുവിന്റെ' ഗതിയുണ്ടായി. 'കുട്ടാറ്' ഞങ്ങളുടെ നാടൻ ഭാഷയാണ്. വേറെ എന്താണ് ഉണ്ടായത്? നിങ്ങൾ ആലോചിച്ചുനോക്കണം. നിങ്ങൾ പറയുന്നുണ്ടല്ലോ ഇ.എം.എസ്., ഹർകിഷൻ സിംഗ് സുർജിത്, എൽ. കെ. അദ്വാനി, എ. ബി. വാജ്പേയ് എന്നൊക്കെ, എല്ലാ ചൊവ്വാഴ്ചയും രാത്രി 7.00 മണിക്ക്

പ്രധാനമന്ത്രിയുടെ വസതിയിൽ ഡിന്നർ കഴിച്ച്, മൂക്കറ്റം ഭക്ഷിച്ചുകൊണ്ടാണ് കോൺഗ്രസിനെ പരാജയപ്പെടുത്താൻ ബി.ജെ.പി.-യെ വളർത്തിയത്. അല്ലാതെ ഞങ്ങളല്ല, ആ മീറ്റിംഗ് 'ഈറ്റിംഗല്ലേ?' ഞങ്ങൾ വികസനത്തിനെതിരാണെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ; ഇതൊക്കെ എന്നാണ് തുടങ്ങിയത്? നിങ്ങൾ കഴിഞ്ഞ പ്രാവശ്യം ഗെയിൽ പൈപ്പ്ലൈനുമായി ബന്ധപ്പെട്ട സമരത്തിൽ എന്താണ് ചെയ്തത്? നിങ്ങൾക്കെതിരെ ആരെങ്കിലും സമരം ചെയ്താൽ അത് തീവ്രവാദികൾ, നിങ്ങൾ അധികാരത്തിലുണ്ടായിരുന്നപ്പോൾ ഏതൊക്കെ സമരമുണ്ടായി; എക്സ്പ്രസ്സ് ഹൈവേ, 650 കിലോമീറ്റർ, 6½ മണിക്കൂർകൊണ്ട് കാസർഗോഡുനിന്ന് തിരുവനന്തപുരത്ത് എത്താം. ആരാണ് സമരം ചെയ്തത്, ഇന്ന് നിങ്ങളുടെ കൂടെ വന്ന, ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ശ്രീ. എം. പി. വീരേന്ദ്ര കുമാർ ഒക്കെ പ്രകൃതിയും പരിസ്ഥിതിയുമൊക്കെ പറഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും പോകാൻ കഴിയില്ലെന്ന് പറഞ്ഞു. ഇപ്പോൾ നിങ്ങൾക്കെന്താണ് അങ്ങനെ തോന്നിയത്; അന്ന് ഞങ്ങൾ ഭരിക്കുമ്പോൾ കഴിയുകയില്ല, എന്റെ മണ്ഡലത്തിൽ, മലപ്പുറം ജില്ലയിൽ ഗെയിൽ പൈപ്പ്ലൈനുമായി ബന്ധപ്പെട്ട സമരത്തിന് നേതൃത്വം കൊടുത്തത് സി.പി.ഐ.(എം.)-ന്റെ നേതാവായിരുന്നു. ഇപ്പോൾ അധികാരം നിങ്ങൾക്കുവന്നപ്പോൾ ആർക്കും ഒരു പ്രശ്നവുമില്ല. നിങ്ങളുടെ ഭരണകാലത്ത് തിരുവമ്പാടി എങ്ങനെയായിരുന്നുവെന്ന് ശ്രീ. ജോർജ് എം. തോമസ് പറയട്ടെ. ഞങ്ങൾ വികസനത്തിനെതിരല്ല, ഞങ്ങൾ നാഷണൽ ഹൈവേയെപ്പറ്റി എന്താണ് പറഞ്ഞത്, നാഷണൽ ഹൈവേയിൽ ബൈപ്പാസ് നിർമ്മിക്കുമ്പോൾ വീടും കാര്യങ്ങളൊക്കെ നഷ്ടപ്പെട്ട ആളുകളെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി, ഇത്ര രൂപ നഷ്ടപരിഹാരം ലഭ്യമാക്കുമെന്ന് അവരെ ബോദ്ധ്യപ്പെടുത്തി സ്ഥലമെടുക്കാനാണ് പറഞ്ഞിട്ടുള്ളത്. സ്ഥലമെടുക്കണ്ട എന്നു പറഞ്ഞില്ല. നിങ്ങളെന്തിനാണ് ഈ പോലീസിനെയും പട്ടാളത്തെയും ചൈനയിലും പോളണ്ടിനേയുംപോലെ ഒന്നായി കൊണ്ടുപോയത്? ഇതൊരു ജനാധിപത്യ രാജ്യമല്ലേ? അത് നിങ്ങൾക്ക് അലോചിച്ചുകൂടേ. ഇവിടെ കുറേ ബൈപ്പാസ് വരുന്നുവെന്ന് ശ്രീ. റ്റി. വി. രാജേഷിന് എവിടെനിന്നോ കുറേ കണക്ക് കിട്ടിയിരിക്കുന്നു. നാട്ടിൽ ബൈപ്പാസുണ്ടാകില്ലേ; അത് സത്യംതന്നെയല്ലേ. ആ ബൈപ്പാസെല്ലാം നിങ്ങൾ ക്ലോസ് ചെയ്തോളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ലീഗ് വികസനത്തിനൊന്നും എതിരല്ല. സ്വന്തം പാർട്ടിഗ്രാമത്തിൽ ചെന്നിട്ട് പാർട്ടി ലോക്കൽ കമ്മിറ്റിയെ നിങ്ങൾ ബോദ്ധ്യപ്പെടുത്തിക്കോളൂ. അവർ നിങ്ങളുടെ കൊടി പിടിച്ചവരാണ്. ഞങ്ങളുടെ കൊടി പിടിക്കുന്നവരല്ല. അവരെ ബോദ്ധ്യപ്പെടുത്താൻ കഴിയാത്ത നിങ്ങൾ

എന്തിനാണ് ഞങ്ങളോട് പറയുന്നത്? കോൺഗ്രസിന്റെ ചരിത്രം നിങ്ങൾ കുറേ പറയുന്നുണ്ട്. ഞാൻ ചോദിക്കട്ടെ, നെഹ്റു കുടുംബത്തെപ്പറ്റി പറഞ്ഞു. നിങ്ങളിലോ പ്രകാശ് കാരാട്ട്, അദ്ദേഹത്തിന്റെ ഭാര്യ വൃന്ദാ കാരാട്ട്. ഭാര്യയും ഭർത്താവും പോളിറ്റ് ബ്യൂറോ അംഗങ്ങളാണ്. നിങ്ങൾ ഒന്ന് ആലോചിച്ച് നോക്കണം. ഇതാണോ സി.പി.ഐ.(എം.). ആനി രാജ, ദുരൈസാമി രാജ ഇതൊക്കെയല്ലേ, എല്ലാവർക്കും അവനവന്റെ മക്കളും കുട്ടികളും മറ്റും രാഷ്ട്രീയത്തിൽ വരണമെന്ന് ഉള്ളുകൊണ്ട് ആഗ്രഹമുണ്ടാകും. നിങ്ങളുമൊക്കെ അങ്ങനെയാകും. അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. അത് നിങ്ങൾ മനസ്സിലാക്കണം.നിങ്ങൾ ഇതിൽനിന്നൊക്കെ ഒരു പാഠം പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോൺഗ്രസ്സിന് എന്തൊക്കെ കുറ്റവും കുറവുകളുമുണ്ട്, അതൊരു ജനാധിപത്യ പാർട്ടിയാണ്, അതൊരു മതേതര പാർട്ടിയാണ്. ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. 1977-ൽ ഇന്ദിരാഗാന്ധി തോറ്റു. ആ പരാജയം ഇന്ദിരാഗാന്ധി ഉൾക്കൊണ്ടു. നിങ്ങളാണെങ്കിൽ ഉൾക്കൊള്ളുമോ? ഫണ്ട് ചെലവഴിക്കാൻ ട്രഷറിക്ക് നാളെ മാത്രമാണ് നിങ്ങൾ സമയം വച്ചത്. അത് മന്ത്രിയുടെ നമ്പരാണെന്ന് എനിക്ക് നന്നായിട്ടറിയാം. കാരണം, പൈസ കൊടുക്കാനില്ല. ഈ കാര്യത്തിൽ അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട പി. കെ. ബഷീർ രണ്ട് ഗുരുതരമായ തെറ്റുകൾ ഈ സഭയിൽ പറഞ്ഞു. അതിലൊന്ന്, എക്സ്പ്രസ്സ് ഹൈവേയെ ഞങ്ങൾ എതിർത്തുവെന്നതാണ്. എക്സ്പ്രസ്സ് ഹൈവേയെ ഞങ്ങൾ എതിർത്തിട്ടില്ല. ഡോ. എം. കെ. മുനീർ ഇവിടെ വരുമ്പോൾ ചോദിച്ചുനോക്കണം. എക്സ്പ്രസ്സ് ഹൈവേയുടെ പ്രശ്നം വന്നപ്പോൾ അന്ന് നിയമസഭയ്ക്കുള്ളിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ശ്രീ. എം. വി. ജയരാജനും ഞാനുമാണ് ആദ്യമായി എം.എൽ.എ.-മാർ എന്ന നിലയിൽ ഇതിലൊരു പ്രതികരണം നടത്തിയിട്ടുള്ളത്. അത്തരം തെറ്റിദ്ധാരണാജനകമായിട്ടുള്ള കാര്യങ്ങൾ ദയവ് ചെയ്ത് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നീട് കേരള മൊട്ടാകെ ഇതിനെ അനുകൂലിക്കുന്ന സ്ഥിതിവിശേഷമുണ്ടായിയെന്നതും യാഥാർത്ഥ്യമാണ്. ചില എതിർപ്പുകളുമുണ്ടായിരുന്നു. ഞങ്ങൾക്ക് അതുമായി ഉത്തരവാദിത്വമില്ല. 2011-ൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്ന കാലഘട്ടത്തിലാണ് ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. അതിനെ ആരും എതിർത്തിട്ടില്ല. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ആവശ്യമാണെന്നതുകൊണ്ടുതന്നെയാണ് എല്ലാ

ആളുകളും അനുകൂലിച്ചത്. പക്ഷെ, ഇന്ന് നിങ്ങളെടുക്കുന്ന സമീപനം തെറ്റാണ്. ഞങ്ങൾക്ക് സൂചിപ്പിക്കാൻ ഒരു കാര്യം മാത്രമേയുള്ളൂ. ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കണ്ട് യു.ഡി.എഫ്. പരിഭ്രാന്തിയിലാണ്. ഈ നിലയിൽ കേരളം മുന്നോട്ടുപോയാൽ ഇന്ന് യു.ഡി.എഫ്.-നൊപ്പം അണിനിരന്നിരിക്കുന്ന ജനങ്ങളാകെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കൊപ്പം അണിനിരക്കുമെന്ന് യു.ഡി.എഫ്. ഭയപ്പെടുകയാണ്. അതുകൊണ്ടാണ് പുറകിൽനിന്നും മുന്നിൽനിന്നും ഒളിഞ്ഞും തെളിഞ്ഞും ഇത്തരം സമരങ്ങളെ പിന്തുണയ്ക്കാൻ കോൺഗ്രസ്സ് ഉൾപ്പെടെയുള്ള പാർട്ടികൾ തയ്യാറാകുന്നത്. അത് തിരുത്തണം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് നല്ല കാര്യങ്ങളെ ഞങ്ങൾ അനുകൂലിക്കും, നിങ്ങളെപ്പോലെ എല്ലാത്തിനേയും എതിർക്കുന്ന പാർട്ടിയല്ല, മുന്നണിയല്ല എന്നാണ്. നിങ്ങളുടെ ആ ആദർശങ്ങളൊക്കെ ഇപ്പോൾ എവിടെപ്പോയി. വളരെ വേഗതയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇന്ത്യയിൽ ആദ്യമായി എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചൊരു സംസ്ഥാനമെന്ന് പറയുമ്പോൾ രാജ്യം മുഴുവൻ കേരളത്തെ ബഹുമാനിക്കുകയാണ്. രാജ്യം മുഴുവൻ കേരളമൊരു മാതൃകയാണെന്നാണ് പറയുന്നത്. എല്ലാ വീടുകളിലും ശൗചാലയമുണ്ടാക്കിയ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുമ്പോൾ ഇന്ത്യയിലെ ജനങ്ങൾക്കാകെ അഭിമാനമല്ലേ തോന്നുക; അതിനെ അനുകൂലിക്കുകയല്ലേ വേണ്ടത്? ആ നിലയിൽ ഓരോ പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെ നടത്തിയ സ്റ്റേറ്റ്മെന്റ്, 86,000 കോടി രൂപയുടെ വികസന പദ്ധതികളാണ് കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ്. കേരള ചരിത്രത്തിൽ ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഫണ്ടുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഇത്രയും വലിയൊരു മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ധനകാര്യ വകുപ്പിനെ നിങ്ങൾ ആക്ഷേപിച്ചു, ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. എത്രയോ നല്ല നിലയിലാണ് കേരളത്തിൽ ധനകാര്യവകുപ്പിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റാണ് പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകളുടെ പെൻഷൻ 600 രൂപയിൽനിന്ന് 1,100 രൂപയായി വർദ്ധിപ്പിച്ചത്. അവരുടെ കുടിശ്ശിക കൊടുത്തു. ഇനി നാല് മാസത്തെ കുടിശ്ശികയുണ്ട്. ആ നാലുമാസത്തെ കുടിശ്ശിക കൊടുക്കണമെന്നുണ്ടെങ്കിൽ 2,000 കോടിയോളം രൂപ വേണ്ടിവരും. നാലുമാസത്തെ പെൻഷൻ കുടിശ്ശിക കൊടുക്കാനുള്ള പ്രഖ്യാപനം അങ്ങ് നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

196000-ൽ നിന്നും 220000 ഏക്കറായി കേരളത്തിലെ നെൽവയലിന്റെ വിസ്തീർണ്ണം വർദ്ധിച്ചിരിക്കുകയാണ്. തെറ്റിദ്ധാരണാജനകമായിട്ടുള്ള പ്രസ്താവനകൾ നടത്തുന്നതിൽനിന്നും പിൻതിരിയണം. വിലക്കയറ്റത്തെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ഇവിടെ ഉയർന്നുവന്നതാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ ഈ ഗവൺമെന്റ് എത്രയോ സൃഷ്ടിപരമായ നടപടികളാണ് സ്വീകരിച്ചത്. കഴിഞ്ഞ ഒന്നര വർഷക്കാലത്തിനിടയിൽ പതിനാറായിരം പട്ടയങ്ങൾ നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്തു. നിങ്ങൾ അഞ്ചുവർഷക്കാലംകൊണ്ട് കേവലം 8,000 പട്ടയങ്ങൾ മാത്രമാണ് വിതരണം ചെയ്തത്. ആ സ്ഥാനത്ത് പതിനാറായിരം പട്ടയങ്ങൾ വിതരണം ചെയ്തുകൊണ്ട് നല്ലൊരു മാതൃക സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഹൈടെക് ക്ലാസ്സ് മുറികളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളം വീണ്ടും ഇന്ത്യക്ക് മാതൃകയാവുകയാണ്. ഇന്ത്യയിൽ ആദ്യമായി എല്ലാ വിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ്സ് മുറികൾ കടന്നുവരുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ അസൂയയോടുകൂടി നോക്കുകയാണ്. ഈ ഗവൺമെന്റ് കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുകയാണെന്നുള്ള വലിയ പ്രചരണം നടത്തിയില്ലേ; കേരള ഗവൺമെന്റാണോ തീരുമാനമെടുത്തത്? നിങ്ങളുടെ കാലഘട്ടത്തിൽ 5462 മദ്യഷോപ്പുകൾ ഉണ്ടായിരുന്നത് ഇന്ന് 4446 ആയി കുറഞ്ഞു. സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ച് മദ്യശാലകൾ തുറക്കുമ്പോൾ സുപ്രീംകോടതിയെ വിമർശിക്കാൻ നിങ്ങൾക്ക് നട്ടെല്ലില്ല. വിമർശനം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെതിരെയാണ്. ആ നിലയിലുള്ള പ്രചരണം നടത്തി കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള നിഗൂഢമായ ശ്രമങ്ങൾ കേരളത്തിലെ ജനത തള്ളിക്കളയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സി.എം.എസ്. സർവ്വേ പുറത്തുവന്നു. അഴിമതി ഏറ്റവും കുറവുള്ള സംസ്ഥാനമായി കേരളം മാറുന്നു. അഴിമതി കേരളത്തിൽ 4 ശതമാനമാണ്. തൊട്ടപ്പുറത്തുള്ള കർണ്ണാടക 77 ശതമാനമായി ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. ആന്ധ്രാ പ്രദേശ് 68 ശതമാനം, ഗുജറാത്ത് 45 ശതമാനം, മഹാരാഷ്ട്ര 48 ശതമാനം, കേരളം 4 ശതമാനം. അഴിമതിക്കെതിരെയുള്ള പോരാട്ടം ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണെങ്കിൽ ആ നയം നടപ്പിലാക്കാൻ അക്ഷരാർത്ഥത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി മുന്നോട്ടുവരികയാണ്. ഒന്നര വർഷക്കാലമായപ്പോൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെപ്പറ്റി നമ്മുടെ നാട്ടിൽ നടന്ന ചർച്ചകളെന്തായിരുന്നു? ഞങ്ങളല്ലല്ലോ ചർച്ചകൾ ആരംഭിച്ചത്. ഇന്ന് കേരളത്തിൽ വികസനത്തിനുവേണ്ടിയുള്ള ചർച്ചകൾ ഒരുഭാഗത്ത്, ആ വികസനത്തെ ഇല്ലാതാക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ മറുഭാഗത്ത് നടക്കുകയാണ്.

അതുകൊണ്ടുതന്നെ ശ്രീ. റ്റി. വി. രാജേഷ് ഇവിടെ സൂചിപ്പിച്ച കാര്യം ഞാൻ ആവർത്തിക്കുന്നു, കീഴാറ്റൂരിലെ പുതിയ ബൈപ്പാസ് നെൽവയലിൽക്കൂടി വേണ്ടായെന്നാണ് അഭിപ്രായമെങ്കിൽ നമുക്ക് എന്തുകൊണ്ട് തളിപ്പറമ്പ് പട്ടണത്തിൽക്കൂടി ഈ ബൈപ്പാസ് കൊണ്ടുപോയിക്കൂടാ? അക്കാര്യം ഗവൺമെന്റ് ആലോചിക്കണം. തളിപ്പറമ്പ് പട്ടണത്തിൽക്കൂടെത്തന്നെ ഇത് കൊണ്ടുപോകണം. ആ പട്ടണത്തെ ഒഴിവാക്കാനാണ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരിക്കുമ്പോൾ തീരുമാനിച്ചത്.

ശ്രീ. ജെയിംസ് മാത്യു: സർ, ശ്രീ. രാജു എബ്രഹാം സൂചിപ്പിച്ചതുപോലെ അവിടെ ഇന്നലെ വളരെ വലിയ ഒരു കൂട്ടായ്മയുണ്ടായി. അത് ഞങ്ങൾ സശ്രദ്ധം വീക്ഷിച്ചു. ഒരൊറ്റയാളുപോലും പോംവഴി നിർദ്ദേശിക്കുന്നില്ല. കീഴാറ്റൂരിൽ നടക്കുന്ന സമരം വിജയിക്കണം. ആ സമരത്തിന് ഞങ്ങൾ പിന്തുണ നൽകുകയാണ്. എന്താണ് സമരക്കാർ ഉന്നയിച്ച ആവശ്യം. പകരം ഞങ്ങൾക്കെന്താണ് നിർദ്ദേശിക്കാനുള്ളത്. ശ്രീ. രാജു എബ്രഹാമിനുശേഷം ശ്രീ. വി. ഡി. സതീശൻ സംസാരിക്കുന്നുണ്ടല്ലോ, ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞതും ശ്രീ. രാജു എബ്രഹാം പറയുന്നതുമായ കാര്യങ്ങൾ അദ്ദേഹം കേൾക്കുന്നുണ്ട്. ശ്രീ. വി. ഡി. സതീശൻ അങ്ങ് ഒരു പോംവഴി, എന്താണ് കേരളത്തിലെ ബൈപ്പാസുകൾക്ക് തണ്ണീർത്തടങ്ങളും വയലുകളും നികത്താതെ സ്വീകരിക്കാൻ കഴിയുന്നതെന്ന് പറയണം. തീർച്ചയായും ശ്രീ. രാജു എബ്രഹാം പറഞ്ഞതുപോലെ ബൈപ്പാസ് തളിപ്പറമ്പ് ടൗണിൽക്കൂടി പോകുന്നതിനെപ്പോലും ഞങ്ങളാരും എതിർക്കുന്നില്ല. പറയേണ്ട അധികാരം എൻ.എച്ച്.എ.ഐ.യ്ക്കാണ്; MORTH-നാണ് അവർ അത് പറയട്ടെ.

ശ്രീ. രാജു എബ്രഹാം: സർ, ഈ സർക്കാരിനെയും സി.പി.ഐ.(എം)-നെയും കുറിച്ച് ജനങ്ങളുടെ മുൻപിൽ തെറ്റിദ്ധാരണ പരത്തിക്കൊണ്ട് വീണ്ടും മൂലയിലാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. ഇവിടെ ഉയർന്നുവന്ന നിർദ്ദേശം, ഈ സഭ യോജിച്ചാൽ എന്തുകൊണ്ട് ആലോചിച്ചുകൂടാ? വളരെ നല്ല നിർദ്ദേശമല്ലേ? തളിപ്പറമ്പ് പട്ടണത്തിൽക്കൂടി തന്നെ പോകട്ടെ. ആ നിർദ്ദേശം എന്തുകൊണ്ട് അംഗീകരിച്ചുകൂടാ. അതനുസരിച്ചുള്ള ചർച്ചകൾ ദയവ് ചെയ്ത് ഗവൺമെന്റ് നടത്തണം. എലിവേറ്റഡ് ഹൈവേയുടെ നിർദ്ദേശം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയിട്ടുണ്ടെന്ന് അറിയുന്നു. വളരെ നല്ല കാര്യം. അതോടൊപ്പം ഈ ചർച്ചകൂടി നടക്കട്ടെ. ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് കേരളയെന്നാണ്. ഞങ്ങളെ ആക്ഷേപിച്ചോ, പക്ഷെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് കേരളയെന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ പറയുന്നത് കോൺഗ്രസിനെ പിന്തുണയ്ക്കണമെന്നാണ്. അതിന്റെ വൈരാഗ്യത്തിലാണ് പറയുന്നത്. എന്തിനാണ്

കോൺഗ്രസിനെ പിന്തുണയ്ക്കുന്നത്? പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഗൊരഖ്പൂരിൽ 13123 വോട്ടാണ് കിട്ടിയത്. വിജയലക്ഷ്മി പണ്ഡിറ്റിന്റെ മണ്ഡലമായിരുന്ന അലഹബാദിനോട് ചേർന്ന് കിടക്കുന്ന മണ്ഡലമായ ഫൂൽപൂരിൽ 20100 വോട്ടാണ് കിട്ടിയത്. ഇരുപതിനായിരവും പതിമൂവായിരവും വോട്ടുകിട്ടുന്ന ആളുകളാണ് ഞങ്ങളോടൊപ്പം ചേർന്ന് ബി.ജെ.പി.-ക്കെതിരായ പോരാട്ടത്തിൽ അണിനിരക്കണമെന്ന് പറയുന്നത്. എന്ത് വിരോധാഭാസമാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇടതുപക്ഷം യു.പി.എ. സർക്കാരിനെ പിന്തുണച്ച 2004 മുതൽ 2009 വരെ ഒരു പൊതുമേഖലാ സ്ഥാപനംപോലും വിറ്റഴിച്ചിട്ടില്ല. ഇടതുപക്ഷം പിന്തുണ പിൻവലിച്ചശേഷം ബഹുമാന്യനായ അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് പറഞ്ഞത് "My hands are free now" എന്നാണ്. എന്താണ് അതേക്കുറിച്ച് അങ്ങേയ്ക്ക് പറയാനുള്ളത്?

ശ്രീ. രാജു എബ്രഹാം: സർ, എ.ഐ.സി.സി. പ്ലീനറി സമ്മേളനത്തിൽ ശ്രീ. പി. ചിദംബരം അവതരിപ്പിച്ചിട്ടുള്ള അഞ്ച് പോയിന്റ് എന്തൊക്കെയാണ്? ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നത് ശരിയല്ല. ആരാണ് തുടങ്ങിയത്? വളത്തിന്റെ സബ്സിഡി പുനരാരംഭിക്കണം. ആരാണ് വളത്തിന്റെ സബ്സിഡി എടുത്തുകളഞ്ഞത്? 450 രൂപ വിലയുണ്ടായിരുന്ന ഒരു ചാക്ക് പൊട്ടാഷിന്റെ വില 1,200 രൂപയാക്കി വർദ്ധിപ്പിച്ച് കർഷകനെ ദുരിതത്തിലാക്കിയത് കോൺഗ്രസല്ലേ? ASEAN കരാർ കൊണ്ടുവരികയും GATT കരാറിൽ ഒപ്പിടുകയും ചെയ്തത് ആരാണ്? അതെല്ലാം പുനഃപരിശോധിക്കണമെന്ന് എ.ഐ.സി.സി. പ്ലീനറി സമ്മേളനത്തിൽ മുൻകേന്ദ്രമന്ത്രി ശ്രീ. പി. ചിദംബരം പറയുകയാണ്. ഞങ്ങളെ ആക്ഷേപിച്ചോ, കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നുപറയുന്നത് കേരളത്തിൽ മാത്രമുള്ള പ്രസ്ഥാനമല്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയോ സോഷ്യലിസ്റ്റ് പാർട്ടിയോ പിന്തുണയ്ക്കുന്ന മുന്നണികളോ ആണ് ലോകത്തിലേറ്റവും കൂടുതൽ രാജ്യങ്ങളിൽ ഭരണം നടത്തുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രം മാർക്സിസവും ലെനിനിസവുമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ച് കയറ്റങ്ങളും വീഴ്ചകളും നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. പക്ഷെ അതിനെ ചെറുതാക്കി കാണിക്കരുത്. ഇവിടെ ലെനിന്റെ സ്റ്റാമ്പ് അച്ചടിച്ച് പുറത്തിറക്കാൻ ഇന്ദിരാഗാന്ധി കാണിച്ച മനോഭാവത്തെ അംഗീകരിക്കാൻപോലും കഴിയാത്ത അംഗങ്ങൾ ഈ സഭയിലുണ്ടെന്ന് പറഞ്ഞാൽ ഈ സഭയ്ക്കുതന്നെ നാണക്കേടല്ലേ? ഒന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് ജവഹർലാൽ നെഹ്റു ആദ്യം സമീപിച്ചത് അമേരിക്കയടക്കമുള്ള ബൂർഷ്വ രാജ്യങ്ങളെയാണ്.

അവർ പിന്തുണച്ചില്ല. രണ്ടാമതാണ് ജവഹർലാൽ നെഹ്റു സോവിയറ്റ് യൂണിയനിലേയ്ക്ക് പോയത്. ആ സോവിയറ്റ് യൂണിയൻ രണ്ടുകൈയും നീട്ടി ജവഹർലാൽ നെഹ്റുവിനെ സ്വീകരിച്ചുവെന്ന് മാത്രമല്ല, ഒന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കി, ഇന്ത്യാ രാജ്യത്തെ ഇന്നത്തെ എല്ലാ വികസന സംരംഭങ്ങളും നടപ്പാക്കിയ ഒരു രാജ്യത്തിന്റെ നേതാവിനെ നോക്കിക്കൊണ്ടാണ് കമ്മ്യൂണിസ്റ്റ് വിരോധം വച്ചുകൊണ്ട് പറയുന്നത് ലെനിൻ അമ്പതിനായിരം പേരെ കൊലപ്പെടുത്തിയ വ്യക്തിയാണെന്ന്. ഇത്ര നീചമായ പ്രചരണങ്ങൾ നടത്താനുള്ള സഭയായി കേരള നിയമസഭയെ മാറ്റരുത്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം എല്ലാ കാലഘട്ടത്തിലും അജയ്യമായി നിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ത്രിപുരയിലും പശ്ചിമ ബംഗാളിലും താത്കാലികമായ പരാജയങ്ങൾ ഉണ്ടായേക്കാം.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട റാന്നി നിയോജകമണ്ഡലത്തിലെ അംഗം ലെനിന്റെ ഭരണകാലത്തെ കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ ദിവസം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ അംഗവും ഇന്നയിന്ന അംഗങ്ങളുടെ പുസ്തകം മാത്രമേ വായിക്കാവൂയെന്ന് ഇവിടെ പറഞ്ഞതായി കേട്ടു. ഞാൻ ഉണ്ടായിരുന്നില്ല. സ്റ്റാലിന്റെ ഭരണത്തിനുശേഷം ക്രൂഷ്ചേവ് പേപ്പേഴ്സ് എന്ന പേരിൽ പബ്ലിഷ് ചെയ്തത് ഇന്ന് പുസ്തകമായി ലഭിക്കുന്നുണ്ട്. ലോകത്തെമ്പാടും അത് വായിക്കുന്നുണ്ട്. അതിൽ വളരെ വ്യക്തമായി ലെനിന്റെയും സ്റ്റാലിന്റെയും കാലഘട്ടത്തിൽ നടന്ന ക്രൂരത മുഴുവൻ പറഞ്ഞിട്ടുണ്ട്. പോളിറ്റ് ബ്യൂറോ മെമ്പർമാരിൽ സ്റ്റാലിനൊഴിച്ചുള്ള ആരും പിന്നെ അവശേഷിച്ചില്ല. 'Red Terror' എന്ന് വിശേഷിപ്പിച്ച ഡൊണാൾഡ് ക്രെയ്സ്ഫീൽഡിന്റെ പുസ്തകമാണ്. അത് ആധികാരമായാണ് ഞാൻ ഉദ്ധരിച്ചത്. അതിനെ ആരും ചോദ്യം ചെയ്തിട്ടില്ല. ലോകത്ത് മുഴുവൻ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും നിഷ്ഠൂരമായ കൊലയാണ് നടന്നത്.

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. പി. ടി. തോമസ് പറയുന്നത് മുഖവിലയ്ക്കെടുക്കാം. മുൻപ് അങ്ങ് പറഞ്ഞ മൂന്നുനാല് പുസ്തകങ്ങൾ അച്ചടിച്ച പുസ്തകമല്ലെന്ന് പിന്നീടാണ് അറിഞ്ഞത്. അതുകൊണ്ട് ഈ പുസ്തകത്തിനകത്തു ണ്ടെന്നുണ്ടെങ്കിൽ തീർച്ചയായും മുഖവിലയ്ക്കെടുക്കാം. പക്ഷെ ഒരു കാര്യം അങ്ങ് ആലോചിക്കണം, ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തിനുശേഷം ഡൽഹിയിൽ ആയിരക്കണക്കിനാളുകളെ വെട്ടിയും കുത്തിയും കൊലപ്പെടുത്തി കശാപ്പുചെയ്ത സംഭവത്തിന്റെ ഉടമകളാണ് നിങ്ങളെന്ന കാര്യം ഓർത്തുകൊണ്ടുവേണം മറ്റാളുകളെ വിമർശിക്കാൻ.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, അന്ന് ആ കൂട്ടക്കൊലയ്ക്ക് നേതൃത്വം കൊടുത്ത സജ്ജൻ കുമാറിനെയും എച്ച്.കെ.എൽ. ഭഗത്തിനെയും എം.പി.-യും കേന്ദ്ര മന്ത്രിയുമാക്കിയ പാർട്ടിയാണ് കോൺഗ്രസെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. രാജു എബ്രഹാം:</u> സർ, ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം കൊലപാതകങ്ങളുടെ നീണ്ടപട്ടിക നിങ്ങൾക്കുണ്ട്.

<u>ശ്രീ. എം. സ്വരാജ്:</u> സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ തൃക്കാക്കരയിലെ അംഗം ഇവിടെ കഴിഞ്ഞ ദിവസവും ഇപ്പോഴും ആവർത്തിച്ചിട്ടുള്ള ചില കാര്യങ്ങളുണ്ട്. അദ്ദേഹം ഇപ്പോഴും പറഞ്ഞത് ക്രൂഷ്ചേവ് പേപ്പേഴ്സിനെ ഉദ്ധരിച്ചുകൊണ്ടാണ്. ക്രൂഷ്ചേവ് പേപ്പറിൽ എവിടെയാണ് ലെനിൻ 50,000 പേരെ കൊലപ്പെടുത്തിയെന്നുള്ള വെളിപ്പെടുത്തലെന്ന് പറയാൻ അദ്ദേഹം തയ്യാറാകുകയാണെങ്കിൽ ഈ പണി നിർത്തി നമുക്കെല്ലാവർക്കും പോകാം. അത് പച്ചക്കള്ളമാണ്.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, ആ വെല്ലുവിളി ഏറ്റെടുത്ത ശ്രീ. എം. സ്വരാജിനെ ഞാൻ അഭിവാദ്യം ചെയ്യുകയാണ്. എറണാകുളം പ്രസ്സ് ക്ലബ്ബിൽ നമുക്ക് ഒരു ഡേറ്റ് തീരുമാനിക്കാം. എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഹർദ്ദിക് പട്ടേലിന്റെയും ജിഗ്നേഷ് മേവാനിയുടെയും പിൻബലത്തിൽ ഗുജറാത്തിൽ നാല് വോട്ട് കിട്ടിയപ്പോൾ ഇതാണ് എല്ലാ നേട്ടവും എന്നുപറഞ്ഞുകൊണ്ട്.......

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, വിമോചന സമരത്തിന് സി.ഐ.എ.-യിൽനിന്നും പണം വാങ്ങിയെന്ന് അമേരിക്കൻ അംബാസഡർ പാട്രിക് മൊയ്നിഹാൻ പറയുകയും ശ്രീ. വയലാർ രവി അടക്കം ആരുമത് നിഷേധിച്ചുമില്ല, അതിരിക്കട്ടെ. ശ്രീ. പി. ടി. തോമസ് അദ്ദേഹത്തിന്റെ പാർട്ടിയോട് വളരെ സത്യസന്ധത പുലർത്തുന്നയാളാണ്, അത് അംഗീകരിച്ചുകൊണ്ട് പറയുകയാണ്. കോൾഡ് വാർ കാലത്ത് സി.ഐ.എ. ധാരാളം സോവിയറ്റ് വിരുദ്ധ ലിറ്ററേച്ചർ ഇറക്കിയിട്ടുണ്ട്. അമേരിക്കൻ സായിപ്പല്ല, ഏജന്റുമാർ എഴുതുന്ന പുസ്തകങ്ങളാണ്. അതെല്ലാം കളവാണ്. ശ്രീ. പി. ടി. തോമസും ശ്രീ. വി. ടി. ബൽറാമും വായിക്കുന്നതുമുഴുവൻ സി.ഐ.എ.യുടെ ഏജന്റുമാർ എഴുതുന്ന പുസ്തകങ്ങളാണ്. അത് വായിച്ചാൽ നിങ്ങൾ കോൺഗ്രസുകാരല്ലാതാകും. അത് വായിച്ച് വിശ്വസിക്കരുത്. അത് ശരിയല്ല. സോവിയറ്റ് യൂണിയൻ തകർന്നശേഷവും 160 കോടി ജനസംഖ്യയുള്ള ചൈനയിലടക്കം ലോകജനസംഖ്യയുടെ 31 ശതമാനം ഇന്നും സോഷ്യലിസത്തിന് കീഴിലാണെന്നുള്ളതും വെറും 31 ശതമാനം കിട്ടിയ മോദി സർക്കാർ

നിലംപതിക്കുമ്പോൾ കമ്മ്യൂണിസം 31 ശതമാനം ജനങ്ങളെ ആവേശം കൊള്ളിച്ചുകൊണ്ട് കഴിയുമെന്ന വസ്തുത എന്തിനാണ് മറക്കുന്നത്?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, 1956 നവംബർ മാസത്തിലാണ് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപതാം കോൺഗ്രസ് ചേർന്നത്. അത് സഖാവ് സ്റ്റാലിന്റെ മരണശേഷമാണ്. ഇരുപതാം കോൺഗ്രസിൽ സഖാവ് നികിത ക്രൂഷ്ചേവ് അവതരിപ്പിച്ച പാർട്ടിയുടെ പ്രവർത്തന റിപ്പോർട്ടിലാണ് സ്റ്റാലിന്റെ ക്രൂരതകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ആ റിപ്പോർട്ട് അതുപോലെ ലഭ്യമാണ്. എന്റെ കയ്യിലുമുണ്ട്. അടുത്ത തവണ വേണമെങ്കിൽ ഹാജരാക്കാം.

ശ്രീ. രാജു എബ്രഹാം: സർ, തീർച്ചയായും. ആ വെല്ലുവിളിയും ഏറ്റെടുക്കുന്നു. നിങ്ങൾ ഞങ്ങളെ അപഹാസ്യമാക്കുമ്പോൾ ഒരു കാര്യം ഓർക്കണം. ഇന്ദിരാഗാന്ധി ബാങ്ക് ദേശസാത്കരണ ബിൽ അവതരിപ്പിച്ചപ്പോൾ ഭൂരിപക്ഷം കിട്ടാതിരുന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ വോട്ടാണ് ഇന്ദിരാഗാന്ധി അഭ്യർത്ഥിച്ചത്. സിൻഡിക്കേറ്റ് വോട്ടുകൾ മാറിപ്പോയപ്പോൾ കമ്മ്യൂണിസ്റ്റുകാരുടെ വോട്ടുകൊണ്ടാണ് ഇന്ദിരാഗാന്ധിയ്ക്ക് ബാങ്ക് ദേശസാത്കരണ ബിൽ ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കാൻ കഴിഞ്ഞതെന്ന യാഥാർത്ഥ്യമെങ്കിലും നിങ്ങൾ ഓർക്കണം. അതുകൊണ്ട് കമ്മ്യൂണിസത്തെ കുഴിച്ചുമൂടാനുള്ള ആഗ്രഹം ഇതുപോലെയുള്ള സഭയിൽ പ്രകടിപ്പിക്കരുത്. കമ്മ്യൂണിസം അജയ്യമായി, എല്ലാ കാലഘട്ടങ്ങളിലും ലോകം നിലനിൽക്കുന്ന കാലത്തോളം നിലനിൽക്കും. അതാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ട് മാർക്സിസം-ലെനിനിസം എന്ന മനുഷ്യ സ്നേഹത്തിന്റെ മഹത്തായ പ്രത്യയശാസ്ത്രത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഈ നാടിന്റെ ചരിത്രം ചവറ്റുകുട്ടയിൽ തള്ളിക്കളയുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ജനങ്ങളുടെ നികുതിപ്പണം സൂക്ഷ്മതയോടുകൂടി സർക്കാർ ചെലവഴിക്കുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ ആരോപണം. അങ്ങനെ ചെലവഴിക്കാത്ത ഒരു സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കാൻ കഴിയില്ല.

കഴിഞ്ഞദിവസം സഹകരണ വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ചില ആക്ഷേപങ്ങൾ ഉയർന്നുവന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ചില സംശയങ്ങൾ ചോദിച്ചെങ്കിലും അതിന് വ്യക്തമായി മറുപടി പറഞ്ഞില്ലെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. പിറ്റേ ദിവസം കുറേ അവ്യക്തമായ

കാരണങ്ങൾ അദ്ദേഹം ഇവിടെ പറഞ്ഞു. ഈ കാര്യങ്ങൾ സഭയിൽ വിശദമായി ഉന്നയിക്കുമെന്ന് അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. വിശദമായി ഉന്നയിക്കാൻ ചട്ടങ്ങൾ അനുസരിച്ച് എഴുതിക്കൊടുത്തു. പക്ഷെ ദൗർഭാഗ്യവശാൽ മന്ത്രി ഇന്ന് സഭയിലില്ല. എന്തുകൊണ്ടാണ് അദ്ദേഹം ഈ സഭയിൽ വരാതിരുന്നത് എന്നുള്ളത് അറിയില്ല. ഇന്നല്ലാതെ ഈ നിയമസഭാ സമ്മേളനത്തിനിടയിൽ ഇത്തരമൊരു കാര്യം ഉന്നയിക്കാൻ വേറൊരു ദിവസമില്ല. അപ്പോൾ പ്രതിപക്ഷനേതാവ് ഉന്നയിക്കുമെന്ന് പറഞ്ഞിട്ടുപോലും മന്ത്രി അതിന് ഉത്തരം പറയാൻ സഭയിലില്ലാത്തത് ദൗർഭാഗ്യകരമാണെന്ന് ഞാൻ ഒന്നുകൂടി സൂചിപ്പിക്കുകയാണ്. പക്ഷെ പറയാതിരിക്കാൻ കഴിയില്ല. 9-10-2016-ൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ നിന്നാണ് ഇതാരംഭിക്കുന്നത്. അതിനുമുമ്പ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ 1600-ലധികം വരുന്ന പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നതിനായി നബാർഡ് ഒരു പ്രൊപ്പോസൽ വച്ചിരുന്നു. അതിനുവേണ്ടി ഗവൺമെന്റ് കാത്തിരിക്കുകയായിരുന്നു. നബാർഡ് വരാൻ ഇനിയും കാലതാമസമെടുക്കും, അതുകൊണ്ട് നബാർഡ് വേണ്ടെന്നും നമുക്ക് സ്വന്തമായുള്ള ഒരു പ്രൊപ്പോസൽ കൊടുക്കാമെന്നുമാണ് ഈ സർക്കാരിന്റെ ആദ്യത്തെ യോഗത്തിൽ തീരുമാനിച്ചത്. കോർ ബാങ്കിംഗ് ഏർപ്പെടുത്തുക എന്നുപറയുന്നത് അടിയന്തര കാര്യമാണല്ലോ. ആ തീരുമാനത്തിൽ നിന്ന് തുടങ്ങുകയാണ്. അതിനുശേഷം 14-2-2017-ൽ സഹകരണ വകുപ്പുമന്ത്രി പങ്കെടുത്ത യോഗത്തിൽ IFTAS-നെ തീരുമാനിക്കുന്ന ഒരു ഉത്തരവുണ്ടായി. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി IFTAS-നെപ്പറ്റി കുറച്ച് കാര്യങ്ങളൊക്കെ ഇവിടെ വായിക്കുകയുണ്ടായി. ഞാൻ അതിലേയ്ക്ക് കടക്കുന്നതിന് മുമ്പ് ഒരു കാര്യം പറയാം. ഇത് ആർ.ബി.ഐ.-യെ മുന്നിൽനിർത്തി നടക്കുന്ന ഒരു തട്ടിപ്പാണ്. ആർ.ബി.ഐ.-യുടെ കീഴിൽ ഒരു റിസർച്ച് സ്ഥാപനമുണ്ട്. ആ റിസർച്ച് സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു കമ്പനി 2015-ൽ incorporate ചെയ്ത് 2016-ൽ അവരുടെ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. അതാണ് IFTAS എന്നു പറയുന്ന കമ്പനി. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി, IFTAS-ന്റെയും IDRBT-യുടെയും ഡയറക്ടർ ബോർഡ് അംഗങ്ങൾ, റിസർവ് ബാങ്കുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ എന്നിവ വായിച്ചു. നമ്മുടെ സംസ്ഥാനത്ത് ചില പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ആ പൊതുമേഖലാ സ്ഥാപനങ്ങൾ എൽ.ഇ.ഡി. ലൈറ്റ് വേണോ, കമ്പ്യൂട്ടർ വേണോ എന്ന് ചോദിച്ച് എം.എൽ.എ.-മാരെ സമീപിക്കാറുണ്ട്. ഈ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ടെണ്ടറില്ല, നേരത്തെയും ടെണ്ടറുണ്ടായിരുന്നില്ല. അപ്പോൾ നമ്മൾ അവർക്ക് കൊടുക്കും. സത്യത്തിൽ ഈ പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എൽ.ഇ.ഡി. ലൈറ്റോ കമ്പ്യൂട്ടറോ ഉണ്ടാക്കുന്നുണ്ടോ? അപ്പോൾ അതിന്റെ പുറകിൽ ആരായിരുന്നു. സ്വകാര്യ കമ്പനികളാണ്. ടെണ്ടറില്ലാതെ അവർ എഴുതിക്കൊടുക്കുന്ന തുകയ്ക്ക് കമ്പ്യൂട്ടറും എൽ.ഇ.ഡി. ലൈറ്റും വാങ്ങിക്കേണ്ടി വരുമായിരുന്നു. പലപ്പോഴും ഈ

കമ്പനികളുടെ പ്രതിനിധികൾ എന്നു പറഞ്ഞ് എം.എൽ.എ.-മാരെ വന്നുകണ്ടിരുന്നത് സ്വകാര്യ കമ്പനികളാണ്, കടലാസ് കമ്പനികളാണ്. ആ കമ്പനികൾ ടെണ്ടറില്ലാതെ കമ്പ്യൂട്ടറിന് 30,000-35,000 രൂപ റേറ്റ് ക്വാട്ട് ചെയ്യും. എന്നിട്ട് 10,000-12,000 രൂപയ്ക്ക് assemble ചെയ്ത് ക്വാളിറ്റിയില്ലാത്ത സാധനം കൊടുക്കും. അതുപോലെയുള്ളതാണ് IFTAS-ന്റെ ഏർപ്പാട്. നിയമസഭയിൽ ആ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡംഗങ്ങളുടെ പേരുകൾ വായിക്കുകയാണ്. അതിലെ അംഗങ്ങൾ ആരൊക്കെയാണ്? അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി തുടങ്ങിയ ആളുകളുടെ പേരുവായിച്ചാൽ എല്ലാവരും ഇവിടെ ബോധം കെട്ടുവീഴും. അതുപോലൊരു ബോധം കെടുത്തലാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. റിസർവ് ബാങ്കുമായി ബന്ധപ്പെട്ട കുറച്ച് goodwill directors ഈ കമ്പനിയിലുണ്ട്. ഇന്ത്യയിലെ 40-ഓളം ഷെഡ്യൂൾഡ് ബാങ്കുകളും നാഷണലൈസ്ഡ് ബാങ്കുകളും ഈ കമ്പനിയുടെ clients ആണെന്ന് പറഞ്ഞു. നമ്മൾ ഞെട്ടിപ്പോയി. അത്രയും വലിയ കമ്പനിയാണോ ഇത്? പക്ഷെ ഈ കമ്പനിയെപ്പറ്റി അന്വേഷിച്ചപ്പോൾ ഈ ബാങ്കുകൾക്കൊന്നും ബാങ്കിംഗ് സൊല്യൂഷൻ കൊടുക്കുന്ന കമ്പനിയല്ല IFTAS, മറിച്ച് അവർക്ക് നോട്ട് എണ്ണുന്ന മെഷീൻ കൊടുക്കുകയാണ്. അപ്പോഴും ക്ലയന്റാണല്ലോ. മന്ത്രി ഇവിടെ വായിച്ച ആ ബാങ്കുകൾക്കൊന്നും ഈ കമ്പനി ബാങ്കിംഗ് സൊല്യൂഷനോ നോൺ-ബാങ്കിംഗ് സൊല്യൂഷനോ കൊടുക്കുന്നില്ല. അവർ കൊടുക്കുന്നത് നോട്ടെണ്ണുന്ന മെഷീൻ, ബയോമെട്രിക്, സെക്യൂരിറ്റി ക്യാമറ വയ്ക്കാനുള്ള ചില സംവിധാനങ്ങൾ ഇതൊക്കെയാണ്. അപ്പോൾ ക്ലയന്റായല്ലോ. അപ്പോൾ IFTAS-ന്റെ ക്ലയന്റുകൾ ഇന്ത്യയിലെ 40 ഓളം പ്രമുഖ സ്ഥാപനങ്ങളാണെന്നാണ് മന്ത്രി പറഞ്ഞത്. അതേയവസരത്തിൽ ഞങ്ങൾ ഇറങ്ങിപ്പോയ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം വായിച്ചു. അതെന്താണ്? അത് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ ബാങ്കിംഗ് സൊല്യൂഷനുണ്ടാക്കാൻ വേണ്ടി റിസർവ് ബാങ്ക് കൊണ്ടുവന്നിരിക്കുന്ന ഒരു പ്രൊപ്പോസലാണ്. കേരളത്തിലെ അഞ്ച് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് ഈ പ്രൊപ്പോസൽ കൊടുക്കാൻ പറഞ്ഞു. ബാങ്കിംഗ് സൊല്യൂഷൻ അവരുടെ കയ്യിലുണ്ട്, അത് കൊടുത്തു. അതിന് റിസർവ് ബാങ്ക് ഫിനാൻസ് ചെയ്യുന്നുണ്ട്. അതല്ല ഇവിടത്തെ പദ്ധതി. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കല്ല ഈ പദ്ധതി, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ കേരളത്തിൽ 60 എണ്ണം മാത്രമേയുള്ളൂ. അതിൽ നാലഞ്ച് ബാങ്കുകൾക്കാണ് ഈ സൊല്യൂഷൻ. ഇത് 1600-ൽപ്പരം വരുന്ന PACS, അതായത് പ്രാഥമിക കാർഷിക സഹകരണ സ്ഥാപനങ്ങൾക്കാണ് ഈ പാക്കേജ്. മുഖ്യമന്ത്രി ഇവിടെ വായിച്ച രേഖ ഈ പദ്ധതിയുമായി യാതൊരു ബന്ധവുമില്ലാത്ത രേഖയാണെന്ന് അസന്നിഗ്ദ്ധമായി പറയാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്. IFTAS എന്ന കമ്പനിക്ക് സ്വന്തമായി ഒരു സൊല്യൂഷനില്ല. പക്ഷെ അവർക്കാണ് നമ്മൾ കൊടുക്കുന്നത്. ഇടുക്കിയിൽ അവർ ഒരു പദ്ധതി ചെയ്തു. എന്നാൽ ആ പദ്ധതി എറണാകുളത്തെ

Nelito എന്ന സ്വകാര്യകമ്പനിക്ക് അവർ മറിച്ചുകൊടുക്കുകയാണ് ചെയ്തത്. വയനാട് ജില്ലയിലേത് IFTAS, Perfect എന്നുപറയുന്ന കോഴിക്കോടുള്ള ഒരു കമ്പനിക്ക് മറിച്ചുകൊടുത്തു. അപ്പോൾ ഈ കമ്പനികൾക്ക് മറിച്ചു കൊടുത്തിരിക്കുകയാണ്, ആ കമ്പനികൾ ചെയ്യുകയാണ്. അവിടെ നിന്നുമെല്ലാമുള്ള റിപ്പോർട്ടുകളെന്താണ്. വയനാടിൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ കമ്പനി വച്ച സാധനങ്ങളിൽ നിന്ന് പ്രാഥമിക സംഘങ്ങൾക്ക് പുറത്തുവരണം; അടച്ച പൈസ തിരിച്ചുതരണമെന്ന് പ്രാഥമിക സംഘങ്ങൾ ആവശ്യപ്പെട്ടു. Totally failure. അവർ വച്ച സൊല്യൂഷൻ ഫെയിലായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഫംഗ്ഷൻ ചെയ്യാൻ സാധിക്കുന്നില്ല. ഞങ്ങൾക്കാവശ്യമുള്ള ഒന്നും ഇവർ തരുന്നില്ലെന്ന് ഇടുക്കി ജില്ലയിലെ സഹകരണസംഘങ്ങളിൽ നിന്ന് ധാരാളം സംഘങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. ഞങ്ങൾക്ക് ഇപ്പോൾ പണ്ടുണ്ടായിരുന്ന സിസ്റ്റവും രണ്ടാമതുണ്ടായിരുന്ന സിസ്റ്റവും നടത്തണമെന്ന് പറഞ്ഞു. ഈ രണ്ട് എക്സ്പീരിയൻസുകളും നമ്മുടെ സംസ്ഥാനത്തിന് മുമ്പിലുള്ളപ്പോൾ ഒരു നടപടിക്രമവുമില്ലാതെ ....., സാധാരണ ഒരു വലിയ ഡീൽ വന്നുകഴിഞ്ഞാൽ RSP തയ്യാറാക്കില്ലേ; അതിന്റെ അടിസ്ഥാനത്തിലല്ലേ, ഈ സിസ്റ്റത്തിന് എത്ര രൂപവേണം; സർവ്വീസിന് എത്ര രൂപ വേണം; ആന്വൽ മെയിന്റനൻസ് എത്ര രൂപ വേണം എന്ന് തീരുമാനിക്കേണ്ടത്. എന്നാൽ ഇവിടെ ആ RSP ഇല്ല. No expression of interest at all. ടെണ്ടർ വിളിച്ചില്ല. ഒരു നടപടിക്രമവും കൂടാതെ ഈ കമ്പനിക്ക് കംപ്ലീറ്റായി കൊടുത്തു. പ്രാഥമിക സംഘങ്ങൾക്ക് കേരളത്തിൽ വേണ്ടതെന്താണ്? നോൺ-ബാങ്കിംഗ് സൊല്യൂഷനാണ് വേണ്ടത്. 90 ശതമാനത്തിലധികം വരുന്ന കേരളത്തിലെ പ്രാഥമിക സംഘങ്ങൾക്ക് ബാങ്കിംഗ് സൊല്യൂഷനുണ്ട്. അവർക്ക് നോൺ-ബാങ്കിംഗ് മൊഡ്യൂളാണ് വേണ്ടത്. അത് തയ്യാറാക്കാൻ വേണ്ടി ഈ കമ്പനിക്ക് ആറുമാസം സമയം കൊടുത്തു. മന്ത്രിയുടെ യോഗത്തിൽ വച്ച് അവരുടെ മറുപടി - ബാങ്കിംഗ് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള IFTAS ഡെവലപ് ചെയ്യുന്ന സോഫ്റ്റ്‌വെയറിൽ നോൺ-ബാങ്കിംഗ് ആക്ടിവിറ്റികൾക്കുള്ള ഇന്റർഫെയ്സിന് പ്രൊവിഷനുണ്ടായിരിക്കും. അത് നിലവിലുള്ള vendors നെക്കൊണ്ടുതന്നെ ചെയ്യിക്കുകയാണെന്നാണ്. അതായത് അവരുടെ കൈയിലില്ല. പ്രാഥമിക സംഘങ്ങൾക്കാവശ്യമുള്ള നോൺ-ബാങ്കിംഗ് മൊഡ്യൂൾ ഈ പറയുന്ന കമ്പനിയുടെ കൈയിലില്ല എന്നുള്ളതാണ്. ഐ.ടി. മോഡേണൈസേഷനുമായി ബന്ധപ്പെട്ട് രണ്ട് വെണ്ടർമാർ കൈകാര്യം ചെയ്യുന്ന ഒരു രീതിയില്ല. ഐ.ടി. മോഡേണൈസേഷന്റെ ബാലപാഠം അറിയാവുന്ന ആരെങ്കിലും ഈ കമ്പനി പറഞ്ഞ മറുപടിയനുസരിച്ച് അവർക്ക് ഇതിനുള്ള അനുമതി കൊടുക്കുമായിരുന്നോ? ഇവർ ഒരു കോമ്പീറ്റന്റ് ഏജൻസിയേ അല്ല എന്ന് സർക്കാർ വച്ച ഒരു കമ്മീഷൻ - രാമനാഥനും ആദിശേഷയ്യയും ചേർന്ന ഒരു സ്റ്റേറ്റ് ഗവേണൻസിന്റെ ടീം - പറഞ്ഞിരിക്കുന്നതെന്താണ്. " Application has been designed as a web based application however it works only on the

windows environment” . അത് ഈ ഗവൺമെന്റിന്റെ പോളിസിയല്ല, ഈ ഗവൺമെന്റിന്റെ സൊല്യൂഷൻ വേറെയാണ്. “ Works only on Windows Internet Explorer and doesn't comply with multibrowser compatibility” . മൂന്നാമത്തേത്, “ https is not implemented for ensuring secure access” . നാലാമത്തേത്, “ This application uses locally installed components on the client's machines” . ഇവർ മറിച്ചുകൊടുക്കുന്ന client-ന്റെ ലോക്കലായി നിർമ്മിക്കുന്ന മെഷീനുകളാണ് ഇവർ ഉപയോഗിക്കുന്നത്. അതായത് കൊച്ചിയിലും കോഴിക്കോട്ടുമുണ്ടാക്കുന്ന സാധനങ്ങളാണ് റിസർവ് ബാങ്കിന്റെ മറവിലുള്ള ഈ കമ്പനി വന്നുചെയ്യുന്നതെന്ന് ഗവൺമെന്റ് നിയമിച്ച കമ്മീഷൻ റിപ്പോർട്ട് കൊടുത്തു എന്നിട്ടും അവരുടെ പുറകെ പോയിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ പറഞ്ഞ 160 കോടി രൂപയൊന്നുമില്ല. മന്ത്രി പറഞ്ഞത് 60 കോടി രൂപ മാത്രം എന്നാണ്. 60 കോടി രൂപ നോൺ റെക്കറിംഗ് എക്സ്പെൻസാണ്; എത്ര കോടി രൂപയാണ് റെക്കറിംഗ് എക്സ്പെൻസായി വരുന്നത്? വയനാട്ടിലെ ഒരു ബ്രാഞ്ചിൽ നിന്ന് ആനുവൽ മെയിന്റനൻസും സർവ്വീസ് ചാർജ്ജും ഉൾപ്പെടെ ഒരു മാസം പതിനായിരം രൂപയാണ് ഇവർ വാങ്ങിക്കുന്നത്. കേരളത്തിൽ 1600 ബാങ്കുകൾക്ക് ഓരോ ബ്രാഞ്ച് വീതം ഉണ്ടെന്ന് കൂട്ടിയാൽ 3000 ബ്രാഞ്ചുകളിൽ നിന്ന് മാസം പതിനായിരം രൂപ ഇവർക്ക് കൊടുക്കണം. വയനാട്ടിൽ അവരുടെ സർവ്വീസ് ചെയ്യുന്നത് വേറെ ആളുകളാണ്. സർവ്വീസ് ചെയ്യുന്നവർക്ക് മാസം 2500 രൂപയാണ് കൊടുക്കുന്നത്. കമ്പനി വാങ്ങിക്കുന്നത് പതിനായിരം രൂപയും. 300 കോടി രൂപ രണ്ടുമൂന്ന് വർഷത്തേയ്ക്ക് ഈ പ്രോജക്ടിൽ വന്നുപെടും. നാല് കോ-ഓപ്പറേറ്റീവ് സെക്ടറിലുള്ള കമ്പനികളും ഐ.ടി. സെക്ടറിലുള്ള സംഘങ്ങളും കേരളത്തിലുണ്ട്. അവരാണ് കേരളത്തിലെ 90 ശതമാനം ബാങ്കുകൾക്കും, പ്രാഥമിക സംഘങ്ങൾക്കും ബാങ്കിംഗ് സൊല്യൂഷൻ കൊടുത്തിരിക്കുന്നത്. രണ്ടെണ്ണം വീതം യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും കൈവശമുണ്ട്. അതിൽ ഒന്ന് ദിനേശ് ബീഡി ഐ.ടി. ഡിവിഷനാണ്. ഈ നാല് പേരും കൂടി കൺസോർഷ്യം രൂപീകരിച്ച് ഞങ്ങൾ ചെയ്തുകൊള്ളാമെന്ന് പറഞ്ഞ് ഗവൺമെന്റിനെ സമീപിച്ചപ്പോൾ ഞങ്ങൾ വേറെ കൊടുത്തുവെന്ന് പറഞ്ഞ് ദിനേശ് ബീഡിക്കാരെ മടക്കി അയച്ചു. ഇനി ഇങ്ങനെയൊരു സിസ്റ്റം ആവശ്യമുണ്ടോ? സംസ്ഥാനത്തെ 90 ശതമാനത്തിലധികം വരുന്ന കാർഷിക സംഘങ്ങളിലും ഇപ്പോൾ തന്നെ already there is a banking solution. ഈ പറയുന്ന സിസ്റ്റം വരുമ്പോഴേയ്ക്കും മറ്റേ സിസ്റ്റം അങ്ങനെ തന്നെ സ്ക്രാപ് ചെയ്യണം. ഇരുമ്പുവിലയ്ക്ക് തൂക്കി വിൽക്കാൻ പോലും പറ്റില്ല. ഇ-വേസ്റ്റായി മാറുകയാണ്. അപ്പോൾ തന്നെ സ്ക്രാപ് ചെയ്യണം. കോടിക്കണക്കിന് രൂപ മുടക്കി ഈ സിസ്റ്റം വച്ച് കഴിയുമ്പോൾ സർക്കാർ കേരള ബാങ്ക് എന്ന ഓണ സമ്മാനം തരാൻ വേണ്ടി ഇരിക്കുകയാണ്. കേരള ബാങ്ക് വരുമ്പോൾ ഈ സിസ്റ്റം വീണ്ടും സ്ക്രാപ് ചെയ്ത് വേറെ സോഫ്റ്റ്‌വെയർ വയ്ക്കണം. ഒരു പ്രാഥമിക പഠനം പോലും നടത്താതെ ഇത്രമാത്രം ധൂർത്തും തട്ടിപ്പുമുള്ള പദ്ധതി കേരളത്തിന്റെ ചരിത്രത്തിൽ

ഉണ്ടായിട്ടുണ്ടോ? നിങ്ങൾ കേരള ബാങ്ക് ഉണ്ടാക്കുന്നുണ്ടെങ്കിൽ ഒരു കൊല്ലത്തിനകം മൂന്ന് സൊല്യൂഷൻ വരും. നാട്ടിൽ ഇതിനേക്കാൾ വലിയ തട്ടിപ്പ് നടക്കുമോ? ശ്രീ. എം. വി. ജയരാജന്റെ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത് കേരള ബാങ്ക് വന്നിട്ട് മതി എന്നാണ്. കേരള ബാങ്കിന്റെ ബിസിനസ് കിയോസ്കുകളാണ് പ്രാഥമിക സഹകരണ സംഘങ്ങൾ. പ്രാഥമിക സഹകരണ സംഘങ്ങളെ ബന്ധപ്പെടുത്തി കോർ ബാങ്കിംഗ് സിസ്റ്റം ഉണ്ടാകണമെങ്കിൽ ഇപ്പോഴുള്ള ത്രീ ടയർ സിസ്റ്റം മാറി പുതിയ ടൂ ടയർ വരികയാണ്. കേരള ബാങ്കിന്റെ ബിസിനസ് കിയോസ്കുകളായാണ് ഈ പ്രാഥമിക സഹകരണ സംഘങ്ങൾ വർക്ക് ചെയ്യാൻ പോകുന്നത്. ഇപ്പോൾ എന്തിനാണ് ധൃതി പിടിച്ച് ചെയ്യുന്നത്; എന്തിനുവേണ്ടിയാണ് ഇത്രയും പണം മുടക്കുന്നത്? ഇതിനിടയിൽ ചില കമ്പനികൾ വന്നു. അവരുടെയൊക്കെ ഹിയറിംഗ് കേട്ടു. ആ കമ്പനികൾ ആരാണെന്ന് അറിയാമോ? കെ.എസ്.ആർ.ടി.സി.-ക്ക് ബസ് കൊടുക്കുന്ന കമ്പനിയോട് നാല് ഹെലികോപ്ടർ തരുമോയെന്ന് ചോദിച്ചാൽ ഞങ്ങൾ ഹെലികോപ്ടർ ഉണ്ടാക്കുന്നില്ലായെന്ന് പറയും. അതുപോലെയുള്ള നാല് കമ്പനികളെ വിളിച്ച് ചർച്ച നടത്തിയിരിക്കുകയാണ്. ഇതുമായി ബന്ധമില്ലാത്ത ഊരാളുങ്കൽ സൊസൈറ്റിയെ വിളിച്ച് ചർച്ച നടത്തിയിരിക്കുകയാണ്. ഊരാളുങ്കലിന്റെ കയ്യിൽ ഹെലികോപ്ടറില്ല, ബസ് മാത്രമേയുള്ളൂ. IFTAS-ന്റെ കയ്യിൽ ഇത് ഉണ്ടെന്ന് കരുതി ചെയ്തിരിക്കുകയാണ്. ഞാൻ ഇതിന്റെ നടപടി ക്രമങ്ങളൊന്നും വായിക്കുന്നില്ല. ഒരുകാര്യം ഞാൻ വ്യക്തമായി പറയുന്നു, അതിനെ substantiate ചെയ്യാനുള്ള എവിഡൻസും കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാല് കാര്യങ്ങളും ഈ കമ്പനിക്ക് ഇല്ല. ടെക്നിക്കൽ കോമ്പീറ്റൻസ് ഇല്ല, ഇവർക്ക് സ്വന്തമായി സൊല്യൂഷനില്ല. ഇവർ വയ്ക്കുന്ന മോഡ്യൂളുകൾക്ക് ക്വാളിറ്റി ഇല്ലായെന്ന് രണ്ട് ജില്ലകളിലെ പ്രവർത്തനങ്ങൾ തെളിയിച്ചിരിക്കുന്നു. സർവ്വീസ് ഇല്ല. കൊടുക്കുന്ന തുകയുടെ നാലിലൊന്ന് കൊടുത്ത് സർവ്വീസ് വേറെ ആളെ ഏൽപ്പിച്ചിരിക്കുകയാണ്. ഒരു കമ്പനിയെ തെരഞ്ഞെടുക്കുമ്പോൾ ടെക്നിക്കൽ കോമ്പീറ്റൻസ്, ക്വാളിറ്റി, സർവ്വീസ് & കോസ്റ്റ് എന്നീ നാല് കാര്യങ്ങളാണ് ഗവൺമെന്റ് പരിഗണിക്കേണ്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഈ നാട്ടിലെ പാവപ്പെട്ടവന്റെ നികുതി പണം ചെലവാക്കുമ്പോൾ അത്രയെങ്കിലും പ്രാഥമികമായ പരിശോധന ഉണ്ടാകേണ്ടേ? ഇംപ്ലിമെന്റേഷൻ എക്സ്പേർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട്, they can only develop banking module, PACS-ന് ഒരു common software ആണ് ആവശ്യം. What about the security; ഇത് ബാങ്കിംഗാണ്. കേന്ദ്ര സർക്കാരുമായി ഡിസ്പ്യൂട്ടുള്ള ഒരുപാട് വിഷയങ്ങളുണ്ട്. ജില്ലാ ബാങ്കിനും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിനും ആർ.ബി.ഐ. ലൈസൻസ് ഉണ്ട്. ഇത് ആർ.ബി.ഐ. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. എന്തെങ്കിലും രഹസ്യ സ്വഭാവം വേണ്ടേ? ഇതിന്റെ സെക്യൂരിറ്റി വേണ്ടേ? I have not felt any such deliberations made by the government and this company. ഒരു സ്ഥലത്തുമില്ല. Not even a single

official demanded for the security assurance. ഒരു സ്ഥലത്തും ചോദിച്ചിട്ടില്ല. സെക്യൂരിറ്റിയില്ലാതെ ഇതുപോലെയുള്ള ബാങ്കിംഗ് സൊല്യൂഷൻ ഉണ്ടാക്കാൻ പറ്റുമോ? സെക്യൂരിറ്റി നൽകാൻ ഇവർക്ക് പറ്റില്ല. അതാണ് ആദിശേഷയ്യ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ സെക്യൂരിറ്റിയില്ലാത്ത കാര്യങ്ങൾ തീരുമാനിച്ചിരിക്കുന്നു. നേരത്തെ ഒരു കാര്യം പറഞ്ഞപ്പോൾ ugly haste എന്ന് പറഞ്ഞത് മുഖ്യമന്ത്രിക്ക് വിഷമമായി. അതുകൊണ്ട് ഞാൻ ആ വാക്ക് ഉപയോഗിക്കുന്നില്ല. ഇവിടെ ugly haste ഒന്നുമില്ല. ആദ്യം ഏത് കമ്പനി വേണമെന്ന് തീരുമാനിച്ചു. അവർക്കുവേണ്ടി കാര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. എത്ര കോടി രൂപയുടെ പദ്ധതിയാണ്? യഥാർത്ഥത്തിൽ ഗവൺമെന്റുമായി ബന്ധപ്പെട്ട ആളുകളെ സമീപിച്ചത് ഈ കമ്പനിയുടെ പുറകിലുള്ള സ്വകാര്യ കമ്പനികളാണ്. കാരണം ഇതിന്റെ മാർജിൻ വളരെ വലുതാണ്. കേരളത്തിലുള്ള കോമ്പീറ്റന്റായ സ്ഥാപനങ്ങൾക്ക് ഇവരുമായി കോമ്പീറ്റ് ചെയ്ത് ഇവരെക്കാൾ ക്വാളിറ്റിയുള്ള ബാങ്കിംഗ് സൊല്യൂഷൻസ് ദിനേശ് ബീഡി ഉൾപ്പെടെയുള്ള ആളുകൾ കൊടുത്തിട്ടുണ്ട്. അവരെക്കാൾ നല്ല സാധനങ്ങൾ കൊടുക്കാൻ കപ്പാസിറ്റിയുള്ള സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ടായിട്ടും കമ്പാരിസൺ ഇല്ലാത്ത തരത്തിൽ കൂടുതൽ തുക കൊടുത്ത് ഈ കമ്പനിയെ കൊണ്ടു വരുന്നതിന് പുറകിൽ എന്താണ് ചെയ്യുന്നത്. അതുകൊണ്ട് ഇത് ആ കമ്പനിക്ക് വേണ്ടിയും അതിന്റെ പുറകിലുള്ള സ്വകാര്യ കമ്പനികൾക്കു വേണ്ടിയും നടത്തുന്ന നിലപാടാണ്. ആർ.ബി.ഐ. എന്ന് പറഞ്ഞാൽ ഞങ്ങൾ പേടിച്ചു ഓടുമെന്ന് വിചാരിച്ചോ? റിസർവ് ബാങ്ക് തന്നെ വന്നാൽ എന്താണ്? റിസർവ് ബാങ്ക് ഇവിടെ വന്നാലും കോമ്പീറ്റ് ചെയ്ത് ചെയ്യിക്കണം. അവരുടെ എക്സ്പീരിയൻസ് എന്താണെന്ന് നോക്കണം. 2015-ൽ വന്ന് ഇൻകോർപ്പറേറ്റ് ചെയ്ത കമ്പനി, 2016-ൽ മാത്രം അവരുടെ പ്രവർത്തനങ്ങൾ ആരംഭിച്ച കമ്പനിക്ക്, അതേ വർഷം തന്നെ ഈ വർക്ക് കൊടുക്കണമെന്ന നിർബന്ധം എന്താണ്; വാശി എന്താണ്? ഇതിനുള്ളിൽ ക്രമക്കേടുകൾ ഉണ്ട്, നടപടിക്രമങ്ങളിലെ പാളിച്ചകളുണ്ട്. അതുകൊണ്ട് ഉപേക്ഷിക്കുന്നതായിരിക്കും സർക്കാരിന് നല്ലത്. ഉപേക്ഷിക്കാതെ ഇതുമായി മുന്നോട്ട് പോകുകയാണെങ്കിൽ ഇതുവരെ നടന്ന ക്രമക്കേടുകളെക്കുറിച്ച്, നടപടിക്രമങ്ങളിലെ പാളിച്ചകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഞാൻ ഒരുകാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. ശ്രീ. ജെയിംസ് മാത്യു ഇവിടെ മറുപടി പറയണം എന്ന് പറഞ്ഞു. ഇന്ന് രാവിലെ മുതൽ കീഴാറ്റൂരിൽ ആടിയുലഞ്ഞുകൊണ്ട് ഇരിക്കുകയാണ്. സ്വയംകൃതാനർത്ഥം കൊണ്ടും നിങ്ങളുടെ ധാർഷ്ട്യംകൊണ്ടും നിങ്ങൾ ഉണ്ടാക്കിയ സംഭവത്തിന് എന്നോട് സൊല്യൂഷൻ പറയാൻ പറയുന്നത് എവിടത്തെ ഏർപ്പാടാണ്. നിങ്ങൾ അവിടെ തീർക്കണമായിരുന്നു. ഞങ്ങൾ ഈ വിഷയം നിയമസഭയിൽ കൊണ്ടുവന്നപ്പോഴും രമ്യമായി പരിഹരിക്കണമെന്നതായിരുന്നു ഞങ്ങളുടെ നിലപാട്. മന്ത്രിക്ക് മനസ്സിലായല്ലോ; അദ്ദേഹം വളരെ ഭംഗിയായി പറഞ്ഞല്ലോ

അന്ന്. നിങ്ങളുടെ നിലപാട് മനസ്സിലായി, ഈ വിഷയം സഭയിൽ കൊണ്ടുവന്നു, ഗൗരവതരമായി നോക്കണം എന്ന് പറഞ്ഞല്ലോ; അതിന്റെ കൂട്ടത്തിൽ അങ്ങ് ചില അഭിപ്രായങ്ങളും പറഞ്ഞു. പക്ഷെ, 2013-ൽ യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന ആ നിയമങ്ങളിലെ നടപടിക്രമങ്ങൾ പാലിക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ആ നിയമങ്ങളിൽ അലൈൻമെന്റ് കണ്ടുപിടിക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങളുണ്ട്, അത് പൂർണ്ണമായി പാലിച്ചുകൊണ്ട്, ആ പ്രദേശത്തെ ജനങ്ങളെ പൂർണ്ണമായി വിശ്വാസത്തിൽ എടുത്തുവേണം ആ പദ്ധതി നടപ്പിലാക്കാൻ. എരിതീയിലേയ്ക്ക് എണ്ണ കോരിയൊഴിച്ച് ഈ പ്രശ്നം വഷളാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ല. ഒരു ജനകീയപ്രശ്നം പ്രതിപക്ഷം എന്ന നിലയിൽ നിയമസഭയിൽ കൊണ്ടുവന്നു. അതുകൊണ്ട് അതിനൊരു പരിഹാരം ഉണ്ടാക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനാണ്. എല്ലാ വികസന പ്രവർത്തനങ്ങൾക്കും ഗവൺമെന്റുമായി ഞങ്ങൾ സഹകരിച്ചു നിന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ നെഗറ്റീവ് അജണ്ട യു.ഡി.എഫ്.-ന് ഇല്ല. പക്ഷെ, നിങ്ങൾ ഉണ്ടാക്കിയ കുഴപ്പം, നിങ്ങളുടെ പാർട്ടിക്കാരെ നിയന്ത്രിക്കാൻ കഴിയാതെ, നിങ്ങളുടെ ധാർഷ്ട്യത്തിന്, നിങ്ങൾ തന്നെ പരിഹാരം കണ്ടുപിടിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ധനവിനിയോഗ ബിൽ പാസ്സാക്കുന്നതിന്റെ പ്രാധാന്യം എന്താണെന്നും നേരത്തെ പാസ്സാക്കിയ ധനവിനിയോഗ ബിൽ അനുസരിച്ച് പണം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഇവിടെ സാമ്പത്തിക പ്രതിസന്ധിയായതുകൊണ്ട് വലിയൊരു വികസന സ്തംഭനത്തിലേയ്ക്ക് സംസ്ഥാനം എത്തിയിരിക്കുകയാണെന്നുമുള്ള വാദങ്ങളാണ് പ്രതിപക്ഷത്തുനിന്നും സംസാരിച്ച ശ്രീ. കെ. സി. ജോസഫ് അടക്കമുള്ള അംഗങ്ങൾ ഉന്നയിച്ചത്. അവസാന പ്രവൃത്തി ദിവസത്തെ പ്ലാൻ എക്സ്പെന്റിച്ചറിന്റെ കണക്ക് ഞാൻ വായിക്കാം. സംസ്ഥാന പ്ലാൻ സ്കീമിൽ 74.9 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേത് 74.52 ശതമാനവും ചെലവായിക്കഴിഞ്ഞു. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതിൽ ശരിയായിട്ടുള്ള ഒരു വശം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിന്റെ 58.6 ശതമാനമേ ചെലവായിട്ടുള്ളൂ എന്നതാണ്. അതിന്റെ മുഖ്യകാരണം ബജറ്റിൽ വച്ചിരിക്കുന്ന അലോക്കേഷന്റെ എത്ര ശതമാനമാണ് എന്നുള്ളതാണ്. ഈ വർഷം കേന്ദ്ര സർക്കാരിന്റെ ഫിസ്കൽ ഡെഫിസിറ്റ് പിടിച്ചുനിർത്തുന്നതിനുവേണ്ടി സംസ്ഥാനങ്ങൾക്ക് കൈമാറേണ്ട വിഹിതങ്ങളെല്ലാം ഗണ്യമായി വെട്ടിക്കുറച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ചെലവാക്കാൻ കഴിയാത്തത്. അല്ലെങ്കിൽ അതും ഈ തോതിൽ തന്നെ വരുമായിരുന്നു. ഇനിയുള്ള ദിവസങ്ങളെടുക്കുമ്പോൾ ഈ വർഷത്തെ വാർഷിക പദ്ധതിയുടെ ഏതാണ്ട് 80 ശതമാനം പ്ലാൻ ഫണ്ട് ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനം

വികസന സ്തംഭനത്തിലേയ്ക്ക് എത്തിയെന്ന് ശ്രീ. കെ. സി. ജോസഫ് പറയുന്നത് ഏതടിസ്ഥാനത്തിലാണ്. അങ്ങ് അത് ഒരിക്കൽക്കൂടി പറഞ്ഞാൽ ഞാൻ അതിന് മറുപടി പറയാം. അതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത്രയും പണം ചെലവാക്കിയിട്ട് അതിന്റെ ഔട്ട്കം എന്താണെന്നും ഭൗതിക നേട്ടം കൈവരിച്ചിട്ടുണ്ടോയെന്നുമൊക്കെ വേണമെങ്കിൽ ചോദിക്കാം. പക്ഷെ സംസ്ഥാന നിയമസഭ അംഗീകരിച്ച പ്ലാനിന്റെ ഇത്രയും ശതമാനം ചെലവാക്കിയിട്ടാണ് അടുത്ത വർഷത്തേയ്ക്കുള്ള ധനവിനിയോഗ ബിൽ വയ്ക്കുന്നത്. ഇനിയുള്ള ദിവസങ്ങളിൽ നിശ്ചയമായും കൂടുതൽ പുതിയ ബില്ലുകൾ വരും. ആ ബില്ലുകളെല്ലാം സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒരുപക്ഷെ മുഴുവൻ തുകയും പണമായി കൊടുക്കുകയില്ല. അങ്ങനെ മുഴുവൻ തുകയും പണമായി നൽകാൻ കഴിയാത്തത് ക്യൂവിൽ വയ്ക്കുകയും ഏപ്രിൽ മാസത്തിൽ നൽകുകയും ചെയ്യും. ശ്രീ. പി. കെ. ബഷീറിന് ഒരു പ്രയാസവും വേണ്ട. ഞാൻ ഈ നിയമസഭയിൽ പറഞ്ഞതിന് വിരുദ്ധമായി അബദ്ധവശാൽ ഒരു ഓർഡർ ഇറങ്ങി. അന്ന് രാത്രി തന്നെ ആ ഓർഡർ പിൻവലിക്കുകയും ചെയ്തു. അതല്ലേ നടന്നത്. ഞാൻ എന്താണ് നിയമസഭയിൽ പറഞ്ഞത്? പണി ആരംഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ സ്പിൽഓവർ അനുവദിക്കും. കഴിഞ്ഞ വർഷം നടന്നതുപോലെ മാറാതെ ക്യൂവിൽ ബില്ലുകൾ വച്ചുകഴിഞ്ഞാൽ ഏപ്രിൽ, മേയ് മാസങ്ങളിലായി അധിക പണംവച്ച് ആ ബില്ലുകൾ പാസ്സാക്കിക്കൊടുക്കും. ഈ വർഷം കൊടുത്തല്ലോ. അധികമായി 500 കോടിയോളം രൂപ ഇങ്ങനെ ക്യൂവിലുള്ള ബില്ലുകൾക്ക് വിതരണം ചെയ്തെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കഴിഞ്ഞ വർഷം സ്പിൽഓവർ ആയ വർക്കുകൾ തുടങ്ങാനും ആ വർക്കിന്റെ ബില്ലുകൾ ക്യൂവിൽ നിന്നാൽ കൊടുക്കുമെന്നും അന്ന് പറഞ്ഞിരുന്നു. കഴിഞ്ഞ പ്രാവശ്യം മെയിന്റനൻസ് പ്ലാനിലുണ്ടായിരുന്ന വർക്കുകളൊക്കെ പൂർത്തീകരിച്ചു. അതിന്റെ ബിൽ കൊടുത്തു. പക്ഷെ ആ ഹെഡ്ഡിൽ പണം വന്നിട്ടില്ല. അതിന് പണം കൊടുത്താൽ മാത്രമേ ഈ മാർച്ച് 31-നകം അത് ചെലവഴിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ പിന്നെയും സ്പിൽ ഓവർ ആയി പോകുകയില്ലേ? അപ്പോൾ 2017-18, 2018-19 എന്നീ രണ്ട് വർഷത്തേത് വരികയില്ലേ. ഇനി ഇത് എന്നാണ് കൊടുക്കുക. നാളെ ഒരു ദിവസമല്ലേയുള്ളൂ.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കേരളത്തിൽ ഇങ്ങനെയുള്ള സാഹചര്യം വരുന്ന ആകെ 20 പഞ്ചായത്തുകൾ മാത്രമേ വന്നിട്ടുള്ളൂ. ഈ വർഷം അനുവദിച്ചിട്ടുള്ള ഫണ്ട് നൂറ് ശതമാനവും ചെലവഴിച്ച് കഴിഞ്ഞിട്ടുള്ളതിന് പ്രായോഗികമായി എന്ത് ചെയ്യാമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. അപ്‌ലോഡ് ചെയ്യണമെങ്കിൽ ചിലപ്പോൾ സോഫ്റ്റ്‌വെയറിൽ മാറ്റം വേണമായിരിക്കും. ശ്രീ. പി. കെ. ബഷീറിന്റെ പ്രായോഗിക അനുഭവംകൊണ്ട്

പറയുന്നതായിരിക്കും. അതെങ്ങനെ പരിഹരിക്കാമെന്നുള്ളത് പരിശോധിക്കാം. ആ ബില്ലുകളും ക്യൂവിൽ വയ്ക്കാനാണ് ശ്രമിക്കുന്നത്.

കഴിഞ്ഞ തവണ നിയമസഭയിൽ ഓരോ പഞ്ചായത്തിനും പറഞ്ഞ തുക പൂർണ്ണമായി വന്നില്ലെന്നും യൂണിയൻ ഫിനാൻസ് കമ്മീഷന്റെ അവസാനത്തെ ഗഡു തന്നിട്ടില്ലെന്നുമുള്ള വാദം ഇവിടെ വരികയുണ്ടായി. അവസാനത്തെ ഗഡു കേന്ദ്രഗവൺമെന്റ് അയച്ചുതന്നു. പക്ഷെ അത് പെർഫോമൻസ് ഗ്രാന്റാണ്. എല്ലാ പഞ്ചായത്തുകൾക്കും അതിന് അവകാശമില്ല. 180-ഓളം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാത്രമേ പെർഫോമൻസ് ഗ്രാന്റിന് അവകാശമുള്ളൂ. അത് കൈമാറിയിട്ടുണ്ട്. ഈ തുകയും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി തുല്യമായി വീതിച്ചാണ് അനെക്ഷ്വറിൽ വച്ചിരുന്നത്. നമുക്ക് കിട്ടേണ്ട പണം പൂർണ്ണമായും വന്നിട്ടില്ലല്ലോ എന്നുള്ളതാണ് ആ പഞ്ചായത്തുകളുടെ തെറ്റിദ്ധാരണ. എന്നാൽ ഇത് കണ്ടീഷണൽ ഗ്രാന്റായതുകൊണ്ട് തുല്യമായി വീതം വയ്ക്കാനും കഴിയില്ല. ഇങ്ങനെയൊരു അപാകത വന്നിട്ടുണ്ടെന്നല്ലാതെ ആ പണം നൽകാതിരിക്കുന്ന അവസ്ഥയൊന്നുമില്ല.

നാല് മാസത്തെ സാമൂഹ്യ ക്ഷേമപെൻഷനുകൾ കുടിശ്ശികയുള്ളത് നൽകണമെന്ന് ശ്രീ. രാജു എബ്രഹാം ഉൾപ്പെടെയുള്ള പല മെമ്പർമാരും ആവശ്യപ്പെടുകയുണ്ടായി. കർഷക പെൻഷൻ അടക്കമുള്ള സാമൂഹ്യക്ഷേമ പെൻഷനുകളുടെ നാല് മാസത്തെ കുടിശ്ശിക തീർത്ത് കൊടുക്കുന്നതിനുള്ള ഉത്തരവ് ഇറങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഏപ്രിൽ ആദ്യം മുതൽ അതിനുള്ള പരിശ്രമം തുടങ്ങും. അടുത്ത രണ്ട് ദിവസത്തേയ്ക്കുള്ള പണമെല്ലാം എന്തിനാണ് ഇങ്ങനെ ക്യൂവിൽ വയ്ക്കുന്നതെന്ന് ചോദിച്ചാൽ, നമുക്ക് പൂർണ്ണമായി വായ്പയൊക്കെ എടുക്കാൻ കഴിയുന്നതിനുമുമ്പ് വിഷു വന്നുചേരുകയാണ്. ഇത്തവണ ഖജനാവ് പൂർണ്ണമായും വെടിപ്പാക്കിയിട്ട് അടുത്ത വർഷത്തേയ്ക്ക് കടന്നാൽ പെൻഷൻ കൊടുക്കാൻ പ്രയാസപ്പെടും. ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുന്നതിനാണ് കേരള സർക്കാർ മുൻഗണന നൽകുന്നതെന്നുള്ളതിന് ആർക്കും സംശയം വേണ്ട. അതുകൊണ്ട് ഇപ്പോൾത്തന്നെ ഉത്തരവ് ഇറക്കി, ഏപ്രിൽ ആദ്യവാരത്തിൽത്തന്നെ അത് വിതരണം ചെയ്തുതുടങ്ങും.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഈ പെൻഷനുകളെ സംബന്ധിച്ച് ഒരു ഉത്തരവ് കണ്ടിരുന്നു. അനർഹരായ ആളുകൾ പെൻഷൻ വാങ്ങുന്നത് ഒഴിവാക്കാൻ വേണ്ടി ഒരു പഠനം നടത്താൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയതായി കണ്ടു. കേരളത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഇത്രയും വിശദമായൊരു പഠനം നടത്തി അനർഹരായ

ആളുകളെ പുറത്ത് കൊണ്ടുവരാനുള്ള modus operandi എങ്ങനെയാണ്? അർഹതയുള്ള ആളുകൾ പുറത്തുപോകാതെ നോക്കണ്ടേ; അതെങ്ങനെയാണ് അവരെക്കൊണ്ട് ചെയ്യാൻ കഴിയുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രശ്നം എന്താണെന്ന് നിങ്ങൾ ആദ്യം മനസ്സിലാക്കൂ. സെൻസസ് പഠനമല്ല; സാമ്പിൾ പഠനമാണ് ഉദ്ദേശിക്കുന്നത്. എട്ടോ പത്തോ പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ഇത് വിശകലനം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ഒരു ചോദ്യാവലി തയ്യാറാക്കി അത് പഠിച്ച് വയ്ക്കുകയാണ്. എന്നിട്ട് അതിൽ അബദ്ധമൊന്നുമില്ലെന്ന് നമ്മൾ മനസ്സിലാക്കുന്നു. രണ്ടാമത്തേത്, ഇന്നയിന്ന ക്രൈറ്റീരിയ വച്ചുകഴിഞ്ഞാൽ എത്ര പേർക്ക് നഷ്ടപ്പെട്ടുമെന്നുള്ളത് പരിശോധിക്കാം. ഉഭയകക്ഷി ചർച്ച നടത്തി അതെങ്ങനെ വേണമെന്ന് തീരുമാനിക്കാം. ആ തീരുമാനമെടുക്കുന്നതിനാണ് ഈ പഠനം നടത്തുന്നത്. Preconceived idea വച്ച് ഇന്നത് ചെയ്യണമെന്ന് വച്ചിട്ടല്ല ചെയ്യുന്നത്. ഇപ്പോൾത്തന്നെ പഞ്ചായത്തുകൾ നൽകിയിരിക്കുന്ന നാലഞ്ച് ലക്ഷം ആളുകളുടെ അപേക്ഷകൾ കൈവശമുണ്ട്. ഞാൻ കഴിഞ്ഞ സഭയിൽ പറഞ്ഞതാണ്. അംഗവൈകല്യമുള്ളവരുടെയും അഗതികളുടെയും പെൻഷനുകൾ കാത്തുനിൽക്കാതെ കൊടുക്കാം. മറ്റുള്ളത് ഈ പഠനം കഴിഞ്ഞതിനുശേഷം കാര്യങ്ങൾ മനസ്സിലാക്കിയിട്ട് തീരുമാനമെടുക്കാനായി വച്ചിരിക്കുകയാണ്.

കർഷകത്തൊഴിലാളികളുടെ ആനുകൂല്യങ്ങളെക്കുറിച്ച് ശ്രീ. റ്റി. വി. രാജേഷ് ചോദിക്കുകയുണ്ടായി. അവരുടെ റിട്ടയർമെന്റ് ബെനിഫിറ്റ് 250 കോടി രൂപയോളം ബാദ്ധ്യതയുണ്ട്. നാളെ പാസ്സാക്കാൻ പോകുന്ന ധനകാര്യ ബില്ലിൽ ഭൂനികുതിയിലുള്ള വർദ്ധനവ് പൂർണ്ണമായും ഈ വർഷത്തെ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി ഉപയോഗിക്കാമെന്ന് പറഞ്ഞിരുന്നു. അടുത്ത വർഷം മുതൽ ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകഴിഞ്ഞാൽ ക്ഷേമനിധി ബോർഡിനും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനും ഇത് വീതം വയ്ക്കും. അതിന്റെ ഫലമായി ഇവർക്ക് നൽകേണ്ട മറ്റാനുകൂല്യങ്ങൾ നൽകുന്നതിന് ഭാവിയിൽ യാതൊരു തടസ്സവുമുണ്ടാകുകയില്ല. അതുപോലെ എൽ.ഐ.സി. ഏജന്റുമാരുടെ ക്ഷേമനിധിയെക്കുറിച്ച് പറഞ്ഞു. എൽ.ഐ.സി. നേരിടുന്ന വെല്ലുവിളികളുടെയും അത് സംരക്ഷിക്കുന്നതിന് വേണ്ടി ജീവനക്കാർ നടത്തിക്കൊണ്ടിരിക്കുന്ന വലിയ പോരാട്ടത്തിന്റെയും പശ്ചാത്തലത്തിൽ എൽ.ഐ.സി. ജീവനക്കാർക്ക് വേണ്ടിയുള്ള ക്ഷേമനിധി സർക്കാർ ഗൗരവമായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മലയോര ഹൈവേയും തീരദേശ ഹൈവേയും എവിടെയെന്ന് ശ്രീ. കെ. സി. ജോസഫ് ചോദിച്ചു. ഇപ്പോൾ നിങ്ങളുടെ മണ്ഡലത്തിലാണെങ്കിൽ മലയോര ഹൈവേയുടെ ഒരു റീച്ച് പണിതുകൊണ്ടിരിക്കുന്നുണ്ട്. അങ്ങനെയുള്ളത് ഒഴിച്ച്,

ബാക്കിയുള്ളവ എത്രയും പെട്ടെന്ന് സമാന്തരമായിട്ട് നൽകാനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. അത് സമർപ്പിച്ചു കഴിഞ്ഞു. ചില സ്ട്രെച്ചസിന് അനുവാദവും നൽകി, ടെൻഡറും കൊടുത്തു.

തീരദേശഹൈവേയുടെ പ്രശ്നം, തീരദേശത്ത് ചില സ്ഥലങ്ങളിൽ ഇപ്പോൾ 6 മീറ്റർ വീതിയേയുള്ളൂ. 6 മീറ്റർ വീതി 12 മീറ്ററാക്കണമെന്നുവച്ചാൽ അത് 12 മീറ്ററാക്കാൻ കഴിയാത്ത അവസ്ഥ എന്റെ മണ്ഡലമടക്കമുള്ള സ്ഥലങ്ങളിലുണ്ട്. 12 മീറ്റർ വേണമെന്നുള്ളതാണ് പൊതുവായ ധാരണ. തീരദേശഹൈവേയ്ക്കുവേണ്ടി 12 മീറ്റർ വീതിയിൽ റോഡ് ലഭ്യമായ റീച്ചുകളിൽ ഈ വർഷം തന്നെ പണിയാരംഭിക്കാം. അതുകഴിഞ്ഞാൽ ഉടൻ തന്നെ നമുക്ക് ബാക്കി പണി തുടങ്ങാം. എസ്റ്റിമേറ്റ് തയ്യാറാക്കി വയ്ക്കണമല്ലോ? ആദ്യം അവിടെനിന്ന് തുടങ്ങാം. അതുകഴിഞ്ഞാൽ 8, 12 മീറ്റർ അടക്കമുള്ളത് സംബന്ധിച്ച് നമുക്ക് ഒരു ചർച്ച നടത്തി തീരുമാനിക്കാം. ഏതായാലും ഇത്രയും പണം മുടക്കുമ്പോൾ ആരെയും തീരദേശത്തുനിന്ന് മാറ്റാനൊന്നും പരിപാടിയില്ല. എന്നാൽ ആ പ്രദേശം മുൻഗണനയിൽ ചെയ്യുന്നതിന് നമുക്ക് ചർച്ച നടത്തി ഒരു തീരുമാനത്തിലേയ്ക്ക് പോകാം. താമസമുണ്ടാകില്ല, അടുത്ത മാസം കഴിയുമ്പോൾ ഇതിന്റെ ബോർഡിൽ ഈ സ്ട്രെച്ചസ് കൊണ്ടുപോകുന്നതിന് ശ്രമിക്കാം.

3.00 PM]

ശ്രീ. പി. കെ. ബഷീർ: സർ, 12 മീറ്റർ വീതിയെന്നാണ് പറയുന്നത്. നിലവിൽ 8 മീറ്ററും 9 മീറ്ററും വീതിയൊക്കേയുള്ളൂ. ഞങ്ങളുടെ നിലമ്പൂർ, ഏറനാട് മണ്ഡലങ്ങളിലൊക്കെ കുറെ പ്രൈവറ്റ് സ്ഥലങ്ങളുണ്ട്. അവിടെയൊരു തെറ്റിദ്ധാരണയുണ്ട്. ഈ സ്ഥലത്തിന്റെ പാക്കേജിൽ 12 മീറ്റർ വീതി എടുക്കുമ്പോൾ, ആളുകളുടെ രണ്ടും മൂന്നും മീറ്റർ സ്ഥലമെടുക്കുമ്പോൾ, ഇവർക്ക് നഷ്ടപരിഹാരം കൊടുക്കുമോ; അല്ല ഇവർ സൗജന്യമായി സ്ഥലം തരണമോ, എങ്ങനെയാണ് ആ സ്കീം?

ഡോ. ടി. എം. തോമസ് ഐസക്: സർ, സൗജന്യമായിട്ടൊന്നും പ്രതീക്ഷിക്കുന്നില്ല. എങ്കിലും നമ്മൾ ഒരു ശ്രമം നടത്തണം. ഇത്രയും വലിയൊരു പ്രോജക്ട് ചെയ്യുമ്പോൾ, ജനങ്ങളുടെ സഹകരണമൊക്കെ വേണം. നമ്മുടെ നാട്ടിൽ അത്യാവശ്യം ഒരു റോഡ് വരണമെങ്കിൽ, എവിടെയൊക്കെ അതിന് സാധ്യതയുണ്ടോ അതൊക്കെ പ്രയോജനപ്പെടുത്തും. അല്ലാത്തതിന് നമുക്ക് സ്ഥലം ലഭിക്കണമെങ്കിൽ നഷ്ടപരിഹാരം കൊടുക്കേണ്ടിവരും.

ശ്രീ. കെ. സി. ജോസഫ്: സർ, മലയോര ഹൈവേ ശ്രീ. സി. കൃഷ്ണന്റെ ചെറുപുഴ മണ്ഡലം മുതൽ വള്ളിത്തോടുവരെ 52 കിലോമീറ്ററാണ്. ഒരു പൈസ കോമ്പൻസേഷൻ വാങ്ങാതെയാണ് അവിടത്തെ ജനങ്ങൾ സഹകരിച്ച് സ്ഥലം

വിട്ടുകൊടുത്തത്. ഒരാളുടെ വീടുപോയതിന് മാത്രമാണ് മന്ത്രിയോട് സഹായം ചോദിച്ചത്, അയാൾക്ക് ആകെ മൂന്നര സെന്റേയുണ്ടായിരുന്നുള്ളൂ. അതിന് കോമ്പൻസേഷൻ ചോദിച്ചു. ബാക്കി മുഴുവൻ ആൾക്കാരും സ്ഥലം വിട്ട് കൊടുക്കുകയായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, മലയോര പ്രദേശത്ത് അതിന് വലിയ സാധ്യതയുണ്ട്. തീരദേശത്തെ സ്ഥിതിവിശേഷം അതല്ല, തീരദേശത്ത് തിങ്ങിപ്പാർക്കുന്നത് മത്സ്യത്തൊഴിലാളികളും മറ്റുമാണ്. അവർക്ക് ഒരു സെന്റും രണ്ട് സെന്റുമൊക്കെയേയുള്ളൂ. അവിടെ നമുക്ക് വ്യത്യസ്തമായ നിലപാടാണ് എടുക്കേണ്ടത്. തീരദേശത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ അതിനെക്കുറിച്ച് ആലോചിച്ചത് വളരെ അനുകരണീയമായ മാതൃകാപരമായ ഒരു ഇടപെടലാണ്. നമ്മൾ അതിന്റെ സാധ്യതകളെക്കുറിച്ചുകൂടി പരിശോധിക്കണം.

ഡോ. എൻ. ജയരാജ് ADF-നെക്കുറിച്ച് ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ഈ സഭയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലാണ് എം.എൽ.എ. ഫണ്ടുപോലെ തന്നെ അത് ചെലവഴിക്കട്ടെ എന്ന തീരുമാനമെടുത്ത് നൽകിയത്. ഇപ്പോൾ ഒരു കോടി രൂപയല്ല അതിനേക്കാൾ കൂടുതൽ തുകയുടെ കാര്യമായാലും ജില്ലാതലത്തിൽ തന്നെ പരിശോധിച്ച് തീരുമാനമെടു ക്കണമെന്നാണ് അഭിപ്രായമെങ്കിൽ നമുക്ക് അതും പരിഗണിക്കാം. കാര്യങ്ങൾ വേഗം നടക്കണമെന്നുമാത്രമല്ല, അത് നടക്കേണ്ട രീതിയിൽ നടക്കണമെന്നുകൂടി താല്പര്യമുള്ളതുകൊണ്ട് 5 കോടി രൂപയുടെ വർക്കൊക്കെ ജില്ലാതലത്തിൽ തീരുമാനിച്ചുപോകുന്നത് അത്രശരിയാണോ എന്ന് ആലോചിക്കുക. നമുക്ക് കൂട്ടായി ആലോചിച്ച് എങ്ങനെ വേണമെന്ന് തീരുമാനിക്കാം. സ്പീക്കർ തന്നെ ഇതിനൊരു യോഗം വിളിക്കുന്നുണ്ട്. തുറന്ന മനസ്സോടെ പരിശോധിച്ച് അതിന് വരുത്തേണ്ട മാറ്റങ്ങൾ വരുത്താൻ സർക്കാർ സന്നദ്ധമായിരിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇപ്രാവശ്യം കൂടി എൽ.ഇ.ഡി. ലൈറ്റുകൾക്ക് പണം വയ്ക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയും ഞങ്ങളൊക്കെ അതുപ്രകാരം അസറ്റ് ഫണ്ടിൽ എൽ.ഇ.ഡി. ലൈറ്റിനുവേണ്ടി പണം വയ്ക്കുകയും ചെയ്തിട്ടുണ്ട്, ഹൈമാസ്റ്റ് ലൈറ്റുകൾക്കുവേണ്ടി, അതിന്റെ വില വിവരങ്ങൾ ഇതുവരെ അപ്‌ലോഡ് ചെയ്തിട്ടില്ല. ഹൈമാസ്റ്റ് ലൈറ്റുമായി ബന്ധപ്പെട്ട്, പ്രൈസിൽ വരാത്തത് സ്വീകരിക്കാതെ എ.എസ്. കിട്ടാത്ത ഒരു പ്രതിസന്ധി എല്ലാ എം.എൽ.എ.-മാർക്കുമുണ്ട്. അടിയന്തരമായി ഇടപെട്ടില്ലെങ്കിൽ അത് നീണ്ടുപോകും. പാലക്കാട് ജില്ലയിലും മറ്റ് ജില്ലകളിലും ഈ പ്രശ്നമുണ്ട്. ഹൈമാസ്റ്റ് ലൈറ്റിന്റെ വിശദാംശങ്ങൾ പ്രൈസിൽ ഇതുവരെ വന്നിട്ടില്ല. പ്രൈസിൽ വന്നതേ അക്സെപ്റ്റ് ചെയ്യൂ എന്നാണ് ഡിപ്പാർട്ടുമെന്റ് പറയുന്നത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അത് ഞാൻ ഓഫ് ആന്റ് ഓൺ ആയിട്ട് പറയുന്നില്ല. അങ്ങനെ അനന്തമായി നീണ്ടുപോകാൻ പാടില്ല. അടുത്ത ദിവസങ്ങളിൽത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ഫിനാൻസ് സെക്രട്ടറിയുമായും ചർച്ച ചെയ്തിട്ട് ഇതിന് പരിഹാരം കണ്ടെത്തിയിരിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് ശ്രീ. കെ. കൃഷ്ണൻകുട്ടി സാറിന് എപ്പോഴും വലിയ വേവലാതിയുണ്ട്. അത് ന്യായമായിട്ടുള്ള കാര്യം തന്നെയാണ്. അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട കാര്യം വേണ്ടത്ര പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നില്ലെന്നതാണ്. ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ഇവയെല്ലാം പരിഹരിക്കാൻ കഴിയുന്ന രീതിയിൽ ഒരു പ്രോജക്ട് സെൽ രൂപീകരിക്കുന്നതിനുള്ള നടപടി ഞങ്ങൾ സ്വീകരിക്കുന്നുണ്ട്.

കിഫ്ബിയുടെ വർക്കുകൾ സ്പീഡപ്പ് ചെയ്യണമെന്ന് എല്ലാവരും പറഞ്ഞു. നമുക്ക് അതിൽ തർക്കമില്ല. ഇപ്പോൾ എല്ലാ മാസവും ഏതാണ്ട് ആയിരവും രണ്ടായിരവും കോടി രൂപയുടെ വർക്കുകൾ പൂർണ്ണ അനുമതി നൽകാൻ കഴിയുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയിട്ടുണ്ട്. തുടക്കത്തിലുള്ള കാലതാമസം എന്താണെന്നുവച്ചാൽ പുതിയൊരു സ്കീം എന്ന നിലയിൽ അതിന്റെ രീതികളും കാര്യങ്ങളും മനസ്സിലാവാത്തതുകൊണ്ട് ചിലർ മുഖം വീർപ്പിച്ചിരിക്കും, താമസം വന്നിട്ടുണ്ട്. എന്നാൽ, ഇപ്പോൾ അത് മാറി കാര്യങ്ങൾ സുഗമമായിട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആകെയൊരു പ്രശ്നം വരുന്നത്, നമ്മുടെ ബജറ്റിനെ കലക്കാൻവേണ്ടി നിങ്ങൾ 15 കോടി രൂപയേയുള്ളൂ 25 കോടി രൂപയേയുള്ളൂ എന്നൊക്കെ പറഞ്ഞെങ്കിലും ഇപ്പോൾ ഫൈനലായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അതിന്റെ ഇരട്ടിയും മൂന്നിരട്ടിയുമൊക്കെയാണ് വരുന്നത്. അങ്ങനെ അനന്തമായിട്ട് കൂടാൻ പറ്റില്ല. ഞാൻ പറഞ്ഞതുപോലെ 60,000 കോടി രൂപയിൽ അധികമൊന്നും ഒരു കാരണവശാലും ഇപ്പോൾ നൽകാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഇത് ഇത്രയും പറ്റില്ല എന്നുപറയേണ്ടിവരും. അല്ലെങ്കിൽ നമ്മുടെ കണക്കുകൂട്ടലിനുള്ളിൽ ഇത് നിൽക്കില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ആസ്തി വികസനവുമായി ബന്ധപ്പെട്ട ചെറിയൊരു കാര്യമാണ്. ഇപ്പോൾ ആസ്തി വികസന ഫണ്ട് പൊതുവെ വലിയൊരു കോമ്പറ്റീഷനാണ്. അതുകാരണം below 25% 30% എന്നൊക്കെ പറഞ്ഞു തരുമ്പോൾ 5 കോടി രൂപ തന്നാലും യഥാർത്ഥത്തിൽ നാലുകോടി രൂപയുടെ വർക്കുപോലും നടക്കുന്നില്ല. അങ്ങനെ കുറവുവരുന്ന എമൗണ്ടിലേയ്ക്ക്, ഇപ്പോൾ നാലുകോടി രൂപയുടെ വർക്കേയുള്ളൂവെങ്കിൽ ബാക്കിയുള്ള ഒരു കോടി രൂപയ്ക്ക് അതത് എം.എൽ.എ.-മാർക്ക് വർക്ക് കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിനെക്കുറിച്ച് ഒരു കത്ത് നൽകിയിരുന്നു. ഞങ്ങൾ ആ കത്ത് ഗൗരവമായി എടുത്തിരിക്കുകയാണ്. അങ്ങ് പറഞ്ഞ നിർദ്ദേശം, എനിക്ക് വ്യക്തിപരമായി സ്വീകാര്യമാണ്. മാർച്ചിന്റെ തിരക്ക് കഴിഞ്ഞിട്ട്, ഉദ്യോഗസ്ഥതലത്തിൽ ഇത് ചർച്ച ചെയ്തിട്ട് തീരുമാനമെടുക്കാം. ഞാൻ വിചാരിച്ചത്, ശ്രീ. വി. ഡി. സതീശൻ സംസാരിക്കാൻ പോകുന്നത്, എങ്ങനെയാണ് കോൺഗ്രസ്സ് നയം ബി.ജെ.പി.-യിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നത് എന്നത് സ്ഥാപിക്കും എന്നാണ്. എ.ഐ.സി.സി.-യുടെ യോഗത്തിൽ അദ്ദേഹത്തിന്റെ പ്രസംഗമൊക്കെ ഞാൻ കേട്ടിട്ടുണ്ട്. ഇനി ഒരുപ്രാവശ്യം കൂടി ഞാൻ ചോദ്യങ്ങൾ ചോദിക്കാം. മറുപടി അങ്ങ് പറഞ്ഞാൽ മതി.

ഫിലോസഫി എന്ന് മാറും, വ്യത്യസ്തം എന്നുപറഞ്ഞിട്ടൊന്നും കാര്യമില്ല. പ്രായോഗികമായിട്ടുള്ള കർമ്മപരിപാടിയിൽ, ബി.ജെ.പി.യുടെ ഫിലോസഫി അങ്ങനെയാണ്, നമ്മുടെ ഫിലോസഫി ഇങ്ങനെയാണ് അതൊന്നുമല്ല. As an economic programme, കോൺഗ്രസ്സിന്റെ ഫിലോസഫി ബി.ജെ.പി.യുടെ ഫിലോസഫി ആണെന്നൊന്നുമല്ല ഞങ്ങളുടെ വാദം. സാമ്പത്തിക കർമ്മപരിപാടിയിൽ എന്ത് വ്യത്യാസം? ആഗോളവൽക്കരണ പരിഷ്കാരങ്ങളുടെ തുടക്കം ഇറക്കുമതിയുടെ ഉദാരവൽക്കരണമാണ്. നിങ്ങളാണ് അത് തുടങ്ങിവച്ചതും ആസിയാൻ കരാർ അടക്കമുള്ള കരാർ കൊണ്ടുവന്നതും. ആ കരാർ കൊണ്ടുവന്നപ്പോൾ ഇൻഡ്യയ്ക്ക് മൊത്തത്തിൽ നേട്ടമുണ്ടാകുമെന്നാണ് പറഞ്ഞത്. എന്നാൽ കേരളത്തിന് വലിയ നഷ്ടമായിരിക്കും. അതുകൊണ്ട് കേരളത്തിന് നഷ്ടപരിഹാരം, ഇങ്ങനെയുള്ള റീജിയന് കൊടുക്കണം എന്നുപേലും ചിന്തിച്ചിട്ടില്ല. അങ്ങനെ ചിന്തിക്കാൻ പറ്റാത്ത രീതിയിലാണ് അക്കാര്യം പോയിട്ടുള്ളത്. അതും ബി.ജെ.പി.-യുടെ നിലപാടും തമ്മിൽ എന്ത് വ്യത്യാസം? ഇറക്കുമതി ഉദാരവൽക്കരിച്ചുകഴിഞ്ഞാൽ ഇറക്കുമതി കുത്തനെ കൂടും. ഒരു കാരണവശാലും കയറ്റുമതി അത്രയും വേഗത്തിൽ കൂടുകയില്ല. നമ്മുടെ ട്രേഡ് ഡെഫിസിറ്റ് കൂടും. ഫോറിൻ എക്സ്ചേഞ്ച് എക്സ്ഹോസ്റ്റ് ചെയ്യും. വിദേശ വിനിമയം കുഴപ്പത്തിലേയ്ക്ക് പോകും. അതുകൊണ്ട് റിഫോമിന്റെ രണ്ടാമത്തെ ഭാഗമെന്നു പറയുന്നത് നമ്മുടെ രൂപയുടെ മൂല്യം ഇടിക്കണം എന്നതാണ്. നിങ്ങളുടെ ഭരണകാലത്ത് ഡോളറിന് 18 രൂപയാണ് ഉണ്ടായിരുന്നത്. നിങ്ങൾ തുടങ്ങിയതുതന്നെ ഡീവാല്യുവേഷൻ വച്ചിട്ടാണ്. പിന്നെ ഡീവാല്യുവേഷന്റെ ആവശ്യമില്ല, അത് സ്വതന്ത്രമായി വിട്ടു. നിങ്ങൾ 60 രൂപയിൽ എത്തിച്ചിട്ടല്ലേ നിർത്തിയത്; നേരത്തെ 18 രൂപ കൊടുത്താൽ വാങ്ങാൻ കഴിഞ്ഞിരുന്ന സാധനം ഇന്ന് വാങ്ങണമെങ്കിൽ 65 രൂപ കൊടുക്കണം. അതുകൊണ്ട് നിങ്ങൾ കുറച്ച് വാങ്ങും, അങ്ങനെ ഇറക്കുമതി കുറയ്ക്കും.

ഇറക്കുമതി നിയന്ത്രിക്കില്ല, ഇങ്ങനെയാണ് കുറയ്ക്കുന്നത്. ഇക്കാര്യത്തിൽ ബി.ജെ.പി.-യുടെ നിലപാടും നിങ്ങളുടെ നിലപാടും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; എന്നിട്ടും ട്രേഡ് ഡെഫിസിറ്റ് കൂടിക്കൂടി വരികയായിരുന്നു. അപ്പോൾ നിങ്ങൾ കണ്ട പരിഹാരവും ബി.ജെ.പി.-യുടെ പരിഹാരവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; ഈ ഗ്യാപ്പ് ഫിൽ ചെയ്യുന്നതിനുവേണ്ടി ഫോറിൻ ക്യാപിറ്റൽ വരണം. ഇതാണ് രണ്ടുപേരും കണ്ടത്. അത് വ്യവസായത്തിൽ നിക്ഷേപിക്കാനുള്ള എഫ്.ഡി.എ. ആകണമെന്നില്ല, മറിച്ച് പോർട്ട്ഫോളിയോ ക്യാപ്പിറ്റലായാലും വരണം. അവരെ അലോസരപ്പെടുത്തുന്ന ഒരു കാര്യം പോലും വരരുത്. ചെറിയൊരു ട്രാൻസാക്ഷൻ ടാക്സ് സെക്യൂരിറ്റീസിനുമേൽ ചുമത്തിയത്, തുടർന്ന് ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് പണിമുടക്കിയപ്പോൾ ശ്രീ. പി. ചിദംബരം പിറ്റേദിവസം ഫ്ലൈറ്റ് എടുത്ത് ബോംബെയിൽ പോയി സമസ്താപരാധവും പറഞ്ഞ് അത് പിൻവലിച്ചില്ലേ; ബ്ലാക്ക്മണിക്ക് എതിരായിട്ടുള്ള ധവളപത്രം ഇറക്കിയിട്ടും Round Tripping അവസാനിപ്പിക്കുന്നതിനായി മൗറീഷ്യസിലെ കരാർ മാറ്റുന്നതിന് നിങ്ങൾ തയ്യാറായോ; ഫോറിൻ ക്യാപിറ്റൽ വന്നുകൊണ്ടിരുന്നാൽ മാത്രമേ ഈ മോഡൽ നിലനിൽക്കുകയുള്ളൂ. ഫോറിൻ ക്യാപിറ്റൽ കടന്നുവരുന്നതിനുവേണ്ടി, വ്യാവസായം ആരംഭിക്കാനല്ല, ഫോറിൻ എക്സ്ചേഞ്ച് ഗ്യാപ്പ് മീറ്റ് ചെയ്യുന്നതിനുവേണ്ടി ബി.ജെ.പി. സ്വീകരിക്കുന്ന നിലപാടും കോൺഗ്രസ് സ്വീകരിക്കുന്ന നിലപാടും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; അങ്ങനെ ഫോറിൻ ക്യാപിറ്റൽ വരാൻവേണ്ടി അവർക്ക് അനുയോജ്യമായ രീതിയിൽ നമ്മൾ വാണിജ്യം നടത്തുന്നതും കൃഷി ചെയ്യുന്നതും വ്യവസായം നടത്തുന്നതും ബാങ്ക് ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതും മാറണം, കൂടാതെ നിയമങ്ങളും മാറണം. അതാണ് ഘടനാപരമായ പരിഷ്കാരങ്ങൾ. കറാച്ചി പ്രമേയത്തിന്റെ പാരമ്പര്യമുണ്ടായിട്ടും പഞ്ചവൽസര പദ്ധതിയിൽ നിന്നും land reforms എന്നുള്ള അധ്യായം എടുത്തുമാറ്റിയത് നിങ്ങളല്ലേ? ഇന്നിവിടെ ശ്രീ. രാജു എബ്രഹാം ഫെർട്ടിലൈസർ സബ്സിഡി വെട്ടിക്കുറച്ചിതിനെക്കുറിച്ച് ചോദിച്ചല്ലോ; വ്യവസായം, പൊതുമേഖല എന്നിവയിലൊക്കെ അടിസ്ഥാനപരമായ വ്യത്യാസം എന്താണ്; നിങ്ങളുടെ ഭരണകാലത്തെ ചൗധരി കമ്മിറ്റി റിപ്പോർട്ട് മലയാളികൾക്ക് മുഴുവൻ അറിയാമല്ലോ; നഷ്ടത്തിലോടുന്ന വ്യവസായ സ്ഥാപനം വിൽക്കണം, കാരണം നഷ്ടം സഹിക്കാൻ പറ്റുകയില്ല, ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനം വിൽക്കണം, കാരണം അതിന് നല്ല വില കിട്ടും. ഇതായിരുന്നില്ലേ ചൗധരി പറഞ്ഞത്; ശക്തമായ എതിർപ്പുകാരണം നിങ്ങൾക്കത് ചെയ്യാൻ സാധിച്ചില്ല. ചെയ്തതെല്ലാം വലിയ അഴിമതിയും ബഹളവുമൊക്കെയായി. അടുത്ത് ബി.ജെ.പി. അധികാരത്തിൽ വന്നു. അവർക്കും അത് അത്രയെളുപ്പത്തിൽ ചെയ്യാൻ കഴിഞ്ഞില്ല. കക്ഷി-രാഷ്ട്രീയ ഭേദമന്യേ പൊതുമേഖലാ സ്ഥാപനങ്ങളിലെ

തൊഴിലാളികൾ മുഴുവൻ പേരും എതിർക്കുന്നു. നയപരമായ വ്യത്യാസം എന്ത്; ബാങ്കിംഗ്, നിങ്ങൾ കൊണ്ടുവന്ന നരസിംഹം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലേ ഇന്നും ബി.ജെ.പി. അടക്കമുള്ളവർ ബാങ്കിംഗ് റിഫോംസ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; ബാങ്കിംഗ് ക്രൈസിസ് സമയത്ത് എടുത്ത ഇൻഫ്രാസ്ട്രക്ച്ചർ വായ്പ മുഴുവനും രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് എടുത്തിട്ടുള്ളതല്ലേ; ഇവരും എടുത്തിട്ടുണ്ട്. ഒന്നും രണ്ടും വർഷത്തേയ്ക്ക് ഷോർട്ട് ടേം ഡെപ്പോസിറ്റ് എടുക്കുന്ന ബാങ്ക്, ആദ്യം തന്നെ ദീർഘകാല വായ്പ കൊടുക്കുന്ന ഐ.ഡി.ബി.ഐ. തുടങ്ങിയവയെയൊക്കെ ഇല്ലാതെയാക്കി. എന്നിട്ട് ഇതിന്റെ ചുമതല മുഴുവൻ നമ്മുടെ കൊമേഴ്സ്യൽ ബാങ്കുകളുടെ മേൽ വച്ചുകെട്ടി, അവർ ഇന്ന് ആകെ ക്രൈസിസിലായി. ആരാണോ ഇങ്ങനെ തട്ടിച്ചെടുത്തത് അവരെ ഏൽപ്പിച്ചുകൊടുക്കാനാണ് ബി.ജെ.പി. പറയുന്നത്. അത്രയും നിങ്ങൾ പറഞ്ഞിരുന്നില്ല. ഇൻഷ്വറൻസിന്റെ കാര്യത്തിൽ, നിങ്ങൾ തയ്യാറാക്കിയ മൽഹോത്ര കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലേ ഇന്നും ബി.ജെ.പി. ഇൻഷ്വറൻസ് ചെയ്തുകൊണ്ടിരിക്കുന്നത്; നിങ്ങളല്ലേ ക്യാപിറ്റൽ കൺട്രോൾസ് മാറ്റണമെന്ന ഡിബേറ്റ് തുടങ്ങിവച്ചത്; ഞാൻ താങ്കളുടെ പ്രസംഗം കേട്ടു. സോഷ്യൽ സെക്ടറിൽ ഞങ്ങൾ വളരെ വ്യത്യസ്തമായി വളരെ ഇൻക്ലൂസീവായിട്ടുള്ളതിന് നിൽക്കുന്നുവെന്ന് പറഞ്ഞു. ശരിയാണ്, ഒന്നാം യു.പി.എ. ഗവൺമെന്റിൽ തൊഴിലുറപ്പ് നിയമം, റൈറ്റ് ടു എഡ്യൂക്കേഷൻ നിയമം, വനാവകാശ നിയമം ഇങ്ങനെയൊരു സീരീസ് വന്നു. രണ്ടാം യു.പി.എ. ഗവൺമെന്റ് എന്താണ്; ആ നിയമമൊക്കെ അവിടെ ഉണ്ടായിരുന്നു. പക്ഷെ പണം ചെലവായത് കേൾക്കണോ; വിദ്യാഭ്യാസം - ഒന്നാം യു.പി.എ. യിൽ 2.2-ൽ നിന്നും 2.5 ആയി കൂടി. 2009-10-ൽ 2.3-ഉം 2010-11-ൽ 2.5-ഉം 2011-12 2.6-ഉം 2012-13-ൽ 2.7-ഉം വർദ്ധനവ് ഉണ്ടായി. ബി.ജെ.പി. വർദ്ധിപ്പിച്ചില്ലെന്നു മാത്രമല്ല കുറച്ചു. സോഷ്യൽ സർവ്വീസസ്, ഒന്നാം യു.പി.എ. യിൽ 1 ശതമാനം ജി.ഡി.പി.-യുടെ ഭാഗമായി വരുമായിരുന്നു. അത് 1.6 ആക്കി കൂട്ടി. രണ്ടാം യു.പി.എ. 1.2 ആക്കി. എന്നാൽ ബി.ജെ.പി. കേമന്മാർ 0.6 ആക്കി ചുരുക്കി. പക്ഷെ ഇടയ്ക്കുള്ള രണ്ടാം യു.പി.എ.-യിൽ എന്താണ് സംഭവിച്ചത്; ശ്രീ. പി. ചിദംബരം തന്നെയല്ലേ നിങ്ങളുടെ ഇക്കണോമിക് പ്രമേയം വച്ചത്; ശ്രീ. പി. ചിദംബരം ഇന്നുവരെ തൊഴിലുറപ്പ് പദ്ധതിയെ പ്രകീർത്തിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ; ഈ പറയുന്ന സോഷ്യൽ എക്സ്പെൻഡിച്ചറുകളൊക്കെ അതിര് കവിഞ്ഞതാണെന്ന വാദക്കാരനായിരുന്നില്ലേ; അടിസ്ഥാനപരമായി ഫിലോസഫിയിലൊക്കെ വ്യത്യാസമുണ്ട്. നാഷണൽ മൂവ്മെന്റിന്റെ കാഴ്ചപ്പാടൊക്കെയുണ്ട്. സോഷ്യൽ സെക്ടറിലൊഴികെ ബാക്കിയെന്തെങ്കിലും ഒന്നിൽ മാറ്റം വരുത്തുമെന്ന് എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ;

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോകത്തെമ്പാടും നടക്കുന്ന സാമ്പത്തിക ഉദാരവൽക്കരണ നടപടികളിൽ നിന്നും തികച്ചും വ്യത്യസ്തമായ നടപടികളാണ് കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റ് ഭരിച്ചപ്പോൾ നടപ്പിലാക്കിയതെന്ന് അങ്ങ് മനസ്സിലാക്കണം. യു.പി.എ. ഒന്നും രണ്ടും കാലഘട്ടങ്ങൾ തമ്മിൽ വ്യത്യാസമില്ല. അക്കങ്ങളിൽ വ്യത്യാസമുണ്ടാകും. liberalization with a human face- ഇതായിരുന്നു ബാംഗ്ലൂരിലെ എ.ഐ.സി.സി. സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയത്തിലെ പ്രധാനപ്പെട്ട കാര്യം. രാജ്യം സാമ്പത്തിക വളർച്ച നേടുമ്പോൾ ആ വളർച്ചയുടെ പ്രയോജനം it should be percolated into the poorest of the poor ഏറ്റവും പാവപ്പെട്ടവരിലേയ്ക്ക് എത്തിക്കുകയെന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഞങ്ങൾ കൊണ്ടുവന്ന എം.ജി.എൻ.ആർ.ഇ.ജി.എസ്, ലോൺ എഴുതിത്തള്ളിയ പരിപാടി, റൈറ്റ് ടു എഡ്യൂക്കേഷൻ തുടങ്ങിയ സാമൂഹ്യ ക്ഷേമ ഭദ്രതാ പരിപാടികളിലെല്ലാം രാജ്യം കൈവരിച്ച വമ്പിച്ച നേട്ടങ്ങൾ സമൂഹത്തിന്റെ എല്ലാതലങ്ങളിലുമുള്ള ജനങ്ങളിലുമെത്തിക്കുമായിരുന്നു. അത് ബി.ജെ.പി. ചെയ്യുന്നില്ല. അതാണ് ബി.ജെ.പി.-യും നമ്മളും തമ്മിലുള്ള വ്യത്യാസമെന്ന് അങ്ങ് മറക്കരുത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, liberalization with a human face, സമ്മതിച്ചു. ഒരു കരടിയുടെ മുഖത്ത് ഒരു മനുഷ്യന്റെ മുഖംമൂടി വച്ചാൽ എന്തായിരിക്കും സ്ഥിതി; അത് കരടി തന്നെയല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. ജി. സുധാകരനും ഇതിലെങ്കിലും യോജിച്ചതിൽ വലിയ സന്തോഷം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതൊക്കെ ഉണ്ടായിട്ടും യഥാർത്ഥത്തിൽ ഇന്ത്യയിൽ സംഭവിച്ചത് എന്താണ്; ഗ്രോത്ത് കൂടി. ഞങ്ങൾ ഇൻക്ലൂസീവാക്കാൻ നോക്കുന്നു, അങ്ങേയറ്റം താഴത്തുവരെ ആനുകൂല്യം കൊടുക്കാൻ പറ്റുന്നു എന്നല്ലേ അങ്ങ് പറഞ്ഞത്. നമ്മുടെ മുമ്പിൽ കണക്കുണ്ടല്ലോ. ഫയർ സെക്ടർ, ഫിനാൻസ്, ഇൻഷ്വറൻസ്, റിയൽ എസ്റ്റേറ്റ് തുടങ്ങിയ സെക്ടറുകളിലാണ് വളർച്ചയുടെ 31 ശതമാനം കോൺട്രിബ്യൂട്ട് ചെയ്തിരിക്കുന്നത്. ഹോട്ടൽ, റസ്റ്റോറന്റ് 18 ശതമാനം, അഡ്മിനിസ്ട്രേഷൻ 11 ശതമാനം എന്നുവച്ചാൽ ജോലി സൃഷ്ടിക്കാത്ത മേഖലകളിലാണ് വളർച്ച ഉണ്ടായിരിക്കുന്നത്. നിങ്ങളുടെ മൊത്തം ഗ്രോത്ത് അന്നുമുതൽ ഇന്നുവരെ തൊഴിലില്ലായ്മ വർദ്ധിക്കുന്നതിലാണ്. കണക്ക് കൃത്യമായിട്ടുണ്ടല്ലോ; ഈ ലിബറലൈസേഷൻ കാലഘട്ടത്തിൽ, 1991 മുതൽ നടക്കുന്നതാണ് inequality-യുടെ വർദ്ധന. ഇപ്പറഞ്ഞതൊന്നും താഴത്തേയ്ക്ക് എത്തിയിട്ടില്ല. പ്രഖ്യാപനം ഉണ്ടായി, എത്തിയാൽത്തന്നെ അതിനെ മറികടക്കുന്ന

രീതിയിൽ ഭൂമിയും തൊഴിലും നഷ്ടപ്പെടുന്നു. റിബേറ്റ് ഇല്ലാത്തതുകൊണ്ട് എത്ര കർഷക ആത്മഹത്യകൾ നടക്കുന്നു. ഇതൊക്കെ നിങ്ങളുടെ റിക്കോർഡ് അല്ലേ; അതുകൊണ്ട് ഹ്യൂമൻ ഫേയ്സ് കാണണമെങ്കിൽ, hunger in India സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കുറഞ്ഞില്ലേ;

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറഞ്ഞതുതന്നെയാണ് ഞങ്ങൾ നടപ്പാക്കിയത്. Hunger in India-യ്ക്കുവേണ്ടിയാണ് ഭക്ഷ്യഭദ്രതാ നിയമം, കേരളത്തിൽ വ്യത്യസ്തമാണ്. പി.ഡി.എസ്. കേരളത്തിലേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യയിൽ ഒരിടത്തും പി.ഡി.എസ്. ഇല്ലായിരുന്നു. 'പുതിയ ഭക്ഷ്യ ഭദ്രതാ നിയമം' ശ്രീമതി സോണിയാഗാന്ധി മുൻകയ്യെടുത്ത് രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ ഏറ്റവും വലിയ പരിപാടിയായിരുന്നു. ഇന്ത്യയിൽ വിശപ്പുള്ളവർക്ക് മുഴുവൻ ഭക്ഷണം കൊടുക്കുന്ന പരിപാടിയായിരുന്നു. അത്തരത്തിലുള്ള എത്രയോ പദ്ധതികൾ യു.പി.എ. ഗവൺമെന്റ് നടപ്പാക്കി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതൊക്കെ നടപ്പാക്കിയിട്ടും ഹംഗർ ഇൻഡെക്സിൽ ഇന്ത്യ മുകളിലേയ്ക്കല്ല 132-ലേയ്ക്ക് താണു. ക്വാളിറ്റി ഓഫ് ലൈഫ് ഇൻഡെക്സിൽ ഇന്ത്യ താണു. ഈ ശ്രമങ്ങൾ താഴെത്തട്ടിലേയ്ക്ക് എത്തിയിട്ടില്ല. ഞങ്ങൾക്ക് നല്ല ആഗ്രഹമുണ്ടായിരുന്നു. ഞങ്ങൾ നല്ല നിയമം പാസ്സാക്കി. നിയമം പാസ്സാക്കി കഴിഞ്ഞിട്ടും outcome എന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾത്തന്നെ അങ്ങ് പറഞ്ഞ കാര്യങ്ങൾക്കെല്ലാം മറുപടി പറയാമായിരുന്നു, പക്ഷേ സ്പീക്കർ അത് അനുവദിക്കില്ല. അങ്ങയെ കൗശലക്കാരനാണെന്ന് ഞാൻ ആവർത്തിച്ച് പറയുന്നില്ല. വളരെ ബുദ്ധിശാലിയായ ഒരു Debater ആയി അങ്ങ് മാറിയിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഈ പറഞ്ഞ ഫിലോസഫിക്കൽ ഡിഫറൻസല്ലാതെ തന്നെ പോളിസിയിലും ഇംപ്ലിമെന്റേഷനിലുമുള്ള വ്യത്യാസം സംബന്ധിച്ച് അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ നോട്ട് ചെയ്തിട്ടുണ്ട്. നാളെ രാവിലെ ഫിനാൻസ് ബില്ലിൽ സംസാരിക്കും. ഒരു രാത്രി മുഴുവൻ എനിക്ക് തന്നതിന് ഞാൻ പ്രത്യേകമായി നന്ദി പറയുന്നു. ഒറ്റ കാര്യം പറയാം. അങ്ങ് വളരെ സിംപിളായി അഞ്ചാറ് കാര്യം പറഞ്ഞു. അതിന് ഒരു ചെറിയ മറുപടി പറയാം. ഫസ്റ്റ് യു.പി.എ.യും സെക്കന്റ് യു.പി.എ.യും വന്നപ്പോൾ അലോക്കേഷൻ കുറഞ്ഞുവെന്ന് അങ്ങ് പറഞ്ഞു. ഫസ്റ്റ് യു.പി.എ. 2004 മുതൽ 2009 വരെ സെക്കന്റ് യു.പി.എ. 2009 മുതൽ 2014 വരെ. 2008-ൽ അല്ലേ ഗ്ലോബൽ റെസഷനുണ്ടായത്; ലോകം മുഴുവൻ ആടിയുലഞ്ഞ സമയം അതല്ലേ? ആ ചെറിയ വ്യത്യാസം ഭയങ്കര വ്യത്യാസമാക്കി യു.പി.എ. I-ഉം II-ഉം ആക്കി വളരെ

ബുദ്ധിപൂർവ്വം അത് അവതരിപ്പിച്ചതിന് ഞാൻ അഭിനന്ദിക്കുന്നു. ബാക്കി മറുപടി നാളെ പറയാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന്റെ ഫലമായിട്ടാണ് നിങ്ങൾ കടുത്ത എഫ്.ആർ.ബി.എം. ആക്ടുകാരാണെങ്കിലും ഇന്ന് ബി.ജെ.പി. അത് ചെയ്യുന്നില്ല. നിങ്ങൾ ആക്ട് മാറ്റി വച്ച്, മൂന്ന് ശതമാനമുണ്ടായിരുന്ന fiscal deficit അഞ്ചും ആറുമൊക്കെ ആകാൻ അനുവദിച്ചു. ദിവസവും ഫിസ്കൽ കൺസ്ട്രെയിൻ. നിങ്ങൾ ഈ സാഹചര്യത്തിൽപ്പോലും, ഫിസ്ക്കൽ കൺസ്ട്രെയിൻ മാറിയിട്ടും ഈ മേഖലയിൽ സോഷ്യൽ സെക്യൂരിറ്റി വെട്ടിക്കുറച്ചു. അത് ഭയങ്കര വാശിക്ക് ബി.ജെ.പി. തുടർന്നുകൊണ്ടിരിക്കുകയാണ്. ബാക്കി നമുക്ക് നാളെ കാണാം.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ബി.ജെ.പി.-യെയും കോൺഗ്രസ്സിനെയും ഒരേ ബ്രാന്റിൽ കെട്ടാൻ ശ്രമിക്കുകയാണ്. അങ്ങ് യാഥാർത്ഥ്യത്തിൽനിന്നും ഒളിച്ചോടുകയാണ്. ഒന്നും രണ്ടും യു.പി.എ. ഗവൺമെന്റുകൾ 72,000 കോടി രൂപ കാർഷികവായ്പ എഴുതിത്തള്ളി. Minimum support price for paddy, wheat, sugarcane എന്നിവ പ്രഖ്യാപിച്ചു. ലോകത്തെ ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജന പദ്ധതിയായ എം.ജി.എൻ.ആർ.ഇ.ജി.എസ്.-യും നാഷണൽ റൂറൽ ഹെൽത്ത് മിഷനും നാഷണൽ എഡ്യൂക്കേഷനും സാമൂഹ്യക്ഷേമ പദ്ധതികളായ PMGSY, IAY എന്നിവയെല്ലാം നടപ്പിലാക്കി. ഞങ്ങളെ നിങ്ങൾ കുറ്റപ്പെടുത്തിയല്ലോ? എന്താ നിങ്ങളുടെ മന്ത്രി പറയുന്നത്? ഗ്ലോബൽ സ്റ്റാൻഡേർഡുള്ള വിദ്യാഭ്യാസ നിലവാരം, ഗ്ലോബലൈസേഷനെ എതിർക്കുന്ന നിങ്ങൾ ഓരോ മേഖലയിലും മാറ്റം വരുത്തുന്നു; നിങ്ങൾ കമ്പ്യൂട്ടർ തല്ലിപ്പൊട്ടിച്ചു. ഇപ്പോൾ കമ്പ്യൂട്ടർ പ്രചാരത്തിലായി. കാലം മാറും എല്ലായിടത്തും മാറ്റങ്ങളുണ്ടാകും അത് മനസ്സിലാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: അവസാനമായി ഞാൻ ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച അഴിമതി ആരോപണം എന്ന് പറഞ്ഞില്ല, വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടു.........

ശ്രീ. രമേശ് ചെന്നിത്തല: സർ, പത്തുവർഷത്തെ യു.പി.എ. ഗവൺമെന്റിൽ ജി.ഡി.പി. ഗ്രോത്ത് 7.8 ശതമാനമായിരുന്നു. 7.3 ശതമാനമാണ് ഇതുവരെയുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്തുണ്ടായത്. ശ്രീ. നരേന്ദ്ര മോദിയുടെ കാലത്ത് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ 1.8 ശതമാനമാണ് വർദ്ധിച്ചത്. എന്നാൽ അതിനുമുമ്പുള്ള പത്തുവർഷത്തിൽ അഗ്രികൾച്ചറൽ ഗ്രോത്ത് 3.7 ശതമാനമായിരുന്നു. യു.പി.എ. ഗവൺമെന്റും ബി.ജെ.പി. ഗവൺമെന്റും തമ്മിൽ

വലിയ വ്യത്യാസമുണ്ട്. ജി.ഡി.പി. ഗ്രോത്ത് റേറ്റിന്റെ കാര്യത്തിലും അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റിന്റെ കാര്യത്തിലുമെല്ലാം ഉണ്ടായിട്ടുള്ള വമ്പിച്ച വളർച്ചയെ അങ്ങ് camouflage ചെയ്തത് ശരിയായില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ശ്രീ. നരേന്ദ്രമോദിയുടെ ഒരു മണ്ടത്തരം കൊണ്ട്, സ്പീഡിലോടിക്കൊണ്ടിരുന്ന കാറിന്റെ ടയർ കുത്തിപ്പൊട്ടിച്ചതല്ലേ നോട്ട് നിരോധനമെന്ന് പറയുന്നത്. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, റേറ്റ് ഓഫ് ഗ്രോത്ത് കേമം, മൂന്ന് ശതമാനം വച്ച് ചെയ്തുകൊണ്ടിരുന്നത് 1980-കളിൽ അഞ്ചര ശതമാനമായി 1990-കളിൽ ഏഴ് ശതമാനത്തിന് മുകളിലേയ്ക്ക് പോയി. വളരെ നല്ലത്. പക്ഷേ ഉള്ളിലേയ്ക്ക് കടന്നു കഴിഞ്ഞിട്ടുണ്ടെങ്കിൽ പ്രൊഡക്ടീവ് സെക്ടറുകളുടെ ഓവർ ആൾ ഗ്രോത്ത്, 50 ശതമാനത്തിലേറെ ജോബുണ്ടാക്കാത്ത സെക്ടറുകളിലേയ്ക്കാണ്. ഇതുമുഴുവനും നഗരങ്ങൾ കേന്ദ്രീകരിച്ചാണ്. റീജിയൺസ് എടുത്താൽ പശ്ചിമ ഇന്ത്യയെ കേന്ദ്രീകരിച്ചുകൊണ്ട്, ബാക്കിയുള്ളവ പുറകോട്ടുപോകും. ഈ രീതിയിൽ അസമത്വം ഭീതിജനകമായി വർദ്ധിപ്പിക്കുന്ന വളർച്ചയെയാണ് അങ്ങ് പ്രകീർത്തിച്ച് കേമമെന്നുപറയുന്നത്. അതിന് ഞാൻ ഇല്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കമ്പോളാധിഷ്ഠിത സാമ്പത്തികനയം സ്വീകരിക്കാത്ത എത്ര രാജ്യങ്ങൾ ലോകത്തുണ്ട്? 1994-ൽ ഒപ്പുവച്ച GATT എഗ്രിമെന്റിൽ തന്നെ 116 രാഷ്ട്രങ്ങളുണ്ടായിരുന്നു. ചൈനയടക്കം അതിലേയ്ക്ക് വന്നു. കേരള ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനം നവലിബറലല്ലെന്ന് പറയാൻ സാധിക്കുമോ; അതിന് യഥാർത്ഥ ഉത്തരവാദി കോൺഗ്രസ് ആണോ? ഇന്ത്യ 1948-ൽ തന്നെ അന്താരാഷ്ട്ര നാണയ നിധിയുണ്ടാകുന്ന സന്ദർഭത്തിലും വേൾഡ് ബാങ്ക് ഉണ്ടാകുന്ന സന്ദർഭത്തിലും ഇറക്കുമതി തീരുവ സംബന്ധിച്ച കരാറിലും അന്ന് മുതലേ ഇന്ത്യ അംഗമാണ്. അതുകൊണ്ട് അതിന്റെ ഉത്തരവാദിത്വം മുഴുവൻ കോൺഗ്രസ് പാർട്ടിക്കും യു.പി.എ. ഗവൺമെന്റിനുമാണെന്ന് കരുതുന്നത് ശരിയാണോ? ഈ നവലിബറൽ സമീപനം സ്വീകരിക്കാത്ത രാഷ്ട്രങ്ങൾ വരെ ആ സമീപനത്തിലേയ്ക്ക് മാറി ക്കൊണ്ടിരിക്കുകയല്ലേ? അതല്ലേ ഓരോ പാർട്ടി കോൺഗ്രസിൽ പോലും കണ്ടുകൊണ്ടിരിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, സാമ്രാജ്യത്വത്തിന്റെ ഭാഗമായിരുന്ന ഇന്ത്യയിൽ അതുപറഞ്ഞുകൊണ്ടാണോ ബ്രിട്ടീഷുകാർക്കെതിരായുള്ള സമരം നിർത്തിവച്ചത്. ഇതൊക്കെ ഒരു ലോക കാഴ്ചപ്പാടിന്റേതാണ്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം അത്തരത്തിൽ ഒറ്റയ്ക്ക് പഴയ നിലപാടിൽ തന്നെ

നിൽക്കാൻ സാധിക്കാത്ത ലോക സാഹചര്യം വരുന്നുണ്ട്. ആ ലോക സാഹചര്യം വരുമ്പോഴും അതിനുള്ളിൽ നിന്നുകൊണ്ട്, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ ചെയ്തതുപോലെ, ഇന്ത്യ ഒരു കാലത്ത് രണ്ട് ചേരിയിലും ചേരാതെ നിന്ന് ഒരു നിലപാടെടുത്തതുപോലെ, ഒരു നിലപാടെടുക്കാനുള്ള എളിയ പരിശ്രമമെങ്കിലും ഉണ്ടായിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: അത് അവിടെ നിൽക്കട്ടെ, നമ്മൾ കേരളത്തിലേയ്ക്ക് വന്നാൽ Plan expenditure till March 31 ഇപ്പോൾ എത്രയാണ്. കഴിഞ്ഞ വർഷം അത് 83.85 ശതമാനമായിരുന്നു. ഇപ്പോൾ അത് ഗ്രോസ് വന്നുകഴിഞ്ഞാൽ വെറും 71 ശതമാനം. ഇതിനുള്ള കാരണം അങ്ങ് പറയണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങയുടെ കണക്കുകൾ ശരിയല്ല. 75 ശതമാനമാണ് ഇന്നലത്തെ പ്ലാൻ എക്സ്പെൻഡിച്ചർ.

ശ്രീ. രമേശ് ചെന്നിത്തല: കേന്ദ്രത്തിൽ നിന്നുള്ള വരുമാനം കിട്ടിയിട്ടുണ്ടെന്നാണ് പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, സ്റ്റേറ്റ് പ്ലാനും എൽ.എസ്.ജി.ഡി. പ്ലാനുമാണ് ഞാൻ പറഞ്ഞത്. മറ്റേതിന്റെ കാരണം ഞാൻ പറഞ്ഞല്ലോ? എന്തെന്നുവച്ചാൽ, സി.എസ്.എസ്.-ൽ എത്ര തുക കിട്ടിയെന്ന് അറിഞ്ഞാലല്ലേ ശതമാനം പറയാൻ സാധിക്കുകയുള്ളൂ. അത് എനിക്കറിയില്ല. അന്വേഷിച്ചാലേ പറയാൻ സാധിക്കൂ. ഇവിടെ ഉന്നയിച്ച ഗൗരവതരമായ ആരോപണം തിരുത്തിയില്ലെങ്കിൽ എന്തൊക്കെ സംഭവിക്കുമെന്നുള്ള കാര്യങ്ങൾ പറയുകയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വായിച്ചതേ എനിക്ക് പറയാനുള്ളൂ. സർക്കാർ ഉത്തരവ് 86/218/സഹകരണം പ്രകാരം ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായി സഹകരണ സംഘം രജിസ്ട്രാർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പാക്കുന്നതിനും സോഫ്റ്റ്വെയറിന്റെ സാങ്കേതികത, സോഫ്റ്റ്വെയർ കോസ്റ്റ്, ആവർത്തനച്ചെലവ്, സോഫ്റ്റ്വെയർ സ്ഥാപിക്കുന്നതിനാവശ്യമായ സമയപരിധി, നിർബന്ധിതവും വാണിജ്യപരവുമായ നിബന്ധനകൾ എന്നിവ IFTAS-മായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിനുമായിരുന്നു ഉത്തരവ്. മേൽപ്പറഞ്ഞ കാര്യങ്ങൾ IFTAS-മായി ചർച്ച ചെയ്തതിനുശേഷം സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചുമാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇതുസംബന്ധിച്ച് IFTAS-ന് യാതൊരുവിധ ഉത്തരവുകളോ IFTAS-മായി ചേർന്ന് യാതൊരുവിധ കരാറുകളോ ഉണ്ടാക്കിയിട്ടില്ല. അതാണ് പൊസിഷൻ. അതിനപ്പുറമുണ്ടെങ്കിൽ നാളെ മന്ത്രി വരും. നിങ്ങൾക്ക് ചോദിക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കളക്ടീവ് റെസ്പോൺസിബിലിറ്റി-യൊക്കെയുണ്ട്. പക്ഷേ അങ്ങ് അത് പറയാതിരിക്കുന്നതായിരുന്നു ഭംഗി. കാരണം അങ്ങേയ്ക്ക് അതിനെക്കുറിച്ചുള്ള ഡീറ്റെയിൽസ് അറിയില്ല. അങ്ങ് അതിന്റെ അറ്റത്തുകയറി പിടിക്കണമെന്ന് ഞാനും ആഗ്രഹിക്കുന്നില്ല. ഇതല്ല അതിന്റെ മറുപടി. ഇത് കഴിഞ്ഞ പ്രാവശ്യം വെറുതെ വായിച്ചതാണ്. അതുകൊണ്ട് മറുപടി നാളെ മിനിസ്റ്റർ പറഞ്ഞാൽ മതി.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇപ്പോഴത്തെ പൊസിഷൻ ഞാൻ പറഞ്ഞതാണ്. ഞാൻ ഒരു കാര്യം പറയാം. IFTAS എന്നുവച്ചാൽ നോട്ടെണ്ണൽ യന്ത്രം കൊടുക്കുന്ന സ്ഥാപനമൊന്നുമല്ല. ഇങ്ങനെ ഓരോ സെക്ടറിലും പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് അതത് മേഖലകളിൽ കേന്ദ്രസർക്കാരിന്റെ മേൽനോട്ടത്തിൽ കമ്പനികളുണ്ടാക്കിയിട്ടുണ്ട്. എൽ.ഇ.ഡി. ലാമ്പുകൾ, എനർജി സേവിംഗ് ഡിവൈസസ് എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഇ.എസ്.എൽ. എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇപ്പോൾ എൽ.ഇ.ഡി. ലാമ്പ് കൊടുത്താലും കെ.എസ്.ഇ.ബി. വഴിയാണ് കൊടുക്കുന്നത്. ആലപ്പുഴയിലും കെ.എസ്.ഇ.ബി. വഴിയാണ് കൊടുക്കുന്നത്. കെ.എസ്.ഇ.ബി. അവരുമായി കരാർ വച്ച് ചെയ്യുന്നു. അവരുണ്ടാക്കുന്ന എൽ.ഇ.ഡി. ലാമ്പ് ക്രോംപ്ടൺ ഗ്രീവ്സിന്റെ സബ്സിഡിയറിക്ക് ടെണ്ടർ വിളിച്ച് കൊടുത്ത് വേറൊരു കമ്പനിയെക്കൊണ്ട് നടപ്പാക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഇ.എസ്.എൽ.-നെക്കുറിച്ച് പറയുകയുണ്ടായി. ഇ.എസ്.എൽ. ചെയ്യുന്നത് ഗ്ലോബൽ ടെണ്ടർ വിളിച്ച് അതേ പ്രൈസിനാണ് നമുക്ക് തരുന്നത്. അവർ നമ്മുടെ കയ്യിൽനിന്നും സർവ്വീസ് ചാർജ് ഈടാക്കുകയാണ് ചെയ്യുന്നത്. ആദ്യം അവർ 10 ശതമാനം പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും ഇടപെട്ട് ഒരു ശതമാനം centage ചാർജ്ജിനാണ് അത് നടപ്പിലാക്കുന്നത്. ഇവിടെ അങ്ങനെയല്ല. ഇവിടെ 10 ലക്ഷം രൂപയ്ക്ക് IFTAS വാങ്ങി 5 ലക്ഷം രൂപയ്ക്കാണ് നടപ്പിലാക്കുന്നത്. ആ ഗ്യാപ് ഇവർ എടുക്കുകയാണ് ചെയ്യുന്നത്. നമ്മൾ നേരിട്ട് centage കൊടുക്കുകയാണ് ചെയ്യുന്നത്. അതാണ് ഇത് തമ്മിലുള്ള വ്യത്യാസം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതൊക്കെ നെഗോഷ്യബിളാണ്. ഇ.എസ്.എൽ. അങ്ങനെയല്ലല്ലോ കേരളത്തിൽ വന്നത്. നമ്മൾ നെഗോഷ്യേറ്റ് ചെയ്തു, ഇത് പറ്റില്ല, centage ഇത്രയാകണം, മെയിന്റനൻസ് ചാർജ് ഇത്ര വേണം എന്നുപറഞ്ഞു. IFTAS ഇതുപോലെ ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിലുള്ള

ഗവേഷണവും മോഡണൈസേഷനും നടത്തുന്ന സ്ഥാപനമാണ്. ഇത് എളുപ്പത്തിൽ ബാങ്കുകളിൽ കോർബാങ്കിംഗ് തയ്യാറാക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനമാണ്. റിസർവ് ബാങ്ക് തന്നെ അർബൻ ബാങ്കുകളിലെ കോർബാങ്കിംഗ് ചെയ്യുന്നതിന് ഒരു മോഡൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവർ വന്ന് കേരള സർക്കാരിനോട് പറയുന്നു, ഞങ്ങൾ സഹകരണ സ്ഥാപനങ്ങൾക്ക് കോർ ബാങ്കിംഗ് തയ്യാറാക്കാം. ശരി, ചർച്ച നടക്കുന്നു. ഇതല്ലേയുള്ളത്?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് മനസ്സിലാക്കേണ്ട പോയിന്റ്, ചർച്ച നടക്കുന്നു. അവർക്കിത് പറ്റില്ലെന്ന് പറഞ്ഞിട്ടും അവരുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. അതായത്, മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വച്ച് നോൺ-ബാങ്കിംഗ് മൊഡ്യൂൾ ഉണ്ടോ എന്ന് ചോദിച്ചപ്പോൾ ഇല്ല എന്ന് ആറേഴുമാസം കഴിഞ്ഞപ്പോൾ മറുപടി പറഞ്ഞിട്ടും ചർച്ചയുമായി പോകുകയാണ്. ഇതിന് തയ്യാറായി വന്ന നാട്ടിലുള്ള കമ്പനികളുമായി സഹകരിക്കാതെ, അവരുമായി നെഗോഷ്യേറ്റ് ചെയ്യാതെ, ഒരു ആർ.എഫ്.പി. തയ്യാറാക്കാതെ, എത്ര രൂപ കൊടുക്കണം.., കാരണം ഇത് രണ്ട് ജില്ലകളിൽ ഫെയിലുവറായി. അതൊന്നും പരിഹരിക്കാനുള്ള യാതൊരു നടപടിക്രമങ്ങളും കൂടാതെ അവരുമായി മാത്രമാണ് നെഗോഷിയേഷൻ നടക്കുന്നത്. ഒരു വർഷത്തോളമായി. വേറൊരു കമ്പനിക്കുമില്ല. എന്തുകൊണ്ടാണ് ഒരു ആർ.എഫ്.പി. തയ്യാറാക്കി, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് മറ്റുള്ള ആളുകളുമായി നെഗോഷ്യേറ്റ് ചെയ്യാത്തത്; അപ്പോഴല്ലേ കോംപറ്റിറ്റീവ് ടെണ്ടർ ആകുകയുള്ളൂ. അല്ലാതെ സ്വന്തമായി സൊല്യൂഷൻ ഇല്ലാത്ത ഇവരെക്കൊണ്ട് എന്തിനാണ് ഈ വർക്ക് ചെയ്യിപ്പിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതാണ് ഞാൻ പറഞ്ഞത്. ഇത്തരം മേഖലകളിൽ കാര്യങ്ങൾ എളുപ്പത്തിൽ സുഗമമായി ടെണ്ടറിംഗ് പ്രോസസ്സിലൂടെ പോകാതെ വേഗത്തിൽ നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ തന്നെ ഇ.എസ്.എൽ. പോലെ തയ്യാറാക്കിയിട്ടുള്ള സ്ഥാപനമാണിത്. നമ്മുടെ നാട്ടിലെ നാല് സഹകരണ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. നിങ്ങൾ വളരെ പുച്ഛിച്ചുതള്ളിയിട്ടുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ആ നാലെണ്ണത്തിൽ ഒന്നാണ്. ദിനേശ് ബീഡിയുമുണ്ട്. ഈ രീതിയിൽ നിങ്ങൾ എന്തിനാണ് പറയുന്നതെന്ന് മനസ്സിലായിട്ടില്ല. ശ്രീ. വി. ഡി.

സതീശൻ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി വച്ചിരിക്കുകയാണ്. അവിടെയാണ് കാര്യങ്ങൾ നിൽക്കുന്നത്. അതിനപ്പുറം എന്തെങ്കിലുമുണ്ടെങ്കിൽ നാളെ മന്ത്രി വരുമ്പോൾ നിശ്ചയമായും മറുപടി പറയും.

ഞാൻ ഒരുപാട് സമയമെടുത്തുകഴിഞ്ഞു. നമുക്ക് വേഗം അവസാനിപ്പിക്കാം. അടുത്തവർഷം ഇതിനെക്കാൾ നല്ലരീതിയിൽ കാര്യങ്ങൾ ചെയ്യാം. ഈ വർഷം ചില പ്രശ്നങ്ങൾ അവിചാരിതമായി വന്നു. അവയെല്ലാം പാഠങ്ങളാണ്. നമ്മൾ ഇതുവരെ തുടർന്നുവന്ന പണം ചെലവാക്കൽ രീതി എന്നുപറയുന്നത്, വർഷാവസാനം നമ്മുടെ കയ്യിൽ പണമില്ലെങ്കിലും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ചെലവ് കണക്ക് ഒപ്പിക്കുന്ന രീതി ഇനി പറ്റുകയില്ല. ഇതൊക്കെ ഓരോ പാഠങ്ങളാണ്. അടുത്തവർഷം കൂടുതൽ കാര്യക്ഷമമായി ധനവിനിയോഗം ചെയ്യാൻ കഴിയുമെന്ന് ഉറപ്പുനൽകുകയാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

(ഭേദഗതിയില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി.വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി

23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. ബി. സത്യൻ
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. ടി. എം. തോമസ് ഐസക്

71. ശ്രീ. പി. ഉണ്ണി

72. ശ്രീ. കെ. വി. വിജയദാസ്

73. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. കെ. എൻ.എ. ഖാദർ
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. കെ. എസ്. ശബരീനാഥൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. പി. ടി. തോമസ്
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ
30. ശ്രീ. എം. വിൻസെന്റ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 30

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ...ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.38-ന് പിരിഞ്ഞു.)